

ഏദൻ ഗെദ്സമൻനി
സുവർണ്ണ ജൂബിലി സ്മരണിക



Pope Francis speaks to the Capuchins .....

"True greatness is in smallness"

Holy Father based his reflection on the theme "Take my yoke... and learn fr heart of the Gospel".

Pope Francis urged the friars to push themselves "to live religious service a doing so, they would be following the example of Saint Francis of Assisi. "In thi that characterizes Francis' followers."

"This is how the God acts:" said the Pope. "He does things simply. Humility a are called to assume in our lives and in our missions.


"The true greatness is to make yourself small, and serve", said Pope Francis. "With this 'smallness' in your hearts and way of life you bring your share in bringing the apostolate into direct contact with the poor and the suffering."

"Take the Joy of the Gospel as guide"

Pope Francis encouraged the Capuchins not to lose hope when facing difficult The Pope said.

"Our times manifest signs of obvious spiritual and moral distress due to the people feel the need to be accepted, listened to, and enlightened with love. He way of life – their "active participation in concrete problems, in spiritual conve He urged them to "cultivate the robust spirituality that communicates to all the

"Aspects of Union and communion"



rom me"; and on the document "the helps lead the consecrated person into the

and activities in gratuitousness, humility and meekness". He explained that by his way, with daily, concrete actions you will be able to bring to life the 'smallness'

and simplicity are God's way of life." This is the same way of life that Christians

s.

into the Church's efforts for evangelization". This can be done "by generously

ulties. "Let the joy of the gospel be the source of your strength and consistency."

ne loss of secure and comforting references to faith." said Pope Francis. Today, le said that the Capuchins create connections with people through their relatable versation and in the administration of the Sacrament of Reconciliation."
he calling of the 'things above'". "This way you will be more convincing".


GETHSEMANY CAPUCHIN ASHRAM
VAZHAPPALLY

എന്റെ ഗെദ്സമ്നി



വാഴപ്പള്ളി ഗെദ്സമ്നി കപ്പൂച്ചിൻ ആശ്രമദൈവാലയ

സുവർണ്ണജൂബിലി സ്മരണിക



എന്റെ ഗെദ്സമ്നി

സുവർണ്ണജൂബിലി സ്മരണിക

(മലയാളം)


പ്രസാധകൻ: **റവ. ഡോ. ചെറിയാൻ സ്കറിയ** വലിയവീട്
ഗാർഡിയൻ, ഗെദ്സമ്നി ആശ്രമം
വാഴപ്പള്ളി, ചങ്ങനാശേരി
ഫോൺ : 0481 2410948
ഒക്ടോബർ, 2018

അക്ഷരക്കൂട്ട്: അനുഗ്രഹ, അരൂർ

അച്ചടി: മറ്റത്തിൽ പ്രിന്റേഴ്സ് & പബ്ലിഷേഴ്സ്, ചങ്ങനാശേരി



Servant of God Mar Mathew Kavukatt



Rev. Fr. Gerard Kallidukkil

Founder of Gethsemany Ashram

എന്റെ ഗെദ്സമ്നി

ഗെദ്സമ്നി ആശ്രമദൈവാലയ സുവർണ്ണജൂബിലി സ്മരണിക

എഡിറ്റേഴ്സ് ഇൻ ചീഫ്

സേവ്യർ കൊച്ചുറുമ്പിൽ
കെ. റ്റി. ചെറിയാൻ കിഴക്കേക്കുറ്റ്

എഡിറ്റോറിയൽ ബോർഡ്

റവ. ഡോ. ചെറിയാൻ സ്കറിയ വലിയവീട്
സേവ്യർ കൊച്ചുറുമ്പിൽ
കെ. റ്റി. ചെറിയാൻ കിഴക്കേക്കുറ്റ്
ഡോ. ജെ. ജി. റേ മെതിക്കളം
പി. സി. ജോസഫ് പാറക്കടവിൽ
സെബാസ്റ്റ്യൻ കുഞ്ഞുമോൻ ചെന്നിത്തല
ഡോ. ജോർജ്ജ് സി. ചേന്നാട്ടുശ്ശേരി
ലീലാമ്മ ദേവസ്യാ വൈപ്പിശ്ശേരി
ലിനി കുര്യാക്കോസ് തുരുത്തയിൽ
ഷീബാ മാനുവൽ മുണ്ടയ്ക്കൽ
ജോതിഷ് മഞ്ഞേരിക്കളം



The Holy Father Francis

cordially imparts the requested

Apostolic Blessing to

Fr. Cherian Scaria Valiyaveedu and

all the Parishioners

of Gethsemany Ashram, Changanassery

on the occasion of the 50th Anniversary of the Foundation

and through the intercession of the Virgin Mary,

invokes an abundance of Divine graces

6 May 2018

Dr Abdallah Tabet, dr 3.05.2018

Card. Leonardo Sandri

Pro-Segretario di Stato



His Holiness

Pope Francis

George Cardinal Alencherry
Major Archbishop
Syro-Malabar Church

Prot. No.0933/2018

ആശംസ

6 June 2018

അഭിവന്ദ്യ മാർ മാത്യു കാവുകാട്ട് പിതാവിന്റെ അനുഗ്രഹാശിസ്സുകളോടെ ചങ്ങനാശേരി അതിരൂപതയിൽ വാഴപ്പള്ളി ഗ്രാമത്തിൽ 1968 ഏപ്രിൽ 11 നു സ്ഥാപിതമായ ഗെദ്സമ്നി കപ്പൂച്ചിൻ ആശ്രമദൈവാലയം കാലാന്തരങ്ങളിലൂടെ വളർന്ന് ഇപ്പോൾ എഴുന്നൂറോളം കുടുംബങ്ങൾക്ക് ശുശ്രൂഷ ചെയ്തുകൊണ്ടിരിക്കുന്നു. സർവ്വശക്തൻ വാഴപ്പള്ളി പ്രദേശത്തിനും നാനാജാതി മതസ്ഥർക്കും നൽകിയിട്ടുള്ള എല്ലാ അനുഗ്രഹങ്ങൾക്കും നന്ദി പറയുവാനുള്ള അവസരമാണ് ഈ സുവർണ്ണജൂബിലി വർഷം. വി. ഫ്രാൻസീസ് അസ്സീസിയുടെ ആദ്ധ്യാത്മിക ചൈതന്യം പേറുന്ന കപ്പൂച്ചിൻ സന്ന്യാസസമൂഹത്തിന്റെ ഈ ആശ്രമം ജനങ്ങളുടെ ആദ്ധ്യാത്മികവും ഭൗതികവുമായ വളർച്ചയ്ക്കു ധാരാളം സഹായകമായിട്ടുണ്ട് എന്ന് നന്ദിപൂർവ്വം അനുസ്മരിക്കുന്നു.

വിശാല അർത്ഥത്തിൽ ചിന്തിക്കുമ്പോൾ എല്ലാ ദൈവജനക്കൂട്ടായ്മയും കുടുംബാനുഭവം പ്രദാനം ചെയ്യുന്നു. ഈ കുടുംബത്തിന്റെ ഹൃദയമാകട്ടെ ദൈവാലയവും. ഇവിടെ അർപ്പിക്കപ്പെടുന്ന വിശുദ്ധകുർബാനയാണ് ഓരോ ക്രൈസ്തവന്റെയും ജീവശക്തി. കാരണം ഈശോനാഥൻ തന്നെത്തന്നെ ബലിയർപ്പിച്ചത് എല്ലാ തിന്മകളിൽനിന്നും നമ്മെ മോചിപ്പിക്കുന്നതിനും സത്പ്രവൃത്തികൾ ചെയ്യുന്നതിൽ തീക്ഷ്ണതയുള്ള ശുദ്ധീകരിക്കപ്പെട്ട ഒരു ജനതയായി തീരുന്നതിനും വേണ്ടിയാണ് (തീത്തോ 2:14). ഈ വലിയ കുടുംബത്തിന്റെ വളർച്ച അതിലെ അംഗങ്ങളെ ആശ്രയിച്ചിരിക്കുന്നു. ദൈവപ്രമാണങ്ങളോടു വിശ്വസ്തത പുലർത്തി സത്യവും നീതിയും ജീവിതത്തിൽ പ്രായോഗികമാക്കാൻ എല്ലാ ദൈവാനുഗ്രഹങ്ങളും നിങ്ങൾക്കേവർക്കും തുടർന്നും ലഭിക്കട്ടെ എന്നു പ്രാർത്ഥിക്കുന്നു. ദൈവമക്കൾക്കു ചേർന്നവിധം ഒരുമിച്ച് ആയിരിക്കാനും ദൈവത്തിന്റെ സ്നേഹവും കരുണയും അനുഭവിക്കാനും ജൂബിലിയാഘോഷം നിങ്ങൾക്ക് ഇടവരുത്തട്ടെ എന്നാശംസിക്കുന്നു. ഈ സുവനീർ പ്രസിദ്ധീകരിക്കുന്നതിനു നേതൃത്വം നൽകിയ ബഹു. സേവ്യർ കൊച്ചുപറമ്പിലച്ചനെയും സഹകരിച്ച കമ്മറ്റിയംഗങ്ങളെയും പ്രത്യേകം അഭിനന്ദിക്കുന്നു. ജൂബിലിവർഷത്തിന്റെ ആശംസകൾ സ്നേഹപൂർവം നിങ്ങൾക്കേവർക്കും നേരുന്നു. എല്ലാവരേയും ദൈവം സമൃദ്ധമായി അനുസരിക്കട്ടെ.

+ Gr Alencherry

കർദ്ദിനാൾ ജോർജ് ആലഞ്ചേരി
സീറോമലബാർസഭയുടെ മേജർ ആർച്ചുബിഷപ്പ്



His Beatitude
Mar George Alencherry

Curia Generalis
Fratrum Minorum
Capuccinorum

11 July 2018
St. Benedict

To the Capuchin friars, brothers and sisters of the Secular Franciscan Order and all the faithful of Gethsemany Ashram,

May the Lord give you peace!


With this greeting that the Lord himself revealed to our Serafic Father St. Francis I turn to you at this moment of your great gratitude to the same most High God for the recently celebrated Golden Jubilee of Gethsemany Ashram.

Let us stand in awe before the outpouring of grace that is these fifty years of prayer, devotion and ministry to the people of the Archeparchy of Changanacherry and may the grateful awareness of all that the Lord has done through the Ashram be strength for perseverance and joy for many years to come.

Together with this brief greeting I confirm upon all the friars and faithful of Gethsemany Ashram the blessing of St. Francis of Assissi, as I also entrust you to the care and protection of St. Thomas and all our capuchin saints.

CURIA GENERALIS OF M.C. ROMA

Br. Mauro Jöhri
General Minister OFM Cap.



Bro. Mauro Jöhri

General Minister OFM Cap.

MAR JOSEPH PERUMTHOTTAM
Metropolitan Archbishop of
Changanacherry

Archbishop's House
Changanacherry - 68 6101
Tel: 0481/2426553, 2420040

സന്ദേശം


വാഴപ്പള്ളിയിലെ ഗെദ്സമ്നി കപ്പൂച്ചിൻ ആശ്രമദൈവാലയം സുവർണ്ണജൂബിലിയുടെ സുന്ദരശോഭയാൽ അലംകൃതമായിരിക്കുന്നു. അതിന്റെ ഭാഗമായി ഒരു സ്മരണിക പ്രസിദ്ധീകരിക്കുന്നതിൽ സന്തോഷമുണ്ട്. 1968 മാർച്ച് 3 ന് ദൈവദാസൻ കാവുകാട്ട് പിതാവ് തറക്കല്ലിട്ട ഈ ആത്മീയാലയം അനേകർക്ക് ആശ്രയകേന്ദ്രമായി വർത്തിക്കാനിടയാക്കിയ ദൈവത്തിനു കൃതജ്ഞതയർപ്പിക്കാനുള്ള ഒരവസരമായി ഈ ജൂബിലിക്കാലത്തെ നമുക്കു വരവേൽക്കാം. ഉള്ളുരുകുന്ന പ്രാർത്ഥനയുടെ ഇടമാണ് വിശുദ്ധഗ്രന്ഥത്തിലെ ഗെദ്സമ്നി. സ്വഹിതം പരിത്യജിച്ച് താതഹിതം ഉൾക്കൊള്ളുവാൻ മനുഷ്യനെ പ്രാപ്തനാക്കുന്നതാണ് യഥാർത്ഥ പ്രാർത്ഥനയെന്ന് നമ്മെ പഠിപ്പിക്കുന്ന ഇടംകൂടിയാണ് ഗെദ്സമ്നി. എല്ലാം വെട്ടിപ്പിടിക്കുവാൻ വെമ്പൽകൊള്ളുന്നവരുടെ സമൂഹത്തിൽ സ്വയം നഷ്ടമാക്കി ദൈവത്തെ നേടിയെടുക്കുന്ന ഫ്രാൻസിസ്കൻ ചൈതന്യത്തിന്റെ സാക്ഷ്യമേകാൻ ഈ ആശ്രമദേവാലയത്തിനു കഴിയുന്നുവെന്നതാണു പ്രധാന കാര്യം. കത്തീഡ്രൽ ഇടവകയുടെ ഭാഗമായി ആധ്യാത്മിക അജപാലനരംഗത്തെന്നപോലെ സാമൂഹികരംഗങ്ങളിലും വിശ്വാസികളുടെ ഇടപെടലും ഉന്നമനവും സാധ്യമാകുന്ന സംഘാതമായ പ്രവർത്തനങ്ങൾക്ക് പ്രത്യേക അഭിനന്ദനങ്ങൾ നേരുന്നു. തീക്ഷ്ണതയോടെ തുടരാൻ സാധിക്കട്ടെയെന്നാശംസിക്കുന്നു.

ഈ ജൂബിലിവേള ഭാവിയിലേക്കു പ്രത്യാശയോടെ നോക്കാനും വിശ്വാസപരിശീലനത്തിനും ഉത്തമമായ ക്രൈസ്തവസാക്ഷ്യജീവിതത്തിനും സഹായിക്കട്ടെ എന്നു പ്രാർത്ഥിക്കുന്നു. ഈ സ്മരണിക പ്രസിദ്ധീകരിക്കാൻ പരിശ്രമിച്ച എല്ലാവരെയും ദൈവം അനുഗ്രഹിക്കട്ടെ.

മിശിഹായിൽ സ്നേഹപൂർവ്വം,

+ Joseph Perumthottam

ജോസഫ് പെരുന്തോട്ടം
ചങ്ങനാശേരി അതിരൂപതാ മെത്രാപ്പോലീത്ത



His Grace Archbishop

Mar Joseph Perumthottam

Archbishop Joseph Powathil

Archbishop's House
Changanacherry - 68 6101

സന്ദേശം

ഉയർച്ച താഴ്ചകളുടെ ഭൂമികയാണ് ഗെദ്സമ്നി. വിയർപ്പു രക്തതുള്ളികളാകുന്ന തീവ്രപ്രാർത്ഥനയുടെ ഗുരുമാതൃകയും നിദ്രയുടെ പ്രലോഭനത്തിലകപ്പെട്ടുഴലുന്ന ശിഷ്യരുടെ വീഴ്ചകളും ഗെദ്സമ്നിയുടെ ഓർമ്മകളാണ്. സ്വഹിതം കൈവെടിഞ്ഞു താതഹിതം നിറവേറ്റിയ ഗുരു യഥാർത്ഥ പ്രാർത്ഥനയുടെ ശ്രേഷ്ഠഭാവം പ്രകടമാക്കി ഉന്നതത്തിലേക്കുള്ള പാത കാട്ടുന്ന അതേയിടത്താണ് നിദ്രാവിവശരായ ശിഷ്യഗണം നിരന്തരം വീണുപോകുന്നതെന്നു മറന്നുകൂടാ. പ്രാർത്ഥനയെ ജീവിതമാക്കിയ ഗുരു ഒറ്റിക്കൊടുത്തവനോടു ക്ഷമിക്കുവാൻ കരുത്തു നേടിയെങ്കിൽ പ്രാർത്ഥനയിൽ അലസനായുറങ്ങിയ ശിഷ്യപ്രമുഖൻ വാളുയർത്തുകയാണുണ്ടായത്. നമ്മുടെ പ്രാർത്ഥനകളെ ജീവിതത്തോടു ചേർത്തുനിർത്തി വിലയിരുത്തുവാനുള്ള ആഹ്വാനമാകണം ഗെദ്സമ്നി സ്മരണകൾ.

അനേകർക്കു പ്രാർത്ഥനയുടെ നല്ലപാഠം പകർന്നു നൽകുന്ന ഒരുപിടി നല്ല ജീവിതങ്ങളും പ്രാർത്ഥനയ്ക്കുതകുന്ന ശാന്തമായ അന്തരീക്ഷവും വാഴപ്പള്ളി ഗെദ്സമ്നി ആശ്രമത്തിന്റെ സവിശേഷതകളാണ്. അനേകർക്ക് ആശ്രയമരുളുന്ന ഈ സന്ന്യാസാശ്രമം സുവർണ്ണജൂബിലിയുടെ നിറവിലാണെന്നറിയുന്നതിൽ സന്തോഷമുണ്ട്. വാഴപ്പള്ളി പ്രദേശത്തെ എഴുന്നൂറോളം കുടുംബങ്ങളുടെ ആത്മീയവളർച്ച ലക്ഷ്യമാക്കിയുള്ള പ്രവർത്തനങ്ങളും ആവിഷ്കരിച്ചു നടപ്പിലാക്കുന്നതിൽ ആശ്രമവാസികൾ പുലർത്തുന്ന താത്പര്യവും ശ്രദ്ധേയമാണ്. ഫ്രാൻസിസ്കൻ ചൈതന്യത്തിൽ മിശിഹായെ അടുത്തനുഗമിക്കുവാനും ആഴമുള്ള ജീവിതസാക്ഷ്യം പകരുവാനും ഈ ആശ്രമത്തിന്റെ സാന്നിധ്യം നമ്മെ പ്രചോദിപ്പിക്കണം. ആദിമസഭയുടെ മാതൃക പിഞ്ചെല്ലി ഇടവകയിലെ കൂട്ടായ്മയിലൂടെ വിശുദ്ധിയിലേക്കു വളരുവാൻ സർവ്വനന്മസ്വരൂപനായ ദൈവം നമ്മെ സമൃദ്ധമായി അനുഗ്രഹിക്കട്ടെ.

മിശിഹായിൽ സ്നേഹപൂർവ്വം

+ J Powathil

ആർച്ചുബിഷപ്പ് ജോസഫ് പവ്വത്തിൽ



His Grace Archbishop Emeritus
Mar Joseph Powathil

ARCHEPARCHY OF CHANGANACHERRY

THOMAS THARAYIL
AUXILIARY BISHOP
CHANGANACHERRY

ARCHBISHOP'S HOUSE
CHANGANACHERRY - 686 101
KERALA, INDIA

ചങ്ങനാശേരി അതിരൂപതയിലെ എഴുന്നൂറോളം വരുന്ന വാഴപ്പള്ളി യിലെ കുടുംബങ്ങൾക്ക് ആത്മീയശുശ്രൂഷ നടത്തുന്ന ഗെദ്സമ്നി സന്ന്യാസാശ്രമം സുവർണ്ണജൂബിലിയുടെ നിറവിലാണല്ലോ. 1968-ൽ അഭിവന്ദ്യ കാവുകാട്ടു പിതാവിന്റെ അനുവാദത്തോടെ വാഴപ്പള്ളിയി ലെത്തി, ഇന്നും തുടർന്നുവരുന്ന സേവനങ്ങൾക്ക് അതിരൂപതയുടെ നന്ദി പറയുന്നു. ഫ്രാൻസിസ്കൻ ചൈതന്യത്തിലൂന്നി മിശിഹാ സാക്ഷ്യം നൽകാൻ ഈ സന്ന്യാസാശ്രമം ദൈവജനത്തെ ഒരുക്കുന്നു. മിശിഹായാകുന്ന മൗതികശരീരത്തോടു ചേർന്നുനിന്ന് ഒരു തീർത്ഥ യാത്രയായി നാം മുന്നോട്ടുപോകുന്നത് വിശുദ്ധിയിലേക്കാണ്. പരി ശുദ്ധ പിതാവ് ഫ്രാൻസിസ് മാർപ്പാപ്പ 'ആനന്ദിച്ച് ആഹ്ലാദിക്കുവിൻ' എന്ന അപ്പസ്തോലിക പ്രബോധനത്തിൽ പറയുന്നതുപോലെ വിശുദ്ധി എന്നത് ഏതാനും അസാധാരണവ്യക്തികൾക്കു മാത്രം നേടിയെടുക്കാവുന്ന ഒന്നല്ല. മറിച്ച്, പ്രായഭേദമെന്യേ ജീവിതത്തിന്റെ എല്ലാ തലങ്ങളിലേക്കുമുള്ളവർക്കു വേണ്ടിയുള്ളതാണ്. അതു ജീവി തത്തിലെ ചെറിയ പ്രവർത്തനങ്ങൾകൊണ്ട് ഏവർക്കും നേടിയെടു ക്കാവുന്നതാണ്. ലോകത്തിൽ പൈശാചികത പെരുകുമ്പോൾ വിശ ദ്ധിക്കു വലിയ പ്രാധാന്യം ഉണ്ട്. ബാഹ്യമായ വളർച്ചയ്ക്കൊപ്പം ആന്ത രികവും ആത്മീയവുമായ വളർച്ച നേടിയെടുക്കുവാൻ നമുക്കു പരിശ്ര മിക്കാം.

ഈ ഭൂമിയിലെ ഏററവും മനോഹരവും ശക്തവുമായ ശബ്ദം നിശ്ശ ബ്ദതയാണ്. അവിടെ നാം നമ്മുടെ സ്വത്വം തേടുന്നു. ഗെദ്സമ്നി നിശ്ശബ്ദതയുടെ ഇടമാണ്. അവിടെ ദൈവത്തിന്റെ ശബ്ദം നാം തിരി ച്ചറിയുന്നു. പീഡനങ്ങളിൽ വീണുപോകാതെ ഈശോ ശക്തിയാർ ജ്ജിച്ച സ്ഥലമാണ് ഗെദ്സമ്നി. സഭ ഇന്നു പീഡനങ്ങളിലൂടെ കടന്നു പോകുമ്പോൾ നമുക്കാവശ്യം ഈ ഗെദ്സമ്നി അനുഭവമാണ്. ആദിമ ക്രിസ്തീയചൈതന്യത്തിൽ വളരാൻ ദൈവം കൃപ ചൊരിയട്ടെ.

BISHOP THOMAS THARAYIL
AUXILIARY BISHOP OF CHANGANACHERRY

+ Thomas Tharayil

ബിഷപ്പ് തോമസ് തറയിൽ



Mar Thomas Tharayil

ആശംസ

സുവർണ്ണ ജൂബിലി നിറവിൽ നിൽക്കുന്ന ഗെദ്സമ്നി കപ്പൂച്ചിൻ ആശ്രമത്തിലെ അംഗങ്ങൾക്കും പരിസരവാസികൾക്കും ജൂബിലിയുടെ ആശംസകൾ!

നല്ല ഇടയൻ തെളിച്ച വഴിയിലൂടെയും അദ്ദേഹത്തെ അക്ഷരംപ്രതി അനുകരിച്ച വിശുദ്ധ ഫ്രാൻസിസ് അസ്സീസി ജീവിച്ചുകാണിച്ച മാതൃകയിലൂടെയും കൂടെ നടന്ന അൻപതു വർഷങ്ങൾ ഗെദ്സമ്നി ആശ്രമത്തിന്റെ നാൾവഴികളിലെ സുദിനങ്ങളാണ്. ഈ കാലങ്ങളിൽ നമ്മെ കാത്തുസൂക്ഷിച്ച കർത്താവിന്റെ പരിപാലനയ്ക്ക് നന്ദി പറയാം.

പാരമ്പര്യത്തിന്റെ, സ്നേഹത്തിന്റെ, കൂട്ടായ്മയുടെ, സാഹോദര്യത്തിന്റെ, പങ്കു വയ്ക്കലിന്റെ അനുഭവം നെഞ്ചിലേറ്റി ഈ സ്നേഹസമൂഹം ഒന്നിച്ചു മുന്നേറിയ അരനൂറ്റാണ്ടുകാലം കൃപാവർഷത്തിന്റെ ഉപകരണങ്ങളായി വർത്തിച്ചു നേതൃത്വം നൽകിയ ബഹുമാനപ്പെട്ട ആശ്രമാധിപന്മാർ, ആശ്രമാംഗങ്ങൾ, അവരോടൊപ്പം നമ്മുടെ കൂട്ടായ്മയുടെ നാനാവിധ വളർച്ചയ്ക്കു വേണ്ടി അധ്വാനം ചെയ്ത സന്ന്യാസിനികൾ, കമ്മറ്റിക്കാർ തുടങ്ങിവരെയും വിവിധ ഭക്തസംഘടനകളിലെ അംഗങ്ങളെയും വിവിധ മേഖലകളിലായി ഗെദ്സമ്ൻ കൂട്ടായ്മയിൽ സേവനം ചെയ്തിട്ടുള്ള എല്ലാവരേയും നമുക്കു നന്ദിയോടെ ഓർക്കാം.

കത്തോലിക്കസഭയ്ക്കെതിരെ ഒളിഞ്ഞും തെളിഞ്ഞും പ്രവർത്തിക്കുന്ന ധാരാളം വിരുദ്ധശക്തികളുണ്ട്. ഇവരുടെ ഗൂഢതന്ത്രങ്ങൾ തകർക്കുവാനും നമ്മുടെ കരുത്താർന്ന വിശ്വാസത്തെ അഭംഗുരം കാത്തുസൂക്ഷിക്കുവാനും ഗെദ്സമ്നി ആശ്രമത്തോടു ചേർന്നു പ്രവർത്തിക്കുന്ന നിങ്ങൾക്കു സാധിക്കുന്നുണ്ട്. അതിനായി ഗെദ്സമ്നിയിലെ കപ്പൂച്ചിൻ സഭാംഗങ്ങൾ നിരന്തരം പരിശ്രമിക്കുന്നു. തിരുവചനത്തിന്റെ ശക്തിയാൽ നയിക്കപ്പെടുന്ന ഒരു സ്നേഹസമൂഹമായി ഈശോയ്ക്ക് സാക്ഷ്യം വഹിക്കുവാൻ നിങ്ങൾക്കു കഴിയട്ടെ. സുവർണ്ണജൂബിലിയുടെ ഓർമ്മ നിലനിർത്തുവാൻ ഈ സ്മരണിക സഹായകമാകുമെന്നതിൽ സംശയമില്ല. ഇതിനു പിന്നിൽ ആത്മാർത്ഥമായി പ്രവർത്തിച്ച എല്ലാവർക്കും അഭിനന്ദനങ്ങൾ! ഒരിക്കൽക്കൂടി ജൂബിലി മംഗളങ്ങൾ.

സ്നേഹപൂർവ്വം,

ഫാ. ജോസഫ് പുത്തൻപുര കപ്പൂച്ചിൻ
പ്രൊവിൻഷ്യാൾ
സെന്റ് ജോസഫ് പ്രോവിൻസ്, കോട്ടയം



Rev. Fr. Joseph Puthenpura Capuchin

Provincial, St. Joseph Province, Kottayam

ആശംസ

ഗെദ്സമ്നി ആശ്രമത്തെപ്പറ്റി ഓർക്കുമ്പോൾ മനസ്സിൽ ഓടിയെത്തുക അസ്സീസിയിലെ വിശുദ്ധ ഫ്രാൻസിസാണ്. മധ്യശതകങ്ങളിലെ സഭയെ തൊട്ടുണർത്താൻ ദൈവം നിയോഗിച്ച വിശുദ്ധ ഫ്രാൻസിസ് 'രണ്ടാമത്തെ ക്രിസ്തു' എന്നു വിശേഷിപ്പിക്കാൻ തക്കവണ്ണം സഭയെയും ലോകത്തെയും നിർണ്ണായകമായി സ്വാധീനിച്ച മഹാവിശുദ്ധനാണ്. വിശുദ്ധ ഫ്രാൻസിസ് ആരംഭം കുറിച്ച സഭാനവീകരണം തന്റെ അനുയായികളിലൂടെ ചങ്ങനാശേരിയിൽ ആരംഭിച്ചിട്ട് അരനൂറ്റാണ്ടു പിന്നിടുന്നു.

'എന്റെ ദൈവം എന്റെ സർവസ്വവും' എന്ന ഫ്രാൻസിസ്കൻ ആത്മീയ ദർശനം ചങ്ങനാശേരിയിൽ ആവിഷ്കരിച്ച്, ഇവിടുത്തെ ദൈവജനത്തെ നവീകരിക്കുവാനുള്ള പരിശ്രമങ്ങളിൽ ഇവിടെ സേവനം ചെയ്ത സന്ന്യസ്തർക്ക് വിജയംവരിക്കാൻ കഴിഞ്ഞു എന്നതിൽ സംശയമില്ല. ദൈവജനവുമായി അവർ പുലർത്തിപ്പോന്ന നിരന്തര സമ്പർക്കം എടുത്തു പറയേണ്ട കാര്യമാണ്. ദൈവ വചനപ്രഘോഷണത്തിലൂടെ നവീകരണത്തിന്റെ വഴിയിലേക്ക് എത്രയോ പേരെ അവർ നയിച്ചിരിക്കുന്നു. പാപികളെ ദൈവത്തോടു ചേർക്കുന്ന അനുരഞ്ജനകൂദാശയുടെ ശക്തിവിശേഷം എതയോ പേർ അവരിലൂടെ മനസ്സിലാക്കിയിരിക്കുന്നു, അനുഭവിച്ചിരിക്കുന്നു. അശരണരോടും ആലംബഹീനരോടും പ്രത്യേക പരിഗണന കാണിച്ചുകൊണ്ട് ഫ്രാൻസിസ്കൻ ശൈലി ചങ്ങനാശേരിയിൽ ആവിഷ്കരിക്കാൻ ഗെദ്സമ്നിയിലെ വൈദികരെല്ലാം താല്പര്യപൂർവം പരിശ്രമിക്കുകയായിരുന്നു. ചുരുക്കത്തിൽ, ആശ്രമം പിന്നിടുന്ന അര നൂറ്റാണ്ട് സഫലമായ സുവിശേഷശുശ്രൂഷയുടെ വസന്തകാലം തന്നെയായിരുന്നുവെന്നു പറയാം.

പുത്തൻ കാലഘട്ടം ഉയർത്തുന്ന വെല്ലുവിളികളെ യഥാതഥം തിരിച്ചറിഞ്ഞ് കൂടുതൽ മെച്ചപ്പെട്ട സുവിശേഷശുശ്രൂഷ നിറവേറ്റാൻ ആശ്രമസ്ഥർക്ക് വരുംകാലങ്ങളിൽ കഴിയട്ടെ എന്നു പ്രാർത്ഥിക്കുന്നു. ഈശോമിശിഹായിലേക്കുള്ള ഫ്രാൻസിസ്കൻ സരണി തുറന്നു കാട്ടാൻ കഴിയുന്ന കാലത്തോളം ഗെദ്സമ്നി ആശ്രമം സഭയ്ക്കും സമൂഹത്തിനും അനുഗ്രഹമായിരിക്കുമെന്നു സംശയമില്ല.

സുവർണജൂബിലി ആഘോഷിക്കുന്ന ഗെദ്സെമ്നി ആശ്രമത്തിനും ശുശ്രൂഷ ചെയ്യുന്ന എല്ലാ പ്രിയപ്പെട്ട കപ്പൂച്ചിൻ അച്ചന്മാർക്കും എല്ലാവിധ ആശംസകളും നേരുന്നു. ദൈവം നമ്മെ എല്ലാം അനുഗ്രഹിക്കട്ടെ.

സ്നേഹപൂർവ്വം,

ഫാ. കുര്യൻ പുത്തൻപുര

വികാരി



Rev. Fr. Kurien Puthenpura

Vicar


ആശംസ

നമ്മുടെ ഗെദ്സമ്നി ആശ്രമദൈവാലയം അതിന്റെ സുവർണ്ണ ജൂബിലി നിറവിലാണല്ലോ. ആഘോഷങ്ങളുടെ ഭാഗമായി നമ്മൾ ഒരു സ്മരണിക പുറത്തിറക്കാൻ തീരുമാനിച്ചിരുന്നു. ആ സ്മരണിക ഗെദ്സമ്നിയെ വരും തലമുറയ്ക്ക് പരിചയപ്പെടുത്തിക്കൊടുക്കുന്ന ഗെദ്സമ്നിയുടെ സത്ത യുടെ ഒരു പ്രതീകം ആയിരിക്കണം എന്നും നമ്മൾ തീരുമാനിച്ചിരുന്നു. അപ്രകാരം കഴിഞ്ഞ 50 വർഷക്കാലം നമ്മെ നയിച്ച ഫ്രാൻസിസ്കൻ ചിന്തകളും, ഈ ചിന്തകൾ എപ്രകാരം നമ്മെ സ്വാധീനിച്ചു എന്നു വ്യക്ത മാക്കുന്ന അനുഭവസാക്ഷ്യങ്ങളുടെ വിവരണങ്ങളും ജൂബിലിഫോട്ടോ കളും അടങ്ങുന്ന ഒരു ചരിത്രപുസ്തകമായി ഇതാ നമ്മുടെ സ്മരണിക പുറത്തുവരുന്നു. ജൂബിലി വിജയത്തിന് ആത്മാർത്ഥമായി യത്നിച്ച എല്ലാവർക്കും ഹൃദയം നിറഞ്ഞ നന്ദിയും, അഭിനന്ദനവും അർപ്പിക്കുന്നു. ജൂബിലി ആഘോഷങ്ങൾക്ക് 'കപ്പിത്താൻ ആകാൻ ഞാൻ നിയമിതനായി എന്നതിന് ദൈവത്തിനു നന്ദിയും അർപ്പിക്കുന്നു.

മനുഷ്യമനസ്സിൽ ഉത്ഭവിക്കുന്ന നന്മകളെ കഠിനപ്രയത്നത്തിലൂടെ മനുഷ്യർക്ക് അനുഭവവേദ്യമാക്കുന്ന പ്രക്രിയയേ നമ്മൾ സൃഷ്ടി എന്നു വിളിക്കൂ. ഇപ്രകാരം 50 വർഷങ്ങൾക്കുമുമ്പ് വാഴപ്പള്ളിപ്രദേശത്തെ ക്രൈ സ്തവസഹോദരങ്ങളുടെ മനസ്സിൽ ഉത്ഭവിച്ച ആശയം സഭാധികാരി കളുടെ അനുഗ്രഹാശിസ്സുകളോടെ യാഥാർത്ഥ്യമായതാണ് വാഴപ്പള്ളി ഗെദ്സമ്നി കപ്പുച്ചിൻ ആശ്രമദൈവലായം. ഈ ദൈവാലയം ദൈവാനു ഗ്രഹത്തിന്റെയും, മനുഷ്യനന്മയുടെയും പ്രതീകമാണ്. മറ്റു വാക്കുകളിൽ, ഈ 50 വർഷങ്ങളിൽ ദൈവകൃപ മനുഷ്യരിലൂടെ എല്ലാവർക്കും അനുഭവ വേദ്യമാക്കുന്നതിന്റെ പ്രഭവസ്ഥാനം ഈ ദൈവാലയമായിരുന്നു. ഈ സത്യം വ്യക്തമാക്കുന്നതാണ് സ്മരണികയുടെ ഉള്ളടക്കം.

50 വർഷം പിന്നിടുന്ന ഈ ദൈവാലയം തുടർന്നും നമ്മുടെ കൂട്ടായ്മയ്ക്ക് ശക്തി പകരട്ടെ. ഫ്രാൻസിസ്കൻ ആദർശങ്ങളിലൂടെ യുള്ള വളർച്ച ക്രിസ്തുകേന്ദ്രീകൃതമാണ്, ഈശോമിശിഹായെ അടുത്ത നുകരിക്കലാണ് എന്നു നമ്മൾ തിരിച്ചറിയുക. ഈ മിശിഹാനുകരണം വളർത്തിയെടുക്കാൻ വി.ഫ്രാൻസിസിന്റെ നാമധേയത്തിൽ സ്ഥാപിതമായ ഈ ദൈവാലയത്തിന് തുടർന്നും സാധിക്കട്ടെ. എല്ലാവർക്കും ജൂബിലി ആശംസകൾ!


സ്നേഹപൂർവ്വം,
നിങ്ങളുടെ ഗാർഡിയനച്ചൻ
ഡോ. ചെറിയാൻ സ്കറിയ
വലിയവീട്




Rev.Dr.Cherian Scaria Valiaveedu

Guardian, Gethsemany

Guardians



Rev. Fr. Gerard Kalludukkil
(1969)




Rev. Fr. Abraham Mookan
(1972)



Rev. Fr. Thomas Thoppil
(1973, 1979)



Rev. Fr. Stanislavus Palakil
(1979, 2003)



Rev. Fr. Jose Pullokaran
(1981, 1990)



Rev. Fr. Kuriakose Kunnankara
(1984)




Rev.Fr. Thyagaraj
(1987)



Rev.Fr. Mathew Kodackanal
(1993-1996)



Rev.Fr. Paul Chirappurath
(2000)




Rev.Fr. Thomas Thalakulam
(2005-2009)



Rev.Fr. Joseph Keeprath
(2006)



Rev.Fr. Chacko Mannicheril
(2007)



Rev.Fr. Jomon Asamparampil
(2011, 2014)



Rev.Dr. Cherian Scaria
Valiaveedu (2017)



Gethsemany Community



Presidents & Secretaries of Kudumba Koottayma

Golden Jubilee Inauguration


















Golden Jubilee Celebration











Golden Jubilee Celebration











Golden Jubilee Celebration











Award Distribution



മുഖമൊഴി

ഗെദ്സമ്നി ആശ്രമദേവാലയ സുവർണ്ണജൂബിലി സ്മരണിക 'എന്റെ ഗെദ്സമ്നി' നമ്മുടെ കൂട്ടായ്മയ്ക്കു സമർപ്പിക്കുന്നു.

ഫ്രാൻസിസ്കൻ കുലീനതയും എളിമയും ഗെദ്സമ്നി കൂട്ടായ്മയിലും പരിസരപ്രദേശങ്ങളിലും അനുഭവവേദ്യമായിട്ട് അൻപതു വർഷങ്ങൾ കഴിഞ്ഞിരിക്കുന്നു. ഗെദ്സമ്നി ആശ്രമദേവാലയത്തിന്റെ അൻപതുവർഷത്തെ ചരിത്രവും ഇവിടെ സേവനമനുഷ്ഠിച്ചിട്ടുള്ള കപ്പൂച്ചിൻ സഹോദരങ്ങളുടെയും വാഴപ്പള്ളിയിലെ കത്തോലിക്കസമൂഹത്തിന്റെയും ഹൃദയത്തുടിപ്പുകളും ആത്മീയതയും എളിമയും വിശ്വാസതീക്ഷ്ണതയും സ്മരണികയിൽ നിറഞ്ഞുനിൽക്കുന്നു. ഒരു കാലഘട്ടത്തിന്റെ ഓർമ്മകളും വാഴപ്പള്ളിയുടെ ചരിത്രപരമായ പ്രാധാന്യവും പൈതൃകവും സംസ്കാരവും സ്മരണികയിൽ ഉൾക്കൊള്ളിച്ചിട്ടുണ്ട്. കപ്പൂച്ചിൻ ആത്മീയതയുടെ വിശുദ്ധിയും ശ്രേഷ്ഠതയും ആഴത്തിൽ പരിശോധിക്കുന്ന ദർശനചാരുതയുള്ള പ്രൗഢമായ ലേഖനങ്ങളും ഇതിൽ ഉണ്ട്. സസ്യ- ജന്തു- മനുഷ്യപ്രകൃതികളുടെ ഇണക്കത്തിന്റെ താളം കാത്തുസൂക്ഷിക്കേണ്ടതിന്റെ ആവശ്യകതയും ജീവിതത്തോട് കൃതജ്ഞതാനിർഭരമായ ബന്ധം പുലർത്തുവാനുള്ള ആഹ്വാനവും ലേഖനങ്ങളിൽ കാണാം. ഗെദ്സമ്നി കൂട്ടായ്മാജീവിതത്തിന്റെ നടവഴികളിലൂടെ സഞ്ചരിച്ചവരിൽ ചിലർ തങ്ങളുടെ മനസ്സിൽ അടയാളപ്പെടുത്തിയ രേഖകൾ ഗെദ്സമ്നി അനുഭവക്കുറിപ്പുകളായി സ്മരണികയിൽ ചേർത്തിരിക്കുന്നു.

ഗെദ്സമ്നി കൂട്ടായ്മയുടെ മനസ്സുകളെ നിയന്ത്രിക്കുന്ന വിശ്വാസാധിഷ്ഠിതമായ ചിന്തകളും ആത്മീയതയും ഉപരോധങ്ങളും പ്രതിരോധങ്ങളും മനസ്സിലാക്കുവാൻ ഈ കുറിപ്പുകൾ സഹായിക്കുമെന്ന് പ്രതീക്ഷിക്കുന്നു. ഗെദ്സമ്നി സുവർണ്ണജൂബിലി ആഘോഷങ്ങളുടെ ഫോട്ടോകളും ഉൾപ്പെടുത്തി സ്മരണിക മനോഹരമാക്കുവാൻ ശ്രദ്ധിച്ചിട്ടുണ്ട്. കൂട്ടായ്മയിലെ എല്ലാ ഭവനങ്ങളിലും സ്മരണിക സൗജന്യമായി ലഭിക്കുന്നതിന് ക്രമീകരണം ചെയ്തിട്ടുണ്ട്.

സേവ്യർ കൊച്ചുറുമ്പിൽ
കെ. റ്റി. ചെറിയാൻ കിഴക്കേക്കുറ്റ്
(എഡിറ്റേഴ്സ് ഇൻ ചീഫ്)

സെപ്തംബർ 20. 2018

കടപ്പാട്

ഈ സ്മരണികയുടെ പ്രസാധനത്തിൽ പ്രയത്നിച്ചവർ ഏറെയാണ്. സഹായിച്ചവർ, സഹകരിച്ചവർ, ഓർമ്മിക്കപ്പെടേണ്ടവർ നിരവധിയാണ്. എല്ലാം പൂർത്തിയാക്കിത്തന്ന കാരുണ്യത്തിന് തമ്പുരാനോടു കടപ്പെട്ടിരിക്കുന്നു. ഗെദ്സമ്നി കൂട്ടായ്മയെ അനുഗ്രഹിച്ച് ആശീർവദിച്ച ഫ്രാൻസീസ് പാപ്പായ്ക്ക് സ്നേഹവും ആദരവും നിറഞ്ഞ കടപ്പാട്. സ്മരണികയിൽ സന്ദേശം നൽകിയ കർദ്ദിനാൾ മാർ ജോർജ്ജ് ആലഞ്ചേരി പിതാവ്, അഭിവന്ദ്യ പിതാക്കന്മാരായ മാർ ജോസഫ് പെരുന്തോട്ടം, മാർ ജോസഫ് പവ്വത്തിൽ, മാർ തോമസ് തറയിൽ, കപ്പൂച്ചിൻസഭ ജനറൽ മിനിസ്റ്റർ മൗറോ ജോറി, കപ്പൂച്ചിൻ സെന്റ് ജോസഫ്സ് പ്രൊവിൻഷ്യൽ ഫാ. ജോസഫ് പുത്തൻ പുരയ്ക്കൽ, ചങ്ങനാശേരി കത്തീഡ്രൽ പള്ളി വികാരിയച്ചൻ പെ. ബഹു. ഫാ. കുര്യൻ പുത്തൻപുര, ഗെദ്സമ്നി ഗാർഡിയൻ റവ. ഡോ. ചെറിയാൻ സ്കറിയ വലിയവീട്ടിൽ എന്നിവരോടെല്ലാം സ്നേഹബഹുമാനാദരവുകളോടെ നന്ദി.

ഗെദ്സമ്നിയിൽ കഴിഞ്ഞ അൻപതു വർഷം സേവനം ചെയ്ത എല്ലാ കപ്പൂച്ചിൻ സഹോദരങ്ങളോടും ഇപ്പോഴത്തെ ഗെദ്സമ്നി കപ്പൂച്ചിൻ സഹോദരങ്ങളോടും കടപ്പാട് അറിയിക്കുന്നു. അവതാരികയും ലേഖനങ്ങളും എഴുതി സഹായിച്ചവർ, പരസ്യങ്ങളും ആശംസകളും നൽകിയവർ എന്നിവരെയെല്ലാം നന്ദിയോടെ ഓർക്കുന്നു. ഡി.ടി.പി., ലേ ഔട്ട് ജോലികൾ നിർവഹിച്ച തങ്കച്ചൻ ജെ. മുളവന, കംപ്യൂട്ടർ വർക്കുകളും ഫോട്ടോകളും ക്രോഡീകരിച്ച ജോതിഷ് മഞ്ചേരിക്കളം, ഫോട്ടോഗ്രാഫർ റോബിൻ എന്നിവർക്ക് സ്നേഹപൂർണ്ണമായ നന്ദി. അച്ചടിജോലികൾ ഭംഗിയായി നിർവ്വഹിച്ച മറ്റത്തിൽ പ്രിന്റേഴ്സ് & പബ്ലിഷിംഗ് ഉടമ ശ്രീ റോയിയോടും ടീമിനോടും പ്രത്യേകം നന്ദി. 'എന്റെ ഗെദ്സമ്നി' പ്രസാധനത്തിൽ സഹകരിച്ച എല്ലാവർക്കും നന്ദി!

എഡിറ്റോറിയൽ ബോർഡ്

ഉള്ളടക്കം

അവതാരിക സി. ഗൊരേത്തി എഫ്. സി. സി. 37

ഗെദ്സമ്നിക്കു മുൻപ് 39
കെ. റ്റി. ചെറിയാൻ കിഴക്കേക്കുറ്റ്
പി. സി. ജോസഫ് പാറക്കടവിൽ
സെബാസ്റ്റ്യൻ കുഞ്ഞുമോൻ ചെന്നിത്തല
ലീലാമ്മ വൈപ്പിശ്ശേരി

ഗെദ്സമ്നി ചരിത്രത്താളുകളിലൂടെ
സേവ്യർ കൊച്ചുറുമ്പിൽ 47

ഫ്രാൻസിസുമാരുടെ അപ്രവചനീയത ലോകത്തിന്റെ സമാധാനം
ഡോ. സ്കറിയാ സക്കറിയ 65

എന്റെ ഉള്ളിലൊരു പുണ്യവാളൻ
പ്രൊഫ. എസ്. ശിവദാസ് 69

വിശുദ്ധ കുർബാനയെന്ന ബലി
റവ. ഫാ. സിപ്രിയാൻ OFM Cap 79

ഗുരുസ്മരണ, ഗുരുവചനങ്ങൾ
മാത്യു പൈകട 95

ഒരന്യഗ്രഹജീവിയുടെ വിലാപങ്ങൾ
ജോർജ് വലിയപാടത്ത് 102

യുക്തിയില്ലായ്മയിലെ സൗന്ദര്യം
ഷാജി കെ. 108

പുറവഴികളിലെ സഞ്ചാരി
ജോസ് സുരേഷ് 112

ദൈവത്തിന്റെ സ്വന്തം പ്രിയപ്പെട്ട ഉപമ
ബോബി ജോസ് കട്ടികാട് 115

പരിസ്ഥിതി പ്രവാചകനായ അസ്സീസിയിലെ വി. ഫ്രാൻസീസ്
ഡോ. ജെ. ജി. റേ മെതിക്കളം 121

അസ്സീസിയിലെ ഒരു മഴവിൽ രാത്രി
വിജി തമ്പി 128

ഫ്രാൻസീസ് കെ. സച്ചിദാനന്ദൻ 136

സെന്റ് ഫ്രാൻസിസിലേക്ക്
എബ്രഹാം കാരാമ്മേൽ 138

സന്ന്യാസത്തിന്റെ സംഘർഷഭൂമിയാകുന്ന മനസ്സ്
ജിജോ കുര്യൻ മൂലയിൽ 145

വിശുദ്ധ കുർബാനയും ഫ്രാൻസിസ്കൻ സമൂഹത്തിന്റെ പിറവിയും
ഡോ. ഇ.ജെ. മാത്യു ഈറ്റോലിൽ 149

അസ്സീസിയിലെ വി. ഫ്രാൻസിസിന്റെ ആത്മീയദർശനം
ബ്രദർ ജോസഫ് എഴുത്തുപുരയ്ക്കൽ കപ്പൂച്ചിൻ 153

Voluntarism Fransiscan Thought
ഫാ. ജോസഫ് മാത്യു അങ്ങാടിയിൽ 162

ഗെദ്സമ്നി അനുഭവങ്ങൾ 171

ഫാ. ജോസ് വെട്ടിക്കാട്ട് കപ്പൂച്ചിൻ 173
ഡോ. ഡോണ ചെറിയാൻ കിഴക്കേക്കുറ്റ് 175
ഏയ്ഞ്ചൽ റോസ് ജോസഫ് പരുവംമൂട്ടിൽ 177
പ്രിൻസ് മാത്യു പീറ്റർ, കരിമഠം 179
ഡോ.എൻ.പി. ജോസഫ് നെല്ലിക്കുന്നത്ത് 180
മേഴ്സി പോത്തൻ വടക്കുംമുറി 181
ജോ ജോസഫ് മാത്യു മൂലയിൽ 183
ഷാബു മാനുവേൽ, മുണ്ടയ്ക്കൽ 183
ജെറി പാലത്തിങ്കൽ 185
ഫാ. ജോമോൻ ആശാംപറമ്പിൽ കപ്പൂച്ചിൻ 186
റ്റോമിച്ചൻ നേര്യംപറമ്പിൽ 188
ജോസുകുട്ടി മൂലയിൽ 189
ഫാ. എബി കിഴക്കേക്കുറ്റ് 190
ബ്രദർ ജോസഫ് ഈറ്റോലിൽ 192
കെ. ജെ. ചാക്കോ കല്ലുകളം 193
മാത്യു മുളങ്ങാശ്ശേരി കപ്പൂച്ചിൻ 195
ആശ ആനി ജോസ്, കൊച്ചുകണ്ണാത്ത് 196
വി. ജെ. ലാലിച്ചൻ വല്ലയിൽ 197
ജോയിക്കുട്ടി മൂലയിൽ 199
തങ്കച്ചൻ പുന്നശ്ശേരി 199
വക്കച്ചൻ പാലത്തുങ്കൽ 200
കുഞ്ഞുമോൻ വെട്ടുകുഴിയിൽ 202
ചാക്കോച്ചൻ പാലാത്ര 203
ലില്ലിക്കുട്ടി ആയല്ലൂർ 204
ജയ്റ്റോ സേവ്യർ പടനിലം 205
ലീലാമ്മ ദേവസ്യാ വൈപ്പിശ്ശേരിൽ 206
മേരിക്കുട്ടി ചേന്നാട്ടുശ്ശേരി 208
റോസ കുര്യാക്കോസ് കല്ലുകളം 208
അലൻ മാത്യു, തുറവാതുക്കൽ 209
ഹാൻസി മുക്കാടൻ 209
ഡോ. ജോർജ്ജ് സി. ചേന്നാട്ടുശ്ശേരി 210
ത്യേസ്യാമ്മ ജോബ് കല്ലുകളം 211
അൽക്കാ കുര്യാക്കോസ് തുരുത്തയിൽ 212
ആലീസ് തോമസ് കല്ലുകളം 213
ജോസുകുട്ടി ചുടുകാട്ടിൽ 214

അവതാരിക

ഫ്രാൻസിസ്, മനോഹരനാമം. ആ നാമശ്രവണത്തിൽ നാമെല്ലാം ഹർഷപുളകിതരാകും. വിശുദ്ധർ ദിവ്യാനുഭൂതിയിൽ ലയിക്കുന്നു. പാപികൾ പ്രത്യാശയുടെ കണ്ണീർ പൊഴിക്കുന്നു. ഒഴുകുന്ന പുഴകൾക്കും പാടുന്ന കിളികൾക്കും പൂത്തുലഞ്ഞു നിൽക്കുന്ന പൂമരങ്ങൾക്കും പരിചിതമാണ് ഈ നാമം.

ആധുനിക തലമുറയ്ക്ക് സൗഭാഗ്യപൂർണ്ണമായ നല്ല ഒരു ജീവിതം കരുപ്പിടിപ്പിക്കുവാൻ അർത്ഥവും മൂല്യവുമുള്ള ഒരു ആദ്ധ്യാത്മികശൈലി രൂപപ്പെടുത്തുവാൻ, അതിനുള്ള പ്രചോദനം ലഭിക്കുവാൻ ഉതകുന്ന ഒരു വിശിഷ്ടഗ്രന്ഥമാണ് 'എന്റെ ഗെദ്സമ്നി'. ഇതൊരു ആത്മീയയാത്രയാണ്. ഈ യാത്രയിൽ കണ്ടുമുട്ടുന്ന വിശിഷ്ടവ്യക്തികളിൽ പ്രധാനപ്പെട്ട ആളാണ് ഫ്രാൻസിസ്.

ദൈവം ഭൂമിക്കു നല്കിയ മനോഹരസമ്മാനം ഫ്രാൻസിസ്. സാധാരണ മനുഷ്യരെക്കാൾ കൂടുതൽ സുഖലോലുപനും ആഡംബരപ്രിയനും ലോകായതികനും പാപിയുമായിരുന്നെങ്കിലും സകല ദുർഗുണങ്ങളും പരിത്യജിച്ച്, പഞ്ചേന്ദ്രിയങ്ങളെ അടക്കി ഭരിച്ച് വിനയം, ക്ഷമ, ആത്മപരിത്യാഗം, പീഡാസഹനം, തപശ്ചര്യ, പ്രാർത്ഥനാചൈതന്യം തുടങ്ങിയ സുകൃതാഭ്യാസങ്ങളിൽ പടിപടിയായി അഭിവൃദ്ധിപ്പെട്ട് അവസാനം അമാനുഷികത്വം പ്രാപിച്ച് സ്വർഗ്ഗീയസമ്മാനം കരസ്ഥമാക്കുന്നത് എല്ലാവരും മനസ്സിലാക്കിയിട്ടുണ്ടാകും.



ജീവിതംതന്നെ സാക്ഷ്യം എന്ന ബോദ്ധ്യമുണർത്തിയവൻ — ദൈവാന്വേഷി അലസനായിരിക്കാത്തതുകൊണ്ട് വലിയ തൃഷ്ണയോടെ അന്വേഷണമേഖലയിലൂടെ മുന്നോട്ടു പോയവൻ — സഹനവേളകൾ ശുദ്ധീകരണത്തിന്റെ വഴികളെന്നു തിരിച്ചറിഞ്ഞവൻ — ലോകം നൽകുന്ന കടുത്ത വെല്ലുവിളികൾക്ക് ഉത്തരം നൽകിയവൻ. നവമാധ്യമങ്ങൾക്കും പരിസ്ഥിതിക്കും വേണ്ടി പോരാടിയവൻ. സൂര്യനക്ഷത്രാദികളെയും പുല്ലുപുഷ്പാദികളെയും സഹോദരന്മാരായി കണ്ട കലാവിരുതൻ. ഇക്കോളജിയിലൂടെ ഇക്കോ സ്പിരിച്ച്വാലിറ്റിയിലേക്കു യാത്ര ചെയ്തവൻ. ഉള്ളിൽ ഒരു പുണ്യവാളനെ വഹിച്ചു നടക്കുന്നവനെന്നു ബോധ്യമുണ്ടായവൻ. — പോർസ്യങ്കുളാ എന്ന കൊച്ചുസ്ഥലത്ത് ആ കൊച്ചുമനുഷ്യരോടുകൂടെ അവരുടെ കൊച്ചുജീവിതങ്ങൾകൊണ്ട് അസ്സീസി പട്ടണത്തെയും പിന്നീടു ലോകത്തെയും ഇളക്കിമറിച്ച പാവപ്പെട്ട കൊച്ചുമനുഷ്യൻ, ഫ്രാൻസിസ്. പ്രകൃതിയുടെ ആഴങ്ങളിലേക്കുള്ള യാത്ര എത്രയോ രസപ്രദമാണ്. അനുഭവപരമ്പരകളിലൂടെ ദൈവസ്നേഹം തൊട്ടറിയുന്ന അവസ്ഥ. അതു ഫ്രാൻസിസിനെ സ്നേഹഭ്രാന്തനാക്കി മാറ്റുന്നത് അത്ഭുതാവഹമായ കാഴ്ചയാണ്. അതു മാത്രമല്ല, യേശു സഹനത്തിന്റെയും കരുണയുടെയും കരുതലിന്റെയും മഹാസാഗരമാണെന്ന അനുഭവത്തിലെത്തി.

ക്രൂശിതന്റെ സ്നേഹവും മുറിവും നെഞ്ചിലേറ്റി ആത്മീയ യുദ്ധത്തിൽ വിജയം വരിച്ചവനാണ് ഫ്രാൻസിസ്. ദാരിദ്ര്യത്തിന്റെ കയ്പുനീർ നിറഞ്ഞ മനസ്സോടെ മതിവരുവോളം നുകർന്നവനാണ് അദ്ദേഹം. തിരുവചനത്തിന്റെ പൊരുൾ പ്രാർത്ഥനയിലൂടെ തുറന്നുകാട്ടിയ ഫ്രാൻസിസ്. 'ദ്വിതീയ ക്രിസ്തു' എന്ന അപരനാമത്തിൽ ഈ ഗ്രന്ഥത്തിലൂടെ വീണ്ടും അവതരിക്കുന്നു.

ഫ്രാൻസിസിന്റെ പ്രാർത്ഥനാവിഷയങ്ങൾ പലപ്പോഴും സങ്കീർത്തനങ്ങളായിരുന്നു. വ്യത്യസ്തമായ ആറു സങ്കീർത്തനങ്ങളിൽനിന്ന് എടുത്ത 10 വാക്യങ്ങൾ കൊണ്ടുള്ള പ്രാർത്ഥന അർത്ഥപൂർണ്ണമാണ്. ക്രിസ്തുനാഥന്റെ ദയനീയമായ പ്രാർത്ഥന ഫ്രാൻസിസ് കേൾക്കുന്നു. "ദൈവമേ, എന്നോടു കരുണയുണ്ടാകണമേ. മനുഷ്യർ എന്നെ പാദങ്ങൾക്കു കീഴിൽ ചവിട്ടി മെതിക്കുന്നു. ദിവസം മുഴുവൻ അവർ എന്നെ പീഡിപ്പിച്ചു. അവർ എനിക്കെതിരെ യുദ്ധം ചെയ്യുന്നു." (സങ്കീ. 52/2). സങ്കടകരമായ സഹനങ്ങളെ ഫ്രാൻസിസ്. അനുഗൃഹീതമായ സഹനങ്ങളാക്കി മാറ്റി. ക്രിസ്തുവിനോടു സംസാരിക്കുവാനും ക്രിസ്തുവിലൂടെ പിതാവായ ദൈവത്തോടു സംസാരിക്കുവാനും മറ്റുള്ളവർക്കുവേണ്ടി മദ്ധ്യസ്ഥപ്രാർത്ഥനകൾ നടത്തുവാനും ഫ്രാൻസിസിന് ഏറെ സഹായകരമായത് സങ്കീർത്തനങ്ങളാണ്.

'ഗെദ്സമ്നി' നമ്മെ വിളിക്കുന്നു. എന്തിന്? ഓരോ നിമിഷവും പ്രാർത്ഥിക്കുവാൻ നമ്മെ വിളിക്കുകയാണ്. സമയബന്ധിതമായ വ്യവസ്ഥകൾക്കും ആചാരങ്ങൾക്കും ഉപരി എപ്പോഴും പ്രാർത്ഥിക്കുവാൻ ഒരു ചെറിയ മന്ത്രം ഹൃദയത്തിൽ സൂക്ഷിക്കുക. അതിനു പ്രത്യേക സ്ഥലമോ സമയമോ ആവശ്യമില്ല. ഈ വിഷയത്തിൽ ഫ്രാൻസിസ്. നമുക്കു മാതൃകയാണ്.

ക്രിസ്തുവുമായി പ്രണയത്തിലായവനാണ് ഫ്രാൻസിസ്. ഈ പ്രപഞ്ചത്തിലും മനുഷ്യരിലും എല്ലായിടങ്ങളിലും ക്രിസ്തുവിനെയാണ് അദ്ദേഹം കണ്ടുമുട്ടുക. ഗെദ്സമ്നിയിലേക്കു കടക്കുമ്പോൾ യേശുവിന്റെ സഹനത്തോടു താദാത്മ്യപ്പെടുന്ന ഫ്രാൻസിസിനെ നാം കണ്ടുമുട്ടുന്നു. രോഗങ്ങളും സഹചാരികളുമായി നടത്തിയ ആശയപരമായ മൽപ്പിടുത്തങ്ങളും നിലവാടുകളിൽ ചെയ്യേണ്ടിവന്ന വിട്ടുവീഴ്ചകളും ഫ്രാൻസിസിന് ഒരു ഗെദ്സമ്നി അനുഭവമായിരുന്നു. "പരിശുദ്ധനായ പിതാവേ, നിന്റെ സാന്നിധ്യം എന്നോടൊപ്പം ഉണ്ടാകണമെ" എന്ന് ഇടയ്ക്കിടെ പ്രാർത്ഥിച്ചിരുന്നു. യേശുവിന്റെ സഹനങ്ങളിൽ ആമഗ്നനായ ഫ്രാൻസിസ് "വിദ്വേഷമുള്ളിടത്തു സ്നേഹം പകരാൻ എന്നെ അയയ്ക്കണമേ" എന്നു പ്രാർത്ഥിച്ചു. അതിവിശുദ്ധമായ ഈ പ്രാർത്ഥനയ്ക്ക് യേശു പ്രത്യുത്തരമരുളി! ഇതാ, നമ്മുടെ പിതാവായ ദൈവം സ്വർഗ്ഗത്തിൽ അങ്ങയെ കാത്തിരിക്കുന്നു.

"അവൻ ഒരു കല്ലേറുദൂരം മുട്ടിന്മേൽ വീണു പ്രാർത്ഥിച്ചു: പിതാവേ, അങ്ങേയ്ക്കിഷ്ടമെങ്കിൽ ഈ പാനപാത്രം എന്നിൽനിന്നകറ്റേണമേ. എങ്കിലും എന്റെ ഹിതമല്ല, അവിടുത്തെ ഹിതം നിറവേറട്ടെ" (ലൂക്കാ12/41). ശത്രുക്കളുടെമേലുള്ള ആത്യന്തിക വിജയമാണിത്. ഈ തിരുവചനം ഗെദ്സമ്നിയിൽ ഇന്നും മുഴങ്ങുന്നുണ്ടാവും.


എല്ലാ കാര്യങ്ങൾക്കും ഫ്രാൻസിസ്കൻ മയം (Franciscan touch) ഉള്ള ഒരു സഹോദരഗണമാണ് കപ്പൂച്ചിൻ സഹോദരന്മാർ. പ്രസ്തുത സഭാംഗമായ ഹിപ്പോളിറ്റസ് പിതാവിന്റെ പരിശ്രമഫലമായി ഫ്രാൻസിസ്കൻ അൽമായ മുന്നാം സഭ ഇവിടെ രൂപംകൊണ്ടു. ക്രമേണ ഒരു ആശ്രമവും സ്ഥാപിതമായി. ഈ ആശ്രമത്തിന്റെ സ്ഥാപനത്തിലും പുരോഗതിയിലും ഇവിടെയുള്ള ജനങ്ങൾ ഏറെ സന്തുഷ്ടരാണ്. അവർ ഏറ്റം വിലമതിക്കുന്നത് അനുദിനമുള്ള വിശുദ്ധ കുർബാനയിലെ പങ്കാളിത്തമാണ്. ഒപ്പം പ്രാർത്ഥിക്കുവാനുള്ള സൗകര്യം. മാത്രമല്ല, കുടുംബങ്ങളുമായുള്ള ബന്ധം ഏറെ സന്തോഷത്തിനു വക നൽകുന്നതാണ്. ഇവിടെയുള്ള സ്നേഹകൂട്ടായ്മ വളരെ സന്തോഷപ്രദമായി പോകുന്നു. ആശ്രമത്തിലുള്ളവരെ പരിഗണിക്കുന്ന ശൈലി പ്രോത്സാഹജനകമാണ്. കപ്പൂച്ചിൻസഭയിലെ പൂർവികർ നല്കിയ സ്നേഹത്തിന്റെ, ഐക്യത്തിന്റെ, പാരമ്പര്യം ഇരുകൂട്ടരെയും കൂടുതൽ പുരോഗതിയിലേക്കു നയിക്കുന്നതാണ്. അത് എന്നും നിലനിൽക്കട്ടെ എന്നു പ്രാർത്ഥിക്കുന്നു.

ഈ ഗ്രന്ഥത്തിനുവേണ്ടി പ്രയത്നിച്ച എല്ലാവർക്കും ഏറ്റം പ്രത്യേകമായി ബഹു. സേവ്യർ അച്ചനും അഭിനന്ദനങ്ങൾ!


സി. ഗൊരേത്തി എഫ്. സി. സി.

ഗൈഡ്സമ്നിക്കു മുൻപ്

പ്രാചീന വാഴപ്പള്ളിയുടെ ചരിത്രത്തിലൂടെ...



കെ. റ്റി. ചെറിയാൻ കിഴക്കേക്കുറ്റ്
പി. സി. ജോസഫ് പാറക്കടവിൽ
സെബാസ്റ്റ്യൻ കുഞ്ഞുമോൻ ചെന്നിത്തല
ലീലാമ്മ ദേവസ്യാ വൈഷ്ണിശ്ശേരി




എ.ഡി. 9-ാം നൂറ്റാണ്ടു മുതൽ 12-ാം നൂറ്റാണ്ടുവരെ കേരളം ഭരിച്ച ചേരരാജ/വംശത്തിലെ കുലശേഖരചക്രവർത്തിമാരുടെ കാലത്തുള്ള പതിനെട്ടു നാടുകളിലൊന്നായിരുന്ന നന്റുഴൈനാടിന്റെ ഭാഗമായിരുന്നു വാഴപ്പള്ളി ഗ്രാമം എന്നാണ് ചരിത്രരേഖകളിൽനിന്നും മനസ്സിലാകുന്നത്. കുലശേഖര ചക്രവർത്തിയുടെ കീഴിലുള്ള ഒരു സാമന്തരാജ്യം മാത്രം ആയിരുന്നു നൻറുഴൈനാട്. ഈ നാടിന്റെ വിസ്തൃതിയിൽ വാഴപ്പള്ളിയും പുഴവാതും പെരുന്നയും ഉൾപ്പെട്ടിരുന്നു. അന്നത്തെ ചങ്ങനാശേരിയുടെ പൊതുനാമം നൻറുഴൈനാട് എന്നു തന്നെയായിരുന്നു. 'നല്ല അദ്ധ്വാനത്തിന്റെ നാട്' എന്നാണ് നൻറുഴൈനാടിനർത്ഥം.




പഴയ ബുദ്ധമതകേന്ദ്രങ്ങളിൽ ഒന്നായിരുന്നു വാഴപ്പള്ളിഗ്രാമം. പള്ളി എന്ന വാക്ക് വിവക്ഷിക്കുന്നത് 'ബുദ്ധവിഹാരം' എന്നാണ്. പാലി ഭാഷയിലെ പദമാണ് പള്ളി. മലയാളഭാഷയിലും അത് പള്ളിയെന്ന് അറിയപ്പെട്ടു. 'വാഴ്കൈ പള്ളി'യാണ് വാഴപ്പള്ളിയായി മാറിയത് എന്നു കരുതപ്പെടുന്നു. പിന്നീട് അതു വാഴപ്പള്ളി എന്ന ദേശപ്പേരായി മാറി എന്ന് അനുമാനിക്കാവുന്നതാണ്. ഒൻപതാം നൂറ്റാണ്ടിനും പന്ത്രണ്ടാം നൂറ്റാണ്ടിനും ഇടയ്ക്കു രൂപംകൊണ്ട ചില ചെപ്പേടുകളും ശിലാരേഖകളും ഇവിടെനിന്നും കണ്ടെടുക്കപ്പെട്ടിട്ടുണ്ട്. ഇപ്പോൾ ചങ്ങനാശേരിയുടെ ഭാഗമായ വാഴപ്പള്ളി, പെരുന്ന തുടങ്ങിയ സ്ഥലങ്ങളെക്കുറിച്ച് ഇതിൽ പരാമർശമുണ്ട്. കേരളത്തിൽനിന്നും കണ്ടെടുക്കപ്പെട്ട രേഖകളിൽ ഏറ്റവും പഴക്കമുള്ളത് എ.ഡി. 830-ലെ വാഴപ്പള്ളി ശാസനമാണ്. ഇതു ലഭിച്ചത് വാഴപ്പള്ളിയിലെ നമ്പൂതിരി ഇല്ലമായ തലവനമഠത്തിൽനിന്നാണ്.





വാഴപ്പള്ളി ശാസനം



വാഴപ്പള്ളി ക്ഷേത്രാങ്കണത്തിൽ ഒത്തുചേർന്ന നാട്ടുപ്രമാണിമാരും പത്തില്ലത്തിൽ പോറ്റിമാരും രാജാവുമായി നാട്ടുകൂട്ടം കൂടി തിരുവാറ്റാ ക്ഷേത്രത്തിലെ മുട്ടാബലിയെക്കുറിച്ചു പ്രതിപാദിക്കുന്നതാണ് ഇതിന്റെ പ്രമേയം. ചെമ്പുപാളിയിലുള്ള ഈ ശാസനം 1920-ൽ ട്രാവൻകൂർ ആർക്കിയോളജിക്കൽ സീരീസിൽ പ്രസിദ്ധീകരിക്കപ്പെട്ടു. ഇതിൽ ചേരപ്പെരുമാക്കന്മാരുടെ വംശാവലിയും ചേർത്തിട്ടുണ്ട്.

വാഴപ്പള്ളി ശാസനമാണ് കേരളത്തിൽനിന്നും ലഭിച്ച ഏറ്റവും പഴക്കമുള്ള ചരിത്രരേഖ എന്ന് ചരിത്രകാരന്മാർ രേഖപ്പെടുത്തിയിരിക്കുന്നു. കേരളത്തിലെ ഏറ്റവും പഴക്കമേറിയ ചരിത്രരേഖയിൽ വാഴപ്പള്ളിയുണ്ട്. വാഴപ്പള്ളിക്കാരുടെ തീരുമാനമുണ്ട്. നമ്പൂതിരിമാർക്കു പുറമെ മറ്റു പതിനെട്ടു ജാതിക്കാർ കൂടി അന്നത്തെ തീരുമാനത്തിൽ പങ്കാളികളായിരുന്നു. ഈ ശാസനത്തിൽ റോമൻ നാണയമായ ദിനാർ കടന്നുവരുന്നുണ്ട് എന്നുള്ളത് കൗതുകകരമായ ഒരു കാര്യമാണ്.

നൻറുഴൈനാടിന്റെ ഭരണം നാടുവാഴി നിർവഹിച്ചിരുന്നത് നൻറുഴൈനാട് മുന്നൂറ്റവരോട് ആലോചിച്ചിട്ടാണ്. അന്നത്തെ ഗ്രാമസഭയായിരുന്നു ഈ 'മുന്നൂറ്റവർ'. നൻറുഴൈനാട് മുന്നൂറ്റവരെ കൂടാതെ 'വാഴൈപ്പള്ളി ഊരാർ' എന്നൊരു ഗ്രാമസഭയും അന്നു നിലവിലുള്ളതായി എ.ഡി. 830-ലെ വാഴപ്പള്ളി ശാസനത്തിൽനിന്നും തെളിയുന്നു. എ.ഡി. 12-ാം നൂറ്റാണ്ടു വരെ നൻറുഴൈനാട് നിലനിന്നിരുന്നു എന്നാണ് ശിലാരേഖകളിൽനിന്നും മനസ്സിലാകുന്നത്. ചോളാക്രമണം മൂലം രണ്ടാം ചേരസാമ്രാജ്യം നശിച്ചപ്പോൾ അതിന്റെ കീഴിൽ ഉണ്ടായിരുന്ന പതിനെട്ടു നാടും ഒപ്പം നന്റുഴൈനാടും ഇല്ലാതായി. എ.ഡി. 12 മുതൽ 15 വരെ ഈ നാടിന്റെ ചരിത്രം ഇരുളടഞ്ഞതാണ്. കുലശേഖരസാമ്രാജ്യപതനത്തോടെ നന്റുഴൈനാടിന്റെയും മുഞ്ഞനാടിന്റെയും ഭാഗങ്ങൾ കൂടിച്ചേർന്ന് വെൺപൊലിനാടു രൂപംകൊണ്ടു. വെൺപൊലിനാടു നാടുവാഴികളുടെ കാലത്ത് കാര്യമായ പുരോഗതിയൊന്നും ഉണ്ടായില്ല. ഒരുതരം അരാജകത്വം ഈ നാടിനെ വലയംചെയ്തു. കയ്യൂക്കുള്ളവർ കാര്യക്കാർ എന്ന സ്ഥിതിവിശേഷമായിരുന്നു അന്ന്. ഒരു നൂറ്റാണ്ടിനുള്ളിൽ വെൺപൊലിനാടു രണ്ടായി പിരിഞ്ഞു. മീനച്ചിലാറിന്റെ തെക്കുംഭാഗം തെക്കുംകൂറായും വടക്കുംഭാഗം വടക്കുംകൂറായും രണ്ടു നാടുകൾ രൂപപ്പെട്ടു. തെക്കുംകൂറിന്റെ തലസ്ഥാനം കോട്ടയമായിരുന്നു. പിന്നീട് ചങ്ങനാശേരിയിലും ഒരു തലസ്ഥാനം രൂപംകൊണ്ടു. ചങ്ങനാശേരി പുഴവാത് നീരാഴി കൊട്ടാരമായിരുന്നു തെക്കുംകൂർ നാടുവാഴികളുടെ ഒരു ആസ്ഥാനം.

തെക്കുംകൂർ നാടുവാഴികൾ മൂന്നു വ്യത്യസ്ത ദേവാലയസ്ഥാപനങ്ങൾക്ക് സഹായ ഹസ്തം നീട്ടി. ചങ്ങനാശേരി വലിയപള്ളി, പുഴവാതു ദേവീക്ഷേത്രം, പുഴവാതു മുസ്ലീംപള്ളി എന്നിവയായിരുന്നു അവ. ചില ആനുകൂല്യങ്ങളും ഈ ദേവാലയങ്ങൾക്ക

നുവദിച്ചു. ചങ്ങനാശേരി വലിയപള്ളിക്കനുവദിച്ച വിളക്കെണ്ണച്ചെലവ് അതിലൊന്നുമാത്രം. ചങ്ങനാശേരിപള്ളി കൊല്ലവർഷം 275-ൽ (എ.ഡി.1100-ൽ) നിരണത്തുപള്ളിയിൽനിന്നും പിരിഞ്ഞ് സ്ഥാപിക്കപ്പെട്ടതാണ്. തെക്കുംകൂർ നാടുവാഴികൾ ദേവാലയനിർമ്മാണത്തിനു ദാനം ചെയ്ത ചങ്ങഴി നാഴിയൂരി വിത്തുപാടുസ്ഥലത്തിന് 'ചങ്ങഴിനാഴിയൂരി' എന്നു പേരു പതിഞ്ഞത്രെ. അതു പറഞ്ഞു പറഞ്ഞു 'ചങ്ങനാരി'യും 'ചങ്ങനാശേരിയും' ഒക്കെ ആയിപോയി. ഇതു ശരിയാണെങ്കിൽ എ.ഡി. പതിനഞ്ചാം നൂറ്റാണ്ടിനടുത്താണ് ചങ്ങനാശേരി സ്ഥലനാമം രൂപപ്പെട്ടത്.

ഒരുകാലത്തു ചങ്ങനാശേരിയുടെ പശ്ചിമഭാഗംവരെ കടൽ കയറിക്കിടന്നതായി ഭൂഗർഭഗവേഷകർ തെളിവുകളുദ്ധരിച്ച് സമർത്ഥിക്കുന്നുണ്ട്. ചരിത്രത്തിന്റെ ഇടവേളകളിലെങ്ങോ കടൽ പിൻവാങ്ങി അവിടം കരിനിലങ്ങളായി മാറി. ഈ പ്രദേശത്തുനിന്നും ലഭിച്ച കടൽജീവികളുടെ അംശങ്ങളാണ് ഇതിനു ചൂണ്ടിക്കാട്ടുന്ന തെളിവുകൾ. വാഴപ്പള്ളി ഗവൺമെന്റ് സ്കൂളിന്റെ (കോയിപ്പുറം) പടിഞ്ഞാറുഭാഗത്തുനിന്നും കണ്ടെത്തിയിട്ടുള്ള 'മുതുമക്കത്താഴികൾ' വാഴപ്പള്ളിയുടെ പ്രാചീനസംസ്കാരസവിശേഷതകളിലേക്ക് വിരൽചൂണ്ടുന്ന തെളിവുകളാണ്. പുരാതനകേരളത്തിലെ 64 നമ്പൂതിരിഗ്രാമങ്ങളിൽ ഒന്നായ തിരുവല്ലഗ്രാമത്തിന്റെ വടക്കേ അതിർത്തിയിലുള്ള സ്ഥലമായിരുന്നു വാഴപ്പള്ളി. ഗ്രാമത്തിന്റെ വടക്കേ അതിർത്തി കണ്ണമ്പേരൂർചിറയായിരുന്നു. മാർത്താണ്ഡവർമ്മയുടെ സേനതെക്കുംകൂറിൽ പ്രവേശിച്ചപ്പോൾ പടയോട്ടം തടയാൻ വാഴപ്പള്ളി ഗ്രാമക്കാർ കണ്ണമ്പേരൂർ പാലം തകർത്തതായി ചരിത്രമുണ്ട്. തെക്കുംകൂർ ഭരണകാലത്തു ബ്രാഹ്മണരുടെ നേതൃത്വത്തിൽ പ്രവർത്തിച്ചിരുന്ന വേദപാഠശാലകളിൽ ഒന്നായിരുന്നു വാഴപ്പള്ളിയിലെ 'ശാലഗ്രാമം' എന്നു വേണം കരുതുവാൻ. 'ശാല' എന്നു പറഞ്ഞാൽ വേദപാഠശാലയെന്നാണർത്ഥം. വാഴപ്പള്ളി ആരാധനമഠത്തിന്റെയും ചാപ്പലിന്റെയും പിന്നിലായി എം. സി. റോഡിനടുത്താണ് ശാലഗ്രാമം. മാർത്താണ്ഡവർമ്മ തെക്കുംകൂർ ആക്രമിച്ചു കീഴടക്കുമ്പോഴും തെക്കുംകൂറിന്റെ തലസ്ഥാനം ചങ്ങനാശ്ശേരിയായിരുന്നുവെന്ന് വിഖ്യാതരായ തിരുവിതാംകൂർ ചരിത്രകാരന്മാർ പറയുന്നു. തിരുവിതാംകൂറിന്റെ ചരിത്രത്തിൽ പരാമർശിക്കപ്പെട്ടിട്ടുള്ള ഏറ്റവും പഴക്കം ചെന്ന സ്ഥലങ്ങളിൽ ഒന്നാണ് വാഴപ്പള്ളി. 1750 സെപ്റ്റംബർ 11-ന് തെക്കുംകൂർ രാജാവിന്റെ ആസ്ഥാനമായ ചങ്ങനാശേരി രാമയ്യൻ ദളവ കൈവശപ്പെടുത്തി. അങ്ങനെ ചങ്ങനാശേരി തിരുവിതാംകൂറിന്റെ ഭാഗമായി മാർത്താണ്ഡവർമ്മയുടെ കാലമാകുമ്പോൾ ചങ്ങനാശേരി എന്ന പേരിന് നല്ല പ്രചാരമായിരുന്നു. നസ്രാണികളെക്കുറിച്ചുള്ള പ്രാചീന പരാമർശങ്ങളിൽ അവർ അങ്ങാടിയിൽ പാർക്കണമെന്ന ഒരു ഉപദേശം കാണുന്നുണ്ട്. പള്ളിയും അങ്ങാടിയുമെല്ലാം ഉൾപ്പെട്ട മേഖലയാണ് ചങ്ങനാശേരിയായി അറിയപ്പെട്ടു തുടങ്ങിയത് എന്ന് ഊഹിക്കാം. പ്രശസ്തമായ ഗ്രാമങ്ങളും ക്ഷേത്രങ്ങളും ഉണ്ടായിരുന്ന വാഴപ്പള്ളിയും പെരുന്നയും പുഴവാതും പുതിയ സാമൂഹിക സാമ്പത്തികക്രമത്തിൽ ഉൾച്ചേർന്ന് ഒന്നായി ചങ്ങനാശേരിയായി രൂപാന്തരപ്പെട്ടു എന്നു കരുതാവുന്നതാണ്. ചങ്ങനാശേരി ചന്ത സ്ഥാപിച്ചത് വേലുത്തമ്പിദളവയാണ്. ചങ്ങനാശേരിയിൽ അഭിവൃദ്ധിപ്പെട്ടുകൊണ്ടിരുന്ന വാണിജ്യത്തിന്റെ വളർച്ചയ്ക്കുതകുന്ന രീതിയിൽ ഉള്ള ഒരു പരിഷ്ക്കാരമെന്ന രീതിയിൽ 1805-ൽ വേലുത്തമ്പിദളവ ചങ്ങനാശേരി ചന്ത ഉദ്ഘാടനം ചെയ്തു. വേലുത്തമ്പിദളവ പലപ്പോഴും വാഴപ്പള്ളി



കോട്ടയം നാലുകെട്ടിൽ വന്നു താമസിച്ചിരുന്നു. അക്കാലത്തൊരിക്കൽ അദ്ദേഹത്തിന് കഠിനമായ ഉദരരോഗമുണ്ടായപ്പോൾ ചികിത്സിച്ചു ഭേദമാക്കിയത് വടക്കുംമുറി വൈദ്യനായിരുന്നുവെന്നും പ്രതിഫലമായി ദളവ നൽകിയത് വൈദ്യരുടെ മോഷണംപോയ വൈദ്യശാസ്ത്രഗ്രന്ഥം കണ്ടുപിടിച്ചു കൊടുക്കുകയായിരുന്നുവെന്നും കേട്ടിട്ടുണ്ട്. അക്കാലത്തെ പ്രഗത്ഭരായ വൈദ്യൻമാർ വടക്കുംമുറി കുടുംബത്തിൽനിന്നുള്ളവരായിരുന്നു.

സെന്റ് തോമസിൽനിന്നും അധികാരപത്രം ലഭിച്ചവരെന്നു വിശ്വസിക്കപ്പെടുന്ന വാഴപ്പള്ളി വീരടിയാന്മാർ ചങ്ങനാശ്ശേരിയിലെയും കുട്ടനാട്ടിലെയും ഭവനങ്ങൾ സന്ദർശിച്ച് ക്രിസ്തുമതഗാനങ്ങൾ ആലപിച്ച കാര്യം പഴമക്കാർ അനുസ്മരിക്കുന്നു. ആദ്യത്തെ പ്രാദേശിക മിഷണറിമാർ ആയിരുന്നിരിക്കണം വാഴപ്പള്ളി വീരടിയാന്മാർ. അരയിൽ വെളുത്തമുണ്ട്, തലയിൽ പ്രത്യേക രീതിയിലുള്ള ഒരു തലേക്കെട്ട്, തോളിൽ ചുവന്ന ഷാളും അതിനുപുറമേ ഒരു ഭാണ്ഡവും ഇതായിരുന്നു അവരുടെ വേഷം. എ.ഡി.52 -ൽ തോമ്മാശ്ലീഹാ കേരളത്തിൽ വന്നതും എ.ഡി. 345 ൽ പേർഷ്യയിൽനിന്നും വന്ന കച്ചവടപ്രമാണിയായ ക്നായിത്തൊമ്മൻ ക്രൈസ്തവരുടെ ഉന്നമനത്തിനു കാരണമായതും ഒക്കെച്ചേർത്ത്, ഓരോ വീടിന്റെയും ഉമ്മറത്തുവന്ന് ഗദ്യരൂപത്തിലുള്ള ഒരു കവിത അവർ ഈണത്തിൽ ചൊല്ലും. മാർത്തോമ്മാ ക്രിസ്ത്യാനികളുടെ ആദ്യകാലചരിത്രമാണ് വീരടിയാന്മാരുടെ പാട്ടിൽ അടങ്ങിയിരുന്നത്. ഈ പാട്ട് അവസാനിപ്പിച്ചിരുന്നത് "ഭും...ഭും...ഭും... കർത്താവേ, നിങ്ങൾക്കും നിങ്ങളുടെ മക്കൾക്കും നല്ലതു സംഭവിക്കട്ടെ"യെന്ന് വാഴപ്പള്ളി വളഞ്ചൻ വീരടിയാൻ ചൊല്ലിക്കൊണ്ടായിരുന്നു. ഈ വീരടിയാന്മാർക്ക് ഏതോ സ്ഥാനമാനങ്ങൾ അന്നത്തെ ഭരണാധികാരികൾ നല്കിയിരുന്നു എന്നാണ് അവർ അവകാശപ്പെട്ടിരുന്നത്. വാഴപ്പള്ളിയുടെ ചരിത്രത്തിലെ കൗതുകകരമായ ഒരു കണ്ണിയാണ് വാഴപ്പള്ളി വീരടിയാന്മാർ.

സെന്റ് തോമസിൽനിന്നും അധികാരപത്രം ലഭിച്ചവരെന്നു വിശ്വസിക്കപ്പെടുന്ന വാഴപ്പള്ളി വീരടിയാന്മാർ ചങ്ങനാശ്ശേരിയിലെയും കുട്ടനാട്ടിലെയും ഭവനങ്ങൾ സന്ദർശിച്ച് ക്രിസ്തുമതഗാനങ്ങൾ ആലപിച്ച കാര്യം പഴമക്കാർ അനുസ്മരിക്കുന്നു. ആദ്യത്തെ പ്രാദേശിക മിഷണറിമാർ ആയിരുന്നിരിക്കണം വാഴപ്പള്ളി വീരടിയാന്മാർ. അരയിൽ വെളുത്തമുണ്ട്, തലയിൽ പ്രത്യേക രീതിയിലുള്ള ഒരു തലേക്കെട്ട്, തോളിൽ ചുവന്ന ഷാളും അതിനുപുറമേ ഒരു ഭാണ്ഡവും ഇതായിരുന്നു അവരുടെ വേഷം.

വാഴപ്പള്ളി ഇന്ന്

ഞങ്ങളുടെ ഓർമ്മകളിൽ വാഴപ്പള്ളി ഒരു കുന്നിൻപ്രദേശമായിരുന്നു. വാഴപ്പള്ളി കുന്ന് എന്നാണ് അറിയപ്പെട്ടിരുന്നത്. കുറച്ചു കിഴക്കുഭാഗത്തായി ചെത്തിപ്പുഴ കുന്നും സ്ഥിതി ചെയ്തിരുന്നു. രണ്ടു കുന്നിൻമുകളിലും രണ്ടു ദേവാലയങ്ങളും. വാഴപ്പള്ളി നിത്യാരാധന കപ്പേളയും ചെത്തിപ്പുഴ ആശ്രമദേവാലയവും. വാഴപ്പള്ളി കപ്പേളയുടെ പ്രധാനവാതിലിനു മുന്നിൽനിന്നു കിഴക്കോട്ടു നോക്കിയാൽ ചെത്തിപ്പുഴ ദേവാലയത്തിന്റെ മുഖവാരം നല്ലതുപോലെ കാണാമായിരുന്നു. കുഞ്ഞുനാളിൽ സെന്റ് തെരേസാസ് സ്കൂളിൽ പഠിക്കുമ്പോൾ കുന്നിൻ മുകളിലെ ആ ദേവാലയത്തെ അത്ഭുതത്തോടെ നോക്കിനിന്നിരുന്നത് ഓർമ്മിക്കുന്നു. ഇപ്പോൾ ദൈവദാസിയായി പ്രഖ്യാപിക്കപ്പെട്ടിരിക്കുന്ന മദർ മേരി ഷന്താളിന്റെ ഉത്സാഹത്താൽ 1916-ൽ തെരേസാ മെമ്മോറിയൽ ഓർഫനേജ് വെർണാക്കുലർ പ്രൈമറി സ്കൂൾ എന്ന പേരിൽ ഒരു കുടിപള്ളിക്കൂടമായി ആരംഭിച്ചതാണ് പിന്നീട് വാഴപ്പള്ളി സെന്റ് തെരേസാസ് സ്കൂൾ ആയത്. വാഴപ്പള്ളി ആരാധനമഠം

സന്ന്യാസിനീസമൂഹം 1918-ൽ മാർ തോമസ് കുര്യാളശേരി മെത്രാനാണ് സ്ഥാപിച്ചത്. അദ്ദേഹം അന്നത്തെ വാഴപ്പള്ളികുന്നിന്റെ കുറെഭാഗം വിലയ്ക്കുവാങ്ങി സ്വന്തം ചെല വിൽ ഒരു മഠവും സ്കൂൾ കെട്ടിടവും പണികഴിപ്പിച്ചു. പിന്നീട് 1935 ഒക്ടോബർ 2-ന് വാഴപ്പള്ളി നിത്യാരാധന കപ്പേള വെഞ്ചരിച്ച് നിത്യാരാധനയ്ക്കു സമർപ്പിച്ചു.1919-ൽ സ്ഥാപിക്കപ്പെട്ട അദ്ധ്യാപക പരിശീലനസ്കൂളാണ് ഇപ്പോഴത്തെ ടീച്ചേഴ്സ് ട്രെയിനിംഗ് ഇൻസ്റ്റിറ്റ്യൂട്ട്. വിശുദ്ധ അൽഫോൻസാമ്മ ഇവിടുത്തെ പൂർവവിദ്യാർത്ഥിനിയായിരുന്നു.

ചെറുപ്പം മുതൽ വാഴപ്പള്ളി ആരാധനമഠത്തിലെ ബഹു. സിസ്റ്റേഴ്സ് പകർന്നു തന്ന പരിശീലനവും കാഴ്ചപ്പാടുകളും ഉൾക്കൊണ്ടാണ് വാഴപ്പള്ളിയിലെ കുട്ടികൾ എല്ലാവരുംതന്നെ വളർന്നത്. വാഴപ്പള്ളി മഠവും കപ്പേളയും, ആരാധന സന്ന്യാസിനി സമൂഹവും, സ്കൂളും വാഴപ്പള്ളിയിലെ കത്തോലിക്കാ സമൂഹത്തിന് വലിയ ആശ്വാ സവും ദൈവാനുഗ്രഹവുമായിരുന്നു എന്ന് എടുത്ത് പറയേണ്ടിയിരിക്കുന്നു. അക്കാലത്ത് സ്ത്രീകളും കുട്ടികളും ഞായറാഴ്ചകളിലെ വിശുദ്ധ കുർബ്ബാനയിൽ പങ്കെടുക്കുന്നതും ആരാധനമഠം കപ്പേളയിലായിരുന്നു. പുരുഷന്മാർ കുറെപേർവരും. ബാക്കിയുള്ളവർ എസ്. ബി. കോളേജ് ചാപ്പലിലും ചങ്ങനാശേരിപള്ളിയിലും പോകുമായിരുന്നു. ആൺകുട്ടിക ളിൽ വളരെപേർക്ക് അൾത്താര ശുശ്രൂഷികളായി പരിശീലനം ലഭിച്ചതും ഇവിടെനിന്നു തന്നെയാണ്. സ്കൂൾകെട്ടിടത്തിനു എതിർവശത്തായി എം. സി. റോഡിന്റെ ഓരം ചേർന്ന് ഒരു പഴയ മാളികയുണ്ടായിരുന്നു. ഈ മാളികയിലായിരുന്നു മഠത്തിന്റെ ചാപ്ലിൻ അച്ചൻ താമസിച്ചിരുന്നത്. അച്ചനാണ് ആൺകുട്ടികൾക്ക് അൾത്താര ശുശ്രൂഷികളാകുവാനുള്ള പരിശീലനം നല്കിയിരുന്നത്. ഞങ്ങൾക്കു പരിശീലനം നൽകിയിരുന്നത് അക്കാലത്തെ കപ്ലോനച്ചനായിരുന്ന ജോസഫ് വല്യവീട്ടിലച്ചനായിരുന്നു എന്നത് പ്രത്യേകം സ്മരി ക്കുന്നു. വാഴപ്പള്ളിമഠത്തിലെ പുതിയ സിസ്റ്റേഴ്സിന്റെ ഉടുപ്പിടീൽ ചടങ്ങുകളൊക്കെ ഓർത്തുപോകുന്നു. ഓരോ വർഷവും നടക്കുന്ന ഈ ചടങ്ങുകൾക്കൊക്കെ ഞങ്ങൾ സജീ വമായി പങ്കെടുത്തിരുന്നു. ആദ്യകുർബാന സ്വീകരണവും സ്ഥൈര്യലേപനവുമൊക്കെ മഠംവകചാപ്പലിൽ തന്നെയാണ് നടന്നിരുന്നത്. ജനഹൃദയങ്ങളിൽ ഇന്നും സ്നേഹസ്വ രൂപനായി ജീവിക്കുന്ന കാവുകാട്ടുപിതാവിൽനിന്നാണ് ആദ്യകുർബാനയും സ്ഥൈര്യലേ പനവും സ്വീകരിച്ചത്. അദ്ദേഹം വിശുദ്ധപദവിയിലേക്ക് ഉയർത്തപ്പെടുമെന്ന് ഉറച്ചു വിശ്വ സിക്കുന്നു. ചങ്ങനാശ്ശേരിയിൽ കൂടുതൽ വിദ്യാഭ്യാസസ്ഥാപനങ്ങൾ തുടങ്ങിയപ്പോൾ മുതൽ കുട്ടനാടൻ പ്രദേശങ്ങളിൽനിന്ന് നിരവധി കുടുംബങ്ങൾ ചങ്ങനാശ്ശേരിയിലും പരി സരങ്ങളിലുമായി സ്ഥലം വാങ്ങി വീടുകൾ സ്ഥാപിച്ചു കുടിയേറുകയുണ്ടായി. കൂട്ടത്തിൽ ധാരാളംപേർ വാഴപ്പള്ളിയിലും കുടിയേറി. അങ്ങനെ വാഴപ്പള്ളിയിൽ നിരവധി ക്രിസ്തീയ കുടുംബങ്ങൾ രൂപപ്പെട്ടു. ചങ്ങനാശേരിയും കുട്ടനാടും തമ്മിൽ പണ്ടു മുതൽതന്നെ ഉണ്ടാ യിരുന്ന ഊഷ്മളമായ ബന്ധത്തിന് തിളക്കം കൂട്ടുന്നതിന് ഇതു സഹായകമായി.

❖



In Loving Memory of
JOSEPH THOMAS Parakadavil


വാഴപ്പള്ളി അക്കാലത്ത് വളരെ ശാന്തമായ ഒരു ഗ്രാമംപോലെതന്നെ ആയിരുന്നു എന്നു പറയാവുന്നതാണ്. സമാധാനവും സന്തോഷവും നിറഞ്ഞ നിഷ്കളങ്കമായ ഒരു ബാല്യകാലമായിരുന്നു ഞങ്ങളുടേതെന്ന് നിസ്സംശയം പറയാവുന്നതാണ്. ഇന്നത്തെ കുട്ടികളുടെ തിക്കും തിരക്കും അവരുടെ ഭാരവും ഒക്കെക്കാണുമ്പോൾ മാതാപിതാക്കൾ മാറി ചിന്തിക്കേണ്ട കാലമായി എന്നു തോന്നിപ്പോകുന്നു. അന്നും എം.സി.റോഡുണ്ട്. പക്ഷെ വീതി കുറവായിരുന്നു. നിരത്തുകളിൽ ഇതുപോലെ വാഹനങ്ങളില്ല. കാൽനടക്കാർക്ക് യാതൊന്നും പേടിക്കേണ്ടിയിരുന്നില്ല. സൈക്കിൾ ആണ് അന്നത്തെ പ്രധാന വാഹനം എന്നു പറയാവുന്നത്. പ്രൈമറിയും അപ്പർപ്രൈമറിയും കഴിഞ്ഞ് ഏഴാം ക്ലാസ്സുമുതൽ ആൺകുട്ടികൾക്കെല്ലാം എസ്.ബി.ഹൈസ്കൂളിലാണു തുടർ പഠനം. 1891-ൽ ആണ് എസ്. ബി.ഹൈസ്കൂൾ ആരംഭിച്ചത്. എസ്. ബി. ഹൈസ്കൂളിൽ പ്രഗത്ഭരായ അദ്ധ്യാപകരുടെ ഒരു നീണ്ടനിരയുണ്ടായിരുന്നു. ഇ. എം. തോമസ് സാർ, വയലുങ്കൽ സാർ, കണ്ടങ്കരി സാർ, പി.സി. മാത്യു സാർ, തേവാരിയച്ചൻ, കൂട്ടുമ്മേൽ ജോർജ്ജ്സാർ തുടങ്ങിയ ഗുരുക്കന്മാർ എസ്.എസ്.എൽ.സി. വരെയുള്ള പഠനകാലത്ത് അദ്ധ്യാപകരായിരുന്നു.


അന്ന് വാഴപ്പള്ളിയിൽ കരയോഗഗ്രൗണ്ടും കാളാശ്ശേരി മെമ്മോറിയൽ ജൂബിലി കെട്ടിടവും ഉണ്ട്. ഈ കെട്ടിടത്തിൽ അൽഫോൻസാ ക്ലബ്ബ്, പബ്ലിക് ലൈബ്രറി തുടങ്ങി പല സംഘടനകളും പ്രവർത്തിച്ചിരുന്നു. മുതിർന്നവർ ഗ്രൗണ്ടിൽ വോളിബോൾ കളിക്കും. യുവാക്കളും ബാലന്മാരും കെട്ടുപന്ത്, കുട്ടിയും കോലും തുടങ്ങിയ കളികളിലൊക്കെ ഏർപ്പെട്ടിരുന്നു. രണ്ടു നിലയുള്ള ജൂബിലി കെട്ടിടത്തിന്റെ മുകളിലത്തെ തട്ടിൽ കാരംസ് കളിയും ചീട്ടുകളിയും ഉണ്ടാകും. ഇതൊക്കെ കണ്ടും കേട്ടും പങ്കെടുത്തും വേനൽക്കാല അവധിക്കാലം രസകരമായി ആസ്വദിച്ചിരുന്നു. ഈ ഗ്രൗണ്ടിൽ കെട്ടുപന്തുകളി ഉള്ളപ്പോൾ അതിൽ ഞങ്ങളും കൂടുമായിരുന്നു. അതൊന്നും വീട്ടുകാർക്ക് അത്ര ഇഷ്ടമില്ലായിരുന്നു എന്നത് വേറേ കാര്യം. അവധിക്കാലത്തു മാത്രമേ അവിടെ പോകാൻ അനുവാദമുണ്ടായിരുന്നുള്ളൂ. ഇതിനിടെ പാറേൽപള്ളി പെരുന്നാളും ചങ്ങനാശ്ശേരിപള്ളി പെരുന്നാളും കഴുന്ന് എഴുന്നള്ളിപ്പും ഒക്കെ കേമമായി കൊണ്ടാടും. കഴുന്ന് എല്ലാ വീടുകളിലും അന്ന് രാവിലെ കൊണ്ടുവന്നു വയ്ക്കും. വൈകിട്ട് എല്ലാവരും ചേർന്ന് കരയോഗം ഹാളിൽ കഴുന്ന് കൊണ്ടുവന്ന് പ്രദക്ഷിണമായി അവിടെനിന്ന് ചങ്ങനാശ്ശേരി പള്ളിയിലേക്ക് കൊണ്ടുപോകും. പ്രദക്ഷിണത്തിന് ക്ലാർനറ്റ്പോലെയുള്ള വാദ്യോപകരണങ്ങൾ വായിക്കുന്നവരുടെ അകമ്പടിയും ഉണ്ടാകും. തിരികെ കരയോഗത്തിൽ എത്തുമ്പോൾ മഞ്ചേരിക്കളം ചാക്കോച്ചന്റെ ഫ്ളൂട്ട് കച്ചേരിയുമുണ്ടാകും. ഇതും ആസ്വദിച്ച് സന്തോഷമായി എല്ലാവരും വീട്ടിലേക്കു മടങ്ങും. അങ്ങനെ ഈ കാലഘട്ടം മുതൽ തന്നെ വാഴപ്പള്ളിയിലെ കത്തോലിക്കസമൂഹം കൂട്ടായ്മയുടെ അന്തഃസ്സത്ത ഉൾക്കൊണ്ട് വളർന്നവരാണെന്നു നിസ്സംശയം പറയാവുന്നതാണ്.



കെട്ടുപന്തുകളി ഞങ്ങളുടെ ചെറുപ്പത്തിലെ ഒരു പ്രധാനകളിയായിരുന്നു. അവധിദിവസങ്ങളിലും ഞായറാഴ്ചകളിലും ഈ കളികളിൽ ഞങ്ങളും കൂടുമായിരുന്നു. വാഴപ്പള്ളിയിലെ കത്തോലിക്കസമൂഹം പൊതുവേ വിദ്യാഭ്യാസ, സാമൂഹിക, സാംസ്കാരിക മേഖലകളിൽ നിലവാരമുള്ളവരായിരുന്നു. വാണിജ്യമേഖലയിൽ ഉന്നമനം പ്രാപിച്ചവരുമായിരുന്നു. സമുദായങ്ങളോട് അടുപ്പവും മമതയും പുലർത്തിയിരുന്നു.ആദ്ധ്യാത്മികതയിലും ഉയർന്ന നിലവാരം പുലർത്തിയിരുന്നു. വൈദികരോടും കന്യാസ്ത്രീകളോടും സഭാമേലദ്ധ്യക്ഷന്മാരോടുമൊക്കെ വളരെ ബഹുമാനമുള്ളവരുമായിരുന്നു. ഇടവകപ്പള്ളിയായ ചങ്ങനാശ്ശേരി പള്ളിയോടും അവിടുത്തെ വൈദികരോടും കൂറും ബഹുമാനവും പുലർത്തുകയും ഇടവകയുടെ എല്ലാ ആവശ്യങ്ങളിലും ശ്രദ്ധാപൂർവ്വം സഹകരിക്കുകയും ചെയ്തിരുന്നു. സന്ധ്യാപ്രാർത്ഥനകൾ എല്ലാ കുടുംബങ്ങളിലും ഭക്തിപൂർവ്വം അനുഷ്ഠിച്ചിരുന്നു. അന്നൊക്കെ കുടുംബനാഥന്റെ നേതൃത്വത്തിൽ തന്നെയായിരുന്നു കുടുംബപ്രാർത്ഥനകൾ നടത്തിയിരുന്നത്. ഏതാണ്ട് മുക്കാൽ മണിക്കൂർ സമയം സന്ധ്യാപ്രാർത്ഥനകൾക്ക് എടുക്കുമായിരുന്നു. ചുരുക്കം ചിലരൊഴികെ ബാക്കിയുള്ളവരെല്ലാം ദിവസേന സന്ധ്യാപ്രാർത്ഥനയിലും ക്രൈസ്തവാചാരാനുഷ്ഠാനങ്ങളിലും ഭക്തിപൂർവ്വം സംബന്ധിച്ചിരുന്നു. ഞായറാഴ്ച കുർബ്ബാന നിർബന്ധമായിരുന്നു. ക്രിസ്മസും ഈസ്റ്ററും പെരുന്നാളുകളും ഭക്ത്യാദരപൂർവ്വം കൊണ്ടാടിയിരുന്നു. ആണ്ടുകുമ്പസാരം യാതൊരു കാരണവശാലും മുടക്കുകയില്ലായിരുന്നു.



ക്രിസ്മസ് ദിനം മനസ്സലിവുകളുടെ പിതാവ് ചരിത്രത്തിലേക്കു പ്രവേശിച്ചതിന്റെ രേഖയാണ്. യഥാർത്ഥസ്നേഹവും സമാധാനവും ശാന്തിയും നിറഞ്ഞതായിരുന്നു ആ കാലത്തെ ക്രിസ്മസ് ദിനങ്ങൾ. ആ സ്മരണകൾ മനസ്സിൽ നിറഞ്ഞു നിൽക്കുന്നു. ഇന്നത്തെപോലെ റെഡിമെയ്ഡ് നക്ഷത്രങ്ങൾ ഇല്ല. നക്ഷത്രങ്ങൾ ഈറ്റയും വർണ്ണക്കടലാസുംകൊണ്ട് ഉണ്ടാക്കിയെടുക്കുകയായിരുന്നു. വൈദ്യുതി ഇല്ലാത്ത ആ കാലങ്ങളിൽ ചിരട്ടയിൽ മെഴുകുതിരി കത്തിച്ചുവെച്ച് നക്ഷത്രം കയറ്റിയിരുന്നത് ഓർത്തുപോകുന്നു. മിക്കവാറും നക്ഷത്രങ്ങൾ രണ്ടു ദിവസത്തിനകം കത്തിപ്പോകുന്നത് പതിവായിരുന്നു. പുൽക്കൂട് വീട്ടിലുള്ള കുട്ടികൾ എല്ലാം ചേർന്നാണ് ഉണ്ടാക്കിയിരുന്നത്. അക്കാലത്ത് ഓരോ വീടുകളിലും അഞ്ചും ആറും കൂട്ടികൾ സാധാരണയായിരുന്നു. സ്നേഹബഹുമാനാദരവുകൾകൊണ്ട് സമ്പന്നമായിരുന്ന ഒരു കാലം. എന്നാൽ ഇന്നത്തെപ്പോലെ ഭൗതികസമൃദ്ധിയുടെ കാലമല്ലായിരുന്നു. രാവുകളിൽ ക്രിസ്മസ് കരോളുകളുണ്ടായിരുന്നു. കരയോഗമന്ദിരത്തിൽനിന്നാണ് ക്രിസ്മസ് കരോൾ തുടങ്ങുന്നത്. പെട്രോമാക്സ്ലൈറ്റുകളുടെ പ്രകാശത്തിൽ വാഴപ്പള്ളിയിലെ എല്ലാ ക്രിസ്തീയഭവനങ്ങളിലും പോയി കരോൾഗാനങ്ങളാലപിച്ച് മനുഷ്യപുത്രനായി പിറന്ന ദൈവകുമാരന്റെ ആശംസകൾ അറിയിച്ച് കരോൾ ഗാനങ്ങളും പാടി സന്തോഷത്തോടെ മടങ്ങുമായിരുന്നു. ക്രിസ്മസ് കരോൾ കാത്ത് എല്ലാ വീടുക




ളിലും കുട്ടികൾ ഉറങ്ങാതെ കാത്തിരിക്കുന്നതു ഓർമ്മയിൽ വരുന്നു. കരോൾഗ്രൂപ്പിൽ എപ്പോഴും കുറഞ്ഞത് രണ്ടു കുഞ്ഞുമാലാഖമാരെ അണിയിച്ചൊരുക്കി കൊണ്ടുപോകു മായിരുന്നു. പിന്നെ മറ്റൊരാകർഷണം പിശാചാണ്. പിശാചിന്റെ രൂപത്തിൽ ഒരാൾ വേഷംകെട്ടും. കരോൾ ഗാനങ്ങൾ അവസാനിച്ചു കഴിയുമ്പോൾ പെട്ടെന്ന് പിശാച് അല റിക്കൊണ്ട് പ്രത്യക്ഷപ്പെട്ട് മുറ്റത്ത് ഒരു റൗണ്ടടിച്ച് ഒരു ഏറുപടക്കവും പൊട്ടിച്ച് അപ്ര ത്യക്ഷമാകും. ഇതുകണ്ട് കുട്ടികൾ ഞെട്ടും. കരോൾ അടുത്ത വീട്ടിലേക്കു നീങ്ങും. ക്രിസ്മസ് പുൽക്കൂടുകളും കരോളുകളും ഇപ്പോഴും ആവർത്തിക്കപ്പെടേണ്ട ആഗ്രഹ മായി മനസ്സിൽ നിറഞ്ഞു നില്ക്കുന്നു.


വാഴപ്പള്ളിയിൽ അന്ന് മതുമൂല ഒരു പ്രധാന ജംഗ്ഷൻ ആയിരുന്നു. അക്കാല ങ്ങളിൽ മതുമൂലയിൽ അന്തിച്ചന്ത ഉണ്ടായിരുന്നു. വൈകിട്ട് 4 മണി മുതൽ നാനാജാതി മതസ്ഥരായ ആളുകൾ ഒന്നിച്ചുകൂടുന്ന സ്ഥലമായിരുന്നു. നിരവധി ചെറുകിട കച്ചവട ങ്ങളും വഴിവാണിഭക്കാരും അപ്പോൾ അവിടെ കൂടും. ഒരു ചെറിയ ചന്ത പോലെയാണ് വൈകിട്ട് നേരം മങ്ങുന്നതുവരെ. അന്നത്തെ പ്രധാന ബസ് സ്റ്റോപ്പും മതുമൂലയിലായി രുന്നു. മതുമൂലയിൽ ഒരു ചുമടുതാങ്ങിയും ഉണ്ടായിരുന്നു. വടക്കേക്കര, തുരുത്തി, ഇത്തി ത്താനം തുടങ്ങിയ സ്ഥലങ്ങളിൽനിന്നും കർഷകർ കാർഷികവിഭവങ്ങൾ വില്പനയ്ക്കായി ചങ്ങനാശേരി ചന്തയിലേക്കു കൊണ്ടുപോകുന്ന വഴി അവരുടെ ചുമടുകൾ ഇറക്കിവ യ്ക്കുന്നതിനുവേണ്ടിയാണ് ചുമടുതാങ്ങി ഉപയോഗിച്ചു കൊണ്ടിരുന്നത്. നിരവധി കാള വണ്ടികളും കാർഷികവിഭവങ്ങളുമായി ചന്തദിവസം അതിരാവിലെ മതുമൂലയിൽ നിർത്തു മായിരുന്നു. കാളവണ്ടികൾ നിരനിരയായി നീണ്ടു കിടക്കുന്നതു കാണാമായിരുന്നു. ചങ്ങ നാശേരി ചന്തയിലേയ്ക്കു കയറുന്നതിനുമുമ്പുള്ള വിശ്രമസ്ഥലമായിരുന്നു മതുമൂല. അക്കാലത്ത് മദ്ധ്യതിരുവിതാംകൂറിലെ പ്രശസ്തമായ വിദ്യാലയമായിരുന്ന തിരുവെങ്കി ടാപുരം സ്കൂൾ (വാര്യത്തു സ്കൂൾ) മതുമൂല ജംഗ്ഷനിലായിരുന്നു സ്ഥിതിചെയ്തിരു ന്നത്. കൊല്ലവർഷം 1065-ൽ സ്ഥാപിക്കപ്പെട്ട ആ സ്കൂളിൽ ചങ്ങനാശ്ശേരിയുടെ പല ഭാഗത്തുനിന്നും കുട്ടികൾ വന്ന് പഠനം നടത്തിയിരുന്നു. ആ സ്കൂൾ ഇപ്പോൾ നിന്നു പോയി. വാഴപ്പള്ളിയുടെ പോയകാലപ്പെരുമകളിൽ ചിലതുമാത്രമാണ് ഇതൊക്കെ. വർത്ത മാനകാലപ്പെരുമകൾ അതിലേറെയാണുതാനും. നാനാജാതിമതസ്ഥർ ഐക്യത്തോടെ പരസ്പരം ബഹുമാനിച്ചും സ്നേഹിച്ചും, സഹകരിച്ചും നീങ്ങിക്കൊണ്ടിരിക്കുന്ന പ്രദേ ശമാണ് മതസൗഹാർദ്ദത്തിനു പേരുകേട്ട ചങ്ങനാശ്ശേരി പട്ടണത്തിന്റെ വടക്കേ അതിരിൽ സ്ഥിതിചെയ്യുന്ന നമ്മുടെ വാഴപ്പള്ളി. പൂർവ്വികർ കൊളുത്തിയ മതമൈത്രിയുടെ കൈത്തി രിനാളം അണയാതിരിക്കാൻ നമുക്കു ജാഗ്രതയോടെ നീങ്ങാം.

കുറിപ്പുകൾ

1. ചങ്ങനാശ്ശേരി 99 – ഡോ. സ്കറിയാ സക്കറിയ
2. പ്രൊ. പി. എ. രാമചന്ദ്രൻനായരുടെ ലേഖനങ്ങൾ
3. തിരുവിതാംകൂർ ചരിത്രം – പി. ശങ്കുണ്ണിമേനോൻ
4. എന്റെ ഓർമ്മകൾ – എ. സി. മാത്യു ഇടയാടി
5. അനാലിസിസ് ഓഫ് ദി തിരുവല്ല പ്ലെയ്റ്റ്സ് – റ്റി. കെ. ജോസഫ്.



പ്രകൃതിസ്നേഹിയും 'രണ്ടാം ക്രിസ്തു' എന്ന അപരനാമധാരിയുമായ അസ്സീസിയിലെ വിശുദ്ധ ഫ്രാൻസിസ് സ്ഥാപിച്ച നിസ്സാര സന്ന്യാസസമൂഹത്തിലെ കപ്പൂച്ചിൻ സഭ 1528 ജൂലൈ 3-ാം തീയതി ഇറ്റലിയിൽ ആരംഭിച്ചു. ഇന്ത്യയിൽ 1922 ഫെബ്രുവരി 26 ന് പ്രവർത്തനമാരംഭിച്ച കപ്പൂച്ചിൻ സഭ, ഉത്തരേന്ത്യയിലെ സർദ്ദാന എന്ന സ്ഥലത്ത്, സഭയുടെ ഇന്ത്യയിലെ ആദ്യത്തെ നൊവീഷ്യറ്റ് ആരംഭിച്ചു. കേരളം ക്രൈസ്തവസഭയുടെ ശക്തികേന്ദ്രമാണെന്നു മനസ്സിലാക്കിയതിനെത്തുടർന്ന് 1927-ൽ കൊല്ലത്ത് കപ്പൂച്ചിൻസഭയുടെ ആദ്യത്തെ ആശ്രമം (സെന്റ് ആന്റണീസ് ആശ്രമം, തില്ലേരി, കൊല്ലം) ആരംഭിച്ച് പ്രാരംഭ പ്രവർത്തനങ്ങൾക്കു തുടക്കം കുറിച്ചു. ആദിമകാലങ്ങളിൽ കപ്പൂച്ചിൻ സഭാംഗങ്ങൾ ഇടവകപ്പള്ളികളിൽ ധ്യാനപ്രസംഗങ്ങൾ നടത്തിയും ആത്മീയ ശുശ്രൂഷകളിലൂടെ നവീകരണം നല്കിയും കേരളസഭയിൽ വേരൂന്നി. 1956-ൽ കുട്ടനാട്ടിൽ, കാവാലം എന്ന സ്ഥലത്ത് ശ്രീ ജോസഫ് മുരിക്കന്റെ സഹായത്താൽ പള്ളിയും ആശ്രമവും സ്ഥാപിക്കുകയും ചങ്ങനാശേരി അതിരൂപതയിൽ ആത്മീയശുശ്രൂഷകൾ ആരംഭിക്കുകയും ചെയ്തു.



ഗെദ്സമ്നി

ചരിത്രത്താളുകളിലൂടെ....

സേവ്യർ കൊച്ചുറുമ്പിൽ

ആഴമായ ക്രൈസ്തവവിശ്വാസത്തിന്റെ കേന്ദ്രമായി കരുതിയിരുന്ന ചങ്ങനാശേരി മെത്രാപ്പോലീത്തൻ പള്ളിയുടെ ഹൃദയഭാഗമായിരുന്ന വാഴപ്പള്ളി പ്രദേശത്തെ ക്രൈസ്തവ കുടുംബങ്ങൾ ആത്മീയകാര്യങ്ങൾക്കായി പോയിരുന്നത് കുര്യാളശ്ശേരി പിതാവിന്റെ അനുവാദത്തോടെ പണികഴിപ്പിച്ച ആരാധനാമഠത്തിന്റെ കപ്പേളയിലായിരുന്നു. വാഴപ്പള്ളി നിവാസികളായ കത്തോലിക്കർക്ക് ഒന്നിച്ചുകൂടുന്നതിനും, കൂട്ടായ്മ വളർത്തുന്നതിനും ഒരു സ്ഥലം അനിവാര്യമാണെന്ന ആശയം ആ കാലഘട്ടത്തിൽ ശക്തമായി. ഇതിനായി അന്നത്തെ കുടുംബനാഥന്മാർ വാഴപ്പള്ളി കത്തോലിക്ക കരയോഗത്തിനുവേണ്ടി 1109-ാമാണ്ട് കർക്കിടകമാസം 3-ാം തീയതി കൊല്ലമനയായ കൊച്ചുപറമ്പിൽ തോമ്മ ഔസേപ്പിൽനിന്നും 10 സെന്റ് സ്ഥലം 250 ബ്രിട്ടീഷ് രൂപ വിലകൊടുത്തു വാങ്ങി. സ്ഥല വിലയിൽനിന്നും 10 രൂപ അന്ന് ശ്രീ തോമ്മ ഔസേഫ് കരയോഗത്തിനു സംഭാവനയായി നല്കി (അവലംബം: ചങ്ങനാശേരി സബ് രജിസ്ട്രാർ ഓഫീസിലെ റിക്കാർഡ്). ഈ സ്ഥലത്ത് വാഴപ്പള്ളി നിവാസികളായ കത്തോലിക്കർ ചേർന്ന് ബിഷപ്പ് കാളാശേരി ജൂബിലി മെമ്മോറിയൽ കത്തോലിക്ക ക്ലബ്ബ് എന്ന പേരിൽ രണ്ടുനില കെട്ടിടം പണികഴിപ്പിച്ചു. തലമുറകളായി വാഴപ്പള്ളിയിലെ കത്തോലിക്കരുടെ ആത്മീയവും സാമൂഹികവും സാംസ്കാരികവും കായികവുമായ പ്രവർത്തനങ്ങൾക്കുള്ള വേദി ആയിരുന്നു ഈ സ്ഥലവും കെട്ടിടവും. കൂടാതെ കാത്തലിക് യങ്മെൻസ് ഫെഡറേഷൻ, അൽഫോൻസ ക്ലബ്ബ്, ക്രിസ്റ്റഫർ മൂവ്മെന്റ്, വാഴപ്പള്ളി പബ്ലിക് ലൈബ്രറി, വോളിബോൾ ക്ലബ്ബ്, മിഷൻ ലീഗ്, സെന്റ് വിൻസെന്റ് ഡി പോൾ സൊസൈറ്റി, സൺഡേസ്കൂൾ തുടങ്ങിയ സംഘടനകളുടെ ആസ്ഥാനവുമായിരുന്നു ഈ സ്ഥലവും കെട്ടിടവും.

ആ കാലഘട്ടത്തിൽ കാവാലം, ഭരണങ്ങാനം എന്നീ സ്ഥലങ്ങൾ ആസ്ഥാനമാക്കി കുട്ടനാടൻ പ്രദേശങ്ങളിലും ചങ്ങനാശേരി പാലാ രൂപതകളിലും ധ്യാനപരിപാടികളിലൂടെ ആത്മീയശുശ്രൂഷകൾ ചെയ്തിരുന്ന കപ്പൂച്ചിൻ സഭാംഗങ്ങളുടെ പ്രവർത്തനങ്ങൾ വാഴപ്പള്ളിക്കാരുടെ ശ്രദ്ധയിൽപ്പെട്ടു. ബ്ര. ഇമ്മാനുവൽ കുറ്റിക്കാട്ട് കൊയ്ത്തു കഴിയുമ്പോൾ നെല്ലു പിരിവിനായി വാഴപ്പള്ളി പ്രദേശത്തെ ഭവനങ്ങളിൽ എത്തിയത് സഭയുമായുള്ള അറിവും ബന്ധവും വളർത്തുന്നതിന് കൂടുതൽ സഹായിച്ചു.

കപ്പൂച്ചിൻ സഭാംഗങ്ങളുടെ ലളിതജീവിതത്തെക്കുറിച്ചും പ്രവർത്തനങ്ങളെക്കുറിച്ചും കേട്ടറിഞ്ഞ വാഴപ്പള്ളി കത്തോലിക്കസമൂഹം, 1964-ൽ ശ്രീ മൂലയിൽ മാത്യുവിന്റെ നേതൃത്വത്തിൽ കാവാലം സെന്റ് തോമസ് കപ്പൂച്ചിൻ ആശ്രമാധിപനായിരുന്ന ബഹു. ഹിപ്പോളിറ്റസ് കുന്നുങ്കലച്ചനെ കാണുകയും വാഴപ്പള്ളി പ്രദേശത്ത് ഒരു കപ്പൂച്ചിൻ ആശ്രമവും ദേവാലയവും ആരംഭിക്കുന്നതിന് സ്നേഹപൂർവം ക്ഷണിക്കുകയും ചെയ്തു. വാഴപ്പള്ളി നിവാസികളുടെ ഈ ക്ഷണം ഗൗരവമായി പരിഗണിക്കുകയും തുടർന്ന് ആശ്രമത്തെക്കുറിച്ചുള്ള ആലോചനകളും വഴികളും ചിന്തിക്കുവാനും തുടങ്ങി. ഇതിനെക്കുറിച്ച് പ്രൊവിൻഷൽ ബെർക്കുമാൻസച്ചന് ഹിപ്പോളിറ്റസ് അച്ചൻ എഴുതിയ എഴുത്ത് അന്യത്ര ചേർത്തിരിക്കുന്നു.

കപ്പൂച്ചിൻ സഭാംഗങ്ങളുടെ ദാരിദ്ര്യജീവിതവും ആത്മീയത നിറഞ്ഞ പ്രവർത്തനരീതികളും കണ്ടറിഞ്ഞ് മനസിലാക്കിയ മൂലയിൽ കുട്ടിയച്ചൻ തന്റെ മക്ക


In Loving Memory of
SOJAN POTHEN Vadakkummury


X ET BONUM

ST. THOMAS FRIARY
KAVALAM P.O.
ALLEPPEY. KERALA, S. INDIA

From

Rev. Fr. Hippolytus O.F.M.Cap.,
Superior,
St. Thomas' Friary, Kavalam.

6th October, 1964.

To

Very Rev. Fr. Provincial & V.R.Frs. Definitors,
Shanti Ashram, Coimbatore - 12.

Very Rev. and Dear Fathers,

It is a well known fact that the St. Thomas' Friary, situated in the westernmost part of the Archdiocese of Changanacherry is ....

It is encouraging to learn that one of our benefactors; Mr. Mathew Moolayil and family have come forward with the generous offer of a site within a mile distance from the town, and in close proximity to the main central road. Besides the property, the donors are also prepared to give considerable financial help. There is no doubt that the Catholics of the town and the neighbouring parishes will render enthusiastic co-operation of every kind. His Grace; the Archbishop is very happy to welcome any move to start a Friary in the town of Changanacherry.

We have been planning to have Third Order Centre in the town of Changanacherry, which

ളോടും കൊച്ചുമക്കളോടും കപ്പൂച്ചിൻ സഭയ്ക്ക് ആശ്രമം തുടങ്ങുന്നതിന് തങ്ങളെക്കൊണ്ടു ചെയ്യാവുന്ന സഹായമൊക്കെ ചെയ്തു കൊടുക്കണമെന്ന് ആവശ്യപ്പെട്ടിരുന്നു. അദ്ദേഹത്തിന്റെ മരണശേഷം മക്കളായ തോമസ്, മാത്യു, ചാക്കോ, ജോസഫ്, ജോൺ എന്നീ അഞ്ചു സഹോദരങ്ങൾ ചേർന്ന് അന്നത്തെ പ്രൊവിൻഷ്യൽ ആയിരുന്ന ബഹു. ബെർക്കുമാൻസ് പുതുപ്പറമ്പിലച്ചന്റെ പേരിൽ, വാഴപ്പള്ളി കിഴക്കുഭാഗം വില്ലേജിൽ പടനിലം വർക്കിച്ചനിൽനിന്നും വാങ്ങിയ ഇരുപത്തിയഞ്ചു സെന്റ് സ്ഥലം കപ്പൂച്ചിൻ ആശ്രമവും ദേവാലയവും ആരംഭിക്കുന്നതിനായി 1965 ഏപ്രിൽ 11-ാം തീയതി ഇഷ്ടദാനമായി എഴുതി നല്കി.

തങ്ങളുടെ സാന്നിദ്ധ്യം കൂടുതൽ സജീവമാക്കുന്നതിനും, ആത്മീയ ശുശ്രൂഷകൾ കാര്യക്ഷമമാക്കി ധ്യാനവും മറ്റു പരിപാടികളും സുഗമമാക്കുന്നതിനും, കൂടാതെ ഫ്രാൻസിസ്ക്കൻ മൂന്നാം സഭയ്ക്കു അതിരൂപതാ കേന്ദ്രവുമായി അടുത്തു പ്രവർത്തിക്കുന്നതിനും വാഴപ്പള്ളിയിൽ ഒരാശ്രമം അനുഗ്രഹമായിരിക്കുമെന്നു കപ്പൂച്ചിൻ അധികാരികളും ചിന്തിച്ചു. ആ ആഗ്രഹത്തോടുകൂടി കപ്പൂച്ചിൻ സഭ വാഴപ്പള്ളി നിവാസിക



Golden Jubilee wishes from
A.K.M. Public School, Morkulangara

ളുടെ ആവശ്യത്തോടു സഹകരിച്ച് ആശ്രമം ആരംഭിക്കാൻ മുന്നോട്ടുവന്നു.

1965 സെപ്റ്റംബർ 4-ന് കപ്പുച്ചിൻ പ്രൊവിൻഷ്യൽ ആയിരുന്ന ബെർക്കുമാൻസച്ചൻ, വാഴപ്പള്ളി പ്രദേശത്ത് ഒരു ആശ്രമവും ദേവാലയവും സ്ഥാപിക്കുന്നതിനുള്ള അനുവാദത്തിന് ഭാഗ്യസ്മരണാർഹനായ അഭിവന്ദ്യ മാർ കാവുകാട്ട് പിതാവിന് അപേക്ഷ സമർപ്പിച്ചു. (പ്രൊവിൻഷ്യാളച്ചൻ പിതാവിന് എഴുതിയ കത്ത് അന്യത്ര).

പ്രാരംഭനടപടികൾക്കും പ്രവർത്തനങ്ങൾക്കുമായി കാവാലം സെന്റ് തോമസ് കപ്പുച്ചിൻ ആശ്രമത്തിന്റെ അന്നത്തെ അധികാരിയായിരുന്ന ഹിപ്പോളിറ്റസ് കുന്നുങ്കലച്ചനെ നിയോഗിച്ചു. ആശ്രമവും ദേവാലയവും നിർമ്മിക്കുവാനുള്ള അദ്ദേഹത്തിന്റെ പരിശ്രമങ്ങളോട് പരിപൂർണ്ണമായി സഹകരിക്കാൻ വാഴപ്പള്ളിയിലെ കത്തോലിക്കസമൂഹവും തീരുമാനിച്ചു. അതിലേക്കായി വാഴപ്പള്ളി കത്തോലിക്ക കരയോഗത്തിന്റെ വക

Shanti Ashram, Coimbatore 12,
4th September, 1965.

To
His Grace
Most Rev. Dr. Mathew Kavukatt, B.A.,D.D.,
Archbishop of Changanacherry,
Camp: Collegio Damasceno,
Passagiata del Gianicolo, Rome.

Your Grace,

For a long time the people of Changanacherry have been requesting us to open a Friary of our Order in the town of Changanacherry. We too have long been desiring to do so, since there is a lot of scope for us there to serve the people. Hence acceding to the request of the people, we have decided to approach Your Grace for the required permission. The proposed site is at Vazhappally, the details of which have already been communicated to Your Grace by Fr. Hippolytus O.F.M.Cap., the Superior of St. Thomas Friary, Kavalam. Hence may I request Your Grace to consider this matter favourably and grant us the formal written permission to open a Friary at Changanacherry, enjoying those rights and privileges granted by Canon Law. We would be very grateful if this permission is granted at Your Graces earliest convenience.

Let me hope that Your Grace had a very pleasant journey at Rome. Trust that this letter finds you at your best. Praying that you may have a pleasant and safe return, and with best regards,

Yours respectfully in Our Lord,

Fr. Berchmans O.F.M.Cap.
(Minister Provincial)

പത്തു സെന്റു സ്ഥലവും ബിഷപ്പ് കാളാശ്ശേരി ജൂബിലി മെമ്മോറിയൽ ഇരുനിലകെട്ടിടവും കപ്പുച്ചിൻ സഭയ്ക്കു ദാനമായി എഴുതി കൊടുക്കുന്നതിനെക്കുറിച്ചവർ ചിന്തിക്കുകയും ചെയ്തു.

അതിൻപ്രകാരം കരയോഗഭാരവാഹികളുടെയും വാഴപ്പള്ളി നിവാസികളായ കത്തോലിക്കരുടെയും ഒരു സംയുക്തയോഗം കൂടുന്നതിന് 1965 സെപ്തംബർ 25-ാം തീയതി കരയോഗ രക്ഷാധികാരി ചങ്ങനാശേരി മെത്രാപ്പോലീത്തൻ പള്ളി വികാരി മാലിപ്പറമ്പിൽ ജോസഫ് കത്തനാർ നോട്ടീസ് അടിച്ച് പ്രസിദ്ധപ്പെടുത്തി. യോഗവിവരങ്ങൾ ചങ്ങനാശേരി മെത്രാപ്പോലീത്തൻ പള്ളിയിലും വാഴപ്പള്ളി ആരാധനാമഠം ചാപ്പലിലും, വാഴപ്പള്ളി പടിഞ്ഞാറുഭാഗം കപ്പേളയിലും വിശ്വാസികളെ വിളിച്ചറിയിച്ചു. 1965 ഒക്ടോബർ 6-ാം തീയതിയിലെ ദീപിക ദിനപത്രത്തിലും യോഗവിവരം പരസ്യപ്പെടുത്തി.

ഇപ്രകാരം പ്രസിദ്ധപ്പെടുത്തിയതനുസരിച്ച് 1965 ഒക്ടോബർ 17-ാം തീയതി ഞായറാഴ്ച 8.30 ന് വാഴപ്പള്ളി ആരാധനാമഠത്തിന്റെ അപ്പർ പ്രൈമറി സ്കൂളിൽ ചേർന്ന യോഗത്തിൽ സംബന്ധിച്ചവർ ഒന്നടങ്കം വാഴപ്പള്ളി കത്തോലിക്കാ കരയോഗത്തിന്റെ പത്തു സെന്റ് സ്ഥലവും ബിഷപ്പ് കാളാശേരി ജൂബിലി മെമ്മോറിയൽ ഇരുനിലകെട്ടിടവും ഫ്രാൻസിസ്ക്കൻ കപ്പൂച്ചിൻ സഭയ്ക്ക് ആശ്രമവും ദേവാലയവും സ്ഥാപിച്ച് വാഴപ്പള്ളി നിവാസികളുടെ ആത്മീയവും സാമൂഹികവും സാംസ്കാരികവുമായ ഉന്നമനത്തിനുവേണ്ടി പ്രവർത്തിക്കുന്നതിനായി എഴുതി കൊടുക്കുന്നതിനു നിശ്ചയിച്ചു. ഈ തീരുമാനം നടപ്പിൽ വരുത്തുന്നതിനുവേണ്ടി പ്രസിഡന്റ് ചങ്ങനാശ്ശേരി മെത്രാപ്പോലീത്തൻപള്ളി വികാരി ബഹു. ജോസഫ് മാലിപ്പറമ്പിൽ കത്തനാർ ഉൾപ്പെട്ട എട്ടംഗ കമ്മറ്റിയെ ചുമതലപ്പെടുത്തി. ഇതനുസരിച്ച് 1966 മെയ് 27-ാം തീയതി പ്രസ്തുത സ്ഥലവും കെട്ടിടവും കപ്പുച്ചിൻ സഭാസമൂഹത്തിന് ആശ്രമവും ദേവാലയവും നിർമ്മിക്കുന്നതിനായി 'വാത്സല്യം' പ്രതിഫലത്തിന്മേൽ എഴുതിക്കൊടുത്തു (ചങ്ങനാശ്ശേരി സബ് രജിസ്ട്രാർ ഓഫീസിലെ 1966-ലെ 1475-ാം നമ്പർ ആധാരം).

ഇതിനോടൊപ്പം ബിഷപ്പ് കാളാശ്ശേരി ജൂബിലി മെമ്മോറിയൽ കെട്ടിടത്തിലുണ്ടായിരുന്ന കാത്തലിക് ഫെഡറേഷന്റെ വക എല്ലാ ഉപകരണങ്ങളും ഫെഡറേഷൻ ഭാരവാഹികൾ സഭയ്ക്കു സംഭാവനയായി നല്കി. തുടർന്നു ബെർക്കുമാൻസച്ചൻ അഭിവന്ദ്യ മാർ മാത്യു കാവുകാട്ടു പിതാവിനെ നേരിട്ടു കാണുകയും മേൽപ്പറഞ്ഞ വിഷയങ്ങൾ സംസാരിക്കയും ചെയ്തു. അച്ചൻ 1965 സെപ്തംബർ 4 ന് വാഴപ്പള്ളി പ്രദേശത്തു ദേവാലയവും ആശ്രമവും സ്ഥാപിക്കാൻ നൽകിയിരുന്ന അപേക്ഷ 1966 ഫെബ്രുവരി 24-ാം തീയതി കൂടിയ രൂപതാ കൗൺസിൽ ഗൗരവമായി പരിഗണിക്കുകയും ഒരു പ്രത്യേക വ്യവസ്ഥ മുന്നോട്ടു വച്ചുകൊണ്ട് ആശ്രമം സ്ഥാപിക്കുന്നതിനുള്ള അനുവാദം നൽകുന്നതിനു തീരുമാനിക്കുകയും ചെയ്തു. ഈ പ്രത്യേക വ്യവസ്ഥ അനുസരിച്ച് ചങ്ങനാശേരി അതിരൂപതയിൽപെട്ടതും എന്നാൽ പ്രത്യേകം അതിർത്തി നിശ്ചയിച്ച് നല്കപ്പെട്ടതുമായ പ്രദേശത്ത് അജപാലനശുശ്രൂഷ നടത്തുവാൻ കപ്പൂച്ചിൻ സഭ സന്നദ്ധമാണെങ്കിൽ അനുവാദം നല്കുന്നു എന്നറിയിച്ചു. (കത്ത് കാണുക.).



Golden Jubilee wishes from

JESSAMMA CHERIAN KIZHAKKEKUTTU

Vazhappally

CHANGANACHERRY

274/66

To,

The Very Rev.Minister Provincial,Shanti Ashram,
Coimbatore.

Dear Very Rev.Father,

Your request dated September 4,1966 for permission to open a friary of your Order at Mathumoola,Vazhapally,Changanacherry was considered in the meeting of the Archdiocesan Council held on February 24,1966 and it was resolved that permission may be granted provided you are willing to take up pastoral work in the territory that may be alloted to you within the parish.

I, therefore, hereby grant you permissio to open a friary at Mathumoola under the condition stipulated above.

ARCHIEPISCOPAL CURIA CHANGANACHERRY

Archbishop of Changanacherry

Archiep.Curia,
Changanacherry,
March 3,1966

In Loving Memory of

Mrs. ANITHA Valiaplackal Family

KOLLAD, KOTTAYAM



മേൽ പറഞ്ഞ അജപാലനശുശ്രൂഷ വളരെ സന്തോഷത്തോടും ആത്മാർത്ഥത യോടുംകൂടെ നിർവ്വഹിക്കുവാൻ സന്നദ്ധരാണെന്ന് ബെർക്കുമാൻസച്ചൻ അഭിവന്ദ്യ മാർ മാത്യു കാവുകാട്ടുപിതാവിനു മറുപടി നല്കി. ഇതിന്റെ അടിസ്ഥാനത്തിൽ 1966 മാർച്ച് 3-ാം തീയതി കപ്പൂച്ചിൻ ആശ്രമം സ്ഥാപിക്കണമെന്നുള്ള അനുവാദപത്രം മാർ മാത്യു കാവുകാട്ടു പിതാവ് പ്രൊവിൻഷ്യൽ ബർക്കുമാൻസച്ചനു കൈമാറി (Ref. 274/66).

മാർ മാത്യു കാവുകാട്ടു പിതാവിന്റെ അനുവാദത്തോടെ 1967 മെയ് 1-ാം തീയതി, അന്നു കാവാലം ആശ്രമ സുപ്പീരിയർ ആയിരുന്ന ബഹു. ഡൊനാത്തുസ് അച്ചന്റെ നേതൃത്വത്തിൽ ബിഷപ്പ് കാളാശ്ശേരി ജൂബിലി മെമ്മോറിയൽ കെട്ടിടത്തിന്റെ രണ്ടാംനിലയിൽ വി. കുർബാനയും അർപ്പിച്ചു. കപ്പൂച്ചിൻ സഭയ്ക്കു വാഴപ്പള്ളിയിൽ മൊത്തം ലഭിച്ച 35 സെന്റ് സ്ഥലത്തു 1968 മാർച്ച് 3-ാം തീയതി അതിരൂപതാദ്ധ്യക്ഷൻ മാർ മാത്യു കാവുകാട്ടു പിതാവ് ദേവാലയം പണിയുന്നതിനു തറക്കല്ലിട്ടു. 1968 മെയ്മാ സത്തിൽ ആശ്രമദേവാലയം പണിയുന്നതിനുള്ള ഉത്തരവാദിത്വം ഫാ. ജെരാർഡ് കല്ലി ടുക്കിൽ സന്തോഷത്തോടെ ഏറ്റെടുത്തു. അദ്ദേഹത്തോടൊപ്പം സഹായികളായി ബ്രദർ തോമസ് കളപ്പുരയും (ബ്രദർ അഗത്തോ), ഫാ. ഡെമാഷിനും എത്തിച്ചേർന്നു.

വാഴപ്പള്ളികരയിലെ എല്ലാ കുടുംബങ്ങളും പരിസരവാസികളും നല്കിയ സംഭാ വനകൾക്കു പുറമേ ജെരാർഡച്ചൻ സ്വരൂപിച്ച സാമ്പത്തിക സഹായങ്ങൾ കൊണ്ടും പൂർത്തിയാക്കിയ ദേവാലയം ചങ്ങനാശേരി അതിരൂപതാദ്ധ്യക്ഷൻ അഭിവന്ദ്യ മാർ മാത്യു കാവുകാട്ട് പിതാവ് 1969 സെപ്തംബർ 7-ാം തീയതി വെഞ്ചരിച്ച് ദൈവാരാധനയ്ക്കായി പ്രതിഷ്ഠിക്കുകയും ഗെദ്സമ്നി എന്ന പേര് ദേവാലയത്തിനും ആശ്രമത്തിനും നല്കു കയും ചെയ്തു.

പള്ളിയോടു ചേർന്നുണ്ടായിരുന്ന ബിഷപ് കാളാശേരി ജൂബിലി മെമ്മോറിയൽ കെട്ടിടത്തിന്റെ സൗകര്യങ്ങൾ പരിമിതമായിരുന്നതിനാൽ സൗകര്യങ്ങൾ ഉണ്ടാകുന്നതു വരെ ആശ്രമ വൈദികർക്ക് സർവ്വ സൗകര്യങ്ങളും ചെയ്തു കൊടുത്തിരുന്നത് ഡോ. എൻ. എം. ഫിലിപ്പും അദ്ദേഹത്തിന്റെ ഭാര്യ അന്നാമ്മച്ചിയും ആയിരുന്നു.

കരയോഗ കെട്ടിടം ആശ്രമമായപ്പോൾ വാഴപ്പള്ളിയിലെ യുവാക്കൾക്കും മറ്റുള്ള വർക്കും ഒരുമിച്ചു കൂടുവാൻ മറ്റൊരു വേദിയില്ലെന്നു മനസ്സിലാക്കിയ ബഹു. ജെരാർഡ്ഡ ച്ചൻ കിഴക്കേക്കുറ്റ് ചെറിയാൻ മക്കൾ മാത്യു, ജോസഫ് എന്നിവരുടെ സ്ഥലം വാങ്ങി അവിടെ ഒരു ഹാൾ പണികഴിപ്പിച്ച് ഒരു റിക്രിയേഷൻ ക്ലബ്ബും ലൈബ്രറിയും സജ്ജീക രിച്ചു. ബഹു. തോമസ് തോപ്പിൽ അച്ചന്റെ ദീർഘവീക്ഷണത്തിന്റെയും അക്ഷീണ പരി ശ്രമത്തിന്റെയും ഫലമായി 1977 ആഗസ്റ്റ് 11-ാം തീയതി ആശ്രമത്തിന്റെ മുൻവശത്ത് ശ്രീ മൂലയിൽ തോമസിൽ നിന്നും 35 സെന്റ് സ്ഥലം വാങ്ങി. കുട്ടികളുടെ കായികവിക സനത്തിനും ഗെദ്സമ്നി സമൂഹത്തിനു ഒരുമിച്ചു കൂടുന്നതിനുംവേണ്ടി ആ സ്ഥലം ഇപ്പോഴും ഉപയോഗിക്കുന്നു.


Jubilee wishes from
JAMESKUTTY MULAKUPPADAM
INDUSTRIAL NAGAR

ഗെദ്സമ്നിയും വാഴപ്പള്ളിയിലെ കുടുംബങ്ങളും

വാഴപ്പള്ളികരയിൽ ഗെദ്സമ്നി ആശ്രമദേവാലയം ആരംഭിച്ച നാൾ മുതൽ ഗെദ്സമ്നി വാഴപ്പള്ളി നിവാസികളുടെ സ്വന്തമായി. കേവലം 87 കുടുംബങ്ങളുമായി ആരംഭിച്ച ഗെദ്സമ്നി ഇന്നു 17 കൂട്ടായ്മകളിലായി 650 ൽപരം കുടുംബങ്ങളിലേക്കു വളർന്നു. വി. ഫ്രാൻസിസ് അസ്സീസിയുടെ ചൈതന്യത്തിൽ കുടുംബങ്ങൾ ശക്തിപ്പെട്ടു. ജനങ്ങൾ ആശ്രമാംഗങ്ങളെ സ്വന്തംപോലെ കണ്ടുസ്വീകരിച്ചു. ആശ്രമാംഗങ്ങൾക്ക് യാതൊന്നിനും കുറവുണ്ടാകാതെ ആരംഭം മുതൽ നാളിതുവരെ കാത്തുപരിപാലിച്ചും സ്വന്തം ഭവനത്തിൽ പാകം ചെയ്യുന്നതിന്റെ ഒരു പങ്ക് നീക്കിവച്ചും എന്നും ഓർമ്മയിൽ സ്മരിക്കേണ്ട ഗെദ്സമ്നിയുടെ അമ്മച്ചിമാരായി ചിലർ മാറി. ആ സ്നേഹവും സാഹോദര്യവും ഊഷ്മളതയും ആത്മാർത്ഥതയും സേവന തല്പരതയും ഒളിമങ്ങാതെ പിൻതലമുറയിലെ നിരവധി ഗെദ്സമ്നി സഹോദരിമാർ വളരെ സജീവമായും മാതൃകാപരമായും ഇപ്പോഴും നിലനിർത്തിവരുന്നു.

ഗെദ്സമ്നിയുടെ മതബോധനദൗത്യം

ഗെദ്സമ്നി അജപാലനശുശ്രൂഷകളുടെ ഭാഗമായി കുട്ടികളുടെ മതബോധനം ആരംഭം മുതലേ ഗൗരവമേറിയ ഉത്തരവാദിത്വമായി കാണുകയും ആശ്രമാംഗങ്ങൾ അതിന്റെ വളർച്ചയ്ക്കായി അക്ഷീണം പ്രവർത്തിക്കുകയും ചെയ്തിരുന്നു. ആശ്രമദേവാലയത്തിലും സെന്റ് തെരേസാസ് സ്കൂളിലുമായി മതബോധനക്ലാസുകൾ ക്രമീകരിച്ച് നടത്തിപ്പോന്നു. ബഹു. ആന്റണി മഞ്ഞിയിൽ അച്ചന്റെ ഉത്സാഹത്തിൽ സമാഹരിച്ച ഗെദ്സമ്നി മതബോധന ഫണ്ടു വഴി കുട്ടികൾക്ക് ഇന്നും പ്രോത്സാഹന സമ്മാനങ്ങൾ നൽകിവരുന്നു. സ്ഥലത്തിന്റെ അപര്യാപ്തതയാലും മറ്റു സാങ്കേതിക ബുദ്ധിമുട്ടുകളാലും ഇന്നു മതബോധനം പൂർണ്ണമായും ആരാധനാമഠം വക സ്കൂളിൽ ഇടവകയുടെ മേൽനോട്ടത്തിൽ നടത്തിവരുന്നു.

ഗെദ്സമ്നിയും സാമൂഹിക പ്രവർത്തനങ്ങളും

സാമൂഹികക്ഷേമ പ്രവർത്തനരംഗത്തും ഗെദ്സമ്നി ഒട്ടുംതന്നെ പിന്നിലല്ല. സാമൂഹിക പ്രവർത്തനങ്ങൾ കൂടുതൽ സുഗമമായും കാര്യക്ഷമവുമായി നടത്തുന്നതിനായി ജെരാർദ്ദച്ചൻ പണികഴിപ്പിച്ച ഗെദ്സമ്നി സോഷ്യൽ സെന്ററിൽ പാവപ്പെട്ട പെൺകുട്ടികൾക്ക് തൊഴിൽ പഠിക്കുന്നതിനും അതിന്റെ ലാഭവിഹിതം അവരുമായി പങ്കുവെച്ചുകൊണ്ട് സഹായിക്കുന്നതിനും അവസരമുണ്ടാക്കി. അതേ ലക്ഷ്യം മുൻനിർത്തി ഫാ. സ്റ്റനിസിലാവൂസ് 1979-ൽ പെൺകുട്ടികൾക്കായി ഒരു ടെയിലറിംഗ് സെന്റർ ആരംഭിക്കുകയും വാഴപ്പള്ളി പ്രദേശത്തെ നിർധനരും തൊഴിൽരഹിതരുമായ പെൺകുട്ടികൾക്ക് അതു വലിയ ഒരാശ്രയമായി മാറുകയും ചെയ്തു. സാമൂഹ്യസേവനത്തിന്റെ ഭാഗമായി പ്ലാസ്റ്റിക് കസേര, കുട്ട എന്നിവയുടെ നിർമ്മാണം, എംബ്രോയിഡറി വർക്ക്സ് തുടങ്ങിയ സംരംഭങ്ങളും നടത്തിപ്പോന്നു.



വാഴപ്പള്ളിപ്രദേശത്തെ സാമ്പത്തികമേഖലയിൽ പിന്നോക്കംനിന്ന കുടുംബങ്ങളുടെ ആരോഗ്യപരിതഃസ്ഥിതിയെ ഗൗരവമായി പരിഗണിച്ച് 1982-ൽ ഫാ. ജോസ് പുല്ലോക്കാരൻ 200-ൽപരം ശിശുക്കൾക്കും മുതിർന്നവർക്കും സ്ഥിരമായി പോഷകാഹാരം വിതരണം ചെയ്യുന്ന സംരംഭത്തിനു നേതൃത്വം കൊടുത്തു. ജെരാർഡച്ചന്റെ ദീർഘവീക്ഷണത്തിൽ ആരംഭിച്ച **ഗെദ്സമ്നി മാര്യേജ് ഫണ്ട്** നാനാജാതി മതസ്ഥർക്ക് അവരുടെ വിവാഹാവസരത്തിൽ സഹായമെത്തിക്കുന്നതിന് വഴിയായി.

വിവിധ മേഖലകളിലേക്കു ഗെദ്സമ്നിയുടെ സാമൂഹികസേവന പ്രവർത്തനങ്ങൾ ഇന്നു വ്യാപിച്ചിരിക്കുന്നു. വിൻസെന്റ് ഡി പോൾ സൊസൈറ്റിയുടെ നേതൃത്വത്തിൽ വാഴപ്പള്ളിയിലെയും സമീപ സ്ഥലങ്ങളിലെയും അർഹിക്കുന്ന ഭവനരഹിതർക്കു വീടുകൾ നിർമ്മിച്ചു കൊടുക്കുക, സ്ഥിരമായി ചങ്ങനാശേരി താലൂക്ക് ആശുപത്രിയിലും ആലംബഹീനരുടെ സ്ഥാപനങ്ങളിലും ഭക്ഷണമെത്തിച്ചുകൊടുക്കുക, നിർധനരായ കുട്ടികളുടെ വിദ്യാഭ്യാസത്തിന് സാമ്പത്തിക സഹായമെത്തിച്ചുകൊടുക്കുക എന്നതും ഗെദ്സമ്നിയുടെ ഏതാനും ചില സാമൂഹികക്ഷേമ കർമ്മപദ്ധതികൾ മാത്രം. ഗെദ്സമ്നി കുടുംബത്തിലെ ഓരോ അംഗവും ഗെദ്സമ്നിയുടെ ഈ സംരംഭത്തെ ഗണ്യമായരീതിയിൽ അകമഴിഞ്ഞ സ്നേഹത്തോടും ഏറെ കരുതലോടുംകൂടെ സഹായിക്കുന്നു എന്നത് ശ്രദ്ധേയമാണ്. ഈ പ്രവർത്തനങ്ങൾ കൂടുതൽ കാര്യക്ഷമവും ഊർജസ്വലവുമാക്കുന്നത് ഗെദ്സമ്നിയുടെ സജീവനാഡികളായ പതിനേഴ് കുടുംബകൂട്ടായ്മകളാണെന്ന് അഭിമാനത്തോടെ ഏറ്റുപറയുന്നു.

ഗെദ്സമ്നിയും ഭക്തസംഘടനകളും

1. സെന്റ് വിൻസെന്റ് ഡി പോൾ സൊസൈറ്റി

പതിനെട്ടാം നൂറ്റാണ്ടിന്റെ അവസാനത്തിൽ ഫ്രഞ്ചുവിപ്ലവം വരുത്തിയ നവലിബറൽ ചിന്താഗതി യൂറോപ്യൻ വൻകരയിലാകെ കോളിളക്കം സൃഷ്ടിച്ചു. വിപ്ലവാനന്തരം നിലനിന്നിരുന്ന അരാജകത്വവും ദൈവനിഷേധവും ജനങ്ങളെ സഭയിൽനിന്നും വളരെ അകറ്റുകയും സഭയും സഭാസ്ഥാപനങ്ങളും ഏറെ വെല്ലുവിളികളും വിമർശനങ്ങളും നേരിടേണ്ടിവരുകയും ചെയ്തു. ഫ്രെഡറിക് ഒസാനാമിന്റെ നേതൃത്വത്തിൽ, 1833 ൽ പാരീസിൽ ഒരു കത്തോലിക്കാ അത്മായസഭയ്ക്കു രൂപമേകി. അതാണ് ഇന്ന് ലോകമാകെ സഭയ്ക്കും സമൂഹത്തിനും ഉണർവും ഉത്തേജനവുമായ് പാവങ്ങൾക്ക് ആശ്രയവും ആശ്വാസവുമായി, ലോകത്തിന് മാതൃകയും മാദ്ധ്യസ്ഥവുമായി ഉണർന്നു പ്രവർത്തിക്കുന്ന വിൻസെന്റ് ഡി പോൾ സൊസൈറ്റി.

ചങ്ങനാശേരി അതിരൂപതയിൽ ആകെയുള്ള 270 കോൺഫറൻസുകളിൽ ഏറ്റം മികച്ച കോൺഫറൻസാണ് 25 അംഗങ്ങൾ ഉൾക്കൊള്ളുന്ന ഗെദ്സമ്നി ശാഖ. 1979 ൽ ശ്രീ. ആന്റണി പുളിമൂട്ടിൽ സ്ഥാപക പ്രസിഡന്റായും കെ. വി. ജോർജ്ജുകുട്ടി കല്ലുകളം, കെ. ജോസഫ് കിഴക്കേവള്ളി, ജോർജ്ജുകുട്ടി മാപ്പിളശേരി, സേവിച്ചൻ ചിറ്റേട്ടു


Golden Jubilee wishes from
SHAJI ANTONY PARAKKADAVIL & Family
Vazhappally

കളം, പി.ജെ. ജോസഫ് പാലത്തിങ്കൽ എന്നിവർ സ്ഥാപകാംഗങ്ങളുമായി തിരഞ്ഞെടുക്കപ്പെട്ടു. ഫാ. സ്റ്റനിസിലാവൂസിന്റെ നേതൃത്വത്തിൽ പ്രവർത്തനമാരംഭിച്ചു. ഇവരുടെ ശ്ലാഘനീയ സേവനവും ഈടുറ്റ പ്രവർത്തനങ്ങളും ഇതിന്റെ ഉറച്ച അടിത്തറയായി. എല്ലാ ആഴ്ചകളിലും കോൺഫറൻസ് അംഗങ്ങളുടെ രഹസ്യപിരിവും തദ്ദേശവാസികളുടെ സാമ്പത്തികസംഭാവനയും ആണ് പ്രധാന വരുമാനം. ഈ കോൺഫറൻസ് ശാരീരികവും മാനസികവും സാമ്പത്തികവും വിദ്യാഭ്യാസപരവും വൈവാഹികവും ഭവനാനുസൃതവുമായി സഹായം അർഹിക്കുന്നവരെ കണ്ടെത്തി, അംഗങ്ങളുടെ അന്വേഷണത്തിലൂടെ ആവശ്യം വിലയിരുത്തി രഹസ്യമായി സഹായിക്കുകയാണ് പ്രവർത്തനരീതി. എല്ലാ അംഗങ്ങളും ആഴ്ചയിലൊരിക്കലെങ്കിലും ദേവാലയത്തിലും മാസത്തിലൊരിക്കൽ അംഗങ്ങളുടെ ഭവനത്തിലും ഒന്നിച്ചു കൂടുകയും ഒന്നിച്ചു പ്രാർത്ഥിക്കുകയും കാര്യങ്ങൾ വിലയിരുത്തുകയും ചെയ്യുന്നു. അർഹിക്കുന്ന വ്യക്തികളുടെ ആവശ്യാനുസരണം അവരുടെ വേദനകളും ദുരിതങ്ങളും അകറ്റുന്നതിനും അവരുടെ വ്യക്തിത്വവും അന്തസ്സും വളർത്തുന്നതിനും ഉപകരിക്കുന്ന ഏതു പ്രവർത്തനവും സൊസൈറ്റിയിൽ അനുവദനീയമാണ്. കൂടാതെ സ്വയം അംഗങ്ങൾ ഒത്തുചേർന്നു വിരുന്നൊരുക്കി ചങ്ങനാശേരി താലൂക്ക് ആശുപത്രിയിലും ചെത്തിപ്പുഴ രക്ഷാഭവനത്തിലും കിടങ്ങറ സ്നേഹതീരത്തിലും വിളമ്പുന്നത് ഈ കോൺഫറൻസിന്റെ സ്നേഹാഘോഷവേദികളാണ്.

ആരംഭകാലത്തെ അതേ തീക്ഷ്ണതയോടെ ഇന്നുള്ളവരും പ്രവർത്തിക്കുന്നു എന്നത് ഏറെ പ്രശംസനീയമാണ്. കൂടാതെ ഗെദ്സമ്നി ആശ്രമവൈദികരുടെ സഹായസഹകരണങ്ങളും ഇവിടുത്തെ പ്രദേശവാസികളുടെ പ്രോത്സാഹനവും സംഭാവനകളും ഈ കോൺഫറൻസിന്റെ അനുസ്യൂത വളർച്ചയ്ക്ക് നിദാനമാകുന്നു. ഇപ്പോൾ ബഹുമാനപ്പെട്ട ചാക്കോ മണ്ണിശേരിൽ അച്ചൻ ഈ സമൂഹത്തിന്റെ ആധ്യാത്മിക ഉപദേഷ്ടാവായി സേവനം ചെയ്യുന്നു.

കാരുണ്യപ്രവർത്തനങ്ങളോടൊപ്പം അംഗങ്ങളുടെ ആദ്ധ്യാത്മിക വളർച്ചയും പരസ്പരബന്ധവും ഈ ചെറുസമൂഹം ലക്ഷ്യം വെയ്ക്കുന്നു. വാഴപ്പള്ളി ഗെദ്സമ്നി ആശ്രമവൈദികരോടുള്ള ഞങ്ങളുടെ സ്നേഹാദരവും അത്മായസമൂഹത്തോടുള്ള ഞങ്ങളുടെ കൃതജ്ഞതയും ഈ ജൂബിലി വർഷവേളയിൽ സന്തോഷത്തോടെ നേരട്ടെ. അസ്സീസിയിലെ വിശുദ്ധ ഫ്രാൻസിസിന്റെ ആദ്ധ്യാത്മികതയും വിശുദ്ധ വിൻസെന്റ് ഡി പോളിന്റെ പാവങ്ങളോടുള്ള സ്നേഹതീക്ഷ്ണതയും നമ്മിൽ വളരട്ടെയെന്നു പ്രാർത്ഥിക്കുന്നു.

2. ഫ്രാൻസിസ്കൻ അത്മായസഭ (S.F.O.)

സമാധാനം, സൗഭാഗ്യം!

സ്വയം ശൂന്യനാക്കി ദാസന്റെ രൂപം ധരിച്ച യേശുവിനെ അടുത്തനുഭവിച്ച, 'രണ്ടാം ക്രിസ്തു'വെന്ന അപരനാമത്താൽ അറിയപ്പെടുന്ന വി. ഫ്രാൻസിസ് അസ്സീസി അത്മായർക്കുവേണ്ടി ഇറ്റലിയിൽ 1221-ൽ സ്ഥാപിച്ച സഭയാണ് ഫ്രാൻസിസ്കൻ മൂന്നാം


Golden Jubilee wishes from
BEN BABU KUNNEL
THURUTHY

സഭ. കേരളത്തിൽ മൂന്നാം സഭയുടെ പ്രവർത്തനം ആരംഭിക്കുന്നത് ദൈവദാസൻ പുത്തൻപറമ്പിൽ തൊമ്മച്ചനിലൂടെയാണ്. കാലാന്തരത്തിൽ കേരളത്തിന്റെ വിവിധ ഭാഗങ്ങളിൽ ഈ സഭ പടർന്നു പന്തലിച്ച് പതിനായിരത്തിൽപരം അംഗസംഖ്യയുള്ള ഒരു വലിയവൃക്ഷമായി മാറിയിരിക്കുന്നു. ചങ്ങനാശേരി അതിരൂപതയിൽ രണ്ടായിരത്തോളം അംഗങ്ങളും ഗെദ്സമ്നി എസ്.എഫ്. ഒ. യൂണിറ്റിൽ അമ്പതോളം അംഗങ്ങളും ഉണ്ട്.

ഗെദ്സമ്നി ആശ്രമദേവാലയത്തിന്റെ പ്രാരംഭദശയിൽത്തന്നെ ഇവിടുത്തെ കുടുംബാംഗങ്ങളെ ആത്മീയതയിലും ഫ്രാൻസിസ്കൻ ചൈതന്യത്തിലൂടെ കുടുംബനവീകരണത്തിലും വളർത്താൻ 1969-ൽ ഫാ. ജെരാർദ് കപ്പൂച്ചിന്റെ നേതൃത്വത്തിൽ മൂന്നാം സഭ ആരംഭിച്ചു. അനുദിന ദിവ്യബലിയിൽ പങ്കുകൊള്ളുക, പ്രാർത്ഥനയിലും പരിത്യാഗപ്രവൃത്തികളിലും പരസ്നേഹത്തിലും വളരാൻ ശ്രദ്ധ ചെലുത്തുക എന്നത് അംഗങ്ങളുടെ ശൈലിയാണ്. സഭാംഗങ്ങൾ അനുഷ്ഠിച്ചുപോരുന്നത് ലളിതജീവിതശൈലിയാണ്. മാതൃകാപരമായ കുടുംബജീവിതത്തിലൂടെ മറ്റുള്ളവരെ സമാധാനത്തിലും സൗഭാഗ്യത്തിലും ജീവിക്കുവാൻ, മറ്റുള്ളവരെ സ്നേഹിച്ച് ശുശ്രൂഷിച്ച് അവരെ ദൈവസ്നേഹത്തിൽ വളർത്താൻ അംഗങ്ങൾ നിരന്തരം പ്രയത്നിക്കുന്നു.

ഈ ലക്ഷ്യം മുൻനിർത്തി, ആത്മീയപിതാവ് ഫ്രാൻസിസ് പൊന്നുംപുരയിടത്തിലച്ചന്റെ നേതൃത്വത്തിൽ മാസത്തിലൊരിക്കൽ ഒരുമിച്ചുകൂടി ഉപദേശങ്ങൾ സ്വീകരിച്ചുകൊണ്ട് പ്രാർത്ഥന, ജ്ഞാനവായന എന്നിവയിലൂടെ ഫ്രാൻസിസ്കൻ നിയമാവലിയിൽ അധിഷ്ഠിതമായ ജീവിതക്രമത്തിൽ മുന്നോട്ടുപോകുവാൻ ശ്രദ്ധിക്കുന്നു. കുടുംബനവീകരണം ലക്ഷ്യമാക്കി ഭവനസന്ദർശനവും രോഗീസന്ദർശനവും നടത്തുന്നു. സാമൂഹികസേവനം ലക്ഷ്യമാക്കി വിവിധ പരിപാടികൾ നടത്തിവരുന്നു. പിടിയരി ശേഖരിച്ച് പാവങ്ങൾക്കു നൽകുക, ചികിത്സാസഹായം നൽകുക, വീടു വെയ്ക്കുന്നതിനും വിവാഹത്തിനും അർഹരായവർക്കു സഹായം നൽകുക തുടങ്ങിയ ജീവകാരുണ്യപ്രവർത്തനങ്ങൾ ഏറെ സന്തോഷത്തോടെ ചെയ്യുന്നു.

ഫ്രാൻസിസ്കൻ ആത്മീയതയിലും ചൈതന്യത്തിലും ജ്ഞാനത്തിലും വളരുക എന്ന ലക്ഷ്യംവച്ചുകൊണ്ട് സമയാസമയങ്ങളിൽ ഡയറക്ടറുമായി അടുക്കൽ ചർച്ചകൾ നടത്തുന്നു, റീജനൽ സമ്മേളനങ്ങൾ സംഘടിപ്പിക്കുന്നു, വി. ഫ്രാൻസിസ് അസ്സീസിയുടെയും ക്ലാര പുണ്യവതിയുടെയും പുത്തൻപറമ്പിൽ തൊമ്മച്ചന്റെയും ജീവചരിത്രങ്ങളെയും വിശുദ്ധഗ്രന്ഥഭാഗങ്ങളെയും അടിസ്ഥാനമാക്കി വർഷംതോറും ക്വിസ് മത്സരങ്ങൾ നടത്തുകയും സെമിനാറുകൾ ഒരുക്കുകയും ചെയ്യുന്നു. നിരന്തരമായ പരിഹാരപ്രവൃത്തിയിലൂടെയും പ്രാർത്ഥനാജീവിതത്തിലൂടെയും സഭയെ പുനരുദ്ധരിക്കുക എന്ന ഫ്രാൻസിസ് പിതാവിന്റെ ആഹ്വാനം ശിരസ്സാവഹിച്ച് സഭാംഗങ്ങൾ ഓരോരുത്തരും ഉത്തരവാദിത്വത്തോടും തികഞ്ഞ ആത്മാർത്ഥതയോടും പരസ്പരസ്നേഹത്തോടും ഗെദ്സമ്നി സമൂഹത്തിൽ സജീവസാക്ഷികളാകാൻ പരിശ്രമിക്കുന്നു.

3. ആവേ മരിയ - ലീജിയൻ ഓഫ് മേരി

പ്രാർത്ഥനയിലും പ്രേഷിതസേവനത്തിലും അധിഷ്ഠിതമായി ലോകത്തിനും നാരകീയശക്തികൾക്കും എതിരായി നിരന്തരയുദ്ധത്തിൽ ഏർപ്പെട്ടുകൊണ്ടിരിക്കുന്ന ഒരു ആഗോള മരിയൻ ഭക്ത അൽമായ സംഘടനയാണ് ലീജിയൻ ഓഫ് മേരി. ദൈവമാ

താവിന്റെ ഉറച്ച വിശ്വാസം, എളിമ, സഹനം, വിനയം, സ്നേഹം, സേവനസന്നദ്ധത തുടങ്ങിയ ദൈവദത്തമായ ഗുണഗണങ്ങൾ പരിശുദ്ധാത്മാവിൽനിന്നും പരിശുദ്ധഅമ്മയിൽക്കൂടി സമൂഹത്തിൽ എല്ലാവരിലും എത്തിക്കുക എന്നതാണ് ഈ സംഘടനയുടെ ലക്ഷ്യം.

ഒന്നാം ലോകമഹായുദ്ധനാളുകളിൽ ഫാത്തിമയിൽ മൂന്ന് ഇടയബാലകർക്ക് പരിശുദ്ധഅമ്മ പ്രത്യക്ഷപ്പെട്ട് നിരീശ്വരവാദത്തെ തോല്പിക്കുന്നതിന് തിരുസ്സഭയ്ക്ക് സഹായഹസ്തം നൽകി. ഇതേ കാലയളവിലാണ് അയർലണ്ടിൽ ലീജിയൻ ഓഫ് മേരി രൂപം കൊള്ളുന്നത്.

1921 സെപ്റ്റംബർ 7 ന് ഡബ്ലിൻ നഗരത്തിൽ ഫ്രാങ്ക് ഡഫിന്റെ നേതൃത്വത്തിൽ ഫാ. മൈക്കിൾ തോബാർ എന്ന ഈശോസഭാ പുരോഹിതന്റെ ആത്മീയോപദേശത്തോടെ 14 ഭക്തസ്ത്രീകൾ ഒന്നിച്ച് പരിശുദ്ധഅമ്മയുടെ തിരുസ്വരൂപത്തിന് മുമ്പിൽ മുട്ടുകളൂന്നി ജപമാലപ്രാർത്ഥനയിലാരംഭിച്ച കൂട്ടായ്മ ഇന്ന് 170-ൽപരം രാജ്യങ്ങളിലായി വളർന്നു പന്തലിച്ച് സഹായാംഗങ്ങളും പ്രവർത്തകാംഗങ്ങളുമായി ഒരു വലിയ ആത്മീയ സൈനികവ്യൂഹമായിക്കൊണ്ടിരിക്കുന്നു. 1940-ൽ പാലായിലും, ചങ്ങനാശേരി പാറേൽ ദേവാലയത്തിലും ഈ സംഘടന പ്രവർത്തനമാരംഭിച്ചു.

വാഴപ്പള്ളി ഗെദ്സമ്നി ദേവാലയത്തോടനുബന്ധിച്ച് 1969 സെപ്റ്റംബർ മുതൽ പ്രവർത്തനക്ഷമമായ സമാധാനത്തിന്റെ രാജ്ഞീ പ്രസീദിയം ഇടവകയുടെ ഉറയുള്ള ഉപ്പായി പ്രവർത്തിച്ചുവരുന്നു. ഞങ്ങളുടെ പ്രതിവാരസമ്മേളനം ബുധനാഴ്ച രാവിലെ എല്ലാവരും വിശുദ്ധ കുർബാനയിൽ പങ്കുകൊണ്ട് എട്ടുമണിയോടുകൂടി പള്ളിയിൽ കൂടുകയും തങ്ങളുടെ ആദ്ധ്യാത്മിക നിയന്താവ് റവ. ഫാ. ഡി. ജെയിംസ് കുളത്തിങ്കൽ അച്ചന്റെ മഹനീയനേതൃത്വത്തിൽ ലീജിയൻ പ്രാർത്ഥനകളും ജപമാലയും ചൊല്ലി മറ്റു കാര്യപരിപാടികളും നിർവഹിച്ച് 9 മണിയോടുകൂടി പര്യവസാനിക്കുകയും ചെയ്യുന്നു. കൂടാതെ, ഭവനസന്ദർശനം, രോഗീസന്ദർശനം. ആശുപത്രി സന്ദർശനം, സിമിത്തേരി സന്ദർശനം, മരണവീട് സന്ദർശനം, ദേവാലയശുചീകരണം, മൃതസംസ്കാരത്തിൽ പങ്കെടുക്കൽ തുടങ്ങിയ പ്രവർത്തനങ്ങളും അംഗങ്ങൾ ചെയ്യുന്നു.

ഗെദ്സമ്നിയിൽനിന്നും ലഭിച്ചുകൊണ്ടിരിക്കുന്ന ഉപദേശങ്ങൾക്കും സഹായങ്ങൾക്കും പ്രോത്സാഹനങ്ങൾക്കും മീറ്റിംഗുകളിലുള്ള സാന്നിദ്ധ്യത്തിനും പരിശുദ്ധ അമ്മയോടു ചേർന്ന് ദൈവത്തിനു നന്ദി പറയുന്നു.

ആദ്ധ്യാത്മികമായി വലിയ മൂല്യച്യുതിയും വിശ്വാസത്തിനു വലിയ വെല്ലുവിളികളും നേരിട്ടുകൊണ്ടിരിക്കുന്ന ഈ കാലഘട്ടത്തിൽ വി. കുർബാനയിൽനിന്നും ശക്തി സംഭരിച്ച് നിത്യസഹായകനായ പരിശുദ്ധാത്മാവിന്റെയും പരിശുദ്ധ ദൈവമാതാവിന്റെയും സംരക്ഷണത്തിൽ നമ്മുടെ മക്കളെയും കുഞ്ഞുമക്കളെയും ചേർത്തു നിർത്തേണ്ടത് നമ്മുടെ കുടുംബങ്ങളുടെയും സഭയുടെയും ദൗത്യമാണെന്നു മനസ്സിലാക്കി ലീജിയൻ ഓഫ് മേരി സംഘടന പ്രവർത്തിക്കുന്നു.



Golden Jubilee wishes from

Mrs. Elsy Scaria, Vettukuzhiyil, Vazhappally

4. സെന്റ് അൽഫോൻസാ ഹീലിംഗ് മിനിസ്ട്രി

വാഴപ്പള്ളി ഗെദ്സമ്നി ആശ്രമദേവാലയത്തിന്റെ പതിനേഴ് കുടുംബകൂട്ടായ്മകളിലായി താമസിക്കുന്ന വാർദ്ധക്യം മൂലവും രോഗംമൂലവും ദേവാലയത്തിൽ എത്തുവാൻ സാധിക്കാത്ത സഹോദരീസഹോദരന്മാർക്ക് അവരുടെ ഭവനങ്ങളിൽ കൂദാശകൾ എത്തിച്ചുകൊടുക്കുന്നതിനും അവർക്കുവേണ്ടി പ്രാർത്ഥിക്കുന്നതിനുമായി 2007 ൽ ചാക്കോ മണ്ണിശ്ശേരിൽ അച്ചൻ ഗാർഡിയൻ ആയിരുന്ന കാലത്ത് സ്ഥാപിതമായ ഒരു സംഘടനയാണ് സെന്റ് അൽഫോൻസാ ഹീലിംഗ് മിനിസ്ട്രി. ഇതിന്റെ ആദ്യ മീറ്റിംഗ് 22. 07. 2007 ൽ ഗെദ്സമ്നി എസ്.എഫ്.ഒ. ഹാളിൽ വച്ച് നടത്തപ്പെട്ടു. ഇതിൽ ഇന്ന് 20 പേർ അംഗങ്ങളായി പ്രവർത്തിക്കുന്നു.

ഹീലിംഗ് മിനിസ്ട്രിയുടെ പ്രവർത്തനങ്ങൾ:

- രോഗികളെ അവരുടെ ഭവനങ്ങളിൽ സന്ദർശിക്കുക.
- കൂദാശകൾ അവരുടെ ഭവനങ്ങളിൽ എത്തിച്ചുകൊടുക്കുക.
- മാസാദ്യ ഞായറാഴ്ചകളിൽ 10 മണിയ്ക്കുള്ള കുർബാനയ്ക്കു ശേഷം അംഗങ്ങളുടെ യോഗം ചേരുകയും പ്രവർത്തനങ്ങൾ വിലയിരുത്തുകയും രോഗികൾക്കുവേണ്ടി പ്രാർത്ഥിക്കുകയും ചെയ്യുക.
- എല്ലാ മാസത്തെയും രണ്ടാം ശനിയാഴ്ചകളിൽ വൈകുന്നേരം അഞ്ചുമണിക്ക് എല്ലാ അംഗങ്ങളും ദേവാലയത്തിൽ ഒന്നിച്ചുകൂടി ജപമാലയും കരുണകൊന്തയും ചൊല്ലി രോഗികൾക്കു വേണ്ടി സമർപ്പിക്കുക.
- ക്രിസ്മസിനും ഈസ്റ്ററിനും മുമ്പുള്ള ഞായറാഴ്ച രോഗികളെ ദേവാലയത്തിൽ എത്തിച്ച് അവർക്കു കുമ്പസാരിക്കുന്നതിനും വിശുദ്ധ കുർബാന സ്വീകരിക്കുന്നതിനും അവസരം ഉണ്ടാക്കുക.
- അവർക്കുവേണ്ടി അന്ന് സ്നേഹവിരുന്ന് ഒരുക്കുക.
- മാസാദ്യ വെള്ളിയാഴ്ചകളിൽ ഭവനങ്ങളിൽ വി. കുർബാന എഴുന്നള്ളിച്ചു നല്കുക എന്നിവയാണ്.

ചാക്കോ മണ്ണിശ്ശേരിൽ അച്ചന്റെയും ഡി. ജെയിംസ് അച്ചന്റെയും ആത്മീയനേതൃത്വത്തിൽ വളരെ ശ്ലാഘനീയമായ ശുശ്രൂഷകൾ ഈ സംഘടന കാഴ്ചവയ്ക്കുന്നു.


Golden Jubilee wishes from
Vazhappally Service Co-op. Bank Ltd.K108
Vazhappally, Changanacherry



Golden Jubilee wishes from
Mrs. ROSAMMA BABU, Puthenparambil
Vazhappally

5. കരിസ്മാറ്റിക് പ്രെയർ ഗ്രൂപ്പ്

രണ്ടാം വത്തിക്കാൻ കൗൺസിലിനുശേഷം കത്തോലിക്കസഭയിൽ ഉടലെടുത്ത ആത്മീയപ്രസ്ഥാനമാണ് കരിസ്മാറ്റിക് പ്രസ്ഥാനം. വളരെ ചുരുങ്ങിയ സമയം കൊണ്ട് ലോകമാസകലം പടർന്നു പന്തലിച്ച ഈ സംഘടന ആത്മീയ നവീകരണത്തിനും മാനസാന്തരാനുഭവങ്ങൾക്കും കാരണമായിട്ടുണ്ട്. പരിശുദ്ധാത്മാവിന്റെ വരദാനങ്ങളുടെ സഹായത്തോടെ വചനശുശ്രൂഷയ്ക്കും മാദ്ധ്യസ്ഥ്യപ്രാർത്ഥനയ്ക്കും കരിസ്മാറ്റിക് പ്രെയർ ഗ്രൂപ്പ് പ്രാമുഖ്യം നൽകുന്നു.

25 വർഷത്തിലേറെക്കാലമായി ഗെദ്സമ്നി ആശ്രമദേവാലയത്തിൽ കരിസ്മാറ്റിക് പ്രെയർ ഗ്രൂപ്പ് സജീവമായി പ്രവർത്തിച്ചുവരുന്നു. എല്ലാ ബുധനാഴ്ചയും വൈകിട്ട് 7 മുതൽ 9 വരെ വചനശുശ്രൂഷയും മാദ്ധ്യസ്ഥ്യപ്രാർത്ഥനയും നടത്തിവരുന്നു. മാസാദ്യ വെള്ളിയാഴ്ചകളിൽ വചനപ്രഘോഷണവും ജാഗരണപ്രാർത്ഥനയും കരിസ്മാറ്റിക് പ്രെയർ ഗ്രൂപ്പിന്റെ നേതൃത്വത്തിൽ നടത്തുന്നു. വാഴപ്പള്ളി ഗെദ്സമ്നി കൂട്ടായ്മകളുടെ പ്രവർത്തനങ്ങൾക്ക് ഊർജ്ജംപകരുന്നത് പ്രാർത്ഥനയാണ്. പ്രൊഫ. ഇമ്മാനുവൽ തയ്യിൽ 25 വർഷത്തിലേറെക്കാലം ഈ സംഘടനയ്ക്കു നേതൃത്വം നൽകിയത് നന്ദിയോടെ ഓർക്കുന്നു.

അഗതി സംരക്ഷണകേന്ദ്രങ്ങൾക്കും അനാഥരുടെ വിവാഹത്തിനും ചികിത്സാവശ്യങ്ങൾക്കും കാരുണ്യപ്രവർത്തനങ്ങൾ ചെയ്തുകൊണ്ട് ക്രിസ്തുവിനു സാക്ഷികളാകാൻ ഈ സംഘടന ശ്രദ്ധിക്കുന്നു.

6. ഫ്രണ്ട്സ് ഓഫ് ഗെദ്സമ്നി

ഗെദ്സമ്നി ആശ്രമത്തിന്റെ സ്പന്ദനങ്ങൾ അറിയുന്ന ഒരുകൂട്ടം യുവാക്കളുടെ കൂട്ടായ്മയാണ് ഫ്രണ്ട്സ് ഓഫ് ഗെദ്സമ്നി. ബാല്യത്തിൽ അൾത്താരബാലന്മാരായും കൗമാരപ്രായത്തിൽ യുവിദീപ്തി അംഗങ്ങളായും പ്രവർത്തിച്ച ഏകദേശം പതിനഞ്ചോളം യുവാക്കൾ ആ ഓർമ്മകൾ സജീവമാക്കാൻ വേണ്ടി രൂപപ്പെടുത്തിയെടുത്ത ഒരു വേദിയാണ് ഫ്രണ്ട്സ് ഓഫ് ഗെദ്സമ്നി.

1998-2001 കാലഘട്ടത്തിൽ ജൂണിയർ ഫ്രണ്ട്സ് എന്ന പേരിൽ ഒരു സംഘടന നിലനിന്നിരുന്നെങ്കിലും ജോലിയും മറ്റ് ആവശ്യങ്ങളും മൂലമുള്ള സമയക്കുറവുമൂലം സംഘടനയ്ക്ക് സജീവമായി മുൻപോട്ടുപോകാൻ സാധിച്ചില്ല. എങ്കിലും വി. ഫ്രാൻസിസ് അസ്സീസിയുടെ തിരുന്നാളുകളിൽ പ്രദക്ഷിണവും ഗാനമേളയും മറ്റു പരിപാടികൾ സ്പോൺസർ ചെയ്യുകയും ആശ്രമത്തിന്റെ എല്ലാ ആവശ്യങ്ങളിലും സജീവമായി പങ്കെടുക്കുകയും ചെയ്തിരുന്നു.

2017 ഒക്ടോബർ മാസത്തിൽ നടന്ന വി. ഫ്രാൻസിസ് അസ്സീസിയുടെ തിരുന്നാളിൽ പ്രദക്ഷിണത്തിന് ചെണ്ടമേളം സ്പോൺസർ ചെയ്ത് പ്രവർത്തനങ്ങൾക്ക് വീണ്ടും തുടക്കം കുറിച്ചു. ഫ്രണ്ട്സ് ഓഫ് ഗെദ്സമ്നിക്ക് ഏറ്റവും സന്തോഷവും സംതൃപ്തിയും



Golden Jubilee wishes from

Appachankutty & Mrs. Pouline Chettiamparampil

Palarivattom, Kochi

നൽകിയ ഒരു സംരംഭമായിരുന്നു 2018-ലെ ദുഃഖവെള്ളിയാഴ്ച ദിവസം. കുരിശിന്റെ വഴിക്ക് ശേഷം ആശ്രമകൂട്ടായമ അംഗങ്ങൾക്ക് ആദ്യമായി നേർച്ച കഞ്ഞി വിതരണം ചെയ്തത് ഫ്രണ്ട്സ് ഓഫ് ഗെദ്സമ്നി ആയിരുന്നു. ജൂബിലി ആഘോഷം ഒരു വൻ വിജയമാക്കാൻ എല്ലാ അംഗങ്ങളും വിവിധ കമ്മറ്റികളിൽ ഉൾപ്പെട്ടുകൊണ്ട് അക്ഷീണം പ്രയത്നിക്കുക യുണ്ടായി.

സുവർണ ജൂബിലി വർഷത്തിന്റെ ജ്വലിക്കുന്ന ഓർമകൾ നിലനിർത്താൻ വേണ്ടി അംഗങ്ങൾ നൽകിയ ഉപഹാരമാണ് ആശ്രമമുറ്റത്തെ മനോഹരമായ പുതിയ കൊടിമരം. സമീപകാലത്തുണ്ടായ പ്രളയക്കെടുതിയിൽ ദുരിതം അനുഭവിച്ച കുട്ടനാടൻ ജനതയ്ക്ക് സഹായഹസ്തവുമായി ആശ്രമത്തിലെ മറ്റു സംഘടനകൾക്കൊപ്പം ഫ്രണ്ട്സ് ഓഫ് ഗെദ്സമ്നിയും ആത്മാർത്ഥമായി സഹകരിച്ചു.

ഞങ്ങളുടെ പ്രവർത്തനങ്ങൾക്ക് സർവ പിന്തുണയും സഹായവും നൽകിവരുന്ന ഏറ്റവും പ്രിയപ്പെട്ട സുപ്പീരിയർ ബഹു. ചെറിയാനച്ചനും ഈ സംഘടനയ്ക്ക് ആദ്യം മുതലേ പ്രോത്സാഹനവും പ്രചോദനവും നൽകിവരുന്ന ബഹു. ചാക്കോ മണ്ണിശ്ശേരി അച്ചനും ആശ്രമവൈദികർക്കും വിവിധ കൂട്ടായ്മകൾ, സംഘടനാംഗങ്ങൾ എന്നിവർക്കും നിസ്സീമമായ നന്ദി രേഖപ്പെടുത്തുന്നു.

ഈ ചുരുങ്ങിയ ആറു മാസക്കാലയളവിൽ പ്രശംസനീയമായ പ്രവർത്തനങ്ങൾ കാഴ്ചവയ്ക്കാൻ സാധിച്ചത് അംഗങ്ങളുടെ എല്ലാവരുടെയും സഹകരണം കൊണ്ടാണ്. മുന്നോട്ടുള്ള പ്രയാണത്തിൽ ആത്മീയവും സാമൂഹികവുമായ പ്രവർത്തനങ്ങൾ കാഴ്ച വയ്ക്കാൻ സാധിക്കുമെന്നുള്ള ഉത്തമവിശ്വാസത്തിലും പ്രതീക്ഷയിലും ദൈവാനു ഗ്രഹത്തിനായി പ്രാർത്ഥിക്കുന്നു.

7. യുവദീപ്തി

ക്രിസ്തുദീപ്തിയിൽ സകല മനുഷ്യരെയും പ്രകാശിപ്പിക്കുക എന്ന ലക്ഷ്യത്തോടെ ഗെദ്സമ്നിയിൽ യുവദീപ്തി 1972 ൽ ആരംഭിച്ചു. ഈ ജൂബിലി വർഷ ത്തിൽ അത് നാൽപ്പത്തിയാറാം വർഷത്തിലേക്കു പ്രവേശിക്കുകയാണ്. അതിരൂപതയിലെ യുവജനങ്ങളുടെ സമഗ്രമായ വളർച്ചയെ ലക്ഷ്യംവെച്ചുകൊണ്ട് 1972 ഡിസംബർ 3-ാം തീയതി മെത്രാപ്പോലീത്ത മാർ ആന്റണി പടിയറയുടെ അനുഗ്രഹത്തോടെ ഗെദ്സമ്നി യിൽ യുവദീപ്തി പ്രസ്ഥാനം ഉദ്ഘാടനം ചെയ്തു. പിന്നീട് മാർ ജോസഫ് പൗവ്വത്തിൽ പിതാവിന്റെയും, അദ്ദേഹത്തിന്റെ പിൻഗാമിയുടെയും പ്രത്യേക താത്പര്യവും നിസ്ത ന്ദ്രമായ പ്രോത്സാഹനവും യുവദീപ്തി യുവജനപ്രസ്ഥാനത്തെ വളർച്ചയിലേക്കു കൊണ്ടുവന്നു. അതിരൂപതയോടു ചേർന്നു നിന്നുകൊണ്ട് എല്ലാ യുവതീയുവാക്കളെയും ഒരുമിച്ചുകൂട്ടി, കാലാനുസൃതമായി വരുന്ന മാറ്റങ്ങളെ വിവേചിച്ചറിഞ്ഞ് ഉത്തമവ്യക്തിക ളായി വളരാൻ, അംഗങ്ങൾ മാറിവരുന്ന ഡയറക്ടർ അച്ചന്മാരോട് പരിപൂർണമായി സഹ കരിച്ച് വിധേയത്വത്തോടും സ്നേഹത്തോടുംകൂടി പ്രവർത്തിക്കുന്നു.

പ്രാർത്ഥനയിൽ ആഴപ്പെട്ട്, ആത്മീയവളർച്ചയെ ലക്ഷ്യംവച്ചുകൊണ്ട് അംഗങ്ങൾ നിതാന്തമായി പ്രയത്നിക്കുന്നു. വ്യക്തിത്വവികസനത്തിനായി നേതൃത്വപരിശീലന ക്ലാസ്സുകൾ നല്കുന്നു. സാമൂഹിക സാംസ്കാരിക മേഖലകളിൽ പ്രബുദ്ധരാകുക എന്ന

ലക്ഷ്യത്തോടെ ഈടുറ്റ ഒരു ഗ്രന്ഥശേഖരം ഒരുക്കി വായനാശീലം വളർത്തുന്നു. സാമൂഹിക തിന്മകൾക്കെതിരെ ജാഗ്രത പുലർത്തി, മൂല്യാധിഷ്ഠിത ജീവിതശൈലി സ്വന്തമാക്കാൻ യുവതീയുവാക്കളെ യുവദീപ്തി അംഗങ്ങൾ ഒരുക്കുന്നു. കലാകായികരംഗത്ത് വളരുന്നതിന് കൾച്ചറൽ ആന്റ് സ്പോർട്സ് മത്സരങ്ങൾ സമയാസമയങ്ങളിൽ സംഘടിപ്പിക്കുന്നു. തങ്ങളുടെ സർഗ്ഗാത്മക ചിന്തകളെ മറ്റുള്ളവരിൽ എത്തിക്കുന്നതിന് സഹായിക്കുന്ന 'ഗെദ്സമ്നി വോയ്സ്' എന്ന ദ്വൈവാർഷിക പത്രം വളരെ ശ്രദ്ധേയമാണ്. ഡയറക്ടറച്ചന്മാരുടെ ആത്മീയ ഉപദേശങ്ങളും നിർദ്ദേശങ്ങളും സ്വീകരിച്ച് പ്രവർത്തിക്കുന്ന യുവദീപ്തി എന്നും ഗെദ്സമ്നിയുടെ അഭിമാനമാണ്.

കർമ്മപരിപാടികളിൽ ശ്രദ്ധേയമായത്

മാസാദ്യ ഞായറാഴ്ച പൊതിച്ചോർ ശേഖരിച്ച് അനാഥാലയങ്ങളിലും വഴിയോരത്ത് ആരുമില്ലാതെ ഉപേക്ഷിക്കപ്പെട്ടവർക്കും വിതരണം ചെയ്യുക. കലാകായിക മത്സരങ്ങൾ സംഘടിപ്പിക്കുക, പരിസ്ഥിതി മലിനീകരണത്തിനെതിരെ ബോധവൽക്കരണ പ്രവർത്തനങ്ങൾ നടത്തുക, പുകയില ഉല്പന്നങ്ങൾക്കെതിരെ എക്സിബിഷനുകൾ, സെമിനാർ, ക്ലാസ്സുകൾ തുടങ്ങിയ കർമ്മപരിപാടികളും നടത്തിവരുന്നു. വിശ്വാസത്തിൽ ആഴപ്പെട്ട് സഭയ്ക്കും കുടുംബങ്ങൾക്കും സമൂഹത്തിനും ഉത്തമമാതൃകയും ശക്തിയും ചൈതന്യവുമായി ഗെദ്സമ്നി യുവദീപ്തി എന്നും പ്രശോഭിക്കട്ടെ.

8. അൾത്താരബാലന്മാർ

ഗെദ്സമ്നിയുടെ ആരംഭം മുതൽ അൾത്താര ശുശ്രൂഷി ആകുക എന്നത് വലിയൊരു കാര്യമായി കത്തോലിക്ക കുടുംബങ്ങൾ കരുതിപ്പോന്നു. ഇവിടെ അർപ്പിച്ച ആദ്യ ദിവ്യബലിയിൽത്തന്നെ അൾത്താരശുശ്രൂഷയ്ക്കായി യുവജനങ്ങൾ താത്പര്യം പ്രകടിപ്പിച്ചുതുടങ്ങി. അന്നു മുതൽ ഓരോ വർഷവും അൾത്താരബാലന്മാരുടെ സംഖ്യ വർദ്ധിച്ചുവന്നു. ഇന്ന് ഫാ. ഗാർഡിയന്റെ നേതൃത്വത്തിൽ 55 അൾത്താരബാലന്മാർ ശുശ്രൂഷ ചെയ്തുവരുന്നു. ദേവാലയശുശ്രൂഷയിൽ അവർ സജീവമായി പങ്കുചേരുന്നു. വി. കുർബാനയിൽ ശുശ്രൂഷയർപ്പിച്ചും ആരാധനയിൽ സജീവമായി പങ്കുചേർന്നും സഭയെ സ്നേഹിക്കാനും അങ്ങനെ തങ്ങളെത്തന്നെ വിശുദ്ധീകരിക്കാനും അവർക്കു സാധിക്കുന്നു. ഇവരുടെ കലാകായികമേഖലകളിലെ വളർച്ചയ്ക്കായി ഓണം, ക്രിസ്മസ്, ഈസ്റ്റർ മുതലായ വിശേഷാവസരങ്ങളിൽ പ്രസംഗം, സംഗീതം, സ്പോർട്ട്സ് എന്നീ ഇനങ്ങളിൽ മത്സരങ്ങൾ സംഘടിപ്പിക്കുന്നു. എല്ലാ ഞായറാഴ്ചകളിലും ഉച്ചകഴിഞ്ഞു രണ്ടു മണിക്ക് യോഗം ചേരുകയും പ്രാർത്ഥനകളും ചർച്ചകളും കലാപരിപാടികളും നടത്തുകയും ചെയ്യുന്നു. ക്രിസ്മസിനും ഈസ്റ്ററിനും വൈവിധ്യമാർന്ന ചെറുപരിപാടികളിലൂടെ സമൂഹത്തോട് കൂടുതൽ ഇടപഴകാൻ കുട്ടികൾക്കു സാധിക്കുന്നു. ഗെദ്സമ്നിയുടെ അൾത്താരബാലന്മാർ എന്നും ഗെദ്സമ്നി കൂട്ടായ്മയുടെ അഭിമാനമാണെന്നതിൽ നമുക്കും സന്തോഷിക്കാം!



Golden Jubilee wishes from
C.T. THOMAS CHAKALAYIL & FAMILY

9. ഫ്രാൻസിസ്കൻ ചിൽഡ്രൻസ് ലീഗ് (FCL)

വാഴപ്പള്ളി ഗെദ്സമ്നി ആശ്രമദേവാലയത്തോടു ചേർന്നു പ്രവർത്തിക്കുന്ന കുട്ടികളുടെ ഒരു ഭക്തസംഘടനയാണ് ഫ്രാൻസിസ്കൻ ചിൽഡ്രൻസ് ലീഗ് അഥവാ FCL

2004-ൽ റവ. ഫാദർ സ്റ്റാനിസ്ലാവൂസ് പാലകീൽ ഗാർഡിയൻ ആയിരുന്ന കാലത്ത് ഗെദ്സമ്നി ആശ്രമത്തിലെ ഒരംഗമായിരുന്ന ജൂലിയസ് പൂമരം അച്ചൻ, കുട്ടികളെ ദൈവസ്നേഹത്തിലും ഫ്രാൻസിസ്കൻ ചൈതന്യത്തിലും വിശുദ്ധരോടുള്ള ഭക്തിയിലും ബൈബിൾ പാരായണത്തോടുള്ള താല്പര്യത്തിലും വളർത്തുക എന്ന ഉദ്ദേശ്യത്തോടെ സ്ഥാപിച്ച ഒരു സംഘടനയാണ് ഇത്. എൺപതോളം കുട്ടികൾ ഇതിൽ അംഗങ്ങളായി ചേർന്നു. എല്ലാ ശനിയാഴ്ചകളിലും രണ്ടാമത്തെ വിശുദ്ധ കുർബാനയ്ക്കുശേഷം ഒന്നാം ക്ലാസ് മുതൽ പത്താം ക്ലാസ് വരെയുള്ള ക്ലാസ്സുകളിൽ പഠിക്കുന്ന കുട്ടികളുടെ മീറ്റിംഗ് ആശ്രമഹാളിൽവെച്ചു നടത്തിപ്പോന്നു. ആ സമയത്ത് അച്ചൻ കുട്ടികൾക്ക് നല്ല ഉപദേശങ്ങൾ നല്കുകയും ഫ്രാൻസിസ്കൻ വിശുദ്ധരുടെയും മറ്റു വിശുദ്ധരുടെയും ജീവചരിത്രം പറഞ്ഞുകൊടുക്കുകയും ചെയ്തുപോന്നു. ബൈബിളിൽ, പ്രത്യേകിച്ച് പുതിയ നിയമത്തിൽനിന്നുള്ള ഭാഗങ്ങൾ ഉൾക്കൊള്ളിച്ച് ക്വിസ് മത്സരം നടത്തുകയും വിജയികൾക്ക് സമ്മാനങ്ങൾ നല്കുകയും ചെയ്യുന്നത് കുട്ടികളിൽ താല്പര്യം വർദ്ധിപ്പിച്ചു.

ശനിയാഴ്ചകളിൽ രണ്ടാമത്തെ കുർബാനയ്ക്ക് ഗാനങ്ങൾ കുട്ടികൾതന്നെയാണ് പാടിയിരുന്നത്. ക്രിസ്മസ്, ഓണാഘോഷാവസരങ്ങളിൽ കുട്ടികൾക്ക് കളികളും മത്സരങ്ങളും സംഘടിപ്പിക്കുകയും വിജയികൾക്ക് സമ്മാനങ്ങൾ നല്കുകയും ചെയ്തിരുന്നു.

2017 മുതൽ ഈ സംഘടനയുടെ മീറ്റിംഗുകൾ, പ്രത്യേക സാഹചര്യത്തിന്റെ സമ്മർദ്ദത്താൽ, ഒന്നാം ശനിയാഴ്ചയും മൂന്നാം ശനിയാഴ്ചയുമായി രണ്ടാമത്തെ കുർബാനയ്ക്കു ശേഷം നടത്തി വരുന്നു.

ക്രിസ്മസ്കാലത്തെ 25 ദിവസവും അൻപതുനോമ്പുകാലത്തെ 50 ദിവസവും ദേവാലയത്തിൽ എത്തി വിശുദ്ധ കുർബാനയിൽ പങ്കുകൊള്ളുന്നവർക്ക് വളരെ ആകർഷകമായ സമ്മാനങ്ങൾ നൽകിവരുന്നു. വർഷത്തിലൊരിക്കൽ കുട്ടികളെ തീർത്ഥാടനത്തിനായി കൊണ്ടുപോകുന്ന രീതിയും ഉണ്ട്.

ഇപ്പോൾ ഈ സംഘടനയിൽ മൂന്നാം ക്ലാസു മുതൽ പത്താം ക്ലാസു വരെ പഠിക്കുന്ന കുട്ടികൾക്കാണ് അംഗത്വം നൽകിവരുന്നത്. ഈ സംഘടനയിൽ ഇപ്പോൾ നാല്പതോളം കുട്ടികൾ ഡയറക്ടർ അച്ചന്മാരായ ചാക്കോ മണ്ണിശ്ശേരിയുടെയും ഡി. ജെയിംസ് കുളത്തുങ്കൽ അച്ചന്റെയും നേതൃത്വത്തിൽ അനുസരണയിലും ദൈവഭക്തിയിലും വിശുദ്ധഗ്രന്ഥപാരായണത്തിലും താല്പര്യമുള്ളവരും വിശുദ്ധരെ അനുകരിച്ച് ജീവിക്കുന്നവരുമായി വളരുന്നു.



സ്നേഹസ്മരണയ്ക്ക്

കുര്യൻ ജോസഫ് (ജോയിച്ചൻ) തീയാട്ടുപറമ്പിൽ

വാഴപ്പള്ളി പ്രദേശത്ത് കഴിഞ്ഞ 50 വർഷമായി കപ്പൂച്ചിൻ സന്ന്യാസസമൂഹം സ്ഥാപകപിതാവായ വി. ഫ്രാൻസിസ് അസ്സീസിയുടെ ചൈതന്യത്തിൽ തിരുസഭയെ, ഗെദ്സമ്നി കൂട്ടായ്മയെ, കുടുംബങ്ങളെ വിശ്വാസത്തിലും ധാർമ്മികമൂല്യങ്ങളിലും ആത്മീയതയിലും പടുത്തുയർത്തുന്ന മഹത്തായ ശുശ്രൂഷയാണ് ചെയ്തുവരുന്നത്. 87 കുടുംബങ്ങളുമായി ആരംഭിച്ച ഗെദ്സമ്നി ഇന്നു 17 കൂട്ടായ്മകളിലായി 650-ൽപരം കുടുംബങ്ങളുടെ കത്തോലിക്കസമൂഹമായി വളർന്നിരിക്കുന്നു. ഗെദ്സമ്നി കുടുംബകൂട്ടായ്മ ഭാരവാഹികളും പാരിഷ് കൗൺസിൽ അംഗങ്ങളും ഗെദ്സമ്നിയിലെ എല്ലാ പ്രവർത്തനങ്ങൾക്കും നേതൃത്വം നൽകി മുന്നോട്ടുപോകുന്നു. അതീവശ്രദ്ധയോടും സ്നേഹത്തോടുംകൂടെ അതിരൂപതയോടും മെത്രാപ്പോലീത്തൻ ഇടവകയോടും പൂർണമായ വിശ്വസ്തതയും വിധേയത്വവും സഹകരണവും പുലർത്തിവരുന്നു.

ഗെദ്സമ്നി കൂട്ടായ്മയ്ക്ക് അതിന്റേതായ ഒരു തനിമയും ആദ്ധ്യാത്മിക ചൈതന്യവുമുണ്ട് എന്ന് ഏവരും അംഗീകരിക്കുന്നു. ജീവകാരുണ്യപ്രവർത്തനങ്ങൾവഴി സമൂഹത്തിലെ പാവപ്പെട്ടവർക്ക് സ്നേഹത്തോടും കാരുണ്യത്തോടും കൂടെ സഹായമെത്തിക്കുന്ന സെന്റ് വിൻസന്റ് ഡി പോൾ സൊസൈറ്റി അംഗങ്ങൾ, വി. ഫ്രാൻസിസ് അസ്സീസിയുടെ ചൈതന്യത്തിലും പ്രാർത്ഥനാരൂപിയിലും കുടുംബജീവിതത്തെ ശക്തിപ്പെടുത്തുകയും വിശദ്ധീകരിക്കുകയും ചെയ്യുന്ന ഫ്രാൻസിസ്കൻ അല്മായ സഭാംഗങ്ങൾ, കുട്ടികളുടെ ചിൽഡ്രൻസ് ലീഗ് അംഗങ്ങൾ, മാദ്ധ്യസ്ഥ പ്രാർത്ഥന, ഏകദിന കൺവൻഷൻ, ആരാധന, ജാഗരണപ്രാർത്ഥന ഇവയ്ക്കു നേതൃത്വം നൽകുന്ന കരിസ്മാറ്റിക് ഗ്രൂപ്പംഗങ്ങൾ, യുവജനശക്തി സഭയ്ക്കും സമൂഹത്തിനുംവേണ്ടി ക്രിയാത്മകമായി വിനിയോഗിച്ചുകൊണ്ട് എല്ലാ പ്രവർത്തനങ്ങൾക്കും നേതൃത്വം നൽകുന്ന ഫ്രണ്ട്സ് ഓഫ് ഗെദ്സമ്നി, യുവദീപ്തി അംഗങ്ങൾ, പരിശുദ്ധ അമ്മയുടെ മാദ്ധ്യസ്ഥ്യം തേടി പ്രാർത്ഥിച്ചു ഗെദ്സമനി കൂട്ടായ്മയ്ക്കു ശക്തി പകരുന്ന ലീജിയൻ ഓഫ് മേരി അംഗങ്ങൾ, ദേവാലയത്തെ വൃത്തിയിലും വെടിപ്പിലും സൂക്ഷിക്കുകയും അൾത്താരയും മറ്റും മനോഹരമായി അലങ്കരിക്കുകയും ചെയ്യുന്ന ഡെക്കറേഷൻ ശുശ്രൂഷകർ, ദേവാലയശുശ്രൂഷികൾ ഭക്തിസാന്ദ്രവും സജീവവുമാക്കുന്ന ഗായകസംഘാംഗങ്ങൾ, അൾത്താര ബാലന്മാർ ഇവരൊക്കെ ഗെദ്സമ്നിയുടെ നാഡീഞരമ്പുകളാണ്.


ഗെദ്സമ്നി കൂട്ടായ്മയുടെ സമഗ്രമായ വളർച്ചയ്ക്ക് അതിരൂപതാകേന്ദ്രത്തിൽനിന്നും അഭിവന്ദ്യ പിതാക്കന്മാരിൽനിന്നും പ്രത്യേകിച്ച് മെത്രാപ്പോലീത്തൻ ഇടവക പെ. ബഹു. വികാരിയച്ചൻ, അസി. വികാരിമാർ എന്നിവരിൽനിന്നും ലഭിച്ചുകൊണ്ടിരിക്കുന്ന സഹകരണവും പ്രോത്സാഹനവും നന്ദിയോടെ സ്മരിക്കുന്നു.

ഗെദ്സമ്നി ദേവാലയത്തെ ഇന്നുവരെ വളർത്തിയവരും സഹായിച്ചവരും സഹകരിച്ചവരും സ്വാധീനം ചെലുത്തിയവരും നേതൃത്വം നൽകിയവരും നിരവധിയാണ്. ആരംഭം മുതൽ വിവിധ നിലകളിൽ ഇവിടെ സേവനമനുഷ്ഠിച്ചുപോയ കപ്പൂച്ചിൻ സഹോദരങ്ങളുടെ മാതൃകാപരമായ ജീവിതവും ശുശ്രൂഷയും, വിശുദ്ധിയും വാഴപ്പള്ളിയിലെ കത്തോലിക്കസമൂഹത്തിന്റെ ആദ്ധ്യാത്മിക പൈതൃകമായി പ്രശോഭിക്കുന്നു. എല്ലാവർക്കും ഒരുപാടു നന്ദി. ഗെദ്സമ്നിയുടെ വളർച്ചയിൽ അതീവജാഗ്രതയോടെ അക്ഷീണം പ്രയത്നിച്ച മഹത്പ്രതിഭകളെയും ഇന്നും സജീവമായി പ്രവർത്തിച്ചുകൊണ്ടിരിക്കുന്ന വാഴപ്പള്ളിയിലെ എല്ലാ കുടുംബങ്ങളെയും ഒത്തിരി നന്ദിയോടും പ്രാർത്ഥനയോടും ആദരവോടുംകൂടെ സ്മരിക്കുന്നു.

❖



ഫ്രാൻസിസുമാരുടെ അപ്രവചനീയത ലോകത്തിന്റെ സമാധാനം



ഡോ. സ്കറിയാ സക്കറിയ

ഇരുപത്തൊന്നാം നൂറ്റാണ്ടിൽ ഫ്രാൻസിസ് എന്ന പേരിനു തിളക്കമേറുന്നു. വിശുദ്ധ ഫ്രാൻസിസിന്റെ ഓർമ്മകൾ സജീവമാക്കിത്തന്നെ പുതിയ മാർപാപ്പ, ഫ്രാൻസിസ് എന്ന ഔദ്യോഗിക നാമം സ്വീകരിച്ചു. അതുകൊണ്ടു മാത്രമുണ്ടായതല്ല ഫ്രാൻസിസിന്റെ തിളക്കം. വിശുദ്ധ ഫ്രാൻസിസിന്റെ വാക്കുകളും ജീവിതശൈലിയും ദർശനവും പുതിയ ലോകത്തിന് ഒരു പ്രത്യൗഷധമായി അനുഭവപ്പെടുന്നു. വിശുദ്ധ ഫ്രാൻസിസിന്റെ കാലശേഷം എത്രയോ നൂറ്റാണ്ടുകൾക്കു ശേഷമാണ് ഫ്രാൻസിസിന്റെ പേരിൽ ഒരു മാർപ്പാപ്പ അറിയപ്പെടുന്നത്. വിശുദ്ധ ഫ്രാൻസിസും ഫ്രാൻസിസ് പാപ്പയും തമ്മിൽ വിശേഷിച്ച് നൈയാമികബന്ധങ്ങൾ ഒന്നുമില്ല. പ്രശസ്ത സന്ന്യാസിസമൂഹമായ ഈശോസഭയിൽനിന്നുള്ള പ്രഥമ മാർപ്പാപ്പയാണ് ഫ്രാൻസിസ് എന്ന പേരു സ്വീകരിച്ച് എല്ലാവരെയും

അമ്പരപ്പിച്ചത്. ഓരോരോ സവിശേഷ സന്ദർഭത്തിലെ വെല്ലുവിളികളോടു പ്രതികരിച്ച് ആദ്ധ്യാത്മികജീവിതത്തിന്റെ പടവുകൾ ചവിട്ടിക്കടന്നവരാണ് വിശുദ്ധർ. വീരോചിതമായ പുണ്യമാണ് വിശുദ്ധരുടെ മുഖമുദ്ര. സ്നേഹത്തിലും അച്ചടക്കത്തിലും സാഹസികതയിലും പുതിയ ആകാശങ്ങൾ കാട്ടിത്തന്ന ഫ്രാൻസിസ് പുണ്യവാളൻ എന്നും എവിടെയും തലമുറകൾക്ക് പ്രകാശഗോപുരമായിരുന്നു. ഇന്നത്തെ ക്രിസ്മസ് ആഘോഷം ലോകത്തിന്റെ വലിയ ഉത്സവമാണ്. ജീവിതത്തെ ഉത്സവീകരിക്കാൻ ഫ്രാൻസിസ് മടിച്ചിട്ടില്ല എന്നതിന് ഉത്തമ ദൃഷ്ടാന്തമാണ് ക്രിസ്മസ് ആഘോഷങ്ങളിൽ അദ്ദേഹം കൊണ്ടുവരുന്ന മാറ്റങ്ങൾ. പുൽക്കൂടും മൃഗജാലങ്ങളും രാജാക്കന്മാരും ഇടയന്മാരുമെല്ലാം ക്രിസ്മസ് ആഘോഷത്തിന്റെ അവിഭാജ്യഘടകങ്ങൾ ആയത് ഫ്രാൻസിസിന്റെ ഇടപെടലുകളോടുകൂടിയാണ്. ജീവിതത്തിന്റെ ന്യായമായ ആഹ്ലാദങ്ങളെ അദ്ദേഹം അംഗീകരിക്കുന്നു. ഇത്തരം ആഹ്ലാദങ്ങൾ ശിശുസഹജമായ നിഷ്കളങ്കത പുലർത്തുകയും ചെയ്തു. യേശു സൂചിപ്പിച്ചതുപോലെ കുഞ്ഞുങ്ങളെപ്പോലെയാകാൻ ഫ്രാൻസിസ് മറ്റുള്ളവരെ പ്രേരിപ്പിച്ചു. അതുകൊണ്ടുതന്നെ നമ്മുടെ ബാല്യകൗമാര അനുഭവശീലങ്ങളെ ജീവിതാന്ത്യത്തോളം നിലനിർത്തുന്ന നിഷ്കളങ്കതയുടെ പര്യായമാണ് ഫ്രാൻസിസ് അസ്സീസി. മാധ്യമയുഗത്തിൽ ആഹ്ലാദങ്ങളെ എങ്ങനെ ധ്യാനാത്മകമായി പരിവർത്തിപ്പിക്കാമെന്ന് ഫ്രാൻസിസിന്റെ മാതൃക വെളിവാക്കുന്നു. സർവചരാചരങ്ങളിലും കുഞ്ഞുങ്ങളെപ്പോലെ അദ്ദേഹം സാഹോദര്യം കണ്ടെത്തി. കപടഗൗരവത്തോടെ പ്രായോഗികമാക്കേണ്ടതാണ് ആദ്ധ്യാത്മികത എന്നു കരുതുന്നവർ ധാരാളമുണ്ട്. സഹനമൂർത്തിയായ ഫ്രാൻസിസ് ആഹ്ലാദങ്ങളെ നിരാകരിക്കുന്നില്ല. ദാരിദ്ര്യത്തെ സ്നേഹിക്കുന്ന അതിന്റെ ആനന്ദം പ്രേമാനുഭവം പോലെ ഉൾക്കൊണ്ടുകൊണ്ടാണ്. ഇതുകൊണ്ടൊക്കെയാകണം സന്ന്യാസത്തിന്റെ പുഞ്ചിരിക്കുന്ന മുഖമായി 21-ാം നൂറ്റാണ്ടിൽ അദ്ദേഹം തെളിഞ്ഞുനിൽക്കുന്നത്. പല തരക്കാരുമായി ഇടകലർന്നുള്ള ജീവിതം, പ്രായംകൂടാതെയുള്ള ഇടപെടൽ എന്നിങ്ങനെ അനേകം കാര്യങ്ങൾ ഇമ്മട്ടിൽ എടുത്തുകാണിക്കാൻ കഴിയും. ഇരുപത്തൊന്നാം നൂറ്റാണ്ടിന്റെ വെല്ലുവിളികളോടു പ്രതികരിക്കാൻ 12-ാം നൂറ്റാണ്ടിൽ ജീവിച്ചിരുന്ന ഫ്രാൻസിസ് അസ്സീസ്സിയുടെ വാക്കുകൾക്കും പ്രവൃത്തികൾക്കും പ്രത്യേകമായ കരുത്തുണ്ടെന്ന് മാർപ്പാപ്പ കരുതിയിരിക്കണം.

യൗവനസഹജമായ തിന്മകൾക്കിടയിൽനിന്ന് സാഹസികമായി നന്മയുടെ തീരങ്ങളിലേക്ക് ഓടിക്കയറിയ യുവാവാണ് ഫ്രാൻസിസ് അസ്സീസി. ഫ്രാൻസിസിന്റെ സ്വഭാവത്തിലെ അപ്രവചനീയത എന്ന് നമുക്ക് ഇതിനെ വിശേഷിപ്പിക്കാം.

ലോകം നേരിടുന്ന കടുത്ത വെല്ലുവിളികൾക്ക് ഫ്രാൻസിസ് നല്കുന്ന ഉത്തരങ്ങൾ ശ്രദ്ധേയങ്ങളാണ്. അതിന്റെ സാരം അദ്ദേഹത്തിന്റെ പേരിൽ അറിയപ്പെടുന്ന 'കർത്താവേ, എന്നെ നിന്റെ സമാധാനത്തിന്റെ ഉപകരണമാക്കണമേ' എന്ന സമാധാന പ്രാർത്ഥനയിൽ കാണാം. ഫ്രാൻസിസിനു ലോകത്തെക്കുറിച്ചുള്ള ദർശനവും ലോകത്തിന് ഫ്രാൻസിസിനെക്കുറിച്ചുള്ള ദർശനവും ഈ പ്രാർത്ഥനയിൽ തുടർച്ച

യായി നിഴലിക്കുന്നു. സമാധാനമാണ് ആ സന്ദേശപ്രാർത്ഥനയുടെ കേന്ദ്രബിന്ദു. പ്രതിയോഗികളോടു പൊരുത്തപ്പെട്ട് ഉണ്ടാക്കേണ്ടതല്ല സമാധാനം. അത് ശാന്തിയും സമൃദ്ധിയും പ്രദാനം ചെയ്യുന്നു. സ്വയം തിരിച്ചറിയുകയും മറ്റുള്ളവരെ അറിഞ്ഞ് അംഗീകരിക്കുകയും ചെയ്യുന്നു. നമ്മുടെ കാലഘട്ടത്തിൽ തിരിച്ചറിയലെന്നത് പുതിയ രീതിയിലായിട്ടില്ല. കുടുംബാംഗങ്ങൾ സ്വീകരണമുറിയിലോ ഊണുമേശയിലോ ഒത്തുകൂടിയിരുന്നാൽ ഐക്യവും സമാധാനവുമാകും എന്നു കരുതിയിരുന്ന ഒരു തലമുറയുണ്ട്. ഇന്ന് കാലം മാറി. ഒരേസ്ഥലത്ത് ഒത്തുകൂടിയിരിക്കുന്നവർ നവമാധ്യമങ്ങളുടെ സഹായത്തോടുകൂടി പല ലോകങ്ങളുമായി ബന്ധപ്പെട്ടു കഴിയുകയാണ്. ഇങ്ങനെ ഒരിടത്ത് പല ലോകങ്ങളിലായി പിരിയുന്ന സമൂഹത്തിന് ശാന്തിയുണ്ടെന്നു കരുതിക്കൂടാ. അവർ വിഭജിതരാണ്, ചിതറിക്കപ്പെട്ടവർ. നവസാങ്കേതികവിദ്യയുടെ സാധ്യതകൾ ഇവിടെ നാം മറന്നുകൂടാ. ഇന്ന് നവമാധ്യമങ്ങൾ ഏറെ പരാമർശിക്കപ്പെടുന്നത് അവയുടെ സാമൂഹ്യഇടപെടലുകളെക്കുറിച്ചാണ്. ധൂർത്ത്, അഴിമതി, അധികാര ദുർവിനിയോഗം തുടങ്ങിയ വിഷയങ്ങളിലേക്ക് പൗരസമൂഹത്തിന്റെ ശ്രദ്ധ തിരിച്ചുകൊണ്ടുവരാൻ നവമാധ്യമങ്ങൾ ഉപകരിക്കുന്നു. ഇത് ചെറിയൊരു കാര്യമല്ല. തിന്മകളോടു രാജിയാകാത്ത മനസ്സുകൾ ഫേസ്ബുക്ക് പോലെയുള്ള കൂട്ടായ്മകളിൽ പ്രത്യക്ഷപ്പെടുന്നു. മറുവശത്ത്, സാമൂഹികനിയന്ത്രണങ്ങളില്ലാതെ അഴിഞ്ഞാട്ടത്തിനുള്ള ഇടങ്ങളായി നവമാധ്യമങ്ങൾ മാറുന്നുണ്ട്. അവയ്ക്കെതിരെ ജാഗ്രത പാലിക്കാൻ എല്ലാ പൗരന്മാർക്കും ബാധ്യതയുണ്ട്. നവമാധ്യമങ്ങളെ കണ്ണുമടച്ച് ആക്ഷേപിക്കുന്നവർക്ക്, ആരാധനാപൂർവ്വം സമീപിക്കുന്നവർക്ക്, തത്ത്വനിഷ്ഠമായി നവമാധ്യമങ്ങൾ ഉപയോഗിക്കാനാവില്ല. വിവേകവും തുറന്നമനസ്സും ഭാവനയും വേണ്ടിവരുന്നതാണ് നവമാധ്യമങ്ങളിലെ ഇടപെടൽ. യൗവനസഹജമായ തിന്മകൾക്കിടയിൽനിന്ന് സാഹസികമായി നന്മയുടെ തീരങ്ങളിലേക്ക് ഓടിക്കയറിയ യുവാവാണ് ഫ്രാൻസിസ് അസ്സീസി. ഫ്രാൻസിസിന്റെ സ്വഭാവത്തിലെ അപ്രവചനീയതയെന്ന് നമുക്ക് ഇതിനെ വിശേഷിപ്പിക്കാം. യേശുവിന്റെ ജീവിതത്തിലുമുണ്ട് ഇത്തരം അപ്രവചനീയത. മറ്റു ശിഷ്യന്മാരിൽനിന്ന് മാർത്തോമ്മായെ വ്യത്യസ്തനാക്കുന്നത് ഇത്തരം അപ്രവചനീയതയാണ്. പല വിശുദ്ധാത്മാക്കളും ഈ ഗുണവിശേഷം പ്രകടിപ്പിച്ചിട്ടുണ്ടെങ്കിലും അനുദിന ജീവിതത്തിന്റെ ചുറ്റുപാടിൽനിന്ന് അപ്രവചനീയതയുടെ മാതൃകകൾ നമുക്ക് കാട്ടിത്തന്നത് വിശുദ്ധ ഫ്രാൻസിസ് ആണ്.

ലോകത്തിലെ 120 കോടി കത്തോലിക്കരുടെ പരമാദ്ധ്യക്ഷനായ ഫ്രാൻസിസ്പാപ്പയും അപ്രവചനീയമായ ചടുലനീക്കങ്ങളിലൂടെ ലോകത്തിന്റെ ശ്രദ്ധയും പ്രതീക്ഷയും വിശ്വാസവും നേടിയിരിക്കു

സഭയുടെ വിശ്വാസപ്രമാണങ്ങളും ചിട്ടവട്ടങ്ങളുമെല്ലാം തകർത്തുകൊണ്ടല്ല അവയെ അർത്ഥപൂർണമായി പൂർത്തീകരിച്ചുകൊണ്ടാണ് ഇരുവരും മുന്നോട്ടുപോകുന്നത്. ഫ്രാൻസിസുമാരുടെ ഏറ്റവും വലിയ അപ്രവചനീയത മർദ്ദിത വിഭാഗങ്ങളോടുള്ള സമീപനത്തിലാണ്. സ്ത്രീകൾ സമൂഹത്തിൽ അനുഭവിക്കുന്ന വിവേചനങ്ങൾ എതിർക്കപ്പെടേണ്ടതാണെന്ന് അവർ കരുതുന്നു.

ന്നു. ഇദ്ദേഹത്തെ അന്തിക്രിസ്തു എന്നു വിശേഷിപ്പിക്കുന്ന പണ്ഡിതന്മാരുണ്ട്. അവസാനത്തെ മാർപ്പാപ്പയെന്നു മറ്റൊരു കൂട്ടർ. ഫ്രാൻസിസിന്റെ പ്രവർത്തനത്തിൽ, വിശുദ്ധന്റെയും മാർപ്പാപ്പയുടെയും നടപടികളിൽ യുവതലമുറയ്ക്ക് പുതിയ അടയാളങ്ങൾ കണ്ടെത്താൻ കഴിഞ്ഞിരിക്കുന്നു.

ക്രൈസ്തവസഭയ്ക്ക് പുറത്തുള്ളവർകൂടി പ്രതീക്ഷയോടെ മാർപ്പാപ്പയെ ഉറ്റുനോക്കുന്നു. വിശുദ്ധ ഫ്രാൻസിസിന്റെ തുടർച്ചയിൽ മാർപ്പാപ്പയെ കാണാൻ ആഗ്രഹിക്കുന്നു. സഭയുടെ വിശ്വാസപ്രമാണങ്ങളും ചിട്ടവട്ടങ്ങളുമെല്ലാം തകർത്തുകൊണ്ടല്ല, അവയെ അർത്ഥപൂർണമായി പൂർത്തീകരിച്ചുകൊണ്ടാണ് ഇരുവരും മുന്നോട്ടുപോകുന്നത്. ഫ്രാൻസിസുമാരുടെ ഏറ്റവും വലിയ അപ്രവചനീയത മർദ്ദിത വിഭാഗങ്ങളോടുള്ള സമീപനത്തിലാണ്. സ്ത്രീകൾ സമൂഹത്തിൽ അനുഭവിക്കുന്ന വിവേചനങ്ങൾ എതിർക്കപ്പെടേണ്ടതാണെന്ന് അവർ കരുതുന്നു. ഒരു അടയാളം എന്ന നിലയിൽ മാർപ്പാപ്പ പെസഹാദിനത്തിൽ സ്ത്രീകളുടെ കാലുകൾ കഴുകി. അത് റോമൻ നിയമത്തിനു വിരുദ്ധമാണെന്ന് നിയമജ്ഞർ ചൂണ്ടിക്കാട്ടി. ഫ്രാൻസിസ് പാപ്പയുടെ മറുപടി ചെറുപുഞ്ചിരിയിൽ ഒതുങ്ങി. വിശുദ്ധ ഫ്രാൻസിസ് വിലക്കുകൾ ലംഘിച്ച് സാമാന്യബുദ്ധിയെത്തന്നെ മറികടന്ന് സർവജീവജാലങ്ങളിലും ചരാചരങ്ങളിലും സാഹോദര്യം കണ്ടെത്തി. ഈ പ്രപഞ്ചസാഹോദര്യം ഇരുപത്തൊന്നാം നൂറ്റാണ്ടിലെ യുവജനങ്ങളെ ആവേശഭരിതരാക്കി.

പരിസ്ഥിതിബോധം ശക്തിപ്രാപിക്കുകയാണ്. ഇക്കാര്യത്തിൽ കത്തോലിക്കമതത്തിന് പൊതുവായും സന്യാസസമൂഹങ്ങൾക്ക് വിശേഷിച്ചും വലിയ പങ്കുവഹിക്കാനുണ്ടെന്ന് തിരിച്ചറിയപ്പെട്ടിരിക്കുന്നു. പാരിസ്ഥിതികബോധം ക്രൈസ്തവ സന്ദേശത്തിൽ കണ്ടെത്താൻ തീവ്രശ്രമം നടക്കുകയാണ്. ആർത്തിയാണ് പരിസ്ഥിതിനാശത്തിനു മുഖ്യകാരണം. ഏതുവിധത്തിലും സമ്പത്തു വർദ്ധിപ്പിക്കുക, അന്യായമായി നേടുന്ന സ്വത്തുപയോഗിച്ച് മിഥ്യയായ പദവികൾ നേടിയെടുക്കുക. ഇത്തരം മിഥ്യാവ്യാപാരങ്ങളുടെ നേരെ വിരൽചൂണ്ടാൻ വിശുദ്ധ ഫ്രാൻസിസിനും ഫ്രാൻസിസ് മാർപ്പാപ്പയ്ക്കും കഴിഞ്ഞു.

നവമാധ്യമങ്ങൾ സ്ത്രീകളുടെ അവകാശങ്ങൾക്കുവേണ്ടിയും പരിസ്ഥിതിസംരക്ഷണത്തിനുവേണ്ടിയും നടത്തിയ പോരാട്ടത്തിൽ വിശുദ്ധ ഫ്രാൻസിസിന്റെയും ഫ്രാൻസിസ് പാപ്പയുടെയും പ്രതിധ്വനികൾ കേൾക്കാം. അങ്ങനെ ഇരുവരും ഭാവിയുടെ ചരിത്രമായി മാറുന്നു.


Golden Jubilee wishes from

Rosemol, Soyuse & Theresa Kanjooparambil


Golden Jubilee wishes from

Vazhappally Service Co-op. Bank Ltd.K108


Vazhappally, Changanacherry





എന്റെ ഉള്ളിലൊരു പുണ്യവാളൻ

പൂ അറിഞ്ഞാണോ പൂ വിടരുന്നത്? പൂ മണം പൊഴിക്കുന്നത്? പൂവിനുള്ളിൽ പൂന്തേൻ നിറയുന്നത്? അതൊക്കെ അങ്ങനെ സംഭവിക്കുന്നു. നമ്മുടെ ഉള്ളിലും അങ്ങനെ ചിലതൊക്കെ സംഭവിക്കുന്നു. അതു നാമറിയാതെ നമ്മുടെ ജീവിതത്തിന്റെ സംഗീതമാകും. നമ്മെ നിരന്തരം നയിക്കുന്ന വെളിച്ചവുമാകും.




പ്രൊഫ. എസ്. ശിവദാസ്


എന്റെ ഉള്ളിൽ പ്രകൃതിബോധം വളർന്നതും അങ്ങനെയായിരുന്നു. ദൈവബോധത്തോടോ ധർമ്മബോധത്തോടോ ഒപ്പം അതും വളർന്നു. ആ അവബോധങ്ങളുടെ സംഗീതത്തിൽ ഒരു രാഗമായി, നാദമായി, താളമായി. എങ്ങനെയോ ഫ്രാൻസിസ് പുണ്യവാളനും കൂടി ദിവ്യമായ സംഗീതം പൊഴിച്ച് എന്നെ ആനന്ദിപ്പിച്ചു. ദിവ്യമായ ഒരു ഭ്രാന്തിനുമാത്രം കഴിയുന്ന നിഷ്കളങ്കമായ പൊട്ടിച്ചിരിയും നൃത്തവും കലഹവും പ്രേമവും കൊണ്ട് എന്നെ ചിരിപ്പിച്ചും ചിന്തിപ്പിച്ചും എന്റെ ജീവിത

പാതയ്ക്ക് ദിശാബോധവും നൽകി. അതേപ്പറ്റി യുക്തിയുക്തമായി വിവരിച്ച് ഒരു പ്രബന്ധമെഴുതാനുള്ള ശേഷി സത്യമായും എനിക്കില്ല.

അമ്മയെ അറിയാൻ അമ്മയുടെ മുല കുടിച്ചു വളരണം. അമ്മയെ കെട്ടിപ്പിടിച്ച് ഉമ്മവയ്ക്കണം. അമ്മയുടെ ചൂരും ചിരിയും പരിഭവവും ദേഷ്യവും വേവലാതിയും കണ്ണീരും സ്വപ്നങ്ങളും മനസ്സിലാക്കണം. അമ്മയോട് അടുത്തിടപഴകണം. പ്രകൃതിയമ്മയെ അറിയാനും ആ അമ്മയുടെ മടിത്തട്ടിലേക്ക് ഇറങ്ങണം. പ്രകൃതിയെ കാണണം, അറിയണം, അനുഭവിക്കണം. അത്ഭുതപ്പെടണം, അനുഭവിക്കണം, ആനന്ദിക്കണം. കമ്പ്യൂട്ടറും ടിവിയും ഒന്നുമില്ലാതിരുന്ന കാലത്ത് ജീവിക്കാൻ ഭാഗ്യമുണ്ടായതിനാൽ ഞാനും ബാല്യകാലത്ത് പ്രകൃതിയമ്മയെ അറിഞ്ഞുവളർന്നു. ചെരിപ്പിടാതെ മണ്ണിലിറങ്ങി ഓടിച്ചാടി തലകുത്തി മറിഞ്ഞു കളിച്ചപ്പോൾ മണ്ണ് എന്തെന്നറിഞ്ഞു. മണ്ണിന്റെ മാർദ്ദവവും തണുപ്പുമറിഞ്ഞു. മണ്ണപ്പം ചുടാൻ മണ്ണുമാന്തിയെടുത്തപ്പോൾ മണ്ണിന്റെ ഉള്ളറിഞ്ഞു. മണ്ണിനടിയിലും ജീവികളുണ്ടെന്നറിഞ്ഞു. പൊടിമണ്ണിലൂടെ തിരക്കിട്ടുപോകുന്ന സുന്ദരനായ ഒരു പുഴുവിനെ ചൂണ്ടി ആരോ പറഞ്ഞുതന്നു, കണ്ടോ ദൈവത്തിന് എണ്ണയും കൊണ്ടുപോകുന്ന എണ്ണപ്പുഴു. ഞാൻ അന്ന് എന്റെ കുഞ്ഞുവിരലുകളിൽ ഒന്നുകൊണ്ട് എണ്ണപ്പുഴുവിന്റെ മുകളിലൊന്നു തൊട്ടു. ഹായ്! വിരലിലൊരിറ്റ് എണ്ണ. ഞാൻ ഭക്തിപൂർവം എണ്ണ പുരണ്ട വിരൽ നെറ്റിയിൽ തൊട്ടു. പിന്നെ കണ്ണടച്ചു പ്രാർത്ഥിച്ചു: "ദൈവമേ, പിണങ്ങല്ലേ. ഞാൻ ഒരിറ്റ് എണ്ണയേ എടുത്തുള്ളൂ." പിന്നെ ഞാനൊരു കള്ളച്ചിരി ചിരിച്ചു. ദൈവത്തിന്റെ എണ്ണ നെറ്റിയിൽ പറ്റിച്ചതിന്റെ സന്തോഷത്തിലായിരുന്നു ചിരി. ദൈവമേ നിന്റെ എണ്ണ എന്റെയും എണ്ണ. ഞാനതെടുക്കും: ട്ടോ അതായിരുന്നു അന്ന് എന്റെ ഭാവം. അക്കാലത്തായിരുന്നു ഞാൻ സൃഷ്ടിയുടെ അത്ഭുതവും കണ്ടറിഞ്ഞത്. മുറ്റത്തും പറമ്പിലുമായി എത്രയെത്ര സസ്യങ്ങൾ. മുക്കുറ്റി മുതൽ ബലിക്കറുക വരെ കുറുന്തോട്ടി മുതൽ ചങ്ങലംപരണ്ട വരെ. പിന്നെ എത്രയോ ഇനങ്ങൾ. കാട്ടുറുമ്പും കടിയനുറുമ്പും പുളിയുറുമ്പും മുതൽ നെയ്യുറുമ്പുവരെ എത്രയെത്ര ഉറുമ്പുകൾ. തേൻകിളിയും ആറ്റക്കുരുവിയും ഇരട്ടത്തലച്ചിയും കാക്കയും കുയിലും ഓലേഞ്ഞാലിയും പൊന്മാനും മുതൽ പ്രാവും തത്തയും വരെ. എല്ലാ ദൈവത്തിന്റെ മക്കളാണെന്ന് ഞാൻ മനസ്സിലാക്കിയത് ഒരു ഓണനാൾ ആയിരുന്നു. അന്ന് അമ്മ ചോറും പരിപ്പും പപ്പടവും നെയ്യും കൂടി കുഴച്ചെടുത്തു. അമ്മയുടെ സഹായിയായി അമ്മ എന്നെ എടുത്തു നിർത്തിയിരുന്നു. കൈയിൽ കുറെ ഇലക്കീറുകളും ഏല്പിച്ചിരുന്നു. വീടിനു ചുറ്റും വരാന്തയുണ്ടായിരുന്നു. അവിടെ ഇടയ്ക്കിടെയായി ഇലക്കീറുകൾ



വയ്ക്കാൻ അമ്മ പറഞ്ഞു. ഞാൻ ഇലകൾ നിലത്തുവച്ചു. ഞാൻ ഓരോ ഇലയിലും ഓരോ ഉരുളവച്ചു. ചോറു പരിപ്പു, പപ്പട, നെയ്യുരുളകൾ. "ഇതെന്തിനാ അമ്മേ?" ഞാൻ ചോദിച്ചു. "മോനേ ഓണല്ലേ. ഓണത്തിന് ഉറുമ്പിനും കൊടുക്കണം. ഉറുമ്പു പോലും ഓണനാൾ പട്ടിണി കിടക്കരുത്. കിടന്നാൽ ഓണം ഓണമാകില്ല. പാവം. അതും ദൈവത്തിന്റെ മക്കൾ. നിന്നെപ്പോലെ, എന്നെപ്പോലെയും."



എന്റെ ദൈവമേ, നിനക്കു മക്കൾ കുറെ ഉണ്ടല്ലോ. ഞാൻ അന്ന് അതോർത്ത് അത്ഭുതപ്പെട്ട് ദൈവത്തോടു ചോദിച്ചുപോയി. പിന്നീടൊരുനാൾ ഫ്രാൻസിസ് എന്ന ദൈവഭ്രാന്തൻ പക്ഷികൾക്കു സുവിശേഷം കൊടുത്ത കഥ വായിച്ചപ്പോൾ എനിക്ക് ആ പുണ്യവാളനെ ഒന്നു കെട്ടിപ്പിടിച്ച് ഉമ്മവയ്ക്കാൻ തോന്നിപ്പോയി. അമ്മ ഉറുമ്പിനു ചോറു കൊടുത്തു. പുണ്യവാളൻ പക്ഷികൾക്കു സുവിശേഷവും കൊടുത്തു. രണ്ടുപേരും ദൈവത്തിന്റെ മക്കളെ സ്നേഹിച്ചു. ഒരാൾ ചോറു കൊടുത്ത് ശരീരത്തിന്റെ വിശപ്പടക്കാൻ സഹായിച്ചു. മറ്റേയാൾ സുവിശേഷം നൽകി മനസ്സിന്റെ വിശപ്പു മാറ്റാൻ ശ്രമിച്ചു. രണ്ടുപേരും അവരവരുടെ പ്രവൃത്തികൾവഴി ദൈവത്തെ അറിഞ്ഞു, ആദരിച്ചു, സ്നേഹിച്ചു. പക്ഷേ രണ്ടുപേരുടെയും ഭക്തി എത്ര വ്യത്യസ്തം. അമ്മയുടേതു ശാന്തം. ഫ്രാൻസിസിന്റേതോ ശക്തം. ദിവ്യമായ ഭ്രാന്തിന്റെ മാസ്മരിക പ്രഭാവത്തിൽ ജ്വലിക്കുന്ന സുവിശേഷാഘോഷം! അപ്പോൾ ദൈവത്തെ അറിയാൻ വഴിയേറെ. അമ്മയുടേത് നിശ്ശബ്ദമായ ഈശ്വര(പ്രകൃതി) സേവ. പുണ്യവാളന്റേതോ, കാനനച്ചോലയുടെ കുത്തൊഴുക്കുപോലെ വികാരവിസ്ഫോടനപ്രവാഹം.

അക്കാലത്തുതന്നെ ഞാൻ യേശുവിനെയും അറിഞ്ഞു. കുരിശിലെ യേശുവിനെ അറിയും മുമ്പ് ഞാനറിഞ്ഞത് കാലിത്തൊഴുത്തിൽ വൈക്കോൽമെത്തയിൽ കിടന്ന്, പുഞ്ചിരിയുടെ നിലാവു പരത്തിയ ഉണ്ണിയേശുവിനെ. കാലിത്തൊഴുത്തിൽ കടന്ന് കുഞ്ഞുപശുക്കുട്ടികളെ എടുത്തു മാറോടു ചേർത്ത് ഓമനിച്ചു പരിചരിച്ചിരുന്ന എനിക്ക് കാലിത്തൊഴുത്തിലെ ഉണ്ണിയേശുവിനെ ഇഷ്ടമായത് സ്വാഭാവികം. വെണ്ണകട്ടുതിന്നുന്ന കണ്ണനെയും കാലിത്തൊഴുത്തിൽ പുഞ്ചിരിച്ചു കിടക്കുന്ന ഉണ്ണിയേശുവിനെയും ഞാൻ സ്വപ്നം കാണാൻ തുടങ്ങി. ഡിസംബർ മാസത്തിലെ തണുപ്പ് അനുഭവിച്ച ഒരുനാൾ ഞാൻ അറിയാതെ ഉണ്ണിയേശുവിനെ ഓർത്തുപോയി. പാവം! ഡിസംബറിലെ മരം കോച്ചുന്ന മഞ്ഞിൽ ഒരു കഷണം പുതപ്പുപോലുമില്ലാതെ കാലിത്തൊഴുത്തിൽ ദൈവപുത്രൻ!

പിന്നെപ്പിന്നെ ആ ചിത്രത്തിനു മിഴിവേറി, അർത്ഥമേറി. വായനയിലൂടെ ചിന്തയിലൂടെ അർത്ഥം മനസ്സിലാക്കി. യേശു



ദൈവപുത്രൻ. വേണമെങ്കിലൊരു കൊട്ടാരത്തിൽ ജനിക്കാമായിരുന്നു. കൊട്ടാരത്തിലെ പട്ടുമെത്തയിൽ കമ്പിളിപ്പുതപ്പും പുതച്ചു കിടന്നു പുഞ്ചിരിക്കാമായിരുന്നു. സർവ സുഖസൗകര്യങ്ങളോടെയും ജീവിക്കാമായിരുന്നു. അതൊന്നും വേണ്ട എന്നു വച്ച് ഒരു കാലിത്തൊഴുത്തിൽ ജനിച്ചു. ആ ജനനം കാണാൻ മിണ്ടാപ്രാണികൾക്കു ഭാഗ്യം നൽകി. വൈക്കോൽമെത്തയിൽ ഒരു പുതപ്പുപോലുമില്ലാതെ കിടന്ന് ഉണ്ണിയേശു ചിരിച്ചു. ലാളിത്യത്തിന്റെ മാതൃക മനുഷ്യനു കാണിച്ചുതന്നു. പ്രകൃതിയോടു ചേർന്നു ജീവിക്കേണ്ടതെങ്ങനെയെന്നും കാണിച്ചു. ആ യേശുവിൽ സ്വയമർപ്പിച്ചു ജീവിച്ച ഫ്രാൻസിസെന്ന ദൈവദാസൻ ചെരുപ്പില്ലാതെ തന്നെ നടക്കണം. മണ്ണിനെ അറിയാൻ മണ്ണിൽ നടക്കേണ്ടേ? മനുഷ്യനെ അറിയാൻ മനുഷ്യർക്കിടയിൽ ജീവിക്കുകയും വേണം. കൊട്ടാരത്തിലോ മണിമാളികയിലോ ജനിക്കാതിരിക്കുകയും പച്ചയായ സാധാരണ മനുഷ്യർക്കിടയിൽ ജീവിക്കുകയും ചെയ്തു മാതൃക കാട്ടിയ യേശുവിന്റെ ദാസൻ അച്ഛന്റെ കട ഉപേക്ഷിച്ചില്ലെങ്കിലല്ലേ അത്ഭുതപ്പെടേണ്ടൂ. തെരുവിൽ നൃത്തം വച്ചു ദൈവത്തെ സ്തുതിച്ചു പാടിയില്ലെങ്കിലല്ലേ അത്ഭുതപ്പെടേണ്ടൂ.

യേശു ഒന്നും സമ്പാദിച്ചില്ല. വെറും കൈയുമായി ജീവിച്ചു. മരപ്പണിക്കാരും മീൻപിടുത്തക്കാരും കൂട്ടുകാരായി, ശിഷ്യരുമായി. വിതയ്ക്കാതെ, കൊയ്യാതെ, സമ്പാദിക്കാതെ, വെട്ടിപ്പിടിക്കാതെ ദൈവപുത്രൻ ഒരു സ്നേഹസാമ്രാജ്യം സ്ഥാപിച്ചു. ആ ദൈവപുത്രന്റെ ദാസനും നിസ്വനായിത്തന്നെ ജീവിച്ചു. ഈ കാര്യങ്ങളൊക്കെ ഏറെക്കാലം കഴിഞ്ഞാണ് ഞാൻ പഠിച്ചത്. ബാല്യകൗമാരകാലത്ത് ഉണ്ണിയേശുവിനെ പരിചയപ്പെട്ടതിനുശേഷം ഞാൻ പരിചയപ്പെട്ടത് ആട്ടിൻകുട്ടിയെ മാറോടു ചേർത്തു നടന്നുവരുന്ന യേശുവിനെ ആയിരുന്നു. ആ ചിത്രം അക്കാലത്ത് എനിക്കാവേശമായി. ആട്ടിൻകുട്ടിയേയും കോഴിക്കുഞ്ഞിനേയും നെഞ്ചോടു ചേർത്തു നടന്നിരുന്നവനായിരുന്നു അന്നു ഞാനും. പശുക്കുട്ടികളെ എടുത്തുപൊക്കാൻ പറ്റാത്തതിനാൽ പിടിച്ചുനിർത്തി കെട്ടിപ്പിടിച്ച് സംതൃപ്തിയടഞ്ഞു ജീവിച്ചിരുന്ന കുട്ടി. നെഞ്ചോടു ചേർക്കുമ്പോഴും കെട്ടിപ്പിടിക്കുമ്പോഴും ആ മിണ്ടാപ്രാണികളുടെ നെഞ്ചിടിപ്പും എന്റെ നെഞ്ചിടിപ്പും ഒന്നിച്ചു ചേർന്ന് ഒരു താളമായി മാറുന്നത് ഞാൻ അനുഭവിച്ചിരുന്നു. ആ എനിക്ക് ദൈവപുത്രൻ ആട്ടിൻകുട്ടിയെ നെഞ്ചോടു ചേർത്തു നടന്നുവരുന്നത് ഇഷ്ടപ്പെട്ടുപോയതിൽ അത്ഭുതമില്ല. ആട്ടിൻകുട്ടി മുതൽ 'കോഴിക്കുട്ടി' വരെ

ദൈവക്കുട്ടികളാണല്ലോ എന്ന് ആരും പഠിപ്പിക്കാതെ ഞാനന്ന് അറിഞ്ഞു.

പിന്നീടായിരുന്നു കുരിശിലെ യേശുവിനെ പരിചയമാകുന്നത്. ആ കൗമാരപ്രായത്തിൽ കുരിശേറിയ യേശുവിന്റെ മഹത്ത്വം എനിക്ക് ഉൾക്കൊള്ളാനായില്ല. ദൈവപുത്രൻ എന്തിനു കുരിശുമരണം വരിക്കണം? അന്ന് അതിനുത്തരം ആരും പറഞ്ഞുതന്നില്ല.

പിന്നീടായിരുന്നു ഭ്രാന്തമായ ഒരു വായനയുടെ കാലം. അപ്പോൾ മഹാഭാരതവും രാമായണവും ബൈബിളും ഖുറാനും മുതൽ ഗീതാഞ്ജലിവരെ വായിച്ചു. കൃഷ്ണനെയും ക്രിസ്തുവിനെയും ബുദ്ധനെയും ആഴത്തിലറിയാനുള്ള ശ്രമമുണ്ടായി. അക്കാലത്ത് വി. ഫ്രാൻസിസിനെക്കുറിച്ചും കുടുതലറിഞ്ഞു. കുരിശിന്റെ മഹത്ത്വവും മനസ്സിലാക്കി. മനുഷ്യർക്കായി ദൈവപുത്രൻ കുരിശുവരിച്ച കഥയിലെ മഹത്ത്വം മനസ്സിലാക്കി. സഹനത്തിന്റെ മഹാസാഗരമാണ് യേശു. കരുണയുടെയും കരുതലിന്റെയുംകൂടി മഹാസാഗരം. ആ യേശുവിനെ അറിയാൻ യേശുവിന്റെ മുറിപ്പാടുകൾ പ്രാർത്ഥിച്ചു, യാചിച്ചു വാങ്ങി വേദനയുടെ ലഹരിയിൽ ഈശ്വരസാക്ഷാത്കാരം സാധിച്ച ദിവ്യമായ ഭ്രാന്തിനു മുന്നിൽ എന്റെ മുട്ടും മനസ്സും വിറച്ചു.

അക്കാലത്തായിരുന്നു പരിസ്ഥിതിശാസ്ത്രവും പ്രചാരത്തിലാകുന്നത്. കോളേജിൽ രസതന്ത്രം പഠിപ്പിച്ചുകൊണ്ട് എന്റെ മനസ്സിന്റെ ആത്മീയ വിശപ്പകറ്റാൻ ഞാൻ ഇക്കോളജിയും പഠിച്ചു. മൈക്രോബു മുതൽ മനുഷ്യൻവരെ നീണ്ടുപരന്നു കിടക്കുന്ന ജൈവവൈവിധ്യത്തിന്റെ അത്ഭുത സുന്ദരലോകം കണ്ട് ആവേശം കൊണ്ടപ്പോൾ അറിയാതെ സൃഷ്ടിയുടെ മഹത്ത്വത്തെപ്പറ്റി ഓർത്തുപോയി. സൃഷ്ടിച്ചവന്റെ ഭാവനാവിലാസത്തെ വാഴ്ത്തിപ്പോയി. നാനാതരം ജീവജാലങ്ങളും ഒരു വലയിലെ കണ്ണികളെന്നപോലെ പരസ്പരം ബന്ധപ്പെട്ടുകൊണ്ട് കൊടുത്തും സഹകരിച്ചും സന്തോഷിച്ചും ജീവിക്കാനായി സൃഷ്ടിക്കപ്പെട്ടിരിക്കുന്ന മധുരമനോഹരലോകമാകുന്നു ഇക്കോളജി വെളിപ്പെടുത്തുന്നത്. ആ സത്യം അറിഞ്ഞപ്പോൾ ഓണത്തിന് ഉറുമ്പിന് ആഹാരം കൊടുക്കുന്ന അമ്മയെ മനസ്സിലായി. പാറയേയും മണ്ണിനെയും സൂര്യനെയും ജലത്തെയുമെല്ലാം സ്വന്തം സഹോദരങ്ങളായി കാണുന്ന വി. ഫ്രാൻസിസിന്റെ ഉൾക്കാഴ്ചയുടെ ആഴവും സൗന്ദര്യവും അപ്പോൾ ശരിക്കു മനസ്സിലായി.

ഇതൊക്കെ പഠിച്ചപ്പോഴാണ് ഞാൻ ഞാനറിയാതെ ഇക്കോളജിയിലൂടെ



ഇക്കോ സ്പിരിച്ചാലിറ്റിയിലേക്ക് ഒഴുകിപ്പോയത്. ഇക്കോളജി പഠിപ്പിക്കുന്ന രണ്ടു സത്യങ്ങൾ ഉണ്ട്. ഒരു ജീവിക്കും ഒറ്റയ്ക്കു നിലനില്പില്ല. നിലനിൽക്കാൻ, വളരാൻ മറ്റനേകം ജീവികളുടെയും ജീവനില്ലാത്ത ഘടകങ്ങളുടെയും സഹായം വേണം. എന്നു പറഞ്ഞാൽ 'ഞാൻ' ഇല്ല. നമ്മളേയുള്ളു. നമ്മൾ എന്ന കുടുംബം. രണ്ടാമത്തെ സത്യം എന്ത്? സഹകരണത്തിലൂടെയാണ് ലോകം നിലനിൽക്കുന്നത്, നാനാതരം ജീവികൾക്ക് ജീവിക്കാനാവുന്നത്. ജീവന്റെ സംഗീതം സംഘഗാനമാണ്. ജീവലോകം കൂട്ടായ്മയുടെ സുവിശേഷമാണ് വിളംബരം ചെയ്യുന്നത്. അറിയുക: മനുഷ്യക്കുട്ടി

ഇക്കോളജി പഠിപ്പിക്കുന്ന രണ്ടു സത്യങ്ങൾ ഉണ്ട്. ഒരു ജീവിക്കും ഒറ്റയ്ക്കു നിലനില്പില്ല. നിലനിൽക്കാൻ, വളരാൻ മറ്റനേകം ജീവികളുടെയും ജീവനില്ലാത്ത ഘടകങ്ങളുടെയും സഹായം വേണം. എന്നു പറഞ്ഞാൽ 'ഞാൻ' ഇല്ല. നമ്മളേയുള്ളു. നമ്മൾ എന്ന കുടുംബം. രണ്ടാമത്തെ സത്യം എന്ത്? സഹകരണത്തിലൂടെയാണ് ലോകം നിലനിൽക്കുന്നത്, നാനാതരം ജീവികൾക്ക് ജീവിക്കാനാവുന്നത്. ജീവന്റെ സംഗീതം സംഘഗാനമാണ്. ജീവലോകം കൂട്ടായ്മയുടെ സുവിശേഷമാണ് വിളംബരം ചെയ്യുന്നത്.

അമ്മയുടെ വയറ്റിൽനിന്നു പുറത്തുവരുമ്പോൾതന്നെ ഉള്ളിലേക്ക് സൂക്ഷ്മജീവികളായി മൈക്രോബുകൾ കയറി ഉള്ളിൽ താമസിക്കുന്നു. അങ്ങനെ പ്രിയസുഹൃത്തേ, നിങ്ങളുടെ ആമായശയത്തിൽമാത്രം രണ്ടായിരം കോടിയിലേറെ മൈക്രോബുകൾ താമസിക്കുന്നു. വായിലുമുണ്ട് അഞ്ഞൂറുകോടി. കക്ഷത്തിലും തലയോട്ടിയിലും പോലുമുണ്ട് താമസക്കാർ. മനുഷ്യശരീരം മഹാത്ഭുതം. അത് കോടാനുകോടി മൈക്രോബുകൾക്കു താമസിക്കാനുള്ള വീടാണ്. അങ്ങനെ അതും കൂട്ടായ്മയുടെ സുവിശേഷം ഘോഷിക്കുകയാണ്! പ്രകൃതിയുടെ ഒരു പ്രതീകമായി നിലനില്ക്കുകയാണ്.

ഇങ്ങനെ അനേകമനേകം ഇക്കോളജീയ സത്യങ്ങൾ പഠിച്ചപ്പോൾ ഫ്രാൻസിസിന്റെ പ്രസക്തി കൂടുതൽ കൂടുതൽ തെളിഞ്ഞുവരുന്നതായി ഞാൻ മനസ്സിലാക്കി. മണ്ണിനെയും കല്ലിനെയും സൂര്യനെയും ജലത്തെയും മുയലിനെയും പറവകളെയുമൊക്കെ സ്വന്തം കുടുംബാംഗമായിത്തന്നെ കാണുമ്പോൾ സഹോദരാ എന്നോ സഹോദരീ എന്നോ തന്നെയല്ലേ സംബോധന ചെയ്യേണ്ടത്? അമിതമായ ഭോഗാസക്തി മൂലം ആധുനികമനുഷ്യൻ പ്രകൃതിയെ മലിനമാക്കുമ്പോൾ ചെരിപ്പുപോലും വേണ്ടെന്നുവച്ച്, പ്രകൃതിയിൽനിന്നും ഏറ്റവും കുറച്ചുമാത്രം സ്വീകരിച്ച്, ജീവിച്ചുകാണിക്കുന്ന ഫ്രാൻസിസ് ലോകത്തിന് അത്യുജ്ജ്വലമായ ഒരു മാതൃക കാണിച്ചുതരുക തന്നെയല്ലേ? കാലം കഴിയുംതോറും ഫ്രാൻസിസിന്റെ പ്രസക്തി കൂടുതൽ കൂടുതൽ ആവുകതന്നെയല്ലേ?

ഇങ്ങനെ ഫ്രാൻസിസിനെ കൂടുതൽ മനസ്സിലാക്കിവരുന്ന കാലത്തായിരുന്നു അദ്ദേഹത്തെപ്പറ്റി ഒരു ഗ്രന്ഥമെഴുതണമെന്ന ഒരാശ എന്റെയുള്ളിലുണ്ടായത്. കസൻദ്സക്കീസിന്റെ *ദൈവത്തിന്റെ നിസ്സഹൻ* വായിച്ചതോടെ ആ ആഗ്രഹം തീവ്രവുമായി. എന്നാൽ എഴുതാനിരുന്നപ്പോൾ ഞാൻ അമ്പരന്നുപോയി. പാരാവാരം പോലൊരു കഥ. അതിതീവ്രമായ വേദന സ്വയം സ്വീകരിച്ച് അതിൽത്തന്നെ പിടിച്ചുനിന്ന് ദൈവപുത്രനെ, ദൈവത്തെ അറിയുക. "കൃഷ്ണാ, നീ എനിക്കു ദുഃഖം തരൂ; അപ്പൊഴേ ഞാൻ നിന്നെ ഓർക്കൂ" എന്നു പ്രാർത്ഥിച്ച കുന്തിയുടെ സഹോദ

രൻതന്നെ വി. ഫ്രാൻസിസ്. ലോകം കൂടുതൽ കൂടുതൽ സുഖങ്ങൾ അന്വേഷിച്ചുപായുമ്പോൾ, എത്ര സുഖങ്ങൾ ലഭിച്ചാലും തൃപ്തിപ്പെടാതെ കൂടുതൽ സുഖസൗകര്യങ്ങൾക്കായി പ്രകൃതിയെ പീഡിപ്പിക്കുമ്പോൾ, രാക്ഷസീയമായ ഭാവത്തോടെ പ്രകൃതിയെ പിളർന്നു ചോരയും മാംസവും തിന്നു മദിക്കുമ്പോൾ, പ്രകൃതിയമ്മ തകർന്നു തളർന്നു വീഴാൻ പോകുമ്പോൾ, വി. ഫ്രാൻസിസേ, അങ്ങേ ഉടുവസ്ത്രവും ചെരുപ്പും പോലും വേണ്ടെന്നുവച്ചും ജീവിക്കാമെന്നു കാണിച്ചുതന്നു. ആത്മാവിനെപ്പോലും കീറിപ്പറിക്കുന്നത്ര കടുത്ത വേദനകൾ കടിച്ചമർത്തി ജീവിക്കുന്നതെങ്ങനെയെന്നു കാണിച്ചുതന്നു. സുഖസമൃദ്ധമായ വീടും വിജയിച്ചുനിന്നിരുന്ന ബിസിനസും മദ്യവും മദിരയും എന്തിന്, യൗവനത്തിലെ തീവ്രവും തീക്ഷ്ണവുമായ പ്രേമബന്ധവും എല്ലാം ത്യജിച്ച്, സ്വന്തം നാഥനെ സ്തുതിച്ച്, തെരുവിൽ ആടിപ്പാടാൻ തയ്യാറായി ആ നിസ്വൻ! വെട്ടിപ്പിടിക്കലല്ല, ത്യാഗമാണ് ആത്യന്തികമായ ആനന്ദം നൽകുകയെന്നും, ആത്മാവിന്റെ ദാനത്തിനു വേണ്ടത് ത്യാഗത്തിൽ തിളങ്ങുന്ന നിഷ്കാമപ്രേമമാണെന്നും ലോകത്തിനു കാണിച്ചുകൊടുത്തു — അല്ല കൊടുത്തുകൊണ്ടു നിൽക്കുന്നു — ദിവ്യമായ ഭ്രാന്തിൽ നൃത്തം ചെയ്യുന്ന ആ പുണ്യവാളൻ. പ്രകൃതി പിടഞ്ഞു പ്രാണവേദനയോടെ കേഴുന്ന ആധുനികകാലത്ത്, മണ്ണും വെള്ളവും വായുവും പോലും വിഷമയമായി മാറിക്കൊണ്ടിരിക്കുന്ന ഈ കലിയുഗത്തിൽ, കാലാവസ്ഥ തകിടം മറിഞ്ഞുകൊണ്ടിരിക്കുന്ന ഈ ലോകത്തിൽ, ത്യാഗത്തിന്റെ, സ്നേഹത്തിന്റെ കരുണയുടെ കരുതലിന്റെ ജീവവായുവായി ഫ്രാൻസിസിന്റെ ജീവിതസന്ദേശം ലോകമെങ്ങും വീശിയടിച്ച്, ഓരോ ഹൃദയത്തിന്റെയും ഓരോ അറയിലും കയറി, മരണാസന്നയായ ഭൂമിക്ക് ജീവവായുമായി മാറും; മാറണം.

പ്രകൃതി പിടഞ്ഞു പ്രാണവേദനയോടെ കേഴുന്ന ആധുനികകാലത്ത്, മണ്ണും വെള്ളവും വായുവും പോലും വിഷമയമായി മാറിക്കൊണ്ടിരിക്കുന്ന ഈ കലിയുഗത്തിൽ, കാലാവസ്ഥ തകിടം മറിഞ്ഞുകൊണ്ടിരിക്കുന്ന ഈ ലോകത്തിൽ, ത്യാഗത്തിന്റെ, സ്നേഹത്തിന്റെ കരുണയുടെ കരുതലിന്റെ ജീവവായുവായി ഫ്രാൻസിസിന്റെ ജീവിതസന്ദേശം ലോകമെങ്ങും വീശിയടിച്ച്, ഓരോ ഹൃദയത്തിന്റെയും ഓരോ അറയിലും കയറി, മരണാസന്നയായ ഭൂമിക്ക് ജീവവായുമായി മാറും; മാറണം.

ഒരുനാൾ പതിവുപോലെ വെളുപ്പിനുണർന്നു. മുഖം കഴുകിയിട്ട് എഴുത്തുമേശക്കരികിൽ ഇരുന്നു. ജനാലയിലൂടെ കുളിർകാറ്റു കടന്നുവന്ന് എന്നെ തഴുകി ആശ്വസിപ്പിച്ചു. അണ്ണാൻകുന്നിലെ കിളികൾ പ്രഭാതത്തെ വരവേൽക്കാൻ പാടുന്നു. ആ നാനാതരം പാട്ടിൽ, സ്വർഗ്ഗീയരാഗത്തിൽ ലയിച്ച് ഞാനിരുന്നപ്പോൾ പെട്ടെന്ന് ആ പാട്ടുകൾ പണ്ടെന്നോ കേട്ടതുപോലെ ഫ്രാൻസിസിനെ കേൾപ്പിക്കാൻ പക്ഷികൾ പാടിയ പാട്ടുപോലെ. ആ സ്വർഗ്ഗീയനിമിഷം എന്റെയുള്ളിൽ ഒരു ചിത്രം മിഴിവോടെ തെളിഞ്ഞുവന്നു. ഞാൻ പേന തുറന്നു. ഞാൻ ഏതോ കാട്ടിലായിക്കഴിഞ്ഞിരുന്നു. അവിടെ പാതിരാവായിരുന്നു. ഒരു മരത്തിനു മുകളിൽ ഒരു കൂട്ടിൽ ഒരമ്മക്കിളി ഇരുന്നിരുന്നു. അവളുടെ ചിറകിനടിയിലൊരു കുഞ്ഞിക്കിളി. അവൾ ഉറങ്ങുന്നു. പെട്ടെന്ന് അവളുടെ സ്വപ്നത്തിലേക്ക് പുണ്യവാളൻ കടന്നുവരുന്നു. ഒരു കാറ്റിൽ പറന്നെന്നവണ്ണം ഒരു ഒച്ചയോ അനക്കമോ ഉണ്ടാക്കാതെ പുണ്യവാളൻ. അദ്ദേഹം

തന്റെ മൃദുലമായ കൈകൾ കൊണ്ട് ആ കിളിയമ്മയെ തലോടുന്നു. അവളെ ഉണർത്തുന്നു. ഉണർത്തിക്കൊണ്ടു പറയുന്നു. പാടൂ. പാടൂ. നിനക്കോർമ്മയില്ലേ. ഞാൻ കിളികൾക്ക് സുവിശേഷം നൽകിയ ദിനം. ആ ദിനമാണ് നാളെ പുലരുന്നത്. അതേ തീയതി. അതിനാൽ ഇപ്പൊഴേ പാടൂ. പാതിരാവു കഴിഞ്ഞല്ലോ. ഇനി പാടാം. നേരം വെളുക്കുന്നതുവരെ പാടാം.

ഞാൻ സുവിശേഷം നൽകിയതിന്റെ ഓർമ്മ പുതുക്കി പാടാം...



കുഞ്ഞൻ കിളിയമ്മ കണ്ണുതുറക്കുന്നു. അവളുടെ ഉള്ളിൽ ആവേശം. ആഹ്ലാദം അവൾ പാടുന്നു. അതു കേട്ടു മറ്റു കിളികളും പാടുന്നു. പാതിരാവിൽ, കാട്ടിൽ, പാട്ടു നിറയുന്നു. നേരം വെളുത്തിട്ടും പാട്ടു തുടരുന്നു. പാട്ടുകേട്ട് അത്ഭുതപ്പെട്ട് മകൾ കാര്യം തിരക്കുന്നു. അപ്പോൾ അമ്മ ആ കഥ പറഞ്ഞുതുടങ്ങുന്നു; കിളിമകളുടെ പുണ്യവാളൻ. അങ്ങനെ ഞാൻ, ഞാനറിയാതെ എഴുതാൻ തുടങ്ങി.

വാക്കുകൾ വരുന്നു. വാചകങ്ങൾ രൂപപ്പെടുത്തുന്നു. വാക്കുകളുടെ നൃത്തം. വാക്കുകൾ പൂക്കുന്നു. വാചകങ്ങൾ ഒഴുകിവരുന്നു. ഞാൻ ഒന്നും ചിന്തിക്കുന്നില്ലായിരുന്നു. ഉള്ളിൽ താനേ രൂപപ്പെട്ടു വന്ന കഥ, കിളി പറയുന്ന പടി എഴുതിയപ്പോൾ എഴുത്ത് എത്ര എളുപ്പം! അതിനായി ഒരു ഭാഷ അപ്പോൾ താനെ ഉണ്ടാവുകയായിരുന്നു.

അമ്മക്കിളി മകളോടു പുണ്യാവളന്റെ കഥ പറയുന്ന രീതിയിൽ എഴുതിയെഴുതിപ്പോയി. അങ്ങനെയങ്ങനെ കിളിമകളുടെ പുണ്യവാളൻ എഴുതിയെഴുതി തീർത്തു. ആ ദിവസങ്ങളിൽ ഞാൻ മറ്റാരോ ആയിരുന്നു. എനിക്കു വിശപ്പില്ലായിരുന്നു, ദാഹമില്ലായിരുന്നു. രാത്രി ഏറെനേരം കഴിഞ്ഞായിരുന്നു കട്ടിലിലേക്ക് മറിഞ്ഞിരുന്നത്. കിടന്നാലുടൻ വാടിയ ഒരു ചേനത്തണ്ടു പോലെ തളർന്നു കിടന്നുറങ്ങും. സുമ ടീച്ചർ എന്റെ അവസ്ഥ കണ്ടു ഭയപ്പെട്ടു. ഞാൻ പക്ഷേ ഭയപ്പെട്ടില്ല. ഭയപ്പെടാൻപോലും എനിക്കു കഴിഞ്ഞിരുന്നില്ല. ഞാൻ മറ്റേതോ ലോകത്തായിരുന്നു. ഞാൻ എഴുതുകയായിരുന്നില്ല. എന്നെ ആരോ പിടിച്ചെഴുതിക്കുകയായിരുന്നു.


പുസ്തകം പുറത്തിറങ്ങിക്കഴിഞ്ഞിട്ടും എന്റെ മനസ്സിൽനിന്നും പുണ്യവാളൻ വിട്ടുനിന്നില്ല. എനിക്ക് മറ്റൊന്നും എഴുതാനാകാതെ കുറെനാൾ ഞാൻ ജീവിച്ചു. പിന്നെ സുമടീച്ചറുമൊത്ത് ദുബായ്വരെ പോയി. അവിടെ കാണാത്ത കാഴ്ചകൾ കണ്ടു, കേൾക്കാത്ത പാട്ടുകൾ കേട്ടു. അങ്ങനെ പുണ്യവാളനെ മറന്നു. മനസ്സിൽനിന്നും മാറ്റി. പിന്നെ അവിടെ ഇരുന്ന് മറ്റൊരു പുസ്തകം എഴുതിത്തീർത്തു. എന്നിട്ട് സന്തോഷത്തോടെ പ്രഖ്യാപിച്ചു: പുണ്യവാളൻ എന്നെ വിട്ടുപോയി.

എന്നാൽ ഞാനൊരു വിഡ്ഢിയാണെന്ന് പിന്നീടായിരുന്നു ഞാനറിഞ്ഞത്. വീട്ടിലെ ഒരു മുറിയിൽ ആവശ്യമില്ലാതെ ഒരു ബൾബു കത്തുന്നതു കണ്ടപ്പോൾ ഞാൻ ഓടിച്ചെന്ന് അതു കെടുത്തും. അയ്യോ പുണ്യവാളൻ കണ്ടാൽ അദ്ദേഹത്തിനു സങ്കടം വരും. അങ്ങനെ ഞാൻ ഓർത്തുപോകും. എന്റെ ബനിയനുകളിലെല്ലാം ദ്വാരങ്ങൾ. എല്ലാം പഴയതായി. പുതിയത് മൂന്നുനാലെണ്ണം വാങ്ങാം. അങ്ങനെ ചിന്തിക്കുമ്പോൾ ഉള്ളിലിരുന്നു പുണ്യവാളൻ വിലക്കും. ഒരുമാസം കഴിഞ്ഞു വാങ്ങിയാൽ പോരേ? എല്ലാം കീറിയിട്ടില്ലല്ലോ. ഞാൻ അനുസരിക്കും. വീട്ടിലെത്തിയ ബന്ധു സിറ്റിങ് റൂമും വരാന്തയുമൊക്കെ നോക്കിയിട്ടു മൂക്കത്തു വിരൽവച്ചു പറയുന്നു: ഇങ്ങനെ ദാരിദ്ര്യം കാണിക്കണോ. ഇപ്പോൾ ഇങ്ങനെ റെഡ് ഓക്സൈഡ് ഇട്ട തറ ഏതെങ്കിലും വീട്ടിൽ ഉണ്ടോ? ഇതൊക്കെ തല്ലിപ്പൊട്ടിച്ചു കളയണം. നല്ല ടൈൽസിടണം. ഞാൻ ആളെ കൊണ്ടുവരാം. ഒന്നു മൂളിയാൽ മതി. ഞാൻ മൂളാനാകാതെ ഇരുന്നു പുഞ്ചിരിക്കും. ഉള്ളിലിരുന്ന പുണ്യവാളൻ ചോദിച്ചുകഴിഞ്ഞു, ആ തറയ്ക്ക് എന്താ കുഴപ്പം? വെറുതെ അതു തല്ലിപ്പൊളിച്ചു കളയണ്ട.

പറമ്പിൽ പണിക്കു വന്ന വൃദ്ധനായ പണിക്കാരന് അറുനൂറു രൂപ കൊടുക്കുന്നതുതന്നെ നഷ്ടം. പാവത്തിനു വേറെ വഴിയില്ലാത്തതല്ലെ എന്നു കരുതി അത്രയുമെടുക്കുമ്പോൾ ഉള്ളിലിരുന്ന പുണ്യവാളൻ പറയുന്നു; അദ്ദേഹത്തിന്റെ വീടു പട്ടിണിയിലാണ്, നൂറുരൂപകൂടി കൊടുക്ക്. ഞാൻ നൂറു രൂപ കൂടി കൊടുക്കുമ്പോൾ ഞാനറിയാതെ എന്റെ ഷർട്ടുംകൂടി കയ്യിലെടുത്തു പോകുന്നു. തേച്ചു മടക്കിവച്ച ഷർട്ടിനു മുകളിൽ രൂപയും വച്ചുകൊടുക്കുമ്പോൾ അപ്പൂപ്പൻ അമ്പരക്കുന്നു. "സാർ തരുന്നതല്ലേ മേടിച്ചോളൂ." സുമ ടീച്ചർ പറയുന്നു. ഞാൻ മറ്റാരും കേൾക്കാതെ മന്ത്രിക്കുന്നു: ഞാനല്ല തരുന്നത്, പുണ്യവാളൻ. പിന്നെ ഉള്ളിലിരിക്കുന്ന പുണ്യവാളനെ സ്നേഹപൂർവം നോക്കുന്നു. ഷർട്ടുംകൂടി കൊടുത്തതു കണ്ടോ എന്ന ഭാവത്തോടെ ഞാൻ നോക്കുന്നതു കാണുമ്പോൾ പുണ്യവാളൻ ചിരിച്ചുകൊണ്ടു ചോദിക്കുന്നു: ഒരു ഷർട്ടുകൂടി കൊടുക്കാൻ വയ്യായിരുന്നോ? ഞാൻ തോറ്റു എന്നു സമ്മതിച്ചു പുഞ്ചിരിക്കുന്നു.

അങ്ങനെ അണ്ണാൻ കുന്നിൽ ഉള്ളിലൊരു പുണ്യവാളനെയും വഹിച്ചുകൊണ്ടു ജീവിക്കുമ്പോൾ അനന്തമായ സ്പേസിൽ അലസം ഗമിക്കുന്ന ഭൂമി എന്ന കൊതുമ്പുവള്ളത്തെപ്പറ്റിയും ചിന്തിച്ചുപോകുന്നു. സൃഷ്ടിച്ചവൻ മഹത്ത്വമുള്ളവൻ. കോടിക്കണക്കിനു നക്ഷത്രങ്ങൾ നിറഞ്ഞ പ്രപഞ്ചം. കോടിക്കണക്കിനു ഗ്രഹങ്ങളുള്ള നക്ഷത്രം. ആ നക്ഷത്രങ്ങളിലൊന്നായ സൂര്യന്റെ പല ഗ്രഹങ്ങളിലൊന്നായ ഭൂമി. അവിടെ മാത്രമാണ് നമ്മുടെ അറിവിൽ ജീവന്റെ തുടിപ്പ്. ജീവന്റെ ആനന്ദനൃത്തം. മഹാനാടകം. അമീബ മുതൽ മനുഷ്യൻവരെ സൃഷ്ടിച്ചവൻ അതിൽ മനുഷ്യനു മാത്രം വിവേകം തന്നു. അവനെക്കൊണ്ട് മറ്റുള്ളവരുടെ പേരുകൾ വിളിപ്പിച്ചു. അവനെ മറ്റുള്ളവരുടെ രക്ഷാകർത്താവാക്കി. അവന് എല്ലാ സൗഭാഗ്യങ്ങളും നല്കി. ഈ ഭൂമിയിലൊരു സ്വർഗ്ഗമുണ്ടാക്കാനുള്ള അവസരം നല്കി.

എന്നാൽ ദൈവമേ! അവൻ എന്തു ചെയ്യുന്നു? അവൻ ഭൂമിയുടെ നാശത്തിനു വേണ്ടി യത്നിക്കുന്നോ? അവൻ ഭൂമി എന്ന കൊതുമ്പുവള്ളത്തിനു ദ്വാരങ്ങൾ ഉണ്ടാക്കി രസിക്കുന്നോ? വി. ഫ്രാൻസിസേ, രക്ഷിക്കണേ. അങ്ങ് എല്ലാ മനുഷ്യരുടെയും മനസ്സിലേക്കു കയറൂ. സഹനത്തിന്റെ, ത്യാഗത്തിന്റെ, എളിമയുടെ, ലാളിത്യത്തിന്റെ, ഒരുമയുടെ കാരുണ്യത്തിന്റെ, കരുതലിന്റെ ഗാനം പാടൂ. ദൈവപുത്രന്റെ വഴി, ദൈവവഴി, രക്ഷയുടെ വഴി, ലോകത്തിനു വെളിവാക്കിക്കൊടുക്കൂ. അതാകട്ടെ നമ്മുടെ പ്രാർത്ഥന, നമ്മുടെ യാചന, നമ്മുടെ സ്വപ്നം.




ദൈവമേ! മനുഷ്യൻ എന്തു ചെയ്യുന്നു?
അവൻ ഭൂമിയുടെ നാശത്തിനുവേണ്ടി യത്നിക്കുന്നോ?
അവൻ ഭൂമി എന്ന കൊതുമ്പു വള്ളത്തിനു ദ്വാരങ്ങൾ ഉണ്ടാക്കി രസിക്കുന്നോ?
വി. ഫ്രാൻസിസേ, രക്ഷിക്കണേ. അങ്ങ് എല്ലാ മനുഷ്യരുടെയും മനസ്സിലേക്കു കയറൂ.
സഹനത്തിന്റെ, ത്യാഗത്തിന്റെ, എളിമയുടെ, ലാളിത്യത്തിന്റെ, ഒരുമയുടെ കാരുണ്യത്തിന്റെ,
കരുതലിന്റെ ഗാനം പാടൂ. ദൈവപുത്രന്റെ വഴി, ദൈവവഴി, രക്ഷയുടെ വഴി,
ലോകത്തിനു വെളിവാക്കിക്കൊടുക്കൂ.
അതാകട്ടെ നമ്മുടെ പ്രാർത്ഥന, നമ്മുടെ യാചന, നമ്മുടെ സ്വപ്നം.

ദൈവമേ! ഉള്ളിൽ ഒരു പുണ്യവാളനെയും വഹിച്ചുകൊണ്ടു നടക്കുന്ന ഞാൻ എന്തൊരു ഭാഗ്യവാൻ. എനിക്ക് ഇവനിൽനിന്നു മോചനം വേണ്ട. ഇവൻ എന്റെ പ്രിയ പുണ്യവാളൻ. പ്രകൃതിയുടെ മധ്യസ്ഥൻ. ഇവൻ എന്റെയും എല്ലാവരുടെയും ഉള്ളിലിരിക്കാൻ അങ്ങ് അനുഗ്രഹിക്കേണമേ. അങ്ങനെ ലോകത്തെ രക്ഷിക്കണമേ. ആമേൻ.

വിശുദ്ധ കുർബാനയെന്ന ബലി



വിശുദ്ധ കുർബാന ഒരു ബലിയാണെന്നത് സഭാപിതാക്കന്മാരുടെ കാലം മുതലേ സഭ സംശയലേശമെന്യേ പഠിപ്പിക്കുന്ന ഒരു വിശ്വാസസത്യമാണ്. പതിനാറാം നൂറ്റാണ്ടിൽ മതനവീകരണക്കാരാണ് ആദ്യമായി ഇതു നിഷേധിച്ചത്. ഈ വിശ്വാസസത്യം ബൈബിളിന്, വിശിഷ്യ ഹെബ്രായക്കാർക്കുള്ള ലേഖനത്തിന്, എതിരാണെന്നതായിരുന്നു അവരുടെ തടസ്സവാദം. ഈ ലേഖനത്തിൽ ഊന്നൽകൊടുത്തു പറഞ്ഞിരിക്കുന്ന കാര്യമാണ്, യേശുക്രിസ്തു ഒരിക്കൽ എന്നേക്കുമുള്ള അവിടുത്തെ ബലിയിലൂടെ സർവലോകത്തിന്റെയും എന്നേക്കുമുള്ള പാപങ്ങൾക്കു പരിഹാരം ചെയ്തുവെന്നും മറ്റൊരു ബലിയും ഇനിയും ആവശ്യമില്ലെന്നും (ഹെബ്രായർ 10:10-18 കാണുക). വിശുദ്ധ കുർബാന ബലിയാണെങ്കിൽ, അതു യേശുവിന്റെ ബലിയുടെ ഒരിക്കൽമാത്രം എന്നേക്കുമായി ഉള്ളത് എന്ന ആശയത്തിന് എതിരായി പോകുമെന്നും ഈ ബലിയുടെ മൂല്യം കുറയ്ക്കുമെന്നുമാണത്രേ മതനവീകരണക്കാർ വാദിച്ചത്. കത്തോലിക്കരാകട്ടെ, വിശുദ്ധ കുർബാന ബലിയാണെന്ന സത്യം ഉറപ്പിച്ചുപറഞ്ഞു. എന്നാൽ മതനവീകരണക്കാരുടെ തടസ്സവാദത്തിന് എങ്ങനെ ഉത്തരം പറയണമെന്ന് അവർക്കു തീർച്ചയുണ്ടായിരുന്നില്ല. മുന്നൂറുവർഷത്തോളം മതനവീകരണക്കാരുമായുള്ള മുഖ്യ വിവാദവിഷയമായിരുന്നു വിശുദ്ധ കുർബാനയെന്ന ബലി. എന്നാൽ ആഴമേറിയ വിചിന്തനങ്ങളും പഠനങ്ങളും ഒരു പൊതുധാരണയിലെത്താൻ ഇരുവിഭാഗക്കാർക്കും സഹായകമായി.



ഫാ. സിപ്രിയാൻ OFM Cap.

1) വിശുദ്ധകുർബാന ഓർമ്മയാചരണം അഥവാ യേശുവിന്റെ ബലിയുടെ പുനരവതരണം



വിശുദ്ധകുർബാനയെന്ന ബലിയെ ശരിയായി മനസ്സിലാക്കുവാൻ പഴയനിയമത്തിലെ തിരുനാളുകളുടെയും വിരുന്നുകളുടെയും 'ഓർമ്മയാചരണ'സ്വഭാവം നാം അറിഞ്ഞിരിക്കണം. ഇസ്രായേൽക്കാരുടെ തിരുനാളുകൾക്കും തിരുനാൾ വിരുന്നുകൾക്കുമുണ്ടായിരുന്ന പ്രത്യേക സ്വഭാവമാണ് 'ഓർമ്മയാചരണം'. ഗ്രീക്ക് ഭാഷയിൽ ഇതിന് anamnesis എന്നും ഹെബ്രായഭാഷയിൽ zikkaron എന്നും പറഞ്ഞിരുന്നു. മലയാളത്തിലെ 'ഓർമ്മയാചരണം' എന്ന വാക്കോ ഇംഗ്ലീഷിലെ memorial എന്ന വാക്കോ ഇതിന്റെ ശരിയായ അർത്ഥം ദ്യോതിപ്പിക്കുന്നില്ല. ഓർമ്മയിൽ കൊണ്ടുവരുക, ഓർമ്മയാചരിക്കുക എന്നതിൽ കവിഞ്ഞ ഒരർത്ഥമാണ് ഇതിനുള്ളത്. ഇസ്രായേൽക്കാർ ഒരു തിരുനാൾ വിരുന്ന് ആഘോഷിച്ചപ്പോൾ, അത് അവർക്ക് യാഹ്വേയുടെ കഴിഞ്ഞകാലത്തെ രക്ഷാകരപ്രവൃത്തികൾ സന്നിഹിതമാക്കുകയും വരുംകാലത്തെ അവയുടെ പൂർത്തീകരണം ഒരു പ്രത്യേകമായ വിധത്തിൽ മുൻകൂട്ടി യാഥാർത്ഥ്യമാക്കുകയും ചെയ്തു. ഈ പ്രത്യേകമായ പശ്ചാത്തലത്തിലും അർത്ഥത്തിലും വേണം വിശുദ്ധകുർബാനയിലെ 'ഓർമ്മയാചരണം' നാം മനസ്സിലാക്കുവാൻ. സർവോപരി, പെസഹാവിരുന്ന് യാഹ്വേ ഇസ്രായേലിനെ ഈജിപ്തിലെ അടിമത്തത്തിൽനിന്നു മോചിപ്പിക്കയും സീനായ്മലയിൽവെച്ച് അവരുമായി ഉടമ്പടി സ്ഥാപിക്കയും കാനാൻ വരെ അവരെ നയിക്കുകയും ഭാവിയിൽ രക്ഷയുടെ പൂർണത വാഗ്ദാനം ചെയ്യുകയും ചെയ്ത രക്ഷാകരപ്രവൃത്തിയുടെ ഓർമ്മയാചരണമായിരുന്നു. ഇസ്രായേൽക്കാർ പെസഹാവിരുന്നിൽ പങ്കെടുത്തപ്പോൾ വിരുന്നിന്റെ പ്രതീകത്തിൽ ഈ രക്ഷാകരസംഭവങ്ങൾ തങ്ങൾക്കു സന്നിഹിതവും സംലഭ്യവുമാക്കപ്പെട്ടതായി അവർ കരുതി. തങ്ങളും പിതാക്കന്മാരോടുകൂടി ഈ രക്ഷാകരസംഭവങ്ങളിൽ പങ്കുകൊള്ളുകയാണെന്നായിരുന്നു അവരുടെ ധാരണ. അങ്ങനെ ഓർമ്മയാചരണം (anamnesis) പഴയനിയമത്തിലെ ഗതകാല രക്ഷാകരസംഭവങ്ങളെ ഓർമ്മിപ്പിക്കുക മാത്രമല്ല ചെയ്യുന്നത്, പിന്നെയോ ഇന്ന് അവയെ സന്നിഹി

തമാക്കുന്നു, പുനരവതരിപ്പിക്കുന്നു. ഇനി അതിൽ പങ്കെടുക്കുന്നവർക്കു യഥാർത്ഥ ഫലപ്രാപ്തി ഉണ്ടാവുകയും ഭാവി പൂർത്തീകരണംപോലും മുൻകൂട്ടി അനുഭവവേദ്യമാകുകയും ചെയ്യത്തക്കവിധം ഗതകാലരക്ഷാകരസംഭവത്തെ വർത്തമാനകാലത്തേക്കു കൊണ്ടുവരുന്നു 'ഓർമ്മയാചരണം'.

പൗലോസിന്റെയും ലൂക്കായുടെയും സ്ഥാപനവിവരണങ്ങളിൽ നാം വായിക്കുന്നതുപോലെ യേശുവും പെസഹാവിരുന്നിന്റെ പശ്ചാത്തലത്തിൽ തന്റെ ശിഷ്യന്മാരോടുകൂടി ആചരിച്ച അന്ത്യഅത്താഴത്തെ മനസ്സിലാക്കിയത് തന്റെ ജീവിതത്തിലും വ്യക്തിത്വത്തിലുമുള്ള ദൈവത്തിന്റെ പുതിയ രക്ഷാകരപ്രവൃത്തിയുടെ ഓർമ്മയാചരണം ആയിട്ടാണ്. തന്റെ ജീവിതത്തിന്റെയും മരണത്തിന്റെയും, അതായത് തന്റെ ജീവിതബലിയുടെ 'ഓർമ്മയാചരണം' ആയി തുടർന്നും ഈ വിരുന്ന് ആഘോഷിക്കാൻ അവിടുന്ന് ശിഷ്യന്മാരോടു കല്പിക്കയും ചെയ്തു (1 കോറി. 24-25; ലൂക്കാ 22: 19). അവരും അവർക്കുശേഷം മറ്റു വിശ്വാസികളും ഈ വിരുന്നാചരിക്കുമ്പോൾ അത് അവിടുത്ത് ബലിയുടെ 'ഓർമ്മയാചരണം', പുനരവതരണം ആയിത്തീരുകയാണ്. അതിൽ പങ്കെടുക്കുന്പർ യഥാർത്ഥത്തിൽ യേശുവിന്റെ ജീവിതത്തിലും മരണത്തിലും, അതായത് അവിടുത്തെ ജീവിതബലിയിൽ പങ്കെടുക്കത്തക്കവിധം ഈ ബലിയെ വീണ്ടും സന്നിഹിതമാക്കുന്നു, പുനരവതരിപ്പിക്കുന്നു. മറ്റു വാക്കുകളിൽ പറഞ്ഞാൽ, അവിടുത്തെ ജീവിതബലിയോടുകൂടി അവിടുത്തെ ഓർമ്മയ്ക്കായുള്ള ഈ വിരുന്നാചരണത്തിൽ സന്നിഹിതരാകുന്നു. പിതാവിന്റെ നേർക്കുള്ള യേശുവിന്റെ അനുസരണത്തിലും സമർപ്പണത്തിലും, അതുപോലെതന്നെ മനുഷ്യരുടെ രക്ഷയ്ക്കുവേണ്ടിയുള്ള അവിടുത്തെ പ്രതിബദ്ധതയിലും പങ്കുചേർന്ന് യേശുവിനെപ്പോലെ സഹോദരങ്ങളുടെ നേർക്കുള്ള സ്നേഹത്തിലും സേവനത്തിലും സ്വയം ദാനത്തിലും അനുദിനം ജീവിക്കാൻ അതവരെ പ്രാപ്തരാക്കുന്നു. കാൽവരിയിൽ പരകോടിയിലെത്തുകയും സമാപിക്കുകയും ചെയ്ത യേശുവിന്റെ ബലിയുടെ ഈ പുനരവതരണമാണ് വിശുദ്ധകുർബാനയാചരണത്തെ ഒരു ബലിയാക്കുന്നത്. ഇത് ഒരു ബലിയല്ലെന്നും യേശുവിന്റെ ബലിയോട് ഒന്നും കൂട്ടിച്ചേർക്കുന്നില്ലെന്നും വ്യക്തമാണല്ലോ. യേശുവിന്റെ എന്നേക്കുമുള്ള ഒരേയൊരു ബലി ഇന്നു നമ്മുടെ മധ്യേ സന്നിഹിതമാകുകയാണു ചെയ്യുന്നത്. നാം അതിൽ പങ്കെടുത്തുകൊണ്ട് അവിടുത്തെ അനുഗമിച്ചു ജീവിച്ച് അതിനെ നമ്മുടെയും ബലിയാക്കിത്തീർക്കുവാൻ വേണ്ടിയാണിത്. അതിനുള്ള പ്രസാദവരവും ഈ ബലി നമുക്കു നൽകുന്നു.

ദൈവത്തിന്റെ നേർക്കു സ്തുതിയും കൃതജ്ഞതയും നിറഞ്ഞതും മനുഷ്യരുടെ നേർക്കു സ്നേഹവും സേവനവും സ്വയംദാനവുമായിത്തിരുന്നതുമായ ജീവിതംതന്നെയാണ് ക്രൈസ്തവരുടെ ബലി.


2. വിശുദ്ധകുർബാന സഭയുടെ ബലി


വിശുദ്ധകുർബാന ക്രിസ്തുവിന്റെയും സഭയുടെയും ബലിയാണെന്നത് ത്രെന്തോസ് കൗൺസിൽ വ്യക്തമായി പ്രഖ്യാപിക്കയും രണ്ടാം വത്തിക്കാൻ കൗൺസിൽ സ്ഥിരീകരിക്കുകയും (SC 47) ചെയ്തിട്ടുള്ള സഭയുടെ ഒരു മുഖ്യപഠനമാണ്. കുരിശിൽ പരകോടിയിലെത്തി സമാപിച്ച യേശുവിന്റെ ബലിയുടെ ഈ പുനരവതരണവും സാക്ഷാത്ക്കാരവുമെന്ന നിലയിൽ വിശുദ്ധകുർബാനയാചരണം ക്രിസ്തുവിന്റെ ബലിയാണെന്നു നാം കണ്ടു. എന്നാൽ എങ്ങനെയാണതു സഭയുടെ ബലിയാകുന്നത്? ഹെബ്രായർക്കുള്ള ലേഖനം പറയുന്നുണ്ട്, ക്രിസ്തു മാത്രമാണ് ഏക പ്രധാന പുരോഹിതനെന്നും എന്നേയ്ക്കുമുള്ള അവിടുത്തെ ബലി മറ്റെല്ലാ ബലികളെയും ഉല്ലംഘിക്കുകയും അസാധുവാക്കുകയും ചെയ്തുവെന്നും. അതിനർത്ഥം ക്രൈസ്തവർക്ക് മറ്റാരുടെയും ബലിയുടെ ആവശ്യമില്ലെന്നാണല്ലോ. തങ്ങളുടെ ശരീരങ്ങളെ സജീവബലികളായി സമർപ്പിക്കുവാൻ പൗലോസ് ക്രൈസ്തവരോടു പറയുന്നുണ്ടെങ്കിലും ഉടനെതന്നെ ഈ ബലിയെ ആത്മീയമായ ആരാധനയായി അദ്ദേഹം വിശേഷിപ്പിക്കുന്നുമുണ്ട് (cf. റോമാ. 12: 1-2). 1 പത്രോ. 2: 5 ഉം ഹെബ്രാ. 13: 15-16-ഉം ക്രൈസ്തവർ അർപ്പിക്കേണ്ട ബലികളെപ്പറ്റി പറയുന്നുണ്ടെങ്കിലും അവ അർത്ഥമാക്കുന്നത് സ്തുതിയുടെയും നന്മപ്രവൃത്തികളുടെയും ആത്മീയമായ ബലികളാണ്. സാങ്കേതികമായ അർത്ഥത്തിലുള്ള ബലികളല്ല.



എന്നാൽ സഭാപിതാക്കന്മാർ വിശുദ്ധകുർബാനയെ ക്രിസ്തുവിന്റെ ബലിയായിട്ടു മാത്രമല്ല, സഭയുടെ ബലിയായിട്ടും ചിത്രീകരിക്കുന്നുണ്ട്. ഉദാഹരണത്തിന് അടിമകളല്ല, സ്വതന്ത്രരാക്കപ്പെട്ടവർ അർപ്പിക്കുന്ന ബലിയായി വി. ഇറെനേവൂസ് വിശുദ്ധകുർബാനയെ വിശേഷിപ്പിക്കുന്നുണ്ട്. വിശുദ്ധകുർബാനയിൽ സഭ സ്വയം അർപ്പിക്കുകയും ബാഹ്യമായ പ്രതീകത്തിലൂടെ തന്റെ ബലിമനോഭാവം പ്രകടിപ്പിക്കുകയും ചെയ്യുന്നുവെന്ന് വി. അഗസ്റ്റിൻ ഊന്നൽ കൊടുത്തു പറയുന്നു. മധ്യയുഗങ്ങളിലെ ദൈവശാസ്ത്രജ്ഞന്മാരും സഭാപിതാക്കന്മാരെ പിന്തുടർന്ന് വിശുദ്ധകുർബാനയെ സഭയുടെ ബലിയായി വിശേഷിപ്പിക്കുന്നു. എന്തർത്ഥത്തിലാണ് വിശുദ്ധകുർബാനയിൽ സഭ ദൈവത്തിനു ബലിയർപ്പിക്കുന്നത്?

ഒരു 'ഓർമ്മയാചരണവിരുന്നി'ൽ സഭ സന്നിഹിതമാക്കുകയും സാക്ഷാത്ക്കരിക്കുകയും ചെയ്യുന്ന ക്രിസ്തുവിന്റെ ബലിയാണ് വിശുദ്ധകുർബാന എന്നതിനാൽ സഭയും ഒരു പ്രത്യേകമായ വിധത്തിൽ ഈ ബലിസംഭവത്തിൽ ഉൾച്ചേരുന്നുണ്ട്. ഒരു കൂദാശയിൽ സഭ അവളുടെ ജീവിതത്തിലെ അതിപ്രധാനമായ ഒരു കർമ്മമാണു ചെയ്യുന്നതെങ്കിൽ, വിശുദ്ധകുർബാനയിൽ സഭ ചെയ്യുന്നത് അവളുടെ ജീവിതത്തിന്റെയും പ്രവർത്തനത്തിന്റെയും കേന്ദ്രകർമ്മംതന്നെയാണ്. ക്രിസ്തുവിന്റെ ബലി സഭയിൽ സാക്ഷാ









ത്കരിക്കപ്പെടുന്നതും സന്നിഹിതമാകുന്നതും സഭയ്ക്ക്, അതായത് ക്രൈസ്തവർക്ക് അവിടുത്തെ പെസഹാരഹസ്യത്തിൽ, അവിടുത്തെ ജീവിതബലിയിൽ, ഉൾച്ചേരുവാനും പങ്കെടുക്കുവാനും വേണ്ടിയാണ്. ഈ പെസഹാരഹസ്യത്തിൽ പങ്കെടുക്കുന്നതിലൂടെയാണ് അവർ അവിടുത്തെ മരണത്തോട് ഐക്യപ്പെടാൻ ജ്ഞാനസ്നാനം സ്വീകരിക്കുന്നതും (റോമ. 6: 3) അങ്ങുമായി സംയോജിക്കപ്പെട്ട് അവിടുത്തെ ജീവനാൽ ജീവിക്കാൻ ആരംഭിക്കുന്നതും. ഗാഢമായ കൂട്ടായ്മയിലൂടെ അവർ ക്രിസ്തുവിന്റെ ശരീരമായിത്തീരുന്നതനുസരിച്ച് "തങ്ങളുടെ ശരീരങ്ങളെ വിശുദ്ധവും ദൈവത്തിനു പ്രീതികരവുമായ സജീവ ബലിയായി സമർപ്പിക്കുവാൻ" (റോമ. 12: 1) കഴിയുന്ന പുരോഹിതദൈവജനമായിത്തീരുന്നു. ക്രൈസ്തവർ വിശുദ്ധ കുർബാനയാചരണത്തിൽ പുനരവതരിപ്പിക്കപ്പെടുന്നതും സാക്ഷാത്കരിക്കപ്പെടുന്നതുമായ പെസഹാരഹസ്യത്തിൽ രണ്ടുവിധത്തിലാണു പങ്കെടുക്കുന്നത്. ഒന്നാമത്, യേശു - ആബാ സ്നേഹപിതാവേ, എന്നു വിളിക്കുന്ന ആ അവാച്യമായ സ്നേഹത്തിന്റെ രഹസ്യത്തിന് പരമമായ സ്നേഹത്തോടും മനോവിശ്വാസത്തോടും കൂടെ സ്വയം ഏല്പിച്ചുകൊടുക്കുന്നതുവഴി, രണ്ടാമത്, സ്വന്തം പുത്രനെ നമുക്കു നൽകുകയും ആ പുത്രന്റെ രക്ഷാകരമായ മരണത്തിലും ഉയിർപ്പിലും കൂടെ അനുരഞ്ജനവും സമാധാനവും നമുക്കു കൈവരുത്തുകയും ചെയ്ത ദൈവത്തിന്റെ സ്നേഹത്തിനും മഹാമനസ്കതയ്ക്കും കൃതജ്ഞതയും സ്തുതിയും അർപ്പിക്കുന്നതുവഴി. ഈ സ്തുതിപ്പും കൃതജ്ഞതയും വാക്കുകളിലൂടെ മാത്രമല്ല പ്രകടിപ്പിക്കുന്നത്. പിന്നെയോ, തങ്ങൾ സ്വീകരിച്ച സ്നേഹവും ഔദാര്യവും തങ്ങളുടെ സഹോദരിമാർക്കും സഹോദരന്മാർക്കും കൊടുക്കുകയും യേശുവിന്റെ മാതൃകയനുസരിച്ച് സ്നേഹത്തിലും സേവനത്തിലും സ്വയം ദാനത്തിലും അവർക്കുവേണ്ടി തങ്ങളെത്തന്നെ ചെലവഴിക്കാൻ തീരുമാനിക്കു

കയും ചെയ്യുന്നതിലൂടെയാണ്.

അൾത്താരയിൽ പുനരവതരിപ്പിക്കപ്പെടുന്ന ക്രിസ്തുവിന്റെ ബലിയിൽ ക്രൈസ്തവസമൂഹം വിശ്വാസത്തോടെ പങ്കെടുക്കുമ്പോൾ അത് ശിരസ്സും അംഗങ്ങളുമുൾപ്പെടുന്ന മുഴുവൻ ക്രിസ്തുവിന്റെയും ബലിയായിത്തീരുന്നു. അവർ അവിടുത്തെ ശരീരത്തിന്റെ അംഗങ്ങളായതുകൊണ്ട് അവിടുത്തെ ബലിയിൽ അവരും ഉൾച്ചേരുന്നു. അത് അവരുടെയും ബലിയായിത്തീരുന്നു. സഭയുടെ ബലിയായിത്തീരുന്നു. ക്രിസ്തുവിന്റെ ബലിയിലേക്കു ചേർക്കപ്പെടുന്നതിന് സഭ സ്വയം വിട്ടുകൊടുക്കുന്നു. ക്രിസ്തു അവിടുത്തെ ബലിയോടൊത്തു തന്നെയും പിതാവിന് അർപ്പിക്കുന്നതിന് സഭ ക്രിസ്തുവിനെ ഏല്പിക്കുന്നു. വിശുദ്ധ കുർബാനയാചരണത്തിന്റെ ലക്ഷ്യം അങ്ങനെ ശിരസ്സും ശരീരവുമുൾപ്പെടുന്ന മുഴുവൻ ക്രിസ്തുവിന്റെയും അർപ്പണം അഥവാ ബലിയാണ്. അത് യേശുവിന്റെ ബലിയുടെ സാക്ഷാത്ക്കാരവും യേശുവിന്റെ ബലിയോടൊത്തു പിതാവിന്റെ നേർക്കുള്ള അനുസരണത്തിലും സ്നേഹസമർപ്പണത്തിലുംകൂടെ ഈ ബലിയിലുള്ള ക്രൈസ്തവന്റെ പങ്കുചേരലുമാണ്. പിതാവ് അവിടുത്തെ പുത്രനിൽ നൽകുന്ന രക്ഷയ്ക്ക് കൃതജ്ഞതയോടെ പ്രത്യുത്തരം നൽകുകയും പിതാവിന്റെ നേർക്കുള്ള യേശുവിന്റെ അനുസരണത്തിലേക്കും സ്നേഹസമർപ്പണത്തിലേക്കും ബലിമനോഭാവത്തിലേക്കും പ്രവേശിക്കുകയുമാണു ക്രൈസ്തവർ ചെയ്യുന്നത്. ഈ പ്രത്യുത്തരവും ബലിമനോഭാവവും പ്രായോഗികമാക്കുന്നത് അനുദിനജീവിതത്തിൽ സഹോദരീസഹോദരന്മാരുടെ നേർക്കുള്ള സ്നേഹത്തിലും സ്വയംദാനത്തിലുംകൂടെയത്രേ. അങ്ങനെ ഈ വിരുന്നാഘോഷത്തിൽ ക്രിസ്തുവിന്റെ ബലി ഇന്നു നമുക്കുവേണ്ടിയുള്ള ഒരു ബലിയായും സഭയുടെ, അതായത് ക്രൈസ്തവരുടെ ബലിയായും സാക്ഷാത്കരിക്കപ്പെടുന്നു.



വിശുദ്ധകുർബാന ഒരു ബലിയാണെന്ന കാര്യത്തിൽ കഴിഞ്ഞകാലത്ത് വിരുദ്ധാഭിപ്രായങ്ങൾ ഉണ്ടായിരുന്നെങ്കിലും, ഇന്നു പൊതുവെ എല്ലാ സഭാവിഭാഗങ്ങളിലെയും ദൈവശാസ്ത്രജ്ഞന്മാരും ഈ സത്യം അംഗീകരിക്കുന്നുണ്ട്. എന്നാൽ പരമ്പരാഗതമായി കരുതിയ അനുഷ്ഠാനപരമായ ബലിയായിട്ടല്ല, പിന്നെയോ യേശുവിന്റെ ജീവിതബലിയുടെ പുനരവതരണമായിട്ടാണ്. പിതാവിന്റെ നേർക്കുള്ള സമ്പൂർണമായ സമർപ്പണത്തിലും മനുഷ്യന്റെ വിമോചനത്തിനും രക്ഷയ്ക്കുംവേണ്ടിയുള്ള പ്രതിബദ്ധതയിലും ജീവിക്കയും അതിന്റെ പരിണതഫലമായി കുരിശിൽ മരിക്കയും ചെയ്തു. യേശുവിന്റെ ഈ ജീവിതബലിക്കുള്ള പിതാവിന്റെ പ്രത്യുത്തരമായിരുന്നു അവിടുത്തെ ഉയിർപ്പ്. ഉയിർപ്പിനുശേഷം അവിടുത്തെ അനുയായികൾ അവിടുത്തെ ഓർമ്മയ്ക്കയി വിശുദ്ധകുർബാനയാകുന്ന ഈ വിരുന്ന് അവിടെ


പുനരവതരിപ്പിക്കപ്പെടുന്നു. വിശ്വാസികളുടെ സമൂഹവും യേശുവിന്റെ ബലിയോടു ചേർന്ന് തങ്ങളെത്തന്നെ പിതാവിനു സമർപ്പിക്കുകയും സഹോദരങ്ങളുടെ മോചനത്തിനും രക്ഷയ്ക്കും വേണ്ടി പ്രവർത്തിക്കാൻ പ്രതിബദ്ധരാകുകയും ചെയ്യുന്നു. അങ്ങനെ വിശുദ്ധകുർബാന യേശുവിന്റെ ബലിയും വിശ്വാസിസമൂഹത്തിന്റെ ബലിയുമായിത്തീരുന്നു. സഭയുടെ ബലിയെ ഇങ്ങനെ മനസ്സിലാക്കുമ്പോൾ അതു ഹെബ്രായർക്കുള്ള ലേഖനത്തിൽ പറയുന്നതുപോലെ യേശുവിന്റെ ഒരേയൊരു ബലിയുടെ ഒരിക്കൽമാത്രം എന്ന സ്വഭാവത്തിന് ഒരിക്കലും എതിരായിപ്പോകുകയില്ല.

3. വിശുദ്ധകുർബാനയെന്ന വിരുന്ന്

വിശുദ്ധകുർബാനയാചരണത്തെ ശരിയായി മനസ്സിലാക്കുവാൻ കുർബാനയുടെ കൂദാശയ്ക്കു യേശുതന്നെ തെരഞ്ഞെടുത്ത 'വിരുന്ന്' എന്ന പ്രതീകത്തിന്റെ അർത്ഥം നാം ശരിയായി അറിഞ്ഞിരിക്കണം. സാധാരണജീവിതത്തിൽ പോലും വിരുന്ന് സ്നേഹത്തിന്റെയും ഐക്യത്തിന്റെയും പ്രതീകമാണ്. എന്നാൽ, മതപരമായ മണ്ഡലങ്ങളിൽ, വിശിഷ്യ പൗരസ്ത്യ ദേശങ്ങളിൽ, ദൈവവുമായും ശരീരത്തിന്റെ ആരാധനാസമൂഹത്തിലെ അംഗങ്ങൾ തമ്മിൽ തമ്മിലുമുള്ള പങ്കാളിത്തത്തിന്റെയും കൂട്ടായ്മയുടെയും പ്രതീകമെന്ന നിലയിൽ വിരുന്നിന് എപ്പോഴും പ്രത്യേകമായ ഒരു പ്രാധാന്യമുണ്ടായിരുന്നു. എല്ലാം നൽകുന്നവനെന്ന നിലയിൽ ദൈവത്തോടു കൃതജ്ഞതയും ദൈവത്തിന്റെ മക്കളെന്ന നിലയിൽ മറ്റുള്ളവരോടു തുറവിയും സ്നേഹവും അതു പ്രകടിപ്പിക്കുന്നു. ഇസ്രായേൽക്കാർക്കിടയിൽ പെരുന്നാൾവിരുന്നിന്, വിശിഷ്യ പെസഹാവിരുന്നിന്, യാഹ്വേയുടെ ഗതകാലരക്ഷാകരപ്രവൃത്തിയുടെയും അതിന്റെ ഭാവി പൂർത്തീകരണവാഗ്ദാനത്തിന്റെയും ഓർമ്മയാചരണവും പുനരവതരണവും സാക്ഷാത്ക്കാരവുമെന്ന നിലയിൽ വിരുന്നിന് പ്രത്യേകമായ ഒരർത്ഥമുണ്ടായിരുന്നു. അതേ പശ്ചാത്തലത്തിലും അതിനോടു സദൃശമായ അർത്ഥത്തിലുമാണ് യേശുവും വിശുദ്ധകുർബാനയുടെ കൂദാശയ്ക്കുള്ള പ്രതീകമായി ഒരു വിരുന്നു തെരഞ്ഞെടുത്തത്. കൂദാശയുടെ പ്രതീകം ഒരു യുക്തിയുമില്ലാതെ സ്വേച്ഛയാ തെരഞ്ഞെടുക്കുന്ന ഏതെങ്കിലുമൊരു പ്രതീകമല്ല. പിന്നെയോ, ആഴമേറിയ അർത്ഥമുള്ളതും എല്ലാവർ ക്കും മനസ്സിലാകുന്നതുമായ മനുഷ്യജീവിതത്തിലെ ഒരു പ്രവൃത്തിയോ പ്രതിഭാസമോ അനുഭവമോ ആണ്. ജനനവും മരണവും വിവാഹവും വിരുന്നും മനുഷ്യരുടെ മൗലികാനുഭവങ്ങളാണ്. അവയുമായി ബന്ധപ്പെട്ട പ്രവൃത്തികൾക്കും പ്രക്രിയകൾക്കും ആഴമേറിയ അർത്ഥമാണുള്ളത്. മനുഷ്യരുടെ ഒരു മൗലികാനുഭവമായി ബന്ധപ്പെട്ടതും അർത്ഥം എല്ലാവർക്കും വ്യക്തമായി മനസ്സിലാകുന്നതുമായ വിരുന്നിനെയാണ് കുർബാനയെന്ന കൂദാശയുടെ പ്രതീകമായി യേശു തെരഞ്ഞെടുത്തത്.

മനുഷ്യരുടെ ഒരു മൗലികാനുഭവമായി ബന്ധപ്പെട്ടതും അർത്ഥം എല്ലാവർക്കും വ്യക്തമായി മനസ്സിലാകുന്നതുമായ വിരുന്നിനെയാണ് കുർബാനയെന്ന കൂദാശയുടെ പ്രതീകമായി യേശു തെരഞ്ഞെടുത്തത്.

പരസ്യജീവിതകാലത്ത് യേശു



അവിടുത്തെ ശിഷ്യന്മാരോടും ജനക്കൂട്ടത്തോടുമൊപ്പം വിരുന്നുകൾ ആചരിച്ചിരുന്നു. പാപികളോടൊപ്പമുള്ള വിരുന്നുകളെ സുവിശേഷകന്മാർ പ്രത്യേകം എടുത്തുപറയുന്നുണ്ട്. ഈ വിരുന്നുകൾ അവർക്കു ദൈവരാജ്യത്തിലെ യുഗാന്തോന്മുഖവിരുന്നിൽ എല്ലാവരുമായുള്ള കൂട്ടായ്മയുടെ മുന്നാസ്വാദനമെന്ന നിലയിൽ ദൈവം നൽകുന്ന അനുരഞ്ജനത്തിന്റെയും മറ്റുള്ളവരുടെ കൂട്ടായ്മയുടെയും അടയാളമായിരുന്നു. എന്നാൽ പെസഹാ പെരുന്നാളിന്റെ പശ്ചാത്തലത്തിൽ ശിഷ്യന്മാരോടൊപ്പം അവിടുന്ന് ആഘോഷിച്ച പെസഹാവിരുന്ന് മറ്റെല്ലാ വിരുന്നുകളെയും ഉല്ലംഘിക്കുന്നതായിരുന്നു. കാരണം അവിടുത്തെ വാക്കുകളിലും പ്രവൃത്തികളിലുംകൂടി അതിന് അവിടുത്തേക്കു മാത്രം നൽകുവാൻ കഴിയുന്ന വളരെ പ്രത്യേകമായ അർത്ഥവും ഉള്ളടക്കവും അവിടുന്നു നൽകി. ഈ വിരുന്നിനെ തന്റെ ബലിയുടെ കൂദാശയായി അവിടുന്നു സ്ഥാപിച്ചു. മറ്റു വാക്കുകളിൽ പറഞ്ഞാൽ, ഇത് ആഘോഷിക്കുന്ന സമൂഹത്തിൽ മരണത്തിലേക്കുള്ള സ്വയംദാനത്തോടും സ്നേഹത്തോടുംകൂടെ സന്നിഹിതനായി തന്നോടുള്ള പങ്കാളിത്തവും കൂട്ടായ്മയും അവർക്കു നൽകുന്ന പ്രതീകമായി ഈ വിരുന്നിനെ അവിടുന്നു സ്ഥാപിച്ചു.

അങ്ങനെ ഒരു വിരുന്നാണ് ഈ കൂദാശയുടെ പ്രതീകം. ക്രമേണ ഊന്നൽ വിരുന്നിൽനിന്നു വിരുന്നിന്റെ വിഭവങ്ങളിലേക്ക്, അപ്പത്തിലേക്കും വീഞ്ഞിലേക്കും മാറി. യേശുവിന്റെ സാന്നിധ്യംതന്നെ വസ്തുപരമായ ഒരു സാന്നിധ്യമായി കരുതപ്പെട്ടു. അതായത്, വിശുദ്ധീകരണത്തിന്റെ വക്കുകളിലൂടെ അപ്പവും വീഞ്ഞും യേശുവിന്റെ ഭൗതികമായ ശരീരവും രക്തവുമായി. പ്രായോഗികമായി അപ്പത്തിന്റെ എല്ലാ ലക്ഷണവും നഷ്ടപ്പെട്ടു. അതു കടലാസിന്റെ കനമുള്ള ഒരു കുഞ്ഞ്ഓസ്തിയായി നാവിൽ സ്വീകരിച്ചു വിഴുങ്ങുകയായി പതിവ്. പങ്കെടുക്കുന്നവർ വിശുദ്ധ കുർബാന വളരെ അപൂർവമായി സ്വീകരിച്ചാൽത്തന്നെ, വിശുദ്ധീകരിക്കപ്പെട്ട വീഞ്ഞ് വിതരണം ചെയ്യപ്പെടുകയോ കുടിക്കപ്പെടുകയോ ചെയ്തില്ല. ക്രിസ്തു മുഴുവനായി ഓരോ സാദൃശ്യത്തിലും സന്നിഹിതനാകുന്നതുകൊണ്ട് തിരുരക്തം സ്വീകരിക്കുന്നത് കൂടുതൽ പ്രസാദവരം നൽകുന്നില്ല എന്ന പരമ്പരാഗത ദൈവശാസ്ത്രമാണ് ഇതിനു സാധൂകരണമായി പറഞ്ഞിരുന്നത്. പ്രസാദവരംതന്നെ അളന്നു തിട്ടപ്പെടുത്താവുന്ന ഒരു വസ്തുവായിട്ടാണ് ഈ ചിന്താഗതി പരിഗണിച്ചത്.

വിശുദ്ധകുർബാന ഒരു വിരുന്നാണെന്ന് ഇടയ്ക്കൊക്കെ ചിലർ പറഞ്ഞി


രുന്നെങ്കിലും പ്രായോഗികമായി അതൊരു വിരുന്നാണെന്നു മനസ്സിലാക്കാനുള്ള ഒന്നും അതിൽ ഉണ്ടായിരുന്നില്ല. സിപ്രിയാനെയും അഗസ്റ്റിനെയുംപോലുള്ള സഭാപിതാക്കന്മാർക്ക് വളരെ പ്രിയപ്പെട്ടതായിരുന്നു വിശുദ്ധ കുർബാനയുടെ സഭാപരമായ മാനവും സമൂഹപരമായ മാനവും. എന്നാൽ രക്ഷയുടെ കൂദാശകളെ വളരെ വ്യക്തിപരമായി കണ്ട രണ്ടാം സഹസ്രാബ്ദത്തിൽനിന്ന് ഈ മാനങ്ങൾ മിക്കവാറും അപ്രത്യക്ഷമായി. വിരുന്നിന്റെ അർത്ഥത്തെപ്പറ്റിയുള്ള ആഴമേറിയ ഉൾക്കാഴ്ചയോ സമൂഹത്തിന്റെ വിശുദ്ധകുർബാനയാഘോഷം യേശുവിലുള്ള ദൈവത്തിന്റെ രക്ഷാകരപ്രവർത്തനം വീണ്ടും സന്നിഹിതമാക്കുന്ന രക്ഷാകരസംഭവമാണെന്ന ഉൾക്കാഴ്ചയോ ഒന്നും നാം കാണുന്നില്ല.

വിശുദ്ധകുർബാനയാചരണത്തിന്റെ വിരുന്നുസ്വഭാവം ആരാധനക്രമവിദഗ്ദ്ധന്മാർ വീണ്ടും കണ്ടുപിടിച്ചത്, കത്തോലിക്കർക്കിടയിൽ വളരെയേറെ താല്പര്യം ജനിപ്പിച്ചത് ഈ പശ്ചാത്തലത്തിൽവേണം കാണുവാൻ. രണ്ടാം വത്തിക്കാൻ കൗൺസിൽ ഈ പുതിയ ധാരണയ്ക്ക് അംഗീകാരവും നൽകി. പള്ളികളുടെയും അൾത്താരകളുടെയും പുനർക്രമീകരണവും പ്രൈവറ്റായുള്ള വിശുദ്ധകുർബാനയാചരണങ്ങൾക്കു പകരം വൈദികരുടെ ഒരുമിച്ചുള്ള സമൂഹബലിയും ജനാഭിമുഖബലിയുമെല്ലാം ഈ പുതിയ ഉൾക്കാഴ്ചയുടെ ഫലമായി ആരംഭിച്ച നവീകരണങ്ങളാണ് - അഥവാ ആദിമനൂറ്റാണ്ടുകളിലെ വിശുദ്ധകുർബാനയാചരണത്തിന്റെ പുനർസ്ഥാപനമാണ്. വിശുദ്ധകുർബാനയുടെയും മറ്റു കൂദാശകളുടെയും പ്രതീകസ്വഭാവം ജനങ്ങൾക്കു സ്പഷ്ടവും സുഗ്രാഹ്യവുമായിരിക്കണമെന്ന് രണ്ടാം വത്തിക്കാൻ കൗൺസിലും ആരാധനാനുഷ്ഠാനങ്ങൾക്കു വേണ്ടിയുള്ള തിരുസ്സംഘവും ഊന്നൽ നല്കി പറഞ്ഞിട്ടുള്ള കാര്യമത്രേ. കൂദാശകളുടെ ദൈവശാസ്ത്രത്തിന്റെ സുപ്രധാനമായ ഒരു തത്ത്വമാണ്, കൂദാശകൾ സൂചിപ്പിക്കുന്നതുവഴി സൂചിതമായ പ്രസാദവരത്തിനു കാരണമാകുന്നുവെന്നത്. അതിനാൽ കൂദാശകളുടെ പ്രതീകം പങ്കെടുക്കുന്ന വിശ്വാസികൾക്ക് സുഗ്രാഹ്യമായിരിക്കണമെന്നതു സ്പഷ്ടമാണല്ലോ. വിശുദ്ധകുർബാനയെന്ന കൂദാശയുടെ പ്രതീകം വിരുന്നാണെങ്കിൽ വിശുദ്ധ കുർബാനയുടെ പരികർമ്മരീതിയിൽ വിശ്വാസികൾക്ക് അതു വ്യക്തമായിരിക്കണം.

എന്നാൽ വിരുദ്ധദിശയിലുള്ള അതിശയോക്തികളും നാം വർജ്ജിക്കണം. വിശുദ്ധ കുർബാന ഒരു ബലിയാണെന്ന കാര്യം മറന്ന്, അതിനെ ഒരു പൂർണ്ണവിരുന്നായി കാണുന്നതും തെറ്റാണ്. വിരുന്ന് പ്രതീകം അഥവാ രൂപം മാത്രമാണ്. ഉള്ളടക്കം ക്രിസ്തുവിന്റെ ബലിയത്രേ. വിശുദ്ധ കുർബാനയാചരണം ഒരു പൂർണ്ണവിരുന്നോ ശരീരപോഷണത്തിനുള്ള സദ്യയോ ആയിരിക്കാൻ ഒരിക്കലും സാധ്യമല്ല. ശരീരപോഷണത്തിനുള്ള ഒരു വിരുന്നിന്റെ ഫലത്തിൽനിന്നും വ്യത്യസ്തവും ഉന്നതവുമായ ഫലം സൂചിപ്പിക്കയും സാക്ഷാത്ക്കരിക്കയും ചെയ്യുന്ന പ്രതീകത്തിലുള്ള ഒരു വിരുന്നാണത്. ആഘോഷിക്കുന്ന സമൂഹത്തിൽ ഫലപ്രദമാകണമെങ്കിൽ വിശുദ്ധ കുർബാന ഒരു യഥാർത്ഥ വിരുന്നോ സാഹോദര്യവിരുന്നോ ആകണമെന്ന അതിരുവിട്ട അഭിപ്രായം ചിലപ്പോൾ നാം കേൾക്കാറുണ്ട്. ഇതു കൂദാശയുടെ തത്ത്വംതന്നെ അവഗണിച്ചുകൊണ്ട്, കൂദാശയുടെ ഫലങ്ങൾ വിശ്വാസത്തിന്റെ വെളിച്ചത്തിൽ കാണാതെ വെറും ഭൗതികമായ തലത്തിൽ കാണുന്നതുകൊണ്ടാണ്.

4. വിശുദ്ധ കുർബാന സ്വീകരണം

വിശുദ്ധ കുർബാന വിരുന്നിന്റെ പ്രതീകത്തിലുള്ള യേശുവിന്റെ ബലി



യുടെ കൂദാശയാണെങ്കിൽ, വിരുന്നിൽ പങ്കെടുത്തുകൊണ്ടു മാത്രമേ ബലിയിലും പങ്കെടുക്കാൻ സാധിക്കുകയുള്ളുവെന്നു വ്യക്തമാണല്ലോ. വിരുന്നിൽ പങ്കെടുക്കുക എന്നു പറഞ്ഞാൽ സന്നിഹിതനാവുകയും നോക്കിയിരിക്കുകയും ചെയ്യുകയെന്നല്ല, പിന്നെയോ വിരുന്നിന്റെ ഭക്ഷണത്തിൽ പങ്കുചേരുകയെന്നാണർത്ഥം. മറ്റു വാക്കുകളിൽ പറഞ്ഞാൽ, വിശുദ്ധ കുർബാന സ്വീകരിക്കുമ്പോഴാണ് വിശുദ്ധ കുർബാനയെന്ന ബലിയിൽ നാം പങ്കു ചേരുന്നത്. ആദിമസഭയിൽ വിശുദ്ധ കുർബാനയിൽ പങ്കെടുക്കുന്നവരെല്ലാം വിശുദ്ധ കുർബാന സ്വീകരിച്ചിരുന്നു. നാലാം നൂറ്റാണ്ടിന്റെ ആരംഭംവരെ വിശുദ്ധ കുർബാന സ്വീകരിക്കാതെ വിശുദ്ധ കുർബാനയാചരണത്തിൽ പങ്കുകൊള്ളുക എന്നത് അചിന്ത്യമായിരുന്നു. മഹറോനിൽ ഉൾപ്പെട്ടവർ മാത്രമേ അതിൽനിന്നു മാറിനിന്നിരുന്നുള്ളു. നാലാം നൂറ്റാണ്ടിൽ സഭയുടെ മതപീഡനം അവസാനിച്ചതോടുകൂടി ക്രൈസ്തവരുടെ വിശ്വാസവും ഭക്തിയും കുറഞ്ഞതാണ് വിശുദ്ധ കുർബാന സ്വീകരണം ദുർലഭമാകാൻ ഒരു കാരണം. 390-ാമാണ്ടോടുകൂടി പൗരസ്ത്യസഭയിലെ വി. ജോൺ ക്രിസോസ്റ്റോം പരാതിപ്പെടുന്നു: "വെറുതെയാണ് നാം അൾത്താരിലേക്കു പ്രവേശിക്കുന്നത്. പങ്കെടുക്കാൻ ആരുമില്ല". ആ സമയംതന്നെ മിലാനിലെ വിശുദ്ധ അംബ്രോസും വർഷത്തിൽ ഒരിക്കൽ മാത്രം വിശുദ്ധ കുർബാന സ്വീകരിക്കുന്നവരെപ്പറ്റി പറയുന്നുണ്ട്.

506-ൽ ആഗ്ദേയിലെ പ്രൊവിൻഷ്യൽ കൗൺസിൽ വർഷത്തിൽ മൂന്നു പ്രാവശ്യമെങ്കിലും വിശുദ്ധ കുർബാന സ്വീകരിക്കണമെന്നത് നിർബന്ധമാക്കി — അതായത്, ക്രിസ്മസിനും ഈസ്റ്ററിനും പെന്തക്കുസ്താ തിരുന്നാളിനും. ഒൻപതാം നൂറ്റാണ്ടു മുതൽ ഭൂരിപക്ഷം ക്രൈസ്തവരും ഈസ്റ്ററിനു മാത്രമാണ് വിശുദ്ധ കുർബാന സ്വീകരിച്ചിരുന്നത്. 1215-ലെ നാലാം ലാറ്ററൽ കൗൺസിൽ ഇത് അംഗീകരിക്കുകയും ചെയ്തു. അജ്ഞതയ്ക്കും ഉദാസീനതയ്ക്കും പുറമെ വിശുദ്ധകുർബാന സ്വീകരണം ദുർലഭമാകാൻ കാരണം, ആര്യനിസത്തിനെതിരെ ക്രിസ്തുവിന്റെ ദിവ്യത്വത്തിനു നൽകിയ അതിശയോക്തി പരമായ പ്രാധാന്യം ജനങ്ങളുടെ മനസ്സിൽ ഭയത്തിന്റെ ഒരു മനോഭാവം സൃഷ്ടിച്ചതാണ്. വിശുദ്ധ കുർബാനയിൽ പങ്കെടുക്കുക എന്നു പറഞ്ഞാൽ വിശ്വാസികളെ സംബന്ധിച്ചിടത്തോളം അജ്ഞാതമായ ഭാഷയിൽ ചില പ്രാർത്ഥനകൾ ചൊല്ലുകയും അഗ്രാഹ്യമായ ചില കാര്യങ്ങൾ അനുഷ്ഠിക്കയും ചെയ്യുന്ന പുരോഹിതനെ നോക്കിയിരിക്കുക എന്നതു മാത്രമായിരുന്നു. വിശുദ്ധ കുർബാനയോടുള്ള ഭക്തി തിരുവോസ്തിയെ നോക്കുകയും ആരാധിക്കുകയും ചെയ്യുന്നതിലാണ് അടങ്ങിയിരുന്നത്. ഒരു പത്തെൺപതു വർഷം മുമ്പുവരെ മിക്ക പള്ളികളിലും ഇതായിരുന്നു അവസ്ഥ. ചിലേടത്ത് ഇതിന്റെ അവശിഷ്ടങ്ങൾ കാണാൻ കഴിയും. ഇതിനെല്ലാം കാരണം വിശുദ്ധ കുർബാനയാചരണം വിരുന്നിന്റെ പ്രതീകത്തിൽ ആഘോഷിക്കപ്പെടുന്ന യേശുവിന്റെ ജീവിതബലിയാണെന്ന സത്യം അവഗണിക്കുന്നതാണ്. വിരുന്നിന്റെ രൂപവും വിരുന്നിലുള്ള പങ്കെടുക്കലും യേശുവിന്റെ ബലിയുടെ ആഘോ

ഷത്തിന് ആവശ്യമാണ്.

വിശുദ്ധകുർബാന സ്വീകരണം ബലിയുമായി ബന്ധപ്പെട്ട വിരുന്നാണ്. ബലിയും അർപ്പിക്കപ്പെട്ടവനുമായുള്ള കൂട്ടായ്മയാണത്. വിശുദ്ധ കുർബാനയാചരണത്തിന്റെ അവശ്യഭാഗവുമത്രെ. തിരുക്കർമ്മങ്ങൾ ക്കുള്ള കോൺഗ്രിഗേഷന്റെ വാക്കുകളിൽ, വിശുദ്ധ കുർബാനയിൽ ബലിയും വിശുദ്ധവിരുന്നും ഏറ്റവുമടുത്ത ബന്ധത്താൽ യോജിക്കപ്പെട്ട ഒരേ രഹസ്യത്തിന്റെ ഭാഗങ്ങളാണ്. കർത്താവിന്റെ അത്താഴത്തിൽ പങ്കെടുക്കുന്നത് എപ്പോഴും നമുക്കുവേണ്ടി സ്വയംബലിയായി പിതാവിനു സമർപ്പിക്കുന്ന ക്രിസ്തുവുമായുള്ള കൂട്ടായ്മയാണ്. വിശുദ്ധ കുർബാന സ്വീകരണമാണ് വിശുദ്ധ കുർബാനയാചരണത്തിന്റെ പാരമ്യം. ജെ. എ. യുങ്മൻ പറയുന്നതുപോലെ, "മനുഷ്യാവതാരത്തിൽ ആദ്യമായി ലോകത്തിൽ മനുഷ്യരുടെ നേർക്കു പ്രകടിപ്പിച്ച ദൈവത്തിന്റെ സ്വയം തരംതാഴ്ത്തൽ നിത്യതയുടെ ഈ വശത്തു സാധ്യമാകുന്ന വിധത്തിൽ അങ്ങേയറ്റംവരെ എത്തുന്നത് വിശുദ്ധ കുർബാന സ്വീകരണത്തിലാണ്. സ്വീകർത്താവിന് അത് നിത്യജീവിത ത്തിനുള്ള അച്ചാരവും ദൈവമനുഷ്യനായ ക്രിസ്തുവിന്റെ ജീവിതത്തിലും മരണത്തിലും ഉത്ഥാനത്തിലുമുള്ള പങ്കുചേരലുമാണ്. അന്ത്യദിനത്തിലുള്ള ഉത്ഥാനം അവനോടു വാഗ്ദാനം ചെയ്യപ്പെട്ടിട്ടുള്ളതാണല്ലോ (യോഹ. 6: 54). ക്രിസ്തുവിന്റെ കൗദാശികശരീരത്തിന്റെ സ്വീകരണം സ്വീകർത്താവിന്റെ മൗതിക ശരീരവുമായുള്ള സംയോജനം സാക്ഷാത്കരിക്കയും സ്ഥിരീകരിക്കയും ചെയ്യുന്നു"

വിശുദ്ധ കുർബാനയുടെ സ്വീകരണത്തിലാണ് യേശു നമ്മിലും നാം അങ്ങിലും വസിക്കുന്ന ആഴമേറിയ കൂട്ടായ്മയിലേക്കും സഹവർത്തിത്വത്തിലേക്കും പരിശുദ്ധാത്മാവിന്റെ ശക്തി നമ്മെ ആനയിക്കുന്നത്. വിശുദ്ധ കുർബാന സ്വീകരിക്കുന്ന വ്യക്തിക്കു വിശ്വാസവും പ്രത്യാശയും സ്നേഹവും വഴി ഗാഢമായ ഈ ഐക്യത്തോടു ചായ്വുണ്ടായിരിക്കണമെന്നതു സ്പഷ്ടമാണല്ലോ. എന്നാൽ ഈ ചായ്വു തന്നെ ദൈവത്തിന്റെ പ്രസാദവരമാണ് സാധ്യമാക്കുന്നതും നിലനിർത്തുന്നതും. യേശുവുമായുള്ള കൂട്ടായ്മയും സഹവർത്തിത്വവും വിശുദ്ധ കുർബാന സ്വീകരിക്കുന്നവർ തമ്മിൽ തമ്മിൽ കൂട്ടായ്മയും സഹവർത്തിത്വവും സൃഷ്ടിക്കയും അങ്ങനെ ക്രിസ്തുവിന്റെ ശരീരം അഥവാ സഭ പണിതുയർത്തപ്പെടുകയും ചെയ്യുന്നു (1 കോറി. 10: 17). പൗലോസ് അപ്പസ്തോലൻതന്നെ വിശുദ്ധ കുർബാന സ്വീകരണത്തിന്റെ ഏറ്റവും പ്രധാനപ്പെട്ട ഫലമായിട്ടാണ് ഇതിനെ കാണുന്നത്. വിശുദ്ധ കുർബാന സ്വീകരണത്തിന്റെ മറ്റൊരു ഫലമായി സഭയുടെ പാരമ്പര്യം ചൂണ്ടിക്കാട്ടിയിരുന്നത് പ്രസാദവരത്തിന്റെ വർദ്ധനവാണ്. പ്രസാദവരം നമുക്കറിയാവുന്നതുപോലെ, യേശുക്രിസ്തുവിൽ പരിശുദ്ധാരൂപിയിലൂടെയുള്ള ദൈവത്തിന്റെ സ്വയംദാനമാണ്. വിശുദ്ധ കുർബാന സ്വീകരണത്തിലൂടെ ലഭിക്കുന്ന പ്രസാദവരത്തിന്റെ വർദ്ധനവ് പ്രകടമാകുന്നത്

വിശുദ്ധകുർബാന സ്വീകരണം ബലിയുമായി ബന്ധപ്പെട്ട വിരുന്നാണ്. ബലിയും അർപ്പിക്കപ്പെട്ടവനുമായുള്ള കൂട്ടായ്മയാണത്. വിശുദ്ധ കുർബാനയാചരണത്തിന്റെ അവശ്യഭാഗവുമത്രെ.

ദൈവതിരുമനസ്സ് അന്വേഷിക്കയും നിറവേറ്റുകയും ചെയ്യുന്ന യേശുവിനോടുള്ള കൂടുതൽ ആഴമേറിയ ഐക്യം ദൈവസ്നേഹത്തിന്റെയും സഹോദരസ്നേഹത്തിന്റെയും ഐക്യത്തിലുള്ള ജീവിതം, യേശു ഉദ്ഘാടനം ചെയ്ത ദൈവരാജ്യത്തിന്റെ സാക്ഷാത്ക്കാരത്തിൽ യേശുവിനോടൊത്തുള്ള താത്പര്യം, സമത്വം, സ്വാതന്ത്ര്യം, സാഹോദര്യം തുടങ്ങിയ ദൈവരാജ്യത്തിന്റെ മൂല്യങ്ങൾ നേടിയെടുക്കുന്നതിനുള്ള തീവ്രമായ പരിശ്രമം, അനീതിക്കെതിരായും സമാധാനത്തിനും അനുരഞ്ജനത്തിനും അനുകൂലമായുള്ള വിട്ടുവീഴ്ചയില്ലാത്ത നിലപാടുകൾ, പാവപ്പെട്ടവരോടും ബലഹീനരോടും പ്രാന്തവത്ക്കരിക്കപ്പെട്ടവരോടുമുള്ള പ്രതിബദ്ധത തുടങ്ങിയ കാര്യങ്ങളിലാണ്.

വിശുദ്ധ കുർബാന സ്വീകരണം വിശുദ്ധ കുർബാനയാചരണത്തിന്റെ അവശ്യഭാഗമായതിനാൽ രോഗം, പ്രായം തുടങ്ങിയ അത്യാവശ്യമായ അജപാലന കാരണങ്ങൾ ഒഴിച്ച്, വിശുദ്ധ കുർബാനയാചരണത്തിനുള്ളിൽത്തന്നെയാണു നടത്തേണ്ടതെന്നു വ്യക്തമാണല്ലോ. ഇരുസാദൃശ്യങ്ങളിലുമുള്ള വിശുദ്ധ കുർബാന സ്വീകരണം ഈ വിരുന്നിന്റെ അർത്ഥം കൂടുതൽ വ്യക്തമാക്കുമെന്നതിനാൽ, വലിയ അസൗകര്യങ്ങളില്ലാതെ സാധിക്കുമ്പോഴെല്ലാം പ്രത്യേകം നടപ്പാക്കേണ്ട കാര്യമാണ്. അതേ കാരണത്താൽ, ആരാധനക്രമത്തെപ്പറ്റിയുള്ള പ്രമാണരേഖ പറയുന്നതുപോലെ (നമ്പർ 55), സാധിക്കുന്നിടത്തോളം അതേ കുർബാനയിൽതന്നെ കൂദാശ ചെയ്യപ്പെട്ട അപ്പത്തിലും വീഞ്ഞിലുംനിന്നു വേണം ദിവ്യകാരുണ്യം നൽകുവാൻ.

5. വിശുദ്ധ കുർബാന തുടരുന്നു

ലത്തീൻ റീത്തിലുള്ള വിശുദ്ധ കുർബാനയുടെ അവസാനം കാർമ്മികൻ വിശ്വാസസമൂഹത്തോടു പറയുന്ന വാക്കുകളാണ്: ചില കുർബാനപുസ്തകങ്ങളിൽ ഇതു പരിഭാഷപ്പെടുത്തിയിരിക്കുന്നത് "പൊയ്ക്കൊള്ളുക, കുർബാന അവസാനിച്ചു" എന്നത്രേ. ഇതത്ര ശരിയല്ല. ഇതിന്റെ ശരിയായ അർത്ഥം "പോകുവിൻ, നിങ്ങൾ അയയ്ക്കപ്പെട്ടിരിക്കുന്നു" എന്നാണ്. യഥാർത്ഥത്തിൽ കുർബാന പള്ളിയിൽ അവസാനിക്കുന്നില്ല. അതു നമ്മുടെ ജീവിതത്തിലേക്കും ലോകത്തിലേക്കും തുടർന്നുകൊണ്ടിരിക്കുകയാണ്. യേശുവിന്റെ ജീവിതബലിയാണ് വിശുദ്ധ കുർബാന. നാം യേശുവിനോടുകൂടി അവിടുത്തെ ജീവിതബലി ആചരിക്കുമ്പോൾ അവിടുത്തോടുകൂടി നാം പിതാവിനു നമ്മെത്തന്നെ സമർപ്പിക്കുകയും സഹോദരിമാരുടെയും സഹോദരന്മാരുടെയും രക്ഷയ്ക്കുവേണ്ടി അവിടുത്തെപ്പോലെ ജീവിക്കയും പ്രവർത്തിക്കയും ചെയ്യാൻ പ്രതിബദ്ധരാകുകയും ചെയ്യുകയാണ്. നമുക്കുവേണ്ടി മുറിക്കപ്പെട്ട ശരീരത്തിലും നമ്മുടെ പാപമോചനത്തിനായി ചിന്തപ്പെട്ട രക്തത്തിലും പങ്കെടുക്കുന്നതും വഴി പ്രസാദവരവും നമ്മെ ആവശ്യമുള്ളവരെ സേവിക്കാനുമുള്ള ദൗത്യവും നമുക്കു ലഭിക്കുന്നു. ജ്ഞാനസ്നാനത്തിന്റെ കൂദാശ ക്രിസ്തുവിനെ അനുഗമിച്ചുകൊണ്ടുള്ള ഒരു ജീവിതത്തിന്റെ വഴിയിൽ നമ്മെ ആക്കി. നാം ആഘോഷിക്കുന്ന വിശുദ്ധ കുർബാനയുടെ കൂദാശ തുടർന്നും നമ്മെ ബലപ്പെടുത്തുകയും അസമത്വത്തിന്റെയും അനീതിയുടെയും ചൂഷണത്തിന്റെയും ഫലമായി വളരെയധികം ദുരിതവും കഷ്ടപ്പാടും നിറഞ്ഞ ഈ ലോകത്തിൽ യേശുവിനെപ്പോലെ നമ്മുടെ സഹജീവികളുടെ സൗഭാഗ്യത്തിനും സുസ്ഥിതിക്കും വേണ്ടി ജീവിക്കാനും പ്രവർത്തിക്കാനും സ്വയം ചെലവഴിക്കാനും നമ്മോട് ആവശ്യപ്പെടുകയും ചെയ്യുന്നു.

അതിനാൽ വിശുദ്ധ കുർബാന



ദേവാലയത്തിൽതന്നെ പൂർത്തിയാകുന്ന ഒരു അനുഷ്ഠാനമല്ല. ക്രിസ്തീയാരാധന ക്രമത്തിലെ ഏറ്റവും വിശുദ്ധവും ഏറ്റവും ഉദാത്തവുമായ ഒരനുഷ്ഠാനമാണ് വിശുദ്ധ കുർബാനയെന്നതു ശരിതന്നെ. ഭയഭക്തികളോടും സ്നേഹത്തോടുംകൂടി നാമത് ആചരിക്കുന്നു. നമ്മുടെ രക്ഷയ്ക്കുവേണ്ടി പിതാവ് ആവിഷ്കരിച്ച രക്ഷാകരപദ്ധതിയെക്കുറിച്ച് ഈ അനുഷ്ഠാനത്തിന്റെ സമയത്ത് നാം അവിടുത്തേക്ക് നന്ദി പറയുന്നു; അവിടുത്തേക്ക് സ്തുതിയും ആരാധനയും സമർപ്പിക്കുന്നു. അങ്ങനെ വിശുദ്ധ കുർബാനയാചരണം ഏറ്റവും വലിയ പ്രാർത്ഥനയാണെന്നതും ശരിതന്നെ. എന്നാൽ വിശുദ്ധ കുർബാനയാചരണം അതിൽതന്നെ പൂർണ്ണമാകുന്ന ഒരനുഷ്ഠാനമല്ല. യേശു വിശുദ്ധ കുർബാന സ്ഥാപിച്ചത് നമുക്ക് ഒന്നിച്ചുകൂടി ആചരിക്കാനുള്ള ഒരു അനുഷ്ഠാനം നൽകാൻ വേണ്ടിയായിരുന്നില്ല. അതിനാൽ നാം ആഘോഷമായി ധൂപത്തിന്റെയും വാദ്യമേളങ്ങളുടെയും അകമ്പടിയോടുകൂടി, മണിയും വെടിയും മുഴക്കി, വിരിക്കുള്ളിലും വെളിയിലുമായി, ഭയഭക്തിസാന്ദ്രമായ ഒരന്തരീക്ഷം സൃഷ്ടിച്ച്, ശ്രുതിമധുരമായി പാടിയും സജീവമായി പ്രാർത്ഥനകൾ ചൊല്ലിയും വിശുദ്ധ കുർബാന ആചരിച്ചാലും അതു ദേവാലയത്തിൽ പൂർത്തിയാകുന്ന ഒരു തിരുക്കർമ്മമല്ല. എന്നാൽ പലരുടെയും ധാരണ, ദിവ്യബലിയിൽ പങ്കെടുക്കുകയും ദിവ്യകാരുണ്യം സ്വീകരിക്കയും ചെയ്തുകഴിഞ്ഞാൽ ക്രിസ്തീയാദ്ധ്യാത്മിക ജീവിതത്തിലെ ഒരു പുണ്യകർമ്മം നിറവേറ്റിക്കഴിഞ്ഞുവെന്നാണ്. അങ്ങനെ ആഴ്ചതോറുമോ ദിവസംതോറുമോ നാം ചെയ്താലും ദിവ്യബലി നാം പൂർത്തിയാക്കുന്നില്ല.

ഒരു ഉദാഹരണംകൊണ്ട് ഇതു വ്യക്തമാക്കാം. സാഹസപ്രിയരായ കുറെപ്പേർ ചേർന്ന് എവറസ്റ്റ് കൊടുമുടി ആരോഹണം ചെയ്യാൻ തീരുമാനിച്ചു. അതിനു വേണ്ട ഒരുക്കങ്ങളെല്ലാം അവർ ഭംഗിയായി നിർവഹിച്ചു. ആവശ്യമായ സാമഗ്രികളും ഉപകരണങ്ങളും ഡ്രെസ്സുകളുമെല്ലാം സജ്ജമായി. എവറസ്റ്റ് ആരോഹണത്തിന്റെ വിവിധ വശങ്ങൾ പഠിക്കുകയും അപകടസാധ്യതകൾ വിലയിരുത്തുകയും ചെയ്തു. ഒരുക്കങ്ങളെല്ലാം പൂർത്തിയായി. യാത്ര പുറപ്പെടേണ്ടതിന്റെ തലേന്നാൾ എല്ലാവരും ഒരുമിച്ചുകൂടി. എവറസ്റ്റ് എന്ന മഹാമേരു സൃഷ്ടിച്ച ദൈവത്തിനു നന്ദി പറഞ്ഞു. എവറസ്റ്റിന്റെ മഹത്വത്തെയും പ്രൗഢിയെയും പറ്റിയുള്ള പാട്ടുകൾ പാടുകയും ശ്രുതിമധുരമായ ഗാനങ്ങൾ ആലപിക്കുകയും ചെയ്തു. ആയാസകരമായ യാത്രയ്ക്ക് അനുയോജ്യമായ ഭക്ഷണപാനീയങ്ങൾകൊണ്ട് സ്വയം ബലപ്പെടുത്തി. ആടിപ്പാടി ഉല്ലസിച്ച് എവറസ്റ്റ് ആരോഹണമെന്ന വലിയ സംഭവത്തെ അവർ ആഘോഷിച്ചു. നേരം ഏറെ ചെന്നപ്പോൾ ക്ഷീണം തോന്നി അവർ കിടന്നുറങ്ങി. പിറ്റേന്നു നേരം പുലർന്നപ്പോൾ എല്ലാവരും എണീറ്റ് അവരവരുടെ വീടുകളിലേക്കു മടങ്ങുകയും



ടുത്ത് വിശുദ്ധ കുർബാന സ്വീകരിച്ചു കഴിഞ്ഞാൽ വിശുദ്ധ കുർബാനയാഘോഷം പൂർത്തിയായെന്നു കരുതുന്നവർ ഏതാണ്ട് ഇതു തന്നെയാണു ചെയ്യുക.

ക്രിസ്തുനാഥൻ വിശുദ്ധ കുർബാന സ്ഥാപിച്ചതിന്റെ ആത്യന്തികമായ ലക്ഷ്യം നമ്മളും അവിടുത്തെ അനുഗമിച്ച് ക്രിസ്തീയ പുണ്യപൂർണ്ണതയുടെ കൊടുമുടി കയറുക എന്നതാണ്. മറ്റു വാക്കുകളിൽ പറഞ്ഞാൽ, നമ്മളും യേശു ചെയ്തതുപോലെ നമ്മെത്തന്നെ പിതാവിനു പൂർണ്ണമായി സമർപ്പിക്കുകയും പിതാവിന്റെ ഇഷ്ടമായ മനുഷ്യന്റെ, ഓരോ മനുഷ്യന്റെയും എല്ലാ മനുഷ്യരുടെയും ശാരീരികവും മാനസികവും ആത്മീയവുമായ സൗഭാഗ്യത്തിനും സുസ്ഥിതിക്കും വേണ്ടി, എല്ലാത്തരത്തിലുമുള്ള വേദനകളിൽ നിന്നും പീഡകളിൽനിന്നുമുള്ള അവരുടെ മോചനത്തിനുവേണ്ടി, നിലകൊള്ളുകയും സ്വയം നൽകുകയും അതിന്റെ പരിണതഫലങ്ങൾ വേണ്ടിവന്നാൽ മരണം പോലും ഏറ്റുവാങ്ങാൻ തയ്യാറാകുകയും ചെയ്യുക എന്നതാണ്. യേശുവിനോടൊത്തുള്ള ഈ കൊടുമുടി കയറ്റം അത്ര എളുപ്പമുള്ളതല്ല. ആയാസകരമായ ഈ പ്രയത്നത്തിനു നമ്മെ ശക്തിപ്പെടുത്താൻ വേണ്ടിത്തന്നെയാണ് അവിടുന്നു വിശുദ്ധ കുർബാന സ്ഥാപിച്ചതും പോഷകസമൃദ്ധമായ ഭക്ഷണപാനീയങ്ങളായി ദിവ്യകാരുണ്യസ്വീകരണത്തിൽ സ്വയം നമുക്കു നൽകുന്നതും. വിശുദ്ധ കുർബാനയിൽ പങ്കെടുത്ത് ദിവ്യകാരുണ്യം സ്വീകരിച്ചു കഴിഞ്ഞാൽ എല്ലാം പൂർത്തിയായെന്നു കരുതുമ്പോൾ, യേശുവിനോടൊത്തുള്ള കൊടുമുടി കയറ്റമാണ് വിശുദ്ധ കുർബാനയുടെ ആത്യന്തികമായ ലക്ഷ്യം എന്ന കാര്യം നാം മറന്നുപോകുന്നു. പാതിവഴിയിൽ നാം നിന്നുപോകുന്നു. വിശുദ്ധ കുർബാന ലക്ഷ്യം നേടുന്നില്ല.

അന്ത്യഅത്താഴത്തിന്റെ ആഘോഷത്തിന് യേശുവിനെ സംബന്ധിച്ചിടത്തോളം ഒരു മുന്നനുഭവത്തിന്റെ സ്വഭാവമുണ്ടായിരുന്നു. കാലത്തിന്റെ പൂർത്തീകരണത്തിൽ പ്രതീക്ഷിക്കപ്പെടുന്ന ദൈവരാജ്യത്തിലെ വിരുന്നിന്റെ മുന്നാസ്വാദനമായിരുന്നു അവിടുത്തേക്ക് ഈ വിരുന്ന്. കിഴക്കുനിന്നും പടിഞ്ഞാറുനിന്നും തെക്കുനിന്നും വടക്കുനിന്നും ധനികനെന്നോ ദരിദ്രനെന്നോ ഉന്നതനെന്നോ ചെറിയവനെന്നോ യാതൊരു വ്യത്യാസവും കൂടാതെ ജനങ്ങൾ വന്ന് ഒരേ ഭക്ഷണമേശയ്ക്കു ചുറ്റും ഇരിക്കുന്ന വിരുന്നാഘോഷത്തോട് യേശു പല പ്രാവശ്യം ദൈവരാജ്യത്തെ ഉപമിച്ചിരുന്നുവെന്നു നമുക്കറിയാം (cf. മത്താ. 13: 29; മത്താ. 8: 11; ലൂക്കാ 14: 21). വിശുദ്ധ കുർബാനയാചരണം യഥാർത്ഥത്തിൽ ക്രിസ്തുവിൽ വിശ്വസിക്കുന്ന എല്ലാവരും കർത്താവിനു ചുറ്റും സഹോദരീസഹോദരന്മാരെപ്പോലെ ഒരുമിച്ചുകൂടി അവിടുന്ന് ഒരുക്കിയിരിക്കുന്ന ദൈവരാജ്യത്തിലെ വിരുന്നിൽ പങ്കെടുക്കുന്നതിന്റെ മുന്നാസ്വാദനമാണ്.

അവിടുത്തെ ശരീരത്തിലും രക്തത്തിലുമുള്ള കൂട്ടായ്മ, അതായത്, ക്രിസ്തുവെന്ന വ്യക്തിയുമായുള്ള കൂട്ടായ്മ, നമ്മെ എല്ലാവരെയും ഒരു ശരീരമാക്കുന്നു. കർത്താവിന്റെ മൗതികശരീരം വിശുദ്ധ കുർബാനയിൽ പങ്കെടുക്കുന്നവർക്കിടയിൽ വിഭജനമോ തരംതിരിവോ വിമോചനമോ സൃഷ്ടിക്കുന്നത് കർത്താവിന്റെ ശരീരത്തെത്തന്നെ വിഭജിക്കയാണ് വിശുദ്ധ കുർബാനയാകുന്ന ശരീരത്തെയും മൗതികശരീരമാകുന്ന ശരീരത്തെയും. ഇതിനാണ് പൗലോസ് കോറിന്തോസിലെ സഭയെ കുറ്റപ്പെടുത്തുന്നത്. "അവർ ക്രിസ്തുവിന്റെ ശരീരത്തെ വിഭജിക്കയും കർത്താവിന്റെ വിധി തങ്ങളുടെ മേൽത്തന്നെ വിളിച്ചുവരുത്തിക്കൊണ്ട് സ്വയം നശിപ്പിക്കയും ചെയ്യുന്നു" (1 കോറി. 11: 17-22).





വിശുദ്ധ കുർബാനയാചരണം കർത്താവിലുള്ള സാഹോദര്യത്തിന്റെയും പരസ്പരബന്ധത്തിന്റെയും സജീവമായ അവബോധമാണ് ആദിമക്രൈസ്തവരിൽ നിലനിർത്തിയിരുന്നത്. അവർക്കിടയിൽ ദാരിദ്ര്യമനുഭവിക്കുന്നവരോ ബുദ്ധിമുട്ടുകൾ സഹിക്കുന്നവരോ ആരുമുണ്ടായിരുന്നില്ല. കാരണം അവർക്കുണ്ടായിരുന്ന ഭൗതികമായ വസ്തുവകകൾ പൊതുസ്വത്തായിട്ടാണ് അവർ കരുതിയത്. അതിൽനിന്ന് ആവശ്യമനുഭവിക്കുന്നവരെ സഹായിക്കാൻ അവർ എപ്പോഴും ഉത്സുകരായിരുന്നു (അപ്പ. 2: 44-45). ദാരിദ്ര്യവും രോഗവും കഷ്ടപ്പാടും സഹിക്കുന്നവരുടെ നേർക്കുള്ള പ്രത്യേകമായ ശ്രദ്ധയും കരുതലും സഭയുടെ ചരിത്രത്തിലെ നിരന്തരമായ ഒരു പ്രതിഭാസമാണ്. സഭാപിതാക്കന്മാരും ജസ്റ്റിനെയും ജോൺ ക്രിസോസ്റ്റോമിനെയും പോലുള്ള വിശുദ്ധരും പാവപ്പെട്ടവരുടെയും അവശതയനുഭവിക്കുന്നവരുടെയും സഹായത്തിനു വരുന്നതു വിശുദ്ധ കുർബാനയാചരണത്തിൽനിന്ന് അവശ്യം ഉത്ഭവിക്കുന്ന കടമയാണെന്ന് ക്രൈസ്തവരെ കൂടെക്കൂടെ ഓർമ്മിപ്പിച്ചിരുന്നു. എല്ലാ വിശുദ്ധ കുർബാനയാചരണത്തിലും ആവശ്യമുള്ളവരെ സഹായിക്കാൻ വേണ്ടി യുള്ള പണപ്പിരിവ് നടത്തിയിരുന്നു. ഈ പാരമ്പര്യം നൂറ്റാണ്ടുകളിലൂടെ സഭ കാത്തുസൂക്ഷിച്ചു. നമുക്കറിയാവുന്നതുപോലെ സഭ പൊതുവെയും പല സന്ന്യാസസ്ഥാപനങ്ങളും അനേകം വ്യക്തികളും രോഗികളെയും ദരിദ്രരെയും വിധവകളെയും അനാഥരെയും സംരക്ഷിക്കാൻ സന്നദ്ധരായി മുന്നോട്ടുവന്നിട്ടുണ്ട്. വിശുദ്ധ കുർബാനയിൽ സന്നിഹിതനായിരിക്കുന്ന ക്രിസ്തുവിന്റെ സ്വയം ദാനം ചെയ്യുന്ന സ്നേഹത്താൽ ആനീതരും പ്രേരിതരുമായി ഈ കാരുണ്യപ്രവൃത്തികളെ തങ്ങളുടെതന്നെ ക്രൈസ്തവജീവിതത്തിന്റെ പ്രോഗ്രാമായിട്ടാണ് അവർ കാണുന്നത്.

എന്നാൽ ദരിദ്രർക്കും കഷ്ടപ്പാടുകൾ സഹിക്കുന്നവർക്കും ഇനി ആവശ്യമായിരിക്കുന്നത് വെറും കാരുണ്യപ്രവൃത്തികൾ മാത്രമല്ല. ഇന്നു നാം നമ്മോടുതന്നെ ചോദിക്കേണ്ടിയിരിക്കുന്നു. എന്തു

കൊണ്ടാണ് ഇത്രയും അധികം ആളുകൾ ദരിദ്രരായിരിക്കുന്നതും വിശപ്പും കഷ്ടപ്പാടും സഹിക്കുന്നതും? ഉത്തരം എല്ലാവർക്കും വ്യക്തമാണ്. ലോകത്തിൽ അനേകം പേർ ദരിദ്രരായിരിക്കാൻ കാരണം ദൈവം എല്ലാവർക്കുമായി സൃഷ്ടിച്ച ലോകത്തിലെ വിഭവങ്ങളെ കുറെപ്പേർ തങ്ങൾക്കായി സ്വരൂപിച്ചു കൂട്ടിവച്ചുകൊണ്ടിരിക്കുന്നതാണ്. വളരെപ്പേർ കഷ്ടപ്പെടുന്നതിനു കാരണം കുറച്ചു പേരുടെ അനീതിയും ചൂഷണവും അഴിമതിയുമെല്ലാമാണ്. ദരിദ്രരെ കൂടുതൽ ദരിദ്രരാക്കുകയും ബലഹീനരെയും നിസ്സഹായരെയുമെല്ലാം പീഡിപ്പിക്കുകയും ചെയ്യുന്ന അനീതികൾക്കും സ്വാർത്ഥതാല്പര്യങ്ങൾക്കും എതിരെ യേശുവിനെപ്പോലെ നമ്മളും ശബ്ദമയുർത്തണം. എല്ലാവർക്കും സമത്വത്തിലും സ്വാതന്ത്ര്യത്തിലും സാഹോദര്യത്തിലും ജീവിക്കാവുന്ന നീതിനിഷ്ഠമായ ഒരു സമൂഹസൃഷ്ടിക്കുവേണ്ടി പ്രതിബദ്ധരാകുകയും പ്രയത്നിക്കുകയും ചെയ്യുകയെന്നത് വിശുദ്ധ കുർബാനയാചരണത്തിന്റെ അവശ്യ പരിണതഫലമാണ്.

യേശു ദൈവരാജ്യം പ്രഘോഷിച്ചപ്പോൾ ഇതുതന്നെയായിരുന്നു അവിടുത്തെ താല്പര്യം. ഇതിനുവേണ്ടിയാണ് അവിടുന്നു ജീവിച്ചതും പ്രവർത്തിച്ചതും സ്വയം ചെലവഴിച്ചതും. ശക്തരായവർ ബലഹീനരുടെ നേർക്കു പ്രയോഗിച്ച അനീതിയെയും മർദ്ദനത്തെയുമെല്ലാം അവിടുന്നു ശക്തിയുക്തം എതിർത്തു. ആത്യന്തികമായി പാവപ്പെട്ടവരുടെ നേർക്കുള്ള സേവനവും സമ്പന്നർക്കും ശക്തർക്കുമെതിരെ എടുത്ത നിലപാടുമാണ് യേശുവിനെ കുരിശിലെത്തിച്ചത്. എന്നാൽ മരണത്തിനു മുൻപ് സ്നേഹത്തിലും സേവനത്തിലും സ്വയംദാനത്തിലുമുള്ള അവിടുത്തെ ജീവിതം മുഴുവൻ വിശുദ്ധ കുർബാനയിൽ സംവഹിച്ച് അവിടുത്തെ ഓർമ്മയ്ക്കായി ആചരിക്കാൻ നമുക്കു നല്കി. വിശുദ്ധ കുർബാനയാചരണം നമ്മുടെ സഹോദരീ സഹോദരന്മാരുടെ രക്ഷയ്ക്കും സുസ്ഥിതിക്കും വേണ്ടി അവിടുത്തെപ്പോലെ ജീവിക്കാനും പ്രവർത്തിക്കാനും നമ്മെ കടപ്പെടുത്തുന്നു. ഈ രക്ഷ അർത്ഥമാക്കുന്നത് ജീവിതത്തിന്റെ എല്ലാ തലങ്ങളിലുമുള്ള സുസ്ഥിതിയും സൗഭാഗ്യവുമാണ്. സാമൂഹികമായും സാമ്പത്തികമായും രാഷ്ട്രീയമായും ഉള്ള രക്ഷ. ആത്മാവിലോ ശരീരത്തിലോ, വ്യക്തികളിൽനിന്നോ സ്ഥാപനങ്ങളിൽനിന്നോ അനുഭവപ്പെടുന്ന എല്ലാ പീഡനങ്ങളിൽനിന്നുമുള്ള വിമോചനം ഉൾക്കൊള്ളുന്ന രക്ഷ. ഈ രക്ഷയ്ക്കുവേണ്ടി നാം പ്രവർത്തിക്കുമ്പോൾ, പള്ളിയിൽ നാം ആചരിച്ച വിശുദ്ധ കുർബാന ലോകത്തിൽ നാം തുടരുകയാണ്. അങ്ങനെ നാം ചെയ്യുമ്പോഴാണ് രണ്ടാം വത്തിക്കാൻ കൗൺസിൽ പറയുന്നതുപോലെ (ആരാധനക്രമം, നമ്പർ 10) വിശുദ്ധ കുർബാനയാചരണം ക്രൈസ്തവജീവിതത്തിന്റെ കേന്ദ്രവും ഉറവിടവും ആകുന്നത്. ❖





മാത്യു പൈകട



ഗുരുസ്മരണ

സന്തോഷത്തോടെ എല്ലാം ഉപേക്ഷിച്ചും,
ആരോടും മത്സരിക്കാതെ
എല്ലാവരെയും ബഹുമാനിച്ചും
ഒന്നാമനാകാൻ തെല്ലും ആഗ്രഹിക്കാതെ
എല്ലാവരുടെയും തോഴനാകാൻ ശ്രമിച്ചും
ഫ്രാൻസിസ് ഒരു ബദൽ ജീവിതശൈലിക്കു
രൂപം കൊടുക്കുകയായിരുന്നു.

ശാസ്ത്രത്തിന്റെയും മതത്തിന്റെയും ഇടയിൽ വളർന്നുവന്ന സംശയമനോഭാവവും ക്രൈസ്തവ-ഇസ്ലാം മതങ്ങൾക്കിടയിലെ ശത്രുതാമനോഭാവവും രാഷ്ട്രീയ-സാംസ്കാരികമേഖലകളിൽ അനുഭവപ്പെട്ട ശക്തമായ നേതൃത്വത്തിന്റെ അഭാവവുമാണ് യൂറോപ്പിനെ മധ്യശതകങ്ങളിൽ 'ഇരുണ്ടയുഗ'ത്തിലേക്കു തള്ളിവിട്ടത്. ഈ കാലഘട്ടത്തിന്റെ അവസാനനാളുകളിലാണ് മധ്യ ഇറ്റലിയിൽ ഉംബ്രിയ പ്രദേശത്തെ കൊച്ചുനഗരമായ അസ്സീസിയിൽ ഒരു വലിയ നവീകരണപ്രസ്ഥാനത്തിനു ഫ്രാൻസിസ് തുടക്കം കുറിച്ചത്. തിന്മയല്ലാത്ത ഒന്നിനെയും തള്ളിപ്പറയാതെ, നന്മയായ എല്ലാറ്റിനെയും വിശുദ്ധമായി അംഗീകരിച്ച്, സർവ്വോപരി ദൈവത്തെ സ്നേഹമായി തിരിച്ചറിഞ്ഞ്, ആരും ആർക്കും അന്യനല്ലാത്ത ഒരു ജീവിതശൈലിയാണ് ഫ്രാൻസിസും കൂട്ടരും അവലംബിച്ചത്. സ്വന്തം കാര്യമാവട്ടെ, പൊതുക്കാര്യമാവട്ടെ, തിരുസഭയിലാകട്ടെ, സിവിൽ സമൂഹത്തിലാകട്ടെ, നന്മയ്ക്കുവേണ്ടിയാണെങ്കിലും അല്ലെങ്കിലും പരസ്പരം കലഹിച്ച്, മത്സരിച്ച് ജയിക്കണമെന്ന വാശിയിലെ പൊള്ളത്തരം വ്യക്തമാക്കാൻ ഫ്രാൻസിസ് ചെയ്തതെന്താണ്? സന്തോഷത്തോടെ എല്ലാം ഉപേക്ഷിച്ചും, ആരോടും മത്സരിക്കാതെ എല്ലാവരെയും ബഹുമാനിച്ചും ഒന്നാമനാകാൻ തെല്ലും ആഗ്രഹിക്കാതെ എല്ലാവരുടെയും തോഴനാകാൻ ശ്രമിച്ചും ഫ്രാൻസിസ് ഒരു ബദൽ ജീവിതശൈലിക്കു രൂപം കൊടുക്കുകയായിരുന്നു. സർവ്വാശ്ലേഷിയായ സാഹോദര്യത്തിലൂടെ ദൈവത്തെ സ്രഷ്ടാവും രക്ഷകനും പരിപാലകനുമായി അംഗീകരിക്കുവാൻ ജനം തയ്യാറായി.



1181-ൽ വസ്ത്രവ്യാപാരിയായിരുന്ന പീറ്റർ ബർണാഡോണിന്റെ പുത്രനായിപ്പിറന്ന ഫ്രാൻസിസ് 25-ാം വയസ്സിൽ ആഡംബരജീവിതം ഉപേക്ഷിച്ച് താപസജീവിതം നയിക്കാനാരംഭിച്ചത് ഒരു വിപ്ലവകാരിയാകാനായിരുന്നില്ല. യാതൊരുവിധ മാനുഷിക പരിഗണനയും ലഭിക്കാതിരുന്ന കുഷ്ഠരോഗികളെ പരിചരിച്ചും, ഉപേക്ഷിക്കപ്പെട്ട കൊച്ചുകപ്പേളകൾ പുനരുദ്ധരിച്ചും ഇടയ്ക്കിടെ ഏകാന്ത പ്രാർത്ഥനയ്ക്കായി വനാന്തരങ്ങളിലേക്ക് പിൻവാങ്ങിയും, 'സ്നേഹമൂർത്തിയായ ദൈവം സ്നേഹിക്കപ്പെടുന്നില്ല' എന്നു വിങ്ങിക്കരഞ്ഞ് തെരുവിലിറങ്ങുകയും ചെയ്ത ഫ്രാൻസിസ് ക്രമേണ അനേകരെ നന്മയിലേക്കും സമാധാനത്തിലേക്കും വിശുദ്ധിയിലേക്കും ആകർഷിച്ചു.

1209-ൽ തന്നോടൊപ്പം ചേർന്ന പതിനൊന്നുപേരെയും കൂട്ടി ഫ്രാൻസിസ് റോമിൽ ഇന്നസെന്റ് മൂന്നാമൻ മാർപ്പാപ്പയുടെ പക്കലെത്തി. മത്തായിയുടെ സുവിശേഷം 10: 5-14 അനുസരിച്ച് സുവിശേഷം പ്രഘോഷിക്കാനും താപസജീവിതം അനുഷ്ഠിക്കാനുമുള്ള അനുവാദവും ആശീർവാദവും വാങ്ങി. സഭയെ വിമർശിച്ചും സഭയിൽനിന്നു വിഘടിച്ചും മുന്നേറിയ പല ഗ്രൂപ്പുകളിൽനിന്നും വ്യത്യ



സ്തമായി ലാളിത്യത്തിന്റെയും സാഹോദര്യത്തിന്റെയും സർഗ്ഗാത്മകശൈലിയാണ് ഫ്രാൻസിസ് അവംലബിച്ചത്. ഇറ്റലിയുടെ നാനാഭാഗങ്ങളിൽ നിന്നെത്തിയ ഫ്രാൻസിസിന്റെ ആയിരക്കണക്കിനനുയായികളിൽ സ്ത്രീകളും പുരുഷന്മാരും വൈദികരും അത്മായരും വിവാഹിതരും അവിവാഹിതരും പണ്ഡിതരും പാമരരും ധനികരും ദരിദ്രരും ഉണ്ടായിരുന്നു. അവിവാഹിതരായ സന്ന്യാസാർത്ഥികൾക്കായി 'നിസ്സാരസഹോദരസമൂഹ'വും (പിന്നീട് ''ഫ്രാൻസിസ്കൻ സഭ'യെന്ന് അറിയപ്പെട്ടു) അവിവാഹിതരോ വിധവകളോ ആയ സ്ത്രീകൾക്കു വേണ്ടി രണ്ടാംസഭയും (പിന്നീട് 'ക്ലാരസഭ'യെന്നറിയപ്പെട്ടു). വിവാഹിതരായ സ്ത്രീ-പുരുഷന്മാർക്കായി മൂന്നാംസഭയും (പിന്നീട് 'സെക്കുലർ ഫ്രാൻസിസ്കൻ സഭ' യെന്നറിയപ്പെട്ടു) സ്ഥാപിക്കപ്പെട്ടു. 1209-ൽ ഇന്നസെന്റ് മൂന്നാമൻ മാർപ്പാപ്പയിൽനിന്ന് വാക്കാൽ അനുവാദം ലഭിച്ചെങ്കിലും കാനോനികനിയമവും സഭയുടെ പാരമ്പര്യവുമനുസരിച്ച് ഔദ്യോഗിക അനുവാദത്തിനായി ഈ മൂന്നു സഭകൾക്കും വ്യത്യസ്തമായ നിയമാവലികൾക്ക് രൂപം നൽകേണ്ടിയിരുന്നു.

1221-ൽ തന്റെ സഹോദരസമൂഹത്തിനായി ഫ്രാൻസിസ് രൂപംകൊടുത്ത നിയമാവലി കാനൻ നിയമം അനുശാസിക്കുന്ന വിധത്തിലായിരുന്നില്ല. എന്നു മാത്രമല്ല, സുവിശേഷത്തിൽനിന്നുള്ള ഉദ്ധരണികൾകൊണ്ടു നിറഞ്ഞ ഉപദേശങ്ങളായിരുന്നു. സഭാംഗങ്ങൾതന്നെ അതു സ്വീകരിക്കാൻ തയ്യാറായില്ല. എന്നാൽ മൂന്നാം സഭയ്ക്കായി തയ്യാറാക്കിയ നിയമാവലിക്ക് റോമിൽനിന്ന് അംഗീകാരം ലഭിച്ചു. സഹോദരസമൂഹത്തിന്റെ രക്ഷാധികാരിയായിരുന്ന കാർഡിനൽ ഗുഗോളിനോയുടെ മേൽനോട്ടത്തിൽ കാനൻ നിയമപണ്ഡിതരുടെ ഉപദേശവും സ്വന്തം അനുഭവങ്ങളും കൂട്ടിച്ചേർത്ത് തയ്യാറാക്കിയ പുതിയ നിയമാവലി 1223-ൽ റോമിൽ സമർപ്പിക്കുകയും ഹൊണോറിയസ് മൂന്നാമൻ മാർപ്പാപ്പയുടെ അംഗീകാരം ലഭിക്കുകയുമാണുണ്ടായത്. വി. ക്ലാരതന്നെയാണ് ക്ലാരസഭയ്ക്കുള്ള ('ദരിദ്രവനിതകളുടെ സഭ'യെന്നാണ് ആദ്യം അറിയപ്പെട്ടിരുന്നത്.) നിയമാവലി എഴുതിയത്. കഠിനമായ ദാരിദ്ര്യം, പ്രത്യേകിച്ച് സഭയ്ക്കു പൊതുവായിപ്പോലും സമ്പത്തു പാടില്ല എന്ന നിർബന്ധം ഉപേക്ഷിക്കണമെന്ന് റോമൻ അധികാരികൾ നിർബന്ധിച്ചെങ്കിലും വി. ക്ലാര അതിനു വഴങ്ങിയില്ല. താൻ മരിക്കുന്നതിനു രണ്ടു ദിവസം മുമ്പ് 1253 ആഗസ്റ്റ് 9-ാം തീയതിയാണ് ഗ്രിഗറി ഒൻപതാം മാർപ്പാപ്പയിൽനിന്ന് (കാർഡിനൽ ഗുഗോളിനോ) നിയമാവലിക്ക് ഔദ്യോഗിക അനുവാദം ലഭിച്ചത്. കൃത്യമായി പറഞ്ഞാൽ 1220-ൽത്തന്നെ ഫ്രാൻസിസ് ഔദ്യോഗികനേതൃസ്ഥാനത്തുനിന്നും വിരമിക്കുകയും പുണ്യപുരുഷനായ പീറ്റർ കത്താനിയെ ഈ ചുമതല ഏല്പിക്കുകയും ചെയ്തിരുന്നു. എന്നാൽ 1221-ൽ കൂടിയ സഹോദരസംഘം ഫ്രാൻസിസ്



തയ്യാറാക്കിയ നിയമാവലി ചർച്ച ചെയ്യുകയും (അംഗീകരിച്ചില്ല) പണ്ഡിതനും സംഘാടകനുമായ ഏലിയാസിനെ സഹോദരസംഘത്തിന്റെ നേതൃത്വത്തിലേക്ക് തെരഞ്ഞെടുക്കുകയും ചെയ്തു. കഠിനമായ പ്രാർത്ഥനാജീവിതത്തിൽ മുഴുകിയ ഫ്രാൻസിസിന് 1224 സെപ്റ്റംബർ 14 ന് — കുരിശിന്റെ പുകഴ്ചയുടെ തിരുനാൾ ദിവസം — പഞ്ചക്ഷതങ്ങൾ ലഭിച്ചു. ചരിത്രത്തിലാദ്യമായി വി. ഫ്രാൻസിസിനാണ് പഞ്ചക്ഷതം ലഭിച്ചതായി രേഖപ്പെടുത്തിയിരിക്കുന്നത്. 1225-ൽ സാൻഡാമിയാനോയിൽ ആയിരിക്കുമ്പോഴാണ് ഫ്രാൻസിസിന്റെ കാഴ്ചശക്തി നഷ്ടപ്പെടുന്നത്. ഫോന്തെ കൊളംബിയയിലും ഡീയന്നായിലും ചികിത്സ നടത്തിയെങ്കിലും ഫലമുണ്ടായില്ല. ഈ രോഗാവസ്ഥയിലാണ് ഫ്രാൻസിസ് വിഖ്യാതമായ 'സൂര്യകീർത്തനം' രചിച്ചത്. 1226-ലെ വേനൽക്കാലം നോർചെറായിൽ ചെലവഴിക്കുമ്പോൾ അസുഖം മൂർഛിച്ചതിനാൽ സെപ്റ്റംബറിൽ പോർസ്യുങ്കുലയിൽ എത്തിച്ചു. 1226 ഒക്ടോബർ മൂന്നാം തീയതി സഹോദരങ്ങളുടെ സാന്നിദ്ധ്യത്തിൽ ഇഹലോകവാസം വെടിഞ്ഞു. പിറ്റെ ദിവസം സെന്റ് ജോർജിയോ ദൈവാലയത്തിൽ മൃതദേഹം സംസ്കരിച്ചു. 1227 മാർച്ച് 19 ന് ഫ്രാൻസിസിന്റെ ഉപദേശകനും സഹായിയുമായിരുന്ന കാർഡിനൽ ഗുഗോളിനോ ഗ്രിഗറി ഒമ്പതാമൻ മാർപ്പാപ്പയായി തെഞ്ഞെടുക്കപ്പെട്ടു. 1228 ജൂലൈ 16 ന് അസ്സീസിയിൽവച്ച് ഫ്രാൻസിസിനെ വിശുദ്ധനായി പ്രഖ്യാപിച്ചു. മാർപ്പാപ്പയുടെ താല്പര്യപ്രകാരം ഏലിയാസിന്റെ നേതൃത്വത്തിൽ ഫ്രാൻസിസിന്റെ നാമത്തിൽ മനോഹരമായ ഒരു ബസിലിക്ക നിർമ്മിക്കപ്പെടുകയും 1230 മെയ് 25 ന് ഫ്രാൻസിസിന്റെ ഭൗതികാവശിഷ്ടം — തിരുശേഷിപ്പ് — ഈ ബസിലിക്കയുടെ ക്രിപ്റ്റയിലേക്ക് മാറ്റി പ്രതിഷ്ഠിക്കയും ചെയ്തു. ഇന്നും അനേകായിരങ്ങൾ മതദേശഭേദമെന്യെ ഫ്രാൻസിസിന്റെ കബറിടം വണങ്ങി നന്മയുടെയും വിശുദ്ധിയുടെയും ചൈതന്യം ഏറ്റുവാങ്ങുന്നു.

Golden Jubilee wishes from

Dr. Dona Cherian Kizhakkekuttu



ഗുരുവചനങ്ങൾ

1. നമ്മുടേതാം സാഹോദര്യത്തി-
ലിടം തേടുന്നവർ തൻ
ജീവിതലക്ഷ്യവും മാർഗ്ഗവും
ലാളിത്യമായിരിക്കണം, ഓർക്കുക നിത്യം.

2. പങ്കുവയ്ക്കാം പാവങ്ങളുമായ്
വിഭവങ്ങളൊക്കെയും മോദമോടെ
പട്ടുകുപ്പായങ്ങ,ളാഡംബരങ്ങളും
വേണ്ട, നമുക്കൊരിക്കലും.

3. അവഹേളനങ്ങ,ളാക്ഷേപങ്ങൾ
കാരണമേതുമില്ലാതെ
വേട്ടയാടിയാലും, സോദരരെ,
മനസ്സു മടുക്കല്ലേ, നന്മ ചെയ്യുവാൻ. (ER II)

4. ആരുടെമേലും
ആർക്കും
അധികാരമില്ലെന്നാകിലും
തെറ്റിൻവഴിയെ ചരിക്കും സോദരങ്ങളെ
നേർവഴിയിലേക്കാനയിക്കാൻ
കടമയും കടപ്പാടുമുണ്ടെല്ലാർക്കും
അറിയുക നിങ്ങൾ.

5. സോദരങ്ങൾ തൻ
പാപമോ പരാധീനതയോ
അസ്വസ്ഥരാക്കരുതു നമ്മെയൊരിക്കലും

അവരോടു കോപിക്കുകയെങ്കിൽ
നിപതിക്കും നമ്മളും
ആ പാപത്തിൽ; നിശ്ചയം. (ER V)

6. ഒന്നാമനാകാനാഗ്രഹിക്കരുതാരുമേ
പന്തിയിൽ ഭേദമേതുമില്ലാത്തതാം
നിസ്സാരസോദരങ്ങളാം നമുക്കെന്നും
പരസ്പര പാദക്ഷാളനമല്ലോ, ഭൂഷണം. (ER VI)

7. ഉപവസിക്കുമ്പോൾ
നോമ്പെടുക്കുമ്പോഴും വിഷാദമരുത്; വിദ്വേഷവുമരുത്;
സന്തോഷചിത്തരാകൂ, പ്രസന്നവദനരാകൂ
കാരണം, നാഥൻ നമ്മോടൊപ്പമില്ലേ! (ER VIII)


8. ആഹാരാദികളിലാശങ്ക വേണ്ടാ,ലേശവും
ആഗ്രഹങ്ങളാവശ്യങ്ങൾ നിറവേറ്റുവാൻ
താങ്ങായ്, തണലായ്ത്തീർന്നീടാം, പരസ്പരം
ദൈവപരിപാലനയിലാശ്രയിച്ചെന്നും. (ER IX)

9. കലഹിക്കരുതാരുമായും, നിശ്ചയം
ഉപയോഗമേതുമില്ലാത്തതാം
വേലക്കാരല്ലോ, നാമേവരും:
വിനയമോടതു നമുക്കേറ്റു പറയാം (ER XI)

10. സുവിശേഷവേലയി-
ലഹങ്കരിക്കുന്നതബദ്ധമല്ലോ;
സ്വന്തം പ്രസംഗചാതുരി
യിലഭിരമിക്കുന്നതും.

11. സുവിശേഷത്തിനായ്
സഹിക്കാനവസരമെങ്കിൽ
സന്തോഷിക്കുക,
പരാതിയേതുമില്ലാതെ. (ER XVII)

12. പിതാവേയെന്നു വിളിക്കരു-
താരെയുമീ ഭൂവിൽ
പിതാവാ,യൊരുവൻ മാത്രം
അവൻ സ്വർഗ്ഗത്തിലും.
ഗുരുവാണ് താനെന്നു നടിക്കുകയുമരുതേ,
കർത്താവു മാത്രമാണല്ലോ
നമുക്കു ഗുരുവും നാഥനും. (ER XXII)



13. അഹങ്കരിക്കാനേതുമില്ലവകാശം
അഭിമാനിക്കാനുമില്ലവസരം;
കാരണം,
നന്മയെല്ലാം നിൻ ദാനമല്ലൊ
കുറവുകൾ മാത്രമല്ലൊ, നമ്മൾ തൻ സമ്പാദ്യം.

14. നിസ്സാരമുപയോഗശൂന്യനാമെങ്കിലും
വിനയോടർപ്പിക്കുമീയപേക്ഷ
ശ്രവിക്കുകയെൻ സോദരരേ,
അമാന്തമരുതേ,
സത്യമാം വിശ്വാസത്തിൽ,
അതുപോൽ തപശ്ചര്യയിലും. (ER XXIII)


15. അഹങ്കാര,മാത്മപ്രശംസ,-
യത്യാഗ്രഹമസൂയയും
വർജ്ജിക്കേണം
എന്നുമെപ്പോഴും നിലകൊള്ളുക നീതിയ്ക്കായ്
സ്നേഹമോടെന്നും

16. സ്നേഹിക്കുക നിൻ ശത്രുക്കളെയും
പ്രാർത്ഥിക്കുകയുമവർക്കായെങ്കിൽ
നിൻ ഹൃത്തിൽ നിറയുമൊരാനന്ദം
അപഹരിക്കാനാവില്ലാർക്കുമേ,
സത്യം. (LR X)

[(ER = Earlier Rule (1221); LR (= Later Rule (1223)]



ഒരന്യഗ്രഹജീവിയുടെ വിലാപങ്ങൾ



ജോർജ് വലിയപാടത്ത്

ബാല്യത്തിൽ ചെന്നായയുടെയും ആട്ടിൻകുട്ടിയുടെയും കഥ പാഠപുസ്തകത്തിൽ വായിച്ചതുമുതൽ അക്കഥ മനസ്സിൽനിന്നു മാഞ്ഞിട്ടേയില്ല. ദാഹശമനത്തിന് ഒരല്പം വെള്ളം കുടിക്കാൻ ആറ്റിൻകരയിൽ എത്തിയതായിരുന്നു ആട്ടിൻകുട്ടി. ആട്ടിൻകുട്ടി. അവിടേക്കു വരുന്നതു കണ്ട് ഒരു ചെന്നായയും പിന്നാലെയെത്തി. അവനും വെള്ളം കുടിക്കാൻ വന്നതാണത്രെ. തനിക്കു കുടിക്കാനുള്ള അരുവിയിലെ വെള്ളം കലക്കിയതിന് ആട്ടിൻകുട്ടിയെ ചെന്നായ് കുറ്റപ്പെടുത്തി. 'താൻ കലക്കിയില്ല, അരുവിപോലും അറിയാതെ താനൊരല്പം വെള്ളം കുടിച്ചതേയുള്ളു താൻ' എന്ന് ആട്ടിൻകുട്ടി പറഞ്ഞുനോക്കി. 'നീ വെള്ളം കലക്കിയിരിക്കുന്നു'. താനല്ലെന്ന് വീണ്ടും ആട്ടിൻകുട്ടി. 'നീയല്ലെങ്കിൽ നിന്റെ അച്ഛനമ്മമാരായിരിക്കും' എന്ന് ചെന്നായ്. അവരും വെള്ളം കുടിക്കാൻ വന്നിരുന്നു. ഇനി ഒരുപക്ഷേ അവർ വെള്ളം കലക്കിയിരിക്കുമോ എന്ന് ആട്ടിൻകുട്ടിക്കു സംശയം ജനിക്കുന്നിടത്തേ അതിനുള്ള ശിക്ഷയായി ചെന്നായയ്ക്ക് ആട്ടിൻകുട്ടിയെ ആക്രമിക്കാൻ കഴിയൂ. എന്തുതന്നെയായാ

യലും ചെന്നായ ഒരുകാര്യം തീരുമാനിച്ചു കഴിഞ്ഞിരിക്കുന്നു - ആട്ടിൻകുട്ടിയെ തിന്നണം.

എത്ര കാലമായി ഈ ആട്ടിൻകുട്ടിയെ ഇങ്ങനെ ചെന്നായ് കൊന്നുതിന്നാൻ തുടങ്ങിയിട്ട്! അതിന്നും തുടരുന്നു. ഇന്നത്തെ പാരിസ്ഥിതിക ദുരന്തങ്ങൾക്ക്, പ്രകൃതി ചൂഷണങ്ങൾക്ക്, കാടു നശിപ്പിച്ചതിന്, കടൽ നശിപ്പിച്ചതിന്, എല്ലാം ഉത്തരവാദി ക്രിസ്ത്യാനിറ്റിയാണ് എന്നു നാം എത്രവുരു കേട്ടിരിക്കുന്നു. ഇന്ത്യയിൽപ്പോലും ഇത്തിരിപ്പോന്ന രണ്ടു ശതമാനം ഇതെല്ലാം ചെയ്തെങ്കിൽ കൊല്ലണ്ടേ അവരെ?

അടിസ്ഥാന പാരിസ്ഥിതിക തത്ത്വങ്ങൾ കണക്കിലെടുത്താൽപോലും വേട്ടക്കാരും ഇരകളും ഏതൊരു ആവാസവ്യവസ്ഥയിലും ഒരേപോലെ കാണപ്പെടുമെന്ന് അനുമാനിക്കേണ്ടതല്ലേ? പ്രപഞ്ചം ഓർഗാനിക്കായ ഒന്നാണ്. ചെറിയ ഏറ്റക്കുറച്ചിലുകൾ കണ്ടേക്കാമെങ്കിലും അടിസ്ഥാനപരമായി മനുഷ്യരിലെപോലും നല്ലവരും ചീത്തവരും (അങ്ങനെ പറയാമെങ്കിൽ!) ഒരുപോലെ വിതരണം ചെയ്യപ്പെട്ടിരിക്കുന്നു. ഒരറ്റംമുതൽ മറ്റേ അറ്റംവരെ നിറച്ചും പാരിസ്ഥിതിക പ്രചോദനങ്ങളെ വിത്തായും മുളയായും ഫലമായും സൂക്ഷിച്ചുവച്ചിരിക്കുന്ന ബൈബിൾ പോലൊരു വിശുദ്ധഗ്രന്ഥത്തിന്മേൽ അടിസ്ഥാനമൂന്നിയ ഒരു ജനതയ്ക്കെങ്ങനെയാണ് പ്രകൃതിവിരുദ്ധരാകാനും നാശകാരികളാകാനും കഴിയുക!

ഓരോ അണുവിലും വിശുദ്ധഗ്രന്ഥത്തിന്റെ ചോദനകളെ ഒപ്പിയെടുത്ത് ആവിഷ്കരിച്ചു അസ്സീസിയിലെ വി. ഫ്രാൻസിസ്. സുവിശേഷം ജീവിച്ചവൻ. രണ്ടാം ക്രിസ്തു എന്നെല്ലാം അദ്ദേഹത്തിന് അപദാനങ്ങൾ ഉണ്ടായത് അതുകൊണ്ടായിരുന്നല്ലോ.

ഫ്രാൻസിസിന് താൻ ഉൾപ്പെടുന്നവയെല്ലാം സൃഷ്ടജാലങ്ങളായിരുന്നു. ചെമ്മരിയാടിനെയും വയൽപ്പൂവിനെയും ആകാശപ്പറവകളെയും സ്നേഹിക്കുന്ന, കുറുമ്പു കാട്ടുന്ന കാറ്റിനെയും കടലിനെയും അപസ്മാരത്തെയും വിഭ്രാന്തിയെയും പനിയെയും ശാസിക്കുന്ന യേശുപാരമ്പര്യത്തിൽ എല്ലാ സൃഷ്ടികളും വ്യക്തിസമാനങ്ങളായിരുന്നു. അതേ പാരമ്പര്യത്തിൽനിന്നുകൊണ്ട് ഫ്രാൻസിസ് സൂര്യനെയും ചന്ദ്രനെയും നക്ഷത്രങ്ങളെയും കാറ്റിനെയും അഗ്നിയെയും ഭൂമിയെയും പുല്ലിനെയും പൂഴുവിനെയും പുൽച്ചാടിയെയും സഹോദരൻ എന്നോ സഹോദരി എന്നോ വിളിച്ചു. സചേതനങ്ങ



ളെന്നോ അചേതനങ്ങളെന്നോ ഉള്ള വ്യത്യാസം കാട്ടാതെ അവയെയെല്ലാം സ്നേഹിക്കുകയും ആദരിക്കുകയും ചെയ്തു. ദൈവത്തെക്കുറിച്ചുള്ള അദ്ദേഹത്തിന്റെ ധ്യാനമാണ് സൃഷ്ടിജാലങ്ങളെ ആദരിക്കാൻ അദ്ദേഹത്തെ പ്രാപ്തനാക്കിയത്.

അദ്ദേഹത്തിന്റെ സ്നേഹം നുകർന്ന സൃഷ്ടികൾ അദ്ദേഹത്തിന് സ്നേഹം തിരിച്ചു നൽകുകപോലും ഉണ്ടായി. ചെന്നായും ചീവീടും കാട്ടുമുയലും കുരുവിയും ചെമ്പോത്തും ഗരുഡനും അദ്ദേഹത്തിന്റെ സ്നേഹം തിരിച്ചറിയുകയും അദ്ദേഹത്തോടു സ്നേഹപൂർവ്വം വർത്തിക്കുകയും ചെയ്തു. ഫ്രാൻസിസിനെ സ്നേഹിച്ച അഗ്നിപോലും അദ്ദേഹത്തിന്റെ യാചനയ്ക്കു മുമ്പിൽ അദ്ദേഹത്തെ നോവിക്കാതെ പൊള്ളിക്കുന്നതാണു കാണുന്നത്. അങ്ങനെ ഫ്രാൻസിസിലൂടെ സൃഷ്ടിജാലങ്ങളെല്ലാം സ്നേഹാർഹങ്ങളാണെന്നും സ്നേഹവും ബഹുമാനവും തിരികെ നൽകാൻ കഴിവുള്ളവയാണെന്നും തെളിയിക്കപ്പെട്ടു.

ഒരിക്കൽ അങ്കോണയുടെ ചതുപ്പുപ്രദേശത്തുകൂടി കടന്നുപോകുമ്പോൾ അവിടുത്തെ പ്രൊവിൻഷ്യൽ മിനിസ്റ്റർ ആയ ബ്രദർ പോളും ഫ്രാൻസിസിനോടൊപ്പമുണ്ടായിരുന്നു. ഒരു കർഷകൻ രണ്ട് ആട്ടിൻകുട്ടികളെ കാലുകൾ ബന്ധിച്ച് തന്റെ തോളിൽ തൂക്കിയിട്ട് ചന്തയിലേക്കു പോകുന്നത് അദ്ദേഹം കണ്ടു. അടുത്തുചെന്ന്, കയറിൽ തൂങ്ങിക്കിടന്ന് വേദനയോടെ കരയുന്ന ആട്ടിൻകുട്ടികളെ അതീവവാത്സല്യത്തോടെ ഫ്രാൻസിസ് തൊട്ടു. തന്റെ സാമ്പത്തിക ബുദ്ധിമുട്ടുകൊണ്ടാണ് ഇവയെ വിൽക്കാൻ പോകുന്നത് എന്നു കർഷകൻ പറഞ്ഞപ്പോൾ ഹൃദയവേദനയാൽ ഉള്ളം തപിച്ചുകൊണ്ട് ഫ്രാൻസിസ് ചോദിച്ചു: "അതിന് എന്റെയീ കുഞ്ഞുസഹോദരങ്ങളെ കയറിൽ കെട്ടിത്തൂക്കി പീഡിപ്പിച്ചു കൊണ്ടുപോകേണ്ടതുണ്ടോ?" അന്നു രാവിലെ കഠിനമായ തണുപ്പിൽനിന്നു രക്ഷ നേടാൻ ഒരു സുഹൃത്തിൽനിന്നു കടം വാങ്ങിയ കമ്പിളിപുറംകുപ്പായം കൊടുത്ത് ഫ്രാൻസിസ് ആട്ടിൻകുട്ടികളെ വാങ്ങി. ആട്ടിൻകുട്ടികൾക്കു പകരം ഇത്രയും വിലപിടിപ്പുള്ള പുറംകുപ്പായം കൈമാറ്റം ചെയ്യുന്നതിലൂടെ നല്ലൊരു കച്ചവടം നടന്നതിൽ കർഷകനും ഏറെ സന്തുഷ്ടനായിരുന്നു. ഫ്രാൻസിസാകട്ടെ അവയെ കർഷകനുതന്നെ തിരികെ നൽകി. ഇവയെ കൊല്ലാതെ സ്നേഹപൂർവ്വം വളർത്തണം എന്നു നിഷ്കർഷിച്ച് ഫ്രാൻസിസ് തന്റെ വഴിയേ പോയി. യാതൊരു സൃഷ്ടിക്കുമേലും അനാവശ്യമായ പീഡാസഹനമോ വേദനയോ ചെലുത്തുവാൻ പാടില്ലായെന്ന അടിസ്ഥാനപര



മായ പ്രകൃതിസ്നേഹത്തിന്റെ പാഠം അങ്ങനെ ഫ്രാൻസിസ് പഠിപ്പിച്ചു. ഉടമസ്ഥതാഭാവം അവകാശം സ്ഥാപിക്കുന്നു. അവകാശം പീഡനത്തിന് അനുമതിയാകുന്നു. ഒരു ജീവിയെയും പീഡിപ്പിക്കാൻ ആർക്കുമേ അവകാശമില്ല. മറിച്ച്, സ്നേഹിച്ചു പരിപാലിക്കുക എന്നത് എല്ലാവരുടെയും കടമയാണ് എന്ന് അദ്ദേഹം എല്ലാവരോടും പറയാതെ പറഞ്ഞു.

അസ്സീസിയിലെ വിശുദ്ധനെക്കുറിച്ച് ഏതെങ്കിലും കഥകൾ കേട്ടിട്ടുള്ളയാരും തന്നെ ഗൂബ്ബിയോയിലെ ചെന്നായയുടെ കഥ കേൾക്കാതുണ്ടാകില്ല. മനുഷ്യരെയും വളർത്തുമൃഗങ്ങളെയും ആക്രമിച്ചുകൊല്ലുന്ന, പട്ടണവാസികൾക്കെല്ലാം ഒരു പേടിസ്വപ്നമായി കഴിഞ്ഞിരുന്ന ചെന്നായയെ അഭിമുഖീകരിക്കാൻ തനിയെ ഫ്രാൻസിസ് പുറപ്പെടുന്നു. എല്ലാവരും ഫ്രാൻസിസിനെ പിന്തിരിപ്പിക്കാൻ ശ്രമിക്കുന്നു. എന്നാൽ ഫ്രാൻസിസ് ചെന്നായെ തേടി വനാന്തരത്തിലേക്കു തന്നെ. ആക്രമണകാരിയെ സഹോദരനായി തിരിച്ചറിയുന്ന ഫ്രാൻസിസിനെ, തിരിച്ച് ചെന്നായും സഹോദരനായിത്തന്നെ തിരിച്ചറിയുന്നു. ആ ഹിംസ്രജന്തു ഫ്രാൻസിസിനു മുമ്പിൽ വന്നു തല കുനിച്ചിരിക്കുന്നു. പട്ടണവും ചെന്നായും തമ്മിൽ ഒരു സമാധാനക്കരാറിനു മുൻകൈയെടുക്കുന്ന ഫ്രാൻസിസ് ചെന്നായയെയും പട്ടണവാസികളെയും ഒരുപോലെ കുറ്റപ്പെടുത്തുകയും ന്യായീകരിക്കുകയും സ്നേഹപൂർവ്വം ശാസിക്കുകയും ചെയ്യുന്നു. വനാന്തരത്തിൽ ഭക്ഷണം ഇല്ലാതെ വരുന്നതറിഞ്ഞ് സഹോദരനായ ചെന്നായ്ക്ക് ഭക്ഷണം കൊടുക്കാൻ ശ്രദ്ധിക്കാതിരുന്നത് പട്ടണവാസികളുടെ അക്ഷന്തവ്യമായ അപരാധമാണെന്ന് ഫ്രാൻസിസ് പട്ടണവാസികളോടു വിളിച്ചു പറയുന്നു. സമാധാനഉടമ്പടിയുടെ ഭാഗമായി ചെന്നായ് ആക്രമണം അവസാനിപ്പിക്കണമെന്നും മനുഷ്യരെ സഹോദരരായി കാണണമെന്നും, മനുഷ്യരാകട്ടെ ഭയലേശമെന്യേ ചെന്നായയെ സഹോദരനായി കണ്ട് അവന് ആദരപൂർവ്വം ഭക്ഷണം വിളമ്പണമെന്നും ഫ്രാൻസിസ് വ്യവസ്ഥ ചെയ്യുന്നു. പിന്നീട് നാലു വർഷത്തോളം — ചെന്നായയുടെ മരണംവരെ — അവൻ പട്ടണത്തിൽ നിർബാധം വന്ന് മനുഷ്യർ സ്നേഹപൂർവ്വം നൽകിയിരുന്ന ഭക്ഷണം കഴിച്ച് മടങ്ങുമായിരുന്നെന്നും പിന്നീടൊരിക്കലും പട്ടണത്തിലെ വളർത്തുനായ്ക്കൾപോലും അവനെക്കണ്ടു കുരയ്ക്കാറില്ലായിരുന്നെന്നും ജീവചരിത്രകാരനായ തോമസ് സെലാനോ സാക്ഷ്യപ്പെടുത്തുന്നുണ്ട്.



തങ്ങളുടെ സഹോദരങ്ങളായ സൃഷ്ടിജാലങ്ങളോടുള്ള ഉത്തരവാദിത്വത്തെ ഇത്രയും നന്നായി വ്യക്തമാക്കിയ വ്യക്തിത്വങ്ങൾ ലോകചരിത്രത്തിൽത്തന്നെ മറ്റേറെയില്ല.

ഫ്രാൻസിസ് 1225-ൽ, അതായത് തന്റെ മരണത്തിന്റെ തലേവർഷമാണ് സൃഷ്ടികളുടെ കീർത്തനം എന്ന ലഘുകാവ്യത്തിന്റെ മുഖ്യഭാഗം രചിക്കുന്നത്. മൂന്നു ഘട്ടങ്ങളിലായിട്ടാണ് അതിന്റെ രചന നടക്കുന്നത്. സർവമഹത്വപ്രതാപവാനായ

ദൈവത്തിന് എല്ലാ സ്തുതിയും പുകഴ്ചയും വാഴ്വുകളും നൽകുന്നു സൃഷ്ടികീർത്തനം. തന്റെ ശരീരത്തിൽ ശക്തമായ വേദനകളാലും കാഴ്ചനഷ്ടം മൂലം കണ്ണിൽ ശക്തമായ വേദനയാലും വീർപ്പുമുട്ടുന്ന ഘട്ടത്തിലാണ് ഫ്രാൻസിസ് സൃഷ്ടിജാലങ്ങളെയെല്ലാം വിളിച്ചുകൊണ്ട് അതീവഹൃദ്യമായി ദൈവത്തിനു സ്തുതി പാടുന്നത്. സൃഷ്ടികീർത്തനം ഒരു സൃഷ്ടിപ്രക്രിയതന്നെയാണ്. ഫ്രാൻസിസ് തന്റെ കാവ്യത്തിലൂടെ ദൈവത്തിനു ചുറ്റുമായ് സൃഷ്ടിയെ അതിന്റെ ലയത്തിൽ പുനഃസൃഷ്ടിക്കുകയാണ് എന്നു പറയാം. സമത്വസൃഷ്ടിക്കുവേണ്ടി കടന്നുവരുന്നത് പഞ്ചഭൂതങ്ങളാണ്; തുടർന്ന് മനുഷ്യനും. മനുഷ്യനെ അവതരിപ്പിക്കുമ്പോൾ ഗിരിപ്രഭാഷണത്തിലെ അഷ്ടഭാഗ്യങ്ങൾ പാലിക്കുന്ന, ക്ഷമ നൽകുന്ന, സമാധാനം സംസ്ഥാപിക്കുന്ന, പീഡനമേൽക്കുന്ന മനുഷ്യരാണ്, പക്ഷേ ഇവിടെ കോസ്മോസിൽ ആയിത്തീരുന്നത് എന്നുമാത്രം. നിത്യജീവനിലേക്കും നിത്യശിക്ഷയിലേക്കും നയിക്കുന്ന മരണം മനുഷ്യനു പിന്നാലെ ദൈവസ്തുതിക്കു നിമിത്തമായി എത്തുന്നു. നാം അനുദിനം ഉപയോഗപ്പെടുത്തുന്നവയും, അവയില്ലാതെ നമുക്കു ജീവിതം അസാധ്യമാവുകയും അവ വഴിയായി മാനവകുലം സ്രഷ്ടാവായ ദൈവത്തെ ഗുരുതരമായി വേദനിപ്പിക്കുകയും ചെയ്യുന്ന ദൈവത്തിന്റെ സൃഷ്ടികളെക്കുറിച്ച് ഒരു കാവ്യം രചിക്കാൻ ഞാൻ ആഗ്രഹിക്കുന്നു എന്ന മുഖവുരയോടെയാണ് ഫ്രാൻസിസ് ഈ പാട്ടു കെട്ടുന്നത്. സങ്കീർത്തനങ്ങളിലും മറ്റും 'സൃഷ്ടികളേ ദൈവത്തെ സ്തുതിക്കുക' എന്നു പറയുന്നതിൽനിന്നും 'എന്നോടൊപ്പം ദൈവത്തെ സ്തുതിക്കുക' എന്നു പറയുന്നതിൽനിന്നും വ്യത്യസ്തതയുണ്ട് ഫ്രാൻസിസിന്റെ സങ്കീർത്തനത്തിന്. 'അത്യുന്നതനായ ലോകനാഥൻ സൂര്യനിലൂടെ, ചന്ദ്രിലൂടെ, നക്ഷത്രജാലങ്ങളിലൂടെ സ്തുതിക്കപ്പെടട്ടെ' എന്ന ഘടനയാണ് ഫ്രാൻസിസ് അനുവർത്തിക്കുന്നത്. കാവ്യത്തിലെ കർമ്മണിപ്രയോഗം കർത്തരിപ്രയോഗത്തിലേക്കു മാറ്റിയാൽ, തന്റെ അസ്തിത്വത്തിന്റെ ആധാരശിലകളായ ഈ സഹോദരർക്കൊക്കെവേണ്ടി മനുഷ്യൻ ദൈവത്തിന് സ്തുതി സ്തോത്രങ്ങൾ അർപ്പിക്കട്ടെ എന്നാണ് അർത്ഥം വരിക. കീർത്തനം പാടേണ്ടത് സൃഷ്ടിജാലങ്ങളല്ല, മറിച്ച് അവയ്ക്കുവേണ്ടി മനുഷ്യനാണ് എന്നു വരുന്നു. ഇങ്ങനെ കൃതജ്ഞതാസ്തോത്രങ്ങളുടെ ഉത്തരവാദിത്വം കൂടി മനുഷ്യനിൽ ഏല്പിക്കുകയാണ് ഫ്രാൻസിസ് തന്റെ സൃഷ്ടികീർത്തനത്തിലൂടെ. ഫ്രാൻസിസ് പറയുന്നിടത്തും എഴുതുന്നിടത്തും ദൈവത്തിനു സ്വന്തമായ വസ്തുക്കൾ എന്നാണ് സൃഷ്ടിജാലങ്ങളെ നിർണ്ണയിക്കുക. സർവ്വ കർത്തൃത്വവും ഉടമസ്ഥതയും ദൈവത്തിന്റേത് എന്നാണ് വിശുദ്ധഗ്രന്ഥത്തിന്റെ എക്കാലത്തെയും നിലപാട്.

മനുഷ്യൻ ദൈവഭവനത്തിന്റെ വേലക്കാരാണ് എന്നതാണ് യേശു പലവുരുമുന്നോട്ടു നിർത്തുന്നതും ഉല്പത്തിപുസ്തകത്തിൽ രണ്ടാം അധ്യായത്തിൽ ചുരുൾനിവരുന്നതുമായ മാനവധർമ്മം. ഏദൻതോട്ടം കൃഷി ചെയ്യാനും സംരക്ഷിക്കാനും ദൈവമായ കർത്താവ് മനുഷ്യനെ അവിടെയാക്കി (ഉല്പ. 2: 15) എന്ന് ആദിഗ്രന്ഥം സാക്ഷ്യപ്പെടുത്തുന്നു. തനിക്കും സഹജർക്കുമായി കൃഷി ചെയ്യുമ്പോൾത്തന്നെ ദൈവത്തിനായി ഏദൻതോട്ടം അഥവാ ഭൂമി സംരക്ഷിക്കുക എന്നതാണ് മനുഷ്യന് ഏല്പിക്കപ്പെട്ടിരിക്കുന്ന ജോലി.

"തന്റെ ഭവനത്തിലുള്ളവർക്ക് കൃത്യസമയത്തു ഭക്ഷണം കൊടുക്കാൻ യജമാനൻ നിയോഗിച്ച വിശ്വസ്തനും വിവേകിയുമായ ഭൃത്യൻ ആരാണ്? യജമാനൻ വരുമ്പോൾ അപ്രകാരം ചെയ്യുന്നതായി കാണപ്പെടുന്ന ഭൃത്യൻ ഭാഗ്യവാൻ. സത്യമായി ഞാൻ നിങ്ങളോടു പറയുന്നു. യജമാനൻ അവനെ തന്റെ വസ്തുക്കളുടെയെല്ലാം മേൽനോട്ടക്കാരനായി നിയമിക്കുന്നു. എന്നാൽ ദുഷ്ടനായ ഭൃത്യൻ തന്റെ യജ

മാനൻ താമസിച്ചേ വരൂ എന്നു പറഞ്ഞ് തന്റെ സഹഭൃത്യന്മാരെ മർദ്ദിക്കാനും മദ്യപന്മാരോടുകൂടെ ഭക്ഷിക്കാനും പാനം ചെയ്യുവാനും തുടങ്ങിയാൽ പ്രതീക്ഷിക്കാത്ത ദിവസത്തിലും അറിയാത്ത മണിക്കൂറിലും യജമാനൻ വന്ന് അവനെ ശിക്ഷിക്കുകയും കപടനാട്യക്കാരുടെ കൂട്ടത്തിൽ തള്ളുകയും ചെയ്യും. അവിടെ വിലാപവും പല്ലുകടിയുമായിരിക്കും" (മത്താ. 24: 45-51).

ഇവിടെയും ഇതുപോലുള്ള എത്രയോ വാക്യങ്ങളിൽനിന്നും മനുഷ്യന്റെ ഭൂമുഖത്തെ ഉത്തരവാദിത്വം വ്യക്തമാണ്. തന്റെ ഭവനത്തിലുള്ളവർക്ക് കൃത്യസമയത്ത് ഭക്ഷണം കൊടുക്കാൻ യജമാനൻ നിയോഗിച്ച വിശ്വസ്തനും വിവേകിയുമായ ഭൃത്യൻ മനുഷ്യനാണ്. തന്റെ ഭവനവാസികൾ എന്നാൽ സർവ്വസൃഷ്ടികളും അതിൽപ്പെടും. കാരണം, പുഴു പുഴുവിന്റെ ധർമ്മവും കാക്ക കാക്കയുടെ ധർമ്മവും ചിതൽ ചിതലിന്റെ ജോലിയും കടുവ അതിന്റെ ജോലിയും ചെയ്യാൻ നിയോഗിക്കപ്പെട്ടിട്ടുള്ള, മനുഷ്യന്റെ സഹഭൃത്യർത്തന്നെയാണ്. തന്റെ നിലയും ധർമ്മവും മറന്ന് സ്വയം യജമാനൻ ചമയുന്നതാണ് മനുഷ്യന്റെ എക്കാലത്തെയും പ്രലോഭനം. അവിടെ സഹഭൃത്യരെ പീഡിപ്പിക്കാനും മദ്യപരോടുകൂടെ തിന്നാനും കുടിക്കാനും തുടങ്ങിയാൽ അപത്താണ് എന്ന് യേശു ഓർമ്മിപ്പിക്കുന്നു. തിന്നുകയും കുടിക്കുകയും എന്നാൽ ഭോഷനായ ധനികന്റെ ഉപമയിലും ധനവാന്റെയും ലാസറിന്റെയും ഉപമയിലും എന്നപോലെ ഉപഭോഗപരമായ ആർഭാടജീവിതത്തിന്റെ - പ്രകൃതിവിരുദ്ധ ജീവനത്തെക്കുറിച്ചുള്ള - യേശുവചനങ്ങളാണ്. ഇക്കാര്യങ്ങൾ ശരിയാംവണ്ണം ഉൾക്കൊള്ളുകയും ജീവിതത്തിൽ പാലിക്കുകയും ചെയ്തു എന്നുള്ളിടത്താണ് ഫ്രാൻസിസ് വ്യത്യസ്തനായത്. തിന്നുകയും കുടിക്കുകയും ആനന്ദിക്കുകയും പീഡിപ്പിക്കുകയും ചെയ്യുന്നവരുടെ ഇടയിൽനിന്ന് ഇറങ്ങിപ്പോയവരെയാണ് ഫ്രാൻസിസ് അസ്സീസിയിൽനിന്നുള്ള അനുതാപികൾ എന്ന പേരിട്ടു വിളിച്ചത്.


സഹജീവികളോടും സഹസൃഷ്ടികളോടുമുള്ള ഹൃദയാർദ്രതയാൽ ഫ്രാൻസിസ് ഏതോ അന്യഗ്രഹജീവിയെപ്പോലെ പെരുമാറിയെന്ന് തന്റെ ആദ്യജീവചരിത്രകാരനായ സെലാനോയിലെ തോമസ് എഴുതുന്നുണ്ട് (1 സെലാനോ 81).

മനുഷ്യന്റെ ഭൂമുഖത്തെ ഉത്തരവാദിത്വം വ്യക്തമാണ്. തന്റെ ഭവനത്തിലുള്ളവർക്ക് കൃത്യസമയത്ത് ഭക്ഷണം കൊടുക്കാൻ യജമാനൻ നിയോഗിച്ച വിശ്വസ്തനും വിവേകിയുമായ ഭൃത്യൻ മനുഷ്യനാണ്. തന്റെ ഭവനവാസികൾ എന്നാൽ സർവ്വസൃഷ്ടികളും അതിൽപ്പെടും. കാരണം, പുഴു പുഴുവിന്റെ ധർമ്മവും കാക്ക കാക്കയുടെ ധർമ്മവും ചിതൽ ചിതലിന്റെ ജോലിയും കടുവ അതിന്റെ ജോലിയും ചെയ്യാൻ നിയോഗിക്കപ്പെട്ടിട്ടുള്ള, മനുഷ്യന്റെ സഹഭൃത്യർതന്നെയാണ്. തന്റെ നിലയും ധർമ്മവും മറന്ന് സ്വയം യജമാനൻ ചമയുന്നതാണ് മനുഷ്യന്റെ എക്കാലത്തെയും പ്രലോഭനം.

ജീർണ്ണതയുടെ അടിമത്വത്തിൽനിന്ന് മോചിതരായി, ദൈവമക്കളുടെ സ്വാതന്ത്ര്യത്തിലേക്ക് രക്ഷപ്പെട്ടോടിപോയവനെപ്പോലെയായിരുന്നു ഫ്രാൻസിസ് എന്ന് അദ്ദേഹം തുടർന്ന് എഴുതുന്നുണ്ട്. സ്രഷ്ടാവിനെ ആരാധിക്കാതെ, സൃഷ്ടിയെ സ്നേഹിക്കാതെ സ്വധർമ്മം പാലിക്കാതെ നാമൊക്കെ ഇന്നും ജീർണ്ണതയുടെ അടിമത്വത്തിൽ തന്നെ കഴിയുകയും ചെയ്യുന്നു. ഫ്രാൻസിസ് ഇന്നും തീർച്ചയായും നമുക്കേവർക്കും അന്യഗ്രഹജീവിതന്നെയാണ്. നമുക്ക് കൗതുകം കൊള്ളാൻ മാത്രം ഉതകുന്ന ഒരന്യഗ്രഹജീവി.

ഫ്രാൻസിസ് കണ്ടെത്തിയ ദൈവം നിർവചനങ്ങൾക്കും നിയമങ്ങൾക്കും വശംവദനാകുന്നവനായിരുന്നില്ല. നഷ്ടപ്പെട്ട ഒരാടിനുവേണ്ടി തൊണ്ണൂറ്റൊൻപതിനെയും ഉപേക്ഷിക്കുന്ന ഇടയനെ ഏതു യുക്തിക്കാണു ഗ്രഹിക്കാനാകുക. മുന്നിൽ നിൽക്കുന്ന ഗണികയ്ക്കുവേണ്ടി മോശയുടെ നിയമത്തെ കാറ്റിൽ പറത്തിയവനെ ഏതു നിയമംകൊണ്ടാണ് തളയ്ക്കാനാവുക? ജീവിതംപോലെ ദൈവവും യുക്തിയുടെ നേർരേഖയിലല്ല ചലിക്കുന്നതെന്ന് ഫ്രാൻസിസ് അറിഞ്ഞു. ആ ദൈവം അവനെക്കൊണ്ട് വിശുദ്ധഗ്രന്ഥംവരെ വില്പിക്കുന്നുണ്ട്. ഒരു വിധവയുടെ വിശപ്പടക്കാൻവേണ്ടി

യുക്തിയില്ലായ്മയിലെ സൗന്ദര്യം




ഷാജി കെ.

ലോസഫി' എന്ന വാക്കു പരിചയപ്പെടുത്തുന്നതിനു മുമ്പേ, അരിസ്റ്റോട്ടിൽ മനുഷ്യനു കൊടുത്ത നിർവചനം നാം കേട്ടതാണ്. 'അവൻ ചിന്തിക്കുന്ന മൃഗമാണ്.' യുക്തിഭദ്രമായ ചിന്തകളാണ് മനുഷ്യനെ മനുഷ്യനാക്കുന്നത്. വികാരാവേശങ്ങളെ യുക്തികൊണ്ടു കീഴടക്കണം. എടുത്തുചാടുന്നതിനുമുമ്പേ ഒന്നു നോക്കണമെന്നും ജീവിതത്തിൽ കണക്കുകൂട്ടലുകൾ ഉണ്ടാകണമെന്നും കുഞ്ഞുന്നാൾ മുതലേ നമ്മെ പഠിപ്പിക്കുന്നു. അസ്സീസിയിലെ പീറ്റർ ബെർണദീനോ മകൻ ഫ്രാൻസിസിനെ പഠിപ്പിച്ചതും ഇതുതന്നെ. എന്നിട്ട് തന്റെ തുണിക്കട അവനെ ഏല്പിച്ചു. ഒരു ദിവസം അവൻ കച്ചവടം നടത്തിക്കൊണ്ടിരിക്കുന്നതിനിടയ്ക്ക് ഒരു യാചകൻ കൈനീട്ടി. ഉപഭോക്താവിനെ പറഞ്ഞയച്ചിട്ടാകാം സഹായം എന്നു ഫ്രാൻസിസ് കരുതി. പക്ഷേ അതു കഴിഞ്ഞപ്പോഴേയ്ക്കും യാചകൻ പോയിക്കഴിഞ്ഞിരുന്നു. ഒരു നിമിഷം അവൻ തരിച്ചുനിന്നുപോയി. 'എന്റെ ദൈവമേ! ഒഴിവാക്കപ്പെട്ട ആ മനുഷ്യൻ എത്ര ലജ്ജിച്ചാവണം പോയത്?' പിന്നെയൊരോട്ടമായിരുന്നു. ഇടവഴികളിലൂടെ ഓടിയോടി അവസാനം അയാളെ കണ്ടെത്തുകതന്നെ ചെയ്തു. പകച്ചുനിന്ന് അയാളുടെ മുമ്പിൽ മുട്ടുകുത്തി, ക്ഷമയാചിച്ച് കുറച്ചു നോട്ടുകൾ അയാളുടെ കീശയിൽ തിരുകിവച്ചതിനു ശേഷമാണ് അവനൊന്നു ശാന്തനായത്. ഉടനൊരു ശപഥവും അവനെടുത്തു. ഇനിമേൽ താനൊരിക്കലും ഒരു നിസ്സഹായനെയും അവഗ

ണിക്കയില്ല. ഒരു കൗമാരപ്രായക്കാരന്റെ വികാരാവേശപ്രകടനം എന്നു നമുക്കതിനെ വിധിക്കാം. പക്ഷേ ഫ്രാൻസിസിനു തലയുടെ യുക്തിഭദ്രതയെക്കാൾ പ്രധാനം ഹൃദയത്തിന്റെ നിമന്ത്രണങ്ങളായിരുന്നു. കണക്കുകൂട്ടലുകളെക്കാൾ പ്രധാനം സ്വപ്നങ്ങളായിരുന്നു. അയൽരാജ്യവുമായുള്ള യുദ്ധത്തിൽ സുധീരം പോരാടി മാടമ്പിയാകാൻ ഇറങ്ങിത്തിരിച്ചതായിരുന്നു അവൻ. പക്ഷേ, ഒരു സ്വപ്നത്തിൽ ആരോ അവനെ ചോദ്യം ചെയ്തു. അതോടെ ആ പരിപാടി ഉപേക്ഷിച്ചു തിരികെ നടന്നു.


ആധുനിക യുഗത്തിന്റെ തുടക്കക്കാരൻ യുഗാർത്തെ പറയുന്നത്, ഞാൻ ജീവിക്കുന്നുഎന്നത് എന്റെ ചിന്തകളാണെന്നാണ്. യുക്തിചിന്തയുടെ പ്രയോഗമായിരുന്നു ആധുനികയുഗത്തിലുടനീളം. യുക്തി എല്ലാറ്റിന്റെയും കാര്യകാരണങ്ങളന്വേഷിച്ചു. കൃത്യമായി എല്ലാം നിർവചിച്ചു. വ്യക്തമായ നിയമങ്ങളുണ്ടാക്കി. ശരിയും തെറ്റുമേതെന്നു വ്യവച്ഛേദിച്ചു. ദൈവാന്വേഷണത്തിലും ഈ യുക്തിതന്നെ ഉപയോഗിക്കപ്പെട്ടു. വെള്ളം = H_2O എന്ന സത്യം പോലെ ദൈവം = ഇന്നതാണെന്നു കൃത്യമായി നിർവചിക്കപ്പെട്ടു. ആ ദൈവം അനുവദിക്കുന്നതേത്, അനുവദിക്കാത്തതേത് എന്ന ധാരണയുമായി. പക്ഷേ, ഫ്രാൻസിസ് കണ്ടെത്തിയ ദൈവം നിർവചനങ്ങൾക്കും നിയമങ്ങൾക്കും വശംവദനാകുന്നവനായിരുന്നില്ല. നഷ്ടപ്പെട്ട ഒരാടിനുവേണ്ടി തൊണ്ണൂറ്റൊൻപതിനെയും ഉപേക്ഷിക്കുന്ന ഇടയനെ ഏതു യുക്തികൊണ്ടാണു ഗ്രഹിക്കാനാകുക.



മുന്നിൽ നിൽക്കുന്ന ഗണികയ്ക്കുവേണ്ടി മോശയുടെ നിയമത്തെ കാറ്റിൽ പറത്തിയവനെ ഏതു നിയമംകൊണ്ടാണ് തളയ്ക്കാനാവുക? ജീവിതംപോലെ ദൈവവും യുക്തിയുടെ നേർരേഖയിലല്ല ചലിക്കുന്നതെന്ന് ഫ്രാൻസിസ് അറിഞ്ഞു. ആ ദൈവം അവനെക്കൊണ്ട് വിശുദ്ധഗ്രന്ഥംവരെ വില്പിക്കുന്നുണ്ട്. ഒരു വിധവയുടെ വിശപ്പടക്കാൻവേണ്ടി ഒരു ഗ്രന്ഥത്തിനും നിയമത്തിനും ഒതുക്കാനാവുന്നതല്ല. അതിന് സ്വന്തമാക്കുന്നത് ബുദ്ധികൊണ്ടു കീഴ്പ്പെടുത്തിയല്ല, ഹൃദയംകൊണ്ടു പ്രണയിച്ചാണ്.

ഡൊസ്റ്റേയ്വ്സ്കിയുടെ ഒരു നോവലിൽ ഒരു വേശ്യ ഒരു കൊലയാളിക്ക് ക്രിസ്തു ലാസറിനെ ഉയിർപ്പിക്കുന്ന ഭാഗം വ്യാഖ്യാനിച്ചുകൊടുക്കുന്നുണ്ട്. അവരുടെ ക്രിസ്തുവാണ് ഫ്രാൻസിസിന്റെ ദൈവം.

ക്രിസ്തുവുമായി പ്രണയത്തിലായ ഫ്രാൻസിസ് സകലരിലും സകലതിലും കിസ്തുവിനെ കാണുന്നു. ഒരുവൻ തന്റെ പ്രണയിനിയെ എല്ലാറ്റിലും കാണുന്നതുപോലെ താൻ സുവിശേഷപ്രഘോഷണത്തിനിറങ്ങണോ വേണ്ടയോ എന്നൊരു ഉറച്ച തീരുമാനമെടുക്കാനാവാതെ വന്ന




പ്പോൾ ഫ്രാൻസിസ് ക്ലാരയുടെ സഹായം തേടി. അവൾ പ്രാർത്ഥിച്ചെടുത്ത തീരുമാനം മാസ്സെയോയുടെ കൈയിലാണു കൊടുത്തുവിട്ടത്. ആശ്രമവാതിൽക്കൽ അയാളെ കാത്തുനിന്ന ഫ്രാൻസിസ് പെട്ടെന്നാണ് അതോർത്തത്. 'ദൈവമേ, നിന്റെ തീരുമാനവുമായിട്ടാണല്ലോ മാസ്സെയോ വരിക'. അയാളെ ദൈവത്തെയെന്നപോലെ ഫ്രാൻസിസ് സ്വീകരിക്കുകയാണ്. അയാളുടെ കാലുകൾ കഴുകുകയാണ്. ഒന്നാംതരം ഭക്ഷണം നൽകുകയാണ്. എന്നിട്ട് വൃക്ഷത്തലപ്പുകൾക്കിടയിലേക്കു കൂട്ടിക്കൊണ്ടുപോയി. ആകെയമ്പരന്നുപോയ മാസ്സെയോയുടെ വാക്കുകൾ ആദരവോടെ കേൾക്കുകയാണ്. ഈജിപ്തിലെ സുൽത്താനോടും മൊറോക്കസാലെയിലെ മോഷ്ടാക്കളോടും വിശുദ്ധ കുർബാനയേന്തുന്ന പുരോഹിതനോടും സ്പൊലേറ്റോയിലെ കുഷ്ഠരോഗിയോടും അസ്സീസിയിലെ മെത്രാനോടും അവിടുത്തെ മേയറോടും ഒരേ ആദരവോടെ അവനിടപെട്ടു. അതിനൊക്കെ അവനൊറ്റ കാരണമേയുള്ളു. ക്രിസ്തു സ്വീകരിച്ചത് മനുഷ്യരൂപമാണ്. ഒരു നിയമവും മനുഷ്യനെ പരിഗണിക്കാത്തതാകരുതെന്ന് അവൻ ശഠിച്ചു. വിശക്കുന്നവനായ ലിയോയ്ക്ക് വഴിയരികിൽ കണ്ട മുന്തിരി പറിച്ചുകൊടുത്തതിന്റെ പേരിൽ ഉടമസ്ഥന്റെ തല്ലു വാങ്ങുന്നുണ്ട് ഫ്രാൻസിസ്.

കടുവയുടെ സൗന്ദര്യത്തെക്കുറിച്ച് കവിതയെഴുതിയ ആളാണ് വില്യം ബ്ലെയ്ക്. അദ്ദേഹം ഒരു കടുവയുടെ മുൻപിൽ അകപ്പെട്ടുപോകുന്നതിനെക്കുറിച്ച് ഒന്നാലോചിച്ചു നോക്കൂ. ജീവിതത്തെക്കുറിച്ച് നിരാശ നിറഞ്ഞ കാര്യങ്ങളേ ചിന്തകനായ ഷോപനോവർക്കു പറയാനുണ്ടായിരുന്നുള്ളു. പക്ഷേ, ജീവിതം തീരാറായപ്പോഴേക്കും അദ്ദേഹം വിളറി വെളുക്കുകയാണ്. ഫ്രാൻസിസാവട്ടെ, ഗൂബിയോയിലെ ചെന്നായയുടെ അടുത്തേക്ക് "സഹോദരാ" എന്നു വിളിച്ചു ചെല്ലുന്നു. മരണകിടക്കയിൽ കിടക്കുമ്പോഴും ഗാനമാലപിക്കുന്നു. മരണം കണ്ടു കിടക്കുമ്പോൾ മോഹം ഒരു ആൽമണ്ട് കേക്കു തിന്നാനാണ്. അസുഖം പിടിച്ച കണ്ണുകൾ ചികിത്സാർത്ഥം പൊള്ളിക്കുമ്പോൾ അവനേ ഇതു പറയാനാകൂ. "അഗ്നി സഹോദരാ,

എന്നെ വല്ലാതെ പൊള്ളിക്കരുതേ!'' വെള്ളത്തിൽ കാൽ വയ്ക്കാൻ ഫ്രാൻസിസിനു മടിയായിരുന്നു. അതു വെള്ളത്തോടുള്ള അനാദരവാണത്രെ. പൂന്തോട്ടം വൃത്തിയാക്കുമ്പോൾ കുറെ കാട്ടുചെടികളെങ്കിലും നശിപ്പിക്കാതെ നിർത്തിയിരുന്നു. വഴിയെ നടക്കുമ്പോൾ ആദരവോടെ ഓരം ചേർന്നവൻ നടന്നു. മരം വെട്ടുമ്പോൾ വീണ്ടും തളിർക്കാൻ ചുവടെ വെട്ടരുതെന്നു നിഷ്കർഷിച്ചു. വഴിയിൽ ഒരു കാട്ടുമുയലിനെ കാണുമ്പോൾ വണ്ടി കയറ്റി കൊല്ലാൻ ശ്രമിക്കുന്ന നമുക്ക് ഇതൊക്കെ ഭ്രാന്താണ്. പക്ഷികളോടും മൃഗങ്ങളോടുമുള്ള അനാദരവ് കുമ്പസാരിക്കേണ്ട പാപങ്ങളല്ലോ നമുക്ക്. ഏതാണു പാപമെന്നും ഏതാണു പാപമല്ലാത്തതെന്നും യുക്തിപൂർവം നാം തീരുമാനിച്ചുറപ്പിച്ചിരിക്കുകയാണ്.

ബുദ്ധികൊണ്ടു ചിന്തിക്കുന്നവരാണു നാം. ഹൃദയം കൊണ്ടു ജീവിച്ചവനാണു ഫ്രാൻസിസ്. ഈ ലോകത്തെക്കുറിച്ചും പരലോകത്തെക്കുറിച്ചും നമുക്കു വ്യക്തമായ ധാരണകളുണ്ട്. കണക്കുകൂട്ടുലകുളുണ്ട്. ഫ്രാൻസിസ് അതിനൊന്നും മെനക്കട്ടില്ല. എല്ലാറ്റിനെയും പ്രണയിച്ചു. നമ്മുടെ സകലയുക്തിചിന്തയ്ക്കും പുറംതിരിഞ്ഞ് അവൻ നടന്നു. അതുകൊണ്ടുതന്നെ നമ്മുടെ കണ്ണിൽ അവനൊരു വിഡ്ഢിയാണ്. പക്ഷേ, വിഡ്ഢികളല്ലാത്ത നമുക്കെന്താണു സംഭവിച്ചുകൊണ്ടിരിക്കുന്നത്? ഞരമ്പുകൾ വലിഞ്ഞുമുറുകിയും ഉറങ്ങാനാവാതെയും നാം ജീവിക്കുന്നു. ഒന്നു സന്തോഷിക്കാൻ രണ്ടു പെഗ്ഗടിക്കേണ്ടിവരുന്നു. അല്ലെങ്കിൽ കോവളത്തു പോകേണ്ടിവരുന്നു. ഒന്നുറങ്ങാൻ എ സി ഓണാക്കേണ്ടിവരുന്നു. ഫ്രാൻസിസിന്റെ ജീവിതംതന്നെ ഓട്ടവും പാട്ടുമായിരുന്നു. ഒരുണക്കറൊട്ടിയോ തെളിനീരോ മതിയായിരുന്നു അവനു മതിമറക്കാൻ. ഇന്നു നമ്മെ കാണുമ്പോൾ ഓടിയൊളിക്കുന്ന കിളികൾ കുഞ്ഞുന്നാളിൽ നമ്മുടെയടുത്തു വന്നിരുന്നു. കിളികൾ ഇഷ്ടപ്പെട്ടിരുന്ന ഫ്രാൻസിസിനെ നമ്മുടെയുള്ളിലെ ആ കുഞ്ഞ് ഇനിയും ഇഷ്ടപ്പെടുന്നുണ്ട്. അതിനു തെളിവാണ് ഈയിടെ രഞ്ജിത് സംവിധാനം ചെയ്ത 'പ്രാഞ്ചിയേട്ടൻ ആൻഡ് ദി സെയിന്റ്' എന്ന സിനിമയിൽ ഫ്രാൻസിസനെ കൊണ്ടുവരുന്നു എന്നത്.


❖



വിശുദ്ധലിഖിതം വായിക്കുക
എന്നതിന്റെ അർത്ഥം
ഉപദേശത്തിനായി
ക്രിസ്തുവിലേക്കു തിരിയുക
എന്നതാണ്.

വിശുദ്ധ ഫ്രാൻസിസ് അസീസി

ൻസിസ് ആകാശത്തിനു മേലെ വീണ മേഘമായിരുന്നു. അതിൽ ദൈവത്തിന്റെ അരുള പ്പാടുകളും കാർക്കശ്യവും വിതുമ്പലുമുണ്ടായി രുന്നു.



ജോസ് സുരേഷ്

എന്തുകൊണ്ട് സെന്റ് ഫ്രാൻസിസിനെ സ്നേഹിക്കുന്നു എന്നു ചോദിച്ചപ്പോൾ ഗ്രീക്കു സാഹിത്യകാരനായ നിക്കോസ് കസൻദ്സാക്കിസ് പറഞ്ഞു: "ഒന്നാമതായി, സെന്റ് ഫ്രാൻസിസ് നവോത്ഥാനകാലഘട്ടത്തിനു മുമ്പുള്ള ഏറ്റവും വലിയ കവികളിലൊരാളായിരുന്നു. രണ്ടാമതായി, നോട്ടംകൊണ്ട് ഒരു പൂവിന്റെ ചാരിത്ര്യം പോലും അദ്ദേഹം മോഷ്ടിച്ചിട്ടില്ല." കസൻദ്സാക്കിസിന്റെ *ദൈവത്തിന്റെ നിസ്വൻ* ഫ്രാൻസിസിന്റെ ആധുനി കതയോട് ഏറ്റവും അടുത്തുനിൽക്കുന്ന പുസ്ത കമായി തോന്നിയിട്ടുണ്ട്. ജി. കെ. ചെസ്റ്റർട്ടന്റെ *അസ്സീസിയിലെ ഫ്രാൻസിസ്* വിശുദ്ധന്റെ ആത്മീ യതയെ ഉൾക്കൊള്ളാനുള്ള മറ്റൊരു ശ്രമമാണ്. ഈ പുസ്തകത്തിൽ ചെസ്റ്റർട്ടൻ എഴുതി: "ഫ്രാൻസിസ് ദൈവത്തിൽ കപ്പൽച്ചേതം സംഭ വിച്ചു വീണു" ഈ വാക്കുകളിലൂടെ ചെസ്റ്റർട്ടന്റെ പ്രതിഭ, ദൈവം പൂത്തുനിൽക്കുന്ന ഫ്രാൻസി സിന്റെ നെഞ്ചിൽ തൊടുന്നു. ഞാൻ ഫ്രാൻസി സിൽ കണ്ട പ്രചോദനങ്ങൾ ഇവയാണ്.



പുറവഴികളിലെ സഞ്ചാരി

സഞ്ചാരി

നമ്മൾ എവിടേയ്ക്കെങ്കിലും നടന്നകലുമ്പോൾ ഒരു പലായനത്തിനുള്ള നമ്മുടെ ചോദനയെയാണ് തൃപ്തിപ്പെടുത്തുന്നത്. എല്ലാ വിളിയൊച്ചകൾക്കും അകലെ ആരുടെയും കണ്ണിൽപ്പെടാതെ പ്രപഞ്ചത്തിനുള്ളിൽ കുറച്ചുനേരം മറഞ്ഞുനിൽക്കാൻ ആരാണ് ആഗ്രഹിക്കാത്തത്?

യാത്ര ഒരാളെ അയാളുടെ ശരീരത്തിൽത്തന്നെ കാഴ്ചക്കാരനാക്കി നിർത്തുന്ന, അയാളുടെ സ്വന്തം ആന്തരിക ചോദനകളുടെ നിരീക്ഷകനാക്കി മാറ്റുന്നു. ഇതൊരു ചാരപ്പണികൂടിയാണ്. അയാളിൽനിന്നും മറഞ്ഞുനിൽക്കുന്ന ആത്മസത്തയെ കണ്ടുപിടിക്കാനുള്ള ചാരപ്പണി. നമ്മുടെ ലൈംഗികതൃഷ്ണകളെ അലിയിപ്പിച്ചുകളയാനുള്ള എന്തോ എന്ന് യാത്രയിലുണ്ട്. നടക്കുമ്പോൾ ശരീരംതന്നെയാണ് നിരത്തപ്പെടുന്നത്. ഇതു പരിത്യാഗത്തിനുള്ള മാർഗ്ഗംകൂടിയാണ്. നിങ്ങൾ ഓരങ്ങളിലും വഴിച്ചെടികളിലും പൂവുകളിലും നിങ്ങളെ ഉപേക്ഷിച്ചുപോകുന്നു.

ഫ്രാൻസിസ് ഒരു സഞ്ചാരിയായിരുന്നു. കാതങ്ങൾ നടന്നകന്ന ദേശാടകൻ. ഒരു യാത്രയിലായിരിക്കുക എന്നതാണ് യേശുവിനെ അനുകരിക്കാനുള്ള ഏറ്റവും നല്ല മാർഗ്ഗമെന്ന് ഫ്രാൻസിസിനറിയാമായിരുന്നു. ഫ്രാൻസിസ് ഓരങ്ങളിലൂടെ നടന്ന് ദൈവത്തിലെത്തിച്ചേർന്നു.

നാശാവശിഷ്ടങ്ങളുടെ കാമുകൻ

ആകാശമല്ലാതെ - അനന്തമായ ആ മേൽക്കുരയല്ലാതെ - ആരും നാശാവശിഷ്ടങ്ങളെ കാണുന്നില്ല. മനുഷ്യൻ പിൻവാങ്ങുന്നിടത്ത് നാശാവശിഷ്ടങ്ങൾ മാത്രം ബാക്കിയാവുന്നു. പാഴിടം ഒരു ദുഃഖമാണ്.

തകർന്നു വീഴുന്ന ദേവാലയം തകർന്നുപോയ നമ്മുടെ വിധിയെക്കാണിക്കുന്നു. ഫ്രാൻസിസ് തകർന്നു വീണ ദേവാലയങ്ങളുടെ ശില്പിയായിരുന്നു. ഒരുപക്ഷേ, മറ്റൊരു സംസ്കൃതിയിലും കാലഘട്ടത്തിലുമിരുന്ന് മഹാനായ സൂഫി കവി ജലാലുദ്ദീൻ റൂമി പാടുന്നത് അദ്ദേഹം കേട്ടുകാണും.

> "Where there is a ruin
> There is a Treasure"

ഫ്രാൻസിസ് നാശാവശിഷ്ടങ്ങളുടെ ഇടയിൽ ദൈവത്തെ കണ്ടെത്തി. അവനൊരു വീടു പണിയാൻ ആഗ്രഹിച്ചു. പക്ഷേ നാശാവശിഷ്ടങ്ങളല്ലാതെ മറ്റെന്താണ് ദൈവത്തിനു പര്യാപ്തമായ വീട്?

യേശു ഒരു യഹൂദനായിരുന്നതുപോലെ ഫ്രാൻസിസും ഒരു ക്രിസ്ത്യാനിയായിരുന്നു. യേശു ഒരു യഹൂദനല്ലായിരുന്നതുപോലെ ഫ്രാൻസിസും ഒരു ക്രിസ്ത്യാനിയല്ലായിരുന്നു. ചിലപ്പോൾ ഏറ്റവും നല്ല ക്രിസ്ത്യാനിയായിരിക്കാനുള്ള മാർഗ്ഗം ഒരു അക്രൈസ്തവനായിരിക്കുകയാണ്. ചിലപ്പോൾ അനുസരണമാണ് ഏറ്റവും നല്ല കലഹം. അനുസരിച്ചുകൊണ്ട് ഫ്രാൻസിസ് സഭയ്ക്കെതിരെ കലഹിച്ചു.

ക്രിസ്ത്യാനി

യേശു ഒരു യഹൂദനായിരുന്നതുപോലെ ഫ്രാൻസിസും ഒരു ക്രിസ്ത്യാനിയായിരുന്നു. യേശു ഒരു യഹൂദനല്ലായിരുന്നതുപോലെ ഫ്രാൻസിസും ഒരു ക്രിസ്ത്യാനിയല്ലായിരുന്നു. ചിലപ്പോൾ ഏറ്റവും നല്ല ക്രിസ്ത്യാനിയായിരിക്കാനുള്ള മാർഗ്ഗം ഒരു അക്രൈസ്തവനായിരിക്കുകയാണ്. ചിലപ്പോൾ അനുസരണമാണ് ഏറ്റവും നല്ല കലഹം. അനുസരിച്ചുകൊണ്ട് ഫ്രാൻസിസ് സഭയ്ക്കെതിരെ കലഹിച്ചു.

വിഡ്ഢി

ഒന്നുകിൽ നിങ്ങൾ ജ്ഞാനിയായിരിക്കണം. അല്ലെങ്കിൽ ഒരു വിഡ്ഢിയായിരിക്കണം. ഇതിനിടയിൽ നിന്നാൽ ഒരു പാതിദർശനമേ നിങ്ങൾക്കു കിട്ടുകയുള്ളൂ. പാതി ദർശനം അപകടമാണ്. ഈ പാതി ദർശനം കിട്ടിയ, എന്നാൽ വിഡ്ഢികളല്ലാത്ത പുരോഹിതന്മാരാണ് ദൈവത്തിൽ വിശ്വസിക്കാതെ, ദൈവത്തിൽ വിശ്വസിക്കുന്നവരെ ചൂഷണം ചെയ്തു ജീവിക്കുന്നത്. ഗ്രീക്കു ദുരന്തകാവ്യങ്ങളിൽ ജ്ഞാനിയും ഷേക്സ്പിയർ ദുരന്തകാവ്യങ്ങളിൽ വിഡ്ഢിയും ദുരന്തത്തിൽനിന്നും രക്ഷപ്പെടുന്നു. വിഡ്ഢിയും ജ്ഞാനിയും ദുരന്തങ്ങളിൽനിന്നും രക്ഷപ്പെടുന്നത് സമഗ്രമായ ഒരു ദർശനത്തിലേക്ക് അവർക്കു വാതിൽ തുറന്നുകിട്ടുന്നതുകൊണ്ടാണ്. ഫ്രാൻസിസ് ഒരു വിഡ്ഢിയായിരുന്നു.

കവി

കവിത ഏതെങ്കിലും തരത്തിലുള്ള ഒരു സാഹിത്യമല്ല. അതൊരു ലക്ഷ്യമാണ്. വാർദ്ധക്യത്തിലെത്തിക്കാതെ, പ്രപഞ്ചത്തെ നവീകരിക്കുക എന്നതാണ് കവിതയുടെ ലക്ഷ്യം. നമ്മളെല്ലാവരും ഒരു നഷ്ടപറുദീസയുടെ തേങ്ങലുകളെ പേറുന്നവരാണ്. കവി മാത്രം അതിനു പേരിടുന്നു. നമ്മൾ അധകാരത്തിലും പണത്തിലും കാലിടറി വീഴുമ്പോൾ ഒരു കവി വാക്കുകളിൽ കാലുതട്ടി വീഴുന്നു.

ഫ്രാൻസിസ് നഷ്ടപറുദീസയുടെ കവിയായിരുന്നു. കവിത അദ്ദേഹത്തെ ബഹുമാനിക്കാനുള്ള ഏറ്റവും നല്ല മാർഗ്ഗമാണ്. റെയ്നർ മരിയ റിൽക്കേ അതു നന്നായി ചെയ്തു.

"For all things on earth knew him
And found their fruitfulness in him."

വീണ്ടും

"And when he died quitely, as
though unknown
He was dispersed: in brooks his seed
ran
And among the trees to see him shine
Upward from the fower's open
span."

സത്യം

"സത്യമെന്താണെന്ന് എനിക്കെപ്പോഴും അറിയാമായിരുന്നു. പക്ഷേ ഞാനതൊരിക്കലും ചെയ്തില്ല. കാരണം ശരികൾ ചെയ്യുകയാണ് ഏറ്റവും ബുദ്ധിമുട്ടായ കാര്യം." അൽപാച്ചിനോ ഒരു സിനിമയിൽ (scent of a women) പറയുന്നു. സത്യത്തിന്റെ ഒരു വൈരുദ്ധ്യസ്വഭാവമാണിത്. സത്യം എന്താണെന്നറിഞ്ഞുകൊണ്ട് നമുക്കതു ജീവിക്കാനാവില്ല. പക്ഷേ ജീവിച്ചുകൊണ്ട് അറിയാൻ സാധിക്കും. സത്യത്തിന്റെ മഹത്തായ ദർശനം കിട്ടിയപ്പോഴാണ് മാർട്ടിൻ ഹൈഡഗർ പറഞ്ഞത്: സത്യം എന്നതു പ്രാന്തപ്രദേശങ്ങളിലൂടെയുള്ള യാത്രയാണ്. പക്ഷേ, ഹൈഡഗർ ഇതൊരിക്കലും ജീവിച്ചില്ല. പകരം നാസി ഭരണകൂടത്തെ അനുകൂലിക്കുകയും ഗുരുവായ ഹുസ്സേമിനെ ഒറ്റുകൊടുക്കുകയും ചെയ്തു.

ഫ്രാൻസിസ് പ്രാന്തപ്രദേശങ്ങളിലൂടെ നടന്നുകൊണ്ട് സത്യത്തെ അറിഞ്ഞു. ദൈവത്തിലെത്തിച്ചേർന്നു. നഗരങ്ങളെയോ ഭദ്രാസനപള്ളികളെയോ സ്വന്തമാക്കാതെ സമൂഹത്തിന്റെ ഓരങ്ങളിലൂടെ നടന്നുപോയി.

തന്റെ സമൂഹത്തെ അദ്ദേഹം വിളിച്ചത് ന്യൂനപക്ഷം എന്നായിരുന്നു. ഇതു സത്യത്തിന്റെ മറ്റൊരു സ്വഭാവമാണ്. സത്യം എപ്പോഴും ഒരു ന്യൂനപക്ഷമാണ്. സത്യത്തിനൊരിക്കലും ഭൂരിപക്ഷമാകാൻ സാധിക്കത്തില്ല. പതിനായിരങ്ങൾ ഒരുമിച്ചുചേർന്ന് ഒരു സത്യം വിളിച്ചുപറയാനൊരുങ്ങുമ്പോൾ അതൊരു മുദ്രാവാക്യമായി മാറുന്നു. സത്യം എപ്പോഴും ഒരു മന്ത്രിക്കലിലേക്കു തിരിച്ചുപോകുന്നു. ഫ്രാൻസിസ് ദൈവത്തിന്റെ സത്യമായിരുന്നു.





ബോബി ജോസ് കട്ടികാട്

ദൈവത്തിന്റെ സ്വന്തം പ്രിയപ്പെട്ട ഉപമ

ദൈവം ഭൂമിക്കു സമ്മാനിച്ച
മനോഹരമായ ഉപമയാണ്
ഫ്രാൻസീസ് –
(God s own beloved parable).
വചനമായി ചൊല്ലിത്തന്നതല്ല,
മാംസമായി മാറാനനുവദിച്ച ഒരുപമ.
ഓരോ ഉപമയും നമുക്കായി
ഒരായിരം വെളിപാടുകളുടെ
ജാലകങ്ങളെങ്കിലും
തുറന്നുതരുന്നുണ്ടാവണം.
അത്തരം എണ്ണിയാലൊടുങ്ങാത്ത
പാഠങ്ങളിൽനിന്ന് ഏതാനും ചിലത്
ഈ ഒക്ടോബർ വിചിന്തനത്തിനായി...
ഉടലിന്റെ പ്രിയങ്ങൾക്കും
ആത്മാവിന്റെ നിലവിളികൾക്കു
മിടയിലായി ജീവിതം
വിഭജിക്കപ്പെടുന്നതിന്റെ
ആന്തരികസംഘർഷം
അനുഭവിക്കുന്നയേതൊരാൾക്കും
കരുത്തും ദിശാവബോധവും
നൽകാനുതകുന്നതാണല്ലോ
ഈ പുണ്യസ്മൃതി.
ഒക്ടോബർ 4 –
ഫ്രാൻസീസിന്റെ ഓർമത്തിരുനാൾ....

1. ഉയിരിന്റെ ഉടയവൻ

ജീവിതത്തിന്റെ വഴികളെ നൂറ്റിയെൺപതു ഡിഗ്രി തിരിക്കാൻ നിമിത്തമാകുന്ന ഒരു ചോദ്യമുണ്ട്. ആരാണ് നിന്റെ യജമാനൻ? അഹന്തയുടെ അശ്വത്തിൽ പടയ്ക്കു പോയൊരാൾ വഴിയോരസത്രത്തിലന്തിയുറങ്ങി. കിനാവിൽ ദൈവമെത്തിയയാളെ പീഡിപ്പിച്ചു. ആരെ സേവിക്കണം... യജമാനനെയോ ദാസനെയോ? "തീർച്ചയായും യജമാനനെത്തന്നെ." "പിന്നെ നീയെന്തിനു ദാസനെ യജമാനനായി തെറ്റിദ്ധരിച്ചു?"

എത്രയോ ചെറിയ കാര്യങ്ങളാണ് നമ്മുടെ ജീവിതത്തിന്റെ ചരടുകളെ നിയന്ത്രിക്കുക. നമ്മൾ സ്വതന്ത്രരാണെന്നൊക്കെ പറയുന്നതിൽ കഴമ്പുണ്ടോ? ദാസരെ യജമാനന്മാരായി തെറ്റിദ്ധരിക്കുകയാണ് ഏറ്റവും വലിയ ദുരന്തം. അവാസ്തവമായതിനെ യഥാർത്ഥമെന്നും യഥാർത്ഥമായതിനെ ഭ്രമമായും കരുതുന്ന മനസ്സിന്റെ താളപ്പിഴയെ ഹാലൂസിനേഷൻ എന്നു നാം വിളിക്കാറുണ്ടല്ലോ. ആത്യന്തികമായ ഇത്തരമൊരു ഭ്രമാത്മകതയ്ക്കു വിധേയരാണ് നമ്മൾ കണ്ടുമുട്ടുന്നവരിൽ ഭൂരിപക്ഷവും. വിവേകാനന്ദൻ പറയുന്നതുപോലെ, അന്യവീട്ടിൽ വേലയ്ക്കു നിൽക്കുന്ന ആയയെപ്പോലെ ഈ വീടും ഈ അത്താഴവും ഈ കുഞ്ഞുമൊക്കെ എന്റേതാണെന്നു ഞാൻ തെറ്റിദ്ധരിക്കുകയാണ്.

സത്യം നിങ്ങളെ സ്വതന്ത്രരാക്കും എന്നും നമ്മൾ വായിച്ചിട്ടുണ്ട്. എന്താണ് സത്യം? സ്വന്തം ജീവിതത്തിലെ യജമാനനേത്, ദാസനേത് - ക്ഷണികമേത്, നിത്യതയേത് - ക്ഷയമേത് അക്ഷയമേത് തുടങ്ങിയ അവബോധമാണ് സത്യം. അത്തരമൊരു സത്യത്തിന്റെ വെള്ളിവെളിച്ചം നിങ്ങൾക്കു തരുന്ന വിടുതലിനു തുല്യമായ മറ്റൊന്നില്ല. ഇന്നലെ വരെ ഏറ്റവും വിലയുള്ളതായി നിങ്ങൾ കരുതിയത് വൈക്കോലുപോലെ നിസ്സാരമായി ഇനി വെളിപ്പെട്ടുകിട്ടും.

ദൈവരാജ്യം വയലിലൊളിപ്പിച്ച നിധിപോലെ. കിളയ്ക്കാൻ പോയവൻ നിധിയന്വേഷിച്ചു പോയതൊന്നുമല്ലല്ലോ. എന്നിട്ടും അവന്റെ കർമ്മവഴികളിൽ നിധിയവനെയും കാത്ത്.... അവൻ തനിക്കുള്ളതെല്ലാം വിറ്റ് ആ നിധിയുടെ ഇത്തിരി ഇടം സ്വന്തമാക്കാനുള്ള ശ്രമത്തിലാണ്. അവന്റെ സുഹൃത്തുക്കൾ അവനെ പരിഹസിച്ചേക്കാം. മറിയം ക്രിസ്തുവിന്റെ കാൽക്കൽ ഉടച്ച് അഭിഷേകം ചെയ്ത പരിമളതൈലത്തിന്റെ വെൺകൽഭരണിപോലെ പിന്നെ ഫ്രാൻസീസിന്റെ ജീവിതം. ഒരുതുള്ളിപോലും എനിക്കുവേണ്ടി മാറ്റിവയ്ക്കുന്നില്ല. ആരോ ചോദിക്കുന്നു: "നീയെന്തിനാണിതു പാഴാക്കുക? ആർക്കുവേണ്ടി? നിന്റെ യൗവനം, വർണ്ണങ്ങൾ, കരുത്ത്, അറിവ്, ഗാർഹിക ഊഷ്മളതകൾ, ഉടലിന്റെ നിഗൂഢപ്രിയങ്ങൾ, ഉള്ളിൽ മയങ്ങുന്ന താരാട്ട്.... ഒക്കെ."

എന്നാൽ ഫ്രാൻസീസിന്റെ ഒരു വ്യാകുലതമാത്രം. കുറേക്കൂടി ഉണ്ടായിരുന്നെങ്കിൽ കുറേക്കൂടി ഞാൻ കൊടുത്തേനെ. അത്തരമൊരു പരിമിതിയുടെ വ്യഥയിൽനിന്നാണ് അയാൾ അസ്സീസിയുടെ തെരുവോരങ്ങളിലൂടെ നെഞ്ചത്തടിച്ചു കരഞ്ഞു നടന്നത്. സ്നേഹം സ്നേഹിക്കപ്പെടുന്നില്ലല്ലോ ദൈവമേ!


Golden Jubilee wishes from
Vazhappally Service Co-op. Bank Ltd.K108
Vazhappally, Changanacherry


2. ദൈവത്തിന്റെ നിസ്വൻ

ആന്തരികതകൾ കളഞ്ഞുപോകുമ്പോഴാണ് മനുഷ്യൻ ബാഹ്യമായ ആഡംബരങ്ങളിൽ അഭിരമിക്കുക. സംസ്കാരത്തിന്റെ ശുദ്ധീകരണത്തിനു വിധേയമാകാത്ത ഗോത്രങ്ങൾ കടും വർണ്ണങ്ങൾ ഉപയോഗിക്കുന്നതുപോലെ, ദൈവദർശനം ലഭിച്ചൊരാൾ ഉണരുന്നത് ലളിതമായ ചില ജീവിത ക്രമങ്ങളിലേക്കാണ്. അതുകൊണ്ടാണ് ഫ്രാൻസീസ് തന്റെ പിന്നാലെയെത്തുന്നവർക്കു വേണ്ടി ഇങ്ങനെ കുറിച്ചത്: 'സഹോദരന്മാർ ഈ ഭൂമിയിൽ ഒരംഗുലം മണ്ണുപോലും സ്വന്തമാക്കാതിരിക്കട്ടെ. ഈ വാഴ്വിൽ അവർ തങ്ങളെത്തന്നെ യാത്രികരായി കരുതട്ടെ.' പൊങ്ങച്ചങ്ങളുടെയും പൊള്ളത്തരങ്ങളുടെയും ഒരു കാലത്തിൽ അയാൾ നമുക്ക് ലളിതമായ ജീവിതശൈലികളുടെ അങ്കി വെച്ചുനീട്ടുന്നു. ഒരു സഞ്ചാരിയുടെ ദൈവശാസ്ത്രം രൂപപ്പെടുത്തുകയാണു പ്രധാനം.

ഒരു സൂഫി ഗുരുവിനെക്കുറിച്ചുള്ള കഥയിങ്ങനെ: ഒരു സന്ദർശകനെത്തി. കസേരകളില്ലാത്ത മുറിയിൽ അയാൾ നിലത്തിരുന്ന് പരിഭവിച്ചു.

"ഒരു കസേരയൊക്കെ ആവാം?"

"നിന്റെ കസേര എവിടെ?"

"എന്റെ കസേരയോ? ഞാൻ യാത്രയിലാണ്."

"ഞാനും!" പിന്നെ സന്ദർശകൻ നിശ്ശബ്ദതയിലായി.

ആവശ്യങ്ങൾക്ക് ഒരതിർരേഖ ആവശ്യമുണ്ട്. സംതൃപ്തി അത് കമ്പോളത്തിന്റെ ഉല്പന്നമല്ല. ഒത്തിരി ഒത്തിരി അലഞ്ഞ് നെഞ്ചിൽതന്നെ കണ്ടെത്തേണ്ട നീരുറവയാണ്. ജീവിതകാലം മുഴുവൻ എന്തിനെയൊക്കെയോ തേടിയും നേടിയും അലഞ്ഞ ഒരു സേനാധിപൻ അവസാനനാളുകളിൽ ഇങ്ങനെ പറഞ്ഞുവത്രേ. ഒന്നോർത്താൽ വളരെ കുറച്ചു കാര്യങ്ങൾ മാത്രമേ ജീവിതത്തിനാവശ്യമുള്ളു. തുറന്നിട്ടൊരു ജാലകം, വായിക്കാനൊരു പുസ്തകം, പൂപ്പാത്രത്തിലെ പുത്തനിലകൾ, സ്നേഹിക്കുന്ന ഒരാളുടെ കരം - ഇത്രയും മതി ജീവിതം അർത്ഥപൂർണ്ണമാകാൻ.

> ആകാശപ്പറവകളിൽനിന്നു
> പഠിക്കുവാൻ യേശു പറഞ്ഞു.
> പല പാഠങ്ങൾ
> അവ പഠിപ്പിക്കുന്നുണ്ടാവാം.
> അതിലൊന്ന് തീർച്ചയായും ഇതാണ്.
> നിറയെ കതിർമണികളുള്ള
> പാടത്തിൽനിന്നുപോലും തന്റെ
> കൊക്കിലൊതുങ്ങുന്ന ഒരു കതിർ
> മാത്രമേ അതു ശേഖരിക്കൂ.
> ഭൂമി നിറയെ കതിർമണികളുള്ള പാടം,

അവർ പറയുന്നു, ശേഖരിക്കാനുള്ള ഒരടിസ്ഥാനചോദന ഓരോ മനുഷ്യനും കൂടെ കൊണ്ടുനടക്കുന്നുണ്ട്. വഴിയോരങ്ങളിൽനിന്ന് ഓരോ സാധനങ്ങൾ ശേഖരിച്ച് മാറാപ്പു നിറയ്ക്കുന്ന താളം തെറ്റിയ മനസ്സുകളെ ഇനി പരിഹസിക്കരുത്. മന്ന പൊഴിച്ചപ്പോൾ ഒരു ദിവസത്തേക്കു മാത്രമുള്ളതെടുക്കൂ എന്നായിരുന്നു ആകാശത്തുനിന്നുള്ള ശാഠ്യം. നാളത്തേക്കുള്ള മന്ന യെന്നു വച്ചാൽ മറ്റാരുടെയോ ഇന്നത്തെ മന്ന അപഹരിക്കുക എന്നർത്ഥം. അന്നത്തെ അപ്പം മാത്രമാണെന്റെ വിഹിതം.

ആകാശപ്പറവകളിൽനിന്നു പഠിക്കുവാൻ യേശു പറഞ്ഞു. പല പാഠങ്ങൾ അവ പഠിപ്പിക്കുന്നുണ്ടാവാം. അതിലൊന്ന് തീർച്ചയായും ഇതാണ്. നിറയെ കതിർമണികളുള്ള പാടത്തിൽനിന്നുപോലും തന്റെ കൊക്കിലൊതുങ്ങുന്ന ഒരു കതിർ മാത്രമേ അതു ശേഖരിക്കൂ. ഭൂമി നിറയെ കതിർമണികളുള്ള പാടം, നമുക്കൊരു കതിർമണി മാത്രം മതി, സത്യമായിട്ടും.



3. മറഞ്ഞു നിൽക്കുന്ന ദൈവം

ഫ്രാൻസീസിന്റെ യാത്രകളിലൊന്നിൽ എതിരെയൊരുവൻ, ഉടലുനിറയെ വ്രണങ്ങളുമായി. ഉള്ളിൽ നിറയുന്ന കനിവിന്റെ ഒരു നിലാവിൽ ഫ്രാൻസിസ് അവനെ അണച്ചുപിടിച്ചു. പിന്നെ, സ്നേഹപൂർവമവന്റെ മുറിവുകളിലൊന്നിൽ ചുംബിച്ചു. ആ നിമിഷത്തിൽ മുറിവ് അപ്രത്യക്ഷമായി. ഒരു വടുപോലും അവശേഷിപ്പിക്കാതെ... പിന്നെയൊരുന്മാദിയെപ്പോലെ ഓരോ മുറിവും ചുംബിച്ചുതുടങ്ങി. ഓരോ ചുംബനവും ഓരോ മുറിവിനെ ഉണക്കി. ഒടുവിലവശേഷിച്ചത് അഞ്ചു മുറിവുകളാണ്. രണ്ടു പാദങ്ങളിലും കൈവെള്ളയിലും പിന്നെ നെഞ്ചിലും.

മുട്ടിന്മേൽനിന്നു പൊട്ടിക്കരഞ്ഞുകൊണ്ട് ഫ്രാൻസീസ് നിലവിളിച്ചു: "ദൈവമേ, ഭൂമിയിലെ മുറിവേല്ക്കപ്പെട്ട ഓരോ മനുഷ്യരുടെയും പിന്നിൽ ഒളിഞ്ഞു നിൽക്കുന്നതു നീതന്നെയാണല്ലോ." ബൈബിൾ വിറ്റ് അപ്പം കണ്ടെത്താൻ പറയുന്നതിനു പിന്നിലെ ദർശനവും ഇതുതന്നെ.

ഒരു പോപ്പ് ഗാനത്തിന്റെ ആൽബം കാണുകയായിരുന്നു. ഗായകൻ പാടുകയാണ്:

'Ours is a wounded world
We need a healing touch....' ആ സമയത്ത് കേൾവിക്കാർ നെഞ്ചത്തടിച്ച് ഏറ്റുപാടുന്നു - നമ്മുടേത് മുറിവേല്ക്കപ്പെടുന്ന കാലമാണ്. നമുക്കൊരു സൗഖ്യസ്പർശം ആവശ്യമുണ്ട്. ഒരിക്കലെങ്കിലും മുറിവേൽപ്പിക്കപ്പെടുക വാഴ്വിന്റെ അലംഘനീയമായ നിയമമാണ്. ആർക്കും അതിൽനിന്ന് ഒഴിഞ്ഞുമാറാനാവില്ല. മുറിവുകൾക്കു പിന്നിൽ ഒരു ക്രിസ്തു മറഞ്ഞിരിപ്പുണ്ടെന്ന അറിവ് മുറിവേറ്റവരെ ആദരപൂർവം കാണാനെന്നെ പഠിപ്പിക്കയില്ലേ....?

4. തോൽക്കുന്നവരുടെ പോരാട്ടങ്ങൾ

"ലിയോ നിനക്ക് നൃത്തം ചവിട്ടാനറിയുമോ, എങ്കിൽ വരുക". ഇടുങ്ങിയ വഴികളിലൂടെ പൊട്ടിച്ചിരിച്ചും നൃത്തത്തിന്റെ ചുവടുകൾ ചവിട്ടിയുമെത്തുന്ന ഫ്രാൻസിസ്.

"വരിക, എല്ലാവരും വരിക, ഈ പുതിയ ഭ്രാന്തിന് കാതോർക്കുക." അവന്റെ പുറകെ കുറെയേറെ കുട്ടികൾ. അവരുടെ കൈകളിൽ പാതയോരത്തുനിന്നു ശേഖരിച്ച കല്ലുകൾ. "എറിയുക. ഒരു കല്ലെറിയുന്നവന് ഒരനുഗ്രഹം. രണ്ടു കല്ലെറിയുന്നവന് രണ്ടനുഗ്രഹങ്ങൾ. മൂന്നു കല്ലിന് മൂന്നനുഗ്രഹങ്ങൾ."

പിന്നെയന്തരീക്ഷത്തിലൂടെ ചിറിപ്പായുന്ന കല്ലുകൾ. ആൾക്കൂട്ടത്തിനു മധ്യേ നിണമാർന്ന ഉടലുമായി ഫ്രാൻസിസ്. എന്നിട്ടുമവന്റെ നൃത്തച്ചുവടുകൾ അവസാനിച്ചില്ല.

"കേൾക്കണേ, ഈ പുത്തൻ ഭ്രാന്തിനെക്കുറിച്ച്.."

പരിഹാസത്തോടെയവർ ആർത്തുവിളിച്ചു: "പറഞ്ഞോളൂ."

കരങ്ങൾ വിളിച്ചവൻ മന്ത്രിച്ചു: "സ്നേഹം! സ്നേഹം, സ്നേഹം!"

അതിബുദ്ധിമാന്മാരുടെ ഭൂമിയിൽ തോൽക്കുന്നവരോടൊത്ത് പക്ഷം ചേരാനാവുമോ നിങ്ങൾക്ക്. സ്നേഹദർശനങ്ങളുടെ പേരിൽ മുറിവേല്ക്കപ്പെടാനും തിരസ്കരിക്കപ്പെടാനുമൊക്കെ വിജയികളുടെ ഹൃദയകാഠിന്യങ്ങൾക്കിടയിൽ പരിഭവങ്ങളില്ലാതെ തോൽക്കുന്ന കളികളിൽ സ്നേഹപൂർവ്വമേർപ്പെടാൻ കഴിയുമെങ്കിൽ അറിയണം, ക്രിസ്തു വീണ്ടും അവതരിക്കുകയാണ് നിങ്ങളിലൂടെ, ഫ്രാൻസിസിലെന്നപോലെ. ജീവിക്കുകയെന്നാൽ സ്നേഹിക്കുകയെന്നും സ്നേഹിക്കുകയെന്നാൽ ജീർണ്ണിക്കുകയെന്നും ഈ വിശുദ്ധൻ നമ്മെ നിരന്തരം ഓർമ്മിപ്പിക്കുന്നു (To live is to love, and to love is to get worn-out).

5. വിശ്വം ഒരു വീട്

തന്റെ സ്വപ്നങ്ങൾ ചിതറിച്ച പുത്രനോട് പീറ്റർ ബർണാർദോൻ എന്ന പിതാവിന് ഒരു കനിവുമില്ലായിരുന്നു. തെരുവീഥിയിലെതിരേ വന്ന പുത്രനെതിരായി ശാപമൊഴികളെയ്യുകയാണയാൾ. ഹൃദയം നുറുങ്ങിയ ഫ്രാൻസിസ് ദേവാലയ പടവുകളിലിരിക്കുന്ന വൃദ്ധയാചകന്റെ മുമ്പിൽ മുട്ടുമടക്കി കരങ്ങൾ ബലമായി പിടിച്ച് ശിരസ്സിനു മുകളിലൂടെ വെച്ചു: "എന്റെ പിതാവെന്നെ ശപിക്കുകയാണ്. നിങ്ങൾ ദയവായി എന്നെ ആശീർവദിക്കുമോ...?"

രക്തബന്ധങ്ങളെക്കാൾ പവിത്രമായ ചില കർമ്മബന്ധങ്ങളുണ്ട് ഭൂമിയിൽ... നിനക്കുവേണ്ടി, നന്മയുടെ സുവിശേഷത്തിനുവേണ്ടി ഞങ്ങളെല്ലാം ഉപേക്ഷിച്ചു - വീടും വീട്ടാരെയും കൃഷിയിടങ്ങളുമൊക്കെ. ഞങ്ങൾക്കെന്താണു തിരികെ ലഭിക്കുകയെന്ന ചോദ്യത്തിന് ക്രിസ്തു നൽകുന്ന ഉത്തരമുണ്ടല്ലോ, എന്റെ നാമത്തിനുവേണ്ടി സ്വന്തം മാതാപിതാക്കളെയും സഹോദരീസഹോദരന്മാരെയുമെല്ലാം ഉപേക്ഷിക്കുന്നവർക്ക് ഈ ഭൂമിയിൽവെച്ചുതന്നെ നൂറിരട്ടി ബന്ധങ്ങളെ ലഭിക്കുമെന്ന്.

ഫ്രാൻസിസ് വീടുപേക്ഷിച്ചവനാണെന്ന് ആരു പറഞ്ഞു! ആർക്കും വീടുപേക്ഷിക്കാനാവില്ല. പഴങ്കഥയിലെ കുരങ്ങച്ചനെപ്പോലെ (പുഴ കടക്കുമ്പോൾ മുതല പറഞ്ഞു: ''എനിക്കു നിന്റെ ഹൃദയം വേണം." "ക്ഷമിക്കണം മുതലച്ചാ, എവിടെയാത്രയ്ക്കു പോയാലും ഞാനെന്റെ ഹൃദയം അത്തിമരച്ചില്ലകളിലെ വീട്ടിൽ സൂക്ഷിച്ചുവച്ചിട്ടാണു വരിക". ശ്രീബുദ്ധൻ രാഹുലിനുവേണ്ടി ഒരു ചുരയ്ക്കാത്തൊണ്ട് സൂക്ഷിച്ച കഥയുമറിയില്ലേ...?) വീടുപേക്ഷിക്കപ്പെടുകയല്ല, വീട് വലുതാകുകയാണ്. പതുക്കെപതുക്കെ ചുവരുകൾ വിസ്തൃതമാവുകയാണ്. മേൽക്കൂരകൾ ഉയരുകയാ





ദൈവം ഒരാഭരണമായി മാറുന്ന കാലമാണിത്. പ്രാർത്ഥനാവേളകളിൽ അണിയാനും നിത്യജീവിതത്തിൽ അഴിച്ചുമാറ്റാനും.

ണ്. ഒത്തിരിപേർ അങ്ങനെയാണ് നിന്റെ ബന്ധുക്കളായി മാറുക. മനുഷ്യനെയും മനുഷ്യനെയും തമ്മിൽ ബന്ധിപ്പിക്കുന്ന കർമ്മത്തിന്റെ ഒരു ദൃശ്യവർണ്ണച്ചരടുണ്ട്. രജപുത്രരുടെ രാഖിപോലെ. അതു കണ്ടെത്തിയ അപൂർവം ചിലരിലൊരാളാണ് ഫ്രാൻസീസ്. അതുകൊണ്ടാണ് ഭൂമി അയാൾക്കൊരു കിളിക്കൂടുപോലെ ഇഴയടുപ്പത്തിൽ വെളിപ്പെട്ടു കിട്ടിയത്. അതുകൊണ്ടാണ് എല്ലാത്തിനെയും എല്ലാവരെയും അയാൾ സഹോദരായെന്നു വിളിച്ചത്.

6. ജീവിതം തന്നെ സാക്ഷ്യം

''നാളെ നമുക്ക് നഗരത്തിൽ സദ്വാർത്ത പ്രഘോഷിക്കാം''. രാത്രിയിലുറങ്ങാതെ തന്റെ പ്രഭാഷണം തയ്യാറാക്കുകയാണ് ഫ്രാൻസിസിന്റെ സഹചാരി.

പിറ്റേന്ന് പ്രഭാതത്തിലവർ നഗരവീഥികളിലെത്തി. കാണുന്നവരോടൊക്കെ പുഞ്ചിരിച്ച്, ഒരു വാക്കുപോലുമുരിയാടാതെ അങ്ങോട്ടുമിങ്ങോട്ടുമൊക്കെയലഞ്ഞു ഫ്രാൻസീസ്; ഒപ്പം കൂട്ടുകാരനും. ഇടയ്ക്കിടയ്ക്കൊക്കെ ഓർമ്മിപ്പിക്കുന്നുണ്ട്, പ്രഘോഷണത്തിന്റെ കാര്യം. 'പറയാം' എന്നു മറുമൊഴി. അന്തിയായി നമുക്കു മടങ്ങാമെന്ന് ഫ്രാൻസിസ് അനുശാസിച്ചപ്പോൾ ഖേദത്തോടെ കൂട്ടുകാരൻ താനൊരുങ്ങിയ പ്രഭാഷണങ്ങൾ പാഴായല്ലോയെന്ന് പരിഭവം പറഞ്ഞു. ഫ്രാൻസിസ് പുഞ്ചിരിയോടെ പറഞ്ഞു: "നമ്മുടെ യാത്രതന്നെയായിരുന്നുവല്ലോ നമ്മുടെ പ്രഘോഷണവും." എന്റെ ജീവിതമാണെന്റെ സന്ദേശമെന്നു പറയാനാവുന്ന ആത്മവിശ്വാസം എന്നാണെനിക്കു സ്വന്തമാവുക.

ഫ്രാൻസിസ് എന്ന ഉപമ ഓർമ്മിപ്പിക്കുന്ന അനേകം ഉൾക്കാഴ്ചകളിൽനിന്ന് ഒരു കൈയിലൊതുങ്ങാവുന്ന പാഠങ്ങൾ കാണുകയായിരുന്നു നമ്മൾ. ദൈവം ഒരാഭരണമായി മാറുന്ന കാലമാണിത്. പ്രാർത്ഥനാവേളകളിൽ അണിയാനും നിത്യജീവിതത്തിൽ അഴിച്ചുമാറ്റാനും. 'സെറാഫിക് വിശുദ്ധൻ' എന്നാണ് ഫ്രാൻസീസിനെ പാരമ്പര്യങ്ങൾ വിശേഷിപ്പിക്കുക. സെറാഫുകൾ അഗ്നിച്ചിറകുള്ള മാലാഖമാരാണ്. ദൈവത്തിനും മനുഷ്യനും ഭൂമിക്കും വേണ്ടി ഒരു കനൽ ഉള്ളിലേന്തിയ ഒരാളുടെ ഓർമ്മ നമ്മുടെ ശൈത്യകാലങ്ങൾക്കെതിരായുള്ള ആത്മീയപ്രതിരോധമായി മാറിയിരുന്നുവെങ്കിൽ!

Golden Jubilee wishes from

Dr. Sandy Cherian Kizhakkekuttu




ആമുഖം

പരിസ്ഥിതിയുടെ മദ്ധ്യസ്ഥനായാണ് നമ്മുടെ കൂട്ടായ്മയുടെ കാവൽക്കാരനായ അസ്സീസിയിലെ വിശുദ്ധ ഫ്രാൻസീസിനെ ലോകമെങ്ങും അറിയപ്പെടുന്നത്.

വിശുദ്ധർ മനുഷ്യരായിരുന്നതുകൊണ്ട് നമ്മുടെ മാനുഷികാവശ്യങ്ങളെ എളുപ്പത്തിൽ മനസ്സിലാക്കി, മനുഷ്യനായിപ്പിറന്ന കർത്താവിന്റെ സന്നിധിയിൽ മാധ്യസ്ഥ്യം പറഞ്ഞ് നമുക്കാവശ്യമായ അനുഗ്രഹങ്ങൾ വാങ്ങിത്തരാൻ അവർക്കാവും എന്നാണ് സഭ നമ്മെ പഠിപ്പിക്കുന്നത്. മനുഷ്യരായിരുന്ന വിശുദ്ധരോടുള്ള അടുപ്പം ഈ ലോകത്തിലായിരിക്കുമ്പോൾതന്നെ അവരെ അനുകരിക്കാനും കൂടുതൽ വിശുദ്ധി നേടാനും ലോകത്തെയും അതിന്റെ സുഖസൗകര്യങ്ങളോടുള്ള മമതയിൽനിന്നുളവാകുന്ന പാപത്തെയും വെറുത്ത് സ്വർഗ്ഗോന്മുഖരാവാൻ നമ്മെ സഹായിക്കും.

പരിസ്ഥിതി പ്രവാചകനായ അസ്സീസിയിലെ വി. ഫ്രാൻസീസ്



ഡോ.ജെ.ജി. റേ മെതിക്കളം

അങ്ങനെ കർത്താവാരെന്നു കൃത്യതയോടെ തിരിച്ചറിയാനും എല്ലാറ്റിലുമുപരി കർത്താവിനെ സ്നേഹിച്ച്, പാപകളങ്കങ്ങളിൽനിന്നും മോചനം നേടി കർത്താവിലെത്തിച്ചേരാൻ വിശുദ്ധരോടുള്ള അടുപ്പം നമ്മെ സഹായിക്കുമെന്ന ബോധ്യത്തിൽനിന്നുമാണ് വിശുദ്ധരോടുള്ള ആദരവും പ്രാർത്ഥനയും വളരെ പൂജ്യമായി കരുതി അതു തുടർന്നുപോരുവാൻ പരിശുദ്ധ കത്തോലിക്കാസഭ നമ്മെ അനുവദിക്കുന്നത്.

ഇവിടെ പ്രസക്തമായ ചോദ്യം, അത്ഭുതപ്രവർത്തകനല്ലാത്ത, സാധാരണ മനുഷ്യജീവിതത്തിൽനിന്നകന്ന് തീർത്തും സന്ന്യാസിയായി പ്രകൃതിയോടൊത്തു കഴിഞ്ഞിരുന്ന അസ്സീസിയിലെ വിശുദ്ധ ഫ്രാൻസീസ് എങ്ങനെയാണ് നമ്മുടെ ലൗകികാവശ്യങ്ങൾക്കായി മാദ്ധ്യസ്ഥ്യം വഹിക്കുക? എന്തുകൊണ്ടാണ്

അദ്ദേഹത്തെ പരിസ്ഥിതിയുടെ മദ്ധ്യസ്ഥനെന്നു വിളിക്കുന്നത്. എന്താണ് അദ്ദേഹം മനസ്സിലാക്കിയ പരിസ്ഥിതി? പരിസ്ഥിതി അനുകൂല ജീവിതത്തിലൂടെ അദ്ദേഹം നമ്മെ സ്വർഗ്ഗത്തിലേക്കു നയിക്കുമോ? ഈ ചോദ്യങ്ങൾക്കെല്ലാം ശരിയായ ഉത്തരം കണ്ടെത്താൻ കഴിയുമ്പോഴാണ് സാധാരണ വിശുദ്ധരിൽനിന്നും വ്യത്യസ്തനായ, രണ്ടാം ക്രിസ്തു എന്നറിയപ്പെട്ട പരിസ്ഥിതിയുടെ പ്രവാചകനായ അസ്സീസിയിലെ മഹാവിശുദ്ധനായ ഫ്രാൻസിസിനെ നമുക്കു കണ്ടെത്താനാവുക.

എന്താണ് പരിസ്ഥിതി? എന്താണ് അസ്സീസി പുണ്യവാളൻ മനസ്സിലാക്കിയ പരിസ്ഥിതി?

ലോകത്തിലിന്ന് ഏറ്റവുമധികം ചർച്ച ചെയ്യപ്പെടുന്ന വിഷയമാണ് പരിസ്ഥിതി. വിദ്യാഭ്യാസമില്ലാത്തവരും വിദഗ്ദ്ധരുമടങ്ങുന്ന ആബാലവൃദ്ധം ജനങ്ങളും ഒന്നുപോലെ ഉപയോഗിക്കുന്ന പദമാണത്. എന്നാൽ എന്താണ് പരിസ്ഥിതി എന്ന പദത്തിന്റെ ശാസ്ത്രീയമായ അടിത്തറ എന്നു മനസ്സിലാക്കിയിട്ടുള്ളവർ ചുരുക്കമാണ്. ശാസ്ത്രീയ സങ്കല്പങ്ങൾ അനുസരിച്ച് പരിസ്ഥിതി എന്നത് ആപേക്ഷികമായ ഒരു പദമാണ്. എന്തെങ്കിലും ഒരു വസ്തുവുമായോ മനുഷ്യപ്രവർത്തനവുമായോ ബന്ധപ്പെട്ടാണ് പരിസ്ഥിതിയെ കൃത്യമായി നിർവചിക്കാനാവുന്നത്. കാരണം ലോകത്തിലെ എല്ലാ വസ്തുക്കൾക്കും എല്ലാ പ്രവർത്തനങ്ങൾക്കും അതിന്റേതായ വ്യത്യസ്തമായ പരിസ്ഥിതിയുണ്ട്. സൂര്യന്റെ പരിസ്ഥിതിയല്ല ചന്ദ്രന്റേത്, ഭൂമിയുടേതല്ല ഭൂമിയിലുള്ള കല്ലിന്റേത്; കല്ലിന്റെ പരിസ്ഥിതിയല്ല ചെടികളുടേത്. ഓരോ ജന്തുവിന്റെയും പരിസ്ഥിതിക്കു വ്യത്യസ്തതയുണ്ട്. അതുപോലെതന്നെ മാനുഷികവും അല്ലാത്തതുമായ എല്ലാ പ്രകൃതി പ്രവർത്തനങ്ങൾക്കും അതിന്റെതായ പരിസ്ഥിതിയുണ്ട്. ഉദാഹരണത്തിന്, ഒരു ചന്തയുടെ പ്രവർത്തനപരിസ്ഥിതിയല്ല, ഒരു ക്ലാസമുറിയുടേത്. ചുരുക്കത്തിൽ, ഏതൊരു വസ്തുവിനോ പ്രവർത്തനത്തിനോ അതായി നിലനിൽക്കുവാൻ അതിനാവശ്യമായി വരുന്ന സർവ പുറംഘടകങ്ങളെയും ഉൾപ്പെടുത്തിയാണ് അതിന്റെ പരിസ്ഥിതി എന്നു പറയുക. ഇങ്ങനെ ഏതൊന്നിനെയും അതായി നിലനിൽക്കുന്നതിന് അതിനെ സഹായിക്കുന്ന ഘടകങ്ങളും അവയുടെ പരസ്പരബന്ധവും അതിസങ്കീർണ്ണമാണ്. അതു മനസ്സിലാക്കിയെടുക്കുക ശ്രമകരമാണ്. എന്നാൽ അതു മനസ്സിലാക്കിയെടുത്താൽ ഏതൊന്നിനെയും വിജയകരമായി കൈകാര്യം ചെയ്യുക എളുപ്പമാണ്.

സങ്കീർണ്ണമായ പരിസ്ഥിതിയെ, പ്രത്യേകിച്ചു ജൈവപരിസ്ഥിതിയെ ലളിതവത്ക്കരിച്ച്, വളരെ ലാഘവത്തോടെ കൈകാര്യം ചെയ്തതാണ് മനുഷ്യനു പറ്റിയ ഏറ്റവും വലിയ തെറ്റ്. പരിസ്ഥിതിയെ സംബന്ധിച്ചുണ്ടായ ഇത്തരം അജ്ഞതയിൽനിന്നാണ് ഇന്നു ലോകം നേരിടുന്ന എല്ലാ പരിസ്ഥിതിപ്രശ്നങ്ങളും ഉടലെടുത്തിട്ടുള്ളത്.

മനുഷ്യനെ സംബന്ധിച്ചിടത്തോളം പരിസ്ഥിതിബോധത്തിന് വലുതായ ഒരു അർത്ഥതലം കൂടിയുണ്ട്. മനുഷ്യൻ വിശേഷബുദ്ധിയുള്ള ഒരു ജീവിയാണ്. താൻ ഉൾപ്പെട്ടിരിക്കുന്ന ജീവൽപ്രകൃതിയിൽ തന്റെ സ്ഥാനമെന്തെന്നും അതിനനുസൃതമായ രീതിയിലാണോ തന്റെ പ്രവർത്തനമെന്നും അതിൽ തെറ്റുകൾ പറ്റിയിട്ടുണ്ടെങ്കിൽ തിരുത്തുക എന്നതുമാണ് വിശേഷബുദ്ധി മനുഷ്യനു നൽകിയിരിക്കുന്ന ഉത്തരവാദിത്വം. മനുഷ്യനൊഴികെ, വിശേഷബുദ്ധിയില്ലാത്ത മറ്റു ജീവജാലങ്ങൾക്കൊന്നും അങ്ങനെയൊരു ബാദ്ധ്യതയില്ല. കാരണം അവയ്ക്കു നൽകിയിരിക്കുന്ന പ്രാകൃതികമായ ജൈവത്വര (biological instinct)

അനുസരിച്ചുമാത്രം വ്യാപരിക്കാനുള്ള സ്വാതന്ത്ര്യമേ അവയ്ക്കുള്ളൂ. അതായത്, അവർ ചെയ്യുന്നതെപ്പോഴും ശരിമാത്രമാണ്. ഒരിക്കലും അവയ്ക്ക് അസത്യത്തിൽ, തെറ്റിൽ ചരിക്കാനാവില്ല. മനുഷ്യനുള്ള സ്വാതന്ത്ര്യം താനുൾപ്പെട്ട ജൈവപരിസ്ഥിതിയിൽ തെറ്റുകൾ വരുത്താതെ, പരസ്പരബന്ധം ശരിയായി ക്രമപ്പെടുത്തുക എന്നുള്ളതാണ്. വിശേഷബുദ്ധി അവനിൽ ഏല്പിച്ചുകൊടുത്ത ഉത്തരവാദിത്വമാണത്. ഇതുകൊണ്ടാണ് 'തെറ്റു പറ്റുക സ്വാഭാവികം, തെറ്റിൽ തുടരുക പൈശാചികം' എന്ന തത്ത്വം മനുഷ്യനു പ്രസക്തമാകുന്നത്.

മനുഷ്യൻ തന്റെ വിശേഷബുദ്ധി ഉപയോഗിച്ചു പരിശോധിച്ചാൽ, താനുൾപ്പെട്ട സങ്കീർണ്ണമായ ജൈവപരിസ്ഥിതിയിൽ ജീവൻ എത്ര ക്രമമായ പാരസ്പര്യത്തിലാണ് പടുത്തുയർത്തിയിട്ടുള്ളതെന്നു മനസ്സിലാക്കുക അത്ര ബുദ്ധിമുട്ടുള്ള കാര്യമല്ല. ഇക്കോളജീയമായ പഠനങ്ങൾ കാണിക്കുന്നത് ഒരു ജീവിയുടെയും ജീവൻ അവയുടെ ശരീരത്തു മാത്രമായി നിജപ്പെടുത്തിയിട്ടുള്ളതല്ല എന്നാണ്. ഒരു ജീവിയും ഒറ്റയ്ക്കല്ല. കൂട്ടങ്ങൾ അഥവാ ജീവിഗണം (population) ആയി മാത്രമാണ് ഭൂമിയിൽ നിലകൊള്ളുന്നത്. പോപ്പുലേഷൻ ആകട്ടെ, പലജാതികൾ ഒത്തുചേർന്നു ജീവസമൂഹമായി (community) നിലകൊള്ളുന്നു. ജീവസമൂഹം പുറമെയുള്ള അജീവപദാർത്ഥങ്ങളുമായി നിശ്ചിതതാളക്രമത്തിൽ പരസ്പരം ബന്ധപ്പെട്ട് ആവാസവ്യവസ്ഥയായി (eco system) സനാതനമായി ഭൂമിയിൽ ജീവൻ നിലനിർത്തുന്നു. ഈ സത്യം ഗ്രഹിക്കാനുള്ള വിശേഷബുദ്ധി മനുഷ്യനു മാത്രമുള്ളതാണ്. ജീവനെ സൃഷ്ടിക്കാനോ, ആത്യന്തികമായി നശിപ്പിക്കാനോ മനുഷ്യനാവില്ല. അശ്രദ്ധമായി പെരുമാറുന്നതുമൂലം തനിക്കും ചുറ്റുമുള്ളവയ്ക്കും വരുംതലമുറയ്ക്കും കഷ്ടനഷ്ടങ്ങളും നാശവും വരുത്തിവയ്ക്കാൻ അവനു കഴിയും. അതുകൊണ്ടാണ് അത്തരത്തിലുള്ള അശ്രദ്ധമായ, നിരുത്തരവാദപരമായ പരിസ്ഥിതി ഇടപെടലുകൾ പറഞ്ഞു കുമ്പസാരിക്കേണ്ടുന്ന പാപമായി സഭ ഇപ്പോൾ പഠിപ്പിക്കുന്നത്.

തന്റെ ജീവനെ അതിന്റെ പൂർണ്ണമായ പരിസ്ഥിതിബന്ധത്തിൽ കാണുന്ന ഒരു മനുഷ്യനു സമൂഹത്തിൽ മറ്റുള്ളവരോടും സകല ജീവജാലങ്ങളോടും പരിഗണന ഉണ്ടാവും. വരുംതലമുറയോടും അവനു കരുതലുണ്ടാവും. അത്തരത്തിൽ തന്റെ ജീവനെ കരുപ്പിടിപ്പിക്കുന്നവർക്ക് ലോകത്തിൽ ശത്രുവിനെ കാണാൻ കഴിയില്ല. ചെറിയവരിൽ ചെറുതായ എല്ലാ ജീവജാലങ്ങളെയും തന്റെ അയൽക്കാരനായി കരുതലോടെ പരിചരിക്കാനാവും. അങ്ങനെയുള്ള ഒരു മനുഷ്യന് തനിക്കു ചുറ്റുമുള്ള ജീവനുള്ളവയും ജീവനില്ലാത്തവയുമെല്ലാം, തന്റെ സഹോദരീസഹോദരന്മാരാകും. വിശുദ്ധിയുടെ നിറവിൽ മഹാവിശുദ്ധനായിത്തീർന്ന അസ്സീസിയിലെ വിശുദ്ധ ഫ്രാൻസീസ് അങ്ങനെ വിശേഷബുദ്ധിയുടെ ഉന്നതോപാസകനും മനുഷ്യർക്ക് എന്നന്നേക്കുമായുള്ള മാതൃകയുമായിത്തീരുന്നു. പരിസ്ഥിതിബോധം ശാസ്ത്രീയമായി വളർന്ന് പതിറ്റാണ്ടുകൾ കൊണ്ടു മനുഷ്യനു നൽകിയ ഒരുമയുടെ പരിസ്ഥിതിപരമായ ഉൾബോധം വിശുദ്ധിയിലൂടെ വെറുതെ മനസ്സിലാക്കുക മാത്രമല്ല, ജീവിതത്തിലൂടെ പ്രാവർത്തികമാക്കുകകൂടെ ചെയ്ത വിശുദ്ധന് എല്ലാ ജീവികളോടും സംവദിക്കാനുള്ള അത്ഭുതകരമായ ദൈവികസിദ്ധി കൈവന്നിരുന്നു. അതുകൊണ്ടുതന്നെ ചെറിയവരിൽ ചെറിയവനായ ഞാഞ്ഞൂലുകളും ചീവീടുകളും പോലും അദ്ദേഹത്തിന്റെ പരിഗണനയിൽ വരികയും അവയോടു സംവദിക്കുകയും ചെയ്തു. അങ്ങനെ മലമുകളിൽ പണിത പട്ടണം പോലെ, ഉയരത്തിൽ കത്തിച്ചുവച്ച വിളക്കുപോലെ പരിസ്ഥിതിബോധത്തിന്റെ അത്യുന്നത മാതൃകയായി മനുഷ്യനു

മുമ്പിൽ അദ്ദേഹം എന്നും വിളങ്ങുന്നു.

അസ്സീസിയിലെ വിശുദ്ധ ഫ്രാൻസീസിന്റെ പ്രവാചക ശബ്ദം

പ്രവാചകർ മുൻപേ പറക്കുന്ന പക്ഷികളാണ്. ചക്രവാളത്തിനപ്പുറത്തെ, കാണാത്ത കരയിലെ ഉദ്യാനത്തിലേക്ക്, അവിടുത്തെ സമൃദ്ധിയിലേക്ക്, ഇല്ലായ്മയുടെ ഇങ്ങേക്കരയിൽനിന്നും ഒരു സമൂഹത്തെയാകെ ധൈര്യപൂർവം രക്ഷിച്ചു, നയിച്ചുകൊണ്ടുപോകുന്ന ധിഷണാശാലികൾ ദൈവികശബ്ദത്തെ കേൾക്കയും അതനുസരിച്ചു പ്രവർത്തിക്കുകയും ചെയ്യുന്നവർ. തങ്ങളായിരിക്കുന്ന നീചാവസ്ഥയെ പൂർണ്ണമെന്നു കരുതി ചെളിക്കുണ്ടിൽ തിമിർക്കുന്ന ഒരു ജനതയെ മുഴുവനും, അവരായിരിക്കുന്ന അന്ധകാരത്തെ ബോധ്യപ്പെടുത്തി അവർക്ക് പ്രകാശത്തിന്റെ തെളിമയെ വെളിപ്പെടുത്തി, തങ്ങളായിരിക്കുന്ന സ്വർഗ്ഗീയ തീർത്ഥയാത്രയിലേക്ക് എത്തിക്കാൻ, തങ്ങൾക്കനുഭവവേദ്യമായ ദൈവാനുഭവത്തെ ത്യാഗപൂർവ്വം പങ്കുവച്ചവരാണ് പ്രവാചകർ.

പഴയനിയമത്തിൽ ഇസ്രായേൽ ജനതയെ, അവർ ലോകോന്മുഖരായ് അധഃപതിച്ചപ്പോഴെല്ലാം അവർക്ക് അനുതാപത്തിന്റെ മുന്നറിയിപ്പുമായി പ്രവാചകരെ അയച്ചു രക്ഷിക്കുന്ന ദൈവകരുണയെ ധാരാളമായി നാം വായിക്കുന്നുണ്ട്. ആദരവോടെയും സ്നേഹത്തോടെയും ഭക്തിയോടെയും ആണ് അവരിലൂടെ വന്ന ദൈവവചനങ്ങളെ ഇന്നും നാം സ്വീകരിക്കുക. ഏലിയായും ഏലീശായും നാഥാനും ബാലാമും അങ്ങനെ എത്രയെത്ര പ്രവാചകന്മാരാണ് പഴയനിമയകാലത്ത് ഇസ്രായേലിനുണ്ടായിരുന്നത്. ദാരിദ്ര്യത്തിന്റെയും കഷ്ടതയുടെയും അടിമത്തത്തിൽനിന്നും അവരെ തേനും പാലും ഒഴുകുന്ന കാനാൻ ദേശത്തെക്കു നയിച്ചുകൊണ്ടുപോയ മോസസ്. എല്ലാവരും ക്രിസ്തുവിന്റെ വരവിനെ കാത്തിരുന്നവർ. അതെപ്പറ്റി പ്രവചിച്ചവർ, അവന്റെ വരവേല്പിനായി ജനത്തെ ഒരുക്കിയവർ. പുതിയനിയമത്തിൽ ക്രിസ്തുവിനെ പ്രവചിച്ച ഏക പ്രവാചകൻ വിശുദ്ധ സ്നാപകയോഹന്നാനാണ്. ക്രിസ്തുവിനു മുൻപേ, അവന്റെ പ്രബോധനത്തിനു കാതോർക്കാൻ ജനത്തെ പ്രേരിപ്പിച്ചു. ക്രിസ്തുവിന്റെ സ്വന്തം സഹോദരൻ. മരുഭൂമിയിൽ വിളിച്ചു പറയുന്നവന്റെ ശബ്ദം! എന്നും പ്രവാചകശബ്ദം, വിജനതയിൽ അധികമാരും കേൾക്കാതെ പോകുന്നു. പ്രവാചകർ ക്രിസ്തുവിന്റെ സ്നേഹഗായകർ. ക്രിസ്തുവിനോടൊത്തുചേർന്ന വിശുദ്ധർ.

ക്രിസ്തു പ്രവാചകരുടെ, പ്രവചനങ്ങളുടെയെല്ലാം പൂർത്തീകരണം. ലോകത്തിന്റെ രക്ഷയ്ക്കായ്, തന്റെ ശരീരവും രക്തവും കുർബാനയായ് നൽകിക്കൊണ്ട് ക്രിസ്തു എല്ലാ പ്രവചനങ്ങളും പൂർത്തിയാക്കി. അതെ. അവസാനത്തെ പ്രവചനം. ഇതു ഭക്ഷിക്കയും പാനം ചെയ്യുകയും ചെയ്യുന്നവർ ഒരിക്കലും മരിക്കയില്ല, അവർ മരിച്ചാലും ജീവിക്കുമെന്ന വലിയ വാഗ്ദാനം, പൂർത്തിയാക്കപ്പെട്ട പ്രവചനം. ക്രിസ്തുവിനെ അനുകരിച്ച് എല്ലാ വിശുദ്ധരും ഈ പ്രവചനം അന്വർത്ഥമാക്കിയവർ. അങ്ങനെയെങ്കിൽ പരിസ്ഥിതിയുടെ മധ്യസ്ഥനായി അസ്സീസിയിലെ വിശുദ്ധ ഫ്രാൻസിസ് മറ്റെന്തെങ്കിലും കൂടുതലായി പ്രവചിച്ചിട്ടുണ്ടോ? ക്രിസ്തുവിനോടൊത്തു ചേർന്ന്, രണ്ടാം ക്രിസ്തുവായിത്തീർന്ന വിശുദ്ധൻ. കുരിശിൽ മരിച്ച്, മൂന്നാം ദിവസം ഉത്ഥിതനായി, നാല്പതാം ദിവസം സ്വർഗ്ഗാരോഹണം ചെയ്ത് താൻ വീണ്ടും വരുമെന്നു പറഞ്ഞുപോയ നാഥന്റെ രണ്ടാം വരവിനായുള്ള ഒരുക്കത്തെയല്ലേ വിശുദ്ധ ഫ്രാൻസിസ് പ്രവചിച്ചത്.

അതുകൊണ്ടുതന്നെ പരിസ്ഥിതിനാശത്തിൽ വീർപ്പുമുട്ടുന്ന, ഇനി എങ്ങനെ രക്ഷ നേടും എന്നു പകച്ചുനിൽക്കുന്ന ആധുനിക മനുഷ്യനു മുൻപിൽ പരിസ്ഥി

തിയുടെ സുവിശേഷവുമായി, സ്വർഗ്ഗീയനാഥന്റെ രണ്ടാം വരവിനെ എണ്ണയൊഴിച്ച വിളക്കുമായി എതിരേൽക്കാൻ കാത്തുനിന്ന വിവേകമതികളുടെ പക്ഷത എന്തായിരുന്നു എന്ന പ്രവചനമാണ് അദ്ദേഹം നൽകിയത്. അതെ, അവന്റെ പ്രവചനം, മുന്തിരിത്തോട്ടം നട്ടുപിടിപ്പിച്ച് അതു കൃഷിക്കാരനെ ഏല്പിച്ചു ദൂരദേശത്തേക്കു പോയ യജമാനനായി, വീണ്ടും കണക്കു ചോദിക്കാൻ വരുന്ന ക്രിസ്തുവിന്റെ രണ്ടാം വരവുതന്നെയാണ്. അതുമല്ലെങ്കിൽ തന്റെ സ്വർണ്ണനാണയങ്ങൾ തനിക്കിഷ്ടപ്പെട്ട രീതിയിൽ ദാസന്മാർക്കു പകുത്തു നൽകി, കണക്കു ചോദിക്കുവാൻ തിരികെ വരാനിരിക്കുന്ന യജമാനനായ ക്രിസ്തുവിനെയാണ്, അവന്റെ രണ്ടാം വരവിനെയാണവൻ പരിസ്ഥിതിയുടെ സുവിശേഷമായി പ്രവചിച്ചത്. ഓരോരുത്തരുടെയും ഏല്പിക്കപ്പെട്ട ഭൂമി ഏതുമാകട്ടെ, പറുദീസയായി നമുക്കു നല്കിയതിനെ പാതാളംപോലെ ശൂന്യവും വിഷലിപ്തവുമാക്കാൻ വെമ്പുന്ന ദുഷ്ടഭൃത്യരായ നമുക്കുവേണ്ടിയാണ് വിശുദ്ധ ഫ്രാൻസിസ് സകല ചരാചരങ്ങളോടുമുള്ള സഹോദരസ്നേഹമാകുന്ന സൂര്യകീർത്തനം ആലാപനം ചെയ്തത്. സകലതിനെയും സ്നേഹിച്ചു പരിപാലിച്ച് സ്വർഗ്ഗത്തിലെപ്പോലെ ഭൂമിയിലും സ്നേഹപരിപാലന ഉറപ്പാക്കാനായുള്ള ആ പ്രവചനത്തെ നിഷേധിച്ച് ക്രിസ്തുവിന്റെ രണ്ടാം വരവിനെ എതിരേല്ക്കുവാൻ ആർക്കും ആവില്ല. അതുകൊണ്ട് ആ പ്രവാചകശബ്ദം നമ്മോടാഹ്വാനം ചെയ്യുന്നു, സ്നേഹിക്കപ്പെടുന്നതിനെക്കാൾ സ്നേഹിക്കാൻ, ക്ഷമിക്കപ്പെടുന്നതിനെക്കാൾ ക്ഷമിക്കാൻ. ലഭിക്കുന്നതിനെക്കാൾ കൂടുതൽ കൊടുക്കാൻ, അങ്ങനെ ക്രിസ്തുവിന്റെ സ്നേഹംകൊണ്ട് ഭൂമിയെ പരിപാലിച്ചു പറുദീസയാക്കാനുള്ള ആ പ്രവചനത്തെ നമുക്കു നിഷേധിക്കുക സാധ്യമല്ല. അതു നിഷേധിച്ച് ആർക്കും ക്രിസ്തുവിനെ വീണ്ടും വരവേല്ക്കുവാനും കഴിയില്ല.

വിശുദ്ധ ഫ്രാൻസിസിന്റെ അനുകരണീയമായ പരിസ്ഥിതി അനുകൂല ജീവിതമാതൃക

അനുകരണീയമായ, വിശുദ്ധമായ ഒരു പരിസ്ഥിതിജീവിതമാതൃക അസ്സീസിയിലെ വിശുദ്ധ ഫ്രാൻസിസ് ലോകത്തിനു മുൻപിൽ കാഴ്ചവയ്ക്കുന്നുണ്ട്. അദ്ദേഹത്തിന്റെ ദാരിദ്ര്യവ്രതത്തെയും സന്ന്യാസത്തെയും സഹോദരസ്നേഹത്തെയും സകല ചരാചരങ്ങളോടും വച്ചുപുലർത്തിയിരുന്ന സഹജാവബോധത്തെയും പോലെതന്നെ വളരെ വിശിഷ്ടമായ ഒന്നായിരുന്നു ബോധ്യത്തോടെ അദ്ദേഹം നയിച്ചിരുന്ന ലളിതജീവിതമാതൃക. അതെന്താണെന്നു പറയുന്നതിനുമുമ്പ് ഇന്നു ഭൂമിയിൽ നിലനിൽക്കുന്ന പരിസ്ഥിതിദുരന്തങ്ങളുടെ അടിസ്ഥാന കാരണത്തെപ്പറ്റി അല്പം പറയാതെ വയ്യ.

ലോകത്തിലെ ആകെയുള്ള വിഭവങ്ങളുടെ തൊണ്ണൂറു ശതമാനവും ഉപയോഗിക്കുന്നത് ലോകത്തിലെ 30 ശതമാനം ജനങ്ങളാണ്. മുപ്പതു ശതമാനം വരുന്ന ധനാഢ്യരായവരുടെ ധൂർത്തുകൊണ്ടാണ് ബാക്കി എഴുപതുശതമാനം ജനങ്ങളും വിഭവശോഷണത്തെ നേരിടേണ്ടിവരുന്നത്. അതു മാത്രമല്ല, ലോകമിന്ന് പൊതുവെ നേരിടുന്ന ഒരു വിപത്തായിത്തീർന്നിരിക്കുന്നു വിഭവശോഷണം. മനുഷ്യനും മറ്റു ജീവജാലങ്ങൾക്കും ജീവൻ നിലനിർത്താനാവശ്യമായവയെല്ലാം ശുദ്ധവായുവും മണ്ണിന്റെ വളക്കൂറും എല്ലാം ഭൂമിയിൽ ഇല്ലാതായിക്കൊണ്ടിരിക്കുന്നു. അന്തരീക്ഷത്തിൽ കാർബണിന്റെ അളവു വർദ്ധിക്കുന്നതുമൂലമുള്ള ആഗോളതാപവും അനുബന്ധമായ പരിസ്ഥിതി വിപത്തുകളും ഇതിന് ആക്കം കൂട്ടുന്നു. ഇനി വരുന്നൊരു തലമുറയ്ക്ക് ജീവിതം ഇവിടെ അസാധ്യമാക്കുമാറ് ഇന്നത്തെ തലമുറയായ നാം എല്ലാം ധൂർത്തടിക്കുന്നു. നാളത്തെ തലമുറ ഇവയ്ക്കായ് ഇനി എവിടെപ്പോകും? അതു

കൊണ്ട് പ്രസിദ്ധ ഫ്രഞ്ചു പരിസ്ഥിതി ചിന്തകനായ റിനേ സുബോസ് ഇന്നത്തെ തലമുറയെ ജനിക്കാനിരിക്കുന്ന കുഞ്ഞുങ്ങളുടെ പോക്കറ്റടിക്കാർ എന്നു വിശേഷിപ്പിക്കുന്നത്.

ലാളിത്യമാർന്ന ജീവിതാവശ്യങ്ങൾ കുറച്ച ഒരു ജീവിതശൈലിയാണ് അസ്സീസിയിലെ വിശുദ്ധ ഫ്രാൻസിസ്. ഈ പ്രശ്നപരിഹാരത്തിനായി നമ്മുടെ മുൻപിൽ വയ്ക്കുന്നത്. ലാളിത്യമാർന്ന ജീവിതത്തിന് സസ്യാഹാരശീലം വളരെ അർത്ഥവത്താണ്. കാരണം ഒരു കിലോ മാംസം ഉല്പാദിപ്പിക്കാൻ 5 കിലോഗ്രാം ധാന്യം ആവശ്യമാണെന്ന് കണക്കു കൂട്ടിയിട്ടുണ്ട്. ഒരു കിലോഗ്രാം ധാന്യം മൂന്നു പേർക്ക് സുഭിക്ഷമായ ഒരു നേരത്തെ ഭക്ഷണത്തിന് മതിയാവുമെങ്കിൽ ഒരു കിലോ മാംസം അതിനു തികയില്ല. അതായത്, മാസം ഉപയോഗിക്കുമ്പോൾ ആരുടെയോ കഞ്ഞി നാം ഇല്ലാതാക്കുന്നു. അമിതമായ മാംസ ഉല്പാദനമാണ് അമിതമായ കൃഷിക്കു മനുഷ്യനെ പ്രേരിപ്പിക്കുന്നത്. അതു വഴിയായി മണ്ണു നശിക്കയും ജലം മലിനപ്പെടുകയും പാഴാവുകയും ചെയ്യുന്നു. അതുകൊണ്ട് മനുഷ്യൻ മാംസാഹാരം കുറച്ച്, സസ്യാഹാരരീതിയിലേക്കു കടന്നു വന്നാൽ ലോകത്ത് ദാരിദ്ര്യമെന്ന ഒന്ന് പിന്നീടുണ്ടാവുകയില്ല. എന്നതാണു സത്യം. ഇപ്പോഴുള്ള ധാന്യോത്പാദനത്തിന്റെ പകുതി മതിയാകും എല്ലാവർക്കും സുഭിക്ഷമായ സസ്യാഹാരം വിതരണം ചെയ്യാൻ. പക്ഷേ, എന്താണിപ്പോൾ ലോകത്തു സംഭവിക്കുന്നത്? ഓരോ ദിവസവും സസ്യാഹാരം ഉപേക്ഷിച്ച് മാംസാഹാരത്തിലേക്കു മനുഷ്യൻ മാറിക്കൊണ്ടിരിക്കുന്നു. ഫലമോ മണ്ണും വെള്ളവും അമിതമായി ചൂഷണം ചെയ്യപ്പെടുകയും മലിനപ്പെടുകയും ചെയ്യുന്നതുമൂലം വരുംതലമുറ വലുതായ വിഭവശോഷണദുരന്തത്തെ അഭിമുഖീകരിക്കേണ്ടതായും വരുന്നു.

അസ്സീസിയിലെ വിശുദ്ധ ഫ്രാൻസിസ് സസ്യാഹാരിയായി സ്വയം മാറി നല്ലൊരു മാതൃക ലോകത്തിനു കാഴ്ചവച്ചിരുന്നു. മാത്രമല്ല, പഴങ്ങളും പച്ചക്കറികളും കഴിക്കുമ്പോൾ അതിൽ അല്പം ചാരം കൂടി ചേർക്കുവാൻ വിശുദ്ധൻ ആവശ്യപ്പെടുമായിരുന്നു എന്നാണ് വിശുദ്ധന്റെ ജീവചരിത്രകാരനായ തോമസ് സെലാനോ രേഖപ്പെടുത്തിയിട്ടുള്ളത്. അതിന് വിശുദ്ധൻ പറഞ്ഞിരുന്ന കാരണം, അവയുടെ യഥാർത്ഥ രുചി ആസ്വദിച്ച്, അമിതമായൊരിഷ്ടം അവയോടു തോന്നാനും അങ്ങനെ പ്രകൃതിയെ അമിതമായി ചൂഷണം ചെയ്യാനും ഇടയാകരുത് എന്നുമാണ്. അസ്സീസിയിലെ വിശുദ്ധ ഫ്രാൻസിസും അനുചരരും നടന്നുപോകുന്ന വഴി അറവുശാലയിലേക്കു കൊണ്ടുപോകുന്ന ആട്ടിൻകുട്ടിയെ വിലയ്ക്കു വാങ്ങി രക്ഷിച്ച് തോളിലിട്ടു പോകുന്ന ഫ്രാൻസിസിനെയും തനിക്കു ലഭിച്ച മീനിനെ തിരിച്ചു ജലാശയത്തിലേക്കു വിട്ട്, തന്നെ നോക്കി നിന്ന മത്സ്യത്തോട് ദൂരെ പോയി രക്ഷപ്പെടാൻ ആവശ്യപ്പെടുന്ന വിശുദ്ധ ഫ്രാൻസിസിനെയും തോമസ് സെലാനോ നമ്മുടെ മുൻപിൽ വരച്ചുകാട്ടുന്നുണ്ട്. പരിസ്ഥിതിപ്രശ്നങ്ങളിൽ, പ്രത്യേകിച്ച് വിഭവശോഷണത്തിൽ നട്ടം തിരിയുന്ന ലോകത്ത് സസ്യാഹാരരീതിയിലേക്കു മാറുവാനുള്ള, കുറഞ്ഞത് മാംസം എങ്കിലും ഉപേക്ഷിക്കുവാനുള്ള ഒരു പ്രേരണയെങ്കിലും നമുക്കു


Golden Jubilee wishes from
Scaria Thomas Chakalayail & Family


നേടാനായാൽ അതു വിശുദ്ധ ഫ്രാൻസിസിന്റെ ചൈതന്യം പങ്കുവയ്ക്കലാകും.

ഉപസംഹാരം

വിശുദ്ധസഭയിൽ അന്ധകാരം നിറഞ്ഞ്, വിശ്വാസികൾ പള്ളികൾ ഉപേക്ഷിച്ചു കൊണ്ടിരുന്ന ഒരു കാലഘട്ടത്തിലാണ് രണ്ടാം ക്രിസ്തുവായി, അസ്സീസിയിലെ വിശുദ്ധ ഫ്രാൻസിസ് ഉദയം ചെയ്തത്. ആർഭാടപൂർണ്ണമായ തന്റെ ജീവിതത്തെയും പ്രഭുത്വബന്ധങ്ങളെയും വിട്ടെറിഞ്ഞ്, എളിയവരിൽ ക്രിസ്തുവിന്റെ മുഖം ദർശിച്ച വിശുദ്ധ ഫ്രാൻസിസ് അനേകരെ വിശുദ്ധ സഭയിലേക്ക്, സ്വർഗ്ഗീയ തീർത്ഥാടനത്തിലേക്ക് ഹഠാദാകർഷിച്ചു. ക്രിസ്തുവിനെ അറിഞ്ഞ് ആചരിച്ച വിശുദ്ധ ഫ്രാൻസിസിന് സർവ്വ ചരാചരങ്ങളും സഹോദരങ്ങളായി. എല്ലാറ്റിനെയും സ്നേഹത്തിൽ കോർത്തിണക്കി, പ്രകൃതിയാകുന്ന പറുദീസയെ പുനഃസൃഷ്ടിക്കുവാനുള്ള കർമ്മശേഷി മനുഷ്യനുണ്ടെന്ന ബോധ്യം ലഭിക്കാൻ വിശുദ്ധൻ അവരെ പ്രാപ്തരാക്കി. ഉപ്പിന് ഉറ കെട്ടുപോയാൽ അതു പുറത്തു കളഞ്ഞ് ചവിട്ടപ്പെടാനല്ലാതെ മറ്റൊന്നിനും കൊള്ളില്ല എന്ന ക്രിസ്തുവചനത്തെ പൂർണ്ണമായും ഉൾക്കൊണ്ട് സ്നേഹം നഷ്ടപ്പെട്ട മനുഷ്യന് സ്നേഹമാകുന്ന ഉറയുള്ള ഉപ്പായി എങ്ങനെ മാറുവാൻ കഴിയുമെന്ന് ഫ്രാൻസിസ് സ്വന്തം ജീവിതം കൊണ്ടു കാണിച്ചുകൊടുത്തു. അധികാരത്തിന്റെ കാഹളനാദത്തോടെ വീണ്ടും എഴുന്നെള്ളാനിരിക്കുന്ന ക്രിസ്തുവിനെ എതിരേൽക്കാനായി സ്നേഹഗീതമെന്ന മന്ത്രം കൊണ്ട് ബലിയർപ്പിക്കാൻ അസ്സീസിയിലെ വിശുദ്ധ ഫ്രാൻസിസ് നമ്മോട് ആഹ്വാനം ചെയ്യുന്നു. നമുക്കിനി ആകാശത്തിനു കീഴെ വേറെ മാർഗ്ഗമില്ല. വിശ്വസിച്ച് സഭാത്മകമായ കൗദാശികജീവിതത്തിലൂടെ വിശുദ്ധന്റെ മദ്ധ്യസ്ഥത തേടി ലോകത്തിനു പ്രകാശമായി ജീവിക്കുകതന്നെ.

FOCUS ELECTRONIC SECURITY SOLUTIONS
Home Security Systems
Golden Jubilee wishes from
Shibu Kunnath & Family

Golden Jubilee wishes from
Vazhappally Service Co-op. Bank Ltd.K108
Vazhappally, Changanacherry

Alphine
Kanjikuzhy, Kottayam
Duty Paid
Home Appliances Shop

Golden Jubilee wishes from
Pulimoottil Opticals
Opp. Perunna Petrol Pump, Chry.



അസ്സീസിയിലെ ഒരു മഴവിൽരാത്രി

വിജി തമ്പി

അസ്സീസി: ചരിത്രമാകാൻ വിസമ്മതിക്കുന്ന ഒരു കവിതയാണ്.

പ്രകൃതി നിന്റെ കാൽച്ചുവട്ടിലും സ്വർഗ്ഗം നിന്റെ ഉള്ളിലും.

ദൈവത്തിന്റെ പ്രിയപ്പെട്ട ഉപമകളായി പൊട്ടിച്ചിതറിയ വിശുദ്ധരായ കുറെ കിറുക്കന്മാർ ഈ ഗ്രാമത്തിലാണ് കൈകൊട്ടി പാട്ടുപാടി കരഞ്ഞുനടന്നത്. ഉന്മാദംകൊണ്ടു നൃത്തം ചവിട്ടിയത്. ലോകത്തിലെ വിജ്ഞരെ എളിയമയുള്ള വരാക്കുവാനായി ദുർബലരെയും വിഡ്ഢികളെയും ദൈവം തിരഞ്ഞെടുത്തത് ഈ അസ്സീസി ഗ്രാമത്തിൽനിന്നാണ്. സൂര്യനെ, ചന്ദ്രനെ, കാറ്റിനെ, മണ്ണിനെ, പക്ഷിയെ, നദിയെ, അഗ്നിയെ മുതൽ മരണത്തെവരെ സഹോദരിമാരായി സങ്കല്പിച്ചുകൊണ്ട് അതിമഹത്തായ ഒരു സൂര്യസങ്കീർത്തനം ഇവിടെനിന്നാണുണ്ടായത്.

ഫ്രാൻസീസ് സുന്ദരനോ പണ്ഡിതനോ മഹാനോ ഒന്നുമായിരുന്നില്ല. എന്നാൽ ലോകവും സ്വർഗ്ഗവും അയാളെ അത്രമേൽ ദാഹിച്ചിരുന്നു. തന്നെക്കാൾ എളിയവനും കിറുക്കനുമായ മറ്റൊരു ജീവിയെ ഈ ഭൂമിയിൽ ദൈവത്തിനു കണ്ടെത്താനാവാത്തതുകൊണ്ട് തന്നെ അതിനായി നിയോഗിച്ചു എന്നാണവൻ പറയുക. ആരാണവൻ? ഏറ്റവും ചെറിയവൻ, ദുർബലൻ, നിർഗുണൻ, ദരിദ്രൻ. എളിയവരിലൂടെ വലിയ കാര്യങ്ങൾ പ്രവർത്തിക്കുന്ന ദൈവം, വലിയവരെയും കുലീനരെയും ശക്തരെയും പഠിപ്പിക്കുവാൻ വിശുദ്ധനായ ഈ ഭ്രാന്തനെ തിരഞ്ഞെ

ടുത്തു. ദൈവം അവനെ മലർത്തിയടിച്ചു. കശക്കിയെറിഞ്ഞു. വിശുദ്ധതുല്യമായ നഗ്നതകൊണ്ടും നിഷ്കളങ്കതകൊണ്ടും അവൻ ലോകത്തെ കഴുകി വെടിപ്പാക്കി. ക്രിസ്തുവിനായി വിരിഞ്ഞുനിന്ന വെളുത്ത ഭ്രാന്തൻപൂക്കളുടെ താഴ്വര. മുള്ളില്ലാത്ത പനിനീർവനം. രണ്ടാം ക്രിസ്തു എന്നവനൊരു വിളിപ്പേരുണ്ട്. അവൻ പിറന്നതും വളർന്നതും മരിച്ചതുമായ ഇറ്റലിയിലെ ഒരുൾനാടൻ ഗ്രാമമായ അസ്സീസിയിലേക്കാണ് ഞാൻ യാത്ര ചെയ്യുന്നത്.

റോമാനഗരത്തിൽനിന്ന് അസ്സീസിയിലേക്ക് ആറു മണിക്കൂർ യാത്ര ചെയ്യണം. 500 കിലോമീറ്റർ. റോമിന്റെ ചരിത്രാവശിഷ്ടങ്ങളിലൂടെ ചില പകലുകൾ ചെലവഴിച്ചതിനുശേഷമാണ് ഞങ്ങളുടെ അസ്സീസിയിലേക്കുള്ള യാത്ര. കൊളോസിയവും റോമൻഫോറവും മ്യൂസിയങ്ങളിലെ എണ്ണിയാലൊടുങ്ങാത്ത കലാരൂപങ്ങളും തെരുവുകളിൽപ്പോലും ചിതറിക്കിടക്കുന്നു. നവോത്ഥാനകാലസൗന്ദര്യങ്ങളും യുദ്ധസ്മാരകങ്ങളും കണ്ടുകണ്ട് കണ്ണുകൾ കലങ്ങിക്കഴിഞ്ഞിരുന്നു. സ്തംഭിച്ചുനിന്ന കാലത്തിൽ നിന്ന് ചരിത്രത്തെ പുറകോട്ടു വകഞ്ഞുമാറ്റി കരയിൽ പായുന്ന ഒരു പക്ഷിയെപ്പോലെ ഞങ്ങളുടെ ബസ് തിരക്കിട്ടു യാത്ര ചെയ്യുകയാണ്. ഒരു കിളിക്കൂട് അതിന്റെ ആകാശത്തെ തേടുംപോലെ മനസ്സിൽ നിറയെ ചിറകുകളാണ്. പ്യാസകൾ, കൊട്ടാരക്കെട്ടുകൾ, യോദ്ധാക്കളുടെ ശവക്കല്ലറകൾ, വിജയസ്തംഭങ്ങൾ, രക്തസാക്ഷി സ്തൂപങ്ങൾ, അംഗച്ഛേദം സംഭവിച്ച പ്രതിമകൾ, ചരിത്രത്തിന്റെ ചിത്രശാലകൾ റോമാനഗരം മനസ്സിലപ്പോഴും കുളമ്പടിച്ചുകൊണ്ടിരിക്കുന്നുണ്ട്.

റോമിൽനിന്ന് അസ്സീസിയിലേക്കുള്ള യാത്ര ചരിത്രത്തെ തല കീഴാക്കി നിർത്തിയ കവിതകളിലേക്കുള്ള ഒരു പുറപ്പാടായി എനിക്കു തോന്നി. ഇറ്റലിയുടെ ഉൾനാടൻ ഗ്രാമങ്ങളും മലനിരകളും കടന്നുപോകുന്നതിനിടയിൽ റോമാസാമ്രാജ്യത്തെ തീറ്റിപ്പോറ്റിയ ഇറ്റലിയുടെ ധാന്യവയലുകളിലൂടെയാണു യാത്ര. ഗോതമ്പ് പാടങ്ങളും ബാർലിത്തോട്ടങ്ങളും മുന്തിരിത്തോപ്പുകളുമാണ് വഴികളുടെ ഇരുവശങ്ങളിലും റോമൻസാമ്രജ്യകാലത്തിന്റെ വിരൽപ്പാടുകൾ ഇപ്പോഴത്തെ അസ്സീസിപട്ടണത്തിലും ചിതറി ക്കിടപ്പുണ്ട്. ക്രിസ്തുവിനു മുമ്പേ പണിയപ്പെട്ട മിനർവാക്ഷേത്രത്തിന്റെ അവശിഷ്ടങ്ങൾ കുന്നുകൾക്കിടയിൽ കാണാം. ആംഫി തിയേറ്ററിന്റെ വിണ്ടടർന്ന കല്പടവുകളും ഗാലറികളും അതിനടുത്തായുണ്ട്.

റോമൻ ഫോറത്തിന് പുരാതന അസ്സീസിപട്ടണത്തിനടുത്തുള്ള പെറുജിയിൽ മാഞ്ഞുപോകാത്ത ഒരധികാരരാഷ്ട്രം ഭൂപടത്തിൽ കണ്ടു. പക്ഷേ, ഇതൊന്നുമല്ല ഇന്ന് അസ്സീസി. ഇറ്റലിയുടെ മറ്റു പട്ടണങ്ങളിൽനിന്നു വ്യത്യസ്തമായി ഒരു മനുഷ്യന്റെ പുണ്യസ്മരണകളിൽ പണി

ഫ്രാൻസിസ് കസാൻദ്സാക്കിലൂടെ മൊഴിഞ്ഞിട്ടുണ്ടല്ലോ, നടക്കാൻ തീരുമാനിച്ചുവെങ്കിൽ ഏറ്റവും ദുർഗമമായ വഴി തെരഞ്ഞെടുക്കുക. ഒരിക്കലും എത്തിച്ചേരാനാവാത്ത ലക്ഷ്യ സ്ഥലത്തെ ആഗ്രഹിക്കുക. പാദരക്ഷകൾ ഉപേക്ഷിക്കുക. ദരിദ്രനായിരിക്കുക. ഉടുതുണി ഉരിഞ്ഞ് നഗ്നനായി മലർന്നുകിടക്കുക. ആത്മീയ പ്രലോഭനത്തിനുമാത്രം കീഴടങ്ങുക. സ്വന്തം മാംസത്തിൽ ദൈവത്തെ കൊത്തിയെടുക്കുക. സ്വന്തം ഭ്രാന്തിന്റെ പാട്ടും നൃത്തവുമായി വാവിട്ടു കരയുക.

തുയർത്തപ്പെട്ട പട്ടണമാണിത്. അസ്സീസി എന്നാൽ ഫ്രാൻസിസ് എന്നു മാത്രമാണ് ലോകം ഇന്നുച്ചരിക്കുക. അസ്സീസി ഫ്രാൻസിസിനെയും ഫ്രാൻസിസ് അസ്സീസിയെയും അന്വയിപ്പിച്ചിരിക്കുന്നു. വീണ്ടും വീണ്ടും പുതുക്കിപ്പണിയപ്പെടുന്ന, മാറ്റിപ്പണിയപ്പെടുന്ന ആത്മീയദേവാലയങ്ങളുടെ പുനർനിർമ്മിതികളാണ് അസ്സീസിയെ കാണുമ്പോൾ മനസ്സു നിറയ്ക്കുന്നത്.

അസ്സീസി അതിന്റെ നിർമ്മലമായ നഗ്നതകൊണ്ടാണ് ആഡംബരപൂർണ്ണമായ ഇറ്റാലിയൻ നാഗരികതയെ ആലിംഗനം ചെയ്തിരിക്കുന്നത്. ആർഭാടങ്ങൾക്കുമേൽ വിരിച്ചിട്ട എളിമയുടെ ശുഭ്രവസ്ത്രം.

അസ്തമയമാകുന്നു. City of Peace എന്നെഴുതിവെച്ച ഒരു ചെറിയ ശിലാഫലകം കാണുന്നു. അസ്സീസിയിലേക്ക് ബസ് പ്രവേശിക്കുന്നതേയുള്ളു. ആകാശത്ത് ഒരത്ഭുതം വിടർന്നുനിൽക്കുന്നു. യാത്രകൾക്കിടയിൽ ചിലപ്പോഴെല്ലാം ഇത്തരം ആശ്ചര്യചിഹ്നങ്ങൾ ഉയർന്നുവരാറുണ്ട്. അസ്സീസിയുടെ ആകാശങ്ങളെ കോർത്തുനിർത്തിക്കൊണ്ട് വലിയൊരു മഴവില്ലാണ് ഞങ്ങളെ എതിരേറ്റത്. ബസ്സിൽ നിന്നിറങ്ങി കുറേനേരം ആ മഴവില്ലും നോക്കി നിന്നു. ഇളംതണുപ്പും ചാറ്റൽമഴയും ആ സന്ധ്യയെ വിഷാദസൗന്ദര്യമുള്ളതാക്കിമാറ്റി.

പ്രശാന്തമായ മലനിരകളും കൃഷിയിടങ്ങളും ചുറ്റുമുണ്ട്. വൈകിമാത്രം രാത്രിക്കു പ്രവേശനമുള്ള തിളങ്ങുന്ന വസന്തകാലത്തിന്റെ സായന്തനമാണിത്. മലനിരകൾക്കു മുകളിലെ ദേവാലയത്തിൽനിന്നുള്ള വെളിച്ചത്തിന്റെ പ്രവാഹം ഒരു കാട്ടുതീ പോലെ താഴ്വരയിലേക്കു പടർന്നു കിടക്കുന്നു. പച്ചയുടെയും നീലയുടെയും ഓറഞ്ചിന്റെയും നിറങ്ങൾ താഴ്വരയിൽ കലർന്നൊഴുകുന്നു. ഓക്കുമരങ്ങളും ബദാം മരങ്ങളും പൈൻമരങ്ങളും ഇടതൂർന്ന് വളർന്നു നിൽക്കുന്നതു കാണാം.

അസ്സീസിയിലെ ഒരു കുന്നിനരുകിലാണ് ഞങ്ങളുടെ താമസസ്ഥലം. ഹോട്ടൽ ഒറാലിയനോറി. പൈൻമരങ്ങൾക്കും വിശാലമായ പുൽത്തകിടികൾക്കും നടുവിൽ കുലീനസൗന്ദര്യമുള്ള ഹോട്ടലാണത്. മുറിയിലെ ജനൽ തുറന്നാൽ സുബാസിയോ മലനിരകൾ. മുന്തിരിത്തോപ്പുകളും മൾബറിത്തോട്ടവും.

ഇപ്പോൾ ആ വലിയമഴവില്ലിനെ സന്ധ്യാമഴ അലിയിച്ചുകളഞ്ഞിരിക്കുന്നു. മഴവില്ലിൽനിന്ന് ഇറങ്ങിവന്ന ചുവപ്പും മഞ്ഞയും നീലയും. ഞാനിവിടെ കാണുന്നതെല്ലാം ശരിക്കും കാണുന്നതുതന്നെയാണോ? സ്വപ്നവും ആഗ്രഹവും വേദനയും അത്രമേൽ എന്നെയിപ്പോൾ പൊതിഞ്ഞുകഴിഞ്ഞിട്ടുണ്ട്.

കുട്ടിക്കാലം മുതൽ ഉള്ളിൽ കേട്ടുകൊണ്ടിരുന്ന കുഞ്ഞുകുഞ്ഞു കരച്ചിലുകൾ ഇപ്പോൾ ജനൽ തുറക്കുമ്പോൾ കാപ്പിപ്പൊടിയുടെ നിറമുള്ള കാറ്റായി വന്ന് എന്നെ കുളിർപ്പിക്കുന്നു. ചെറുശബ്ദങ്ങൾ എനിക്കുള്ളിൽ ചിറകടിക്കുന്നു. അസ്സീസി അത്രയധികം ഒരുകാലത്ത് എന്റെ ആന്തരികതയെ തിന്നുകൊണ്ടിരുന്നതാണ്. അകം പൊള്ളിഞ്ഞ് ഞാൻ കേട്ടിരുന്നിട്ടുണ്ട്, അസ്സീസി പുണ്യവാളന്റെ തമാശകളും കരച്ചിലുകളും.

അസ്സീസി കേവലമൊരു ഭൂപ്രകൃതിയല്ല. അത് ഭൂമിയിലെ മുഴുവൻ ഏകാകികളുടെയും ആത്മദേശമാണ്. മനസ്സിൽ ഒരു തുള്ളി കിറുക്കെങ്കിലും സൂക്ഷിക്കുന്നവർക്ക് അസ്സീസി പകരുന്ന ഉന്മാദജലത്തിൽ നനയാതിരിക്കാനാവില്ല.


ഫ്രാൻസിസ് കസാൻദ്സാക്കിലൂടെ മൊഴിഞ്ഞിട്ടുണ്ടല്ലോ, നടക്കാൻ തീരുമാനിച്ചുവെങ്കിൽ ഏറ്റവും ദുർഗമമായ വഴി തെരഞ്ഞെടുക്കുക. ഒരിക്കലും എത്തിച്ചേരാനാവാത്ത ലക്ഷ്യസ്ഥലത്തെ ആഗ്രഹിക്കുക. പാദരക്ഷകൾ ഉപേക്ഷിക്കുക. ദരിദ്രനായിരിക്കുക. ഉടുതുണി ഉരിഞ്ഞ് നഗ്നനായി മലർന്നുകിടക്കുക. ആത്മീയ പ്രലോഭന

ത്തിനുമാത്രം കീഴടങ്ങുക. സ്വന്തം മാംസത്തിൽ ദൈവത്തെ കൊത്തിയെടുക്കുക. സ്വന്തം ഭ്രാന്തിന്റെ പാട്ടും നൃത്തവുമായി വാവിട്ടു കരയുക. സത്യത്തെക്കാൾ വലുതായ ജീവിതസത്യമായി ഫ്രാൻസീസ് എനിക്കുള്ളിലിരുന്ന് സ്നേഹത്തിന്റെ തീപ്പന്തമായി എരിഞ്ഞുകത്തുകയാണിപ്പോൾ.

യൂറോപ്യൻ സഞ്ചാരത്തിൽ മഹാനാഗരികതയുടെ അമ്പരപ്പിക്കുന്ന എത്രയോ കാഴ്ചകളിലൂടെ ഞാൻ കടന്നുപോയിരിക്കുന്നു. പക്ഷേ, ഈ ഗ്രാമത്തിന്റെ ലളിതവിശുദ്ധിയോളം പ്രചോദനാത്മകമായി ഒന്നുമില്ല. ഒരുപക്ഷേ, അമ്പരപ്പിക്കുന്ന നാഗരികസൗന്ദര്യങ്ങളെ കഴുകിത്തുടച്ചു നിർമ്മലമാക്കുവാൻ യാത്രികർക്ക് അസ്സീസി ഒരു സ്നാനഘട്ടമാണ്.

അസ്സീസിയിൽ താമസിച്ച ഹോട്ടലിന്റെ മുഴുവൻ ചുമതലയും മേരി ജുവാന എന്ന സ്ത്രീയാണ് ഏറ്റെടുത്തിരിക്കുന്നത്. യുവതിയായ ഒരു വീട്ടമ്മയുടെ സൗന്ദര്യത്തോടും ഊർജ്ജസ്വലതയോടുംകൂടി അവർ ഓടിനടന്ന് അതിഥികളെ സ്വീകരിക്കുന്നു. പരിചാരികയായി റെസ്റ്റോറന്റിൽ ഭക്ഷണം വിളമ്പിക്കൊടുക്കുന്നു. അസ്സീസിയിലെ ഭക്ഷണമേശയ്ക്കൊരു പ്രത്യേകതയുണ്ട്. ഒലിവെണ്ണയിൽ പാകം ചെയ്ത കടൽമത്സ്യവും ഇറച്ചിക്കറിയും അല്പം വീഞ്ഞും അത്താഴത്തോടൊപ്പം വിളമ്പിയിരുന്നു. വിളമ്പുന്നതിനിടയിൽ അവർ കാണിക്കുന്ന അന്തസ്സാർന്ന പെരുമാറ്റത്തിനൊരു ഫ്രാൻസിസ്കൻ എളിമയും കുലീനതയും ഉണ്ട്.

പുറത്ത് ചാറൽമഴ. തണുപ്പിനു കട്ടികൂടിയിട്ടുണ്ട്. എനിക്ക് ഇന്നു രാത്രി അസ്സീസിയിൽ ഒറ്റയ്ക്കു നടക്കണം. നാളെയാണ് പോർസിങ്കുലായിൽ ഫ്രാൻസിസിന്റെയും ക്ലാരയുടെയും ബസിലിക്കയും മറ്റു ദേവാലയങ്ങളുമൊക്കെ കാണാനിരിക്കുന്നത്. ഫ്രാൻസിസിന്റെ ബസിലിക്കയിൽ ശുശ്രൂഷ ചെയ്യുന്ന ഷാജിയച്ചനെ കാണണം. ഫോണിൽ വിളിച്ചുപറഞ്ഞു. അച്ചന്റെ ശബ്ദത്തിൽ സന്തോഷം നിറച്ചുമുണ്ട്. നാളെ ബസിലിക്കയുടെ താഴത്തെ നിലയിൽ വരണം. ഫ്രാൻസിസ് പുണ്യവാളന്റെ കബറിടവും തിരുശേഷിപ്പുകളും സന്ദർശിക്കുവാൻ കൂടെയുണ്ടാകാം. സൗകര്യമാകുമെങ്കിൽ ആശ്രമഭക്ഷണവും കഴിക്കണം. എനിക്കു സന്തോഷമായി. നാളെയാണ് ഫ്രാൻസിസിന്റെയും ക്ലാരയുടെയും കൂട്ടുകാരുടെയും ഓർമ്മകൾ സൂക്ഷിക്കുന്നിടത്തേക്കു പോകുന്നത്. ബസിലിക്കയും മറ്റു ദേവാലയങ്ങളുമൊക്കെ കാണാനിരിക്കുന്നത്. മനസ്സിനെ അതിനായി ഒരുക്കണം. വിശുദ്ധരായ ആ





കിറുക്കന്മാരെ, ദൈവത്തിന്റെ തെണ്ടികളെ നേരിടുക അത്ര എളുപ്പമല്ലെന്നെനിക്കറിയാം.

ഇന്നു രാത്രി ഒരിക്കലും അവസാനിക്കരുതെന്നും നാളത്തെ പകൽ വേഗം വരണമെന്നും മനസ്സ് വിചിത്രമായി വാശി പിടിക്കുന്നു. നാളെ പുലർച്ചയ്ക്ക് ഞങ്ങൾ പോർസിങ്കുലാ ദേവാലയത്തിലേക്കാണു പോകുന്നത്. ഫ്രാൻസിസും കൂട്ടുകാരും ഏറ്റവും കൂടുതൽ കാലം ജീവിച്ചിരുന്നതവിടെയാണല്ലോ. പോർസിങ്കുലാ എന്നാൽ കൊട്ടുസ്ഥലം എന്നാണർത്ഥം. ആ കൊച്ചു സ്ഥലത്താണ് കൊച്ചുമനുഷ്യർ അവരുടെ കൊച്ചുജീവിതങ്ങൾകൊണ്ട് അസ്സീസിപട്ടണത്തെയും പിന്നീട് ലോകത്തെയും ഇളക്കിമറിച്ചത്.

ലോകത്തിലെ ആദ്യത്തെ കമ്മ്യൂൺ ജീവിതം അവിടെ തുടങ്ങി. കൂട്ടായ്മയുടെ സ്നേഹസ്തന്യം ആവോളം നുകർന്നാണവർ പോർസിങ്കുലായിൽ ജീവിച്ചത്. അമ്മ കുഞ്ഞുങ്ങളോട് ഇടപെടുംപോലെ ഫ്രാൻസിസ് തന്റെ പന്ത്രണ്ടു കൂട്ടുകാർക്കൊപ്പം വിചിത്രമായ ജീവിതപരീക്ഷണങ്ങളിൽ ഏർപ്പെട്ടതിന്റെ ഊർജ്ജമാണ് പോർസിങ്കുലാ. ശിശുതുല്യമായ നിഷ്കളങ്കതയും പാതി ഉന്മാദവും സുതാര്യമായ സ്നേഹവുംകൊണ്ട് ഇളകിമറിഞ്ഞ ദൈവത്തിന്റെ ആ വിദൂഷകർ പാർത്ത സർവ്വമാലാഖമാരുടെയും കന്യാമറിയത്തിന്റെയും ദൈവാലയത്തിലേക്കാണ് നാളെ ഞങ്ങളുടെ ഗൈഡ് കൊണ്ടുപോകുന്നത്. മരണസോദരിയെ പ്രാർത്ഥിച്ചു നഗ്നനായി തറയിൽ കിടന്നുമരിച്ച ഫ്രാൻസിസിന്റെ അന്ത്യസ്ഥലവും അവിടെയാണെന്ന് ഗൈഡ് പറഞ്ഞിരുന്നു. പിന്നീട് സഹോദരസംഘത്തിന്റെ നിയമാവലികൾ എഴുതപ്പെട്ട റിവർത്തോർത്തോയിലേക്ക്. ഫ്രാൻസിസിന്റെ പുനർജന്മം നടന്ന സാൻദാമിയായിലേക്കും സാന്റുഫിനോ കത്തീഡ്രലിലേക്കും ഉംബ്രിയ താഴ്വരയിലെ ഗ്രേച്ചിയോ, കാർച്ചേരി ഗുഹകളിലേക്കും ഫ്രാൻസിസിന്റെയും ക്ലാരയുടെയും മഹാദേവാലയങ്ങളിലേക്കുമാണ് ഞങ്ങളുടെ നാളത്തെ പകൽയാത്ര. യൂറോപ്യൻ നവോത്ഥാനകലയുടെ ഗംഭീരങ്ങളായ തുടക്കങ്ങൾ അടയാളപ്പെടുത്തിയിട്ടുള്ള വാസ്തുനിർമ്മിതികളും ചുവർച്ചിത്രങ്ങളും ഞങ്ങൾ നാളെ കാണും. അവയെല്ലാം കലയുടെ ലോകാത്ഭുതങ്ങളാണെന്ന് ഗൈഡ് ആവേശംകൊള്ളിച്ചു.

പുറത്തെ ചാറ്റൽമഴയിലേക്ക് ഞാനിറങ്ങിനടന്നു. മഴയിൽ നനഞ്ഞുകുതിർന്ന കുന്നിൻമുകളിലേക്കുള്ള കരിങ്കല്ലു പാകിയ വളവും തിരിവും ഉള്ള പാതയിലൂടെയുള്ള രാത്രിനടത്തം എന്റെ ജീവിതത്തിലെ ഏറ്റവും ഏകാന്തത നിറഞ്ഞ ആത്മീയാകുലതകളുടെ അനുഭവമായി മാറി. സുബാസിയോ കുന്നിൻചെരിവിൽ മങ്ങിയതെങ്കിലും പൂർണ്ണചന്ദ്രൻ വിറങ്ങലിച്ചുനിൽപുണ്ട്. മഴയിൽ കുതിർന്നുപോയ നനഞ്ഞ നിലാവിന്റെ രാത്രിയായിരുന്നു. കുന്നിറങ്ങിവരുന്ന ഒരു തണുത്ത കാറ്റ് കൊണ്ടുവന്ന ദിവ്യമായൊരു അനുരാഗത്തിന്റെ ഈണം സൗമ്യമായി ഹൃദയത്തിലേക്കു പ്രവേശിച്ചു. പാതകളെ ചവിട്ടിയരയ്ക്കാതെ അത്രമേൽ ശാന്തമായി, സൗമ്യമായി ആദരപൂർവ്വം തിരക്കുകളോ തിടുക്കങ്ങളോ ഇല്ലാതെ ഫ്രാൻസിസും കൂട്ടുകാരും എട്ടു നൂറ്റാണ്ടുകൾക്കു മുമ്പു നടന്നുപോയ അതേ പാതയിലൂടെ ഒറ്റയ്ക്കൊരു മനുഷ്യൻ ഇരുട്ടിന്റെ ഹൃദയം തുറന്നു നടക്കുകയാണ്.



അയാൾക്കിപ്പോൾ അപ്പൂപ്പൻതാടിപോലെ മൃദലുമായ ലാഘവത്വം കിട്ടുന്നു. തൂവലുപോലെ കനം കുറഞ്ഞ് അയാൾ പാറി നടക്കുന്നു. പൈൻമരങ്ങളുടെയും ബദാംമരങ്ങളുടെയും ഇടയിലൂടെ രാത്രിത്തണുപ്പിൽ, സ്വെറ്ററിനുള്ളിൽ ഒതുക്കിവെച്ച ശരീരത്തോടെ, കരിമ്പച്ചയായ മലഞ്ചരിവിലൂടെ കടന്നുവരുന്ന തണുത്ത ചാറ്റൽമഴയ്ക്കും ഇളംകാറ്റിനുമൊപ്പം ഈ നടത്തം എനിക്കുള്ളിലെ എത്രയോ ശൂന്യതകളെയാണ് പൂരിപ്പിച്ചുകൊണ്ടിരിക്കുന്നത്. വേദനകളുടെ സംഗീതമാണ് കേൾപ്പിച്ചുകൊണ്ടിരിക്കുന്നത്.

അസ്സീസിയെക്കുറിച്ചു നിർമ്മിക്കപ്പെട്ട ഏറ്റവും മനോഹരമായ സിനിമയുടെ ഓർമ്മ ഈ രാത്രിയിൽ എന്നോടൊപ്പമുണ്ട്. ഫ്രാൻസിസ് അസ്സീസിയുടെ കൊച്ചുപൂക്കൾ എന്ന ചരിത്രഗ്രന്ഥത്തെ ആസ്പദമാക്കി റോസിലിനിയുടെ കറുപ്പിലും വെളുപ്പിലുമുള്ള ചിത്രം ആത്മീയസിനിമകളിലെ ലോക ക്ലാസിക്കുകളിലൊന്നാണ്. 'വിശുദ്ധ ഫ്രാൻസിസ് ദൈവത്തിന്റെ വിദൂഷകൻ' എന്നാണ് റോസിലിനി ആ ചിത്രത്തിനു പേരിട്ടിരിക്കുന്നത്. 'റോം ഓപ്പൺസിറ്റി'യുടെ സംവിധായകനായ റോസിലിനി, ഫെല്ലിനിയുമായി ചേർന്നാണ് ചിത്രത്തിന്റെ തിരക്കഥ രചിച്ചത്. ഫ്രാൻസിസിന്റെ ജീവിതലാളിത്യം തന്റെ കൂട്ടുകാരുടെ അസാധാരണ നിർമ്മലതകളിലൂടെ പത്ത് സംഭവപരമ്പരയായി അവതരിപ്പിച്ച ചിത്രം. റോസിലിനിയും ഫെല്ലിനിയും ഒത്തിചേർന്നിരിക്കുന്ന ഈ ചിത്രത്തിൽ ഒരാൾ യാഥാർത്ഥ്യത്തെക്കുറിച്ചും മറ്റെയാൾ സ്വപ്നത്തെക്കുറിച്ചുമാണ് പറയുന്നത്. അവർ ഒരു ബിന്ദുവിൽ കൂട്ടിമുട്ടുന്നു. ഒരേ സമയം സ്വപ്നംകൊണ്ടും യാഥാർത്ഥ്യംകൊണ്ടും നെയ്തെടുത്ത ആ മനോഹര ചിത്രം എത്രയോവട്ടം ഞാൻ കണ്ടിട്ടുണ്ടാകും. ലാളിത്യത്തിനും എളിമയ്ക്കും വിശുദ്ധിക്കും ഇത്രയേറെ ലാവണ്യം പകർന്ന കലാനുഭവം എനിക്കുണ്ടായിട്ടില്ല.

ഫ്രാൻസിസ് രചിച്ച സൂര്യകീർത്തനം കേൾപ്പിച്ചുകൊണ്ടാണ് അതാരംഭിക്കുന്നത്. ഫ്രാൻസിസിന്റെ കിറുക്കന്മാരായ കൂട്ടുകാർ അസ്സീസി ഗ്രാമത്തെയാകെ വലയം ചെയ്തു നിൽക്കുന്നു. മസ്സെയോ, ബെർനാഡോ, ജീവാനി, ജൂണിപ്പേർ, ലിയോ തുടങ്ങിയ കൂട്ടുകാരെല്ലാമുണ്ട്. ക്ലാരയുടെ സുതാര്യസൗന്ദര്യമാണ് ഇവരെയെല്ലാം കൂട്ടിയിണക്കുന്നത്. ക്ലാര പകരുന്ന സ്വപ്നാത്മകതയിലാണ് ആ സഹോദരസംഘത്തിന്റെ യോഗാത്മകഭാവം നിറവാർന്നതാകുന്നത്. ഇവരുടെ അസാധാരണ സാഹോദര്യത്തിന്റെ ഭൂമികയായി



അസ്സീസിയുടെ വയൽക്കരകളും കുന്നിൻപുറങ്ങളും ചതുപ്പുകളും കാടുകളും ഞാനിപ്പോൾ കണ്ടുകൊണ്ടിരിക്കുകയാണ്. അവർ നടന്നുപോയ നടപ്പാതകളിലൂടെ, അവർ ശ്വസിച്ച സ്വർഗ്ഗീയ നിശ്വാസങ്ങളെയോർത്ത് ദൈവമേ, മഴയിൽ കുതിർന്ന ഈ നിലാവിന്റെ രാത്രി എന്നെയും മത്തു പിടിപ്പിക്കുന്നുവല്ലോ. ദൈവത്തെ ഉടുപ്പായി ധരിച്ചിരുന്നതുകൊണ്ട് ഏതു കൊടുംതണുപ്പും ഫ്രാൻസിസിനെയും സഖാക്കളെയും ബാധിച്ചതേയില്ല.

വനത്തിൽ നിലാവു പെയ്യുന്ന രാത്രിയിൽ ഫ്രാൻസിസ് അതിഗാഢമായി പ്രാർത്ഥിച്ചുകൊണ്ട് ഏകനായി മണ്ണിൽ കിടന്ന് നിർവൃതി കൊള്ളുകയാണ്. അപ്പോഴാണ് അകലേനിന്ന് ഒരു കൈമണിയുടെ കിലുക്കം കേൾക്കുന്നത്. വനത്തിലൂടെ ഒരു കുഷ്ഠരോഗിയാണ് കൈമണി കിലുക്കി വരുന്നത്. മുഖവും ശരീരവും ഏതാണ്ട് അഴുകിത്തീർന്ന ഒരു വികൃതരൂപം. ഫ്രാൻസീസ് ഏറ്റവും ഭയപ്പെട്ടതും ഇതേ രൂപത്തെയായിരുന്നു. പക്ഷേ ആ രാത്രി ഫ്രാൻസിസ് അയാളുടെ വൈരൂപ്യത്തിലേക്ക് ഓടിയടുത്തു. പൊട്ടിയൊലിച്ച വ്രണങ്ങളിൽ ഉമ്മവച്ചു. നെഞ്ചിലേക്ക് അണച്ചുപിടിച്ച് ആഴത്തിൽ ആലിംഗനം ചെയ്തു. ഫ്രാൻസിസ് ആ നിമിഷം അനുഭവിച്ച ആനന്ദം നിലാവും വെളുത്തപൂക്കളും കാറ്റും തെളിഞ്ഞ ആകാശവും ചേർന്ന് അസാധാരണമായ ഒരനുഭവമായി മാറി. മണ്ണിൽ കിടന്നുരുണ്ടുകൊണ്ട് ഫ്രാൻസിസ് വാവിട്ടു നിലവിളിച്ചു. റോസിലിയുടെ സിനിമയിലെ ആറാം ഖണ്ഡം ഇങ്ങനെയാണ്. ഫ്രാൻസിസ് കുഷ്ഠരോഗിയെ ആലിംഗനം ചെയ്തപ്പോഴാണ് പൂർണ്ണമായും ദൈവത്തിലേക്ക് രൂപാന്തരപ്പെട്ടത്.

ആ രാത്രിയെന്നെ എത്രവട്ടമാണ് വാരിപ്പുണർന്നതെന്നറിയില്ല. അസ്സീസിയിലെ കൂട്ടുകാർ സ്വന്തം ശരീരങ്ങളെ സ്വർഗ്ഗത്തിലേക്ക് എറിഞ്ഞുകളിച്ചതും സ്വന്തം കൊതികളും മോഹങ്ങളും തല്ലിപ്പൊട്ടിച്ചതും ദാരിദ്ര്യത്തെ വിവാഹം കഴിച്ചതും പ്രണയകാമനകളിൽ അമർന്നുപോയതും എല്ലാ ഗർവ്വുകളെയും മായ്ച്ചുകളഞ്ഞതുമായ അനുഭവങ്ങളത്രയും ഈ രാത്രിയിൽ മനസ്സിൽ കവിഞ്ഞൊഴുകുകയാണ്. ഒരുതരം എപ്പിഫനിയായി എന്റെ ശരീരത്തെ ആ ഏകാന്തരാത്രി വിറപ്പിച്ചുകൊണ്ടിരുന്നു.

വഴിതിരിഞ്ഞപ്പോൾ ഞാനല്പം കിടുങ്ങിപ്പോയി. ആരോ പിന്നിൽനിന്ന് തോളത്തമർത്തി ചോദിക്കുന്നതുപോലെ. ഇവിടെ എന്തുപേക്ഷിച്ചാണ്, എന്തറുത്തുകളഞ്ഞാണ് നീ തിരിച്ചു പോകുക? ഈ യാത്രയിൽ എന്താണു നഷ്ടപ്പെടുത്തുക? മരക്കൂട്ടങ്ങൾക്കിടയിൽ ആ മണികിലുക്കം എന്നെ പിന്തുടരുന്നതുപോലെ.

ചോരയുടെയും കണ്ണീരിന്റെയും മണമുള്ള ഒരു ഭയം എന്നിലൂടെ പാഞ്ഞുപോയി. അസ്സീസി ഒരു ഭൂമിശാസ്ത്രമല്ല, ആശയമല്ല, കഠിനമായ അനുഭവസത്യമായി ഹൃദയം പൊള്ളിച്ചു. അകം പൊളിച്ചു.

ജറുസലേമിനെക്കുറിച്ച് കസാൻദ്സാക്കിസ് ചുംബനംകൊണ്ടും കരച്ചിൽകൊണ്ടും എഴുതിവെച്ച വരികൾ അസ്സീസിയിലെ ആ രാത്രിയിൽ ഞാനോർത്തു. അപ്പോൾ ദൈവം പകർന്ന മുലപ്പാൽ എന്റെയും ചുണ്ടുകൾ രുചിച്ചു.

ആ താഴ്വരയിൽ കണ്ണടച്ചു നിന്നപ്പോൾ കുഴിമാടങ്ങളിൽനിന്ന് നിദ്ര അവസാനിപ്പിച്ച് ഫ്രാൻസിസും കൂട്ടുകാരും എഴുന്നേറ്റുവരുന്നു. ജൂണിപ്പർ, ലിയോ, ക്ലാര... മഞ്ഞുമലകളെ ആളിക്കത്തിച്ച് കാറ്റുകൾക്കു തീപിടിക്കുംപോലെ. മണ്ണും പുല്ലും പുൽച്ചായിയും നായയും കുറുനരിയും ചെന്നായയും... ദൈവമേ, ഫ്രാൻസിസിന്റെ സഹോദരസംഘമാണ് ഒരുമിച്ച് ഈ രാത്രിയുടെ ഹൃദയത്തിലേക്ക് കൂട്ടുചേർന്നുവരുന്നത്. ഞാൻ പേടിച്ചു വിറച്ചുപോയി.

പാതിരാത്രിയാവുന്നു. കടുത്തുവരുന്ന ഏകാന്തത എന്നെയും ഈ നിമിഷം തിന്നുതീർക്കുമെന്നുറപ്പ്. ഞാൻ കയറ്റം



നിർത്തി പിന്തിരിഞ്ഞോടാൻ തുടങ്ങി. കുഷ്ഠരോഗി കിലുക്കുന്ന മണിയുടെ സ്വരം എന്നെ പിന്തുടർന്നു. ചാറ്റൽമഴയ്ക്കു കനം വച്ചു. മരങ്ങൾക്കിടയിൽനിന്ന് ആ രൂപം എന്നെ പിന്തുടരുന്നുണ്ട്. തീർച്ച, അതെന്നെ വിടില്ല. ശരീരം ഭയംകൊണ്ട് വിറച്ചുതുള്ളി. അസ്സീസിയിലെ രാത്രി ഇത്രയും ഭയഗ്രസ്തമാകുമെന്ന് ഞാൻ പ്രതീക്ഷിച്ചിരുന്നതല്ല. എട്ടു നൂറ്റാണ്ടുകൾക്കപ്പുറത്തായിരുന്നു ഞാനപ്പോൾ. കാലങ്ങളെ ചവിട്ടിയാണ് ഞാൻ അസ്സീസിയുടെ കുന്നുകൾ കയറാൻ ശ്രമിച്ചത്.

ഹോട്ടലിൽ തിരിച്ചെത്തുമ്പോൾ എല്ലാവരും ഉറങ്ങിക്കഴിഞ്ഞിരുന്നു. ഉറക്കത്തിലേക്കു പോകുംമുമ്പേ ഹോട്ടലിനു മുന്നിലുള്ള പുൽത്തകിടിയിൽ ഒരു പൈൻമരത്തിന്റെ ചുവട്ടിൽ മരപ്പലകകൾകൊണ്ടുള്ള ഒരു ബെഞ്ചിൽ ഞാനിരുന്നു. അസ്സീസിയെക്കുറിച്ച് ഞാൻ വായിച്ചതും കണ്ടതും അനുഭവിച്ചതും ഒരു ചെറുകടലാസിൽ ഞാൻ എഴുതാൻ തുടങ്ങി.

അസ്സീസി എന്നെ ഇന്ന് സ്വസ്ഥമായി ഉറക്കുമെന്നു തോന്നുന്നില്ല. ഉള്ളിലെ ചില മുള്ളുകളെ അതു തോണ്ടിയെടുക്കും. ഒളിപ്പിച്ചുവെച്ച ഭ്രാന്തുകളെ അതു വെളുത്ത പൂക്കളായി വിരിയിക്കും. ഫ്രാൻസിസ് നമുക്കു പുറത്തുള്ള ഒരാളല്ല. നമ്മുടെ ആന്തരികതയിലെ അപരനാണെന്ന് എഴുതിയ ബോബി ജോസച്ചൻ നിനവിൽ വന്നു. നാം ഇതുവരെ നടന്നെത്തിച്ചേർന്ന ലോകവും എത്തിച്ചേരേണ്ട ലോകവും തമ്മിലുള്ള അകലമാണ് ഫ്രാൻസിസിലേക്കുള്ള നമ്മുടെ ദൂരം. അസ്സീസിയോർമ്മകളിലൊരു വിളിച്ചുണർത്തലുണ്ട്. കയ്ക്കുന്ന ശരീരത്തിൽനിന്നു മധുരിക്കുന്ന ദൈവത്തിലേക്ക്.

അസ്സീസിയെ എഴുതിയത് ദൈവത്തിന്റെ സ്വന്തം കിറുക്കന്മാരാണ്. ആ കിറുക്കന്മാരുടെ സൗന്ദര്യം കാണണമെങ്കിൽ അതിലേക്കു നോക്കുന്നവരിലും വേണം ഒരുതുള്ളി കിറുക്ക്.


സന്ധ്യയ്ക്ക് അസ്സീസിയിലേക്കു പ്രവേശിച്ചപ്പോൾ ഞാൻ കണ്ട മഴവില്ല് ആകാശത്തുനിന്ന് എപ്പോഴേ മാഞ്ഞുപോയെങ്കിലും മനസ്സിൽ ഒരു ദിവ്യസൗന്ദര്യമായി വിരിഞ്ഞുനിൽക്കുന്നുണ്ട്. ആ മഴവില്ലിന്റെ ഒരറ്റം ഫ്രാൻസിസും മറ്റേയറ്റം ക്ലാരയുമാണു നിവർത്തിപ്പിടിച്ചിരിക്കുന്നതെന്ന് ഞാനീ രാത്രിയിൽ എഴുതിവെച്ചത് അനുഭവത്തെക്കാൾ വലിയൊരു സ്വപ്നമാണ്. അസ്സീസിക്കുമാത്രം സംവേദിക്കാനാവുന്ന സുതാര്യതയുടെ ഒരു ദിവ്യാനുരാഗം എന്നെ ഇപ്പോൾ വലയം ചെയ്തിരിക്കുന്നു. നാളത്തെ പകലിൽ എന്തൊക്കെയാവും എനിക്ക് നഗരം കരുതിവെച്ചിരിക്കുന്നത്?




Golden Jubilee wishes from

ACHU'S FITNESS CENTRE

VAZHAPPALLY



ഫ്രാൻസിസ്




കെ. സച്ചിദാനന്ദൻ

ഞാൻ, അസ്സീസിയിലെ ഫ്രാൻസിസ്
ഇലകൾക്കൊപ്പം വിടരുന്നവൻ
വേരുകൾക്കൊപ്പം പടരുന്നവൻ
പൂക്കളിൽ മണക്കുന്നവൻ
പഴങ്ങളിൽ മധുരിക്കുന്നവൻ.
ഭൂമി മുഴുവൻ എന്റെ മുറ്റം
മല, എന്റെ മുത്തച്ഛൻ
എന്നെ മുതുകിലേറ്റി ഓമനിച്ചു
മഴ, എന്റെ മുത്തശ്ശി,
എന്നെ കുളിരുകൊണ്ട പുതപ്പിച്ചു.
എന്റെയമ്മ കാട്
അവളെനിക്കു തണലും കനിയും തന്നു
എന്റെയച്ഛൻ കാറ്റ്
അവനെന്നെ ഉലകം മുഴുവൻ കാട്ടിത്തന്നു.
ചന്ദ്രൻ എന്നെ സ്വപ്നം കാണിച്ചുറക്കി.
സൂര്യൻ എന്നെ തൊട്ടുവിളിച്ചുണർത്തി
എന്റെ ചുമലിൽ പറന്നിരിക്കുന്നു
പിറാക്കളും മേഘങ്ങളും,
എന്റെ മടിയിൽ തുള്ളിക്കളിക്കുന്നു.
ചെന്നായ്ക്കുട്ടികളും തിരമാലകളും
അലറുന്ന കൊടുങ്കാറ്റിനെ
ഞാൻ സട തലോടി മെരുക്കുന്നു.
കടിഞ്ഞാൺ പൊട്ടിച്ച പ്രളയം
എനിക്കു സവാരിക്കായി കുനിഞ്ഞുതരുന്നു
കുരുച്ചുയരുന്ന കാട്ടുതീ എന്റെ നെടുവീർപ്പിൽ
വാൽ അകിട്ടിലാക്കി പിൻവാങ്ങുന്നു
സോദരൻ മിന്നൽ എന്നെക്കാൺകെ

വെളളി കെട്ടിയ പത്തി താഴ്ത്തുന്നു
സോദരിജലം എന്റെ വിളി കേൾക്കെ
കുടമണി കിലുക്കി ഓടിയെത്തുന്നു
അധികാരദാഹിയുടെ ഗർവ്വിഷ്ഠമായ നെറ്റിയും
പ്രതികാരമോഹിയുടെ ചുട്ടുതിളയ്ക്കുന്ന രക്തവും
എന്റെ വിരൽ തൊട്ടാൽ തണുക്കുന്നു.
ഞാൻ, അസ്സീസിയിലെ ഫ്രാൻസിസ്
ഞാനാകുന്നു ഊമയുടെ ശബ്ദവും കുരുടന്റെ കാഴ്ചയും
ഞാനാകുന്നു പുഴുവിന്റെ കുളമ്പും മുയലിന്റെ ചിറകും
ഞാൻ സ്നേഹിക്കുന്നു
അതുകൊണ്ടു ഞാൻ നിലനിൽക്കുന്നു.
എന്റെ തലോടലേറ്റ തോക്കുകൾ
വിശക്കുന്നവർക്കായി അപ്പം വർഷിക്കുന്നു.
അദ്ധ്വാനിയുടെ വിയർപ്പെന്റേത്
അടിമയുടെ കുരിശെന്റേത്
തടവറയിലെ മൃതിയെന്റേത്
അടർക്കളത്തിലെ ബലിയെന്റേത്.
ആയുധങ്ങളുടെ കലവറയൊഴിയുകയും
കടലേഴും ചോരയാൽ നിറയുകയും ചെയ്യുമ്പോൾ
നിങ്ങൾ എന്നിലേക്കു വരും.
നാം പണിയും പുതിയ യരുശലേം
മരിച്ച ഓരോ മനുഷ്യനും മൃഗത്തിനും
ഓരോ കല്ല് കണ്ണീരിൽ പടുത്തുകൊണ്ട്.
കിളിത്തൂവലുകളിൽ നാം പറക്കും
അന്യഗ്രഹങ്ങളിലേക്ക്
കതിർക്കുലകളും ഒലിവിലകളുമായി.

❖





സെന്റ് ഫ്രാൻസിസിലേക്ക്


ഫാ. എബ്രാഹം കാരാമ്മേൽ

ന്റ് ഫ്രാൻസിസിനെ ഒരു നോവലിന്റെ ഇതിവൃത്തമായി തെരഞ്ഞെടുത്ത് നോവൽരചനയുടെ ചരിത്രത്തിൽ പുതിയൊരു അധ്യായം രചിക്കുകയായിരുന്നു കസാൻദ്സാക്കസെന്ന സമാദരണീയനായ നോവലിസ്റ്റ്. തന്റെ മതദർശങ്ങൾക്കു പരിപൂർണ്ണതൃപ്തി നൽകിയ ആദ്ധ്യാത്മികഗുരുവിനെ വിശുദ്ധ ഫ്രാൻസിസിൽ നോവലിസ്റ്റ് കണ്ടെത്തിയെന്നതാണ് സമ്പൂർണ്ണ ആദ്ധ്യാത്മികാനുഭവം നൽകുന്ന ഒരു വായനാനുഭവത്തിലേക്ക് ഈ നോവൽ വായനക്കരെ എത്തിക്കുന്നത്. വേഷമിട്ട് അരങ്ങു തകർത്തഭിനയിക്കുന്ന അഭിനേതാക്കളെ നമുക്കു ലഭിക്കും. ചിലപ്പോൾ നല്ലൊരു നോവലിസ്റ്റിന് അതു സൃഷ്ടിക്കാനും സാധിക്കും. ഒരു പച്ചയായ മനുഷ്യൻ ഇതിവൃത്തവും കഥാപാത്രവുമായിത്തീരുക. അത് അനുവാചകരുടെ മുന്നിൽ തീവ്രമായി അവതരിപ്പിക്കുക — ഇതാണ് സെന്റ് ഫ്രാൻസിസ് എന്ന നോവൽ. ഈ നോവലിന്റെ മുഖമൊഴിയിൽ നന്ദിവാക്കുകൾ കുറിച്ചുകൊണ്ട് കസാൻദ്സക്കീസ് ഇങ്ങനെ എഴുതുന്നുണ്ട്: ഈ പുസ്തകമെഴുതുമ്പോൾ ഫ്രാൻസിസിന്റെ ചില സംസാരങ്ങളും പ്രവൃത്തികളും ഞാൻ ഒഴിവാക്കുകയോ, വേറെ ചിലതിനെ മാറ്റിക്കുറിക്കുകയോ കൂട്ടിച്ചേർക്കുകയോ ചെയ്തിട്ടുണ്ടെങ്കിൽ അതു വിവരക്കേടുകൊണ്ടോ ബഹുമാനക്കുറവുകൊണ്ടോ ആണെന്നു ധരിക്കരുതെന്നപേക്ഷ. ഈ പുണ്യവാന്റെ ജീവിതത്തെ അദ്ദേഹമാകുന്ന മിത്തിനോട് ചേർത്തുവയ്ക്കുവാൻ ആ ജീവിതത്തെ അതിന്റെ അന്തസ്സത്തയായി അവതരിപ്പിക്കുവാൻ എനിക്കങ്ങനെ ചെയ്തേ തീരുമായിരുന്നുള്ളൂ.

ഈ നോവലിൽ നോവലിസ്റ്റ് ഏർപ്പെട്ട ചേർത്തുവെക്കലും അവതരിപ്പിക്കലും പരിപൂർണ്ണ വിജയമായിരുന്നു എന്നു വേണം കരുതാൻ. എന്നാൽ എന്താണു നോവലിസ്റ്റ് ചേർത്തുവെക്കാൻ ശ്രമിക്കുന്നത്? ഒരു സാധാരണ അന്വേഷിയുടെ ജിജ്ഞാസയോടെ നോവൽ വായിച്ചപ്പോൾ ഫ്രാൻസിസ് എന്ന മനുഷ്യൻ വിശുദ്ധ ഫ്രാൻസിസ് എന്നതിലേക്കു ചിറകുവച്ച് പറന്നുയരുന്നതിന് എന്തെല്ലാം അനുഭവങ്ങളും പാഠങ്ങളുമാണ് പ്രധാനമായും വരച്ചിടുന്നത്. ആരും വെറുതെയിരിക്കുമ്പോൾ ഉയരങ്ങൾ കീഴടക്കുന്നില്ല. പ്രത്യേകിച്ചും ആദ്ധ്യാത്മികതയിൽ. ഈ പാഠങ്ങളെയും അനുഭവങ്ങളെയും കണ്ടെത്തുന്നതിനും തിരിച്ചറിയുന്നതിനും വേണ്ടിയുള്ള ഒരു എളിയശ്രമം മാത്രമാണ് ഈ വിചാരങ്ങൾ. ഈ നോവലിലൂടെയാണ് ഞാൻ വിശുദ്ധ ഫ്രാൻസിസിനെ അടുത്തറിയുന്നത്. ഈ നോവൽരചന ഫ്രാൻസിസിന്റെ ജീവിതത്തെയും പശ്ചാത്തലത്തെയും മനസ്സിലാക്കാനും അവതരിപ്പിക്കാനുമുള്ള ശ്രമമായിട്ടാണ് എന്ന രീതിയിൽ പരിമിതപ്പെടുത്താൻ സാധിക്കില്ല. നോവൽരചന നടത്തിയവർമുതൽ ഇന്ന് അതു വായിക്കുന്നവർവരെ അതിലേക്ക് ആവാഹിക്കപ്പെടുന്നുണ്ട്. സാധാരണ വ്യാഖ്യാനശാസ്ത്രത്തിനപ്പുറമായി ഫ്രാൻസിസ് എന്ന മഹാപ്രതിഭയിലേക്കുള്ള ഒരു തീർത്ഥയാത്രയായി ഈ വായനയെ കാണാൻ സാധിക്കും. അതായത്, വായിക്കുന്നവരും ഇതിവൃത്തവും തമ്മിൽ ഇഴുകിച്ചേരുന്നൊരു അവസ്ഥയാണ് വന്നുചേരുന്നത്. അതുകൊണ്ടായിരിക്കണം തീവ്രമായ വേദനയിലേക്കും കരച്ചിലിലേക്കും ഓരോ വായനക്കാരെയും ഈ നോവൽ ക്ഷണിക്കുന്നത്.

ദൈവാന്വേഷിയുടെ ആകുലതകൾ

ദൈവത്തെ തേടുന്നതിലെ സാഹസികത ഫ്രാൻസിസിലൂടെ നാം മനസ്സിലാക്കുന്നുണ്ട്. ഒന്നിൽനിന്നും മറ്റൊന്നിലേക്ക് ആ യാത്ര നീളുന്നു. ഒരു ഘട്ടത്തിൽ കണ്ടെത്തുന്നതുപോലെയല്ല, മറ്റൊരു ഘട്ടത്തിൽ കണ്ടെത്തുന്നത്. സമാനതകൾ കൽപിക്കാൻ സാധിക്കുന്നില്ല. പ്രകൃതിയെ കാണുമ്പോൾ, പക്ഷികളെ കാണുമ്പോൾ, കുഷ്ഠരോഗിയെ കാണുമ്പോൾ ദൈവം ഓരോ രൂപത്തിലാണ്, ഭാവത്തിലാണ്. സർവവ്യാപിയാണു ദൈവമെങ്കിൽ ചെറിയൊരു മൺതരിയിൽ ദൈവത്തിന്റെ പൂർണ്ണരൂപം വെളിപ്പെടാതെ തരമില്ലല്ലോ. അതുകൊണ്ട് തന്റെ ജീവിതയാത്രകളൊന്നും തമസ്കരിക്കപ്പെടാനുള്ളതല്ല, എല്ലാം സ്വീകരിക്കപ്പെടാനുള്ളതാണ്. ദൈവാന്വേഷി അലസതയുടെ തോഴനല്ല.



ഇങ്ങനെ പറയുന്നുണ്ട്: ദൈവത്തെ അന്വേഷിക്കുക. അല്ലായിരുന്നെങ്കിൽ ഞാൻ എപ്പൊഴേ അലസതയുടെ മടിയിൽ വീഴുമായിരുന്നു. അതുകൊണ്ട് ഒരിക്കലും തൃപ്തിവരാത്ത അന്വേഷണത്തിലാണ് വിശുദ്ധ ഫ്രാൻസിസ്. ദൈവം തന്റെ ഉള്ളിലെ അഗ്നിയാണ്. അതിന്റെ ജ്വലനം നിരന്തരമായ യാത്രകൾക്കും അന്വേഷണങ്ങൾക്കും കാരണമാകുന്നു. വിശ്രമിക്കാതെ ഓടാൻ, ഉത്തരവാദിത്വങ്ങൾ ചെയ്തു തീർക്കാൻ ധൃതി പിടിപ്പിക്കുന്നു എന്നതാണ് ഈ പ്രവർത്തനങ്ങളിലൂടെ മനസ്സിലാക്കേണ്ടത്. ഈ യാത്രകൾ കാണുമ്പോൾ ഈ ചെറിയ ജീവിതത്തിൽ ചെയ്തു തീർക്കാൻ സാധിക്കുന്നതിൽ അധികമാണ് ദൈവം ഓരോരുത്തരേയും ഏല്പിക്കുന്നത് എന്നു തോന്നും. ഇതു ശരിയാണ്. ഫ്രാൻസിസാണ് അതിനുത്തരം. ഈ അന്വേഷണങ്ങൾ ഓരോ സാഹചര്യങ്ങളിലും പൂർത്തിയാകുന്നുണ്ട്. ദൈവത്തോടുള്ള സത്താപരമായ ഐക്യം സാധ്യമാകുന്നയിടങ്ങളിലെല്ലാം ഈ അന്വേഷണം പൂർത്തിയാകുന്നുവെന്ന് ഫ്രാൻസിസ് പഠിപ്പിക്കുന്നു. സൗഹൃദം നിറഞ്ഞുതുളുമ്പുന്നിടത്ത് സ്വയമായും സ്വന്തമായും തിരസ്കരിക്കപ്പെടുന്നിടത്ത്, നിയോഗങ്ങൾ പൂർത്തീകരിക്കപ്പെടുന്നിടത്ത്, നിലപാടുകളിൽ ഉറയ്ക്കുന്നിടത്തെല്ലാമാണ് ഈ അന്വേഷണങ്ങൾ പൂവണിയുന്നത്. അതുകൊണ്ട് ദൈവാന്വേഷിക്ക് ദൈവാനുഭവം നിരന്തരാനുഭവമാണ്.

ഭൂമിയെ മുഴുവനും താങ്ങി നിർത്താൻ തോളും കൈകളും കെല്പുള്ളതാണെന്ന് ഒരാൾക്ക് എപ്പോഴാണ് ബോധ്യപ്പെടുക. ഫ്രാൻസിസിന് ഇതു വെറുമൊരു സ്വപ്നമല്ല, നിയോഗമാണ്. അപകടത്തിലാകുന്നതു സംരക്ഷിക്കുവാൻ ഒരാൾ ഏറ്റെടുക്കുന്ന നിയോഗം. അതീവചാരുതയോടെ മാത്രമേ നമുക്ക് ഈ ചിന്തകളെ ധ്യാനിക്കാൻ സാധിക്കുകയുള്ളു. ദൈവത്തെ തേടുന്നവർക്ക് ഇങ്ങനെയേ ചിന്തിക്കാൻ സാധിക്കൂ.

ദൈവത്തെ തേടുന്നവരുടെ അന്വേഷണം അവരവരിൽതന്നെയാണ്. ഇത്



ഫ്രാൻസിസിൽ പൂർത്തിയാകുന്നുണ്ട്. സാധാരണ മനുഷ്യജീവികൾക്ക് ഇത് വലിയൊരു വെല്ലുവിളിയാണ്. നാം പ്രകാശത്തെയും ഇരുട്ടിനെയും കീറിമുറിച്ച് മുന്നിലേക്കു പോകുന്നുവെന്നത് മനുഷ്യന്റെ എക്കാലത്തെയും ഒരഹങ്കാരമാണ്. വികസനവും വളർന്നു എന്നവകാശപ്പെടുന്ന സകലവും ഇതുപോലെതന്നെയാണ്. തിരിച്ചുവരാൻ ആർക്കും സാധിക്കുന്നില്ല. മനുഷ്യന്റെ ശിശുസഹജമായ അടിസ്ഥാന നൈർമല്യത്തിലേക്കുള്ള തിരിച്ചുവരവാണ് ദൈവാന്വേഷിയുടെ ആദ്യപടി. ക്രിസ്തു പറയുന്നു: നിങ്ങൾ തിരിഞ്ഞ് ശിശുക്കളെപ്പോലെ ആകുന്നില്ലായെങ്കിൽ ദൈവരാജ്യത്തിൽ കടക്കാൻ സാധിക്കില്ല. വളർന്ന ശരീരവും മനസ്സും അറിവും സമ്പത്തും സ്ഥാനമാനങ്ങളും എന്തിന് വസ്ത്രങ്ങൾപോലും ഈ ജീവിതത്തിൽ പ്രസക്തമല്ല എന്നു തോന്നുന്നത് ഈ തിരിഞ്ഞുനടക്കലിലാണ്. ഫ്രാൻസിസ് ഇതാണ്. സ്വന്തം അപ്പന് തന്റെ വസ്ത്രങ്ങൾ മുഴുവൻ അഴിച്ചുകൊടുത്ത് നഗ്നമായി കൈകൾ വിരിച്ചു നിൽക്കുന്നത് ഭ്രാന്തമായ ഒരു പ്രവൃത്തിയായി തോന്നാമെങ്കിലും ഇത് ദൈവാന്വേഷണത്തിലെ തീവ്രമായ ഒരു തിരിച്ചറിവാണ്. തികഞ്ഞ സാക്ഷ്യപ്പെടുത്തലാണ്.

സഭയെ പണിയുന്നവർ

ഉൾവിളികളെ ദൈവിക അരുളപ്പാടുകളായി തിരിച്ചറിയാൻ സാധിക്കുന്നത് അപാരമായ സാധനയാണ്. വിശുദ്ധീകരണത്തിലൂടെ കടന്നുപോകുന്നവർക്കു മാത്രമേ ഇതു സാധിക്കൂ. ദൈവവുമായി ഏകാന്തതയിലുള്ള സംഭാഷണങ്ങളും ദാരിദ്ര്യത്തിലെ തീച്ചൂളയിലൂടെയുള്ള കടന്നുപോക്കും കരച്ചിലും ഗദ്ഗദങ്ങളും എണ്ണിപ്പറച്ചിലുകളും പരിദേവനങ്ങളും കലഹങ്ങളുമെല്ലാം ദൈവത്തിലേക്കുള്ള ശരണപാതകളും വിശുദ്ധീകരണത്തിന്റെ വഴികളുമാണെന്നതുമാണ് ഫ്രാൻസിസ് തിരിച്ചറിയുന്നത്.



ക്രിസ്തുവിനോടൊപ്പമുള്ള യാത്ര ആനന്ദകരമാകുന്നത് ജീവിതംകൊണ്ട് ഫ്രാൻസീസിന് ക്രിസ്തുവിനെ അനുകരിക്കാൻ സാധിക്കുന്നതുകൊണ്ടാണ്. ഒരാൾ എന്നെ അനുഗമിക്കാൻ ഇച്ഛിച്ചാൽ അവൻ തന്നെത്താൻ ഉപേക്ഷിച്ച് കുരിശുമെടുത്ത് എന്നെ അനുഗമിക്കട്ടെ എന്ന ക്രിസ്തുവചനം ജീവിതത്തിൽ അങ്ങനെതന്നെ പകർത്തുകയാണ് ഫ്രാൻസിസ്. ഉപേക്ഷിക്കലിന് പ്രത്യേക മാനദണ്ഡങ്ങളൊന്നുമില്ല. ലക്ഷ്യത്തിലേക്കുള്ള യാത്രയിൽ തടസ്സമാകുന്നുവെന്നു ബോദ്ധ്യപ്പെടുന്നതെന്തും അപ്പോൾതന്നെ ഉപേക്ഷിക്കുകയാണ്. ഒരു മനുഷ്യന് തന്റെ ജീവിതത്തിൽ എന്തെല്ലാം ഉപേക്ഷിക്കാൻ സാധിക്കുമെന്നതിന് ഉത്തമോദാഹരണമാണ് ഫ്രാൻസിസ്. ഉപേക്ഷിക്കുന്നിടത്ത് ഫ്രാൻസിസ് പുതിയതു പണിയുന്നുണ്ട്. അതായത്, ഒന്നും വെറുതെ കളയുകയല്ല, പുതിയതു നിർമ്മിക്കുകയാണു ചെയ്യുന്നത്. സഭ ക്രിസ്തുവിന്റെ ഉയിർത്തെഴുന്നേറ്റ ശരീരമാണ്. ശരീരത്തെ വേദനയ്ക്കും മര

ണത്തിനും കബറിനും വിട്ടുകൊടുക്കുമ്പോൾ സഭ ഉയിർത്തെഴുന്നേൽക്കും. ഫ്രാൻസിസിനെ സംബന്ധിച്ചിടത്തോളം ഇവിടെ ആരാണ് സഭയെ പണിയുന്നത് എന്ന ചോദ്യത്തിന് ഒരു ഉത്തരമേയുള്ളു. തകർന്നു വീഴാറായ നിലയിൽ നിൽക്കുന്ന ദൈവാലയത്തെ പുതുക്കി പണിയുന്നവർതന്നെ. പണി തീരാത്ത ദേവാലയംപോലെതന്നെയാണ് ക്രിസ്തു. പണമോ പ്രൗഢിയോ ജോലിക്കാരോ പണിസാധനങ്ങളോ അല്ല പണിയേണ്ടത്. പണിയുന്നത് നമ്മെത്തന്നെ ആയിരിക്കണം. അവിടെയാണ് ക്രിസ്തു ഉയിർത്തെഴുന്നേൽക്കേണ്ടത്.

പണി തീരാത്ത തകർന്നു വീഴാറായ പള്ളിയുടെ പണി പൂർത്തിയാക്കാൻ, ചാഞ്ഞുനിൽക്കുന്നതിനെ തോളിലേറ്റാൻ ഓടിനടക്കുകയായിരുന്നു ഫ്രാൻസിസ്. ഇവിടെ സഭാശാസ്ത്രം പുനർജനിക്കുകയാണ്. പരിമിതമായ അർത്ഥങ്ങളിൽനിന്ന് വിശാലമായ അർത്ഥങ്ങൾ കൈവരിക്കുകയാണ്. ആത്മരക്ഷയാണ് ദൗത്യമെന്നതിനു പകരം സർവസൃഷ്ടിയുടെയും വീണ്ടെടുപ്പാണ് രക്ഷയെന്നു തിരുത്തുകയാണ് ഫ്രാൻസിസ്. ഫ്രാൻസിസിന്റെ സങ്കലപ്ത്തിൽ പൂക്കളും പുൽച്ചായിയും പുഴുക്കളും പക്ഷികളും മരങ്ങളും എന്തിന് മണ്ണും അതിന്റെ മണവും എല്ലാം വീണ്ടെടുപ്പിനു വേണ്ടിയുള്ള പ്രതീക്ഷയിലാണ്. ക്രിസ്തുവിന്റെ സഭയിൽ മനുഷ്യർ മാത്രമല്ല, അതിൽ എല്ലാമുണ്ട്. അതിൽ ഒന്നിനെ ഉപേക്ഷിച്ചാൽ രക്ഷതന്നെ അപൂർണ്ണമാകും എന്നതാണ് പാഠം.

സഭയ്ക്ക് ഇതൊരു പുതിയ വെളിച്ചമാണ്. രക്ഷ ആർക്കൊക്കെ നൽകണമെന്ന് തീരുമാനിച്ചിരുന്ന സഭാശാസ്ത്രത്തിന് ഫ്രാൻസിസ് ഒരു തിരുത്താണ്. രക്ഷ സാർവത്രിക അനുഭവമാണ് എന്നു പഠിപ്പിക്കുന്നു. അതുകൊണ്ടുതന്നെ ഫ്രാൻസിസ് വലിയൊരു പാലമാണ്. ചരിത്രത്തിന്റെ ദർശനങ്ങളുടെ കുറുകെയിട്ട പാലം.

പ്രണയവും സൗഹൃദവും

സൗഹൃദത്തെ അതിതീവ്രമായ പ്രണയത്തിലേക്ക് നിർദ്ധാരണം ചെയ്യുകയും പ്രണയമെന്ന വികാരത്തിന് അപൂർവമായ ദൈവികചാരുത നൽകുകയും ചെയ്ത വിശുദ്ധനാണ് വിശുദ്ധ ഫ്രാൻസിസ്. തന്നെ അലോസരപ്പെടുത്തുന്നതും വേദനപ്പിക്കുന്നതും ദണ്ഡിപ്പിക്കുന്നതുമായ എന്തുമായി അദ്ദേഹം ഗാഢപ്രണയത്തിലാവുകയാണ്. ദാരിദ്ര്യത്തെ വധുവായി സ്വീകരിക്കുന്നത് ഈയൊരു പശ്ചാത്തലത്തിലാണ്. ഫ്രാൻസിസ് ക്ലാരയായും ലിയോ ഉൾപ്പെടെയുള്ള തന്റെ സഹോദരങ്ങളുമായും നിലനിർത്തുന്നതും ഈ തീവ്രപ്രണയംതന്നെയാണ്. ദൈവത്തോടു തനിക്കുള്ളതും ഇതേ പ്രണയംതന്നെ.

സ്നേഹമാണ് പ്രണയത്തിന്റെ ഭാഷ. ദൈവസ്നേഹത്തെ തന്നിൽ തിരിച്ചറിയുന്നതും മറ്റുള്ളവരിലൂടെയാണ്. നാം നമ്മിലേക്കുതന്നെ തിരിഞ്ഞുനോക്കിയാൽ നമ്മിൽ നിറഞ്ഞുനിൽക്കുന്ന ദൈവസ്നേഹം പൂർണ്ണമായും കാണാൻ സാധിക്കില്ല എന്ന് ജീവിതംകൊണ്ട് ഫ്രാൻസിസ് സാക്ഷ്യപ്പെടുത്തുന്നു. മറ്റുള്ളവരുടെ കണ്ണിലാണ് തന്നോടുള്ള ദൈവസ്നേഹം സ്ഫുരിക്കുന്നത് എന്ന് ഫ്രാൻസിസ് ജീവിതംകൊണ്ട് നമുക്കു മനസ്സിലാക്കിത്തരുന്നു. ക്ലാരയുടെ മുമ്പിൽ നിൽക്കുമ്പോലെയല്ല തന്റെ സ്വന്തം പിതാവിന്റെ മുമ്പിൽ ഫ്രാൻസിസ് നിൽക്കുന്നത്. ഒരിടത്ത് തല നിവർത്തിയാണെങ്കിൽ മറ്റേയിടത്ത് തല കുമ്പിട്ടാണു നിൽക്കുന്നത്. ദൈവികപ്രണയത്തിന്റെ പാരസ്പര്യത ഒരിടത്തു വെളിപ്പെടുന്നു. മറ്റേയിടത്ത് മറഞ്ഞുനിൽക്കുന്നു. പ്രകൃതിയും ജീവജാലങ്ങളും സഹോദരങ്ങളും എപ്പോഴും ഓർമ്മിപ്പിക്കുന്നു, പ്രണയമുള്ളിടത്തേ മുഖാമുഖം നില്ക്കാൻ സാധിക്കൂ.

സൗഹൃദം പ്രണയമാകുന്നത് എപ്പോഴാണെന്ന് സ്വാഭാവികമായും ചിന്തിച്ചേക്കാം. കൊടുക്കൽ-വാങ്ങലുകളിലാണ് ഇതൊക്കെ പരിഗണിക്കപ്പെടുന്നത്. തന്റെ സഹോദരങ്ങൾക്ക് ഫ്രാൻസിസ് എന്തെങ്കിലും കൊടുക്കുന്നതായിട്ടോ അവരോടെന്തെങ്കിലും വാങ്ങുന്നതായിട്ടോ നാം കാണുന്നില്ല. എന്നാൽ ഫ്രാൻസിസിന്റെ വേദന അവർക്കും വേദനയാകുന്നുണ്ട്. ഇതെങ്ങനെ സാധിക്കും. ഒരു കുട്ടി ചോദിച്ചതുപോലെ ക്രിസ്തു കുരിശിൽ മരിച്ചാൽ എനിക്ക് എങ്ങനെ രക്ഷയുണ്ടാകും? അന്റോൺമെന്റ് തിയറി അല്ല ഇതിനുത്തരം. നിറഞ്ഞ സ്നേഹമാണ് അതിനുത്തരം. സ്നേഹത്തിൽ കൊടുക്കൽ വാങ്ങലുകളുമില്ല. കടപ്പാടുകളുടെ വേലിക്കെട്ടുകളുമില്ല. സ്നേഹത്തിലെ തീവ്രമായ ഐക്യപ്പെടൽ മാത്രമേയുള്ളു. ഇവിടെ വേദനകൾ പങ്കുവയ്ക്കപ്പെടുന്നു. "ലിയോ, നീ ഉണർന്നിരിക്ക്. എനിക്ക് ഒറ്റയ്ക്കിരിക്കാൻ ഭയമാകുന്നു" എന്നു പറയുമ്പോഴും ക്രിസ്തു ഗെദ്സമ്നിയിൽ ശിഷ്യരുടെ ഉറക്കം കണ്ടു വിതുമ്പുമ്പോഴും ഇതു മാത്രമാണ് നമുക്കും പറയാൻ സാധിക്കുക. സൗഹൃദം പ്രണയത്തിലേക്കു വളരുമ്പോഴേ സഹോദരനുവേണ്ടി ഉണർന്നിരിക്കാൻ, ചിലപ്പോൾ ദൈത്തിനുവേണ്ടി ഉണർന്നിരിക്കാൻ നമുക്കു സാധിക്കൂ.

ഉപസംഹാരം

സത്യസന്ധമായും ഫ്രാൻസിസിന്റെ മനസ്സു വായിക്കുന്നത് തന്റെ നിഷ്കളങ്കമായ പ്രവർത്തനങ്ങൾ മനസ്സിലാക്കിക്കൊണ്ടാണ്. ആത്മരക്ഷയിലേക്കുള്ള യാത്രയുടെ അനിശ്ചിതത്വത്തെപ്പറ്റി തന്റെ സഹയാത്രികനും സഹോദരനുമായ ലിയോ പല ഘട്ടങ്ങളിലും ചോദിക്കുന്നുണ്ട്. ഓരോ സമയത്തും കൃത്യമായ ഉത്തരമല്ല പറയുന്നത്. എന്നാൽ ഉത്തരങ്ങൾ പറയാതിരിക്കുന്നു



രക്ഷ ആർക്കൊക്കെ നൽകണമെന്ന് തീരുമാനിച്ചിരുന്ന സഭാശാസ്ത്രത്തിന് ഫ്രാൻസിസ് ഒരു തിരുത്താണ്. രക്ഷ സാർവത്രിക അനുഭവമാണ് എന്നു ഫ്രാൻസിസ് പഠിപ്പിക്കുന്നു. ആത്മരക്ഷയാണ് ദൗത്യമെന്നതിനു പകരം സർവസൃഷ്ടിയുടെയും വീണ്ടെടുപ്പാണ് രക്ഷയെന്നു തിരുത്തുകയാണ് ഫ്രാൻസിസ്. ഫ്രാൻസിസിന്റെ സങ്കലപ്പത്തിൽ പൂക്കളും പുൽച്ചായിയും പുഴുക്കളും പക്ഷികളും മരങ്ങളും എന്തിന് മണ്ണും അതിന്റെ മണവും എല്ലാം വീണ്ടെടുപ്പിനു വേണ്ടിയുള്ള പ്രതീക്ഷയിലാണ്. ക്രിസ്തുവിന്റെ സഭയിൽ മനുഷ്യർ മാത്രമല്ല, അതിൽ എല്ലാമുണ്ട്.

മില്ല. ജീവിതങ്ങളും പ്രവർത്തനങ്ങളും വെളിപാടുകളുമാണ് ഓരോ ഘട്ടങ്ങളിലും സംസാരിക്കുന്നത് എന്നതുമാത്രം . ഇസ്രായേലിനോടുകൂടെ യാത്ര ചെയ്യുന്ന മോശ യാത്രയുടെ എല്ലാ വശങ്ങളും അറിഞ്ഞതിനുശേഷമല്ല യാത്ര ആരംഭിക്കുന്നത്. ഓരോ ഘട്ടത്തിലും ദൈവശബ്ദം കേൾക്കാനുള്ള വിനയം മാത്രം മതി ലക്ഷ്യങ്ങളിലേക്കു യാത്ര ചെയ്യുവാൻ. ലക്ഷ്യങ്ങളെല്ലാം മുൻകൂട്ടി നമ്മുടെ ഭാഷയിൽ വെളിപ്പെടുത്തി കിട്ടിയാൽ യാത്രയ്ക്ക് എന്താണു രസം. ഇന്നത്തെ നമ്മുടെ യാത്രകൾ രസകരമല്ലാതാകുന്നത് കൃത്യമായി ലക്ഷ്യങ്ങൾ നിർവചിച്ച് യാത്ര ചെയ്യുന്നതുകൊണ്ടാണ്. ഏതു യാത്രയും രക്ഷാകരമാകുന്നത് വെളിപ്പെടുമെന്ന പ്രതീക്ഷയിൽ യാത്ര ചെയ്യുമ്പോഴാണ്. വാസ്തവത്തിൽ ഇതാണ് വി. ഫ്രാൻസീസ്.

ഈ ചെറിയ കുറിപ്പിലൂടെ വിശുദ്ധ ഫ്രാൻസിസിന്റെ ജീവിതാനുഭവങ്ങളിൽ ഏറ്റവും തീവ്രമായതെന്ന് എന്റെ ധ്യാനത്തിൽ സുപ്രധാനമായി തോന്നിയത് ചേർത്തുവെക്കുക മാത്രമാണു ചെയ്തത്. നടന്ന സംഭവങ്ങൾ എന്ന നിലയിലുള്ള ചരിത്രപരമായ അന്വേഷണങ്ങൾക്ക് ഇവിടെ പ്രസക്തിയില്ല. അങ്ങനെ അതു നിർവഹിക്കുന്നുമില്ല. വിശുദ്ധ ഫ്രാൻസിസിനെ വായിക്കുമ്പോൾ പിന്നെ എന്താണ് നമുക്കു പറയാനുള്ളത്. ഇന്നും ഇങ്ങനെ നടക്കാൻ എന്തു ചെയ്യണം എന്ന ഒരു സാധാരണവിശ്വാസിയുടെ ജിജ്ഞാസയും ആഗ്രഹവും പ്രതീക്ഷയും മാത്രമാണ് ഇവിടെ പങ്കുവെക്കാൻ ശ്രമിക്കുന്നത്. നോവലിസ്റ്റ് പറയുന്നതുപോലെ ഫ്രാൻസിസ് ഒരു ജലപ്രവാഹമാണ്. പെട്ടെന്നു മുഖങ്ങൾ മാറുന്നൊരു പ്രവാഹം ഈ പ്രവാഹത്തിന്റെ തീരത്തിരുന്ന് അതിന്റെ മുഖങ്ങൾ മാറുന്നതു കണ്ടുരസിക്കുക എന്നതിലുപരി അതിലിറങ്ങി ആ പ്രവാഹത്തിന്റെ ഭാഗമാകാൻ ഈ വിശുദ്ധൻ നമ്മെ ക്ഷണിക്കുന്നു. അതിനുള്ള കരുത്ത് ലഭിക്കാനായി പ്രാർത്ഥിക്കാം. വിശുദ്ധ ഫ്രാൻസിസിന്റെ പ്രാർത്ഥന അതിനു നമുക്കു കോട്ടയാകട്ടെ.

(നിക്കോസ് കസ്സൻദ്സക്കീസിന്റെ *സെന്റ് ഫ്രാൻസിസ്* എന്ന നോവലിനെ അടിസ്ഥാനമാക്കിയുള്ള ധ്യാനവിചാരങ്ങൾ)

Golden Jubilee wishes from
Vazhappally Service Co-op. Bank Ltd.K108
Vazhappally, Changanacherry

Golden Jubilee wishes from
Thomachen, Syndia, Jacob, Josemon & Thomaskutty
PARAKADAVIL

Golden Jubilee wishes from
TESSMOL & JAISON, KANDAKUDY
KANJIRAPPALLY



St. Vincent De Paul Society



Legion of Mary



S. F. O. Male Wing



S. F. O. Women Wing



Healing Ministry



Charismatic Prayer Group



Friends of Gethsemany



Yuvadeepthi



Altar Boys



Franciscan Children's League



Choir Group



Jubilee Quiz Committee



Finance Committee



Advertisement Committee



Editorial Board



Souvenir Committee



Volunteers Committee



Volunteers Committee



Cultural Committee



Food Committee

Vahanapracharana Jadha





















Golden Jubilee Celebration - Cultural Programmes



Golden Jubilee Celebration - Cultural Programmes














Golden Jubilee Celebration - Cultural Programmes















Golden Jubilee Celebration - Cultural Programmes



Golden Jubilee Celebration - Snehavirunnu





ജിജോ കുര്യൻ മൂലയിൽ

സന്ന്യാസത്തിന്റെ സംഘർഷഭൂമിയാകുന്ന ഫ്രാൻസിസ്കൻ മനസ്സ്


ജീവിതത്തിൽ ആരോടെങ്കിലും ഒരിക്കൽ ആത്മാർത്ഥമായ ക്ഷമാപണം നടത്തണമെങ്കിൽ അതെന്നോടുതന്നെയായിരിക്കണം എന്നെന്നെ പഠിപ്പിച്ചത് അസ്സീസിയിലെ ഫ്രാൻസിസാണ്. അയാൾ ജീവിതത്തിന്റെ അവസാനം രോഗക്കിടക്കയിൽവച്ചാണ് സ്വന്തം ശരീരത്തെ നോക്കി ഇങ്ങനെ പറഞ്ഞത്: "സഹോദരൻ കഴുതേ, നീ എന്നോടു പൊറുക്കണം. ഞാൻ നിന്നെ അകാരണമായി വല്ലാതെ പീഡിപ്പിച്ചു". സഭ ദരിദ്രനെ കാണാതെ സുഖലോലുപതയിലും അധികാരഭ്രമത്തിലും അഭിരമിക്കുന്ന കാലത്തായിരുന്നു ഫ്രാൻസിസ് ചരിത്രത്തിൽ രംഗപ്രവേശം നടത്തുന്നത്. ദരിദ്രന്റെ പക്ഷം ചേരുക, ദുർബലനോടൊപ്പം നിലപാടെടുക്കാൻ സഭയെ പ്രേരിപ്പിക്കുക എന്ന ലക്ഷ്യത്തോടെയായിരുന്നു തന്റെ ജീവിതശൈലിയുടെ മുഖമുദ്രയായി ദാരിദ്ര്യവും വിനയവും സഹനവും ഫ്രാൻസിസ് മാറ്റുന്നത്. ക്രിസ്തുചൈതന്യത്തിനപ്പുറം ജീർണ്ണതയിലേക്കു വഴിവിട്ടുപോയ ഒരു സഭയെ



വീണ്ടെടുക്കാൻ അവന്റെ എളിയ ബുദ്ധിയിൽ തോന്നിയവഴികളിലൊക്കെ അവൻ ശ്രമിച്ചു. ചിലതൊക്കെ അമിത പരിത്യാഗത്തിന്റെ വഴികളെന്നു തോന്നിത്തുടങ്ങിയപ്പോഴാണ് അദ്ദേഹം സ്വന്തം ശരീരത്തോടുതന്നെ മാപ്പിരക്കുന്നത്. അവൻ അനുഗമിക്കാൻ ശ്രമിച്ച ക്രിസ്തു ദരിദ്രനും വിനീതനും ക്രൂശിതനുമായിരുന്നു. എന്നാൽ ചരിത്രത്തിലെ ക്രിസ്തു ഫ്രാൻസിസ് മനസ്സിലാക്കിയ അത്രയും ദരിദ്രനോ വിനീ

തനോ അല്ലായിരുന്നു. ചരിത്രത്തിലെ ക്രിസ്തു 'ഭോജനപ്രിയനും വീഞ്ഞുകുടിയനും' (മത്താ. 11: 19) എന്നു വിശേഷിപ്പിക്കപ്പെടുന്നുണ്ട്. തന്നെ അകാരണമായി അടിച്ച അധികാരിയെ ചോദ്യം ചെയ്യുന്നുണ്ട്. (യോഹ. 18: 23). കാപട്യം കാണിക്കുന്നവരെയും അധികാരം പ്രയോഗിക്കുന്നവരെയും നിശിതമായി വിമർശിക്കുന്നുണ്ട് (മത്തായി 23: 1-39).

അയാളുടെ വഴികൾ നമ്മൾ കണ്ടു ശീലിച്ച ക്രിസ്തീയ സന്ന്യാസത്തിന്റേത് അല്ലായിരുന്നു. അത് അടുക്കും ചിട്ടയുമുള്ള കൂട്ടുക്രമത്തിന്റെ കടുംപിടുത്തമുള്ള നിയമങ്ങളുടെയും ചട്ടങ്ങളുടെയും സന്ന്യാസഭവനത്തിന്റെ അറയ്ക്കുള്ളിൽ പുതുമകളില്ലാതെ ആവർത്തനവിരസമാകുന്ന കൊച്ചിടത്തിൽ ജീവിച്ചുപോയതല്ലായിരുന്നു കഷ്ടിച്ച് ഇരുപതു വർഷങ്ങൾ മാത്രം നീണ്ട അലയുന്ന ആ സന്ന്യാസിയുടെ ജീവിതം. ജീവിതത്തെ ഒരു സത്യാന്വേഷണ പരീക്ഷണമാക്കാൻ അയാൾ സ്വയം വിട്ടുകൊടുക്കുകയായിരുന്നു. അരൂപിയുടെ കാറ്റിൽ അവന്റെ ജീവിതം പല വഴിയിൽ വീശി എറിയപ്പെട്ടു. കാറ്റു നയിച്ച വഴിയിലൊക്കെ അവൻ പറന്നുപോയി. പത്തൊൻപത് ഇരുപതു വർഷം അവൻ സഞ്ചരിച്ച ദൂരം, കണ്ടുമുട്ടിയ മനുഷ്യർ, കടന്നുപോയ ജീവിതാനുഭവങ്ങളുടെ വൈവിധ്യങ്ങൾ, ഭ്രാന്തമായ അലച്ചിലുകൾ, സിനോപ്പയിലെ ഡയോജനീസിന്റെയും എ. അയ്യപ്പന്റെയും ജോൺ എബ്രാഹമിന്റെയും ജന്മപരമ്പരയിൽ പെട്ടൊരാൾ, ബാവൂലുകളുടെ വേഷത്തിൽ നീട്ടിവളർത്തിയ താടുമുടികളോടെ ഉംബ്രിയായുടെ പൊടിപാറുന്ന നാട്ടുവഴികളിലൂടെ നടന്നുപോയൊരാൾ, കുരുവിക്കൂട്ടങ്ങളോട് ചങ്ങാത്തം കൂടി നടന്നൊരാൾ.



സന്ന്യാസം ചുറ്റുമതിലുകൾക്കുള്ളിലും ആവൃതികൾക്കുള്ളിലും ജീവിച്ചിരുന്ന കാലത്ത് പാശ്ചാത്യസമൂഹത്തിൽ ഫ്രാൻസിസ് ആരംഭിച്ചത് സന്ന്യാസചരിത്രത്തിലെതന്നെ വ്യത്യസ്തമായ ഒരു മുന്നേറ്റമായിരുന്നു. അലയുന്ന സന്ന്യാസികളുടെ സമൂഹം മെൻഡിക്കൻസ് ഗ്രാമങ്ങളിലും പർണ്ണശാലകളിലും പട്ടണങ്ങളിലും തെരുവോരങ്ങളിലും അവൻ സന്ന്യാസം ജീവിച്ചു. കുറുനരികൾക്കു മാളങ്ങളുണ്ട്, ആകാശപറവകൾക്കു കൂടുകളുമുണ്ട്, മനുഷ്യപുത്രനു തല ചായ്ക്കാനിടമില്ല എന്നു പറഞ്ഞു ജീവിതം മുഴുവൻ സഞ്ചാരിയായി അലഞ്ഞ പാലസ്തീനായിലെ ഗുരുവിന്റെ കാലടികളെ തേടി നടക്കുകയായിരുന്നു അയാൾ.


ഫ്രാൻസിസ് ഒരു യാത്രികൻ മാത്രമായിരുന്നില്ല. യാത്രയുടെ ചരിത്രത്തിലെ ഒരു ചലനംതന്നെയായിരുന്നു. ക്രിസ്തുശിഷ്യനായിരിക്കുക എന്നതിന്റെ മറുവാക്ക് നിരന്തരം വഴിയിലായിരിക്കുക എന്നതാണെന്ന് അയാൾ വിശ്വസിച്ചു. അയാൾ കൂടുതലും നടന്നത് ഓരം ചേർന്നായി



രുന്നു. ഈ ലോകത്തിൽ പരദേശികളെപ്പോലെയും തീർത്ഥാടകരെപ്പോലെയും ജീവിക്കാൻ ഫ്രാൻസിസ് തന്റെ സഹോദരന്മാരോടു നിരന്തരം പറഞ്ഞുകൊണ്ടിരുന്നു. സുബാസിയോ കാടുകളിലൂടെ, സ്പൊളേറ്റോ താഴ്വാരത്തിലൂടെ, അസ്സീസിയിൽനിന്നു ജറുസലേമിലേക്ക്, അസ്സീസിയിൽനിന്നു റോമിലേക്ക്, ലവേർണാ മലമുകളിലേക്ക്, പെറൂജിയായിലേക്ക്, അപ്പൂല്യായിലേക്ക്, ഗുബിയോയിലേക്ക്, സ്പെയിനിലേക്ക്, ഈജിപ്തിലേക്ക്, ഉംബ്രിയായിലെ എല്ലാ ഗ്രാമങ്ങളിലേക്കും എല്ലാ യാത്രകൾക്കുംശേഷം തിരിച്ച് തന്റെ അസ്സീസിയിലേക്ക് വാഹനങ്ങളില്ലാതിരുന്ന പത്തു നൂറ്റാണ്ടുകൾക്കപ്പുറം കുതിരപ്പുറത്തു കയറാൻ വിസമ്മതിച്ച ഈ കൊച്ചു മനുഷ്യൻ ഇരുപതുവർഷംകൊണ്ട് ഇത്രയേറെ കാതം എങ്ങനെ നടന്നുതീർത്തു എന്ന് അത്ഭുതം തോന്നിയിട്ടുണ്ട്. ഇത് സന്ന്യാസത്തിന്റെ പൗരസ്ത്യപാരമ്പര്യമാണ്. വഴിതെറ്റി പടിഞ്ഞാറു പോയി പിറന്ന കിഴക്കിന്റെ സന്ന്യാസിവര്യനാണ് ഫ്രാൻസിസ് എന്നു പറയുന്നതിൽ തെറ്റില്ല. കിഴക്കിന്റെ ഗുരുപാരമ്പര്യങ്ങളിലൊക്കെയുണ്ട് ഒരു ദേശാടനത്തിന്റെ കഥ. അത് ഇന്ത്യയെ കണ്ടെത്താനലഞ്ഞ വിവേകാനന്ദനിലാകട്ടെ, ബോധോദയം തേടി കൊട്ടാരം വിട്ടിറങ്ങിയ സിദ്ധാർത്ഥനിലാകട്ടെ, പലായനത്തിന്റെയും തീർത്ഥാടനത്തിന്റെയും ദൂരങ്ങൾ മക്കയ്ക്കും മദീനയ്ക്കുമിടയിൽ നടന്നു തീർത്ത മുഹമ്മദിലാകട്ടെ നടവഴികൾ മാറുന്നുവെന്നേയുള്ളു.


സ്വതസ്സിദ്ധപ്രേരണയിൽ തികച്ചും സമ്മർദ്ദങ്ങളില്ലാതെ ജീവിക്കേണ്ട അപൂർവ്വം ചിലരിൽ കാണുന്ന ഒരു 'നാച്ചറൽ ട്രെയിറ്റ്' ആണ് സന്ന്യാസം. സ്ഥാപനവൽക്കൃതമാകുകയും പൊതുവത്കരിക്കപ്പെടുകയും ചെയ്യാൻ തുടങ്ങിയതുമുതൽ അതിന്റെ പരാജയം വെളിവാകുന്നുണ്ട്.

"എന്റെ പ്രിയ സഹോദരരേ, എന്റെ ഭാഗം ഞാൻ ചെയ്തുകഴിഞ്ഞു. നിങ്ങളുടേത എന്താണെന്ന ക്രിസതുതന്നെ നിങ്ങളെ പഠിപ്പിക്കട്ടെ." മരണക്കിടക്കയിലെ ഫ്രാൻസിസിന്റെ അവസാനവാചകങ്ങളിൽ ഒന്നായിരുന്നു ഇത്. സാഹോദര്യവും സന്ന്യാസജീവിതദർശനങ്ങളും തമ്മിൽ നിരന്തരസംഘർഷത്തിലേർപ്പെട്ട ഉഴവുപാടമായിരുന്നു ഫ്രാൻസിസിന്റെ മനസ്സ്. 22-ാം വയസ്സിൽ തനിക്കുതന്നെ വേണ്ടത്ര വ്യക്തതയില്ലാത്ത ജീവിതത്തിന്റെ ഒറ്റയാൾവഴിയിലേക്ക് ഇറങ്ങി നടക്കുമ്പോൾ ചുറ്റും ഒരുകൂട്ടം സുഹൃത്തുക്കൾ കൂടെയുണ്ടാകുമെന്ന് സ്വപ്നത്തിൽപോലും വിചാരിച്ചിരുന്നില്ല. ആദ്യ സുഹൃത്ത് ബെർണഡ് കിന്റ്വാലെ കൂടെച്ചേരാൻ വരുമ്പോൾ അയാളെ പറഞ്ഞു നിരുത്സാഹപ്പെടുത്തി പറഞ്ഞയയ്ക്കാൻ ശ്രമിക്കുകയായിരുന്നു ഫ്രാൻസിസ്. പിന്നെ അത് അയാളുടെ വ്യക്തിപരമായ തീരുമാനമാണെന്നും ദൈവവചനം സാക്ഷ്യപ്പെടുത്തുന്നതിനപ്പുറം തനിക്കൊന്നും പറയാനില്ലെന്നും ബോധ്യപ്പെട്ടു കഴിയുമ്പോഴാണ് കൂടെച്ചേരാൻ അയാളെ അനുവദിക്കുന്നത്. സ്വന്തം തിരിച്ചറിവിൽ ഏതോ ഒരു ദർശനത്തിന്റെ വെളിച്ചത്തിൽ, അങ്ങനെയായിരുന്നു ആദ്യകാല സഹോദരന്മാരെല്ലാം ഒരുമിച്ചുകൂടിയത്.



എന്നാൽ കാലം പോയി. ഫ്രാൻസിസ് ആരാണെന്നറിയാത്തവരും നടക്കേണ്ട വഴിയെക്കുറിച്ച് ദർശനങ്ങളുടെ വ്യക്തതയില്ലാത്തവരും എന്തൊക്കെയോ ചില സുരക്ഷിതത്വങ്ങൾ കണ്ട് ആ സാഹോദര്യസമൂഹത്തിന്റെ ഭാഗമാകാൻ തുടങ്ങി. കാര്യങ്ങളൊക്കെ ഫ്രാൻസിസിന്റെ കൈപ്പിടിയിൽനിന്നു വിട്ടുപോവുകയായിരുന്നു. അതേസമയം താൻ ജീവിക്കാനാഗ്രഹിച്ച സന്ന്യാസസ്വപ്നത്തിൽ വെള്ളം ചേർ ക്കാൻ അദ്ദേഹം തയ്യാറായതുമില്ല. അതുകൊണ്ടാണ് മരണക്കിടക്കയിലും അയാൾ സഹോദരന്മാരോട് ഇങ്ങനെ പറയുന്നത്: "എന്റെ സഹോദരന്മാരേ, കാലം മാറിമറിയുമെന്ന് എനിക്കറിയാം. പുത്തൻ സംസ്കാരങ്ങൾ, പുത്തൻ സമ്മർദ്ദങ്ങൾ, പുതിയ ആവശ്യങ്ങൾ എന്നിവ ഉണ്ടാകും. എന്നാൽ ഒരു കാര്യം മാത്രം ഞാൻ നിങ്ങളോട് യാചിക്കുകയാണ്. എന്റെ കഥകൾ നിങ്ങളുടെ സ്വപ്നങ്ങളെ തൊടണം. എന്റെ സ്വപ്നങ്ങൾ നിങ്ങളുടെ കഥകളാകണം."

തെരുവിനെ ഞാനെന്റെ ആവൃതിയാക്കുമെന്നു പറഞ്ഞു തുടങ്ങിയ സന്ന്യാസജീവിതശൈലി ഏലിയാസ് സഹോദരന്റെ കീഴിൽ സ്ഥാപനവത്കൃത രൂപങ്ങൾ സ്വീകരിക്കാൻ തുടങ്ങിയിരുന്നു. അക്കാലങ്ങളിൽ ഫ്രാൻസിസും അദ്ദേഹത്തിന്റെ ഹൃദയത്തെ അടുത്തറിഞ്ഞ ആദ്യകാലസുഹൃത്തുക്കളും ആൾക്കൂട്ടമായി മാറിയ സഹോദരസമൂഹത്തിൽനിന്ന് ഒരകലം പാലിച്ച് അൽവേർണയിലും സുബാസിയൊ മലഞ്ചെരിവിലുമായി ഏകാന്ത വിചിന്തനത്തിൽ ആന്തരികസംഘർഷത്തെ നേരിടുകയായിരുന്നു. ഇത് സന്ന്യാസത്തിന്റെ ആദർശങ്ങളും സാഹോദര്യത്തിന്റെ മൂല്യച്യുതിയും തമ്മിലുള്ള ഏറ്റുമുട്ടലായിരുന്നു. ആദർശത്തിനു വേണ്ടി സാഹോദര്യം ത്യജിക്കണമോ, ആദർശത്തിൽ വെള്ളം ചേർക്കണോ - ഇതായിരുന്നു ഫ്രാൻസിസിന്റെ സംഘർഷം. നീണ്ട വിചിന്തനത്തിനൊടുവിലാണ് ഫ്രാൻസിസ് ലിയോസഹോദരനോട് പരിപൂർണ്ണ ആനന്ദത്തെക്കുറിച്ചുള്ള ആ കഥ പറയുന്നത്. കഥയുടെ അവസാനം ഫ്രാൻസിസ് പറഞ്ഞതിങ്ങനെ: "ലിയോ സഹോദരാ, നമ്മെ അറിയാത്തവർ, നമ്മുടെ സ്വപ്നങ്ങൾക്കു പുല്ലുവില കല്പിക്കാത്തവർ നമ്മെ പുറംകാലിനു ചവിട്ടി പുറത്താക്കിയാലും നാം ഈ സഹോദരസംഘത്തെ ഉപേക്ഷിക്കുന്നില്ലെങ്കിൽ അതാണ് പരിപൂർണ്ണ ആനന്ദം. ഫ്രാൻസിസ് സഹോദരസംഘത്തെ വിട്ടുപോകാൻപോലും ചിന്തിച്ചിരുന്നോ എന്നു സംശയിക്കണം. ആരെയെങ്കിലും ഉപേക്ഷിക്കുകയല്ല, എല്ലാവരെയും സ്വന്തമാക്കുകയാണ് താൻ കണ്ട സന്ന്യാസദർശനത്തിന്റെ അന്തസ്സത്ത എന്ന തിരിച്ചറിവിൽനിന്നാണ് ഫ്രാൻസിസിന്റെ ഈ തീരുമാനം. ഇതാണ് സന്ന്യാസത്തിന്റെ ഏറ്റവും വലിയ സംഘർഷം. കൂടെനിന്ന് ഒരേ ദർശനങ്ങൾ ജീവിക്കാമെന്നു വാക്കു പറഞ്ഞവർ വിശ്വാസവഞ്ചന കാണിക്കുമ്പോഴും നിങ്ങൾക്കു നിങ്ങളുടെ വാക്കുകളോടും ദർശനങ്ങളോടും വഞ്ചന കാണിക്കാൻ കഴിയാത്ത അവസ്ഥ.




വിശുദ്ധ കുർബാനയും ഫ്രാൻസിസ്കൻ സമൂഹത്തിന്റെ പിറവിയും



വി. ഫ്രാൻസിസും പ്രഥമ ശിഷ്യനും പ്രഭു വംശജനുമായ ബർണാർഡ് കിന്റവാലെയും പ്രസിദ്ധ നിയമജ്ഞനായിരുന്ന പീറ്റർ കത്താനിയും ഒരു ദിവസം ദിവ്യബലിയിൽ സംബന്ധിച്ചു. ദിവ്യബലി മധ്യേ മൂന്ന് സുവിശേഷവചനങ്ങൾ ഫ്രാൻസിസിന്റെ ഹൃദയത്തിൽ പതിഞ്ഞു.

(1) മത്തായി 19: 21 – "നീ പൂർണ്ണനാകാൻ ആഗ്രഹിക്കുന്നെങ്കിൽ നിനക്കുള്ളതെല്ലാം വിറ്റ് ദരിദ്രർക്ക് കൊടുക്കുക. പിന്നെ വന്ന് എന്നെ അനുഗമിക്കുക".



ഡോ. ഇ.ജെ. മാത്യു ഈറ്റോലിൽ

(2) ലൂക്ക 9: 3 – "യാത്രയ്ക്കു സഞ്ചിയോ അപ്പമോ പണമോ ഒന്നും എടുക്കരുത്".

(3) മത്തായി 16: 24 – "എന്നെ അനുഗമിക്കാൻ ആഗ്രഹിക്കുന്നെങ്കിൽ അവൻ തന്നെത്തന്നെ പരിത്യജിച്ച് തന്റെ കുരിശുമെടുത്ത് എന്നെ അനുഗമിക്കട്ടെ".

ഫ്രാൻസിസിന് ഇതൊരു ദൈവിക വെളിപാടായിരുന്നു. നിറഞ്ഞ സന്തോഷത്തോടെ ഫ്രാൻസിസ് വിളിച്ചുപറഞ്ഞു: "കർത്താവ് അവിടുത്തെ തിരുമനസ്സ് വെളിപ്പെടുത്തിക്കഴിഞ്ഞു. ഇതാണ് നമ്മുടെ ജീവിതനിയമം. സുവിശേഷാനുസൃതമായ



ബർണാർഡ് കിന്റവാലെയും പീറ്റർ കത്താനിയും ഒട്ടും അമാന്തിച്ചില്ല. തങ്ങൾക്കുള്ളതെല്ലാം വിറ്റുകിട്ടിയ പണം പാവപ്പെട്ടവർക്കു വിതരണം ചെയ്യാൻ ഫ്രാൻസിസും അവരെ സഹായിച്ചു. സിൽവസ്റ്ററച്ചൻ, സാബത്തീനോ, ജോൺ കപ്പെല്ലാ, ഫിലിപ്പ് എന്നിവരും ചേർന്നതോടെ ശിഷ്യരുടെ എണ്ണം ഏഴായി. ഫ്രാൻസിസ്കൻ ഒന്നാം സഭ രൂപംകൊണ്ടു. തീർച്ചയായും അത് ഒരു കുർബാനാനുഭവമാണ്. അഞ്ചപ്പം കൊണ്ട് അയ്യായിരം പേരെ തീറ്റിപ്പോറ്റിയ പ്രപഞ്ചനാഥൻ ആത്മീയമേഖലയിൽ ചെയ്ത മഹാത്ഭുതമാണ് ഫ്രാൻസിസ്കൻ സമൂഹം.

ദിവ്യകാരുണ്യം സഭാഗാത്രത്തെ അന്ധകാരത്തിൽനിന്നും പ്രകാശത്തിലേക്കു നയിച്ചു. അവളെ ലോകത്തിൽ ക്രിസ്തുവിന്റെ പ്രകാശമാക്കി മാറ്റുന്നു. അൾത്താരയിൽ ആഗതമാകുന്ന അഗ്നി, പരിശുദ്ധാത്മാവ്, ലോകത്തെ തേജോമയമാക്കി മാറ്റുന്നു. അൾത്താരയിൽ സന്നിഹിതനാകുന്ന മഹത്വീകൃതനായ ക്രിസ്തു വിശ്വാസികളുടെ ജീവിതത്തെ മഴവില്ലുപോലെ വർണ്ണപ്പകിട്ടുള്ളതാക്കുന്നു. ക്രിസ്തുസാന്നിധ്യത്തിൽ ഹൃദയങ്ങൾ ജ്വലിച്ച് കണ്ണുകൾ തുറന്ന് ജീവിതം കർമ്മോന്മുഖമാക്കുന്നു. അൾത്താരയാഗത്തിലൂടെയും വിരുന്നിലൂടെയും ദൈവപിതാവിന്റെ രക്ഷയുടെ അനുഭവം ജനഹൃദയങ്ങളിൽ തുടികൊട്ടുന്നു.


തേജോമയമായവനെ അനുഗമിച്ച ഫ്രാൻസിസിന്റെ ജീവിതം തേജോമയമായി മാറി. ഓരോ വിശുദ്ധ കുർബാനയിലെയും വചനശുശ്രൂഷ നമ്മുടെ ഹൃദയങ്ങളെ ജ്വലിപ്പിക്കുന്നു. കൂദാശാശുശ്രൂഷ നമ്മുടെ കണ്ണുകളെ തുറപ്പിക്കുന്നു. ഫ്രാൻസിസ് നേടിയ ജീവിതലക്ഷ്യങ്ങൾക്കു ശേഷവും വി. ഫ്രാൻസിസിന്റെ അനുയായികളായ കപ്പൂച്ചിൻസ്, അവരുടെ സ്ഥാപകനേതാവിന്റെ സ്വപ്നം യാഥാർത്ഥ്യമാക്കി ജീവിക്കാൻ ശ്രമിക്കുന്നു. മിഷൻ മേഖലകളിലെ

സാന്നിദ്ധ്യത്തിലൂടെ, സമാധാനത്തിനും സാമൂഹ്യനീതിക്കും, പരിസ്ഥിതിസംരക്ഷണത്തിനുംവേണ്ടി പ്രവർത്തിക്കുന്നതിലൂടെ ഫ്രാൻസിസ്കൻ സഭാജീവിതം ഒരു കുർബാനയാക്കി രൂപാന്തരപ്പെടുത്തുന്നു.

വി. കുർബാനയോടുള്ള ഫ്രാൻസിസിന്റെ ഭക്തി

പ്രപഞ്ചം മുഴുവൻ നിറഞ്ഞിരിക്കുന്ന ദൈവം ഒരു ചെറിയ ശിശുവായി കാലിത്തൊഴുത്തിൽ പിറന്ന സംഭവം ഫ്രാൻസിസിനെ വികാരഭരിതനാക്കിയെങ്കിൽ, ദൈവത്വവും മനുഷ്യത്വവും മറച്ചുവച്ച്, നിസ്സാരമായ ഉറുമ്പിനുപോലും നശിപ്പിക്കുവാൻ കഴിയുന്ന ചെറിയ അപ്പക്കഷണത്തിന്റെ രൂപത്തിൽ, അത്യുന്നതൻ എഴുന്നള്ളിയിരിക്കുന്ന വസ്തുത ഫ്രാൻസിസിനെ ആവേശം കൊള്ളിച്ചു. അദ്ദേഹം മാനസാന്തരപ്പെട്ട കാലം മുതൽ, ക്രൂശിതന്റെ സ്വരം കേൾക്കുന്നതിനു മുമ്പുതന്നെ, ദിവ്യബലിക്ക് ആവശ്യമുള്ള തിരുവസ്ത്രങ്ങൾ പാവപ്പെട്ട പള്ളികളിലേക്ക് അയച്ചുകൊടുക്കുന്നതിൽ ശ്രദ്ധിച്ചിരുന്നു. വൃത്തിയില്ലാതെ കിടന്നിരുന്ന പള്ളികൾ ശുചിയാക്കുവാനും, തിരുവസ്ത്രങ്ങൾ വെടിപ്പാക്കുവാനും അദ്ദേഹം ഉത്സാഹിച്ചിരുന്നു. നല്ല ആകൃതിയിൽ ഓസ്തി ചുട്ടെടുക്കുവാൻ നല്ല അച്ചുകളും പള്ളികൾക്ക് അയച്ചുകൊടുത്തിരുന്നു. വിലപിടിച്ച സക്രാരികളിൽ വി. കുർബാന സൂക്ഷിച്ചുവയ്ക്കുവാൻ അദ്ദേഹം നിർദ്ദേശിച്ചു. പ്രാവിന്റെ ആകൃതിയിലുള്ള ഒരു പാത്രത്തിൽ വി. കുർബാന അടക്കംചെയ്ത് വിളക്കുപോലെ തൂക്കിയിടുകയായിരുന്നു മുൻകാലങ്ങളിലെ പതിവ്. വി. കുർബാന സക്രാരിയിൽ പൂജ്യമായി സൂക്ഷിക്കുന്ന ആചാരം ആരംഭിച്ചത് വി. ഫ്രാൻസിസ് ആണ്.

വി. കുർബാനയിൽ സ്നേഹമയനായ ഈശോയുടെ സാക്ഷാൽ സാന്നിധ്യമുണ്ടെന്നും, അധികാരമുള്ള വൈദികൻ അപ്പവും വീഞ്ഞും എടുത്ത് കൂദാശവചനങ്ങൾ യഥാവിധി ഉച്ചരിച്ചാലുടനെ അവ രൂപാന്തരപ്പെട്ട്, സജീവനായി ഉയിർത്തെഴുന്നേറ്റ് ഈശോയുടെ തിരുശരീരവും തിരുരക്തവുമാകുമെന്നും വി. ഫ്രാൻസിസ് വിശ്വസിച്ചിരുന്നു. "അവിടുന്ന് സ്വർഗ്ഗീയ സിംഹാസനത്തിൽനിന്ന് കന്യ



വിദൂരത്തിൽ ഒരു പള്ളി കണ്ടാൽ, ഉടനെ തറയിൽ മുട്ടുകുത്തി സാഷ്ടാംഗം പ്രണാമം ചെയ്ത് "ഈശോമിശിഹായേ, ഇവിടെയും ലോകം മുഴുവനിലുമുള്ള എല്ലാ പള്ളികളിലും ഞങ്ങൾ കുമ്പിട്ട്, അങ്ങയെ സ്തുതിച്ചാരാധിക്കുന്നു. എന്തുകൊണ്ടെന്നാൽ വിശുദ്ധ കുരിശിനാൽ അങ്ങു ലോകത്തെ വീണ്ടും രക്ഷിച്ചു" എന്നു പ്രാർത്ഥിക്കുവാൻ വി. ഫ്രാൻസിസ് ശിഷ്യന്മാരോട് നിർദ്ദേശിച്ചിരുന്നു.

കയുടെ ഉദരത്തിലേക്ക് ഇറങ്ങിയതുപോലെ, സ്വർഗ്ഗീയപിതാവിന്റെ മടിയിൽനിന്നും ദൈനംദിനം വൈദികന്റെ കരങ്ങളിലേക്ക് എഴുന്നള്ളിവരുന്ന വിനീതാവസ്ഥ നാം കാണുന്നു". വിദൂരത്തിൽ ഒരു പള്ളി കണ്ടാൽ, ഉടനെ തറയിൽ മുട്ടുകുത്തി സാഷ്ടാംഗം പ്രണാമം ചെയ്ത് "ഈശോമിശിഹായേ, ഇവിടെയും ലോകം മുഴുവനിലുമുള്ള എല്ലാ പള്ളികളിലും ഞങ്ങൾ കുമ്പിട്ട്, അങ്ങയെ സ്തുതിച്ചാരാധിക്കുന്നു. എന്തുകൊണ്ടെന്നാൽ വിശുദ്ധ കുരിശിനാൽ അങ്ങു ലോകത്തെ വീണ്ടും രക്ഷിച്ചു" എന്നു പ്രാർത്ഥിക്കുവാൻ വി. ഫ്രാൻസിസ് ശിഷ്യന്മാരോട് നിർദ്ദേശിച്ചിരുന്നു.

അദ്ദേഹം വൈദികപട്ടം സ്വീകരിക്കാതിരുന്നത് വി. കുർബാനയോടുള്ള അത്യധികമായ ഭക്ത്യാദരങ്ങൾ നിമിത്തമാണ്. ഇത്ര പരിശുദ്ധമായ കൂദാശയെ സ്പർശിക്കുവാൻ തനിക്ക് യോഗ്യതയില്ലെന്ന് അദ്ദേഹം വിചാരിച്ചു. അതേ അവസരത്തിൽത്തന്നെ, വൈദികരെ കുറ്റം വിധിക്കാതെ, ഈശോയെ ദിവസേന സ്പർശിക്കുന്ന കൈകളെ(വൈദികരെ) അദ്ദേഹം ബഹുമാനിച്ചിരുന്നു. അദ്ദേഹം ഇപ്രകാരം പറഞ്ഞിരുന്നു: "സ്വർഗ്ഗത്തിൽനിന്നും ഒരു വിശുദ്ധൻ വരുന്ന അവസരത്തിൽ, വളരെ പാവപ്പെട്ട ഒരു വൈദികനെ ഞാൻ കണ്ടുമുട്ടിയാൽ, ആദ്യം വൈദികനെ സമീപിച്ച് ആചാരപൂർവ്വം അദ്ദേഹത്തിന്റെ കരങ്ങൾ ചുംബിക്കും. പിന്നീട് ഞാൻ വിശുദ്ധനെ ബഹുമാനിക്കും".

അദ്ദേഹം ദിവ്യബലിയിൽ ഭക്ത്യാദരപൂർവ്വം സംബന്ധിച്ചിരുന്നു. തദവസരത്തിൽ അദ്ദേഹം തന്റെ ഓരോ അവയവത്തെയും ദൈവത്തിനു സമർപ്പിച്ചിരുന്നു. അപ്പത്തെ ഈശോയുടെ തിരുശരീരമായി മാറ്റുവാൻ ദൈവം തിരുമനസ്സായത് മനുഷ്യനെ മറ്റൊരു ഈശോയായി രൂപാന്തരപ്പെടുത്തുവാനാണെന്ന് വിശുദ്ധൻ മനസ്സിലാക്കിയിരുന്നു.

വി. കുർബാനയുടെ രഹസ്യം ജീവിതരഹസ്യം

കുർബാന സമൂഹത്തെ രൂപപ്പെടുത്തുന്നു. കുർബാനരഹസ്യം ജീവിതത്തെ വിജയകരമാക്കാനുള്ള മാർഗ്ഗം പഠിപ്പിക്കുകയാണ്. കുർബാന രൂപപ്പെടുത്തുന്ന സമൂഹത്തിന്റെ സവിശേഷത കുർബാനയുടെ സവിശേഷത തന്നെയാണ്. ഫ്രാൻസിസ്കൻ സമൂഹത്തിന്റെ സവിശേഷതകൾ വിശുദ്ധ കുർബാനയുടെ സവിശേഷതകൾ തന്നെയാണ്.

വചനത്തിന്റെ മേശയിൽനിന്നും അപ്പത്തിന്റെ മേശയിലേക്കുള്ള തീർത്ഥാടനമാണ് ക്രിസ്തീയജീവിതം. വചനം മാംസമായി മാറ്റുന്ന ജീവിതപരിവർത്തനമാണ് വിശുദ്ധിയിലേക്കുള്ള യാത്ര. ഞങ്ങളുടെ ഹൃദയവയലിൽ വിതയ്ക്കപ്പെട്ട വചനം വി. കുർബാനയിൽനിന്നും പോഷണം ഉൾക്കൊണ്ട് 100 മേനി വിളവുൽപ്പാദിക്കാൻ "വി. ഫ്രാൻസീസേ, ഞങ്ങൾക്കു വേണ്ടി അപേക്ഷിക്കേണമേ"

A



Golden Jubilee wishes from

PRINCY & RAJESH VATTAKKATT

Ponkunnam




Golden Jubilee wishes from

Sini, Rekha, Amal, Rose, Brigith Parakadavil



അസ്സീസിയിലെ വി. ഫ്രാൻസിസിന്റെ ആത്മീയദർശനം

മനുഷ്യരോടും മറ്റു സകല സൃഷ്ടിജാലങ്ങളോടുമുള്ള അദ്ദേഹത്തിന്റെ ജ്വലിക്കുന്ന സ്നേഹം സാഹിത്യരചനകളുടെ പരിമിതികൾക്കപ്പുറത്താണ്. ഫ്രാൻസിസ് എന്ന എളിയ ദരിദ്രമനുഷ്യൻ നിസ്വതയിൽ ജീവിച്ചു. ദരിദ്രരോടും ദരിദ്രനായ ക്രിസ്തുവിനോടുമുള്ള ഐക്യദാർഢ്യത്തിൽ അവൻ സമ്പൂർണ്ണദാരിദ്ര്യത്തെ വരിച്ചു. സമ്പത്തു വാരിക്കൂട്ടുന്നതിലല്ല, സാഹോദര്യം കെട്ടിപ്പടുക്കുന്നതിലാണ് ജീവിതസാക്ഷാൽക്കാരം അടങ്ങിയിരിക്കുന്നത് എന്നദ്ദേഹം ഗ്രഹിച്ചു. നേടുമ്പോഴല്ല, സകല ചരാചരങ്ങളുമായി സ്നേഹത്തിലും സഹാനുഭൂതിയിലും ഒന്നാകുമ്പോഴാണ് ജീവിതം ധന്യ



ബ്രദർ ജോസഫ് എഴുത്തുപുരയ്ക്കൽ കപ്പൂച്ചിൻ

ന്റെ ആദ്ധ്യാത്മിക നവോത്ഥാനത്തിന്റെ നാൾമുതൽ ലോകമെങ്ങും സ്ത്രീ-പുരുഷശ്രദ്ധ പിടിച്ചുപറ്റിയ മധ്യയുഗത്തിലെ ഒരു ഇറ്റാലിയൻ വിശുദ്ധനാണ് അസ്സീസിയിലെ വിശുദ്ധ ഫ്രാൻസീസ്. നൂറ്റാണ്ടുകളായി വി. ഫ്രാൻസീസ് അസ്സീസി അറിയപ്പെടുന്നത് ക്രിസ്തുവിന്റെ പ്രതിബിംബമായിട്ടാണ്. സുവിശേഷം അതിന്റെ തനിമയിലും അരൂപിയിലും ജീവിതത്തിൽ പ്രാവർത്തികമാക്കിയ വലിയ വിശുദ്ധനാണദ്ദേഹം. രണ്ടാം ക്രിസ്തു എന്നദ്ദേഹം അറിയപ്പെടുന്നു. ക്രിസ്തുവിനെ അനുകരിക്കുക മാത്രമല്ല, എല്ലാ തരത്തിലും ക്രിസ്തുവിലേക്ക് ഏറെ അനുരൂപപ്പെട്ട വിശുദ്ധനാണദ്ദേഹം. വചനത്തിന്റെ അനുവാചകൻ മാത്രമാകാതെ അനുവർത്തകനാകാനായി എല്ലാം ത്യജിച്ച ഒരു കുബേരകുമാരനാണ്.

ഫ്രാൻസിസ് ഒരു ബഹുമുഖപ്രതിഭയുള്ള വിശുദ്ധനാണ്. ദൈവത്തോടും

ഫ്രാൻസീസ് എന്ന എളിയ ദരിദ്രമനുഷ്യൻ നിസ്വതയിൽ ജീവിച്ചു. ദരിദ്രരോടും ദരിദ്രനായ ക്രിസ്തുവിനോടുമുള്ള ഐക്യദാർഢ്യത്തിൽ അവൻ സമ്പൂർണ്ണ ദാരിദ്ര്യത്തെ വരിച്ചു. സമ്പത്തു വാരിക്കൂട്ടുന്നതില്ല, സാഹോദര്യം കെട്ടിപ്പടുക്കുന്നതിലാണ് ജീവിതസാക്ഷാത് ക്കാരം അടങ്ങിയിരിക്കുന്നത് എന്നദ്ദേഹം ഗ്രഹിച്ചു. നേടുമ്പോഴല്ല, സകല ചരാചരങ്ങളുമായി സ്നേഹത്തിലും സഹാനുഭൂതിയിലും ഒന്നാകുമ്പോഴാണ് ജീവിതം ധന്യമാകുന്നത് എന്നദ്ദേഹം മനസ്സിലാക്കി. അതിനാൽ ഈ ലോകത്തിലെ ചെറുതും വലുതുമായ ജീവജാലങ്ങളെയും എല്ലാ പക്ഷികളെയും മൃഗങ്ങളെയും വൃക്ഷലതാദികളെയും ദൈവത്തിന്റെ സൃഷ്ടിയായി കണ്ട്, അദ്ദേഹം അവയെയെല്ലാം സ്നേഹിച്ചു. സഹോദരസ്നേഹത്തിന്റെ വലിയൊരു സംസ് കാരം അദ്ദേഹം ലോകത്തു കെട്ടിപ്പടുത്തു. ഉപഭോഗസംസ്കാരത്തിന്റെയും ആഗോളവൽക്കരണത്തിന്റെയും നീരാളിപ്പിടുത്തത്തിൽ ശ്വാസംമുട്ടുന്ന ആധുനികയുഗത്തിന് വി. ഫ്രാൻസീസ് കാണിച്ചുതന്ന സുവിശേഷ ദാരിദ്ര്യജീവിതശൈലിയും വിശ്വസാഹോദര്യവും ഒരു വലിയ വെല്ലുവിളിയാണ്.

മാകുന്നത് എന്നദ്ദേഹം ആഴത്തിൽ മനസ്സിലാക്കി. അതിനാൽ ഈ ലോകത്തിലെ ചെറുതും വലുതുമായ ജീവജാലങ്ങളെയും എല്ലാ പക്ഷികളെയും മൃഗങ്ങളെയും വൃക്ഷലതാദികളെയും ദൈവത്തിന്റെ സൃഷ്ടിയായി കണ്ട്, അദ്ദേഹം അവയെയെല്ലാം സ്നേഹിച്ചു. സഹോദരസ്നേഹത്തിന്റെ ഒരു വലിയ സംസ്കാരം അദ്ദേഹം ലോകത്തു കെട്ടിപ്പടുത്തു. ഉപഭോഗസംസ്കാരത്തിന്റെയും ആഗോളവൽക്കരണത്തിന്റെയും നീരാളിപ്പിടുത്തത്തിൽ ശ്വാസംമുട്ടുന്ന ആധുനികയുഗത്തിന് വി. ഫ്രാൻസീസ് കാണിച്ചുതന്ന സുവിശേഷ ദാരിദ്ര്യജീവിതശൈലിയും വിശ്വസാഹോദര്യവും ഒരു വലിയ വെല്ലുവിളിയാണ്. ആവോളം സമ്പാദിക്കാനും സുഖലോലുപതയിൽ ജീവിച്ച് മതിവരുവോളം ആസ്വദിക്കാനും വ്യഗ്രതപ്പെടുന്ന ആധുനിക മനുഷ്യൻ തിന്മയുടെ കരാളഹസ്തത്തിൽ അമർന്ന് ശാന്തി നഷ്ടപ്പെടുത്തുന്നു. സമ്പാദിക്കുക, ഉപയോഗിക്കുക, വലിച്ചെറിയുക തുടങ്ങിയ സമവാക്യങ്ങൾ ജീവിതത്തിന്റെ അടിസ്ഥാനപ്രമാണങ്ങളാക്കിയവന് വി. ഫ്രാൻസീസ് അസ്സീസിയുടെ ജീവിതശൈലി ഒരു വലിയ വെളിച്ചമാണ്.

വി. ഫ്രാൻസിസിന്റെ ദർശനങ്ങളും ജീവിതശൈലിയും കൂടുതൽ വർദ്ധമാനമായിക്കൊണ്ടിരിക്കുന്നു. ഓരോ വർഷവും അദ്ദേഹത്തെപ്പറ്റി ഏറെ എഴുതപ്പെടുന്നു. മിക്കവാറും എല്ലാ ഭാഷകളിലും അദ്ദേഹത്തിന്റെ ജീവചരിത്രം രചിക്കപ്പെട്ടിട്ടുണ്ട്. അദ്ദേഹത്തെ പ്രശംസിക്കുന്നവർ കത്തോലിക്കർ മാത്രമല്ല, മറ്റു ക്രൈസ്തവവിഭാഗങ്ങളും ആയിരക്കണക്കിനു ഇതര മതവിശ്വാസികളുമുണ്ട്. ഫ്രാൻസിസ് വെറുമൊരു പേരല്ല, ഒരു ജീവിതശൈലിയും സമാധാനം വിതയ്ക്കുന്ന ഒരു നിലപാടുമാണ്. ഏവർക്കും സ്വീകാര്യമായ ഒരു ജീവിതശൈലി അദ്ദേഹത്തിന്റെ പേരിലുള്ള സമാധാനപ്രാർത്ഥനയിലുണ്ട്. അദ്ദേ

ഹത്തിന്റെ ജീവിതദർശനം ഇന്നത്തെ ലോകത്തിന് വളരെ അനിവാര്യമാണ്.

'തപശ്ചര്യ' - സ്വന്തം തനിമ വീണ്ടെടുക്കാനുള്ള വഴി

മാനസാന്തരം എന്നതുകൊണ്ട് സുവിശേഷം അർത്ഥമാക്കുന്നത് സമഗ്രമായ ഹൃദയപരിവർത്തനത്തോടുകൂടി ദൈവത്തിങ്കലേക്ക് തിരിച്ചുവരിക എന്നതാണ്. (വി. ഫ്രാൻസിസിന്റെ വീക്ഷണത്തിൽ പരിഹാരം അഥവാ തപശ്ചര്യ എന്ന പദപ്രയോഗം മാനസാന്തരത്തെയാണ് സൂചിപ്പിക്കുന്നത്).

ഫ്രാൻസിസിന്റെ സന്ന്യാസജീവിതത്തിന്റെ കേന്ദ്രം തപശ്ചര്യയോടുള്ള വിശ്വസ്തത ആയിരുന്നു. തന്റെ മാനസാന്തരകാലഘട്ടത്തിൽ ഫ്രാൻസിസ് തന്നെത്തന്നെ ഒരു പരിഹാരത്തിന്റെ സഹോദരനായി കണക്കാക്കി, ഒരു താപസനായി ജീവിച്ചു. അദ്ദേഹത്തിന്റെ ജീവചരിത്രകാരന്മാർ പറയുന്നു: "ഫ്രാൻസിസ് തന്റെ മാനസാന്തരത്തിന്റെ ആദ്യവർഷങ്ങളിൽ ഒരു വനവാസി (hermit)യെപ്പോലെയാണ് വസ്ത്രം ധരിച്ചത്...പരിശുദ്ധാത്മാവിന്റെ പ്രത്യേക കൃപയാൽ ഹൃദയപരിവർത്തനം വന്ന അദ്ദേഹം ഒരു പരിഹാരത്തിന്റെ ജീവിതമായിരുന്നു നയിച്ചിരുന്നത്. ആ കാലഘട്ടങ്ങളിലാണ് അദ്ദേഹം സാൻ ദാമിയാനോ തുടങ്ങിയ ദേവാലയങ്ങൾ പുതുക്കി പണിതത്. 1221 -ലെ തന്റെ നിയമാവലിയിൽ ഫ്രാൻസിസ് പഠിപ്പിക്കുന്നത് യഥാർത്ഥ വിശ്വാസത്തിന്റെയും നിരന്തരമായ ഹൃദയപരിവർത്തനത്തിന്റെയും അരൂപിയിൽ നില്ക്കുന്നവർക്കേ യഥാർത്ഥ ക്രിസ്ത്യാനികളായിരിക്കുവാൻ സാധിക്കൂവെന്നാണ്" (RNB 23:7).

മനുഷ്യനെപ്പറ്റി ഫ്രാൻസിസിന് ഒരു സമഗ്ര കാഴ്ചപ്പാടാണുള്ളത്. ഒരു ഭാഗത്ത് മനുഷ്യന്റെ മഹത്ത്വവും, മറുഭാഗത്ത് അവന്റെ അധഃപതനവും. ഫ്രാൻസിസ് ധ്യാനിക്കുന്നു: "ഓ മനുഷ്യാ, ദൈവം നിനക്കു നൽകിയിരിക്കുന്ന മഹത്തായ സ്ഥിതിയെപ്പറ്റി ബോധവാനായിരിക്കൂ. എന്തെന്നാൽ, ശരീരത്തിൽ തന്റെ പ്രിയപുത്രന്റെ രൂപത്തിലും ആത്മാവിൽ തന്റെ സ്വന്തം പ്രതിച്ഛായയിലും നിന്നെ സൃഷ്ടിക്കുകയും രൂപപ്പെടുത്തുകയും ചെയ്തിരിക്കുന്നു" (Adm. 5). ഇവിടെ മനുഷ്യന്റെ ശ്രേഷ്ഠതയും മഹത്ത്വവും ഫ്രാൻസീസ് ധ്യാനിക്കുന്നു. നികൃഷ്ടവും പാപപങ്കിലവുമായ മനുഷ്യപ്രകൃതിയെക്കുറിച്ച് അതേസമയം ഫ്രാൻസിസ് ബോധവാനാണ്. "എല്ലാ തിന്മയും മനുഷ്യന്റെ ഉള്ളിൽനിന്നാണ്, മനുഷ്യന്റെ ഹൃദയത്തിൽനിന്നാണ് പുറപ്പെടുന്നത്..." (മർക്കോ. 7: 21-23) എന്നുള്ള യേശുവിന്റെ വാക്കുകൾ ഫ്രാൻസിസ് തന്റെ നിയമാവലിയിൽ എഴുതുന്നു (RNB. 22: 7-8). അതിനാൽ നാം നമ്മുടെ ശരീരത്തെ അതിന്റെ ദുർഗുണങ്ങളോടും പാപങ്ങളോടുംകൂടി വെറുക്കണം. കാരണം, നമ്മുടെ ഇഷ്ടം തെരഞ്ഞെടുക്കുന്നതിലും നമ്മൾ ചെയ്യുന്ന നന്മകളിൽ അഹങ്കരിക്കുന്നതിലുമാണ് തിന്മ അടങ്ങിയിരിക്കുന്നത് (Adm. 2). നമ്മുടെ യഥാർത്ഥ ശത്രു—നമ്മുടെ സ്വാർത്ഥത—അതു നമ്മുടെ ഉള്ളിൽത്തന്നെയാണ്. അതിനാൽ വി. പൗലോസ് പറയുന്നതുപോലെ "പാപവും സ്വാർത്ഥതയും നിറഞ്ഞ പഴയ മനുഷ്യനെ ഉരിഞ്ഞുകളഞ്ഞ്...ദൈവത്തിന്റെ സാദൃശ്യത്തിൽ സൃഷ്ടിക്കപ്പെട്ട പുതിയ മനുഷ്യനെ നിങ്ങൾ ധരിക്കുവിൻ" (എഫേ. 4: 22-24). അവനവന്റെ തിന്മ നിറഞ്ഞ ഇഷ്ടത്തെ ദൈവേഷ്ടത്തിനായി ബലികഴിക്കുന്ന, സ്വയം പരിത്യാഗത്തിന്റെയും ശൂന്യവൽക്കരണത്തിന്റെയും പാതയാണ് മാനസാന്തരപ്പെടുന്ന വ്യക്തി തെരഞ്ഞെടുക്കുന്നത്. ഇത് തന്റെ വിൽപത്രത്തിൽ ഫ്രാൻസിസ് വിവരിക്കുന്നു. "തപശ്ചര്യയുടെ ജീവിതം ആരംഭിക്കുവാൻ എനിക്കു ദൈവം കൃപ നൽകിയത് ഇപ്രകാരമാണ്. ഞാൻ പാപത്തിൽ ആയിരുന്നപ്പോൾ കുഷ്ഠരോഗികളെ കാണുക എന്നത് എനിക്ക് ഏറ്റവും തിക്തമായ ഒരനുഭവമായിരുന്നു. എന്നാൽ

ദൈവം എന്നെ അവരുടെ ഇടയിലേക്കു നയിച്ചു. ഞാൻ അവരോട് അനുകമ്പ കാണിച്ചു. എന്നിട്ട് ഞാൻ അവരിൽനിന്നു പിരിഞ്ഞുപോന്നപ്പോൾ, മുമ്പ് കൈപ്പായി എനിക്ക് അനുഭവപ്പെട്ടത് ആത്മാവിനും ശരീരത്തിനും മധുരമായി പരിഗണിച്ചു... പിന്നീട് ഞാൻ ലോകത്തെ ഉപേക്ഷിച്ചു" (Test. 1-3).

വി. ഫ്രാൻസീസിന്റെ കാഴ്ചപ്പാടിൽ പരിഹാരത്തിന്റെ മനുഷ്യൻ തിന്മകളുടെ വഴിവിട്ട് ആത്മാവിനു പൂർണ്ണമായി തുറന്ന മനുഷ്യനാണ്. പരിത്യാഗം എന്നതുകൊണ്ട് ഉദ്ദേശിക്കുന്നത് പരിശുദ്ധാത്മാവിന്റെ നമ്മിലെ പ്രവർത്തനത്തിനു തടസ്സമായി നിൽക്കുന്നതെല്ലാം ഉപേക്ഷിക്കുക എന്നതാണ്. പ്രായശ്ചിത്തം ദൈവികതയിലേക്ക് മനുഷ്യൻ നടത്തുന്ന തീർത്ഥാടനമാണ്. അവിടെയാണ് മനുഷ്യൻ തന്റെ തനിമ വീണ്ടെടുക്കുന്നത്. ദൈവത്തിന്റെ പദ്ധതിയനുസരിച്ചുള്ള യഥാർത്ഥ മനുഷ്യനായി തീരുന്നത്. യഥാർത്ഥ പ്രായശ്ചിത്തത്തിന്റെ വഴി ദൈവസ്നേഹത്തിന്റെയും പരസ്നേഹത്തിന്റെയും പൂർണ്ണതയിലേക്കുള്ള തിരിച്ചുവരവാണ്. അതു നമ്മെ യേശുവിലേക്ക് അനുരൂപപ്പെടുത്തുന്നു. നിരന്തരം പരിഹാരത്തിന്റെ അരൂപിയിൽ നിലനിൽക്കുന്നവർ അനുഗൃഹീതരാകുന്നു. എന്തെന്നാൽ കർത്താവിന്റെ അരൂപി അവരുടെമേൽ വന്നു വസിക്കും. അവിടുന്ന് അവരുടെ മധ്യേ, തന്റെ ഭവനവും വാസസ്ഥലവും നിർമ്മിക്കും (യോഹ. 14: 23). "സ്വർഗ്ഗീയ പിതാവിന്റെ പ്രവൃത്തികൾ ചെയ്യുന്ന അവർ അവിടുത്തെ മക്കളാണ്. അവർ നമ്മുടെ കർത്താവീശോമിശിഹായുടെ സഹോദരങ്ങളും മണവാട്ടികളും അമ്മമാരുമാകുന്നു." (I Letter to the faithful, 5-7). പരിഹാര ജീവിതത്തോടുള്ള വിശ്വസ്തത വിശുദ്ധിയിലേക്കുള്ള ആദ്യപടിയാണ്.



ദാരിദ്ര്യം: യേശുവിന്റെ വഴികളെ പുണരാനുള്ള പാത

ഫ്രാൻസിസിന്റെ ആത്മീയദർശനത്തിന്റെ ഏറ്റവും കാതലായ ഭാഗം 'ദരിദ്രനും വിനീതനും ക്രൂശിതനുമായ ക്രിസ്തുവിനെ അനുഗമിക്കുക' എന്നതാണ്. ദരിദ്രനായ ക്രിസ്തുവിനെപ്പറ്റിയുള്ള തന്റെ ദർശനം തന്റെ നിയമാവലിയിൽ നമുക്കു വ്യക്തമായി കാണാം. യേശു ദരിദ്രനും പരദേശിയുമായിട്ടാണ് ജീവിച്ചത്. അവിടുത്തേക്കു സ്വന്തമായി വീടില്ലായിരുന്നു. യേശുവും കന്യകാമേരിയും അവിടുത്തെ ശിഷ്യരും മറ്റുള്ളവർ നല്കിയ ധർമ്മംകൊണ്ടു ജീവിച്ചുവല്ലോ.... സോദരന്മാരെല്ലാം നമ്മുടെ കർത്താവീശോമിശിഹായുടെ വിനയവും ദാരിദ്ര്യവും അനുഗമിക്കുവാൻ തീവ്രമായി പരിശ്രമിക്കണം (RNB 9:1ff). തീർത്ഥാടകനെയും പരദേശിയെയുംപോലെ ജീവിച്ച ക്രിസ്തുവിന്റെ ദരിദ്രമായ ജീവിതശൈലി

യാണ് ഫ്രാൻസീസിനെ സ്വാധീനിച്ച പ്രധാന ഘടകം. യേശു തന്റെ ലോകജീവിതത്തിലെ ആദ്യദിവസം വഴിയോരത്താണു ചിലവഴിച്ചത്. കാരണം, തന്റെ സ്വന്തം നാട്ടിൽ തന്നെ സ്വീകരിക്കാൻ ആരുമുണ്ടായിരുന്നില്ല (ലൂക്ക 2: 5-7). തികച്ചും ഒരു ഭവനരഹിതനെപ്പോലെയാണ് അവൻ ജനിച്ചത്. തന്റെ ബാല്യകാലം ഒരു അഭയാർത്ഥിയെപ്പോലെയാണ് അവൻ ജീവിച്ചത്. തന്റെ പരസ്യജീവിതകാലത്ത് ദരിദ്രരോടും പരദേശികളോടും താദാത്മ്യപ്പെട്ട് ഒരു തീർത്ഥാടകനെപ്പോലെ യേശു ജീവിച്ചു. (മത്താ. 25: 35-40). തന്റെ ഇഹലോക ജീവിതത്തിൽ ക്രിസ്തു ഒരു തീർത്ഥാടകനും ഭിക്ഷുവും ആയിട്ടാണ് ജീവിച്ചത് എന്നത് ഫ്രാൻസിസിന്റെ തനിമയാർന്ന ഉൾക്കാഴ്ചകളിൽ ഒന്നാണ്.

വി. പൗലോസ് പറയുന്നതുപോലെ, തന്റെ ദാരിദ്ര്യത്തിൽനിന്ന് നമ്മെ സമ്പന്നരാക്കുവാൻ വേണ്ടി, അവൻ സമ്പന്നനായിരുന്നിട്ടും നമ്മേപ്രതി സ്വയം ദരിദ്രനാക്കി (2 കൊറീ. 8-9). നമ്മെ മോചിപ്പിക്കുവാനായി ക്രിസ്തു നമ്മുടെയിടയിൽ നമ്മെപ്പോലെ ഒരുവനായി ദരിദ്രരോടും ബലഹീനരോടും തന്നെത്തന്നെ താരതമ്യപ്പെടുത്തി. ദരിദ്രനായ ക്രിസ്തുവിന്റെ ജീവിതശൈലിയെ അനുഗമിക്കുന്ന ഒരു വഴിയായിരുന്നു ഫ്രാൻസീസിനു ദാരിദ്ര്യം. അത് ഒരു ജീവിതശൈലിയാണ്. മുൻകരുതലുകളില്ലാത്ത, ആധിപത്യം സ്ഥാപിക്കാത്ത, ഒന്നും സ്വന്തമാക്കാത്ത, അധികാരമോഹത്തിനു വഴിപ്പെടാത്ത ഒരു ജീവിതശൈലി. ദാരിദ്ര്യം ഫ്രാൻസീസിന് മൗലികമായി ജീവിതശൈലിയായിരുന്നു. സഹജീവികൾക്ക് ഒപ്പമാകാൻ വേണ്ടി, അവർക്കു മേലെയാകാനുള്ള ദുരാഗ്രഹത്തെ അവൻ ചെറുക്കുന്നു. അധികാരത്തിനും ആധിപത്യത്തിനുമുള്ള ആസക്തികളെ തൃപ്തിപ്പെടുത്താനുള്ള പ്രവണതകളെ ചെറുക്കുന്നതിന് അസാമാന്യമായ മനഃസംയമനം ആവശ്യമാണ്. ദാരിദ്ര്യം ഫ്രാൻസിസിനെ സംബന്ധിച്ചിടത്തോളം



രക്ഷയിലേക്കുള്ള വഴിയാണ്. ദരിദ്രർക്കിടയിൽ ജീവിച്ച് അവനതു സാധിച്ചെടുത്തു. ദാരിദ്ര്യം ഫ്രാൻസിസിനെ എല്ലാ ആസക്തികളിൽനിന്നും തിന്മകളിൽനിന്നും സ്വതന്ത്രനാക്കി. ദൈവത്തിനും മനുഷ്യർക്കും സേവനം ചെയ്യുവാൻ ശക്തനാക്കി. ദാരിദ്ര്യത്തെ 'വിശുദ്ധ ദാരിദ്ര്യം' എന്നാണ് ഫ്രാൻസീസ് വിളിച്ചിരുന്നത്. ദാരിദ്ര്യത്തെ ഒരു മണവാട്ടി എന്നവണ്ണം അദ്ദേഹം സ്നേഹിച്ചു. കാരണം, അത് യേശുവിലേക്ക് തന്നെ അനുരൂപപ്പെടുത്തുന്ന വഴിയാണ്. ആദ്യകാല സഹോദരന്മാരുടെ ദാരിദ്ര്യജീവിതത്തെപ്പറ്റി ആദ്യത്തെ ജീവചരിത്രകാരൻ ഇപ്രകാരം എഴുതുന്നു: "വിശുദ്ധ ദാരിദ്ര്യത്തെ അനുഗമിക്കുന്നവരെന്ന നിലയിൽ അവന് സ്വന്തമായി ഒന്നുമില്ലായിരുന്നു. നഷ്ടപ്പെടുമെന്ന ഭയമോ നാളെയെപ്പറ്റിയുള്ള വ്യഗ്രതയോ മറ്റെന്തെങ്കിലും ആകുലതകളോ അവർക്കില്ലായിരുന്നു. അവരുടെ ദാരിദ്ര്യാവസ്ഥയെ അവർ സ്നേഹിച്ചു. അകത്തും പുറത്തും തുന്നലുള്ള ഒരു കുപ്പായംകൊണ്ട് അവർ തൃപ്തിപ്പെട്ടു. മറ്റെന്തെങ്കിലും കൂടുതലായുണ്ടായിരിക്കുവാൻ അവർ വിസമ്മതിച്ചു.

ലോകത്തിന് കൂശിക്കപ്പെട്ടിരുന്നവരായ അവർ എല്ലാവരോടും ഏറ്റവും താഴ്മയോടെ വർത്തിച്ചു (1 കൊളോ. : 39).

സ്വാർത്ഥതാല്പര്യങ്ങളും സ്വകാര്യസ്വത്തുക്കളും വ്യക്തികൾക്കും ലോകത്തിനും ഇടയിൽ മതിൽ തീർക്കുന്നു. അവർ തങ്ങളുടെ സഹജീവികളിൽനിന്ന് അകലം സൂക്ഷിക്കുന്നു. വ്യക്തിതാല്പര്യങ്ങൾ അവനെ ലോകത്തിൽനിന്ന് അകറ്റിനിർത്തുന്നു. ദാരിദ്ര്യം ഒരുവനെ ജീവിതയാഥാർത്ഥ്യങ്ങളുമായി അടുപ്പിക്കുന്നു. ചുറ്റുപാടുമുള്ളവരുമായി സംവാദം സാധ്യമാക്കുന്നു. ദാരിദ്ര്യം എല്ലാറ്റിനേയും ബഹുമാനിക്കാൻ പഠിപ്പിക്കുന്നു. ഫ്രാൻസിസിന്റെ ദാരിദ്ര്യജീവിതത്തിന്റെ പരിണിതഫലമാണ് അവന്റെ വിശ്വസാഹോദര്യം. ഒന്നും സ്വന്തമാക്കുവാനോ, സ്വയം സമ്പന്നനാക്കുവാനോ കാര്യക്ഷമത വർദ്ധിപ്പിക്കുവാനോ താല്പര്യമില്ലാത്തതിനാൽ അവന് എല്ലാറ്റിന്റെയും സഹോദരനാകുവാൻ സാധിച്ചു. ദാരിദ്ര്യം അവനെ മനുഷ്യത്വത്തിന്റെ പര്യായമാക്കി. അത് ഒരു മനോഭാവമാണ്. അതായത്, ഈ ഭൂമിയിൽ താൻ മറ്റെല്ലാറ്റിനും ഒപ്പമാണ് എന്ന മനോഭാവം (Cfr. ലെയനാർഡോ ബോഫ്, വി. ഫ്രാൻസീസ് മാനവ വിമോചനത്തിന്റെ മഹാമാതൃക, ഭരണങ്ങാനം പേജ് 63, 64)

എളിമ: പരിധികളില്ലാത്ത സാഹോദര്യത്തിലേക്കുള്ള വഴി

ഫ്രാൻസീസനെ ഏറെ സ്വാധീനിച്ച ദരിദ്രനായ ക്രിസ്തുവിന്റെ പ്രതിച്ഛായകളിൽ ഒന്ന് അവിടുത്തെ ദാസനായി മാറി ശിഷ്യരുടെ പാദം കഴുകുന്നതാണ്. യേശുവിന്റെ എളിമയുടെയും ദാരിദ്ര്യത്തിന്റെയും മാർഗ്ഗം പൂർണ്ണമായും പിന്തുടരുന്നതിൽ ഫ്രാൻസീസ് തല്പരനായിരുന്നു. അതിനാൽ അദ്ദേഹം എല്ലാ കാര്യങ്ങളിലും ക്രിസ്തുവിനു സദൃശനാകുവാൻ ശ്രമിച്ചു. ഇതിനാലാണ് ഫ്രാൻസീസിൽ മറ്റു വിശുദ്ധിരിൽ എന്നതിനെക്കാൾ അന്യാദൃശമായ എളിമയും ദാരിദ്ര്യവും കാണുന്നത്. എളിമയുടെയും സ്വയം ശൂന്യവൽക്കരണത്തിന്റെയും ചൈതന്യമായിരുന്നു അദ്ദേഹത്തിന്റെ മുഴുവൻ ജീവിതത്തെയും നിയന്ത്രിച്ചിരുന്നത്. ഈ സ്വയം ശൂന്യവൽക്കരണത്തിന്റെ അരൂപിയാണ് അദ്ദേഹത്തെ വിശ്വസാഹോദര്യത്തിലേക്കു നയിച്ചത്. ശിഷ്യരുടെ പാദം കഴകിയ യേശുവാണ് ഓരോ സഹോദരന്റെയും മാതൃക. അതിനാൽ ഫ്രാൻസിസ് തന്നെയും തന്റെ അനുയായികളെയും സൂചിപ്പിക്കുവാൻ 'എളിയ സഹോദരന്മാർ' അല്ലെങ്കിൽ 'നിസ്സാര സഹോദരന്മാർ' (friars minor or lesser brothers) എന്ന പദമായിരുന്നു ഫ്രാൻസീസ് ഉപയോഗിച്ചിരുന്നത്. ജീവചരിത്രകാരൻ ഫ്രാൻസിസിന്റെ വാക്കിൽ പറയുന്നത് "ഈ സഹോദരസംഘം 'നിസ്സാര സഹോദരന്മാരുടെ സഭ' (Order of Lessers) എന്നു വിളിക്കപ്പെടണം എന്നു ഞാൻ ആഗ്രഹിക്കുന്നു" (1 കോളോ.: 38). സമൂഹത്തിലെ പ്രാഥമിക ഉത്തരവാദിത്വം വഹിക്കുന്നവർ സുപ്പീരിയേഴ്സ് എന്നല്ല ശുശ്രൂഷകർ എന്നു വിളിക്കപ്പെടണം. അവരുടെ ദൗത്യം മറ്റുള്ളവരുടെ പാദം കഴുകുന്നതിനോട് താരതമ്യപ്പെടുത്തിയിരിക്കുന്നു. തന്റെ അനുശാസനങ്ങളിൽ ഫ്രാൻസീസ് ഇപ്രകാരം പറയുന്നു: "മറ്റുള്ളവരുടെ മേൽനോട്ടം വഹിക്കുവാൻ ചുമതലപ്പെടുത്തുന്നവർ ആ ജോലിയിൽ മറ്റുള്ളവരുടെ പാദം കഴുകിക്കൊടുക്കുവാനുള്ള ചുമതല ഏറ്റെടുത്തിരിക്കുന്നതിലധികമായി മഹത്ത്വം വിചാരിക്കരുത്. മേലധികാരത്തിന്റെ ചുമതല തന്നിൽനിന്ന് എടുക്കപ്പെടുമ്പോൾ, അന്യരുടെ പാദം കഴുകുന്ന ജോലി നഷ്ടപ്പെട്ടാലെന്നതിൽ അധികമായി ആർക്കും മനം തകരാൻ പാടില്ല" (Adm. 5). ചുരുക്കത്തിൽ, ശിഷ്യരുടെ പാദം കഴുകുന്ന യേശുവാണ് എല്ലാ സഹോദരന്മാരുടെയും മാതൃക. തന്റെ നിയമാവലിയിൽ ഫ്രാൻസീസ് അത് പൂർണ്ണമായി പറയുന്നു: "എല്ലാവരും നിസ്സാര സഹോദരന്മാർ എന്നേ വിളിക്കപ്പെടാവൂ.

ഒരുവൻ മറ്റുള്ളവരുടെ പാദങ്ങൾ കഴുകി കൊടുക്കണം" (യോഹ. 13: 14) (RNB 6: 3-4). എളിമയെന്ന അടിസ്ഥാനത്തിലാണ് ഫ്രാൻസീസ് തന്റെ സന്ന്യാസസമൂഹം കെട്ടിപ്പടുത്തത്. ഫ്രാൻസീസിന്റെ കാഴ്ചപ്പാടിൽ, ശിഷ്യരുടെ പാദങ്ങൾ കഴുകുന്ന യേശുവിനോട് 'നിസ്സാര സഹോദരൻ' എന്ന സംജ്ഞ ഏറ്റവും അടുത്തുനിൽക്കുന്നു. ആദ്യകാലത്തെ നിസ്സാര സഹോദരന്മാരിൽ ഉണ്ടായിരുന്ന എളിമയുടെ അരൂപി സെലാനോ വിവരിക്കുന്നത് ഇപ്രകാരമാണ്: "അവർ എല്ലാ മനുഷ്യർക്കും വിധേയപ്പെട്ട യഥാർത്ഥ നിസ്സാര സഹോദരന്മാരായിരുന്നു. ലോകത്തിന്റെ മുമ്പിൽ നിന്ദനവും അവഹേളനവും ലഭിക്കത്തക്കതായ ജോലികൾ ചെയ്യുവാൻ അവർക്ക് ഉത്സാഹമായിരുന്നു. അങ്ങനെ എപ്പോഴും യഥാർത്ഥ എളിമയിൽ നിന്നതിനാൽ എല്ലാ പുണ്യങ്ങളും അവരിൽ തഴച്ചുവളർന്നുകൊണ്ടിരുന്നു (1 കൊളോ. :38).

ഫ്രാൻസീസിന്റെ ഈ എളിമ അദ്ദേഹത്തെ സ്നേഹത്തിന്റെയും വിശ്വസാഹോദര്യത്തിന്റെയും മനുഷ്യനാക്കി മാറ്റി. ഒന്നാമതായിട്ട്, സുവിശേഷാത്മകമായ സ്നേഹം അവരുടെ സമൂഹത്തിന്റെ അടിസ്ഥാനമായിരുന്നു. പാദം കഴുകുന്ന ക്രിസ്തുവിന്റെ എളിമ സത്യത്തിൽ സ്നേഹത്തിലേക്കുള്ള ഒരു വഴിയാണ്. ഫ്രാൻസീസ് സ്വയം ശൂന്യവൽക്കരിച്ച് എളിയവനായത് എല്ലാവർക്കും സഹോദരനാകാനാണ്. ഫ്രാൻസീസിന് സഹോദരങ്ങളോടുള്ള സ്നേഹം ജീവചരിത്രകാരന്മാർ എടുത്തുപറയുന്നുണ്ട്: അവൻ തന്റെ സഹോദരന്മാരെ ആഴത്തിലും ഹൃദയപൂർവവും സ്നേഹിച്ചു. ഓരോ സഹോദരനെയും ദൈവത്തിന്റെ ദാനമായി സ്വീകരിച്ചു. തന്റെ ലിഖിതങ്ങളിൽ ഫ്രാൻസീസ് ഏറ്റവും അധികം ഉപയോഗിച്ചിരിക്കുന്ന വാക്ക് 'സഹോദരൻ' (242 തവണ) എന്നാണ്. അതാകട്ടെ, എപ്പോഴും ഏതെങ്കിലും ഒരു വിശേഷണത്തോടുകൂടിയാകും. 'എന്റെ സഹോദരാ', 'എന്റെ അനുഗ്രഹീതനായ സഹോദരാ' എന്നിങ്ങനെയുള്ള അഭിസംബോധനകളിൽ സ്നേഹവും ആദരവും നിറഞ്ഞുനിൽക്കുന്നതായി കാണാം. തന്റെ നിയമാവലിയിൽ ഇപ്രകാരം രേഖപ്പെടുത്തിയിരിക്കുന്നു: "സഹോദരങ്ങൾ എവിടെയെങ്കിലും കണ്ടുമുട്ടുകയോ സമ്മേളിക്കുകയോ ചെയ്യുമ്പോൾ അവർ ഒരു കുടുംബത്തിലെ അംഗങ്ങളാണെന്ന് കാണിച്ചുകൊടുക്കട്ടെ. ഒരമ്മ തന്റെ കുഞ്ഞിനെ സ്നേഹിക്കുന്നതിലധികം ആത്മീയ സഹോദരങ്ങൾ പരസ്പരം സ്നേഹിക്കണം" (RNB 6: 6-7).



സ്നേഹനിധിയായ അമ്മയെപ്പോലെ സഹോദരങ്ങളെ സ്നേഹിക്കുവാൻ തക്കവിധം അവന്റെ ആർദ്രതയും കരുണയും അത്ര വലുതായിരുന്നു. സഹോദരങ്ങൾക്കിടയിൽ ഇതേ സ്നേഹവും പരിഗണനയും കരുണയും ഉണ്ടാകണമെന്ന് ഫ്രാൻസീസ് നിയമാവലിയിൽ പറയുന്നു.

ഫ്രാൻസീസിന് സകല ചരാചരങ്ങളോടുമുണ്ടായിരുന്ന സ്നേഹസൗഹൃദം എല്ലാ ജീവചരിത്രകാരന്മാരും പ്രത്യേകം പരാമർശിച്ചിട്ടുണ്ട്. മനുഷ്യകുലത്തിന്റെ മാത്രമല്ല, സകല ചരാചരങ്ങളുടെയും സൃഷ്ടാവും പിതാവുമാണ് ദൈവം. കൂടാതെ, സൃഷ്ടികർമ്മത്തിൽ യേശുവിന്റെ കേന്ദ്രസ്ഥാനം ഫ്രാൻസീസ് ആവർത്തിച്ചു സ്ഥിരീകരിക്കുന്നു (RNB 23: 1). "എല്ലാം അവനു വേണ്ടിയും അവനിലൂടെയും സൃഷ്ടിക്കപ്പെട്ടു. സമസ്തവും അവനിൽ സ്ഥിതി ചെയ്യുന്നു" (കോളോ. 1: 16-17). അതിനാൽ സർവപ്രപഞ്ചവും അതിലടങ്ങിയിരിക്കുന്ന സമസ്തവും ക്രിസ്തുവിൽ സ്ഥിതി ചെയ്യുന്നു. ക്രിസ്തുവിന്റെ മനുഷ്യാവതാരത്തിൽ സർവ്വതും വിശുദ്ധീകരിക്കപ്പെടുന്നു. സൃഷ്ടിയുടെ വിശുദ്ധിയിലേക്കു കണ്ണു തുറന്നപ്പോൾ അതിൽ അപ്രധാനമായിട്ടുള്ളതോ മൂല്യമില്ലാത്തതോ ആയി ഒന്നുമില്ലെന്ന് ഫ്രാൻസീസിനു മനസ്സിലായി. അതിലുപരി, സൃഷ്ടിക്കപ്പെട്ട എല്ലാ വസ്തുക്കളും അവയ്ക്കപ്പുറത്തേക്ക് അവയുടെ സൃഷ്ടാവിലേക്ക് വിരൽ ചൂണ്ടുന്നതായി അദ്ദേഹം അറിഞ്ഞു. അതിനാൽ, സർവ്വ ജീവജാലങ്ങളും ഫ്രാൻസീസിന് വിശുദ്ധമായി, സഹോദരങ്ങളായി. പ്രപഞ്ചത്തിന്റെ ആത്മാവിനെ സ്വന്തം ആത്മാവിൽ തിരിച്ചറിഞ്ഞുകൊണ്ട് പ്രപഞ്ചവും താനും ഒരേ വിശ്വകുടുംബത്തിലെ അംഗങ്ങളും സഹോദരങ്ങളുമാണെന്നുള്ള സത്യം അദ്ദേഹം അംഗീകരിച്ചു. കൂടാതെ, ആ കുടുംബത്തിന്റെ സംരക്ഷകനായി ഫ്രാൻസീസ്. ജീവജാലങ്ങളോരോന്നിനെയും സഹോദരാ, സഹോദരീ എന്നു വിളിച്ചുകൊണ്ട് അവയിലെ ഈശ്വരസാന്നിധ്യം തിരിച്ചറിഞ്ഞ് അവയുമായി സൗഹൃദം പങ്കിട്ടു. സൃഷ്ടപ്രപഞ്ചം മുഴുവനും ദൈവസാന്നിധ്യത്തിന്റെ അടയാളമായി അദ്ദേഹത്തിന്. ജീവന്റെ എല്ലാ തുടിപ്പിനോടും അദ്ദേഹം ആദരവു പ്രകടിപ്പിച്ചു. കത്തിക്കാളുന്ന സൂര്യനും ആളിക്കത്തുന്ന അഗ്നിയും മിന്നിത്തിളങ്ങുന്ന നക്ഷത്രങ്ങളും വാനിടത്തിലെ പക്ഷിജാലങ്ങളും പുഴകളും മരങ്ങളും കുന്നുകളും അതിക്രൂരനായ ചെന്നായും ശാന്തരായ ആട്ടിൻകുട്ടികളും മൂളിപ്പറക്കുന്ന തേനീച്ചയും ഇഴഞ്ഞുനീങ്ങുന്ന പുഴുക്കളും എന്നുവേണ്ട സർവ്വ ജീവജാലങ്ങളും അദ്ദേഹത്തിന് സഹോദരങ്ങളായിരുന്നു. അവയെല്ലാം ദൈവത്തിന്റെ സ്നേഹവും പരിശുദ്ധിയും നന്മയും സാന്നിധ്യവും വിളിച്ചറിയിക്കുന്ന യാഥാർത്ഥ്യങ്ങളാണ്. ദൈവികസൗന്ദര്യത്തിന്റെ ആവിഷ്കാരമാണ്. ശോഭയാർന്ന പുഷ്പജാലങ്ങളുടെ മധ്യത്തിലൂടെ നടന്നു നീങ്ങിയ ഫ്രാൻസീസ് സ്വയം മറന്ന് ദൈവത്തെ സ്തുതിച്ചു. തന്നോടൊപ്പം ദൈവത്തെ സ്തുതിക്കുവാൻ മാടിവിളിക്കു

> സൃഷ്ടപ്രപഞ്ചം
> ഫ്രാൻസിസിന്റെ ദർശനത്തിൽ
> ദൈവത്തിന്റെ സാന്നിധ്യവും
> കൃപയും നമുക്കു ലഭിക്കുന്ന
> ഒരു കൂദാശയാണ്.




കയും ചെയ്തു (1 കൊളോ.: 81) അങ്ങനെ ഫ്രാൻസീസ് ഈ പ്രപഞ്ചത്തിലെ സൃഷ്ടവസ്തുക്കളെ സഹോദരവൽക്കരിച്ചുകൊണ്ട് പ്രപഞ്ചദർശനത്തിന് ഒരു പുതിയ ഉൾക്കാഴ്ച നൽകുന്നത് ഏറെ ശ്രദ്ധേയമാണ്.

സൃഷ്ടിയുടെ കേന്ദ്രമായ ക്രിസ്തു തന്റെ മനുഷ്യാവതാരംവഴി അതിനെ വിശുദ്ധീകരിക്കുകയും ദൈവത്തിന്റെ ഒരു കൂദാശയായി അതിനെ രൂപാന്തരപ്പെടുത്തുകയും ചെയ്തുവെന്ന് ഫ്രാൻസീസ് മനസ്സിലാക്കി. അതിനാൽ സൃഷ്ടപ്രപഞ്ചം ഫ്രാൻസീസിന്റെ ദർശനത്തിൽ ദൈവത്തിന്റെ സാന്നിധ്യവും കൃപയും നമുക്കു ലഭ്യമാക്കുന്ന ഒരു കൂദാശയാണ്. 1225-ൽ അദ്ദേഹം എഴുതിയ 'സൂര്യകീർത്തന'ത്തിൽ സൃഷ്ടാവിന്റെ പ്രാമുഖ്യവും അവനിലൂടെ പ്രാപഞ്ചികഐക്യവും അദ്ദേഹം ആഘോഷിക്കുന്നു. അവയെ ദൈവിക സ്തുതി പാടുവാനുള്ള ഒരുപകരണമായി അദ്ദേഹം ദർശിച്ചു. സൃഷ്ടിയിലൂടെ നിരന്തരം സ്രഷ്ടാവിനെ ദർശിക്കുകയും ധ്യാനിക്കുകയും ചെയ്തു. സൃഷ്ടപ്രപഞ്ചം അദ്ദേഹത്തിന് സ്രഷ്ടാവിലേക്കുള്ള ഒരു ഗോവണിയായിത്തീർന്നു (1 കൊളോ. 165).


ചൂഷണത്തിന്റെയും ആധിപത്യത്തിന്റെയും മനോഭാവത്തിന് വിരാമമിട്ടുകൊണ്ട് പ്രപഞ്ചത്തെ നമ്മുടെ ഭവനമായി കാണുവാനും സൗഹൃദത്തിന്റെ പുതിയൊരു ആത്മീയതയ്ക്ക് രൂപംകൊടുക്കുവാനും ഫ്രാൻസീസ് നമ്മോട് ആഹ്വാനം ചെയ്യുന്നു. പ്രകൃതി ഏറെ ചൂഷണം ചെയ്യപ്പെടുന്ന ഈ ആധുനികയുഗത്തിൽ പ്രകൃതിയോടൊപ്പമിരുന്ന് അതിനെ ആദരിക്കാനും പരിരക്ഷിക്കാനും അടുത്ത തലമുറയ്ക്ക് ജീവിക്കാൻ യോഗ്യമായ രീതിയിൽ കൈമാറാനുമുള്ള നമ്മുടെ ഉത്തരവാദിത്വത്തെ ഇവിടെ ഫ്രാൻസീസ് ഒരിക്കൽക്കൂടി ഓർമ്മിപ്പിക്കുകയാണ്. സൃഷ്ടിജാലങ്ങളുടെ മകുടമായ മനുഷ്യൻ അവയുടെ സംരക്ഷകനാണെന്ന ബോധം അവനിൽ രൂഢമൂലമാകണം. അങ്ങനെ ഫ്രാൻസിസ് ജീവിച്ചു കാണിച്ചുതന്ന വിശ്വസാഹോദര്യം നമുക്ക് ഒരു വെളിച്ചമാകട്ടെ!



Golden Jubilee wishes from
കീർത്തി ബേക്കറി, വാഴപ്പള്ളി




VOLUNTARISM FRANCISCAN THOUGHT



Fr. Joseph Mathew Angadiyil

1. Introduction

The title of the paper may appear intriguing; it implies that Franciscan thought started from Plato. St. Francis lived about fifteen centuries after Plato. What does it mean to say that Franciscan thought originated with Plato? Our answer to this question is that the Platonic mode of thinking is in fact Franciscan. In the present paper, we attempt to answer this question, and trace the development of this mode of thinking from Plato. In fact, it is in the medieval philosophy that the Franciscan mode of thought came to its completion. Among the medieval philosophers, we can find two trends of thought—the one giving primacy to will over intellect, and the other giving importance to intellect over will. The former is called voluntarism and the latter intellectualism.[1] The issue is whether the action of will generates intellectual ideas, or whether the intellect on its own initiative presents to the will with alternatives in the

form of ideas. In other words, the question is whether the will is absolutely self-determining or whether the will is itself determined by knowledge of the good. Franciscans such as John Duns Scotus and William of Occam advocated primacy of will, whereas the Dominican St. Thomas Aquinas stressed primacy of intellect. In the present essay we are concerned only with development of voluntarism in Franciscan thought.

2. St. Francis, the Seraphic Saint

The voluntaristic strand in Franciscan thought has its ultimate source in the life of St. Francis of Assisi who is often called the 'Seraphic saint,' and in the thought of St. Bonaventure, called the 'Seraphic doctor' who crystallized in his philosophico-theological reflections the life-principles of the saint. These reflect the passionate dimension of human nature. In fact, the word 'seraphic' means 'lovable.' In ordinary usage, the word 'love' is understood first and foremost as an emotion and a passion. Thus erotic love is an emotion evoked by the desirable qualities of the beloved. But there is a form of love which transcends such qualities, namely, the yearning for the fulfillment of the other. This form of love is called *agape*. Other forms of love



depend on repulsion and attraction, on passion and sympathy. *Agape* is inde-pendent of these states of mind. It affirms and accepts the other un-conditionally, that is, inde-pendent of the pleasant or unpleasant qualities. *Agape* suffers and forgives. It values the other and seeks the other's deepest welfare and happiness, not because he or she has special qualities, but because the other is there as a person. Love in this sense is an act of will, rather than an emotion. It is in this sense that the word 'love' is used in the New Testament. It is the kind of love with which God loves man, and with which man ought to love God, and neighbour. It is in this sense that St. John charac-terizes God as love. "He who does not

love, does not know God; for God is love." (1 Jn. 4: 8) And conversely, "he who abides in love abides in God, and God abides in him." (1 Jn. 4: 16)

The life of St. Francis was characterized by both love as passion and as act of will. He was a passionate man. He was a man of strong emotions—whether it was towards his parents, towards lepers or towards God. The strongest emotion in him was love. This love took on different forms. The romanticism of his youth, the engagement with lady poverty, his tender, gentle love towards Clare, his fervour towards the crucified Lord—are all expressions of this love. The romantic love he exhibited towards lady poverty was no mere emotion, but it animated his whole personality. Again, it is this love that lies at the foundation of the life-affirmation which we find in the life of Francis. This is what Nietzsche calls the Dionysian dimension in human life: joy, happiness, celebration, and saying 'yes' to life. The Dionysian element is associated with music, dance, merriment and festivity, and generally refers to the passionate aspect of man's nature. The life of St. Francis was through and through Dionysian: he was capable of celebrating and rejoicing even in most trying circumstances of life. He celebrated



everything: his youth making merry with his friends, his conversion—kissing the leper—his exit from the bishop's house calling God his father, and even death—singing. Only the man who basically affirms life can be joyful, happy, and festive, rejoicing even at the worst situations of human life. Such a philosophy can be rightly called voluntaristic, in so far as it stresses will, freedom and love. But the concept of will here is extended to include all spontaneous dimensions of man—such as instincts, passions, and existence itself.

3. Franciscan Thought through the Centuries

Franciscan thought in the middle ages was deeply influenced by the Dionysian personality of St. Francis. Franciscan thinkers such as St. Bonaventure, John Duns Scotus and William of Occam were predominantly voluntarists emphasizing the passionate dimension of human nature. In the Western thought, this mode of thinking started with Plato in Greek philosophy and continued through medieval philosophy.

3.1. Plato

It may appear strange that the beginnings of voluntarism can be traced to the philosophy of Plato who was an idealist philosopher concerned with the world of ideas. Though Plato is said to be the pioneer of idealist and intellectualist tradition in Western thought, there is a voluntarism latent in his philosophy. Plato was struck by Heraclitus' teaching that all things are flux, and that there was no escape anywhere from death and change; tormented by this vision, Plato wanted to have a refuge in the eternal from the insecurities of time. Hence his enormous attraction for the science of mathematics which opened up for him a realm of eternal truths, and also the tremendous emotional force of the theory of eternal forms or ideas for him, since these latter were an everlasting realm to which man has access through his intellect. Thus Plato's rationalism was not a cool scientific project, but a passionately religious doctrine, a theory that promised man salvation from death and time. The extraordinary emphasis Plato put upon reason is itself a religious impulse. For him all



metaphysical speculation was simply instrumental in the passionate human search for an ideal way to live, for a means to the redemption of man. But the point to be noted here is that Plato insisted that the contemplation of forms is ultimately stimulated by *eros*—love of forms. Thus love is the driving force behind the contemplation of the ideal world. No wonder, the highest idea for him was the idea of the Good which is the object of the will.

3. 2. St. Augustine

It is through the philosophy of St. Augustine that Franciscan voluntarism got assimilated into the medieval thought. Augustinianism is the full-blown voluntaristic philosophy in the middle ages. Love was the basic motivation in Augustine's life too. His passionate, lustful years of the youth were nothing but the deviations of this fundamental thrust. He cried: *Ama et tolle omnia*—love and take away everything. In Augustinian philosophy and theology, we find a voluntaristic interpretation of Christian message. The roots of Augustinian philo- sophy extend as far as Plato. He thought is through and through permeated by Platonism—from epistemology to ethics. The clue to Augustinianism is its voluntarism or primacy of will over intellect. He apparently down-graded human intellect in so far as it was thought to be incapable of acquiring universal ideas which, according to Augustine, were obtained through an act of God—divine illumination.




Union with God is achieved through will and love, not through intellect and contemplation. Human happiness is to be attained, not in a theoretical contemplation of God, but in loving union and possession of Him. Thus Augustinian ethics is an ethics of love; it is by will that man reaches out to God and takes possession of Him, not by the intellect. Hence, the ethics of Augustine is voluntaristic: primacy of will over intellect. In God too, will is accorded primacy over intellect. The primacy of will is the intrinsic law of being, and it finds its first actuation in God Who has created out of love. This love reaches down even to inferior beings in which it is manifested as instinct and

blind appetite. In man, though reason and knowledge play a part in making choices, the will takes prece-dence over reason. According to Augustine, feelings have a larger role in human life than many intellectualists think, and that many feelings are ethically valuable. The good person is filled with love, for God and for other people—not only friendly good will, but burning and sincere love. Since first love must be love of God, and all other loves must be sub-ordinated to this love, according to Augustine, love signifies order.

The will of God plays an important role in Augustine's theory of creation. God created the world according to the ideas which are in His mind. The created things have their ideas in God, and he saw from all eternity the things he would create. He knew them before creation as they are in Him, as their exemplar. In creating, it is the will that chooses ideas in God's intellect. This doctrine is known as exemplarism. Now these ideas are in fact the Platonic forms now placed in God's mind—the Logos or the Word.

3. 3. St. Bonaventure

We find an exact parallelism between the life of St. Francis of Assisi and the philosophy of St. Bonaventure. As the personal life of the



former culminated in mystical union with God, so the teaching of the latter culminated in mystical doctrine. Bonaventure was the theorist of what, in a practical way, was mirrored in the life of St. Francis. To this purpose, he did not borrow ideas from the rationalism of Aristotle; he disliked Aristotle's thought which gave no place for personal communion with God. Instead, he followed Platonic and Augustinian tradition. Its voluntarism which placed love of God at the centre of every activity, its theory of illumination which made God present to the human soul, its exemplarism which revealed an image of God and His attributes in every creature—all these elements suited to his purpose. According to Augustine, all things, the external and the internal


world, matter and spirit speak to us of God; and this was indeed the mode of thought Bonaventure wanted.

Following Augustine, Bonaventure holds that the apex of human activity is contemplation or mystical union with God. He adopted Augus-tinianism almost completely. For him, philosophy is no armchair speculation, but a journey towards God—*itinerarium mentis ad Deum*. Bonaventure accepted the Platonic-Augustinian tradition with its emphasis on will and love—*eros*. He gave a philo-sophical interpretation to Francis' life of love and passion. Among the human rational faculties, Bonaventure advo- cated primacy of will over intellect, as in the case of St. Augustine. Hence it is necessary to love a thing in order to understand it. Applied to God, we must love Him in order to know Him.

3. 4. John Duns Scotus

Next in the galaxy of Franciscan thinkers comes John Duns Scotus, known as the subtle doctor. In his philosophy, he kept up the Franciscan tradition which emphasized the emotional, mystical, personal and devo-tional aspect of Christian faith, and followed the voluntaristic trend in Franciscan thought. His voluntarism grants primacy of will over intellect in God as well as in man. The will would cease to be will if it were necessarily determined by intellect. It has the power of assenting or denying what is presented by the intellect. Imagination and intellect are indispensable preconditions of the acts of will, but they are not determining causes. The will is more perfect than the intellect since the corruption of will is worse than the corruption of intellect; this would mean that to hate God is worse than not to know God, or not to think of God.

God has created the world through an act of His will. So everything becomes radically contingent. Thus in creating things, God has assigned to everything its own nature: to fire that of heating, to water that of being cold, to air that of being lighter than the earth. Hence it is not absurd that He could have created a universe ruled by laws opposite to those which present-ly govern it. He can change the world at will. Whatever He wills is right. Because all things are contingent on the will of God, nothing in the universe is rational. Hence the divine commandments are neither rational nor necessary. God does not command because they are rational; rather they are rational because God has prescribed them. Therefore, He could have made a society in which murder and polygamy



would not be evil. With regard to the Decalogue, the first three commandments — concerning God—are necessary. That man should have no other gods but God Himself, that he should not take His name in vain, that he should worship Him, are self-evident laws; they follow from God's love of Himself. Hence they are not merely the commands of an arbitrary will. But with regard to other commandments, God is absolutely free to prescribe what He wills. Thus he can create a world in which theft and adultery are virtues. Divine freedom is unlimited and absolute. Granting primacy to will over intellect in God, Duns Scotus held that God is free to do anything which is not contradictory. Thus Scotus has consistently defended the voluntarism of the Augustinian Franciscan tradition.

3.5. William of Occam


Occam was another Franciscan philosopher who was still more radical in the affirmation of voluntarism in God. Occam's razor, "entities are not to be multiplied un-necessarily," shaves of universals as ideas in the mind of man and of God, and also in things as essences. For him, divine ideas implied a limitation of divine freedom and omni-potence because God would be governed and limited in His creative act by eternal ideas. The traditional connection of natural law with the theory of divine ideas constituted an affront to divine liberty; natural law ultimately depends on divine will and choice. According to Occam, on the one hand, God is free and omnipotent, and on the other, creatures are utterly contingent and dependent. God is absolutely free so that He could have created an entirely different world. He could have prescribed quite different rules of morality. The Ten Command-ments completely depend on God's will, and so if God wished, it would be a meritorious act to hate Him. The very principle of contradiction is subject to the free will of God. According to Occam, God's freedom is so absolute that He can even

create what is contradictory, for example, even a square-circle. That means, there is no intelligibility in things; there are no essences nor natures in things; there are no natural laws. With Occam's radical voluntarism, medieval philosophy ended up in skepticism.

4. Conclusion

Voluntarism in Franciscan thought has its origins in the life of St. Francis of Assisi. But as a mode philosophizing, its ultimate roots can be traced to the philosophy of Plato. Voluntaristic tradition continued in medieval thought in the philosophies of St. Augustine and St. Bonaventure. The pillars of the intellectual edifice built by St. Thomas Aquinas were shaken by the voluntarism of Duns Scotus; and it collapsed under the onslaught of Occam's radical voluntarism, which ended up in radical skepticism. It was up to Descartes to start philo-sophizing from the debris of collapsed structure of medieval philosophy.

❖




Golden Jubilee wishes from
Vazhappally Service Co-op. Bank Ltd.K108
Vazhappally, Changanacherry


Golden Jubilee wishes from
ANJELA & ANKITH VATTAKKATT
Ponkunnam

Golden Jubilee wishes from
Josekutty & Rosamma Parakadavil



ഗെദ്സമ്നി അനുഭവങ്ങൾ





വാഴപ്പള്ളിക്കാരുടെ സ്വന്തം ഗെദ്സമ്നി

ഫാ. ജോസ് വെട്ടിക്കാട്ട് കപ്പൂച്ചിൻ

ഗെദ്സമ്നി ആശ്രമത്തിൽ അംഗമായി ഞാനെത്തുന്നത് 1981 മേയ്മാസത്തിലാണ്. ഗെദ്സമ്നിയെപ്പറ്റി പൂങ്കാവനമെന്നാണ് സുവിശേഷത്തിൽ പറഞ്ഞിരിക്കുന്നതെങ്കിലും കർത്താവ് രക്തം വിയർത്ത സ്ഥലവും അതുതന്നെയാണല്ലോ എന്നോർത്തപ്പോൾ ഒട്ടൊരു വിമ്മിഷ്ടത്തോടെയായിരുന്നു ഗെദ്സമ്നിയുടെ പടികയറിയത്. തന്നെയല്ല, പയറ്റിത്തെളിഞ്ഞ മൂന്നാലു മുത്തച്ഛന്മാരുടെ കൂടെയാണ് പൊറുക്കേണ്ടതെന്നുകൂടി ഓർത്തപ്പോൾ മനസ്സിന്റെ മസിലൊക്കെ ഒന്നു വരിഞ്ഞു മുറുകി. എന്നാലും ഒരാശ്വാസം തോന്നിയത് ഒന്നിച്ചു പഠിച്ച ജോസ് പുല്ലോക്കാരനച്ചനാണല്ലോ സുപ്പൂരിയർ എന്നുള്ളതായിരുന്നു. ആള് ആറടിക്കാരനാണെങ്കിലും തിരിച്ചടിക്കാനുള്ള വടി, കൂടെപ്പഠിച്ചതല്ലേ, എന്റെ കയ്യിലുമുണ്ടല്ലോ എന്നൊക്കെയോർത്ത് പല വിചാരത്തോടെയായിരുന്നു തുടക്കം. പക്ഷേ, പിന്നെ സംഭവിച്ചതെന്താണെന്നു ചോദിച്ചാൽ ഞങ്ങൾ ഗെദ്സമ്നീലോട്ടു പോയതേയില്ല എന്നുള്ളതാണ്. ഞങ്ങൾ സ്ഥിരം ഓശാന ഞായറാഴ്ചയിൽതന്നെ അങ്ങുകഴിഞ്ഞു എന്നുള്ളതാണു സത്യം. അടിച്ചുപൊളിച്ചങ്ങാഘോഷിച്ചു രണ്ടുമൂന്നു വർഷം. അതിന് ഏറ്റവുമധികം ഞങ്ങൾ കടപ്പെട്ടിരിക്കുന്നത് വാഴപ്പള്ളിക്കാരോടാണ്. ഗെദ്സമ്നിയിൽനിന്നു പോരുന്നതുവരെയും ചോര വിയർക്കാൻ പോയിട്ട് ഒന്നു നെടുവീർപ്പിടാൻ പോലും അവസരമുണ്ടായില്ല എന്നുള്ളതും സത്യം.

ഇടയനും അജഗണവും എന്നുള്ള സഭയുടെ പ്രബോധനത്തിലെ ദൈവജനസങ്കല്പം അക്ഷരാർത്ഥത്തിൽ അടുത്തറിഞ്ഞനുഭവിച്ച നാളുകളായിരുന്നു ഗെദ്സമ്നിയിലേത്. ഏതു വീട്ടിൽ കയറിച്ചെന്നാലും ഒരു 'വി ഫീലിംങ്'. സമ്പത്തിൽ മാത്രമല്ല, സംസ്കാരത്തിലും സമ്പന്നരായ വാഴപ്പള്ളിക്കാരുടെ പ്രത്യേകത അതാണ്. തലയെടുപ്പുണ്ടെങ്കിലും തലക്കനമില്ലാത്തവരാണ് അവരെന്ന് ഗെദ്സമ്നിയിൽ സേവനം ചെയ്തിട്ടുള്ള എല്ലാ അച്ചന്മാരും സമ്മതിക്കുന്ന കാര്യമാണ്.

ദൈവജനത്തിന്റെ വിശ്വാസജീവിതത്തിന്റെ നിലവാരം പെട്ടെന്നളക്കാനുള്ള മാനദണ്ഡം അവരുടെ ദിവ്യബലിയർപ്പണത്തിലെ സജീവത്വമാണല്ലോ. ഇടദിവസങ്ങളിലെ രണ്ടു കുർബാനയ്ക്കും, ഞായറാഴ്ചകളിലെ നാലു കുർബാനയ്ക്കും എന്നും 'ഹൗസ്ഫുൾ' ആയി ബലിയർപ്പിച്ചിട്ടുള്ളത് ഗെദ്സമ്നിയിൽ മാത്രമാണെന്നു തോന്നുന്നു. 'പള്ളിവാതിൽക്കാരും' 'പള്ളിപ്പുറത്തുകാരും' തീരെയില്ലാത്ത പള്ളിയും ഗെദ്സമ്നിപ്പള്ളിയായിരിക്കണം. 'മുന്നോട്ടു വാ' എന്നും പറഞ്ഞ് വാ പൊളിക്കേണ്ട ആവശ്യമോ 'ഉറക്കെച്ചൊല്ല്' എന്നും വഴക്കുണ്ടാക്കേണ്ടയാവശ്യമോ അച്ചന്മാർക്ക് ഒരിക്കലും ഉണ്ടാകാത്ത പള്ളിയും വേറെയധികം കാണില്ല.

വലിച്ചുവാരിയും നീട്ടിപ്പരത്തിയും പറയാനും കേൾക്കാനും ഇഷ്ടപ്പെടുന്നവരല്ല വാഴപ്പള്ളിക്കാർ. തുടക്കത്തിൽ എനിക്കങ്ങനെയൊര അക്കിടി പറ്റിയതാണ്. ഉച്ച കഴിഞ്ഞസമയം, ഒരു വീട്ടിൽ ചെന്ന് വർത്തമാനം പറഞ്ഞിരുന്നു. സാധാരണ നാലുമണിക്ക് ഒരു ചായ കുടിക്കുന്ന സമയമായി. ഒന്നു കിട്ടിയാൽ കുടിക്കാമായിരുന്നു എന്നു തോന്നിയ സമയത്താണ് ആ വീട്ടിലെ ശ്രീമതി 'വന്നിട്ടൊന്നും തന്നില്ലല്ലോ ഒരു ചായയെടുക്കട്ടെ അച്ചാ' എന്നു ചോദിച്ചത്. സാധാരണ നാട്ടുമ്പുറം ശൈലിയിൽ ഗമയ്ക്ക് 'ഓ വേണ്ട' എന്നു ഞാനും പറഞ്ഞു. 'എന്നാലും കുടിക്കാമച്ചാ' എന്നു നിർബന്ധിക്കുമെന്നോർത്തു ഞാനങ്ങനങ്ങു പറഞ്ഞുപോയതാ. രണ്ടാമതവരൊട്ടു ചോദിച്ചുമില്ല, ചായയൊട്ടു കിട്ടിയുമില്ല! അതോടെ വാഴപ്പള്ളിക്കാരുടെ സ്വഭാവം മനസ്സിലായി. പിന്നെയെനിക്കു ചായക്ക് ഒരിക്കലും മുട്ടുവന്നിട്ടുമില്ല.

അതേസമയം കഴമ്പുള്ളതു പറഞ്ഞാൽ ഇരുന്നു കേൾക്കാൻ മനസ്സുള്ളവരാണെന്നതും സത്യം. ഞായറാഴ്ച പ്രസംഗമെങ്ങാനും പരിധിവിട്ടു നീണ്ടുപോയാൽ അന്നൊക്കെ ലാൻഡ് ഫോൺ മാത്രമേ ഉണ്ടായിരുന്നുള്ളുവെങ്കിലും കുർബാന കഴിഞ്ഞാൽ ചറപറ ഫോൺകോൾ ഉറപ്പായിരുന്നു. അതുകൊണ്ട് ഒരിക്കലൊരച്ചൻ പ്രസംഗത്തിൽ പറഞ്ഞു തുടങ്ങിയ കഥ ആരോ വാച്ചിൽ തെരുതെരെ നോക്കുന്നതു കണ്ട് പാതിയാക്കി നിർത്തിയ ചരിത്രമൊക്കെ പ്രായത്തിൽ മുതിർന്ന വാഴപ്പള്ളിക്കാർ ഓർക്കുന്നുണ്ടാകും. പ്രസംഗത്തിൽ വല്ല വിവരക്കേടും വിളമ്പിയാൽ വിവരമറിയുകേം ചെയ്യും. ഒരിക്കലൊരമ്മച്ചി തന്ന മരുന്നിന്റെ നീറ്റല് ഇപ്പഴും പോയിട്ടില്ല.

'ദാ വന്നു, ദേ പോയീ' ന്നു പറഞ്ഞതുപോലെയുള്ള ഇന്നത്തെ ന്യൂജൻ ബന്ധങ്ങൾ വാഴപ്പള്ളിക്കാർക്ക് അന്യമാണ്. സൗഹൃദവും സ്നേഹവും വിലമതിക്കുന്നവരും നിലനിർത്തുന്നവരുമാണ് അവരെന്നാണ് എന്റെയനുഭവം. ഗെദ്സമ്നിയോടു വിട പറഞ്ഞിട്ട് പത്തുമുപ്പത്തഞ്ചു കൊല്ലങ്ങളായെങ്കിലും വിളിച്ചുകൊണ്ടുപോയി ചെലവൊന്നും ചെയ്യാറില്ലെങ്കിലും അന്നത്തെ സ്നേഹബന്ധങ്ങളും വളരെ ഊഷ്മളമായി തുടരുന്ന ഒത്തിരിപ്പേരുണ്ട് എനിക്കിപ്പോഴുമവിടെ.

ഒരു ഇടവക പള്ളിയാണെങ്കിൽ അവിടെ ചെയ്യുന്ന സേവനങ്ങൾക്ക് ഏതെങ്കിലും അവസരത്തിൽ എന്തെങ്കിലും തരത്തിൽ അതിനുള്ള പ്രത്യേക പരിഗണനകൾ ലഭിക്കാൻ സാധ്യതയെങ്കിലുമുണ്ട്. എന്നാൽ ഒരുതരത്തിലും അങ്ങനെയെങ്ങുമുള്ള ആനുകൂല്യങ്ങളും ഒരു മൊട്ടുസൂചിപോലും അശേഷം പ്രതീക്ഷിക്കാനില്ല എന്ന



Golden Jubilee wishes from

Devasiachan Vaipicherry & family

Vazhappally

റിഞ്ഞുകൊണ്ടുതന്നെ സമയവും സമ്പത്തുമൊക്കെ ഗെദ്സമ്നിക്കുവേണ്ടി ചെലവഴിക്കാൻ പിശുക്കു കാട്ടാത്ത കുടുംബങ്ങളാണ് വാഴപ്പള്ളിയിലേതെന്ന് നന്ദിയോടെ ഓർക്കുന്നു.

ഞങ്ങൾ ആശ്രമവാസികളുടെ ഭാഗത്തുനിന്നും അപ്രിയമായതെന്തെങ്കിലുമൊക്കെ വല്ലപ്പോഴുമൊക്കെ സംഭവിച്ചപ്പോഴും അതൊക്കെ പകയതയോടെ മാർജിനിലേയ്ക്കു തള്ളാനുള്ള ആർജ്ജവത്വവും, കപ്പൂച്ചിനച്ചന്മാരും മനുഷ്യരാണ് എന്ന ഔദാര്യമനോഭാവവും കാണിക്കാനും വാഴപ്പള്ളിനിവാസികൾ ഒരു മടിയും കാണിച്ചിട്ടില്ല എന്നുള്ളതും മറക്കാൻ പറ്റില്ല.

ഗെദ്സമ്നിയുടെ സ്വന്തം വാഴപ്പള്ളിക്കാരും വാഴപ്പള്ളിക്കാരുടെ സ്വന്തം ഗെദ്സമ്നിയും എന്നൊരു ഫീലിംങ് എപ്പോഴും ഉണ്ടായിരുന്നു. ബ. ജരാർദ്ദച്ചൻ തുടക്കമിട്ട ആ ഒരു സ്വന്തം ഫീലിംഗ് പൂർവാധികം പ്രോജ്വലമാകട്ടെ തുടർന്നും എന്ന് ഈ സുവർണ്ണ ജൂബിലിവേളയിൽ ആശംസിക്കുന്നു.



മാമോദീസ മുതൽ മാമോദീസ വരെ

ഡോ. ഡോണ ചെറിയാൻ കിഴക്കേക്കുറ്റ്

ജനിച്ചൊൻപതാംനാൾ മാമോദീസ വെള്ളം തലയിൽ വീണു സെലീന ആയത് ഇവിടെ ഈ അൾത്താര മുന്നിലാണ്. പൊന്നരഞ്ഞാണത്തിന്റെ പവൻതൂക്കമില്ലാതെ പൊന്നും വളയും തളയും മാലയുമില്ലാതെ ഒരു വെള്ളത്തുണിയുടെ ഭാരമില്ലായ്മയിലാണ് എന്റെ കൊച്ചു ജീവൻ തുടങ്ങുന്നത്. തലയിൽ മാമോദീസാ വെള്ളം വീണപ്പോൾ ഒന്നു ഞരങ്ങിയിട്ടുണ്ടാവണം. പിന്നെയാ തണുപ്പിൽ സുഖിച്ചുറങ്ങിയിട്ടുണ്ടാവണം. ആ ഉറക്കത്തിൽ പാല് സ്വപ്നം കണ്ടൊന്നു ചിരിച്ചിട്ടുണ്ടാകണം. ഫ്രാൻസീസിന്റെ കയ്യിൽ തൂങ്ങി ഏദൻ തോട്ടത്തിൽ പോയി വീണ്ടും പാലു കുടിച്ചിട്ടുണ്ടാകണം. സ്വർണത്തിൽ പൊതിഞ്ഞു പാൽകുഞ്ഞുങ്ങളെ സ്നേഹിച്ചുപദ്രവിക്കുന്ന പരിപാടി അന്ന് ഇല്ലെന്നാണു തോന്നുന്നത്. എന്തുതന്നെയാണെങ്കിലും ഇവൾ സെലീന എന്നു വിളിക്കപ്പെടും എന്നും ആടയാഭരണങ്ങൾ അണിയാതെ ജീവിക്കുമെന്നും ഒരു കന്യാസ്ത്രി ആകുമെന്നും അന്നവിടെവച്ചു ഗാസ്പർ അച്ചൻ പ്രവചിച്ചു. എല്ലാം നടന്നു, കന്യാസ്ത്രി ഒഴിച്ച്. അന്നുമുതലാവണം എന്റെ ഗെദ്സമ്നി ജീവിതം തുടങ്ങുന്നത്.

തറവാട്ടുവീട്ടിൽനിന്ന് ഒരു കല്ലേറു ദൂരം മാറിയാൽ ഗെദ്സമ്നി ആയി. കൊച്ചുപ്രായത്തിലെ ഫാന്റസിയെല്ലാം പള്ളിമുറ്റത്തെയും പള്ളിയെയും ചുറ്റിപ്പറ്റിയായിരുന്നു. സത്യം! ഓർമയിൽ ആദ്യത്തേത് അമ്മയുടെ വായിൽവച്ചുകൊടുക്കപ്പെട്ട ഓസ്തിയാണ്. വല്യസംഭവം ആയിരിക്കും എന്നു വിചാരിച്ചു. ആദ്യമൊക്കെ അമ്മയുടെ എളിയിൽ കയറിയിരുന്നു ഞാനും വാ പൊളിച്ചു നോക്കി. ആരും തന്നില്ല. പിന്നെ അമ്മ



Golden Jubilee wishes from

Mrs. BABY LOJAN & family Thadikulangara

Palarivattom

യുടെ വാ ബലമായി തുറന്ന് എടുത്തു തിന്നാം എന്നു വിചാരിച്ചു. ചിരിച്ചുകൊണ്ട് അമ്മ വാ പൂട്ടിവച്ചു. ഓസ്തി മഴ പെയ്യുന്നതും വാ പൊളിച്ചു ഞാൻ അതൊക്കെ ഞൊട്ടിനുണയുന്നതും സ്വപ്നം കണ്ടു. പിന്നെ കിട്ടില്ല എന്ന് ഉറപ്പായപ്പോൾ ഓ, പുളിയായിരിക്കും എന്നു പറഞ്ഞു വിട്ടു. ഭ്രമിച്ചതുകൊണ്ടുമാത്രം ഒന്നും കിട്ടില്ല എന്നു മാത്രം മനസ്സിലായി. ഭ്രമകല്പനകളുടെ ബാല്യകൗമാരങ്ങൾ തുടങ്ങാനിരിക്കുന്നതേ ഉണ്ടായിരുന്നുള്ളൂ.

പത്താം വയസ്സിൽ ആദ്യകുർബാന സ്വീകരണത്തിന് ഒരുക്കം തുടങ്ങി. വല്യ കൊച്ചായെന്നു ഞാൻ സ്വയം വിശ്വസിച്ചു. ഇനിമുതൽ എല്ലാ ശനിയും ഞായറും പള്ളിയിൽ പോകണം എന്നും ചേച്ചിയമ്മയും ആയി വഴക്കു പാടില്ല എന്നും ചേട്ടൻമാരുടെ കൂടെ കണ്ടവരമ്പത്തു തെണ്ടിത്തിരയുന്നതു നിർത്തണം എന്നും ദിവസം രണ്ടുനേരം വൃത്തിയായി കുളിക്കണം എന്നും അമ്മ പറയുന്നത് കുറച്ചു വിഷമത്തോടെയാണു കേട്ടത്. എല്ലാം പോട്ടെന്നു വയ്ക്കാം. പക്ഷേ കണ്ടത്തിൽ പോയാലെന്നാ. ഫ്രാൻസിസ് വഴിനീളേ നടന്നു കാക്കയോടും പൂച്ചയോടും മിണ്ടിയതല്ലേ? പിന്നെന്താ എനിക്കായാൽ. വേനലവധിക്കു മഠത്തിൽ ആണ് ഒരുക്കം. കത്തുന്ന വേനലിൽ ഓടിട്ട ക്ലാസ്മുറിയിലെ പൊള്ളുന്ന ചൂടിൽ ജപമാല കാണാതെ പഠിക്കുമ്പോൾ മനസ്സ് ചിറയിലെ മരത്തണലിൽ ആണ്. നല്ല സ്വാഭാവം കാണിച്ചില്ലേൽ അടുത്ത കൊല്ലമേ ആദ്യകുർബാന നടത്തൂ എന്ന ഭീഷണിയിൽ ഞാൻ വീണു. നാണക്കേടാണ്. കൂട്ടുകാരിൽ പലരും തലേവർഷംതന്നെ നല്ലവർ ആയി കുർബാന സ്വീകരണം കഴിഞ്ഞു. ഇത്തവണ നടന്നില്ലേൽ നാണക്കേടാ. പിയർ പ്രഷർ തലയ്ക്കു പിടിച്ചു. പോരാത്തതിന് ചേച്ചിയമ്മേടെ കുർബാന കൈക്കൊള്ളപ്പാടിന് മൂക്കുത്തിയും ഹീറോ പേനയും ഒക്കെ കിട്ടയതാണ്. അതൊന്നും വേണ്ടാന്നു വയ്ക്കാനും വയ്യാ. അങ്ങനെ ഞാനും നന്നായി. വഴക്കു പറ്റാവുന്നത്ര കുറച്ചു. കണ്ടത്തിൽപോക്കു കുറഞ്ഞു. എത്ര വിചാരിച്ചാലും ഇടയ്ക്കു തനിസ്വഭാവം പുറത്തുചാടും. ആദ്യകുർബാനയക്കാണ് ആദ്യത്തെ ഹീറോ പേന കിട്ടുക. അതോടെ കൈയക്ഷരം നന്നാകും എന്നു വിചാരിച്ചു. പിന്നെ വലിയവരെപ്പോലെ സ്റ്റൈലിൽ എഴുതാം. മേയ്മാസത്തെ കത്തുന്ന ചൂടിൽ കുർബാനയപ്പം കൈക്കൊള്ളുമ്പോൾ തലയ്ക്കു മുകളിൽ പൊള്ളുന്ന കാറ്റ്, ഫാനിന്റെ ചൂടുകാറ്റിനെ പരിശുദ്ധാത്മാവ് തീനാളങ്ങളായി ഇറങ്ങിവരുന്നതായി സങ്കല്പിക്കാൻ നല്ല രസം. എന്നാലും എന്തൊരു ചൂട്. വെള്ള ഫ്രിൽ ഉടുപ്പിൽ, വിയർപ്പിൽ മുങ്ങി നിവർന്ന് കുർബാന കൈക്കൊള്ളപ്പാട് കഴിഞ്ഞു. ഹീറോ പേനയും ചോക്ലേറ്റ് പെട്ടിയും കിട്ടി. അന്നത്തെ ദിവസം വളരെ നല്ല കുട്ടിയായി. പിറ്റേന്ന് മുതൽ പഴേപോലെ തല്ലുംപിടീം തുടങ്ങാല്ലോ. അതോടുകൂടി ഓസ്തിയപ്പത്തോടുള്ള ഫാന്റസി തീർന്നു. പിന്നെ ആകെ ഉള്ള ആശ്വാസം അനിയന്മാരെ പറഞ്ഞു കൊതിപ്പിക്കലാണ്. അവർക്കിനീം രണ്ടുമൂന്നു വർഷോംകൂടെ കാത്തിരിക്കണം.

വലുതാകുംതോറും കൂട്ടുകൂടലും പള്ളിമുറ്റത്തായി. അങ്ങനെ ശനിയാഴ്ച കുർബാന ഒരു ചിട്ടയായി. കൂട്ടുകാർ ഒക്കെ വരും സ്കൂളിൽ. പറഞ്ഞു തീരാത്ത വിശേഷങ്ങൾ, മറ്റു പള്ളിക്കൂടങ്ങളിലെ വിശേഷങ്ങൾ, ചില്ലറ ഗോസ്സിപ്, ആത്മസൗഹൃദങ്ങൾ, ഇച്ഛാഭംഗങ്ങൾ - ഒക്കെയും മുറ്റത്തെ ഒറ്റമരത്തിൽ പൂത്തുകായിച്ചുകിടന്നു. അതിനിടയിൽ ക്രിസ്മസ് വന്നു. ഈസ്റ്റർ വന്നു. ഓണവും ഓണപ്പൂക്കളവും പെരുന്നാളും




Golden Jubilee wishes from

Mrs. LIJI JOSE & FAMILY Thuruthil kollam

പ്രദക്ഷിണവും വെടിക്കെട്ടും വന്നു. പുതിയ കൂട്ടുകാർ വന്നു. ഞങ്ങൾ അറിയാതെ തന്നെ ഞങ്ങൾ വളർന്നു.

പതിനെട്ടാം വയസ്സിൽ ഹോസ്റ്റൽ ജീവിതം തുടങ്ങാൻ പോകുമ്പോൾ അടുക്കിക്കൂട്ടിയ പെട്ടിയിൽ ഡയറിയോടൊപ്പം ഒരുപിടി ഓർമകളും എടുത്തു - ഒരു മയിൽപീലി, വാടി ഉണങ്ങിയ ഒരു പൂ, പള്ളിമുറ്റത്തെ പൂത്ത ചില്ല - ഓർമകളുടെ ആകെത്തുകയാണ്. പിന്നെ ഏതോ വരവിൽ അറിഞ്ഞു മുറ്റത്തെ മരം വെട്ടിയെന്ന്. ഞങ്ങളടക്കം എത്രയോ സൗഹൃദകൂട്ടങ്ങളുടെ ഓർമകളെ പൂവായും കായായും മണ്ണിൽ കാത്തു വച്ച പേരറിയാത്ത ഒറ്റമരം. പള്ളിസമൂഹം വലുതാകുകയാണ്. സ്ഥലം ആവശ്യമായിരുന്നിരിക്കണം. പ്രായം കൂടിവരുംതോറും നാട്ടിൽ വരവുകൾ ആഴ്ചകളിൽനിന്ന് മാസങ്ങളിലേക്കും വർഷങ്ങളിലേക്കും നീണ്ടുതുടങ്ങി. പുതിയ സൗഹൃദകൂട്ടങ്ങൾ പുതിയ തൈമരത്തിനു ചുറ്റും വളരുന്നത് ദൂരെനിന്നു കണ്ടു പുഞ്ചിരിച്ചു.

വർഷങ്ങൾക്കിപ്പുറം വീണ്ടുമീ പള്ളിനടയിൽ നിൽക്കുകയാണ്. മകന്റെ തലയിൽ ആങ്ങളക്കൊച്ചൻ അച്ചൻ മാമ്മോദീസ വെള്ളം ഇറ്റിച്ചു വീഴ്ത്തുമ്പോൾ ഒരു വെള്ളത്തുണിയുടെ ഭാരമില്ലായ്മയിൽ അവൻ സുഖമായി ഉറങ്ങി. ഉറക്കത്തിൽ പാല് സ്വപ്നം കണ്ടു മനോഹരമായി ചിരിച്ചു. ഏദൻതോട്ടത്തിൽ ഫ്രാൻസീസിന്റെ ഒപ്പം ഒരു കുഞ്ഞുകൂടി വളരുന്നു. കുഞ്ഞുജീവിതം തുടങ്ങാൻ ഒരു വെൺകച്ചയുടെ വിശുദ്ധിയും തലയ്ക്കൽ പിടിക്കാൻ കരുതലുള്ള കൈകളും മാത്രം മതി. മുറ്റത്തൊരു തൈമരം നീലാകാശത്തോളം കൈകൾ വിരിക്കുന്നു.



വിശ്വാസവഴിയിലെ താങ്ങും തണലും

ഏയ്ഞ്ചൽ റോസ് ജോസഫ് പരുവംമൂട്ടിൽ

"All the darkness in the world cannot extinguish the light of a single candle."
St. Francis Assisi

എന്റെ ഗെദ്സെമ്നി എന്നത് ഒരു പാഠപുസ്തകമാണ്. ഏറെ അനുഭവങ്ങളും പകർത്താനുതകുന്ന ഏറെ മാതൃകകളും സമ്മാനിക്കുന്ന ഒന്ന്. ആ പുസ്തകത്തിന്റെ മാധുര്യം അറിയാത്തവരായി ആരുമുണ്ടാവില്ല ഈ സമൂഹത്തിൽ..

കുഞ്ഞുന്നാളിലൊക്കെ ഏറെ അതിശയമായിരുന്നു ചെന്നായയെ ചാരത്തു നിർത്തി പള്ളിയുടെ മുന്നിൽ നിൽക്കുന്ന ആ വിശുദ്ധനെക്കുറിച്ച്. പിന്നീട് വളർച്ചയുടെ ഓരോ ഘട്ടത്തിലും കൂടുതൽ കൂടുതൽ അറിഞ്ഞു, പ്രകൃതിസ്നേഹിയായ ആ രണ്ടാംക്രിസ്തുവിനെക്കുറിച്ച്. വലിയ അത്ഭുതങ്ങൾ എന്തെങ്കിലും ചെയ്തിട്ടുണ്ടോ എന്നറിയില്ല. എന്തായാലും അത്ഭുതങ്ങളുടെ പേരിലല്ല, അതിലുപരി പ്രകൃതിസ്നേഹിയായ സകലജീവ ജാലങ്ങളോടും സംസാരിക്കുന്ന, ലോകത്തിൽ ഉള്ള സകലതിനേയും

Golden Jubilee wishes from
Pulimoottil Opticals
Perunna, Changanacherry-2

സഹോദരനായികാണുന്ന 'സർവ്വസഹോദര്യം' എന്ന മുഖമുദ്രയാലാണ് ദരിദ്രനും വിനീതനും ക്രൂശിതനുമായ ക്രിസ്തുവിനെ ഏറെ അനുകരിച്ച ആ രണ്ടാം ക്രിസ്തുവിനെ എനിക്കേറെയിഷ്ടം. വ്യക്തിപരമായി ഏറെ ആഗ്രഹിപ്പിച്ച ഒന്നാണ് ആ കാപ്പിപ്പൊടി ഉടുപ്പും വെളുത്ത ചരടും.

ജനിച്ചുവീണനാൾമുതൽ വിശ്വാസതീഷക്ഷ്ണതയിൽ വളരാൻ ഗെദ്സെമ്നി ഒരുപാടു സഹായിച്ചിട്ടുണ്ട് മാതാപിതാക്കൾ എസ്.എഫ്.ഒ.-മൂന്നാംസഭയിലെ സജീവ അംഗങ്ങളായിരുന്നതിനാൽ ചെറുപ്പത്തിൽതന്നെ അവരോടൊപ്പം മീറ്റിങ്ങിൽ പങ്കെടുക്കാൻ ആശ്രമത്തിൽ എത്തുമായിരുന്നു. അവിടെ തുടങ്ങി ഫ്രാൻസിസികൻ ചിൽഡ്രൻസ് ലീഗിലും, യുവദീപ്തിയിലുമൊക്കെ സജീവമായി പ്രവർത്തിക്കാൻ സാധിച്ചു.

ഇന്നത്തെ സമൂഹികാന്തരീക്ഷത്തിൽ സ്വന്തം അഭിപ്രായങ്ങൾ പറയാനും ഒരു സദസ്സിനെ അഭിമുഖീകരിച്ച് സംസാരിക്കാനും ഒക്കെ സാധിക്കുന്നതിൽ ഈ സംഘട നാപ്രവർത്തനങ്ങൾ മുഖ്യ പങ്കു വഹിക്കുന്നു. വിറച്ചുനിന്ന പല അവസരങ്ങളിലും ഈ കാപ്പിപ്പൊടി ഉടുപ്പിട്ട അച്ചൻമാർ തന്ന ധൈര്യത്തിനു നന്ദി പറയാൻ വാക്കുകളില്ല.

സമൂഹത്തിലെ ഓരോരുത്തരുമായി പരസ്പരം വ്യക്തിബന്ധം സൂക്ഷിക്കുന്നതിൽ അച്ചൻമാർ ശ്രദ്ധിച്ചിരുന്നതിനാൽ വ്യക്തിപരമായ പല പ്രശ്നങ്ങൾക്കും ഒരുത്തരം തരാൻ അച്ചൻമാരോടുള്ള സംസാരത്തിലൂടെ സാധിച്ചിരുന്നു. കലാലയജീവിതത്തിൽ വിശ്വാസപരമായ പല വാഗ്വാദങ്ങളിലും അടിപതറുമ്പോൾ സംശയനിവാരണത്തിന് എത്തിയതും വിശ്വാസവഴിയിൽ ഇടറിവിഴാതെ പിടിച്ചുനിർത്തിയതും ഗദ്സമനിയിലെ വൈദികരാണ്.

ഗദ്സെമൻ ആശ്രമം അതിന്റെ അൻപതാണ്ട് പിന്നിടുമ്പോൾ 22 വർഷത്തോളം ആ സമൂഹത്തിന്റെ ഭാഗമാകാൻ സാധിച്ചതിൽ ദൈവത്തിനു നന്ദി... ഇനിയും അനേകരിലേക്ക് വിശ്വാസത്തിന്റെ ദീപ്തി പകരാൻ ഗദ്സെമൻ ആശ്രമത്തിനും ആശ്രമത്തിലെ വൈദീകർക്കും കപ്പുച്ചിൻ സഭയ്ക്കും കഴിയട്ടെ എന്നാശംസിക്കുന്നു....

വിശ്വാസവഴിയിൽ താങ്ങും തണലുമായതിന്, നല്ല വഴികാട്ടിയായതിന്... വീഴ്ചയിൽ കൈപിടിച്ച് ഉയർത്തിയതിന് ഗദ്സെമനിയോട് ഏറെ നന്ദി.....



Golden Jubilee wishes from
Pulimoottil Opticals
Perunna, Changanacherry-2


Golden Jubilee wishes from
Vazhappally Service Co-op. Bank Ltd.K108
Vazhappally, Changanacherry



Golden Jubilee wishes from
Mr. P. K. Babu Puthenparambil, USA

പ്രശാന്തമായ നീർച്ചാലിനരികെ



പ്രിൻസ് മാത്യു പീറ്റർ, കരിമഠം

എന്റെ മാതാപിതാക്കളും, വിശുദ്ധഗ്രന്ഥവും, വേദപാഠക്ലാസ്സുകളും പകർന്നു നൽകിയ പൂർവ്വികരിൽനിന്നും എന്നിലേക്ക് ഒഴുകിയെത്തിയ വിശ്വാസത്തിന്റെ വെളിച്ചത്തിൽ അമ്പതു വർഷത്തെ അനുഗ്രഹവർഷത്തിന്റെ പൊൻപ്രഭയിൽ വിളങ്ങി നിൽക്കുന്ന എന്റെ ഗെദ്സമ്നി ദേവാലയത്തെക്കുറിച്ചുള്ള ചിന്തകൾ ഞാൻ കുറിക്കട്ടെ.

എന്റെ കുഞ്ഞുനാളിലെ ഗെദ്സമ്നി ഒരു നേരിയ ഓർമ്മ മാത്രമാണ്. ആ പ്രായത്തിൽ മാതാപിതാക്കളോടൊപ്പം അബുദാബിയിലായിരുന്നു ഞാനും ചേട്ടനും എന്റെ കുഞ്ഞനുജനും വളർന്നുവന്നത്. വർഷം തോറും അവധിക്കാലത്ത് നാട്ടിലെത്തുമ്പോൾ മമ്മി (അച്ചാച്ചന്റെ അമ്മ) ഞങ്ങളെ എല്ലാ ദിവസവും പള്ളിയിൽ കൊണ്ടുപോകുമായിരുന്നു. അബുദാബിയിൽ മടങ്ങിയെത്തുമ്പോൾ നഷ്ടപ്പെടുന്ന നാടിന്റെ നന്മകളെക്കുറിച്ചുള്ള ഓർമ്മകളിൽ ഗെദ്സമ്നി നിറഞ്ഞുനിന്നു.

പള്ളിയെക്കുറിച്ചുള്ള ഓർമ്മകൾ എന്നിൽ സജീവമാകുന്നത് ചേട്ടന്റെ (ജോസൻ) ആദ്യകുർബ്ബാന സ്വീകരണസമയത്തോടെയാണ്. ഞങ്ങൾ രണ്ടുപേരുടെയും ആദ്യകുർബ്ബാന സ്വീകരണം ഗെദ്സമ്നി ദേവാലയത്തിലായിരുന്നു. ഞങ്ങൾ പള്ളിയോടു കൂടുതൽ അടുത്തു. അന്ന് എന്റെ ബന്ധുവായ ജെറിച്ചേട്ടൻ ശുശ്രൂഷി ആയതു കണ്ടപ്പോൾ എന്റെ ഉള്ളിലും മോഹം ഉദിച്ചു. തിരിച്ച് അബുദാബിയിലെത്തിയപ്പോൾ ഞങ്ങളും അൾത്താരബാലന്മാരായി ദിവ്യബലിയിൽ പങ്കെടുത്തു തുടങ്ങി. 2016-ൽ ഞങ്ങൾ നാട്ടിൽ മടങ്ങിയെത്തി. അന്ന് ജോമോനച്ചൻ ഞങ്ങളെ ശുശ്രൂഷികളായി തുടരാൻ അനുവദിച്ചു. ഇപ്പോഴും സന്തോഷത്തോടെ ശുശ്രൂഷികളായി തുടരുന്നു. ഗെദ്സമ്നിയിലെ ബഹുമാനപ്പെട്ട വൈദികർ ഞങ്ങളുടെ ആത്മീയവളർച്ചയിൽ വളരെയധികം ശ്രദ്ധിച്ചിരുന്നു. വിശുദ്ധഗ്രന്ഥവായനയിൽ പോലും ചിട്ടയായ പരിശീലനം നൽകിപ്പോന്നു. ക്രിസ്മസ് ആഘോഷങ്ങളിൽ - പുൽക്കൂട്, ക്രിസ്മസ് ട്രീ തയ്യാറാക്കൽ എന്നിവയിൽ ഞങ്ങൾ ആവേശത്തോടെ പങ്കെടുക്കുന്നു. എല്ലാ വർഷവും ഉള്ള പിക്നിക്കിനുവേണ്ടിയും ഞങ്ങൾ ആകാംക്ഷയോടെ കാത്തിരിക്കുന്നു.

ഇന്ന് ഗെദ്സമ്നി എന്റെ ജീവിതത്തിന്റെ ഭാഗമായി മാറിക്കഴിഞ്ഞു. ഈശോയ്ക്കറിയാം ഗെദ്സമ്നി നമ്മുടെ വീടാണെന്ന്. സങ്കടങ്ങളിൽ കരുത്തായി, സന്തോഷങ്ങളിൽ ആലംബമായി, വിശ്വാസത്തിന്റെ കൂട്ടായ്മയിൽ നമ്മെ നിലനിർത്തുന്ന ദൈവികഭവനം. അമ്മയുടെ ഉദരത്തിലെന്നപോലെ നമ്മെ സുരക്ഷിതരായി കാത്തുപാലിക്കുന്ന ഭവനം.

എന്റെ പ്രിയപ്പെട്ട ഗെദ്സമ്നി, ഇനിയും അനേകവർഷങ്ങൾ ദൈവാനുഗ്രഹത്തിന്റെയും, ദൈവസാന്നിധ്യത്തിന്റെയും വറ്റാത്ത ഉറവിടമായി ദൈവികഭവനമായി പ്രശോഭിക്കുവാൻ നിനക്കു സാധിക്കട്ടെ.

"സുവർണ്ണ ജൂബിലിയുടെ ആശംസകൾ"



ഗെദ്സമനി എന്ന എന്റെ വികാരം

ഡോ.എൻ.പി. ജോസഫ്, നെല്ലിക്കുന്നത്ത്, പുതുക്കാട്

വാഴപ്പള്ളി മതുമൂലയിൽനിന്നു നോക്കിയാൽ കൺദൂരത്തിൽ റോഡിന്റെ കിഴക്കുഭാഗത്ത് ഒരു രണ്ടു നിലമാളിക സ്ഥിതിചെയ്തിരുന്നു. എം.സി.റോഡിൽനിന്നും നേരിട്ടുതന്നെ ഈ മാളികയിലേക്ക് കയറിച്ചെല്ലുന്നതിനുള്ള വാതിൽ ഉണ്ടായിരുന്നു. നാട്ടുകാരുടെ വകയായിരുന്ന ഈ മാളിക വാഴപ്പള്ളി കരയോഗം എന്നാണറിയപ്പെട്ടിരുന്നത്. ആ വാതിൽ കടന്നു ചെന്നാൽ വിശാലമായൊരു ഹാളായിരുന്നു. ആ ഹാൾ വായനശാലയായും ലൈബ്രറിയായും നാട്ടുകാർക്കു തുറന്നുകൊടുത്തിരുന്നു. രണ്ടു മൂന്നു വലിയ മേശകളും ബെഞ്ചുകളും ആ ഹാളിൽ ഉണ്ടായിരുന്നതു കൂടാതെ ലൈബ്രറി പുസ്തകങ്ങൾ സൂക്ഷിക്കുന്നതിനുള്ള അലമാരകളും ഉണ്ടായിരുന്നു. അക്കാലത്ത് പ്രസിദ്ധീകരിച്ചിരുന്ന മനോരമ, ദീപിക, കേരളഭൂഷണം കൂടാതെ കുറേ മാസികകളും ആഴ്ചപതിപ്പുകളും അവിടെ വരുത്തിയിരുന്നു. ആ നാട്ടിലെ യുവാക്കളും കുട്ടികളും മുതിർന്നവരും ഈ സ്ഥാപനം നന്നായി ഉപയോഗിച്ചിരുന്നു. ഹാളിന്റെ തെക്കുഭാഗത്തായി ഭിത്തിയോടു ചേർന്നുള്ള കോവണിവഴി മുകളിലെ ഹാളിൽ ചെന്നാൽ അവിടെയും കുറെ മേശയും കസേരകളും ഉണ്ടായിരുന്നു. ഞായറാഴ്ച ദിവസങ്ങളിൽ പ്രായമായവരും യുവാക്കളും ഈ ഹാളിൽ റമ്മി, കാരംസ് മറ്റും കളിക്കുന്നതിനായി ഒത്തുകൂടുമായിരുന്നു.

ഗെദ്സമ്നി ആശ്രമത്തിന്റെ വരവോടുകൂടി ഒരു പുതുവെളിച്ചം വാഴപ്പള്ളി ദേശത്തിനു സംജാതമായി. ആത്മീയമായും ഭൗതികമായും ആ നാടിനു ഉയർച്ച കൈവന്നു. ഇന്ന് ആശ്രമദേവാലയം അതിന്റെ സുവർണ്ണജൂബിലി ആഘോഷത്തിനായി തയ്യാറെടുത്തുകൊണ്ടിരിക്കുന്നു. ഈ തെക്കുഭാഗത്തുള്ള മതിൽ സ്ഥിതിചെയ്യുന്നത് ഇതെഴുതുന്ന ആളിന്റെ പിതാവായ ഡോ. എൻ. എം. ഫിലിപ്പ് അവർകളുടെ വസ്തുവിന്റെ വടക്കേഅതിരിൽ ആണ്. ആശ്രമം സ്ഥാപിക്കുന്നതിനായി ആദ്യമായി എത്തിച്ചേർന്ന ജറാർഡ് അച്ചൻ, ഫ്രാൻസിസ് അച്ചൻ, ജോസ് അച്ചൻ, അകത്വോ അച്ചൻ എന്നിവരെയെല്ലാം സഹർഷം ഫിലിപ്പ് ഡോക്ടറും ഭാര്യ അന്നമ്മ ചേച്ചിയും ചേർന്നു സ്വാഗതം ചെയ്തു. തുടർന്ന് വൈദികർക്കു വേണ്ട എല്ലാ ഒത്താശകളും അവർ ചെയ്തു കൊടുത്തിരുന്നു. കുറെനാൾ അവർക്കാവശ്യമായ ആഹാരംപോലും ഈ ദമ്പതികളാണ് നൽകിയിരുന്നത്. അതൊരു വലിയ ഭാഗ്യമായും ദൈവാനുഗ്രഹമായും അവർ കണ്ടിരുന്നു. അവരോടൊത്ത് ആ ദമ്പതിമാർക്കുണ്ടായ 13 മക്കളും ആശ്രമകാര്യങ്ങളിൽ ഉൽസുകരായിരുന്നു. ആശ്രമത്തിലേക്ക് ആവശ്യമായ വെള്ളം 30 വർഷത്തോളം നൽകിയിരുന്നത് ഫിലിപ്പ് ഡോക്ടറുടെ ഉറവ വറ്റാത്ത കിണറ്റിൽനിന്നായിരുന്നുവെന്നതും സ്മരണീയമാണ്. അക്കാലത്തു ജീവിച്ചിരുന്ന ചുരുക്കം ചിലർ മാത്രമേ ഇന്ന് ജീവിച്ചി

Golden Jubilee wishes from
Mr.V.S. Scaria & Family Vettukuzhiyil
Mysore

രിക്കുന്നുള്ളു. ഫിലിപ്പ് ഡോക്ടറോടുള്ള സ്നേഹത്തിന്റെയും ആദരവിന്റെയും അടയാളമായി, ആശ്രമദേവാലയത്തിൽ ആദ്യമായി അദ്ദേഹത്തിന്റെ ഭൗതികശരീരം വച്ച് പ്രാർത്ഥിക്കുകയുണ്ടായി. അതിൽ പിന്നീടാണ് മരണപ്പെട്ടവരുടെ ഭൗതികശരീരം ദേവാലയത്തിൽ വച്ചു പ്രാർത്ഥിച്ചിരുന്നത്.

ഫലിതപ്രിയനായ ഫിലിപ്പ് ഡോക്ടർ അന്നവിടെ പ്രവർത്തിച്ചിരുന്ന മിക്കവാറും വൈദികർക്ക് ഏതെങ്കിലും ഒരു ഇരട്ടപ്പേരു നൽകിയിരുന്നു. അതിനു മറുപടിയായി നാട്ടുകാർ ഫിലിപ്പ്ഡോക്ടർക്ക് ബ്രദർ 'പുറത്തോ' എന്ന് പേരിട്ടിരുന്നു. കാരണം അന്ന് ആശ്രമത്തിൽ ബ്രദർ 'അകത്തോ' എന്ന അച്ചൻ ഉണ്ടായിരുന്നു. വിധിയുടെ കളിതമാശ പോലെ ഇന്ന് ഫിലിപ്പ് ഡോക്ടറുടെ വീടും സ്ഥലവും കൈമാറ്റം ചെയ്യപ്പെട്ടിരിക്കുന്നു. അതിൽ ആ കുടുംബത്തിനു ദുഃഖമുണ്ടെങ്കിലും എല്ലാം നന്മക്കായാണ് ഭവിച്ചുകൊണ്ടിരിക്കുന്നത് എന്നവർ വിശ്വസിക്കുന്നു. നീണ്ട കാലങ്ങളായി ഒരു ഹോമിയോ ഡോക്ടർ എന്ന നിലയിൽ പുതുക്കാട് എന്ന ദേശത്തു പ്രവർത്തിച്ചുകൊണ്ടിരിക്കുന്ന ലേഖകൻ ചങ്ങനാശ്ശേരിയിലെ വീട്ടിൽ എത്തിച്ചേരുമ്പോൾ അടുത്തുള്ള ഈ ദേവാലയം സന്ദർശിക്കുകയും പ്രാർത്ഥിക്കുകയും ചെയ്യുന്നു.

യേശുവിന്റെ നാമത്തിൽ നിലനിൽക്കുന്ന ഈ ഗദ്സമനി ആശ്രമവും ദേവാലയവും ആ നാട്ടിലെ ജനങ്ങളെ സ്നേഹിച്ചും സേവിച്ചും നൂറ്റാണ്ടുകൾ നിലനിൽക്കട്ടെ എന്ന് പ്രാർത്ഥിക്കുന്നു.



സ്മരണീയം ഒരു കാലം

മേഴ്സി പോത്തൻ വടക്കുംമുറി

നിറഞ്ഞു തുളുമ്പുന്ന സന്തോഷത്തോടും, കൃതജ്ഞതാനിർഭരമായ ഒരു ഹൃദയത്തോടും കൂടിയാണ് സുവർണ്ണ ജൂബിലി ആഘോഷിക്കുന്ന ഗെദ്സമ്നി ദേവാലയത്തെക്കുറിച്ചുള്ള എന്റെ സ്മരണകൾ കുറിക്കുന്നത്.

വാഴപ്പള്ളിനിവാസികളുടെ ചിരകാലാഭിമാനമായ ഒരു ആരാധനാലയത്തിന് അനുമതി ലഭിച്ചപ്പോൾ അതിന്റെ ചുമതലയേൽപ്പിച്ചത് കപ്പുച്ചിൻ സഭയെ ആണ്. അക്കാലത്ത് കപ്പുച്ചിൻ വൈദികർ അപൂർവമായി ലഭിക്കുന്ന ധ്യാനഗുരുക്കളായി മാത്രമാണ് അറിയപ്പെട്ടിരുന്നത്. അവരുടെ ധ്യാനപ്രസംഗങ്ങൾ ഏവർക്കും അവാച്യമായ നിർവൃതിയുടെ അനുഭവങ്ങളായിരുന്നു. ധ്യാനത്തോടനുബന്ധിച്ചുള്ള അവരുടെ കുടുംബസന്ദർശനങ്ങൾ എത്രയോ കുടുംബങ്ങൾക്കും വ്യക്തികൾക്കും ശാന്തിയും സമാധാനവും നൽകിയിരുന്നു. അവരുടെ ജീവിതലാളിത്യവും പ്രാർത്ഥനാനിർഭരമായ സേവനവും ഏവർക്കും ഹൃദയഹാരിയായിരുന്നു. കരയോഗമന്ദിരമെന്നറിയപ്പെട്ടിരുന്ന കെട്ടിടമാണ്, ആദ്യ ദേവാലയമായി ഉപയോഗിച്ചിരുന്നത്. നാട്ടുകാരുടെ നിർലോഭമായ സഹകരണ


Golden Jubilee wishes from
Mary Rani Public School
Laikadu

ത്തോടെ, ബഹു. ജരാർദ്ദച്ചന്റെ വിശ്രമമില്ലാത്ത കഠിനപ്രയത്നത്താലാണ് ഗദ്സെമ്നി ദേവാലയം രൂപംകൊണ്ടത്. മൺമറഞ്ഞുപോയ ബ. ജരാർദ്ദച്ചൻ ഉൾപ്പെടെ ദേവാലയത്തിനു വേണ്ടി പ്രവർത്തിച്ചവരെയെല്ലാം നന്ദിയോടെ സ്മരിക്കുന്നു.

1974 മുതലാണ് ഗെദ്സമ്നി ദേവാലയവുമായി ഞാൻ അടുത്തിടപെടുന്നത്.

എന്റെ ജീവിതാനുഭവത്തിലൂടെ ദൈവമഹത്ത്വം ഞാൻ മനസിലാക്കി. നീണ്ട അഞ്ചുവർഷങ്ങൾ കൂദാശ സ്വീകരണങ്ങളിൽ വിട്ടുനിന്ന, എനിക്കൊരു പുനർജന്മം നൽകി, ദൈവത്തിന്റെ മകളാക്കി എന്നെ മാറ്റിയത് ഈ കാലഘട്ടത്തിലാണ്.

തകർന്ന ഹൃദയങ്ങളെ സുഖപ്പെടുത്തുന്ന കർത്താവിന്റെ പ്രതിപുരുഷനായി ബ. തോമസച്ചനും, ദൈവം അയച്ച ദൂതനായി പോളച്ചനും, ആത്മീയഗുരുവായി പോൾ ദയാനന്ദച്ചനും, എന്റെ കാവൽമാലാഖയായി ജോസ് പുല്ലോക്കാരനും, എന്റെ ജീവിതത്തിലേക്കു കടന്നു വന്നു. എന്റെ തകർച്ചയിൽ എനിക്കാശ്വാസമായി - എന്നെ താങ്ങി നടത്തി - എന്നെ ദൈവത്തോടു ചേർത്തു നിർത്തി.

പ്രാർത്ഥനയുടെ ശക്തി എന്നെ പഠിപ്പിച്ചതും ബ. തോമസച്ചനാണ്. നമ്മൾ അശ്രദ്ധമായി ദിവസവും ഉരുവിടുന്ന 'പരിശുദ്ധരാജ്ഞീ...' എന്നാരംഭിക്കുന്ന പ്രാർത്ഥനയിലെ 'ഞങ്ങൾക്കു വേണ്ടി അപേക്ഷിക്കുന്ന അമ്മേ, നിന്റെ ഉദരത്തിലെ അനുഗ്രഹീതഫലമായ ഈശോയെ ഞങ്ങൾക്കു കാണിച്ചുതരണമേ' എന്ന വരികൾ അച്ചൻ പറഞ്ഞതനുസരിച്ച് മനസ്സിൽ ഉൾക്കൊണ്ടു ഞാൻ പ്രാർത്ഥിച്ചു. പരിശുദ്ധ അമ്മ ഈശോയെ എനിക്കു കാണിച്ചുതന്നു. ഈ കാലഘട്ടത്തിൽ ഞാൻ അഭിമാനത്തോടെ സ്മരിക്കുന്ന ചില വസ്തുതകൾ കൂടി എഴുതുകയാണ്. വീടുകളിൽമാത്രം ഒതുങ്ങിക്കഴിഞ്ഞിരുന്ന ഗെദ്സമ്നിയിലെ വനിതകൾക്കായി Women's Recreation Club രൂപം കൊണ്ടു - നല്ല രീതിയിൽ പ്രവർത്തിച്ചു. ഒന്നാം വാർഷികം ഡോ. ആനി തയ്യിലിന്റെ അദ്ധ്യക്ഷതയിൽ ഗംഭീരമായിത്തന്നെ ആഘോഷിച്ചു. കൂടാതെ അഞ്ചു വർഷം ഗെദ്സമ്നി ദേവാലയത്തിലെ അൾത്താര അലങ്കരിച്ചിരുന്നത് എന്റെ തോട്ടത്തിലെതന്നെ പൂക്കൾക്കൊണ്ടായിരുന്നു.

വർഷങ്ങൾ ഓടിയകലുന്ന ഇന്ന് ഈ ദേവാലയത്തിൽ ഞാൻ അന്യയാണ്. എന്നാലും വാഴപ്പള്ളിയിൽ വരുമ്പോഴെല്ലാം ഗെദ്സമ്നി ദേവാലയമാണ് എനിക്കെല്ലാം.

എന്റെ ഈ അനുസ്മരണം ഒരു ആത്മകഥയായി ആരും തെറ്റിദ്ധരിക്കരുതേ. കപ്പൂച്ചിൻ സഭയുടെ ആത്മീയത നിറഞ്ഞ, നിശബ്ദസേവനത്തിന്റെ നന്മകൾ അനുഭവിച്ചറിഞ്ഞ വ്യക്തിയെന്ന നിലയ്ക്കാണ് ഈ അനുസ്മരണം


പ്രാർത്ഥിക്കുന്ന വി. ഫ്രാൻസീസ് അസ്സീസിയും, ഔസേപ്പു പിതാവും നമ്മളെ എല്ലാവരെയും നേർവഴിയിലൂടെ നടത്തട്ടെ.



Golden Jubilee wishes from

Pulimoottil Opticals


Opp. Perunna Petrol Pump, Chry.



Golden Jubilee wishes from

K. T. Thomas (Kunjachan) Karibanoor & Family

ഓർമ്മയിൽ എന്നും




ജോ ജോസഫ് മാത്യു മൂലയിൽ

ഗെദ്സമ്നി ആശ്രമം സുവർണ്ണജൂബിലി പിന്നിടുന്നു.

ജൂബിലിയുടെ അവസരത്തിൽ, ഈ സ്മരണികയിൽ എന്റെ ഓർമ്മയുടെ നുറുങ്ങുവെട്ടം അല്പം തെളിക്കട്ടെ. ആശ്രമദൈവാലയത്തിന്റെ അൾത്താരസംഘത്തിൽ അംഗമായിക്കൊണ്ടാണ് ഞാൻ ദൈവാലയശുശ്രൂഷകളിൽ പങ്കുചേർന്നത്. അതിലൂടെ ദൈവത്തിലുള്ള ആഴമേറിയ വിശ്വാസം വർദ്ധിച്ചുവരുകയും വൈദികരിൽനിന്നും ലഭിക്കുന്ന നല്ല ഉപദേശങ്ങളിലൂടെ ജീവിതത്തെ സന്തോഷപൂർവ്വം മുൻപോട്ടു നയിക്കുന്നതിനും സാധിച്ചു. ഈ കാലയളിവൽ ബഹു. ജോമോൻ ആശൻപറമ്പിൽ അച്ചനിൽനിന്നും ലഭിച്ച ഉപദേശങ്ങളും സാന്ത്വനങ്ങളും എന്നെ വളർത്തി എന്ന് ഞാൻ നന്ദിയോടെ ഓർക്കുന്നു. അൾത്താരസംഘത്തിൽ ഉള്ളവരുമായി നല്ല സൗഹൃദങ്ങൾ സൃഷ്ടിച്ചെടുക്കാൻ സാധിച്ചു. വൈദികർ ഏല്പിക്കുന്ന കാര്യങ്ങൾ ഞങ്ങൾ ഒത്തൊരുമിച്ച് ഭംഗിയായി നിർവ്വഹിച്ചു. ക്രിസ്മസിന്റെ അവസരങ്ങളും വിശുദ്ധവാര തിരുക്കർമ്മങ്ങളും തിരുനാൾ ആഘോഷങ്ങളുമെല്ലാം ഒത്തിരി നല്ല ഓർമ്മകൾ തരുന്നു. അവധി ദിവസങ്ങളിലെ ആശ്രമമൈതാനത്തെ കൂട്ടായ്മകൾ തികച്ചും ആനന്ദകരമായിരുന്നു. ഗെദ്സമ്നി പ്രത്യേകതയായി എനിക്കു തോന്നുന്നത്, അപരന്റെ ആവശ്യങ്ങളിൽ നിറഞ്ഞ മനസ്സോടെയുള്ള സഹകരണമാണ്. വി. ഫ്രാൻസിസിന്റെ ചൈതന്യത്താൽ നിറഞ്ഞ ഇവിടുത്തെ വൈദികർ സമൂഹത്തെ നേരായ ദിശയിൽ മുന്നോട്ടു നയിക്കുന്നു. ഇപ്പോൾ യുവദീപ്തിയിൽ അംഗമായിക്കൊണ്ട് ആശ്രമദൈവാലയത്തിന്റെ കാര്യങ്ങളിൽ പങ്കാളിയാകുന്നുണ്ട്. ചുറ്റുമുള്ള സഹോദരങ്ങളോട് കാരുണ്യം കാണിച്ചുകൊണ്ടിരിക്കുന്ന ഗെദ്സമ്നി സമൂഹത്തിന് നാൾക്കുനാൾ ദൈവം അനുഗ്രഹങ്ങൾ ചൊരിയട്ടെ എന്ന് പ്രാർത്ഥിക്കുന്നു.

ദീപ്തസമരണകൾ



ഷാബു മാനുവേൽ മുണ്ടയ്ക്കൽ

ജനിച്ചു വളർന്ന നാടിനെ ഇഷ്ടപ്പെടുന്നവരാണല്ലോ നാമെല്ലാവരും.... വർത്തമാനകാലത്തിൽ എവിടെയാണെങ്കിലും ഭൂതകാലത്തിലെ സുഖമുള്ളതും, സന്തോഷമുണർത്തുന്നതുമായ ഓർമ്മകളിൽ നാം എന്നും നിറഞ്ഞുനിൽക്കുന്നു. നാം പിച്ചവെച്ചു നടന്ന വഴിയും ആരാധനാലയങ്ങളും പെരുന്നാളുകളും എല്ലാവരിലും ഗൃഹാതുരത്വം ഉണർത്തുന്നവയാണ്. മതസൗഹാർദ്ദത്തിനു പേരുകേട്ട, കത്തോലിക്കാവിശ്വാസികളുടെ ഈറ്റില്ലമായ 'അഞ്ചുവിളക്കിന്റെ' നാടായ ചങ്ങനാശ്ശേരിയിൽ, മതുമൂലയിൽ സ്ഥിതി ചെയ്യുന്ന നമ്മുടെ ആശ്രമദേവാലയത്തിന്റെ വളർച്ചയും ഉയർച്ചയും മറ്റു പല രേയുംപോലെ ഞാനും നോക്കിക്കാണുകയായിരുന്നു.

ആശ്രമദേവാലയത്തിന്റെ മുൻപിലൂടെ വാഴപ്പള്ളി നഴ്സറി സ്കൂളിൽ പോയിട്ടുണ്ടെങ്കിൽ പോലും എന്റെ ഓർമയിൽ ആദ്യം തെളിഞ്ഞുവരുന്നത് അൾത്താരബാലനായി കുർബാനയിൽ പങ്കെടുത്ത ദിവസങ്ങളാണ്. മിഷൻലീഗ്, യുവദീപ്തി എന്നീ സംഘടനകളിൽ പ്രവർത്തിച്ച കാലഘട്ടമാണ് ഞങ്ങളുടെ തലമുറയിൽപ്പെട്ട എല്ലാവരും ആഘോഷിച്ച ദിവസങ്ങൾ. ആധുനിക സൗകര്യങ്ങളോ, മാധ്യമങ്ങളോ, ടെക്നോളജിയോ, വികസിച്ചിട്ടില്ലാത്ത കാലഘട്ടത്തിൽ ഗെദ്സമ്നി ആശ്രമവും അനുബന്ധപ്രവർത്തനങ്ങളുമായിരുന്നു ഞങ്ങളുടെ 'ഫേസ്ബുക്കും വാട്ട്സ്ആപ്പും'. പഴയ അസ്സീസി ഹാളിൽ കൂടിയ മിഷൻലീഗ് മീറ്റിംഗുകൾ, മാസപിരിവുകൾ, ഇടദിവസങ്ങളിൽ പള്ളിയിലെ ലേഖന വായന... എല്ലാം അവിസ്മരണീയമായ അനുഭവങ്ങളായിരുന്നു. എല്ലാ മാസവും അരി പിരിവു നടത്തി പാവങ്ങൾക്ക് അതു വിതരണം നടത്തിയിരുന്നത് നമ്മുടെ ആശ്രമത്തിന്റെ മാത്രം പ്രത്യേകതയായിരുന്നു. മിഷൻ ഞായറാഴ്ച വീടുകളിൽനിന്നും ശേഖരിക്കുന്ന തേങ്ങാ, കപ്പ, വാഴക്കുല മുതലായ സാധനങ്ങൾ ഉന്തുവണ്ടിയിൽ കൊണ്ടുവരുന്നതും പിന്നീട് ലേലം വിളിക്കുന്നതും ഉത്സവപ്രതീതി ഉളവാക്കിയിരുന്നു. ക്രിസ്മസ് കാലഘട്ടം ശരിക്കും ഞങ്ങൾക്ക് സ്വാതന്ത്ര്യം ലഭിച്ച സന്ദർഭങ്ങളായിരുന്നു. പള്ളിയിൽ നക്ഷത്രം ഉയർത്താനും, പുൽക്കൂട് നിർമ്മിക്കാനും, ക്രിസ്മസ് ട്രീ അലങ്കരിക്കാനും ഞങ്ങൾ ഉത്സാഹിച്ചിരുന്നു. വീടുകളിൽനിന്നും മരത്തിന്റെ ശിഖരങ്ങൾ വെട്ടിക്കൊണ്ടു വന്ന് പള്ളിയുടെ മുമ്പിൽ ട്രീ ഇടുന്നതും അതിനു കാവൽ ഇരിക്കുന്നതും, ട്രീയിൽ ബൾബ് ഇടാൻ കയറിയ കൂട്ടുകാരൻ ഉറക്കംതൂങ്ങി താഴെവീണതും കൗതുകത്തോടെ ഓർക്കുന്നു.

ആർച്ച് ബിഷപ്പ് ജോസഫ് പൗവത്തിൽ തിരുമേനിയാൽ ഉദ്ഘാടനം ചെയ്യപ്പെട്ട ബ്ലഡ് ബാങ്ക്, കങ്ങഴ എം.ജി.ഡി.എം. ഹോസ്പിറ്റലുമായി സഹകരിച്ചു നടത്തിയ സൗജന്യ നേത്രപരിശോധനക്യാമ്പ്, കസവുമുണ്ടു പദ്ധതി, ആരാധനാമഠത്തിനോട് ചേർന്നുള്ള റോഡ് വൃത്തിയാക്കിയത്, അനാഥാലയത്തിൽ ഭക്ഷണം വിതരണം എന്നിവയും എടുത്തുപറയേണ്ട പ്രവർത്തനങ്ങൾ ആയിരുന്നു. യുവദീപ്തിയുടെ ധനശേഖരണാർത്ഥം കാവുകാട്ട് ഹാളിൽ ക്രിസ്തുവിന്റെ ആറാം തിരുമുറിവ് എന്ന നാടകം നടത്തിയതും ഇടയ്ക്കുവച്ച് ഇലക്ട്രിസിറ്റി പോയതും, പിന്നീടുണ്ടായ പുലിവാലുകളും ഇന്നും മനസ്സിൽ കത്തിജ്വലിച്ചു നിൽക്കുന്നു. ഏറ്റവും അഭിമാനവും സന്തോഷവും തോന്നിയ സന്ദർഭമായിരുന്നു ഞങ്ങൾ യുവദീപ്തി അംഗങ്ങൾ വിശുദ്ധ ഫ്രാൻസിസ് അസ്സീസിയുടെ തിരുനാൾ ദിവസം തിരുസ്വരൂപപ്രദക്ഷിണം ആദ്യമായി പള്ളിയുടെ പുറത്ത് കൊണ്ടുപോയത്. ചാക്കോച്ചൻ അച്ചന്റെ കൂടെ വോളിബോൾ കളിച്ചിരുന്നതും, പള്ളിപ്പറമ്പിലെ മാവിൽ എറിഞ്ഞതും, മുള്ളൻപഴം പറിച്ചെടുത്തതും ബ്രദർ അഗത്തോ ഞങ്ങളെ ഓടിക്കുന്നതും ഇന്നത്തെപ്പോലെ ഓർക്കുന്നു. സംഘടനാ ഭാരവാഹി എന്ന നിലയിൽ ഭക്തസംഘടനയുടെ വാർഷിക പൊതുയോഗങ്ങളിൽ റിപ്പോർട്ട് അവതരിപ്പിച്ചതും അഭിമാനമുഹൂർത്തങ്ങൾ ആയിരുന്നു.

പിന്നീട് വാർഡ് ഭാരവാഹിയെന്ന നിലയിലും ഫ്രണ്ട്സ് ഓഫ് ഗദ്സമനിയിലെ അംഗമായും ആശ്രമത്തിന്റെ പല കാര്യങ്ങളിലും ഫ്രാൻസിസ് അസ്സീസിയുടെ തിരുനാളുകളിലും സഹകരിച്ചുപോന്നിരുന്നു. ഈ വർഷം ദുഃഖവെള്ളിയാഴ്ച ആദ്യമായി ആശ്രമ ദേവാലയത്തിൽ നേർച്ചക്കഞ്ഞി വിതരണം ഫ്രണ്ട്സ് ഓഫ് ഗെദ്സമ്നിയുടെ നേതൃത്വത്തിൽ നടത്തപ്പെടുകയുണ്ടായി.




Golden Jubilee wishes from

PHILIP GEORGE MANATHARA & FAMILY



ഞങ്ങളുടെ സ്വഭാവ രൂപീകരണത്തിലും പിന്നീടുള്ള ജീവിത യാത്രയിലും ആശ്ര മവും അതിന്റെ പ്രവർത്തനങ്ങളും ഞങ്ങൾക്ക് പ്രചോദനം നൽകി. അന്നത്തെ കൂട്ടുകാ രിൽ പലരും വിദേശത്തും വിവിധ സ്ഥലങ്ങളിലും ജോലിസംബന്ധമായി പോയെങ്കിലും നാട്ടിലുള്ള സുഹൃത്തുക്കളുമായി ഇപ്പോഴും നല്ല ആത്മബന്ധം പുലർത്തുന്നു.

ഇന്ന് ഈ സുവർണ്ണജൂബിലി ആഘോഷിക്കുന്ന സന്ദർഭത്തിൽ ഏതൊരു ഗദ്സ മനി അംഗത്തെയുംപോലെ ഞാനും അഭിമാനിക്കുകയും ആശ്രമത്തിന്റെ വളർച്ചയിലും ഉയർച്ചയിലും സന്തോഷിക്കുകയും ചെയ്യുന്നു.



ഗെദ്സമ്നി എനിക്കു നൽകിയ പ്രചോദനം

ജെറി പാലത്തുങ്കൽ


എന്റെ ചെറിയ വളർച്ചയുടെ വലിയ പ്രചോദനമാണ് എനിക്ക് ഗെദ്സമ്നി. ഗെദ്സ മ്നിയെപ്പറ്റി ഓർക്കുമ്പോൾ എനിക്കാദ്യം ഓർമ്മ വരുന്നത്, അമ്മ എന്നെ കുർബാന യ്ക്ക്, ശുശ്രൂഷിയായിട്ട് കൂടാൻ സണ്ണിച്ചന്റെയടുത്തു വിട്ടതാണ്. അങ്ങനെ ഞാൻ വി. കുർബാനയ്ക്ക് ശുശ്രൂഷിയാകാൻ തുടങ്ങിയ അന്നു മുതൽ ഇന്നോളം. ഗദ്സെമ്നിയുമാ യിട്ടുള്ള ബന്ധം വളരെ ഗാഢമായി തുടരുന്നു. അൾത്താര ബാലസംഘത്തിൽനിന്ന് യുവദീപ്തിയിൽ എത്തിയവർഷം മുതൽ ആ ബന്ധം വളരെ ഊഷ്മളമായി. ഗദ്സെമെ നിയിൽ ഓണാഘോഷത്തിൽ പങ്കെടുക്കാനും, പൂക്കളമിടാനും, പുൽക്കൂട് നിർമ്മാണ ത്തിനും ഫ്രാൻസിസ് പിതാവിന്റെ തിരുനാൾ കൂടാനും മറ്റുമായിട്ട് കോയമ്പത്തൂരിൽ പഠിക്കുന്ന കാലത്തുപോലും ഞാൻ ഗദ്സെമ്നിയിലെത്തിയിരുന്നു.

ഓരോ കാലങ്ങളിൽ, ഗദ്സെമെനിയിലുണ്ടായിരുന്ന അച്ചൻമാർ ഞങ്ങളോടു കാണിച്ച സ്നേഹം, വാത്സല്യം, കരുതൽ ഇതൊക്കെ എന്നും മനസ്സിൽ മായാതെ നില്ക്കും പ്രത്യേകിച്ചു ഇന്ന് നമ്മുടെ കൂടെ ഇല്ലാത്ത ടോം അച്ചൻ. അച്ചന്റെ വേർപാടു ഞങ്ങൾക്ക് ഇന്നും ഒരു വേദനയാണ്.

ഞങ്ങളുടെ എല്ലാ കുസൃതികൾക്കും കൂടെ നിന്ന സണ്ണിയച്ചൻ ഞങ്ങളെ കളി പഠിപ്പിച്ച മുളങ്ങാശ്ശേരിയച്ചൻ, എന്നെപ്പോലെ ആശ്രമത്തോടും പള്ളിയോടും നല്ലബന്ധം പുലർത്തുന്നു. പരീക്ഷസമയങ്ങളിൽ കൂടിയിരുന്ന് സൗകര്യപൂർവ്വം പഠിക്കാൻ റൂഫ് ടോപ് പണിതുതന്ന കീപ്രത്തച്ചൻ, ഇപ്പോൾ എല്ലാ കാര്യങ്ങൾക്കും കൂട്ടത്തിൽനിന്ന് പ്രോത്സാഹിപ്പിക്കുന്ന ഇപ്പോഴത്തെ വൈദികർ... എനിക്കിതെല്ലാം നല്ല സജീവമായ ഓർമ്മകളും അനുഭവങ്ങളുമാണ്.

എല്ലാത്തിനും ഞങ്ങളുടെ കൈപിടിച്ചു നടത്താൻ അന്തോണീസ് പുണ്യാളനും, ഫ്രാൻസിസ് പിതാവുമുണ്ടെന്ന് വിശ്വസിക്കുകയും ചെയ്യുന്നു.


Golden Jubilee wishes from
DR. MARIAMMA SEBASTIAN PALACKAL & FAMILY

എന്റെ ഗെദ്സമനി - എന്റെ അനുസ്മരണീയ നിമിഷങ്ങൾ

ഫാ. ജോമോൻ ആശാംപറമ്പിൽ കപ്പൂച്ചിൻ

"കർത്താവിന്റെ സ്നേഹം ഒരിക്കലും അസ്തമിക്കുന്നില്ല. അത് ഓരോ പ്രഭാതത്തിലും പുതിയതാണ്" (വിലാ. 3: 24).

ഗെദ്സമ്നിയെപ്പറ്റി ഓർക്കുമ്പോഴെല്ലാം കൂടെയെത്തുന്ന വചനമാണിത്. ദൈവസ്നേഹത്തിന്റെ അദൃശ്യസ്പർശമേറ്റ്, ആ സ്നേഹത്തിന്റെ ശീതളഛായയിലേക്ക് എന്നെ ചേർത്തണച്ച എന്റെ ഗെദ്സമ്നി! മണ്ണിലും മനസ്സിലും വൻമതിലുകൾ ഉയർത്തി, പരസ്പരം നിശ്ചിത ദൂരങ്ങൾ ഒരുക്കുന്നവരുടെ എണ്ണം പെരുകിവരുന്ന ഈ കാലത്ത, വേലിക്കെട്ടുകൾ ഒന്നും ഇല്ലാതെ സ്നേഹസൗഹൃദങ്ങളുടെ സംഗമവേദിയായൊരു പുണ്യസ്ഥലമാണ് വാഴപ്പള്ളി ഗെദ്സമ്നി ആശ്രമദേവാലയം. മാറിയ സാഹചര്യങ്ങളുടെ പൂതലിപ്പുകൾ ഏൽക്കാത്ത ആദിമസഭയുടെ നൈർമല്യം ചിന്തയിലും പെരുമാറ്റത്തിലും സൂക്ഷിക്കുന്ന ഒരു ജനതയെ വളർത്തിയൊരുക്കി അവർക്ക് അഭയശിലമായി മാറിയ ഗെദ്സമ്നി.

വിശ്വസാഹോദര്യത്തിന്റെ കാവലാളായ അസ്സീസിയിലെ വിശുദ്ധന്റെ ദൗത്യവഴി പിന്തുടരാൻ സർവവാത്മനാ തയ്യാറായ ഈ ആശ്രമസമൂഹത്തെക്കുറിച്ച് നന്മയുടെ പരിവേഷം പൂണ്ട ധാരാളം കേട്ടറിവുകൾ പകർന്നു നൽകിയ ആനന്ദത്തോടെയാണ് നവവൈദികനായി എന്റെ പ്രാരംഭവർഷം ഇവിടേക്കു കടന്നുവരുന്നത്. ക്രമേണ ആ കേട്ടറിവുകൾ കണ്ടറിവുകളായി, അനുഭവങ്ങളായി, അനുഭവസാക്ഷ്യങ്ങളായി. ഒരംഗമെന്ന നിലയിൽ ഏതാനും വർഷങ്ങൾ, തുടർന്ന് ഗാർഡിയനായി 6 വർഷം ഗെദ്സമ്നി സമൂഹത്തിൽ ഒരാളായി കഴിഞ്ഞ നാളുകൾ. തുടർച്ചയായ 10 വർഷങ്ങൾ ഒരേ ദേവാലയത്തിൽ ശുശ്രൂഷ ചെയ്യുവാനുള്ള ഒരവസരമാണ് എനിക്ക് ഇവിടെ ലഭിച്ചത്. അസ്വസ്ഥതകളുടെ കയ്പ്പോ ചവർപ്പോ ,ദുരനുഭവങ്ങളുടെ കരിനിഴൽപ്പോലും ഇല്ലാതെ ദൈവപരിപാലനയുടെ കുളിർമ അറിഞ്ഞ കാലം. സുഗന്ധപുഷ്പങ്ങൾ വിരിഞ്ഞുകൊഴിയുന്ന, സൗമ്യതയുടെ ഓർമ്മകളുടെ തേനൂറും വസന്തദലങ്ങൾ മാത്രം അവശേഷിപ്പിച്ച് കടന്നുപോയ വർഷങ്ങൾ!!!

ഗൃഹാതുരത്വം ആത്മഭാവമായി അലിഞ്ഞുചേർന്ന് ഒരാളെന്ന നിലയ്ക്ക് എന്റെ ഗെദ്സമ്നിയെക്കുറിച്ച് നിങ്ങളിലൂടെയല്ലാതെ ചിന്തിക്കാനാവില്ല. കുടുംബത്തിൽനിന്നും അകലെ ആയവന്റെ ഈ നൊമ്പരത്തിന്, ഈയൊരു പിൻവിളിക്ക് ഒരു സന്ന്യാസവൈദികനെ സംബന്ധിച്ച് ഒരുനാളും പ്രസക്തിയില്ല. എങ്കിലും ഗെദ്സമ്നിയിൽ വന്നുപോകുന്ന ഏതൊരാൾക്കും അത് അനുഭവവേദ്യമായി മാറുന്നുണ്ട്. ഗെദ്സമ്നി ആശ്രമദേവാലയത്തിനുമാത്രം തരാനാകുന്ന ഒരനുഭവം.

Golden Jubilee wishes from

Vinnichan Kallookalam, Vazhappally

എന്റെ ഇന്നലെകളിലേക്കു പിന്തിരിഞ്ഞു നോക്കുമ്പോൾ എന്റെ ഗെദ്സമ്നിയെക്കുറിച്ച് ആലോചിക്കുമ്പോൾ സൂര്യപ്രഭയോടെ മനസ്സിൽ ഉദിച്ചുയരുകയാണ് അനേകം മുഖങ്ങൾ. സ്നേഹവാത്സല്യങ്ങളുടെ അമൃതവർഷം ചൊരിഞ്ഞവർ... അവശ്യഘട്ടങ്ങളിൽ സഞ്ജീവനിയായി കൂടെ നിന്നവർ. പ്രകാശഗോപുരങ്ങളായി മാർഗം തെളിച്ച ഗർഡിയനച്ചന്മാർ.... ആത്മാർത്ഥ സഹകരണത്തിന്റെ ആൾരൂപങ്ങളായ സഹവൈദികർ... ആശ്രമത്തിന്റെ ജീവനാഡിയായിത്തന്നെ നിലകൊള്ളുന്ന ബ്രദർജി... ഒത്തിരി സ്നേഹവും ആത്മാർത്ഥതയും ഉള്ള സഹായികൾ... അങ്ങനെ എത്രയെത്ര സ്നേഹദീപങ്ങൾ...ഉള്ളിൽ വെളിച്ചമുള്ള, കാരുണ്യത്തിന്റെ ഉറവ വറ്റാത്ത ഒരു സമൂഹമാണ് ഇവിടെയുള്ളത് എന്ന് യാതൊരു സന്ദേഹവുമില്ലാതെ എനിക്കു പറയാൻ കഴിയും.


ഗെദ്സമ്നിയിലെ തിരുനാളുകളും മറ്റ് ആഘോഷങ്ങളുമെല്ലാം ഈ സമൂഹത്തിന്റെ നന്മ വിളിച്ചോതുന്നവയാണ്, അന്നുമിന്നും. ആരും ആവശ്യപ്പെടാതെതന്നെ, അല്ലെങ്കിൽ 'ഇതു ഞാനാണു ചെയ്യേണ്ടത്' എന്ന ഉറച്ച ബോധ്യത്തോടെ മുന്നോട്ടു കടന്നുവന്ന് ഓരോ കാര്യങ്ങളിലും സഹകരിച്ചു പ്രവർത്തിക്കുന്ന നിരവധി വ്യക്തികൾ. ദൈവം തൊട്ട, ദൈവത്തിന്റെ കയ്യൊപ്പു പതിഞ്ഞ ചില ജീവിതങ്ങൾ. വീഞ്ഞായി മാറിയ പച്ചവെള്ളംപോലെ സഹജീവികളിൽ സ്നേഹത്തിന്റെ, ഭക്തിയുടെ ലഹരി ഉണർത്തുന്ന ഇവരെയൊക്കെ ഗെദ്സമ്നി സമൂഹത്തിനു ദൈവം നൽകിയ വരദാനങ്ങൾ എന്നല്ലേ വിളിക്കേണ്ടത്. ആശ്രമദേവാലയത്തിന്റെ വിശുദ്ധിയും അന്തസ്സും പ്രൗഢിയും കാത്തുസൂക്ഷിക്കുന്നതിൽ കാലാനുസൃതമായി നിലനിർത്തുന്നതിൽ വലിയൊരു പങ്ക് ഇവിടുത്തെ ഭക്തസംഘടനകൾ നിർവഹിക്കുന്നു. മനുഷ്യോചിതമായി ജീവിക്കേണ്ടതെങ്ങനെയെന്ന് സ്വജീവിതംകൊണ്ടു പ്രഘോഷിക്കുന്ന സെന്റ് വിൻസന്റ് ഡി പോൾ സൊസൈറ്റി, ഹീലിംഗ് മിനിസ്ട്രി പ്രാർത്ഥനയും പരിത്യാഗവുമായി ഭൂമിയിൽ സ്വർഗ്ഗം മെനയുന്ന എസ്.എഫ്.ഒ., ആനുകാലിക തകർച്ചകൾക്കെതിരെ സന്ധിയില്ലാസമരവുമായി ക്രിസ്തുശിഷ്യത്വത്തിന്റെ പൂർണ്ണത തേടുന്ന യുവദീപ്തി, ഇതര ഭക്തസംഘടനകളായ ലീജിയൻ ഓഫ്മേരി, ഫ്രണഅട്സ് ഓഫ് ഗെദ്സമ്നി, സർവ്വോപരി ഒത്തൊരുമയോടെ നിലകൊള്ളുന്ന, ഈ ദേവാലയത്തെ സ്വന്തമായി കരുതുന്ന സത്ചിന്താസമ്പന്നരായി കുടുംബാംഗങ്ങൾ. നവലോക പ്രതിസന്ധികളുടെ കൊടുങ്കാറ്റിൽ പെട്ടുലയാതെ ഗെദ്സമ്നിയെ താങ്ങുന്നത് തീർച്ചയായും ഇവരുടെയൊക്കെ പ്രാർത്ഥനാജീവിതമാണ്.

എന്റെ ഗെദ്സമ്നിയെക്കുറിച്ച് ഇനിയും ഓർക്കുവാൻ ഒട്ടേറെ.... ആ ധന്യസ്മൃതികൾ ഓരോന്നും നറുപുഷ്പങ്ങളായി കർത്തൃപാദങ്ങളിൽ കൃതജ്ഞതയോടെ അർപ്പിക്കുന്നു. ജൂബിലിയുടെ നന്മയും ചൈതന്യവും എന്നും നിലനിർത്തിക്കൊണ്ടുപോകാൻ സാധിക്കട്ടെ എന്ന് ആശംസിക്കുന്നു, പ്രാർത്ഥിക്കുന്നു.


Golden Jubilee wishes from
St. Basil Capuchin Ashram
Pathanamthitta



Golden Jubilee wishes from
Vazhappally Service Co-op. Bank Ltd.K108
Vazhappally, Changanacherry



കപ്പൂച്ചിൻസഭ എന്റെ ഓർമ്മയിൽ

റ്റോമിച്ചൻ നേര്യംപറമ്പിൽ

മരുഭൂമിയിൽ വീശുന്ന ഒരു ചെറിയ കാറ്റുണ്ട്. മൺകൂനകളെ സൗമ്യമായി സ്പർശിച്ച് അവയ്ക്ക് ക്രമവും മിഴിവും നൽകി ചിട്ടയുള്ള മണൽക്കുന്നുകളാക്കി മാറ്റും. അതുപോലെ ഒരു ചെറിയ തെന്നലായി വന്ന് നമ്മളെ ആത്മീയമായി രൂപപ്പെടുത്തിക്കൊണ്ടിരിക്കുന്നവരാണ് കപ്പൂച്ചിൻ സഭയിലെ നമ്മുടെ പ്രിയ വൈദികർ.

വിശ്വാസത്തിന്റെ വീഥിയിൽ വിള്ളലുകളുണ്ടാകാതെ സഭാസമൂഹത്തെ ഒറ്റക്കെട്ടായി മുന്നോട്ടു കൊണ്ടുപോകുന്നതിലും വിശുദ്ധ പാരമ്പര്യങ്ങളെ പരിപോഷിപ്പിച്ച് അവ ജനങ്ങളിൽ എത്തിക്കുന്നതിലും സ്ഥിരോത്സാഹികളാണ് നമ്മുടെ വൈദികർ. പവിത്രമായ പൂർവ്വകാല സ്മരണകളെയും സംസ്കാരത്തെയും സമന്വയിപ്പിച്ച് അവയുടെ നന്മകളെ ഓർമ്മപ്പെടുത്തുന്ന കപ്പൂച്ചിൻ ആശ്രമാംഗങ്ങളുടെ ഞായറാഴ്ച പ്രസംഗങ്ങൾ ന്യൂജെൻ തലമുറയ്ക്ക് സഭാപാരമ്പര്യം കാത്തുസൂക്ഷിക്കാൻ പ്രചോദനം നൽകുന്നു.

സാഹചര്യങ്ങളുടെ സമ്മർദ്ദങ്ങളെ വിവേകത്തോടെ അതിജീവിക്കുന്നതിനും തികച്ചും ലളിതമായ ജീവിതരീതി പുലർത്തുന്നതിനും പ്രായഭേദമെന്യേ കണ്ടുമുട്ടുന്ന എല്ലാവരോടും ഹൃദ്യമായി പെരുമാറുന്നതിനും സാധാരണക്കാരുടെ ഹൃദയതാളങ്ങൾ കണ്ടറിഞ്ഞ് അവരുടെ ആവശ്യങ്ങളിൽ അവരെ സഹായിക്കുന്നതിനും കപ്പൂച്ചിൻ അച്ചന്മാർ കാണിക്കുന്ന ഉത്സാഹം അനിതരസാധാരണമാണ്. സാധാരണക്കാർ ഒരു കാര്യസാധ്യത്തിനായി പലതവണ പള്ളികളിലും അരമനകളിലും കയറി ഇറങ്ങുമ്പോൾ നമ്മുടെ കപ്പൂച്ചിൻ അച്ചന്മാരാകട്ടെ ആടുകളെ അന്വേഷിച്ചിറങ്ങിയ നല്ലിടയനെപ്പോലെ നമ്മുടെ ആവശ്യങ്ങൾ കണ്ടറിഞ്ഞ് നമ്മുടെ ഇടയിലേക്ക് ഇറങ്ങിവന്ന് നമ്മുടെ കൂടെ ചേരുന്നു. ഈ സേവനം അന്യമതസ്തരായ സഹോദരങ്ങളിലേക്കും ആഴ്ന്നിറങ്ങുന്നു എന്നത് വിസ്മരിക്കാനാവാത്ത സത്യമാണ്.

എന്റെ കുഞ്ഞുനാളിലെ ഓർമ്മകളിലൊക്കെ ഈ വൈദികരുടെ സാന്നിധ്യം മധുരമായി കിടപ്പുണ്ട്. പണ്ട് കൊയ്ത്തു കഴിയുന്ന സമയത്ത് വളവരവള്ളത്തിൽ ചാക്കുകളിൽ നെല്ലും അരിയും മറ്റും കൊണ്ടുപോകാനെത്തുന്ന വൈദികരെക്കുറിച്ചുള്ള ഓർമ്മ അവരുടെ ലാളിത്യം എടുത്തുകാട്ടുന്നു.

സഭാകാര്യങ്ങളിലും ദൈവാലയശുശ്രൂഷകളിലും മാത്രമല്ല ഇടവകജനത്തിന്റെ ഏതാവശ്യങ്ങളിലും കപ്പൂച്ചിൻ വൈദികരുടെ നിസ്വാർത്ഥസേവനം ലഭ്യമാണ്. ഞങ്ങളുടെ വേദനകളെയും നൊമ്പരങ്ങളെയും തൊട്ടറിഞ്ഞ്, ഞങ്ങളിലൊരുവനായി, നിങ്ങളോരോരുത്തരും ചരിക്കുന്നത് ആശ്വാസപ്രദമായ വസ്തുത തന്നെയാണ്. ഞങ്ങളോടുള്ള നിങ്ങളുടെ പരിഗണന ഈശോയുടെ സ്നേഹത്തിന്റെ ബഹിർസ്ഫുരണമായി ഞങ്ങൾ അനുഭവിക്കുന്നു.



Golden Jubilee wishes from

Assisi Renewal Centre


Bharananganam

തങ്ങളിൽ നിക്ഷിപ്തമായ സുവിശേഷപ്രഘോഷണം എങ്ങനെയെല്ലാം വിശ്വാസികളിൽ എത്തിക്കാമോ അത്രയും എത്തിക്കുവാൻ അക്ഷീണം പ്രയത്നിക്കുന്ന ഈ സന്യാസിവര്യർ, തങ്ങൾക്കു വെളിപ്പെട്ട ദൈവികരഹസ്യങ്ങൾ അനുസ്മരിക്കുകയും ആഘോഷിക്കുകയും അതനുസരിച്ചു ജീവിക്കാൻ പ്രേരണ നൽകുകയും ചെയ്യുന്നു. അതിനാൽ പള്ളിയിൽ നടത്തപ്പെടുന്ന ഓരോ ആഘോഷങ്ങളും കർമ്മങ്ങളും അതിന്റെ പൂർണതയിൽ നടത്തപ്പെടുന്നു.

കപ്പൂച്ചിൻ വൈദികർ നേതൃത്വം നൽകുന്ന കുടുംബക്കൂട്ടായ്മകൾ കുടുംബങ്ങൾ തമ്മിലുള്ള ഊഷ്മളത വർദ്ധിപ്പിക്കുന്നു. സാധാരണയായി സ്ത്രീജനങ്ങളിൽമാത്രം ഒതുങ്ങിനിൽക്കുന്ന കുടുംബക്കൂട്ടായ്മകളിൽനിന്നും നമ്മുടെ കൂട്ടായ്മകളെ ധന്യമാക്കുന്നത് ഇവരുടെ സ്നേഹപൂർവ്വമായ ഇടപെടലുകളാണ്. ദേവാലയങ്ങളിൽനിന്നും കൗദാശിക ജീവിതത്തിൽ നിന്നും കൂട്ടായ്മകളിൽ നിന്നുമൊക്കെ വിട്ടുനിന്നിരുന്ന യുവജനങ്ങൾ പോലും ആവേശത്തോടെ പങ്കെടുക്കുന്നത് കപ്പൂച്ചിൻ വൈദികരുടെ ആത്മീയ പ്രവർത്തനങ്ങളുടെ ഫലമാണ്.

ഫ്രാൻസിസ് അസ്സീസിയുടെ ചുവടുകൾ പിന്തുടർന്നു പോകുന്ന ബഹുമാനപ്പെട്ട കപ്പൂച്ചിൻ വൈദികരുടെ ഈ ഗുണങ്ങൾ തന്നെയാണ് എന്റെ കുടുംബത്തെ വാഴപ്പള്ളിയിലെ ആശ്രമപരിസരത്ത് വേരുറപ്പിച്ചത്. അജപാലനശുശ്രൂഷയുടെ മികവ് അളന്നു തിട്ടപ്പെടുത്തുന്ന ഇക്കാലത്ത് ആകാശത്തെ അള്ളിപ്പിടിക്കുന്ന ദൈവാലയങ്ങളുടെ നിർമ്മാണമല്ല, മനുഷ്യമനസ്സിനെ കാമ്പുള്ളതാക്കുക എന്നതാണ് ദൈവികദൗത്യം എന്നു തിരിച്ചറിഞ്ഞു പ്രവർത്തിക്കുന്ന പ്രിയ വൈദികർക്കും കപ്പൂച്ചിൻ സഭയ്ക്കും മുന്നോട്ടുള്ള പ്രയാണത്തിൽ ആശംസകളും പ്രാർത്ഥനകളും നേരുന്നു.

ഗെദ്സമ്നി
എന്റെ ആദ്ധ്യാത്മികവഴിയിലെ വിളക്ക്




ജോസുകുട്ടി മൂലയിൽ

ഞാൻ വിദ്യാർത്ഥിയായിരുന്ന കാലത്ത് ഇമ്മാനുവേൽ എന്നു പേരുള്ള കപ്പൂച്ചിൻ ബ്രദർ വീട്ടിൽ വരുകയും എന്റെ വല്യപ്പച്ചനുമായി (മൂലയിൽ കുട്ടിച്ചൻ) പരിചയപ്പെടുകയും ചെയ്തു. അന്നു പാലാത്രച്ചിറ മുതൽ ചെത്തിപ്പുഴ കടവുവരെ പുഞ്ചപ്പാടങ്ങളായിരുന്നു. നിർദ്ദേശമനുസരിച്ച് ഞാനും കപ്പൂച്ചിൻ ബ്രദറും ചേർന്ന് എല്ലാ കളത്തിൽനിന്നും അവർ സംഭാവനയായി തരുന്ന നെല്ല് സംഭരിച്ച് കൊല്ലത്തു കൊണ്ടുപോയി പുഴുക്കി കുത്തി അരിയാക്കി ഉപയോഗിക്കുമായിരുന്നു കപ്പൂച്ചിൻ ആശ്രമത്തിലെ ലളിതജീവിതവും പ്രവർത്തനശൈലിയും ഹൃദയത്തിൽ സംഗ്രഹിച്ച വല്യപ്പച്ചൻ തന്റെ മക്കളോടും കൊച്ചുമക്കളോടും ഈ സന്ന്യാസസമൂഹത്തിനുവേണ്ടി തങ്ങളെക്കൊണ്ടു ചെയ്യാവുന്നതൊക്കെ ചെയ്യണമെന്ന് ഉപദേശിച്ചു. അവരുടെ ലളിതജീവിതം എന്നെയും വളരെ ആകർഷിക്കുകയും സ്വാധീനിക്കുകയും ചെയ്തു.


Golden Jubilee wishes from
Vazhappally Service Co-op. Bank Ltd.K108
Vazhappally, Changanacherry

ചങ്ങനാശേരി വാഴപ്പള്ളി കരയിലെ ക്രിസ്തീയ ആത്മീയതയെ പരിപോഷിപ്പിക്കുവാൻ കപ്പൂച്ചിൻ ആശ്രമത്തിനു കഴിയുന്നു എന്നത് ഏറെ സന്തോഷം നൽകുന്നു. എനിക്കും ജെരാർദ് അച്ചനോടൊത്തു പ്രവർത്തിക്കാനുള്ള അവസരം ദൈവം തന്നു. കപ്പൂച്ചിൻ അച്ചന്മാരുടെ ലളിതജീവിതവും പരിത്യാഗജീവിതശൈലിയും എന്നെ എന്റെ ആദ്ധ്യാത്മികജീവിതത്തിൽ വളരുന്നതിനും ആഴപ്പെടുത്തുന്നതിനും ഇടയാക്കി. ഗെദ്സമ്നി പള്ളിയിലെ അനുദിനദിവ്യബലിയിലും പ്രാർത്ഥനയിലും ഞാൻ മുടങ്ങാതെ ഇന്നും പങ്കെടുക്കുന്നു. എന്റെ ആത്മീയപാതയിൽ എന്നും ഒരു വിളക്കാണ് ഗെദ്സമ്നി.

പടിവാതിലുകൾതോറും മുട്ടിനടക്കാൻ വൈമനസ്യം കാണിച്ചു വിശന്നു കരയുന്ന കുഞ്ഞുങ്ങളുടെ കണ്ണുനീരിൽ നീറി നീറി ദഹിക്കുന്ന പാവപ്പെട്ടവരെയും നിസ്സഹായരെയും വിവാഹപ്രായം കഴിഞ്ഞ പെൺമക്കളെ കെട്ടിച്ചയക്കാൻ പണമില്ലാതെ കഴിയുന്നവരെയും രോഗികളെയും പഠിക്കുന്ന കുട്ടികൾക്ക് ഉയർന്ന വിദ്യാഭ്യാസം നൽകാൻ കഴിവില്ലാതെ കഷ്ടപ്പെടുന്ന പാവപ്പെട്ടവരെയും ഇരുചെവിയറിയാതെ സന്മനസ്സുള്ളവരിൽനിന്നും സഹായം സ്വീകരിച്ച് സഹായിക്കുവാൻ ജെരാർദ്ദച്ചനും അദ്ദേഹത്തിന്റെ പിൻഗാമികളും ചെയ്ത സഹായങ്ങൾ എന്നും എന്റെ ഓർമ്മയിൽ നിറഞ്ഞുനിൽക്കുന്നു. പാവങ്ങൾക്ക് എന്നും ഗെദ്സമ്നി ഒരു ആശ്രയമാണ്. ഇനിയും ഇതുപോലുള്ള കാരുണ്യപ്രവൃത്തികൾ ചെയ്തു ദൈവത്തെ കൂടുതൽ പ്രസാദിപ്പിക്കുവാൻ ഗെദ്സമ്നി കൂട്ടായ്മയ്ക്ക് സാധിക്കട്ടെ എന്നു പ്രാർത്ഥിക്കുന്നു.



എന്റെ പൗരോഹിത്യവഴിയിൽ ഗെദ്സമ്നി

ഫാ. എബി കിഴക്കേക്കുറ്റ്

തിരുപ്പട്ടസ്വീകരണത്തിന്റെ പ്രദക്ഷിണം ആരംഭിച്ചു. വലുതും ഇടതും അച്ചാച്ചനും അമ്മയും. മുമ്പിൽ പരിചിതരായ പ്രിയപ്പെട്ട വൈദികർ, ചുറ്റും സന്തോഷം നിറഞ്ഞ പുഞ്ചിരിയോടെ സുഹൃത്തുക്കൾ. ഒരിക്കൽ പിച്ചവെച്ചു നടന്ന ആശ്രമമുറ്റത്ത്, ബലിവേദിയിലേക്ക് കുർബാനയർപ്പിക്കാൻ ഞാൻ. പട്ടത്തിന്റെ ശുശ്രൂഷകൾ തുടങ്ങി. ഏറ്റവും പ്രധാനപ്പെട്ട കൈവയ്പു പ്രാർത്ഥന. എന്റെ കണ്ണുകൾ പ്രാർത്ഥനാപൂർവം അടഞ്ഞു. കുട്ടിക്കാലത്തെ ഓർമ്മകൾ മുഴുവൻ ഈ ആശ്രമദേവാലയത്തെ ചുറ്റിപ്പറ്റിയായിരുന്നു. എന്നും കാലത്തെ എഴുന്നേല്ക്കുമ്പോൾ ആദ്യത്തെ കുർബാന കഴിഞ്ഞു തിരിച്ചുവരുന്ന കുർബാനയമ്മച്ചിയെ (വല്യമ്മച്ചിയെ) കണ്ടുകൊണ്ടു തുടങ്ങുന്ന ദിവസങ്ങൾ. ബെഡ്ഷിറ്റുകൊണ്ട് കഴുത്തിൽ ചുറ്റുകെട്ടി കുർബാന ചൊല്ലത്തുടങ്ങിയ കുട്ടിക്കാലത്തിന്റെ പ്രചോദനം ഈ ആശ്രമബലിപീഠമായിരുന്നു.

Golden Jubilee wishes from
PULIMOOTTIL OPTICALS
M. C. Road, Perunna, Chry - 2

ഓർമ്മവച്ചനാൾമുതൽ കുർബാന ജീവിതത്തിന്റെ ഭാഗമാക്കിയത് വല്യമ്മച്ചിയുടെ നിർബന്ധമാണ്. കൊച്ചുമക്കളെല്ലാം കുർബാനയിൽ പങ്കുകൊള്ളണമെന്ന ആ വാശി ആദ്യം ഇഷ്ടപ്പെട്ടില്ലെങ്കിലും പിന്നീട് ഈ ദൈവാലയം മനസ്സിലോട്ടു കയറി. പിന്നീടി തുവരെ മനസ്സിന്റെ പടിയിറങ്ങിപ്പോകാത്ത വിധത്തിലുള്ളസ്നേഹബന്ധത്തിന്റെ തുടക്കം അതാണ്. ഗുബിയോയിലെ ചെന്നായയുടെ അരിശമടക്കിയ വിശുദ്ധ ഫ്രാൻസിസിന്റെ ചിരിക്കുന്ന ഒരു വലിയ പ്രതിമ അന്നെങ്ങോ മനസ്സിൽ കുടിയേറാൻ തുടങ്ങിയിരുന്നു. ചില സമയങ്ങളിൽ ശ്രദ്ധിച്ചില്ല എന്നു നടിച്ചെങ്കിലും വീണ്ടും എപ്പോഴൊക്കെയോ ഫ്രാൻസീസുമായുള്ള സൗഹൃദം കൂടിവന്നു.

അഞ്ചാം ക്ലാസുവരെയുള്ള വേദപാഠക്ലാസുകൾ പള്ളിക്കകത്തും, പഴക്കം ചെന്ന പഴയ കെട്ടിടത്തിന്റെ ജീർണ്ണിച്ചുതുടങ്ങിയ രണ്ടാം നിലയിലിലും നടക്കുമ്പോൾ ഒരു വീട്ടിലിരുന്ന് എന്തൊക്കെയോ പഠിക്കുന്നതിന്റെ ഒരു സൗഹൃദഭാവമുണ്ടായിരുന്നു. എല്ലാ വർക്കും. എല്ലാറ്റിനും. അഞ്ചാം ക്ലാസിൽ ജയിക്കരുതെ എന്നു പ്രാർത്ഥിച്ച ഒരു സമ യവും ഉണ്ടായിരുന്നു. കാരണം, അതുവരെ അനുഭവിച്ച ഒരു സുരക്ഷിതത്വത്തിൽനിന്നു പുറത്തുപോകാൻ ഒരിക്കലും മനസ്സ് സമ്മതിച്ചിരുന്നില്ല.

ഈ കാലത്തെപ്പോഴോ ആണ് അൾത്താരയിലെ ചേട്ടന്മാർ എന്നെ ആകർഷിച്ചു തുടങ്ങുന്നത്. മൈക്കിൽ പ്രാർത്ഥന ചൊല്ലുന്നതും ധൂപക്കുറ്റിയാട്ടുന്നതും ഒക്കെ എന്നെ നിരന്തരം അത്ഭുതപ്പെടുത്തിക്കൊണ്ടിരുന്നു.

എന്നെങ്കിലും ഒരിക്കൽ ഈ അൾത്താരയിൽ ഒന്നു കയറിപ്പറ്റണമെന്ന് അന്ന് മന സ്സിൽ ഉറപ്പിച്ചു. ആദ്യകുർബാന കൈക്കൊണ്ടതിനുശേഷം അൾത്താര ബാലസംഘ ത്തിലേക്ക് എന്നെയുംകൂടി ഉൾപ്പെടുത്തിയപ്പോൾ ചിരകാലാഭിലാഷം പൂവണിഞ്ഞു. ആദ്യ മായി കുർബാനയ്ക്ക് ശുശ്രൂഷിയായപ്പോൾ കുർബാന അർപ്പിച്ച അച്ചനെക്കാൾവലിയ കാര്യമാണ് ഞാൻ ചെയ്യുന്നത് എന്നുവരെ തോന്നിപ്പോയി.


ഈ ഫാന്റസികൾ എങ്ങനെയാണ് ആ തവിട്ടുകുപ്പായത്തോടുള്ള പ്രണയമായി മാറിയതെന്നറിയില്ല. ഒരു ഡിസംബർ 31 ന് ഉറക്കച്ചടവോടെ ചെറുതണുപ്പിൽ കുർബാ നയ്ക്ക് പടി ചവിട്ടിയപ്പോൾ അന്നു വൈകുന്നേരം പങ്കെടുത്ത വൈദികപട്ടശുശ്രൂഷ യിലെ അതേ വൈദികൻ. അന്ന് ഹൃദയത്തിൽ എവിടെയോ ആരോടും പറയാൻ പിന്നീ ടൊരിക്കലും മുതിരാത്ത ഒരു പൊരി വീണു. ഒരിക്കൽ ഈ ബലിപീഠത്തിൽ ബലി യർപ്പിക്കണം.

വർഷങ്ങൾ കൊഴിഞ്ഞുവീണപ്പോൾ ആശ്രമത്തിന്റെ രൂപഭംഗിക്കു മാറ്റംവന്നു. പഴയതൊക്കെ കുറെ മാറി. പക്ഷേ, എന്റെയുള്ളിൽ ഈ ദേവാലയത്തിനുള്ളിൽവച്ചു വീണ പൊരി കത്തിപ്പടർന്നു. കണ്ണുതുറന്നപ്പോൾ പിതാവിന്റെ വലതുകരത്തിനു കീഴിൽ തല കുനിച്ചു നിൽക്കുന്നു. തവിട്ടുനിറത്തിൽ മുങ്ങി അനേകം സഹോദരങ്ങൾ ചുറ്റി ലും. കുർബാനകുപ്പായമെടുത്ത് ധരിപ്പിച്ച് കൈപിടിച്ച് ബലിപീഠത്തിൽ നിർത്തുമ്പോൾ ഉതിരാൻ മടിച്ച് രണ്ടുതുള്ളി കണ്ണുനീർ. പിച്ചവച്ചു നടന്ന പള്ളിമുറ്റത്ത്, ഇപ്പോഴും യുവ ത്വങ്ങൾ. അവരുടെ മധ്യേ ഞാനും.

കർത്താവേ, ഈ അൾത്താരയ്ക്കു വേണ്ടിയായിരുന്നോ ഞാൻ ജനിച്ചതുതന്നെ.



Golden Jubilee wishes from
Chacko Babu Kunnel & Family
THURUTHY




സ്മൃതിപഥങ്ങളിൽ എന്റെ ഗെദ്സമ്നി

ബ്രദർ ജോസഫ് ഈറ്റോലിൽ

റോമിലെ പഠനകാലത്ത് ഞാൻ ഏറ്റവുമധികം സന്ദർശിച്ച സ്ഥലമാണ് അസ്സീസി. അസ്സീസി സന്ദർശിച്ച ഓരോ അവസരത്തിലും കൂടെയുള്ളവർക്ക് ഫ്രാൻസിസ് പുണ്യവാളന്റെ ജീവചരിത്രം വിവരിച്ചുകൊടുത്തപ്പോൾ പലരും എന്നോടു ചോദിച്ചു എങ്ങനെയാണ് ഈ ചരിത്രം ഇത്ര കൃത്യമായി പഠിച്ചത് എന്ന്. അപ്പോൾ പലരോടും ഞാൻ അഭിമാനത്തോടെ എന്നെ ഞാനാക്കിയ എന്റെ ദൈവാലയത്തെക്കുറിച്ചു പറഞ്ഞു. ഈ ദൈവാലയം ഇന്നു സുവർണ്ണജൂബിലിയുടെ നിറവിൽ പരിലസിക്കുമ്പോൾ ഈ ദൈവാലയത്തിനും ഇപ്പോഴുള്ളവരും കടന്നുപോയവരുമായ വൈദികർക്കും ദൈവ സമൂഹത്തിനും എന്റെ പ്രാർത്ഥനാശംസകൾ.

അൾത്താരയിലെ ശുശ്രൂഷയ്ക്കായി അഭിഷേകം ചെയ്യപ്പെടാനുള്ള സമയം ഏറെ അടുത്തിരിക്കുന്ന ഈ നിമിഷങ്ങളിൽ ഞാൻ ഏറെ ഗൃഹാതുരത്വത്തോടെ ഓർക്കുന്ന അൾത്താരയാണ് ഗെദ്സമ്ൻ ആശ്രമദൈവാലയത്തിലെ അൾത്താര. വൈദികനാകണം എന്ന ആഗ്രഹം ഉള്ളിൽ ഉദിക്കുന്നതും അതു വളരുന്നതും ദൈവവിളി സ്വീകരിക്കുന്നതും എല്ലാം ഈ അൾത്താരയിലെ ശുശ്രൂഷയുടെ നിമിഷങ്ങളിലായിരുന്നു. ഈ ദൈവാലയവും ഇവിടെ ശുശ്രൂഷ ചെയ്തു കടന്നുപോയ വൈദികരും ഹൃദയത്തിൽ കൊത്തിയിട്ട പൗരോഹിത്യചിത്രം കാലമേറെ കടന്നുപോയിട്ടും ഇന്നും എന്റെയുള്ളിൽ ഒളിമങ്ങാതെയുണ്ട്. 2000 മുതൽ 2008 വരെയുള്ള 8 വർഷങ്ങളിലെ അൾത്താരബാലനെന്നുള്ള നിലയിലെ ശുശ്രൂഷ എന്റെ ദൈവവിളിയുടെ ചരിത്രത്തിലും ഒരു വ്യക്തി എന്ന നിലയിലുള്ള എന്റെ ജീവിതത്തിലും ഏറെ സ്വാധീനം ചെലുത്തിയിട്ടുണ്ട്.

കഴിഞ്ഞ മൂന്നു വർഷങ്ങളായി ശനിയാഴ്ചകളിൽ റോമിലെ സെന്റ് പീറ്റേഴ്സ് ബസിലിക്കയിൽ കുർബാനയിൽ പങ്കുകൊള്ളാൻ ഭാഗ്യമുണ്ടായി. യൂറോപ്പിലെ പ്രധാനപ്പെട്ട എല്ലാ ദൈവാലയങ്ങളിലും തീർത്ഥാടനകേന്ദ്രങ്ങളിലും പ്രാർത്ഥനയ്ക്കായി പോകാനും ദൈവം അനുഗ്രഹിച്ചു. ഇന്നും എന്റെ ഹൃദയത്തോടു ചേർന്നു നിൽക്കുന്ന ദൈവാലയം ഏത് എന്ന ചോദ്യത്തിന് എന്റെ ചെറുപ്പത്തിലെ ഉത്തരംതന്നെ സന്ദേഹം കൂടാതെ നൽകാൻ സാധിക്കും. വീട്ടിൽ നിന്നും സൈക്കിളിൽ രാവിലെ കുർബാനയിൽ പങ്കുകൊള്ളാനും വൈകിട്ട് വോളീബോൾ കളിക്കാനുമായി ഈ പള്ളിയിൽ വരുക എന്നത് എട്ടുവർഷം എന്റെ ദിനചര്യയുടെ ഭാഗമായിരുന്നു. വർത്തമാനത്തിൽനിന്നും ഭൂതകാലത്തിലേക്ക് ആഴ്ന്നിറങ്ങുന്ന വേരുകളാണ് ഓർമ്മകൾ. അവ നമ്മെ മുന്നോട്ടു നയിക്കുന്ന ചാലകശക്തികളാണ്. ഇന്നും എന്റെ ജീവിതത്തിലെ ദുഃഖങ്ങളിൽ എന്റെ വേരുകൾ ശക്തി തേടി ഇറങ്ങിച്ചെല്ലുന്നത് ഈ ഓർമ്മകളിലേക്കാണ്. കെടാത്ത ഓർമ്മകളുടെ കനലുകളിൽ എനിക്കായി പ്രാർത്ഥിക്കുന്ന ഒരു പ്രാർത്ഥനാസമൂഹത്തെയും എനിക്കായി മാധ്യസ്ഥ്യം വഹിക്കുന്ന എന്റെ പ്രിയ വിശുദ്ധനെയും അവിടെ ഞാൻ കാണുന്നു. ഇനിയുള്ള എന്റെ ജീവിതത്തിലും ഈ ദൈവാലയത്തിന്റെ സ്മരണകൾ ഒളിമങ്ങാതെ പ്രശോഭിക്കുമെന്നത് തീർച്ച. എനിക്കു മാത്രമല്ല, കാലമേറെ കടന്നാലും കാരുണ്യകടാക്ഷം തേടി ഇവിടെയണയുന്ന ഏവർക്കും കാൽവരിയിലെ ക്രൂശിതന്റെ സമാധാനവും സൗഭാഗ്യവും പകരാൻ ഒരു കെടാവിളക്കാകട്ടെ ഗെദ്സമ്നി.



വാഴപ്പള്ളിക്കൊരു "ഗെദ്സമ്നി"

കെ. ജെ. ചാക്കോ കല്ലുകളം

വെറും ഭാവന മെനഞ്ഞെടുത്ത കഥയല്ലിത്. കേട്ടറിവോ നാട്ടറിവോ കാട്ടിത്തന്ന കഥയുമല്ലിത്. 88 വർഷത്തെ അനുഭവസമ്പത്തുള്ള ഒരു വ്യക്തിയുടെ, തേയ്മാനം വരാത്ത അൻപത് വർഷത്തെ ഓർമ്മകളിൽ പച്ചപിടിച്ചു നിൽക്കുന്ന സംഭവങ്ങളാണ് ഈ രചനയുടെ കാതൽ.

വാഴപ്പള്ളിയിൽ കപ്പൂച്ചിൻ ആശ്രമദേവാലയത്തിനെപ്പറ്റിയുള്ള തീർത്തും സ്ഥിരീകരിക്കാത്ത വാർത്ത പുറത്തുവന്നതോടുകൂടി എത്രമാത്രം സന്തോഷത്തോടും സഹകരണമനോഭാവത്തോടും ശുഭപ്രതീക്ഷയോടും കൂടിയാണ് വാഴപ്പള്ളിയിലെ കത്തോലിക്കസമൂഹം ഒന്നടങ്കം പ്രസ്തുത വാർത്തയെ സ്വാഗതം ചെയ്തത് എന്ന കാര്യം മനസ്സിലാക്കുവാൻ സാധിച്ച ഒരു വ്യക്തിയാണ് ഞാൻ. എന്തുകൊണ്ട് അങ്ങനെയൊരു അഭിപ്രായൈക്യവും ആവശ്യബോധവും സഹായമനോഭാവവും വാഴപ്പള്ളിയിലെ ആളുകളിൽ ഉണ്ടായി എന്നത് അറിഞ്ഞിരിക്കേണ്ട കാര്യമാണ്.

ഒരു അരനൂറ്റാണ്ടുമുമ്പ് വാഴപ്പള്ളിയിൽ പൊതുകത്തോലിക്കാ ആരാധനാലയം ഉണ്ടായിരുന്നില്ല. ഏകദേശം മൂന്നു കലോമീറ്റർ ദൂരെയുള്ള ചങ്ങനാശേരി ഇടവക ദേവാലയം മാത്രമായിരുന്നു. ദിവ്യബലിയിൽ സംബന്ധിക്കുവാനും മറ്റു കൂദാശകർമ്മങ്ങളിൽ പങ്കെടുക്കുവാനുമുള്ളഏക മാർഗ്ഗം. ഇന്നത്തെപ്പോലെ വാഹനസൗകര്യം ഒട്ടുംതന്നെ ഇല്ലാതിരുന്ന അക്കാലത്ത് മൂന്നു കിലോമീറ്റർ നടന്നുപോയി ദിവ്യബലിയിൽ സംബന്ധിക്കുക എന്നത് ആയാസകരമായ ഒരു പ്രവൃത്തിയായി പ്രായമുള്ളവരും ചെറുപ്പക്കാർപോലും കരുതിയിരുന്നു. വാഴപ്പള്ളി നിത്യാരാധനമഠം വക ചാപ്പലിൽ അവിടത്തെ മഠം അധികാരികളുടെ സന്മനസ്സും സൗജന്യവും മൂലം ലഭിച്ചിരുന്ന പരിമിതസൗകര്യങ്ങൾ മാത്രമായിരുന്നു ദിവ്യബലിയിൽ സംബന്ധിക്കുവാനും അപൂർവ്വ അവസരങ്ങളിൽമാത്രം ഭക്തികർമ്മങ്ങളിൽ പങ്കുചേരുവാനുമുള്ള ഒരു മാർഗ്ഗം.

ആരാധനമഠംവക ചാപ്പലിൽ ഞായറാഴ്ചകളിൽ കുർബാനയിൽ സംബന്ധിക്കുവാനെത്തുന്ന വാഴപ്പള്ളിക്കാർക്ക് ചാപ്പലിൽ കന്യാസ്ത്രികൾക്കും ബോർഡിംഗ് കുട്ടികൾക്കും മാത്രമായി നീക്കിവച്ചിരിക്കുന്ന സ്ഥലത്തിനു വടക്കുവശം ഭിത്തിയരികിലുള്ള വളരെ പരിമിതമായ സ്ഥലത്ത് ഇരുന്ന് കുർബാനയിൽ പങ്കെടുക്കുമ്പോൾ ബലിയർപ്പിക്കുന്ന വൈദികനെ കാണുവാനോ, മൈക്കില്ലാത്ത അക്കാലത്ത് അദ്ദേഹത്തോടൊത്ത് പ്രാർത്ഥനകളിൽ പങ്കുചേരുവാനോ സാധിക്കാത്തതുമൂലം ഞായറാഴ്ച കുർബാനകടം ഉണ്ടായില്ല എന്ന ആശ്വാസത്തോടെ വീട്ടിലേക്ക് മടങ്ങുവാനേ സാധിച്ചിരുന്നുള്ളു എന്ന കാര്യം പലരും പരാതി പോലെയും പരിഭവം പോലെയും പറഞ്ഞുകേട്ടിട്ടുണ്ട്. അങ്ങനെ

Alphine
Kanjikuzhy, Kottayam
Duty Paid
Home Appliances Shop

അസൗകര്യങ്ങളുടെ നടുവിൽ ഒരു ഇടവക ദേവാലയത്തെ സ്വപ്നം കാണുവാൻപോലും കഴിയാതിരുന്ന സമയത്താണ് ഒരു 'മംഗളവാർത്ത' അറിയുവാൻ സാധിച്ചത്. വാർത്ത യുടെ ഉടമ സഭാസ്നേഹിയായ ഒരു കപ്പൂച്ചിൻ വൈദികനായിരുന്നു. അദ്ദേഹം അക്കാ ലത്ത് കാവാലം കപ്പൂച്ചിൻ ആശ്രമശ്രേഷ്ഠനായിരുന്ന ഹിപ്പോളിറ്റസ് അച്ചനായിരുന്നു. കപ്പൂച്ചിൻസഭാ പ്രൊവിൻഷ്യാൽ മുതലായ അധികാരികളുടെ അനുവാദം വാങ്ങി ആശ്ര മസ്ഥാപനത്തിനുള്ള സ്ഥലത്തെപ്പറ്റിയും മേൽ നടപടികളെപ്പറ്റിയുമുള്ള ആലോചനക ളുമായി അദ്ദേഹം വാഴപ്പള്ളിയിൽ എത്തി ചുരുക്കം ചിലരുമായി ആശയവിനിമയം നടത്തി. ആമുഖ ആലോചനകളിൽ അന്ന് മുനിസിപ്പൽ ചെയർമാനും എം. എൽ.എ.യുമായി രുന്ന എനിക്ക് ആദ്യന്തം സംബന്ധിക്കുവാൻ സാധിച്ചത് ഒരു വലിയ ഭാഗ്യമായി കരുതു ന്നു. ആശ്രമസ്ഥാപനത്തിനുള്ള അനുവാദം അഭിവന്ദ്യ കാവുകാട്ടു പിതാവിൽനിന്നു ലഭിക്കുവാൻ യാതൊരു താമസവുമുണ്ടായില്ല എന്നു മാത്രമല്ല, സംരംഭത്തിന് പ്രത്യേക ദൈവാനുഗ്രഹം ഉണ്ടാകുമെന്ന് പ്രാർത്ഥനാപൂർവം അദ്ദേഹം ആശംസിക്കുകയുമുണ്ടായി.

ദേവാലയത്തിനും ആശ്രമത്തിനും മൂലയിൽ കുടുംബകാരണവരായ കുട്ടിച്ചന്റെ മക്കൾ അവർക്കു സ്വന്തമായുള്ള 25 സെന്റ് സ്ഥലം സൗജന്യമായി 1965 ഏപ്രിൽ 11 ന് ആശ്രമാധികൃതർക്ക് ഇഷ്ടദാനമായി എഴുതി നൽകിയതോടുകൂടി ആശ്രമദേവാലയ നിർമ്മാണത്തിനു കാലതാമസം ഒട്ടുംതന്നെ ഉണ്ടായില്ല.

വാഴപ്പള്ളിയിലെ കത്തോലിക്കസമൂഹം ദേവാലയനിർമ്മാണത്തിനു പരിപൂർണ്ണ മായി സഹകരിക്കുവാൻ തീരുമാനിക്കുകയും ദേവാലയനിർമ്മാണത്തിന് കരയോഗം എന്നു വിളിക്കപ്പെടുന്ന നാട്ടുകാരുടെ വക പത്തുസെന്റ് സ്ഥലവും ഇരുനില കെട്ടിടവും വിട്ടു കൊടുക്കുവാൻ തീരുമാനിക്കുകയും ചെയ്തു. മേൽ നടപടികൾക്കായി തെരഞ്ഞെടുത്ത എട്ടംഗകമ്മറ്റിയിലെ ഒരംഗമായിരുന്നു ഞാൻ. ഇതിൻ പ്രകാരം 1966 മേയ്മാസം 27 ന് പ്രസ്തുത സ്ഥലവും കെട്ടിടവും കപ്പൂച്ചിൻ സന്ന്യാസസമൂഹത്തിന് എഴുതി നൽകി.


1968 മാർച്ച്മാസത്തിൽ ദേവാലയവും ആശ്രമവും സ്ഥാപിക്കാൻ തറക്കല്ലിട്ടു. പള്ളിയും ആശ്രമവും പണിയുന്നതിനുള്ള ചുമതലക്കാരായി ഫാ. ജരാർദ് അച്ചനും സഹായിയായി ബ്രദർ അഗത്തോയും നിയമിക്കപ്പെട്ടു. അവർ രണ്ടുപേരും ചുരങ്ങിയ സമയംകൊണ്ട് വാഴപ്പള്ളിക്കാരായി മാറി. അവരുടെ ഒത്തൊരുമിച്ചുള്ള പ്രവർത്തനവും സ്നേഹവും സൗമ്യവുമായ പെരുമാറ്റവും പണിക്കാരെ സ്വന്തം സഹോദരന്മാരിയരായി കണ്ടുകൊണ്ടുള്ള ജരാർദ് അച്ചന്റെ പ്രവർത്തനശൈലിയും ഏവരുടെയും പ്രശംസയ്ക്കു പാത്രമായി. പണി ആരംഭിക്കുന്ന സമയത്ത് താമസത്തിനോ ഭക്ഷണം പാകം ചെയ്യുന്ന തിനോ സ്ഥലസൗകര്യം ഒട്ടുംതന്നെ ഉണ്ടായിരുന്നില്ല. തൊട്ട് അയൽപക്കത്തുള്ള ഡോക്ടർ എൻ. എം. ഫിലിപ്പും അദ്ദേഹത്തിന്റെ സഹധർമ്മിണി അന്നാമ്മച്ചിയും പള്ളി പണിയുടെ മേൽനോട്ടം വഹിച്ച ജരാർദ് അച്ചനും സഹവൈദികനും നൽകിയ സഹാ യങ്ങൾ വളരെ വിലപ്പെട്ടതായിരുന്നു. സ്വന്തം കുടുംബാംഗങ്ങൾക്ക് നൽകുന്ന സഹാ യംപോലെ ഭക്ഷണകാര്യത്തിൽപോലും ഒരു കുറവും ഉണ്ടാകാതിരിക്കുവാൻ അന്നാ മ്മച്ചി പ്രത്യേകം ശ്രദ്ധിച്ചിരുന്നു എന്ന കാര്യം അന്നത്തെ തലമുറയ്ക്ക് ബോധ്യമുള്ള താണ്. കപ്പൂച്ചിൻ ദേവാലയത്തിന്റെ പണി പൂർത്തിയായി പുതിയ ആശ്രമദേവാലയ ത്തിന് 'ഗെദ്സമ്നി' എന്ന പേരു നൽകുകയും 1969 സെപ്റ്റംബർ 7-ാം തീയതി അഭി



In Loving Memory of

C.J. CHACKO Chennattucherry

വന്ദ്യ കാവുകാട്ട് പിതാവ് അർപ്പിച്ച ദിവ്യബലിയോടുകൂടി ദേവാലയ വെഞ്ചരിപ്പുകർമ്മവും നടക്കുകയുമുണ്ടായി. 1969 മുതൽ ഇന്നോളം വാഴപ്പള്ളിക്കാർ അവർക്ക് സ്വന്തമായി ഒരു ആരാധനാലയം ഉണ്ടായി എന്ന ചിന്തയോടെ കപ്പൂച്ചിൻ വൈദികരുമായി എല്ലാ കാര്യങ്ങളിലും സഹായിച്ചും സഹകരിച്ചും മുന്നോട്ടുപോകുന്നു. സന്തോഷകരമായ അന്തരീക്ഷമാണ് ഇപ്പോൾ നിലനിൽക്കുന്നത്. ഗെത്സെമിനി ഒരു പുതിയ ആദ്ധ്യാത്മിക സംസ്കാരത്തിന്റെ നീർച്ചാലായി മാറി. ഗെത്സെമിനി ഇന്ന് നാട്ടുകാരുടെ ഒരു ആശാകേന്ദ്രമായി അംഗീകരിക്കപ്പെട്ടു കഴിഞ്ഞ് പ്രാർത്ഥനയും ഈശ്വര ഈശ്വരധ്യാനവും മുഖമുദ്രയായി സ്വീകരിച്ചിരിക്കുന്ന രണ്ട് ആഗോളസന്ന്യാസസഭകളുടെ - കപ്പൂച്ചിൻ സഭയുടെയും നിത്യാരാധനസഭയുടെയും - ഏകോപിച്ചുള്ള പ്രവർത്തനം വാഴപ്പള്ളിക്ക് വലിയ അനുഗ്രഹമായി മാറി എന്നതും പ്രത്യേകം പറയേണ്ടിയിരിക്കുന്നു. 650-ൽപ്പരം കുടുംബങ്ങൾ മാതൃകാപരമായ പ്രവർത്തനം നടത്തുന്ന 'ഗെത്സെമ്നി' കൂട്ടായ്മ ചങ്ങനാശേരിയിലെ ഒരു പ്രധാന ഇടവകയായി മാറാനുള്ള അംഗങ്ങളുടെ തീവ്രമായ ആഗ്രഹം ഇന്നല്ലെങ്കിൽ നാളെ സഫലീകരിക്കപ്പെടുന്ന കാഴ്ച കാണുവാൻ ആഗ്രഹിക്കുന്ന പലരിൽ ഒരുവനാണു ഞാൻ.



സ്മാരകം മന്ത്രിക്കുന്നത്

ഫാ. മാത്യു മുളങ്ങാശ്ശേരി കപ്പൂച്ചിൻ

ഭൂമി എന്നു പറയുന്നത് ഒരു മഹാസ്മാരകമാണ്; പലതിന്റേയും. അതിൽ കടന്നുപോയ നൂറ്റാണ്ടുകളും അതിൽ ജീവിച്ച മനുഷ്യരും വംശനാശം വന്നുപോയ കുറെ അനിതരസാധാരണമായ മൃഗങ്ങളും പക്ഷികളും ഉൾപ്പെടും. അതിജീവനത്തിന്റെ സ്മരണകൾ ഉണർത്തുന്നതൊക്കെ സ്മാരകങ്ങളാണ്. സ്മാരകങ്ങൾ തരുന്നത് ഒരുപിടി ഓർമ്മകളാണ്.

ഉദാഹരണത്തിന്, ഏതെങ്കിലും ചില പ്രത്യേക ഇടങ്ങളിൽ നമ്മൾ ചെല്ലുമ്പോൾ ചില വ്യക്തികളെ നമ്മൾ ഓർക്കുന്നു. അവരോടൊപ്പം ചിലവഴിച്ച നിമിഷങ്ങളെ ക്ഷണനേരംകൊണ്ട് നാം ഓർമ്മിച്ചെടുക്കുന്നു. ഇനിയും, ദേവാലയം ഒരു സ്മാരകമാണ്. എത്രയെത്ര നല്ല ഓർമ്മകളുടെയും അനുഭവങ്ങളുടെയും സ്മാരകം. കോട്ടയം - ചങ്ങനാശേരി വഴിയിൽ വാഴപ്പള്ളിയിൽ പാതയോരം ചേർന്ന് ഉയർന്നു നിൽക്കുന്ന ഗെദ്സമ്നി ദൈവാലയം ഒരുപിടി ഓർമ്മകളുടെ സ്മാരകമാണ്. തലമുറകൾക്കു കൈമാറിയ വിശ്വാസവെളിച്ചത്തിന്റെ ഒരു സ്മാരകം. കഴിഞ്ഞ 50 വർഷങ്ങളായി തലമുറ തലമുറകളായി പകർന്നു നൽകിയ ചാരിതാർത്ഥ്യത്തിന്റെ ഒരു സ്മാരകം. അർപ്പിച്ച ആയിരക്കണക്കിനു ബലികളും വചനഗീതം മുഴങ്ങിയ ആരാധനകളും പകർന്നു നൽകിയ വചനവ്യാഖ്യാനങ്ങളും മാലാഖമാരുടെ സ്വർഗ്ഗീയഗീതങ്ങളും അൻപതു വർഷംകൊണ്ട് ഗെദ്സമ്നിയെ വലിയ ഒരു ദൈവപരിപാലനയുടെ , ദൈവികസാന്നിധ്യത്തിന്റെ ഉറവിടമാക്കി തീർത്തി

Alphine
Kanjikuzhy, Kottayam
Duty Paid
Home Appliances Shop

രിക്കുന്നു. ഗെദ്സമ്നി വഴി കടന്നുപോയ വന്ദ്യ കപ്പൂച്ചിൻ സഹോദരന്മാരുടെ ഓർമ്മ അവിസ്മരണീയമാകുന്നത് അവരുടെ വാക്കുകൾക്കും പ്രവൃത്തികൾക്കും മീതെ, ദൈവത്തിന്റെ ഒരു സ്നേഹസ്പർശനം ഉണ്ടായിരുന്നതുകൊണ്ടാണ്.

ഈ ഗെദ്സമ്നി കൂട്ടായ്മയിലെ ഓരോ കുടുംബാംഗവും തങ്ങളുടെ ജീവിതയാത്ര പൂർത്തിയാക്കേണ്ടത് ഇതേ സ്നേഹസ്മരണകൾ നിലനിർത്തിക്കൊണ്ടുതന്നെയാണ്. സ്നേഹത്തിന്റെ അത്യുജ്ജ്വലസ്മാരകം ഈശോയുടെ കുരിശുതന്നെയാണ്. കുരിശുമരം കാത്തിരുന്നു, എന്നെങ്കിലും ഒരിക്കൽ സ്നേഹം തന്നെ വാരിപ്പുണരുമെന്നും ആ സ്നേഹതലോടലിൽ ഒരു മൂല്യം കൈവരും എന്നും. കാരണം അന്നുവരെ കുരിശുമരത്തേൽ മരണം കൈവരിച്ചവരെല്ലാം ജീവിതത്തിന്റെ ഏതോ വഴിയിൽ അപഭ്രംശം സംഭവിച്ചവരായിരുന്നു. എന്നാൽ ഇന്ന് എന്നിൽ ക്രിസ്തു തറയ്ക്കപ്പെട്ടിരിക്കുന്നു. ജീവിതം സഫലമായിത്തീർന്നിരിക്കുന്നു. സ്നേഹം തന്നെ മാറോടു ചേർത്ത് വാരിപ്പുണർന്നിരിക്കുന്നു. നമുക്കും കാത്തിരിക്കാം, ക്രൂശിതന്റെ സ്നേഹതലോടലിനായി.

ഗെദ്സമ്നിയിലെ പ്രിയരേ, ജൂബിലി നിറവിൽ നാം നിൽക്കുമ്പോൾ, മൺമറഞ്ഞുപോയ, ഗെദ്സമ്നിയെ ഒരുപാടു സ്നേഹിച്ച സഹോദരങ്ങളുടെ സ്നേഹസ്മരണകൾക്കു മുമ്പിൽ പ്രതീക്ഷയോടെ, കൂപ്പുകരങ്ങളോടെ പ്രണാമം!



ദൈവത്തിന്റെ മുന്തിരിത്തോപ്പ്

ആശ ആനി ജോസ്, കൊച്ചുകണ്ണാത്ത്

ഗെദ്സമ്നി ദൈവാലയം 50-ന്റെ നിറവിൽ നിൽക്കുമ്പോൾ ഇന്നോളം എനിക്കു കിട്ടിയ ദൈവാനുഗ്രഹത്തിനു നന്ദി. മുൻനിരയിൽനിന്ന് അൾത്താരയിലെ ക്രൂശിതരൂപം നോക്കി പ്രാർത്ഥിക്കാൻ പഠിപ്പിച്ച എന്റെ മാതാപിതാക്കൾക്ക് നന്ദി. ഒരുപക്ഷേ അങ്ങനെ ചെയ്തില്ലായിരുന്നെങ്കിൽ ഈ സുവർണജൂബിലി ആഘോഷം എനിക്ക് വ്യർത്ഥമായേനേ. അത്രത്തോളം തമ്പുരാൻ എന്നെ അനുഗ്രഹിച്ചു.

എന്റെ ഗെദ്സമ്നിയെപ്പറ്റിയുള്ള അനുഭവങ്ങൾ പങ്കുവയ്ക്കുന്നത് തികച്ചും സന്തോഷം തരുന്നതുതന്നെ. ഫ്രാൻസിസ്കൻ ചിൽഡ്രൻസ് ലീഗ്മുതൽ യുവദീപ്തിവരെ പ്രവർത്തിക്കുമ്പോൾ ദൈവാലയം അടുത്തറിയാൻ സാധിക്കുന്നു. ഇന്നോളം ഇവിടെ സേവനം അനുഷ്ഠിച്ച വൈദികരുടെ പ്രാർത്ഥനകൾ ഓരോ വിദ്യാർത്ഥിയുടെയും ജീവിതത്തിൽ വലിയ പങ്ക് വഹിച്ചിട്ടുണ്ട്. അതിർവരമ്പുകൾ ഇല്ലാതെ ഒരു കുടക്കീഴിൽ നിർത്തിയ എല്ലാ വൈദികരെയും മറ്റു ബഹുമാന്യവ്യക്തികളെയും സ്നേഹത്തോടെ ഓർക്കുന്നു.

ഓരോ അനുഭവവും ഓരോ പാഠമായിരുന്നു. ജീവിതത്തിൽ മുന്നേറാൻ സഹായിച്ച പാഠങ്ങൾ. എഫ്.സി.എൽ. സംഘടനയിൽ പ്രവർത്തിച്ചതു മുതൽ ഇന്ന്




Golden Jubilee wishes from
Assisi Institute of Foreign Languages
Bharanaganam

സോണച്ചന്റെ നേതൃത്വത്തിൽ യുവദീപ്തിയിൽ പ്രവർത്തിക്കുമ്പോൾവരെ, വ്യക്തിത്വ രൂപീകരണത്തിനും അറിവിനും ഇതിനെല്ലാമുപരി ദൈവത്തോട് കൂടുതൽ അടുക്കാനും ഈ ദേവാലയം വഹിച്ച പങ്ക് വിസ്മരിക്കാനാവില്ല. കഷ്ടതയിൽ സഹായിച്ച പുണ്യ വൈദികരും നല്ല സുഹൃദ്വലയങ്ങൾ ഉണ്ടാക്കിത്തന്ന ഗെദ്സമ്നിയും. ക്രിസ്മസിനോട് അനുബന്ധിച്ചു നടക്കുന്ന കേക്ക് വിൽപ്പനയും, മേഴ്സി ഹോം സന്ദർശനം തുടങ്ങിയ കൂട്ടായ പ്രവർത്തനങ്ങളും ഗെദ്സമ്നിയിലേക്ക് എന്നെ കൂടുതൽ അടുപ്പിച്ചു.

എവിടെയായിരുന്നാലും ഒക്ടോബർ മാസങ്ങളിൽ വാഴപ്പള്ളിയിൽ തന്നെയായിരിക്കാൻ ഞാൻ ആഗ്രഹിക്കുന്നു. സ്വർഗ്ഗീയ മധ്യസ്ഥനായ ഫ്രാൻസിസ് അസ്സീസിയുടെ തിരുനാളിൽ പങ്കുചേരാനും, ഗെദ്സമൻ കലാസന്ധ്യയിൽ ഇടവകാംഗങ്ങളുടെ കലാവാസന കണ്ട് അവരെ പ്രോത്സാഹിപ്പിക്കാനും സ്നേഹവിരുന്നിൽ പങ്കെടുക്കാനും.

ഞങ്ങളെ ആത്മീയതയിലേക്ക് വഴിതെളിച്ചു നടത്തിയ എല്ലാ വൈദികരേയും ഗുണകാംക്ഷികളേയും ഞാൻ നന്ദിയോടെ ഓർക്കുന്നു. ഒരു മനസ്സും ഒരു ഹൃദയവും ഒരു കൂട്ടായ്മയുമായി ശക്തിപ്രാപിച്ച് വളരുവാൻ ഈ ജൂബിലിവർഷം കാരണമാകട്ടെ.



ഓർമ്മയിലെ ഗദ്സെമെൻ

വി. ജെ. ലാലിച്ചൻ വല്ലയിൽ

സഹോദരിമാരുടെ കൈപിടിച്ച് വാഴപ്പള്ളി സെന്റ് തേരാസാസ് നഴ്സറി സ്കൂളിലേക്കുള്ള യാത്രയിൽ അവർക്കൊപ്പം പ്രാർത്ഥിക്കുവാൻ കയറിയിരുന്ന, കുഞ്ഞുമനസ്സിലെ ദേവാലയം. അതാണിപ്പോഴും ഉള്ളിൽ തെളിയുന്ന ഗദ്സെമ്നിയുടെ ആദ്യ ദൃശ്യം. അവിടുന്നങ്ങോട്ട് എന്റെ ജീവിതത്തോടു ചേർന്ന്, ജീവിതത്തിന്റെ ഭാഗംതന്നെയായി മാറി ആശ്രമദേവാലയം. പിന്നീട് അൾത്താര ബാലൻ, മിഷൻ ലീഗ്, യുവദീപ്തി, കയർ മെമ്പർ തുടങ്ങി ഇപ്പോഴും തുടരുന്ന പങ്കുചേരലിന്റെ സുഖമുള്ള ഓർമ്മകൾ. ആശ്രമത്തിന്റെ പഴയകാലരൂപവും, പൂർവിക വൈദികരും മായാതെ ഓർമ്മയിലുണ്ട്.

ഞാൻ നാലാംക്ലാസിൽ പഠിക്കുമ്പോൾ നന്നായി തബല വായിക്കുമായിരുന്നു. നല്ലൊരു കലാകാരനായിരുന്ന എന്റെ അച്ചായനെ കണ്ട് അറിവുകൾ പങ്കുവെക്കാനും, എന്റെടുത്തു നിന്നും തബലയുടെ പുതിയ നടകൾ മനസ്സിലാക്കുന്നതിനായി ബ്രദർ ക്ലീറ്റസ് സൈക്കിൾ ചവിട്ടി വീട്ടിലെത്തിയിരുന്നത് മറന്നിട്ടില്ല. ക്ലീറ്റസച്ചൻ നല്ലൊരു ചിത്രകാരനും, തബലിസ്റ്റുമായിരുന്നു. അച്ചനാണ് ആ പ്രായത്തിൽതന്നെ എന്നെ കയറിൽ എത്തിച്ചത്. റോഡിനോടു ചേർന്നുണ്ടായിരുന്ന പഴയ കെട്ടിടത്തിൽ ക്ലീറ്റസച്ചൻ ചിത്രങ്ങൾ വരയ്ക്കുന്നത് ഞാൻ നോക്കി നിൽക്കുമായിരുന്നു.

ഗദ്സെമ്നി കയർഗ്രൂപ്പിലെ പ്രവർത്തനം എനിക്ക്, ഒരു സുഹൃത്തുമായി ചേർന്ന് 'ബീറ്റ്സ്' എന്ന പേരിൽ ഒരു ഗാനമേള ട്രൂപ്പ് രൂപീകരിക്കാൻ പ്രചോദനമായി. കയർഗ്രൂപ്പിലെ ജോസ്, സിബി, ടോമി, ബിജു, സജി, ഷാജു എന്നിവരും കൂടി, കുറെ പുതുമുഖങ്ങളേയും ചേർത്ത് ഗദ്സെമ്നി സോഷ്യൽ സെന്റർഹാളിൽ ഗ്രൂപ്പിന്റെ ഒരു ഔദ്യോഗിക ഉദ്ഘാടനപരിപാടി നടന്നു. വിജയകരമായി നിരവധി പ്രോഗ്രാമുകൾ ചെയ്തു. മിമിക്രി, ഗാനമേള വേദികളിൽനിന്നും, വിവാഹത്തോടെ ഞാൻ വിരമിച്ചുവെ

ങ്കിലും, ഗദ്സെമ്നി ഗായകസംഘത്തോടൊപ്പം ഞാനിന്നും സജീവമാണ്.എന്റെ മകളും ഗാനശുശ്രൂഷയിൽ ഇന്ന് എന്നോടൊപ്പമുണ്ട്.


എന്റെ വിവാഹവും ഈ ആശ്രമദേവാലയത്തിൽവെച്ചാണു നടന്നത്. മകൻ ഫ്രാൻസിസ് നാമധാരിയാണ്. മാതാപിതാക്കളിൽനിന്നും പകർന്നു കിട്ടിയ നന്മയുടെ വെളിച്ചം കെടാതെ സൂക്ഷിക്കാൻ ഈ ദേവാലയത്തിന്റെ സാമീപ്യം എനിക്ക് അനുഗ്രഹമായിത്തീർന്നു. ഓരോ കാലഘട്ടത്തിലും നല്ലവരായ വൈദികരുമായുള്ള അടുപ്പവും, സ്നേഹവും, അവരുടെ പ്രാർത്ഥനകളും എന്നെ നന്മയുടെ വഴിയേ നയിച്ചു. ഒരു നല്ല അധ്യാപകൻ എന്ന നിലയിൽ എന്നെ വളർത്തിയത് അവരുടെ അനുഗ്രഹമാണ്.

ഗദ്സെമ്നി കയറിൽ പാടുവാനായി കുറെയധികം പാട്ടുകൾ ഞാനെഴുതി, സംഗീതം നൽകിയിരുന്നു. ദൈവാനുഗ്രഹത്താൽ, പാട്ടുകൾ ഇഷ്ടമായവരുടെ ആവശ്യപ്രകാരമാണ് പിന്നീടത് പ്രശസ്ത ഗായകരുടെ ശബ്ദത്തിൽ 'സ്നേഹസൂര്യൻ' എന്ന പേരിൽ ഇതേ ദേവാലയാങ്കണത്തിൽവച്ച് പ്രകാശിതമായത്. ആ പാട്ടുകളുടെ സ്വീകാര്യതയും വിജയവും എനിക്കു നൽകിയ ആത്മവിശ്വാസം ചെറുതല്ല. പിന്നീട് ദൂത്, ഗ്ലോറി, എന്റെ കാവുകാട്ടു പിതാവിന് തുടങ്ങിയ ഭക്തിഗാനകാസറ്റുകളിൽ ദൈവം എന്നെ ഉപയോഗപ്പെടുത്തിയതിനും നന്ദി പറയുന്നു.

മാതാവിന്റ മഹനീയ സാന്നിധ്യം നിറഞ്ഞു നിൽക്കുന്ന ഈ ദേവാലയത്തെക്കുറിച്ച് ചിലത് പങ്കുവെക്കാതിരിക്കാനാവില്ല.ഏതാനും വർഷങ്ങൾക്ക് മുൻപ് കയറിൽ കീബോഡ് വായിക്കുകയായിരുന്നു ഞാൻ. അൽഫോൻസാമ്മയുടെ തിരുനാൾ നൊവേനയുടെ അവസാന ദിവസം, കയർ കഴിഞ്ഞ് ഞാൻ കീബോഡ് ഒതുക്കി വയ്ക്കാൻ കുനിഞ്ഞു നിവരുമ്പോൾഎന്റെ ശിരസിൽ എന്തോ സ്പർശിച്ചതായി തോന്നി. തൊട്ടു നോക്കുമ്പോൾഎന്റെ തലയിൽ മാതാവിന്റെ രൂപത്തിൽ ഇരുന്ന കിരീടം. കിരീടം എങ്ങനെ എന്റെ ശിരസിൽ വന്നു എന്നറിയാതെ അത്ഭുതപ്പെട്ടുപോയി. സഹനത്തിന്റെ കിരീടമാണെന്ന് ഞാൻ മറ്റുള്ളവരോട് പറഞ്ഞപ്പോൾ, സംഭവം പങ്കു വെച്ച വൈദികൻ അത് മാതാവിന്റെ പ്രത്യേക സംരക്ഷണത്തിന്റെ അടയാളമാണെന്ന്എന്നെ ബോധ്യപ്പെടുത്തിത്തന്നു. കുഞ്ഞുനാൾ മുതൽ മാതാവുമായി എനിക്ക് പ്രത്യേകമായൊരു അടുപ്പവും സ്നേഹവുമുണ്ടായിരുന്നു.

ഇടക്കാലത്ത്, വൈകുന്നേരങ്ങളിൽ ഗദ്സെമ്നി ദേവാലയത്തിൽ ചെന്നിരുന്ന് തനിയെ പ്രാർത്ഥിക്കുന്ന പതിവുണ്ടായിരുന്നു. വിഷമഘട്ടങ്ങളിൽ അതെനിക്കു വളരെ ആശ്വാസമായിരുന്നു. ഒരിക്കൽ കൂടക്കച്ചിറയിൽ ധ്യാനത്തിനിടക്കു പരിചയപ്പെട്ട ഒരു ഹിന്ദു സഹോദരൻ പറഞ്ഞിരുന്നു മാതാവിനോടു പ്രാർത്ഥിക്കുമ്പോൾ ഒരു പ്രത്യേക സുഗന്ധം അനുഭവപ്പെടുമായിരുന്നെന്ന്. ഗെദ്സെമ്നിയിൽ ഒറ്റയ്ക്കിരുന്നു പ്രാർത്ഥിക്കുന്ന സമയം ആ സഹോദരൻ പറഞ്ഞ കാര്യമോർത്ത് അങ്ങനൊരനുഭവം നൽകണമേയെന്ന് ഞാൻ തീവ്രമായി മാതാവിനോടു പ്രാർത്ഥിച്ചു. നിമിഷങ്ങൾക്കുള്ളിൽ, മങ്ങിയ വെളിച്ചത്തിൽ മാതാവിന്റെ സാന്നിദ്ധ്യത്തിൽ അത്ഭുതകരമായ സുഗന്ധം, ഞാനറിഞ്ഞു, അനുഭവിച്ചു ഗദ്സെമ്നി ദേവാലയത്തിൽ. പരിശുദ്ധ അമ്മയുടെ അത്ഭുതം. എന്റെ ജീവിതത്തിന്റെ ഓരോഘട്ടങ്ങളിലും, അനിവാര്യതകളിലും, വിവാഹം, ജോലി, മക്കൾ, വീട്... ദൈവം അത്ഭുതകരമായി ഇടപെട്ടിരുന്നു എന്നതാണ് സത്യം.

മുപ്പതു വർഷത്തിലധികമായി ഗദ്സെമ്നി ദേവാലയത്തിൽ ഗാനശുശ്രൂഷ ചെയ്യുവാൻ എന്നെ അനുഗ്രഹിച്ച സർവ്വേശ്വരന് നന്ദിയർപ്പിക്കുന്നു. ഒപ്പം നല്ലതു ചിന്തിക്കാൻ, നല്ലതു പ്രവർത്തിക്കാൻ, നന്മയുടെ വഴിയേ ചിരിക്കാൻ, ഏറ്റവും ശ്രേഷ്ഠമായ അധ്യാപകവിളിയിൽ എത്തിച്ചേരാൻ എന്നെ പ്രാപ്തനാക്കിയ എന്റെ നല്ല മാതാപിതാക്കളെയും ഗുരുക്കൻമാരെയും നന്ദിയോടെ ഞാനോർക്കുന്നു.




എന്റെ ബാല്യത്തിലെ ഗെദ്സമ്നി

ജോയിക്കുട്ടി മൂലയിൽ

ബഹുമാനപ്പെട്ട ജരാർഡ് അച്ചനും ബ്രദർ അഗത്തോയും ഗെദ്സമ്നി പള്ളി പണിയുടെ ചുമതലയേറ്റ് ഇവിടെ എത്തി, കരയോഗത്തിന്റെ മുകൾനിലയിൽ താമസവും താഴത്തെ നിലയിൽ പള്ളിയുമായി തുടരുന്ന സമയം. ഒരുനാൾ അച്ചൻ എന്നെയും വിളിച്ച് അൾത്താര ബാലസഖ്യത്തിൽ ചേർത്തു. അങ്ങനെ ഞാനും ആദ്യകാല അൾത്താര ബാലന്മാരിൽ ഒരാളായി. പാലത്തിങ്കൽ ജയിംസുകുട്ടി, വെട്ടുകുഴിയിൽ കുഞ്ഞുതോമാച്ചൻ, കല്ലുകുളങ്ങര ജോജോ, നെല്ലിക്കുന്നത്ത് തോമാച്ചൻ, ഞാലിയിലെ ഇരട്ടകളായ രാജുവും സാബുവും, മൂലയിൽ ചാക്കോച്ചനും മറ്റ് കുട്ടികളും ഉണ്ടായിരുന്നു. ഞങ്ങൾക്ക് വൈകുന്നേരങ്ങളിൽ കളിക്കുന്നതിന് അച്ചൻ ഒരു ഫുട്ബോൾ വാങ്ങിത്തന്നു. ഗെദ്സമ്നിയുടെ ഇടവഴിയിലാണ് ഞങ്ങൾ കളിച്ചിരുന്നത്. ഇന്നത്തെപ്പോലെ വാഹനങ്ങൾ ഒന്നും വരാറില്ല. 5.30 ആകുമ്പോൾ കളി അവസാനിപ്പിക്കും.

കാവുകാട്ട് പിതാവ് വന്ന് പള്ളിക്കു തറക്കല്ലിടുന്നതും പള്ളിപണി നടക്കുന്നതും ഇപ്പോഴും എന്റെ ഓർമ്മയിൽ ഉണ്ട്. പള്ളിയുടെ വെഞ്ചരിപ്പ് വാഴപ്പള്ളിക്കാർക്ക് ആഘോഷമായിരുന്നു. തോരണങ്ങൾ വലിച്ചുകെട്ടി അലങ്കരിക്കുന്നതും, കാവുകാട്ട് പിതാവിനെ കാറിൽ വന്നിറങ്ങി സ്വീകരിച്ചു കൊണ്ടു പോകുന്നതും പിതാവ് പള്ളി വെഞ്ചരിക്കുന്നതും ഇന്നും ഞാൻ ഓർക്കുന്നു.

പള്ളിയുടെ മുമ്പിലുള്ള സ്ഥലം വാങ്ങിക്കഴിഞ്ഞ് ബഹുമാനപ്പെട്ട തോമസ് തോപ്പിലച്ചന്റെ കാലത്ത് ഒരു ക്രിസ്മസിനു ഈ ഗ്രൗണ്ടിനുചുറ്റും നക്ഷത്ര വിളക്കുകൾ തെളിച്ച് ലൈറ്റും ഇട്ട് ഒരു സ്റ്റേജ് കെട്ടി അലങ്കരിച്ച് അവിടെ പാതിരായ്ക്ക് വി. കുർബാന അർപ്പിച്ചത്. ഇതെല്ലാം എന്റെ മനസ്സിൽ ഇന്നും മായാതെ നിൽക്കുന്നു.




ഗെദ്സെമ്നി ചിന്തകൾ

തങ്കച്ചൻ പുന്നശ്ശേരി

സ്ഥാപകപിതാവായ വി. ഫ്രാൻസീസ് അസ്സീസിയുടെ അനുഗ്രഹത്തിൽ കപ്പൂച്ചിൻ സഹോദരങ്ങൾ കഴിഞ്ഞ 50 വർഷക്കാലമായി വാഴപ്പള്ളി പ്രദേശത്തുള്ള കൂട്ടായ്മയിലെ കുടുംബങ്ങളെ, അഥവാ സഭയാകുന്ന ആലയത്തെ, വിശ്വാസത്തിന്റെ ആത്മീയതയിൽ പരിപാലിക്കുന്ന ശുശ്രൂഷയിൽ ഏർപ്പെട്ടിരിക്കുകയാണ്. ആരംഭകാലത്ത് 87 കുടുംബങ്ങളുണ്ടായിരുന്ന ഗെദ്സെമ്നിയിൽ ഇന്ന് 17 കൂട്ടായ്മകളിലായി 613 കുടുംബങ്ങളുണ്ട്. കുടുംബകൂട്ടായ്മ ഭാരവാഹികളും പാരിഷ് കൗൺസിൽ അംഗങ്ങളും ഗെദ്സെമ്നിയിലെ എല്ലാ പ്രവർത്തനങ്ങൾക്കും നേതൃത്വം നൽകുന്നതിനൊപ്പം അതിരൂപതയോടും കത്തിഡ്രൽ ഇടവകയോടും പൂർണമായ വിശ്വസ്തതയും സഹകരണവും പുലർത്തിവരുന്നു.

ഗെദ്സെമ്നി സമൂഹത്തിന് കൈമുതലായി കിട്ടിയ ആദ്ധ്യാത്മികചൈതന്യം കപ്പൂച്ചിൻ വൈദികരിൽനിന്നും പകർന്നുകിട്ടിയ വലിയ അനുഗ്രഹമാണ്. 39 വർഷക്കാലമായി ജീവകാരുണ്യപ്രവർത്തനങ്ങൾ വഴി വാഴപ്പള്ളിയിലെയും ആലംബഹീനരുടെയും മധ്യേ ജാതി മത ഭേദമെന്യേ ക്രൈസ്തവസ്നേഹത്തിന്റെയും കരുണയുടെയും ആശ്വാസദൂതുമായി കടന്നുചെല്ലുന്ന സെന്റ് ഫ്രാൻസിസ് അസ്സീസി കോൺഫ്രൻസ്, ഗെദ്സെമ്നി വിശ്വാസസമൂഹത്തിന്റെ ഉദാത്തമാതൃകയാണ്.

ഗെദ്സെമ്നിയുടെ ആരംഭത്തിൽ ഗാർഡിയനായിരുന്ന വെരി. റവ. ഫാദർ ജെരാർദ് കല്ലിടുക്കിൽ മുതൽ ഇപ്പോൾ ഗാർഡിയനായി സേവനം ചെയ്യുന്ന റവ. ഡോ. ചെറിയാൻ സ്കറിയ വലിയവീട് വരെ വിവിധ നിലകളിൽ വാഴപ്പള്ളിയിൽ സേവനമനുഷ്ഠിച്ചിട്ടുള്ള കപ്പുച്ചിൻ സന്ന്യാസിവര്യരുടെ വിലയേറിയ ശുശ്രൂഷകൾ കത്തോലിക്കസമൂഹത്തിന്റെ ആദ്ധ്യാത്മികപൈതൃകമായി പ്രശോഭിക്കുന്നു. ഏതു സാഹചര്യത്തിലും എപ്പോഴും പള്ളികളിലും മഠങ്ങളിലും പരിശുദ്ധ കുർബാന അർപ്പിക്കുന്നതിനും കുമ്പസാരിപ്പിക്കുന്നതിനും പ്രാർത്ഥിക്കുന്നതിനും ഇവിടുത്തെ സന്ന്യാസശ്രേഷ്ഠർ സന്നദ്ധരാണ്. പുളിംകുന്ന് സ്വദേശിയായ ഞാൻ കഴിഞ്ഞ 25 വർഷമായി വാഴപ്പള്ളിയിൽ ഗെദ്സെമ്നി കൂട്ടായ്മയിലെ ഒരു എളിയകുടുംബാംഗമായി താമസിക്കുന്നു. 24 വർഷമായി സെന്റ് പീറ്റേഴ്സ് കൂട്ടായ്മയുടെ പ്രസിഡന്റായി തുടരുന്നു. അന്നു മുതൽ വിൻസന്റ് പോൾ സംഘടനയിലെ സഹോദരനായി പ്രവർത്തിക്കുന്നു. അതുകൊണ്ട് ധാരാളം ആളുകളുമായി ഇടപഴകുവാനും നല്ലൊരു സുഹൃത്ബന്ധം സ്ഥാപിക്കാനും സാധിച്ചു. 6 വർഷത്തോളം കത്തീഡ്രൽ ഇടവകയിൽ പാരിഷ് കൗൺസിലറായി പ്രവർത്തിക്കാൻ സാധിച്ചത് ആശ്രമഗാർഡിയന്റെയും മറ്റു പുരോഹിതൻമാരുടെയും കൂട്ടായ്മയിലെ സഹപ്രവർത്തകരുടെയും സ്നേഹവും കാരുണ്യവുംകൊണ്ടാണ്.



ഗെദ്സമ്നി - എന്റെ അനുഭവങ്ങളും ഓർമ്മകളും

വക്കച്ചൻ പാലത്തുങ്കൽ

ജൂബിലിപ്രാർത്ഥനയിലെ വാചകം ഞാൻ ആവർത്തിക്കട്ടെ: "അങ്ങ് രൂപം നൽകി വളർത്തുകയും പരിപാലിച്ചുകൊണ്ടിരിക്കുകയും ചെയ്യുന്ന ഈ ദൈവാലയത്തെയും ഈ ആരാധനാസമൂഹത്തെയും ഓർത്ത് ഈ ജൂബിലിവർഷത്തിൽ" അക്ഷരാർത്ഥത്തിൽതന്നെ ഗെദ്സമനിയുമായിട്ട് വളരെ ചേർന്നു പോകുന്ന പ്രാർത്ഥനാവാചകം. വീണ്ടും പറയട്ടെ ബ: മേക്കരയച്ചന്റെ "ദൈവത്തിന്റെ നിസ്വൻ" എന്ന ചെറുപുസ്തകത്തിൽ 38-ാം പേജിൽ രണ്ടാമത്തെ ഖണ്ഡിക തുടങ്ങുന്നു: "ആദിമ ക്രൈസ്തവ സഭയുടെ മറ്റൊരു പതിപ്പായിരുന്നു ആദിമ ഫ്രാൻസിസ്കൻ സഭ. ദാരിദ്ര്യജീവിതവും ദൈവപരിപാലനയിലുള്ള വിശ്വാസവുമായിരുന്നു ഇതിന്റെ സവിശേഷത." ഈ സവിശേഷതയിൽ തന്നെ ജീവിച്ച ജരാർദച്ചനും, അഗത്തോ ബ്രദറും. ഇവർ രണ്ടു പേരുടെയും നേതൃത്വത്തിൽ നൂറിൽ താഴെ കത്തോലിക്കാ കുടുംബനാഥന്മാരുടെയും നാഥകളുടെയും കയ്യും മെയ്യും മറന്നുള്ള സഹകരണം ആണ് ഇന്നത്തെ മനോഹരമായ ഗെദ്സമ്നി പള്ളി. മറ്റു പല പള്ളികളിൽ കാണുന്നതുപോലെ പില്ലറുകളോ ബീമുകളോ കൂടാതെയുള്ള എഞ്ചിനീയറിംഗ് വൈദഗ്ദ്ധ്യം ജരാർദച്ചൻ അൻപതുകൊല്ലം മുൻപ് വരച്ചെടുത്ത വിജയഗാഥ. ജരാർദച്ചനെ ഓർക്കുമ്പോൾ ആദ്യം മനസ്സിൽ വരുന്നത് എല്ലാ ആദ്യ വെള്ളിയാ

ഴ്ചയും എന്റെ വല്യമ്മച്ചിക്ക് വി. കുർബാനയും കൊണ്ട് സൈക്കിൾ ചവിട്ടി വരുന്ന അച്ചനെയാണ്. അങ്ങനെ വാഴപ്പള്ളിയിലെ പ്രായമായ എല്ലാവരുടെയും വീടുകളിൽ അച്ചൻ സൈക്കിൾ ചവിട്ടി ചെന്ന് വി. കുർബാന കൊടുക്കുമായിരുന്നു. രണ്ടാമതായി ജരാർദച്ചൻ തുടങ്ങിവച്ച ഒരു നല്ല ശീലമായിരുന്നു തിരുഹൃദയ മാസമായ ജൂണിൽ എല്ലാ വീടുകളും വെഞ്ചരിച്ച്, കുടുംബപ്രതിഷ്ഠ നടത്തുക എന്നുള്ളത്.


എടുത്തുപറയേണ്ടതായ മറ്റൊരു സവിശേഷത പുണ്യശ്ലോകനായ കാവുകാട്ട് പിതാവിന്റെ അനുവാദവും അനുഗ്രഹങ്ങളും നമ്മുടെ ഗെദ്സമ്നിക്ക് വേണ്ടുവോളമുണ്ട്. അതുകൊണ്ട് മാത്രമാണ് ഗെദ്സമ്നി സമൂഹം ഇത്രയും വളർന്നതും ഒത്തൊരുമയോടെ നിലനിൽക്കുന്നതും.

വാഴപ്പള്ളിയിലെ എല്ലാവരും പ്രാർത്ഥിച്ച്, ആഗ്രഹിച്ചു പ്രയത്നിച്ചതിന്റെ ഫലമാണ് ഇന്നത്തെ ഗെദ്സമ്നി പള്ളി. അന്നത്തെ വാഴപ്പള്ളിയിലെ പല വീട്ടമ്മമാരും വിളമ്പിയിരുന്ന ഭക്ഷണമായിരുന്നു ഭൂരിഭാഗം ദിവസങ്ങളിലും. ബഹു. ജരാർദച്ചന്റെയും, അഗത്തോ ബ്രദറിന്റെയും ഭക്ഷണം. ഇക്കാര്യത്തിൽ പ്രത്യേകം ഓർമ്മിക്കേണ്ടതായ ഒരു പേരാണ് പരേതനായ ഡോ.എൻ.എം.ഫിലിപ്പിന്റെ സഹധർമ്മിണി നെല്ലിക്കുന്നത്ത് പരേതയായ അന്നമ്മ അമ്മച്ചി.

ഇക്കഴിഞ്ഞ അൻപതുവർഷം കൊണ്ട് മറ്റ് സ്ഥലങ്ങളിൽനിന്ന് ഇവിടെയെത്തി വാഴപ്പള്ളിയിൽ സ്ഥിരതാമസമുറപ്പിച്ച കത്തോലിക്കാ കുടുംബങ്ങൾ ഗെദ്സമ്നിയോട് കാണിക്കുന്ന സ്നേഹവും, സഹകരണവും (അത് സാമ്പത്തികമാണെങ്കിലും, മറ്റു വിധത്തിലാണെങ്കിലും) വളരെയധികം വിലമതിച്ചിടേണ്ടതാണ്. ആ സഹകരണവും, സ്നേഹവുമാണ് ഒരു മൈക്കും, 4 ചെറിയ സൗണ്ട്ബോക്സും, 8 സീലിംഗ് ഫാനും മാത്രമുണ്ടായിരുന്നിടത്ത് ഇന്ന് 7 മൈക്കും, 24 ഫാനും, 5 വലിയ സൗണ്ട്ബോക്സും ആയി മാറിയിട്ടുള്ളത്. എല്ലാറ്റിനുമുപരി മദ്ബഹായുടെ ഇപ്പോഴത്തെ നവീകരണം.

കപ്പൂച്ചിൻ അച്ചന്മാർ വന്നതിനു ശേഷം വാഴപ്പള്ളി കത്തോലിക്കർക്കുണ്ടായ ആത്മീയ ഉണർവ്വ്, ഭക്താനുഷ്ഠാനത്തിലുണ്ടായ തീക്ഷ്ണത, ധ്യാനങ്ങളിൽ സംബന്ധിക്കാനുള്ള പ്രേരണ, അനുദിനം വി. കുർബാനയിൽ പങ്കെടുക്കുന്നതിനും, വി. കുർബാന സ്വീകരിക്കുന്നതിനുമുള്ള വ്യഗ്രത, കൂടെക്കൂടെ അനുരജ്ഞന കൂദാശ സ്വീകരിക്കുന്നതിനുള്ള ആഗ്രഹം ഇതെല്ലാം നല്ലവനായ ഈശോയോട് അടുക്കുന്നതിനുള്ള അവസരവും കൂടുതൽ ദൈവേഷ്ടപ്രകാരം നന്നായി ജീവിക്കുന്നതിനുള്ള സാധ്യതയുമാണെന്ന് വാഴപ്പള്ളിക്കാർ മനസ്സിലാക്കി. പ്രത്യേകം എടുത്തു പറയേണ്ടതായ വസ്തുത വാഴപ്പള്ളിയിലെ കത്തോലിക്കർ ബുദ്ധിമുട്ടുന്ന സഹോദരങ്ങളോടു കാണിക്കുന്ന സഹാനുഭൂതിയും, സ്നേഹവും കരുതലും ആണ്. ബുദ്ധിമുട്ടുന്ന എല്ലാ സഹോദരങ്ങൾക്കും ഓരോരുത്തരും അവരുടെ കഴിവിനപ്പുറം കൊടുക്കുന്ന സാമ്പത്തിക സഹായങ്ങൾ പ്രത്യേകം പരാമർശിക്കപ്പെടേണ്ടതാണ്. ഇത്തരത്തിലുള്ള എല്ലാ ദൈവിക പ്രവൃത്തികൾക്കും, പ്രവർത്തനങ്ങൾക്കും വാഴപ്പള്ളിക്കാർ പരിപൂർണ്ണമായിട്ട് കടപ്പെട്ടിരിക്കുന്നത് ഇവിടെ സേവനം അനുഷ്ഠിച്ചവരും, സേവനം അനുഷ്ഠിക്കുന്നവരുമായ എല്ലാ നല്ല കപ്പൂച്ചിൻ സഹോദരങ്ങളോടുമാണ്. ചുരുക്കത്തിൽ, കൊടുക്കാൻ പഠിപ്പിച്ചത്, കൊടുത്താൽ കുലുക്കി നിറച്ച് തമ്പുരാൻ തിരികെ തരും എന്നു ബോധ്യപ്പെടുത്തിയത് കപ്പൂച്ചിൻ സഹോദരങ്ങളാണ്.

എല്ലാ നന്ദിയും കടപ്പാടും വാഴപ്പള്ളിക്കാരുടെ മധ്യസ്ഥനായ ഫ്രാൻസിസ് പിതാവിനുള്ളത്. ഈ ചെറിയ കുറിപ്പ് അവസാനിപ്പിക്കുന്നതിനു മുമ്പ് മൂലയിൽ കുടുംബക്കാരോട് നന്ദിയുടെ ഒരു നല്ല വാക്ക് - നിങ്ങളുടെ പൂർവ്വികരുടെ ത്യാഗം വിലമതിക്കാനാവാത്തതാണ് - നന്ദി



ഓർമ്മകളിലെ ഗെദ്സമ്നി

കുഞ്ഞുമോൻ വെട്ടുകുഴിയിൽ

വാഴപ്പള്ളി മതുമൂലയിൽ ഗെദ്സമ്നി ആശ്രമ ദേവാലയം അതിന്റെ സുവർണ്ണജൂബിലി വർഷത്തിലേക്ക് കടക്കുമ്പോൾ, ആ ദേവാലയത്തിന്റെ തൊട്ടയൽവക്കത്തു ജീവിക്കാൻ ഭാഗ്യം സിദ്ധിച്ച ഈ എളിയവന്റെ അമ്പതുവർഷം മുമ്പുള്ള ബാല്യകാലസ്മരണകളിൽ ദേവാലയമന്ദിരത്തിന്റെ പ്രാരംഭകാലം ഇന്നു തെളിഞ്ഞുവരുന്നു.

മതുമൂലയിൽ ആദ്യകാലനിർമ്മിതികളിൽ ഒരു സംഭവമായിരുന്ന പുതിയ ഗെദ്സമ്നി പള്ളി. മതുമൂലയിലും പരിസരങ്ങളിലും വളരെ കുറച്ച് ക്രിസ്ത്യൻ കുടുംബങ്ങളേ ഉണ്ടായിരുന്നുള്ളു. എല്ലാവരും വാഴപ്പള്ളി മഠത്തിലും എസ്.ബി. കോളേജിലും വലിയ പള്ളിയിലുമായിരുന്നു കുർബാന കണ്ടുകൊണ്ടിരുന്നത്.

ജരാർദ്ദച്ചൻ ചെത്തിപ്പുഴപ്പള്ളി, പാറേൽ പള്ളി, വലിയപള്ളി, അരമന, എസ്.ബി. കോളേജ് എന്നിങ്ങനെ പല സ്ഥലങ്ങളിൽ പോകുമ്പോൾ മിക്കവാറും ഞാനും അച്ചന്റെ കൂടെ ഒരു സൈക്കിളിൽ പോകുമായിരുന്നു. പള്ളിപണിയുടെ വെഞ്ചരിപ്പുകാര്യങ്ങൾ വരെ ഈ സൈക്കിൾ സവാരിയുടെ പങ്കുകാരനായിരുന്നു ഞാൻ.

പള്ളി പണിയുന്ന എല്ലാ പണിക്കാരെയും എനിക്കു പരിചയമായിരുന്നു. പള്ളിയുടെ മുഖ്യ മേസ്തിരിമാർ മലകുന്നം കുട്ടപ്പൻ മേസ്തിരിയും, അനുജൻ മണിമേസ്തിരിയുമായിരുന്നു. സഹായി ഗോപിയും ഉണ്ടായിരുന്നു. അവർ എല്ലാവരും ആഹാരം കഴിച്ചിരുന്നത് എന്റെ പേരപ്പൻ വെട്ടുകുഴിയിൽ കുരിയാക്കോച്ചന്റെ ചായക്കടയിൽനിന്നും ആയിരുന്നു. പള്ളിയുടെ ഭിത്തിക്കും മുകളിലെ വാർപ്പിനും എല്ലാം അച്ചന്റെ ഉത്തരവു പ്രകാരം വെള്ളം ഒഴിക്കുന്നത് ഞങ്ങളായിരുന്നു. വലിയ വൃത്തിക്കാരനായ അച്ചൻ പുതിയ പള്ളിയുടെ പരിസരവും കരയോഗപ്പള്ളിയുടെ തൂത്തുവാരലും ഞങ്ങളെക്കൊണ്ടായിരുന്നു ചെയ്യച്ചിരുന്നത്. കരയോഗപ്പള്ളി എല്ലാ ശനിയാഴ്ചയും വൈകുന്നേരം ഞങ്ങളായിരുന്നു വൃത്തിയാക്കിയിരുന്നത്. പുതിയ പള്ളിയും ആശ്രമം വന്നപ്പോൾ അവിടെയും വൃത്തിയാക്കുന്നതും തുടയ്ക്കുന്നതും ഞങ്ങൾ ആയിരുന്നു.

പള്ളിയിലും ആശ്രമത്തിലും പള്ളിയിലെ പാചകക്കാരൻ സഹായി നെല്ലിക്കുന്ന് അന്നമ്മ ചേട്ടത്തിയുടെ അപ്പൻ എടുത്തു വളർത്തിയ കുട്ടപ്പൻചേട്ടനായിരുന്നു ഞങ്ങൾക്ക് കാപ്പിയും, ഞാലിപ്പൂവൻ പഴവും, മിക്സ്ച്ചറും ഊണുമുറിയിൽ ഇരുത്തിത്തരുമായിരുന്നു.അത് അച്ചന്റെയും, അഗത്തോ ബ്രദറിന്റെയും ഉത്തരവാണ്.

1969-ൽ കാവുകാട്ട് തിരുമേനി പള്ളി വെഞ്ചരിക്കുന്നതുവരെ അച്ചന്റെ കൂടെ ഒരു നിഴലായി ഞാൻ ഉണ്ടായിരുന്നു. പള്ളിപണിയുടെ അവസരങ്ങളിൽ സാമ്പത്തിക പ്രശ്നങ്ങളിൽ അച്ചൻ വിഷമിക്കുന്നത് ശ്രദ്ധയിൽ പെട്ടിട്ടുണ്ട്. അച്ചൻ പലപ്പോഴും വളരെയധികം കത്തുകൾ പലർക്കും അയയ്ക്കാനായി എന്റെ കൈയിൽ തന്നിരുന്നു.



In Loving Memory of

Mrs. ROSAMMA MATHEW & MATHEW THOTTATHIL

MARANGATTUPALLY


മലേഷ്യ, സിംഗപ്പൂർ എന്നി വിദേശരാജ്യങ്ങളിൽനിന്നും അച്ചന് പല സഹായങ്ങളും വന്നിരുന്നു. ആ വന്നിരുന്ന സ്റ്റാമ്പ് അച്ചൻ എനിക്കു തരുമായിരുന്നു. പണിക്കാർക്ക് കൂലിപ്പണം കൊടുക്കുമ്പോൾ അച്ചന്റെ ഡയറിയിൽ എഴുതിയിരിക്കുന്ന കണക്കുകൾ കൃത്യമായി അച്ചൻ കണക്ക് കൂട്ടി സമയത്തു തന്നെ കൊടുക്കുന്നത് ഞാൻ കണ്ടിട്ടുണ്ട്

ഒറ്റമൂലി ചികിത്സയുള്ള ബ്രദർ അഗത്തോ നാട്ടുകാരുടെ ഒരു സ്നേഹസമ്പന്നനായ വൈദ്യനായിരുന്നു. ജറാൾഡ് അച്ചന്റെ ഏറ്റവും വലിയ സഹായി ആയിരുന്നു. ആശ്രമകാര്യങ്ങൾ, പള്ളിക്കാര്യങ്ങൾ, പരിസരകാര്യങ്ങൾ എല്ലാം അച്ചന്റെ താല്പര്യമനുസരിച്ചായിരുന്നു. വളരെ സ്നേഹസമ്പന്നരായിരുന്ന ജറാൾഡ് അച്ചനും, ബ്രദർ അഗത്തോയും. അവർ ആ കാലഘട്ടത്തിലെ ചെറുപ്പക്കാരുടെ ആശ്രയകേന്ദ്രമായിരുന്നു.

ഗെദ്സമ്നി പള്ളിയുടെയും കപ്പൂച്ചിൻ സഭക്കാരുടേയും ആത്മീയപ്രവർത്തനങ്ങളും നാട്ടുകാരോടുള്ള സ്നേഹപൂർവ്വമായ പെരുമാറ്റവും കാരണം വാഴപ്പള്ളി പ്രദേശത്ത് കൂടുതൽപേർ സ്ഥലംവാങ്ങി താമസം തുടങ്ങി. ക്രമേണ മതുമൂല ഗെദ്സമ്നി പരിസരങ്ങൾ അഭിവൃദ്ധിയിലേക്കായി. ഹൈന്ദവ സഹോദരങ്ങൾവരെ ഈ പള്ളിയിലെ പെരുന്നാളിനും, വിശുദ്ധ ദിവസങ്ങളിലും, ധ്യാനങ്ങളിലും പങ്കുചേർന്നു. വലിയവനെന്നോ, ഭിന്നമതസ്തരെന്നോ നോക്കാതെ സഹായം ആവശ്യമുള്ളവർക്ക് അച്ചൻ വളരെ നല്ല സഹായി ആയിരുന്നു.

ഇവിടെ അന്യമതസ്തരും ക്രിസ്ത്യാനികളും വളരെ സഹകരിച്ചു ജീവിക്കുന്നു. ജാതി വ്യത്യാസം കൂടാതെ നാട്ടുകാരുടെ പൊതുവായ ഉന്നമനം ലക്ഷ്യമാക്കിയാണ് ഗദ്സമനിപള്ളിയിലെ വൈദികർ എക്കാലത്തും പ്രവർത്തിച്ചുപോന്നത്. ആ സ്നേഹവായ്പിനുള്ള ആദരവ് വൈദികർക്ക് നാട്ടുകാരിൽനിന്ന് തിരിച്ചുലഭിക്കുകയും ചെയ്യുന്നു.

ഇന്ന് വാഴപ്പള്ളിയുടെയും മതുമൂലയുടെയും തിലകക്കുറിയായി ഗെദ്സമ്നി ദേവാലയവും ആശ്രമവും ശോഭിക്കുന്നു. പ്രാർത്ഥനാനിരതരായി എത്തുന്ന ഭക്തജനങ്ങൾക്ക് അനുഗ്രഹപ്രഭ ചൊരിഞ്ഞുകൊണ്ട് ഫ്രാൻസീസ് അസ്സീസി ആ പുണ്യവാളനു മുന്നിൽ ദേവാലയത്തിനുമുന്നിൽ ആദരപൂർവ്വം ശിരസ്സു നമിക്കുന്നു. അസ്സീസി പിതാവേ, ഞങ്ങൾക്കു വേണ്ടി അപേക്ഷിക്കേണമേ.



ഗെദ്സമ്നിയിൽ കളളൻ

ചാക്കോച്ചൻ പാലാത്ര

1970 – കളിൽ ആണെന്നു തോന്നുന്നു. സുപ്പീരിയർ സ്റ്റെനിസ്ലാവൂസ് അച്ചനും ജോൺസൺ ബ്രദറും ഗെദ്സമ്നിയിൽ ഉള്ള കാലം. വിൻസെൻഷ്യൻ അച്ചന്മാരുടെ പോപ്പുലർ മിഷൻ ധ്യാനം ആദ്യമായി ഗദ്സമനിയിൽ നടക്കുന്നു. ധ്യാനദിവസങ്ങളിൽ വാർഡ് നേതാക്കന്മാരുടെ നേതൃത്വത്തിൽ രാവിലെ അഞ്ചേകാലിന് ഓരോ വാർഡിൽനിന്നും തിരിയും കത്തിച്ചുപിടിച്ച് പ്രദക്ഷിണമായി പള്ളിയിലേക്ക് കുർബ്ബാന അർപ്പിക്കുവാൻ പോകുമായിരുന്നു. പാലാത്ര വാർഡിൽ നിന്നുള്ളവർ ജോയിച്ചൻ പാലാത്രയുടെ നേതൃത്വത്തിൽ പോകുന്നു. വെളുപ്പിനെ തിരിയും കത്തിച്ചു പിടിച്ചുപോകുന്നത് പാട്ടും പാടിക്കൊണ്ടായിരുന്നു. പാട്ടു മുഴുവൻ ഓർക്കുന്നില്ല. എങ്കിലും തുടക്കം ഇങ്ങനെ ആയിരുന്നു.

"വരുവിൻ സോദരരേ വരുവിൻ
വിശ്വാസ ദീപമേന്തി വരുവിൻ"

ധ്യാനപ്രസംഗങ്ങൾ വൈകുന്നേരമായിരുന്നു. അന്നൊക്കെ വചനപ്രഘോഷണം അല്ലായിരുന്നു പിന്നെയോ ഓരോ വിഷയത്തെക്കുറിച്ച്, അതായത്, 'സ്വർഗ്ഗം', 'നരകം', 'പാപം', 'മരണം' എന്നിങ്ങനെയുള്ള പ്രസംഗങ്ങളായിരുന്നു. ഈ സംഭവം നടക്കുന്ന ദിവസം മരണത്തെക്കുറിച്ചുള്ള പ്രസംഗമായിരുന്നു. പ്രാസംഗികനായിരുന്ന കൊച്ചച്ചൻ ഇപ്പോൾ മുരിങ്ങൂർ ധ്യാനകേന്ദ്രത്തിലുള്ള പനയ്ക്കൽ അച്ചൻ ആയിരുന്നവെന്നാണ് എന്റെ ഓർമ്മ. പ്രസംഗം അവസാനിക്കാറായപ്പോൾ പള്ളിയിലെ ലൈറ്റുകൾ എല്ലാം അണച്ചു. നല്ല ഇരുട്ട്. അച്ചൻ കത്തിക്കയറുകയാണ്. അച്ചൻ പറയുകയാണ് "നിങ്ങൾ ഇപ്പോൾ മരിച്ച് മരച്ചിരിക്കുകയാണ്.....". ഈ സമയം നോക്കി സോഷ്യൽ സെന്ററിലേക്കുള്ള വഴിയിൽ ഒളിച്ചിരുന്ന ഒരു കള്ളൻ സ്ത്രീകളുടെ വശത്ത് കയറുകയും മാല പൊട്ടിക്കാൻ ശ്രമിക്കുകയും ചെയ്തു. കള്ളനെ കൈയോടെ പിടികൂടി. പ്രസംഗം അവസാനിച്ചപ്പോൾ അന്നത്തെ യുവാക്കൾ എല്ലാവരും കൂടി പുറത്ത് പുരുഷന്മാരുടെ വശത്തേക്ക് അവനെ കൊണ്ടുവന്നു. അപ്പോഴേക്കും സുപ്പീരിയർ അച്ചൻ വന്നു. "അവനെ ആരും ഒന്നും ചെയ്യരുതേ" എന്നു പറഞ്ഞുകൊണ്ട് അവനെ കാഴ്ചമുറിയിലേക്ക് കൊണ്ടുപോയി ഇരുത്തി. യുവാക്കൾ എല്ലാവരും അവനു ചുറ്റും ഇരുന്നു. അന്നത്തെ യുവദീപ്തിയുടെ പ്രസിഡന്റ് ഇപ്പോൾ ജർമനിയിൽ ഉള്ള അപ്പച്ചൻകുട്ടി കൊല്ലമനയും, സെക്രട്ടറി കുറച്ചു മാസങ്ങൾക്കു മുമ്പ് പരേതനായ മൂലയിൽ ജോസുകുട്ടിയുമായിരുന്നു. സുപ്പീരിയർ അച്ചൻ പോലീസിനെ ഫോൺ ചെയ്യാൻ ആശ്രമത്തിന്റെ അകത്തേയ്ക്ക് പോയി. ഈ തക്കം നോക്കി മേശയ്ക്കുചുറ്റും ഇരുന്ന യുവാക്കൾചില്ലറ ബലപ്രയോഗം നടത്തുന്നതിനിടയിൽ ചോദ്യം ഇതായിരുന്നു "ഞങ്ങൾ മരിച്ച് മരച്ചിരുന്നപ്പോൾ നീ കക്കാൻ തുടങ്ങിയോടെ".

ഏതായാലും, പിന്നീട് അറിയാൻ കഴിഞ്ഞത്, (സത്യമാണോ എന്നറിയില്ല) പോലീസ് ജീപ്പിൽ കയറ്റി ഇവനെ കൊണ്ടുപോയി എസ്.ബി.കോളേജിന്റെ അടുത്തുവച്ച് അവനെ ജീപ്പിൽ നിന്നിറക്കി വിട്ട് പോലീസ് തടിതപ്പി എന്നാണ്.



ഗെദ്സമ്നി ഒരു ശ്രേഷ്ഠമാതൃക

ലില്ലിക്കുട്ടി ആയല്ലൂർ

ജനനംകൊണ്ട് കുറുമ്പനാടം സെന്റ് ആന്റണീസ് ദേവാലയവും, വിവാഹം കഴിച്ച് അയച്ചതുകൊണ്ട് പൊൻകുന്നം തിരുക്കുടുംബ ദേവാലയവും ചങ്ങനാശ്ശേരിയിൽ വീടുവച്ച് താമസിക്കാനിടയായതുകൊണ്ട് കത്തീഡ്രൽ ദേവാലയവും എനിക്കേറ്റവും പ്രിയങ്കരങ്ങളായിരുന്നു. എന്നാൽ ഗെദ്സമ്നി ആശ്രമദേവാലയത്തിന്റെ പരിധിയിൽ ആയി



സ്നേഹസ്മരണയ്ക്ക്
ജോൺസൺ ജേക്കബ് ചക്കാലയ്ക്കൽ

രുന്നതിനാൽ അവിടെ നിത്യവും ദിവ്യബലിയിൽ സംബന്ധിക്കാൻ, വീട്ടിൽനിന്ന് വലിയ അകലം ഇല്ലാതിരുന്നതിനാലും ഗെദ്സമ്നി എനിക്ക് ആശ്വാസമായി. ഞങ്ങൾ ഇവിടെ താമസം തുടങ്ങിയ കാലം മുതൽ ഗെദ്സമ്നിയിൽ സേവനം ചെയ്തിട്ടുള്ള എല്ലാ വൈദികരുമായി നല്ല ബന്ധം പുലർത്തുവാൻ സാധിച്ചിട്ടുണ്ട്. ഗെദ്സമ്നിയെ വളരെയധികം സ്നേഹിച്ചുപോയതുകൊണ്ട് റിട്ടയർ ചെയ്തതിനുശേഷം നാട്ടിൽ തിരിച്ചുപോകണമെന്നുള്ള ആഗ്രഹവും മാറ്റിവച്ചു.

ഇടവക ദേവാലയത്തിലെന്നതുപോലെ ആത്മീയമായ എല്ലാ കാര്യങ്ങളും കൂദാശസ്വീകരണങ്ങളും മുടക്കം കൂടാതെ ആഗ്രഹത്തോടെയും സന്തോഷത്തോടെയും ബലിയിൽ സംബന്ധിക്കുവാനും ഗെദ്സമ്നി ദേവാലയം കാരണമായി. ഇവിടെ വിശുദ്ധ കുർബാനയിൽ സംബന്ധിക്കുന്നത് വലിയ ആത്മീയസന്തോഷം തരുന്ന കാര്യമാണ്. സമൂഹം മുഴുവൻ പങ്കെടുത്തുള്ള പ്രാർത്ഥനകൾ ചൊല്ലി, എല്ലാവരും ചേർന്ന് ഭക്തിപൂർവ്വം ഗാനങ്ങൾ പാടി ആത്മാർത്ഥമായി ബലിയിൽ സംബന്ധിക്കുന്നത് തികച്ചും ഒരു സ്വർഗ്ഗീയാനുഭൂതിയാണ്. അങ്ങനെ കുർബാന ആഘോഷമായി സന്തോഷത്തോടെ എല്ലാവരും ചേർന്ന് അർപ്പിക്കുന്നത് പതിവായപ്പോൾ ഒരു പ്രത്യേക താല്പര്യമാണ് ഗെദ്സമ്നി ദേവാലയത്തോട് തോന്നിത്തുടങ്ങിയത്. പിന്നീട് എടുത്തുപറയേണ്ട മറ്റൊരു കാര്യം ഞായറാഴ്ചത്തെ പ്രസംഗങ്ങൾ. എല്ലാ വൈദികരും നല്ല വചനപ്രഘോഷകരും വാഗ്മികളും ആയിരുന്നതിനാൽ വചനവിരുന്ന് ആസ്വദിക്കുവാൻ സാധിച്ചിരുന്നു. .

ഈ ഗെദ്സമ്നിയുടെ ഒരംഗമാകുവാൻ എനിക്ക് ഇടവരുത്തിയ ദൈവത്തിന് എല്ലായ്പ്പോഴും നന്ദി പറയുന്നു. ഗെദ്സമ്നിയിലെ നല്ലവരായ ധാരാളം മനുഷ്യരുടെ നല്ല മനസ്സ്, അവരെ നന്മ ചെയ്യുവാൻ പ്രേരിപ്പിക്കുന്ന നല്ലവരായ വൈദികരുടെ നേതൃത്വവും, അനേകരെ ദൈവാനുഭവത്തിലേക്കും ദൈവസ്നേഹത്തിലേക്കും അടുപ്പിക്കാൻ ഇടയാക്കുന്നു. ഈ ജൂബിലി വർഷത്തിന്റെ ആഘോഷങ്ങൾ കൂടുതൽ പൂർണ്ണതയിലേക്ക് നയിക്കുവാൻ നമ്മെ പ്രചോദിതരാക്കട്ടെ. നമ്മുടെ ഗെദ്സമ്നി ഒരു മാതൃകയായി തിരുസഭാരാമത്തിൽ പ്രശോഭിക്കട്ടെ!

ഗെദ്സമ്നി എനിക്കു താങ്ങും തണലും



ജയ്റ്റോ സേവ്യർ പടനിലം

കിഴക്കൻ മലനാടിന്റെയും പടിഞ്ഞാറൻ നെൽപാടങ്ങളുടെയും സമന്വയം. സഹ്യന്റെ മടിയിൽ തലചായ്ച്ചുറങ്ങുന്ന ചങ്ങനാശ്ശേരിയുടെ ഹൃദയഭാഗം. അഞ്ചുവിളക്കിന്റെ പൊൻതിരി എന്നു വിശേഷിപ്പിക്കപ്പെടുന്ന വാഴപ്പള്ളി. വാഴപ്പള്ളിയുടെ ഹൃദയഭാഗത്ത് ദൈവാനുഗ്രഹത്തിന്റെ ദൃശ്യപ്രതീകമായി നിലകൊള്ളുന്ന ഗെദ്സമ്നി കപ്പൂച്ചിൻ ആശ്രമം. വി.ഫ്രാൻസിസ് അസീസിയുടെ നാമത്തിൽ 1969-ൽ സ്ഥാപിതമായ ഈ ആരാധനാലയം ഇപ്പോൾ സുവർണ്ണജൂബിലി ആഘോഷിക്കുന്നു.

Golden Jubilee wishes from

Sunnichan & Elsamma Parakadavil

അമ്മയുടെ ഒക്കത്തിരുന്ന് പരിശുദ്ധ കുർബാന എന്തെന്ന് ഞാൻ കണ്ട എന്റെ ആദ്യദൈവാലയം. ഈ കഴിഞ്ഞ എന്റെ ഇരുപത്തിരണ്ടു വർഷത്തെ ഫലപ്രാപ്തിക്കായി വെമ്പിനിൽക്കുന്ന ആകാംക്ഷ നിറഞ്ഞ കാലഘട്ടമാണ് എനിക്ക് ഗെദ്സമ്നി ആശ്രമം നൽകിയത്. എഫ്.സി.എൽ, അൾത്താരബാലസംഘം തുടങ്ങി പിന്നീട് യുവദീപ്തി സംഘടനയിൽ മൂന്നു വർഷക്കാലം പ്രസിഡന്റ് ആകുകയും ചെയ്തപ്പോൾ ആശ്രമത്തിന്റെ ഓരോ കാര്യവും അറിയുകയും ആശ്രമം എന്റെ കുടുംബം പോലെ ആവുകയും, നല്ല വളർച്ചയ്ക്ക് താങ്ങും തണലുമാവുകയും ചെയ്തു. എന്നെയും യുവദീപ്തി സംഘടനയെയും വളർത്താനായി പരിശ്രമിച്ച റവ. ഫാ. ജോമോൻ ആശാംപറമ്പിലിനെയും ഓർത്തുപോകുന്നു. ചങ്ങനാശ്ശേരി ഫൊറോന യുവദീപ്തിയിൽ 2017 ൽ ട്രഷററും, 2018 ൽ സെക്രട്ടറിയും ആവുകയും ചെയ്തു. എന്റെ എല്ലാ നേട്ടങ്ങൾക്കു പിന്നിലും ഈ ഗെദ്സമ്നി ആശ്രമം തന്നെയാണ്. ഗെദ്സമ്നി ആശ്രമത്തിന്റെ സുവർണ്ണ ജൂബിലി ആഘോഷവേളയിൽ നല്ല നേതൃത്വത്തിൽ ഒരുമയോടുകൂടി മുന്നോട്ട് നീങ്ങാനുള്ള കൃപ ഏവർക്കും നൽകണമേ എന്ന് സർവേശ്വരനോട് പ്രാർത്ഥിക്കുന്നു.



ഗെദ്സമ്നി - വാഴപ്പള്ളിയുടെ സൗഭാഗ്യം

ലീലാമ്മ ദേവസ്യാ വൈപ്പിശ്ശേരിൽ

എന്റെ ഗെദ്സമ്നി. വാഴപ്പള്ളിയിലെ മുഴുവൻ ജനങ്ങളുടെ ആത്മീയസമ്പത്ത്! യേശു തന്റെ കുരിശുമരണത്തിനുമുമ്പ് ചോര വിയർത്തു പ്രാർത്ഥിച്ച സ്ഥലം! ആ പുണ്യസ്ഥലത്തിന്റെ ഓർമ്മ നിലനിർത്തുന്ന നാമധേയം. വാഴപ്പള്ളിയിലെ കത്തോലിക്കർ അവരുടെ ദുഃഖങ്ങളും ദുരിതങ്ങളും സന്തോഷങ്ങളും പങ്കിടാൻ വരുന്ന പുണ്യസ്ഥലം. ഞങ്ങളുടെ ചിരകാലത്തെ പ്രാർത്ഥന ഫലവത്തായപ്പോൾ അവർ ചെറുതെങ്കിലും മനോഹരമായ ദേവാലയത്തിലേക്ക് ഓടിയെത്തി. ഞങ്ങളെ നയിക്കാനെത്തിയ സഹോദരങ്ങളുടെ ദാരിദ്ര്യാരൂപിയും പ്രാർത്ഥനാചൈതന്യവും ശാരീരികാദ്ധ്വാനം ചെയ്യാനുള്ള മനസ്സും ഞങ്ങളെ വല്ലാതെ ആകർഷിച്ചു.

1969 സെപ്റ്റംബർ 7-ാം തീയതി ദേവാലയം സ്ഥാപിതമായതോടെ ഫ്രാൻസീസ് അസ്സീസിയുടെ ചൈതന്യം ദേവാലയത്തിലും പരിസരത്തും പ്രസരിച്ചു. ആശ്രമവും അതിലെ വൈദികരും ഞങ്ങളുടെ കുടുംബാംഗങ്ങൾ തന്നെയായി മാറി. ഞങ്ങളുടെ ദുഃഖങ്ങളിൽ ഞങ്ങളോടൊപ്പം സഹതപിക്കാനും സന്തോഷത്തിൽ ആനന്ദിക്കാനും അവർ ഓടിയെത്തിയിരുന്നു. കൃത്യനിഷ്ഠ, ത്യാഗശീലം, സേവനസന്നദ്ധത, ഭക്തി തുടങ്ങിയ സത്ഗുണങ്ങൾ - ഫ്രാൻസിസ്കൻ നിഷ്ഠകൾ - ഞങ്ങളുടെ ജീവിതത്തിലേക്കും പകരാൻ വൈദികർ ഞങ്ങൾക്കു പ്രേരണയായി. എന്നും കൃത്യസമയത്ത് ആരംഭിക്കുന്ന വി. കുർബാന, മറ്റു പ്രാർത്ഥനകൾ, ആരാധന, കുടുംബകൂട്ടായ്മ എല്ലാം ഞങ്ങളുടെ ജീവിതത്തെയും ചിട്ടപ്പെടുത്തി. ജറാൾഡച്ചൻ മുതൽ ഇന്നുവരെയെത്തിയ വൈദികരെല്ലാം ഞങ്ങളെ കൃത്യസമയത്ത് പള്ളിയിലെത്താൻ പ്രേരിപ്പിച്ചു. വി. കുർബാനയുടെ ആരംഭം മുതൽ അവസാനംവരെയുള്ള ഓരോ ഘട്ടത്തിന്റെയും പ്രാധാന്യം പറഞ്ഞു മനസ്സിലാക്കി. ഒരു വീട്ടിൽനിന്നും ഒരാളെങ്കിലും ദിവസവും വി. കുർബാനയിൽ സംബന്ധിക്കണമെന്ന് നിർദ്ദേശിച്ചു. ഈ നിർദ്ദേശം ശിരസാവഹിച്ച ഇവിടുത്തെ ജനങ്ങൾ കഴി

വതും ഒരു വീട്ടിൽനിന്നും എല്ലാവരുംതന്നെ ഇപ്പോൾ വി. കുർബാനയിൽ സംബന്ധിക്കാറുണ്ട് എന്നത് സന്തോഷം നൽകുന്നതാണ്. താമസിച്ചുവരുന്നതും നേരത്തെ ഇറങ്ങിപ്പോകുന്നതും തടയാൻ ഈ നിർദ്ദേശം ഒരു പരിധിവരെ സഹായിച്ചു.

ഒന്നിച്ചു പ്രാർത്ഥിക്കാനും പാടാനുമുള്ള പരിശീലനം നല്കി. ആശ്രമത്തിൽനിന്നുതന്നെ കുർബാനപുസ്തകങ്ങൾ വാങ്ങി. വി. കുർബാന സജീവമാക്കാൻ ആദ്യകാലത്ത് പാലാത്ര സിബി, വെട്ടുകുഴിയിൽ പൗളിൻ, നെല്ലിക്കുന്നേൽ മണിയമ്മ എന്നിവരുടെ ടീമും അടുത്തകാലത്ത് കാട്ടുപറമ്പിൽ സുരേഷ്, വല്ലയിൽ ലാലിച്ചൻ എന്നിവരുടെ ടീമും മനോഹരമായി പാട്ടുകൾ പാടുന്നു. ഇവരെ കൂടാതെ, ഓരോ കുർബാനയ്ക്കും സ്ത്രീകളും പുരുഷന്മാരും പ്രായഭേദമെന്യേ പാട്ടു പാടാറുണ്ട്. ഇതിനുവേണ്ട പരിശീലനം അതതുകാലത്തെ വൈദികർ ഞങ്ങൾക്കു നൽകാറുണ്ട്. അങ്ങനെ പുരോഹിതരും അൽമായരും ഒന്നിച്ചു സജീവമായി പ്രാർത്ഥിക്കാൻ തുടങ്ങിയപ്പോൾ ഞങ്ങളുടെ ഗെദ്സമ്നിയിലെ കുർബാന ഒരു അനുഭവമായി മാറി.

റോഡ്സൈഡിൽ നിർമ്മിച്ചിരിക്കുന്ന ഈ ദേവാലയം - നമ്മുടെ ഗെദ്സമ്നി - ധാരാളം ആൾക്കാരെ തന്നിലേക്ക് ആകർഷിക്കുന്നുണ്ട്. കത്തോലിക്കർ മാത്രമല്ല, അകത്തോലിക്കരും ഇവിടെ കയറി പ്രാർത്ഥിക്കാറുണ്ട്. ഇവിടുത്തെ ആരാധനയിലും ധ്യാനത്തിലും മറ്റും പങ്കുകൊള്ളാൻ അടുത്ത സ്ഥലങ്ങളിൽനിന്നുപോലും ആളുകൾ എത്താറുണ്ട്. ഇവിടുത്തെ കൃത്യനിഷ്ഠയും പ്രാർത്ഥനാരൂപിയും ഏതു സമയവും കുമ്പസാരിക്കാനുള്ള അവസരവും ഒക്കെയാണ് അവരെ ആകർഷിക്കുന്നത്.

കുടുംബസന്ദർശനം ആശ്രമത്തിലെ സന്ന്യാസികൾ വളരെ ആത്മാർത്ഥമായി ചെയ്തുവരുന്നു. ഓരോ വ്യക്തിയേയും പേരെടുത്തു വിളിക്കത്തക്കവിധം വ്യക്തിബന്ധം പുലർത്താൻ ഗെദ്സമ്നിയിലെ വൈദികർക്കു സാധിക്കുന്നുണ്ട്. അസ്സീസി പുണ്യവാളന്റെ ഗ്രോട്ടോ നാനാജാതി മതസ്ഥരെയും ആകർഷിച്ചുകൊണ്ട് ദൈവാലയകവാടത്തിനു സമീപം മാടിവിളിക്കുന്നു. ആശ്രമത്തിലും പള്ളിയിലും എന്താവശ്യമുണ്ടായാലും അതറിഞ്ഞാലുടനെ സാധിതപ്രായമാക്കാൻ വാഴപ്പള്ളിക്കാർ ബദ്ധശ്രദ്ധരാണ്. നൽകുന്ന പണം നീതിപൂർവം ഞങ്ങളുടെ വൈദികർ ഉപയോഗിക്കുന്നുവെന്ന് നാട്ടുകാർക്ക് പരിപൂർണ്ണവിശ്വാസമുണ്ട്. അതുകൊണ്ട് ഗെദ്സമ്നിക്ക് ഒരു കാര്യത്തിനും മുട്ടില്ല.

ഈ ആശ്രമത്തിന്റെ ആരംഭം മുതൽ ഇന്നുവരെ ഞങ്ങളും ഞങ്ങളുടെ വൈദികരും ഒരേ കുടുംബത്തിലെ അംഗങ്ങളെപ്പോലെ കഴിയുന്നതിന്റെ രഹസ്യം ഇപ്പോൾ എല്ലാവർക്കും മനസ്സിലായില്ലേ? എന്റെ ഗെദ്സമ്നി എന്നും പരിശുദ്ധയായി മുന്നോട്ടു പോകട്ടെ! ഞങ്ങളും അനന്തര തലമുറകളും അതു കണ്ടു സന്തോഷിക്കട്ടെ! വാഴപ്പള്ളിയുടെ ആത്മീയവും സാമൂഹികവും സാമ്പത്തികവും സാമുദായികവുമായ ഉയർച്ചയ്ക്ക് എന്റെ ഗെദ്സമ്നി ഇന്നും എന്നും കാരണഭൂതമായി ഭവിക്കട്ടെ!



Golden Jubilee wishes from

RAJU JACOB, AREETHRA ASSOCIATE

GST Practitioner

Alphine

Kanjikuzhy, Kottayam

Duty Paid
Home Appliances Shop



ഞാനും വാഴപ്പള്ളി ഗദ്സെമനി ദേവാലയവും

മേരിക്കുട്ടി ചേന്നാട്ടുശ്ശേരി

പത്തിരുപതുവർഷങ്ങൾക്കു മുമ്പ് കുട്ടനാട്ടിലെ രാമങ്കരിയിൽനിന്നും വാഴപ്പള്ളിയിലേക്ക് കുടിയേറിപ്പാർത്ത ഒരു ചെറിയ കുടുംബമാണ് ചേന്നാട്ടുശ്ശേരി. ഞങ്ങളുടെ കുട്ടികളുടെ ജോലിക്കുള്ള യാത്രാസൗകര്യമാണ് ഞങ്ങളെ ഇതിനു പ്രേരിപ്പിച്ചത്. നിർമ്മലമായ ഒരു ഗ്രാമപശ്ചാത്തലത്തിൽനിന്ന് തിരക്കുള്ള ഒരു നഗരത്തിലേക്കു പറഞ്ഞയയ്ക്കുന്നത്, വലിയ പരിഷ്കാരത്തിന്റെ പിന്നാലെ ഓടാത്ത, മാതാപിതാക്കൾക്ക്, മാനസികമായി വിഷമകരമായിരുന്നു. എന്നാൽ എല്ലാ കാര്യത്തിലും ശുഭാപ്തിവിശ്വാസം തരുന്ന ദൈവികപദ്ധതിയായിരുന്നു അതെന്നു പിന്നീടാണ് മനസ്സിലായത്. അതിവിശുദ്ധനായ ഫ്രാൻസീസ് അസീസ്സിയുടെ പാതകൾ പിൻതുടരുന്ന വൈദികശ്രേഷ്ഠരുടെ നിസ്വാർത്ഥസേവനവും സ്നേഹപരിചരണവും ഞങ്ങളെ അത്യധികം സന്തുഷ്ടരാക്കി. വ്യക്തിത്വവികാസത്തിലും ഈശ്വരചിന്തയിലും ഉള്ള കുഞ്ഞുങ്ങളായിത്തീരാൻ ഇതു കാരണമായി. ഈ ദേവാലയത്തിന്റെ പരിശുദ്ധി ആസ്വദിക്കാൻ പ്രായമായ ഞങ്ങൾക്ക് ധാരാളം അവസരങ്ങൾ കിട്ടിയതിന് ദൈവത്തിന് നന്ദി പറയുന്നു. വിശുദ്ധ ഫ്രാൻസീസ് അസ്സീസിയുടെ പ്രാർത്ഥനയാൽ ഇവിടെയുള്ള എല്ലാ കുടുംബക്കാർക്കും ധാരാളം ഐശ്വര്യമുണ്ടാകട്ടെ എന്നു പ്രാർത്ഥിക്കുന്നു. ഈ ദേവാലയത്തെ നയിക്കുന്ന വിശിഷ്ടരും വിദഗ്ദ്ധരുമായ എല്ലാ വൈദികർക്കും വിശ്വാസികൾക്കും ധാരാളം കഴിവുകളും അനുഗ്രഹങ്ങളും ലഭിക്കട്ടെ എന്ന് ആത്മാർത്ഥമായി പ്രാർത്ഥിക്കുകയും ചെയ്യുന്നു.

ജ്വലിക്കുന്ന ഓർമ്മകൾ

റോസ കുര്യാക്കോസ് കല്ലുകളം

"ഓർമ്മകൾക്കില്ലാ ചാവും ചിതകളും;
ഊന്നുകോലും ജരാനരദുഃഖവും".


അതെ, ജീവിതത്തിലെ ഓരോ ഓർമ്മകളും കൂടുതൽ നന്നായി ജീവിക്കാനും വന്നുപോയ കുറവുകളെ തിരുത്താനുമുള്ള ഒരോ പുതിയ അനുഭവമാണ് സമ്മാനിക്കുന്നത്.

ഗെദ്സമ്നിയാകുന്ന ഈ ആശ്രമദേവാലയവും ആശ്രമവും എനിക്കും മറ്റുള്ളവർക്കും സമ്മാനിക്കുന്നത് ഒരുപിടി നിലയ്ക്കാത്ത ഓർമ്മകളും, അതിലുപരി അനുഭവങ്ങളുമാണ്. ആശ്രമം സ്ഥാപിതമായതിന്റെ അമ്പതാം ജൂബിലി ആഘോഷങ്ങൾ


Golden Jubilee wishes from
Vazhappally Service Co-op. Bank Ltd.K108
Vazhappally, Changanacherry

ഇതിന് ഉത്തമ ഉദാഹരണമാണ്. സമൂഹത്തിലെ എല്ലാവിധ കർമ്മങ്ങളിലും, മേഖലകളിലും ഗെദ്സമ്നി ആശ്രമവും ഇവിടുത്തെ ജനങ്ങളും എത്രമാത്രം വിശ്വസ്തരും കർമ്മനിരതരുമാണ് എന്ന സത്യമാണ് എന്നെ ഓർമ്മിപ്പിക്കുന്നത്. സാഹോദര്യത്തിന്റെയും ഒത്തൊരുമയുടെയും നേർക്കാഴ്ച ഗെദ്സമ്നി ആശ്രമത്തിലെ ഓരോ സഹോദരനിലും ജ്വലിച്ചു നിൽക്കുന്നു. ഈ നന്മ മറ്റുള്ളവർക്ക് പ്രചോദനവും വഴികാട്ടിയുമാകുന്നു.

കഴിഞ്ഞ അഞ്ചു പതിറ്റാണ്ടുകളായി കപ്പൂച്ചിൻ സന്ന്യാസ സഹോദരങ്ങൾ തങ്ങളുടെ ഹൃദയത്തോടു ചേർത്തുനിർത്തി നമുക്കു നൽകിയ വിശ്വാസപരിശീലനവും, ആദ്ധ്യാത്മികശുശ്രൂഷയും, സ്നേഹവാത്സല്യങ്ങളും വരുംതലമുറകൾക്ക് എന്നും പുത്തൻ ഊർജ്ജവും, കരുത്തും നൽകട്ടെ എന്ന് ഞാൻ ആഗ്രഹിക്കുന്നു.



ഗെദ്സമ്നിയിലൂടെ എന്റെ വളർച്ച

അലൻ മാത്യു, തുറവാതുക്കൽ

എന്നെ മാമ്മോദീസായിലൂടെ സഭയിലേക്കു കൊണ്ടുവന്നത് ഗെദ്സമ്നി പള്ളിയാണ്. ഇവിടെ വച്ചാണ് എന്റെ മാമ്മോദീസാ നടന്നത്. തുടർന്ന് ഈ ദേവാലയത്തിലെ തിരുക്കർമ്മങ്ങളിൽ പങ്കെടുത്താണ് എന്റെ ആത്മീയ വളർച്ച സാധ്യമായത്. എന്റെ പ്രഥമ ദിവ്യകുർബാന സ്വീകരണത്തിനുശേഷം ഞാൻ പള്ളിയിലെ കുർബാനയിൽ ശുശ്രൂഷിയാകാൻ തുടങ്ങി. വൈദികരുടെ പരിശീലനത്തിലൂടെ നന്നായി കുർബാനയിൽ പങ്കെടുക്കാൻ കഴിഞ്ഞു. എല്ലാ ഞായർ ദിവസങ്ങളിലും നടത്തുന്ന അൾത്താരബാലന്മാരുടെ യോഗത്തിലൂടെ അൾത്താരയിൽ എങ്ങനെ പെരുമാറണമെന്ന് പഠിച്ചു. എന്നും കുർബാന അർപ്പിക്കാൻ കഴിയുന്നുണ്ട്. ഗെദ്സമ്നി പള്ളി എന്നെ അതിനെന്നും സഹായിക്കുന്നു.




ഗെദ്സമ്നി
എന്റെയും പ്രാർത്ഥനയുടെ ഭവനം

ഹാൻസി മുക്കാടൻ

അൻപതു വർഷം പൂർത്തിയാക്കിയ എന്റെ ഗെദ്സമ്നി ആശ്രമത്തെ ഒത്തിരി സന്തോഷത്തോടും നന്ദിയോടും കൂടി സ്മരിക്കുന്നു. ഗെദ്സമ്നി എന്നെ പ്രാർത്ഥനയിൽ വളർത്തിയ ഭവനമാണ്. എന്റെ സന്തോഷങ്ങളിലും ദുഃഖങ്ങളിലും വളർച്ചയിലും രോഗങ്ങളിലും ദൈവത്തിന്റെ കൈ മുറുകെപ്പിടിച്ച് മുന്നോട്ടു പോകുവാൻ ഗെദ്സമ്നി എന്നെ പഠിപ്പിച്ചു. ഗെദ്സമ്നി എനിക്ക് എന്നും പ്രാർത്ഥനയുടെ തോട്ടമാണ്. എസ്.എഫ്.ഒ. യുടെ അതിരൂപതാ സെക്രട്ടറിയായി സേവനമനുഷ്ഠിച്ചു. ഒന്നും അറിയാത്ത എന്നെ അതിന്റെ നേതൃസ്ഥാനത്തെത്തിച്ച് ഫ്രാൻസിസ്കൻ അൽമായ അംഗങ്ങളെ നയിച്ചുകൊണ്ടുപോകുവാൻ നല്ലതമ്പുരാൻ എന്നെ ഉപകരണമാക്കി. അതിലൂടെ രോഗി

കളെ സന്ദർശിക്കുവാനും പാവങ്ങളെ സഹായിക്കുവാനും മറ്റുള്ളവരുടെ നന്മയ്ക്കുവേണ്ടി സമയവും സാമ്പത്തും പങ്കുവയ്ക്കുവാനും എന്നെ പഠിപ്പിക്കുകയും ചെയ്തു. എസ്.എഫ്.ഒ. സമാധാനത്തന്റെ ഒരുപകരണമായി പ്രശോഭിക്കുന്നു. വിശുദ്ധകുർബാനയിലും കൂട്ടായ്മ പ്രാർത്ഥനകളിലുംകൂടി എന്നെ ആത്മീയതയിലേക്കും ഐശ്വര്യത്തിലേക്കും ദൈവം നയിച്ചത് ഗെദ്സമ്നിയിലൂടെയാണ്. നന്ദി, തമ്പുരാന് ഒരായിരം നന്ദി.



ഗെദ്സെമനി എനിക്കു കാരുണ്യത്തിന്റെ അനുഗ്രഹസ്രോതസ്സ്

ഡോ. ജോർജ്ജ് സി. ചെന്നാട്ടുശ്ശേരി

ഗെദ്സമ്നിയെക്കുറിച്ചു ഞാൻ ചിന്തിക്കുമ്പോൾ എന്റെ മനസ്സിൽ ആദ്യം ഓടിയെത്തുന്നത് ആശ്രമത്തിലെ അനുരഞ്ജനകൂദാശയാണ്. ഒരിക്കൽ ഗെദ്സമ്നി പരിസരത്തു ഞാൻ നിൽക്കുമ്പോൾ എനിക്കു പരിചയമുള്ള പ്രഗത്ഭനായ ഒരു ഡോക്ടർ അവിടെ എത്തി. എന്തിനാണ് വന്നതെന്ന് അന്വേഷിച്ചപ്പോൾ ഇവിടെ ഞാൻ സ്ഥിരം കുമ്പസാരിക്കാൻ വരുന്നതാണെന്നും കുമ്പസാരത്തിനു ശേഷം ഒരു നല്ല മനുഷ്യനായി തിരിച്ചു പോകാമെന്നും പറയുകയുണ്ടായി. പല സ്ഥലത്തുനിന്നും അനേകം വ്യക്തികൾ ഗെദ്സമ്നിയിൽ എത്തി കുമ്പസാരിക്കുന്നതു കാണാറുണ്ട്. അൽമായർ മാത്രമല്ല, പുരോഹിതരും സമർപ്പിതരും അനുരഞ്ജനശുശ്രൂഷയ്ക്കായി ഇവിടെയെത്തുന്നു. എന്റെ ഒരനുഭവം ചുവടെ ചേർക്കുന്നു. എന്റെ ഭാര്യമാതാവ് വീട്ടിൽ ആയിരുന്നപ്പോൾ ആവശ്യപ്പെട്ടതനുസരിച്ച് ഗെദ്സമ്നിയിലെ ഒരു വൈദികൻ വീട്ടിലെത്തി അമ്മച്ചിയെ കുമ്പസാരിപ്പിച്ചു. അമ്മച്ചി തന്റെ മരണത്തിനു മുമ്പുവരെ ആ നല്ല കുമ്പസാരം നടത്തിയതിനെക്കുറിച്ച് എല്ലാവരോടും പറയുമായിരുന്നു. എല്ലാവർക്കും ഏതു സമയത്തും ഗെദ്സമ്നി അനുരഞ്ജനശുശ്രൂഷയ്ക്ക് ആശ്രയമാണ്. എന്നെ ഹീലിംഗ് മിനിസ്ട്രിയുടെ പ്രസിഡണ്ടായി കഴിഞ്ഞ 12 വർഷം നിലനിർത്തിയതും അതിനെ നയിക്കാൻ സാധിച്ചതും ഈ ആശ്രമത്തിലെ വൈദികർ പകരുന്ന അനുരഞ്ജനകൂദാശയിലൂടെയാണെന്നു ഞാൻ വിശ്വസിക്കുന്നു.

Golden Jubilee wishes from

Niju, Litty, Johan & Jake Kurisummoottil

Golden Jubilee wishes from

Chackochen Palathra



ഗെദ്സമ്നി എന്റെ ഓർമ്മയിലും അനുഭവത്തിലും

ത്യേസ്യാമ്മ ജോബ് കല്ലുകളം

വാഴപ്പള്ളി കല്ലുകളത്തിലെ വീട്ടിൽ ഒരു അംഗമായി 1958-ൽ ഞാൻ വരുമ്പോൾ നിത്യവും വിശുദ്ധകുർബ്ബാനയ്ക്കും കുമ്പസാരത്തിനുമായി ഞങ്ങൾ ആശ്രയിച്ചിരുന്നത് വാഴപ്പള്ളി നിത്യാരാധന കപ്പേളയായിരുന്നു. ആരാധനമഠത്തിലെ കന്യാസ്ത്രീകൾ കുർബ്ബാനയിൽ പങ്കെടുക്കാൻ ഉള്ളതിനാൽ മിക്കവാറും ഞങ്ങളിൽ അധികപേരും പള്ളിയ്ക്കുപുറത്തും, പള്ളിയുടെ വരാന്തകളിലും ഇരുന്നാണ് കുർബ്ബാനയിൽ പങ്കുകൊണ്ടിരുന്നത്. മഴക്കാലത്തും നല്ല വേനൽക്കാലത്തും ഭക്തജനങ്ങൾക്ക് വളരെ അസൗകര്യമായിരുന്നു. 1967-ൽ ആണെന്നോർക്കുന്നു, കപ്പുച്ചിൻ അച്ചന്മാർ വാഴപ്പള്ളിയിൽ വന്നതും കുർബ്ബാന അർപ്പിച്ചു തുടങ്ങിയതും.

വാഴപ്പള്ളിയിലെ കത്തോലിക്കാ സമൂഹത്തിന്റെ പങ്കാളിത്തത്തോടെ ഗെദ്സമ്നിപള്ളി ആശിർവദിക്കപ്പെട്ടു. അങ്ങനെ ഭക്തിപൂർവ്വം, വിശ്വാസപൂർവ്വം മുഴുവൻ കുർബ്ബാന കാണുന്നതിന് ഞങ്ങൾക്കെല്ലാം ഭാഗ്യം സിദ്ധിച്ചു. മനസ്സിൽ സന്തോഷവും ആനന്ദവും നിറഞ്ഞു. എന്റെ മൂത്ത മക്കളുടെ മനസ്സമ്മതവും കല്യാണവും കൊച്ചുമക്കളുടെ മാമ്മോദിസകളും ഗെദ്സമ്നിയിലാണ് ആശിർവദിക്കപ്പെട്ടത്.

കപ്പുച്ചിൻ അച്ചന്മാർ ഞങ്ങളുടെ കുടുംബങ്ങളിൽ ആദ്ധ്യാത്മിക നവീകരണം കൊണ്ടുവന്നു. എല്ലാ വീടുകളും സന്ദർശിച്ച് അവർ നല്ല ബന്ധങ്ങൾ വളർത്തി. ഓരോരുത്തരെയും പേരു വിളിച്ച് കുടുംബവിശേഷങ്ങൾ ആരാഞ്ഞുകൊണ്ട് എല്ലാ കുടുംബങ്ങളിലും പ്രാർത്ഥനയുടെ ചൈതന്യം വളർത്തി. അങ്ങനെ വിശുദ്ധ കുർബ്ബാനയോടുള്ള ഭക്തി വർദ്ധിപ്പിച്ചു. കുട്ടികളുടെയും യുവജനങ്ങളുടെയും ആദ്ധ്യാത്മിക കാര്യങ്ങളിൽ പ്രത്യേകം ശ്രദ്ധപതിപ്പിച്ചു. അങ്ങനെ ഞങ്ങളെല്ലാവരും എല്ലാ ദിവസവും ഗെദ്സമ്നിയിൽ വിശുദ്ധ കുർബ്ബാനയിൽ പങ്കെടുക്കുന്നവരായി മാറി. എന്റെ ഭർത്താവ് പരേതനായ ശ്രീ ജോർജ്ജുകുട്ടി ഗെദ്സമ്നിപള്ളിയും കപ്പുച്ചിൻ സഭയുമായി നല്ല ബന്ധം പുലർത്തിപോന്നു. അത് എന്റെ മക്കൾ ഇപ്പോഴും തുടർന്നുവരുന്നു. എന്റെ ചിറ്റപ്പനായിരുന്ന ഫാദർ ബർണാഡിൻ സി.എം.ഐ. മിഷനറി പ്രവർത്തനങ്ങൾക്കിടയിൽ ഞങ്ങളുടെ വീട്ടിൽ വരുമ്പോൾ ആശ്രമത്തിലാണ് അന്തിയുറങ്ങിയിരുന്നത്. ഗെദ്സമ്നിയിലെ ലീജിയൻ ഓഫ് മേരിയും, എസ്.എഫ്.ഒ.യും, മാതൃസംഘടനയുമൊക്കെ എന്നിലുള്ള ചെറിയ കഴിവുകളെ പ്രകടിപ്പിക്കാനും അങ്ങനെ പത്തുപേരുടെ മുമ്പിൽനിന്ന് സംസാരിക്കാനും പാടാനും എന്നെ പ്രാപ്തയാക്കി. ഞങ്ങൾ എവിടെയെങ്കിലും ചെറിയ യാത്രകൾ ചെയ്യുമ്പോൾ പ്രായമുള്ള എന്നെ അച്ചന്മാർ പ്രത്യേകം ശ്രദ്ധിച്ചിരുന്നു. ഈ പ്രായത്തിലും അതുകൊണ്ടുതന്നെ എനിക്ക് ധാരാളം

Golden Jubilee wishes from

Tomichan & Leelamma Parakadavil

സുഹൃത്തുക്കളെ നേടാൻ കഴിഞ്ഞു. ഞാൻ രോഗിയായി ആശുപത്രിയിലും, വീട്ടിലുമായി വിശ്രമത്തിലായിരുന്ന സമയത്തും ബഹുമാനപ്പെട്ട അച്ചന്മാർ പ്രാർത്ഥനകൊണ്ടും സാമീപ്യം കൊണ്ടും എന്നെ അനുഗ്രഹിച്ചത് നന്ദിയോടെ സ്മരിക്കുന്നു. വാഴപ്പള്ളി പ്രദേശത്തെ നാനാജാതി മതസ്ഥരുമായി നല്ലബന്ധം കാത്തുസൂക്ഷിക്കുന്നതിൽ ഗെദ്സമ്നി പള്ളിയിലെ വൈദികർ എന്നും ശ്രദ്ധാലുക്കളാണ്. ഈ പ്രദേശത്തെ ജീവകാരുണ്യ പ്രവർത്തനങ്ങൾക്ക് ഗെദ്സമ്നി പള്ളിയും പള്ളിയോടനുബന്ധിച്ചുള്ള ഭക്തസംഘടനകളും നേതൃത്വം നൽകിവരുന്നു. ഇടവകജനങ്ങളുടെ ആത്മീയ മുന്നേറ്റത്തോടൊപ്പം അവരെ സത്പ്രവർത്തനങ്ങളിൽ പങ്കാളികളാക്കുവാനും വൈദികർ ശ്രദ്ധവെയ്ക്കുന്നു. യുവജനങ്ങളുടെ കാലാകായിക പ്രവർത്തനങ്ങളെ പ്രോത്സാഹിപ്പിക്കുവാനും ഗെദ്സമ്നിപള്ളി മുൻപിൽ തന്നെയുണ്ട്.ചുരുക്കത്തിൽ വാഴപ്പള്ളിയിലെ കത്തോലിക്കാ സമൂഹത്തിന്റെതന്നെ സമാധാനവും ശാന്തിയുമായി കപ്പുച്ചിൻ ആശ്രമവും ഗെദ്സമ്നി ദേവാലയവും ഇവിടെ സേവനം അനുഷ്ഠിക്കുന്ന വൈദികരും മാറി. ഗെദ്സമ്നിയിൽനിന്നും എന്റെ കുടുംബത്തിനു ലഭിച്ച അനുഗ്രഹങ്ങൾക്കു ദൈവത്തിനു നന്ദി.



ഗെദ്സമ്നി ഞങ്ങൾക്കു നൽകിയത്

അൽക്കാ കുര്യാക്കോസ് തുരുത്തയിൽ

ഗെദ്സമ്നിയിൽ പ്രവർത്തിക്കുന്ന എഫ്.സി.എൽ. ന്റെ ആദ്യകാല അംഗങ്ങളാണ് ഞാനും എന്റെ സഹോദരി അഷിതയും. 2004-ലെ ഒരു ശനിയാഴ്ച രാവിലെ ഏഴുമണിയുടെ വിശുദ്ധകുർബ്ബാന എന്റെ ശ്രദ്ധയെ ആകർഷിച്ചു. വിശുദ്ധ കുർബ്ബാനയ്ക്കു സജീവമായി പങ്കുകൊള്ളുന്ന കുട്ടികൾ. അവരിൽ രണ്ടുപേർ കുർബ്ബാനയിലെ ഗാനശുശ്രൂഷയ്ക്കു നേതൃത്വം നല്കുന്നു. ബഹു. ജൂലിയസച്ചൻ കുട്ടികളെയെല്ലാം കുർബ്ബാനമദ്ധ്യേ സമർപ്പിച്ചു പ്രാർത്ഥിക്കുന്നു, എല്ലാം എനിക്ക് ആകർഷണീയമായി തോന്നി. എഫ്. സി. എൽ. സ്ഥാപിതമായ അന്നു ഞങ്ങളും സന്തോഷത്തോടെ അതിൽ അംഗത്വമെടുത്തു. ശനിയാഴ്ചത്തെ കുർബ്ബാനയ്ക്കുശേഷം ജൂലിയസച്ചനോടൊപ്പം പള്ളിമുറിയിൽ ഒരുമിച്ചുകൂടി പ്രാർത്ഥിക്കുന്നതും ഉപമകളിലൂടെയും ചോദ്യങ്ങളിലൂടെയും വചനഭാഗം ഞങ്ങളിൽ ഉറപ്പിച്ചുതന്നതും, പൊതുജ്ഞാനം ഞങ്ങളിൽ വർദ്ധിപ്പിക്കുന്നതിന് വിവിധ ടീമുകൾ തിരിച്ച് ക്വിസ് മത്സരം നടത്തിയതും ഞങ്ങളെ വളരെയധികം സഹായിച്ചു. അതോടൊപ്പം ഞങ്ങളിൽ ആത്മവിശ്വാസം വളർത്തി. അന്ന് എന്നും ശനിയാഴ്ച വേഗം വരണമേ എന്നു പ്രാർത്ഥിച്ചു. ആ ശനിയാഴ്ചകൾക്കായി ആഗ്രഹിച്ചു. അത്ര സജീവമായിരുന്നു വിശുദ്ധ ബലിയും, എഫ്. സി. എൽ.ന്റെ മീറ്റിംഗുകളും.

വളരെ ആഹ്ളാദത്തോടെ അസ്സീസ്സി പുണ്യവാളന്റെ തിരുനാളിനോടനുബന്ധിച്ചുള്ള പരിപാടികൾ എഫ്. സി. എൽ. അംഗങ്ങൾ ഒരുക്കി. ഓണപരിപാടികൾ, ക്രിസ്തു

Golden Jubilee wishes from

Tintu, Haidy, Helna, Annamol & Genna Parakadavil

മസിനോടനുബന്ധിച്ചുള്ള ക്രിസ്മസ് കാർഡ്കൊണ്ടുള്ള പുൽക്കൂട് മത്സരം, എല്ലാം എന്റെ ഓർമ്മയിൽ തെളിഞ്ഞു നിൽക്കുന്നു. അഭിമാനത്തോടെ ക്രിസ്തുമസ് കൂപ്പൺ വിറ്റ തുക ചാരിറ്റി പ്രവർത്തനങ്ങൾക്ക് അച്ചനെ ഏല്പിച്ചപ്പോൾ ഉണ്ടായ സന്തോഷം പറഞ്ഞറിയിക്കാൻ പറ്റാത്തത്. ഓരോ വിശുദ്ധ കുർബാനയിലും ആരാധനയിലും അച്ചൻ ഞങ്ങളെ ഓർത്തു പ്രാർത്ഥിക്കുന്നു എന്നുപറഞ്ഞത് ആഹ്ലാദത്തോടെ എന്റെ മനസ്സിൽ പതിഞ്ഞു. എന്റെ വിശ്വാസവളർച്ചയിൽ അതു താങ്ങായി നിൽക്കുന്നു. വി. കുർബ്ബാനയിൽ സജീവമായി പങ്കെടുക്കാനും വിശുദ്ധിയിൽ വളരാനും എന്നും പ്രചോദനമായി നിൽക്കുന്നു എഫ്. സി. എൽ. നമ്മുടെ ഗെദ്സമ്നിയിലെ എല്ലാ കുട്ടികളും ഈ സംഘടനയിൽ ചേർന്നു ഗെദ്സമ്നിയുടെ ഭാഗമാകണം എന്നു ഞാൻ ആഗ്രഹിക്കുന്നു. ഇതിലൂടെ ലഭിക്കുന്ന അനുഗ്രഹങ്ങൾ പറഞ്ഞറിയിക്കാൻ സാധിക്കില്ല, അനുഭവിച്ചറിയുകതന്നെ വേണം. ഗെദ്സമ്നി ആശ്രമത്തിലെ പുണ്യവാളന്റെ മടിത്തട്ടിൽ വിശുദ്ധിയിൽ വളരുവാൻ എന്നും സർവ്വേശ്വരൻ നമുക്കു തുണയാകട്ടെ.



എന്റെ ഗെദ്സമ്നി എന്റെ വീട്

ആലീസ് തോമസ് കല്ലുകളം

ഗെദ്സമ്നി എനിക്കു സ്വന്തമാണ്. ഞങ്ങളുടെ വീടുപോലെ എന്നു പറയാനാണിഷ്ടം. എന്റെ സഹോദരങ്ങളും ഞാനും കളിച്ചുവളർന്ന സ്ഥലം. ഞങ്ങളുടെ വീടും ഗെദ്സമ്നിയും ഒരു മതിൽ. എനിക്ക് ഏഴെട്ടു വയസ്സുള്ളപ്പോൾ അച്ചന്മാർ പള്ളിക്കു വേണ്ടി സ്ഥലം കണ്ടെത്തി. ആദ്യമൊക്കെ കരയോഗത്തിന്റെ മുകളിലത്തെ ഹാളിലായിരുന്നു കുർബാന നടത്തിയിരുന്നത്. അന്ന് സക്രാരി ഒന്നും ഇല്ലായിരുന്നു. കുർബാന സ്വീകരിക്കാനുള്ളവർ ഒരു പാത്രത്തിൽനിന്ന് ഓസ്തിയെടുത്ത് കുസ്തോദിയിൽ വയ്ക്കുമായിരുന്നു. ഞാനും എന്റെ ചേച്ചിമാരും അയല്പക്കത്തുള്ളവരുമൊക്കെയായിരുന്നു പാട്ടുകാർ. അച്ചന്മാർ പാട്ടു പഠിപ്പിക്കാൻ രണ്ടു ചേട്ടന്മാരെ വരുത്തിയിരുന്നു. അച്ചന്മാരും പാട്ടു പഠിപ്പിക്കുമായിരുന്നു. കുർബാനയ്ക്കുള്ള ഓസ്തിയും പൂക്കളുമൊക്കെ ഞാനും എന്റെ ചേച്ചിയുടെ മകൾ കുഞ്ഞുമേരിയും വാഴപ്പള്ളിമഠത്തിൽ പോയി വാങ്ങിയിരുന്നു. ഞങ്ങൾക്കായിരുന്നു ആ ജോലി. അച്ചന്മാരൊക്കെ എപ്പോഴും വീട്ടിൽ വരുകയും പോകുകയും ചെയ്യുമായിരുന്നു. ആ സ്നേഹമൊക്കെ പറഞ്ഞറിയിക്കാൻ പറ്റാത്തതായിരുന്നു. പുതിയ പള്ളിപണിയൊക്കെ കഴിഞ്ഞ് പാട്ടുകാർ തന്നെയാണ് പള്ളി തൂത്തു വൃത്തിയാക്കിയിരുന്നത്. ബെഞ്ചൊക്കെ മാറ്റി തുടയ്ക്കും. അതൊക്കെ ഒരാഘോഷമായിരുന്നു.


എല്ലാ വർഷവും ക്രിസ്മസ് ട്രീ ഒരുക്കാനും മറ്റെല്ലാ കാര്യങ്ങൾക്കും ഞങ്ങളായിരുന്നു മുന്നിൽ. എന്റെ അപ്പച്ചൻ ഒരു ഡോക്ടറാണ്. തമാശക്കരനായിരുന്നു. അഗത്തോ അച്ചനെ അപ്പച്ചൻ 'അകത്തോ' അച്ചൻ എന്നാണു വിളിച്ചിരുന്നത്. അപ്പോൾ അച്ചൻ അപ്പച്ചനെ 'പുറത്തോ' എന്നു വിളിക്കുമായിരുന്നു. ഒരു ഏപ്രിൽ 1-ന് ഞാൻ


Golden Jubilee wishes from

Jaise, Tinu, Riyan, Royan & Rosan Tharakunnel

Mavelikkara

ഒരു കുസൃതി കാണിച്ചു. അഗത്തോ അച്ചനോടു ചെന്നു പറഞ്ഞു അപ്പച്ചൻ വിളിക്കുന്നു എന്ന്. അച്ചൻ അപ്പച്ചനോടു വന്ന് എന്തിനാ ഡോക്ടറെ വിളിച്ചത് എന്നു ചോദിച്ചു. അപ്പച്ചൻ അറിഞ്ഞില്ലായിരുന്നു. ഞാൻ വിളിച്ചില്ല എന്നു പറഞ്ഞു. ഏപ്രിൽ ഫൂളാണെന്നു പറഞ്ഞു ഞാൻ ഓടി. അന്ന് ഞങ്ങൾക്ക് ബാലജനസഖ്യം എന്ന സംഘടന ഉണ്ടായിരുന്നു. പള്ളിയുടെ ഇപ്പോഴത്തെ കിണർ ഇരിക്കുന്നിടത്ത് പണ്ട് മുന്തിരിയും മുള്ളാത്തയും റംബൂട്ടാനും ഒക്കെ ഉണ്ടായിരുന്നു. അഗത്തോ അച്ചന് വിഷചികിത്സ ചെറുതായിട്ട് ഉണ്ടായിരുന്നു. പിന്നീട് വന്ന ക്ലീറ്റസ് അച്ചൻ നന്നായി പടം വരയ്ക്കുമായിരുന്നു. അതൊക്കെ ഓരോർമ്മ. ഇന്ന്, ഞങ്ങളുടെ അപ്പച്ചനും അമ്മച്ചിയും ചെയ്ത നന്മയ്ക്ക് ഞങ്ങളുടെ സഹോദരനെ ആദരിച്ചു. ഒത്തിരി ഒത്തിരി നന്ദി. ഇതൊക്കെ കാണാനും കേൾക്കാനും സാധിച്ചതിന് തമ്പുരാന് ആയിരമായിരം നന്ദി!



എന്റെ ഗെദ്സമ്നി സ്മരണകൾ

ജോസുകുട്ടി, ചുടുകാട്ടിൽ

1969 സെപ്റ്റംബർ 7-ാം തീയതി മറക്കുവാൻ പറ്റാത്ത ദിവസമായിരുന്നു. നമ്മുടെ ദേവാലയം കൂദാശ ചെയ്യപ്പെട്ട ദിവസം. എന്റെ 14 വയസുള്ള ഓർമ്മയിൽനിന്നാണ് ഈ കുറിപ്പ് എഴുതുന്നത്. നമ്മുടെ ഇന്നത്തെ വിസിറ്റിംഗ് മുറി ഇരിക്കുന്ന സ്ഥലത്ത് മുകളിലും താഴെയുമായി രണ്ടു മുറികൾ. അന്നത്തെ പള്ളിയിലെ കർമ്മങ്ങൾക്ക് മുഖ്യകാർമ്മികത്വം വഹിച്ചത് മാർ കാവുകാട്ട് പിതാവായിരുന്നു. പള്ളിയിലെ കർമ്മങ്ങൾ കഴിഞ്ഞ് പിതാവ് ഭക്ഷണപ്പൊതികൾ നൽകുകയുണ്ടായി. അൽപ്പം തള്ളുണ്ടായെങ്കിലും ഓരോ പായ്ക്കറ്റുകളും സാവധാനം എല്ലാവർക്കും നൽകുകയുണ്ടായി. ആ സമയത്ത് കാവുകാട്ട് പിതാവിന്റെ മുഖത്തുണ്ടായ ചിരിയും സന്തോഷവും ഇന്നും മറക്കുവാൻ സാധിക്കുന്നില്ല. അവിടെനിന്നും ഈ കാലമത്രയും ദൈവപരിപാലനയിൽ മുൻപോട്ടു നയിച്ചുകൊണ്ടിരിക്കുന്ന ഗെദ്സമ്നി ആശ്രമദേവാലയത്തിലെ അച്ചന്മാരുടെ മുമ്പിൽ ഞങ്ങൾ ശിരസ്സു നമിക്കുന്നു. എത്രയോ വൈദികർ അൾത്താരയിൽ പരിശുദ്ധബലിയർപ്പിച്ച് ഞങ്ങളുടെ ജീവിതത്തെ ധന്യതയിലേക്ക് നയിച്ചുകൊണ്ടുപോകുന്നു. വാഴപ്പള്ളിയെ എന്നും പുതിയ ചൈതന്യത്തിലേക്കു നയിക്കുകയാണ്. ഓരോ ബലിയും ഞങ്ങൾക്ക് കൂടുതൽ കൂടുതൽ ഉണർവ് നൽകുന്നു. എപ്പോഴും, ഏതുസമയത്തും ഞങ്ങൾക്കുവേണ്ടി കുമ്പസാരക്കൂട്ടിൽ അച്ചന്മാർ, വാക്കുകൾക്കും അപ്പുറത്തുള്ള സ്നേഹമാണ് നൽകുന്നത്. ഈ ജൂബിലിവേളയിൽ നമുക്ക് ഒത്തൊരുമിച്ച് മുന്നേറാം. സർവ്വശക്തനായ ദൈവം നമ്മെ എല്ലാവരേയും അനുഗ്രഹിക്കട്ടെ.

ഗെദ്സമ്നി അനുഭവക്കുറിപ്പുകളിൽ വസ്തുതകളോടു നീതി പുലർത്താത്തതും പ്രസിദ്ധീകരണയോഗ്യമല്ലാത്തതുമായ വരികൾ ഒഴിവാക്കിയിട്ടുള്ളതിനോടൊപ്പം ദൈർഘ്യമേറിയ ലേഖനങ്ങൾ അല്പം വെട്ടിച്ചുരുക്കിയിട്ടുമുണ്ട്. - എഡിറ്റോറിയൽ ബോർഡ്

Golden Jubilee wishes from

Saju & Rosamma Parakadavil

Golden Jubilee wishes from



ST: THOMAS
BAKERY
PUNNASSERRY



Golden Jubilee wishes from

LITTO, MARIA & EVE PARAKADAVIL



Golden Jubilee wishes from

EVAN JOBIN GEERAKATHIL
Bengaluru



Golden Jubilee wishes from

E. M. M. AGENCIES
Market, Changanacherry



Golden Jubilee wishes from

PRIMA & MATHEW VEDICATTU
Muttar - Dubai



Golden Jubilee wishes from

ELNA & ELISA VEDICATTU
Muttar - Dubai



Golden Jubilee wishes from

S. K. AGENCIES
Market Road, Changanacherry



Golden Jubilee wishes from

S. K. ENTERPRISES
Market Road, Changanacherry

Best compliments


MATTATHIL
PRINTERS & PUBLISHERS Pvt. Ltd.

CHANGANASSERY, Ph: 0481 - 2429320, 2429294

ISO 9001 - 2008 Certified Printing Company

ctpapple@gmail.com





Heidelberg Speed Master CD 102

(Double Demi 4 Colour with UV Coating)


NO WASTE

IN TIME

HIGH QUALITY

24 HOUR SERVICE





DIGITAL OFFSET MACHINE
FIRST TIME IN KERALA



Jubilee Wishes From

Mukkadan Appachenkutty & Family


On the Occasion of the First Holy Communion of the Grand Son Noel



Ashitha Maria Kuriakose, Ashis D Palliyan, Alka Ashis,
Ashima K. Thuruthayil, T. P. Kuriakose, Liny Kuriakose

Jubilee Wishes From

Thuruthayil Family &
Kandankerry Family



സ്വർഗ്ഗീയ ദൂതരോടൊത്ത്





എൻ. സി. തോമസ്

മരണം : 01-09-1982

ഏലിക്കുട്ടി തോമസ്

മരണം : 15-09-2013

നെൽപ്പുരയ്ക്കൽ, കിഴക്കേക്കുറ്റ്

In Loving Memmory of



M. T. JOSEPH (VAVACHEN)

Moolayil, Vazhappally

Died on : 13-09-2017

സ്നേഹസ്മരണയ്ക്ക്



ജോസഫ് ശൗരിയാർ
(ഔതച്ചായൻ)
ജനനം: 10-04-1933
മരണം : 23-01-2017



പടനിലം, വാഴപ്പള്ളി



ജെസ്സി സേവ്യർ
ജനനം : 01-05-1969
മരണം : 17-07-2017

Fond Remembrance





Ninan George
(Kuttappan)
Parappally, Changanacherry

Birth : 28-02-1927
Dead : 06-06-1992



സ്നേഹസ്മരണയ്ക്ക്



മാർട്ടിൻ റ്റി ജോസഫ് (മനോജ്)
ഉഴുകുന്നേൽ, വാഴപ്പള്ളി

[St.Thomas Offset, Vazhappally, Chry.]

സ്നേഹസ്മരണയ്ക്ക്



അബിൻ സോണി
കല്ലുകളം

ജനനം : 08-02-1993
മരണം : 27-05-2015



In Loving Memory of



Mrs.Lillykutty Mathew Palathra

Born on :28-10-1938
Died on :19-05-2011



Rev.Fr.Jose Palathra CMI

Born on :-01-03-1941
Profession:16-05-1960
Ordination : 18-05-1970
Died on :29-08-2015




Rev.Fr.SebastianPalathra CMI

Born on :12-02-1939
Profession:16-05-1958
Ordination : 17-05-1964
Died on :18-10-2017

സ്മരണാഞ്ജലി





ജോസഫ് തോമസ്
(കുഞ്ഞച്ചൻ)
ജനനം : 12-05-1908
മരണം : 16-07-1972

ഏലിയാമ്മ തോമസ്
(മാമ്മിക്കുട്ടി)
ജനനം : 11-05-1910
മരണം : 17-06-1998

മൂലയിൽ

സ്നേഹസ്മരണയ്ക്ക്



ജോസഫ് ജോബ് (ജോർജ്കുട്ടി)
കല്ലുകളം , വാഴപ്പള്ളി
മരണം : 20.09.2000

UNION GLASS EMPORIUM

In Loving Memory of



THOMAS JOSEPH (APPICHEN)

Moolayil, Vazhappally

Died on : 01-07-2012

സ്നേഹസ്മരണയ്ക്ക്

26–ാം ചരമവാർഷികം



തൊമ്മൻ ജോസഫ്
(ഔതക്കുട്ടി)

മരണം : 24–11–1968

26–ാം ചരമവാർഷികം



റോസമ്മ ജോസഫ്
(ഔറോമ്മ)

മരണം : 16–11–1996

കോയിപ്പള്ളി, വാഴപ്പള്ളി, ചങ്ങനാശേരി

സ്നേഹസ്മരണയ്ക്ക്



എൻ. ഐ. തോമസ് BA BL
നടയ്ക്കൽ
തത്തംപള്ളി ,ആലപ്പുഴ



മേരി തോമസ്
നടയ്ക്കൽ
തത്തംപള്ളി ,ആലപ്പുഴ



രവി തോമസ്
നടയ്ക്കൽ
മുട്ടുചിറ

സ്നേഹസ്മരണയ്ക്ക്




ആൻസമ്മ ചെറിയാൻ

കല്ലുകളം, വാഴപ്പള്ളി

ജനനം : 23–07–1944

മരണം : 23–09–2005

സ്നേഹസ്മരണയ്ക്ക്







Prof. വി. എൽ. എബ്രഹാം

പനംകുഴയ്ക്കൽ

മരണം : 06-02-1998

മാത്യൂസ് വി. എബ്രഹാം

വെള്ളായിപ്പറമ്പിൽ

മരണം : 21-09-2015

സ്നേഹസ്മരണയ്ക്ക്



ജോസഫ് ജോൺ (ജോണിച്ചൻ)

ജനനം : 06-01-1935

മരണം : 24-07-2013




റോസമ്മ ജോൺ (റോസമ്മ)

ജനനം : 14-04-1936

മരണം : 01-12-2007

മൂലയിൽ വാഴപ്പള്ളി, ചങ്ങനാശ്ശേരി

സ്നേഹസ്മരണയ്ക്ക്



കെ. ജെ. ജോസഫ്
(അപ്പച്ചൻ)
മരണം : 31-07-1964



മറിയാമ്മ ജോസഫ്
മരണം : 28-11-2008



കെ. ജെ. ജോസഫ്
(കുഞ്ഞച്ചൻ)
മരണം : 07-05-1999



കെ. ജെ. തോമസ്
(ജോസ്)
മരണം : 18-12-2002

കയ്യാലപറമ്പിൽ, വാഴപ്പള്ളി

In Loving memory of
Our Beloved Pappa






PROF. T. C. EMMANUEL (PAPPACHAN)

THAYIL, VAZHAPPALLY

Born: 14-07-1940, Died : 05-02-2018

Blessed are the those who died in the Lord from no on"
"Yes, says the Spirit, they are blessed indeed,
for they will rest from their hard work' for their
goods deeeds follow them!" (Revelations 14:13)



Wedding Photo of

Late Mrs. & Mr. C. J. Sebastian

(Retired Sub Registar)

Chenithala House

Bypass Road,Changanacherry



തങ്കമ്മ വർക്കി

(കൊച്ചുത്രേസ്യാ ടീച്ചർ)

തെക്കേക്കുന്നേൽ

വാഴപ്പള്ളി, ചങ്ങനാശ്ശേരി

ജനനം: 30-12-1933 മരണം: 31-03-2010

In Loving Memory of

സ്നേഹസ്മരണയ്ക്ക്



ഔസേപ്പ് ചാക്കോ & ത്രേസ്യാമ്മ ചാക്കോ

കട്ടപ്പുറം, വാഴപ്പള്ളി



"ഞാനാകുന്നു
പുനരുത്ഥാനവും ജീവനും
എന്നിൽ വിശ്വസിക്കുന്നവൻ
മരിച്ചാലും ജീവിക്കും"
(യോഹ. 11:25)







VETTUKUZHIYIL

SCARIA THOMAS (THOMACHAN)

09-05-1918 – 24-07-1990

ANNAMMA THOMAS (ANNAKUTTY)

11-06-1924 – 07-05-2012

സ്നേഹസ്മരണയ്ക്ക്



പി. ജെ. തോമസ്



ഈത്തമ്മ തോമസ്



ജെയിംസ് തോമസ്

പാലത്തുങ്കൽ, വാഴപ്പള്ളി, ചങ്ങനാശ്ശേരി

മക്കൾ – മരുമക്കൾ

രാജൻ – സബി
വക്കച്ചൻ – ആലീസ്
സണ്ണിച്ചൻ – ഷീല

തങ്കച്ചൻ – മോൺസി
റോസമ്മ – ജോർജുകുട്ടി
സിബിച്ചൻ – മിനി

ഷീലമ്മ – പാപ്പച്ചൻ
ടോമിച്ചൻ – റോസമ്മ

In Loving Memory of
Our Appachan & Ammachi



ചാക്കോച്ചൻ

മരണം : 15-01-1997

കുഞ്ഞമ്മ

മരണം : 24-12-2004


പാറക്കടവിൽ



ഞാനാകുന്നു
പുനരുത്ഥാനവും ജീവനും
എന്നിൽ വിശ്വസിക്കുന്നവൻ
മരിച്ചാലും ജീവിക്കും
(യോഹ.11:25)

സ്നേഹസ്മരണയ്ക്ക്

50-ാം ചരമവാർഷികം



ചാക്കോ ജോസഫ്

(ഔസേപ്പച്ചൻ)

പാറക്കടവിൽ

വാഴപ്പള്ളി, ചങ്ങനാശ്ശേരി

മരണം : 10-10-1968

6-ാം ചരമവാർഷികം




പ്രീയ ജോബിൻ

ജീരകത്തിൽ, ബാംഗ്ലൂർ

മരണം : 07-10-2012

ജീവിക്കുന്ന ഓർമ്മകളോടെ
മകൻ ഇവാനും
സന്തപ്ത കുടുംബാംഗങ്ങളും
പാറക്കടവിൽ,
വാഴപ്പള്ളി, ചങ്ങനാശ്ശേരി

സ്നേഹസ്മരണയ്ക്ക്



സാലിമ്മ ജോർജ്



തോമസ് ദേവസ്യാ
(ദേവസ്യാച്ചൻ)



ഏലിയാമ്മ ദേവസ്യാ

മുതിരപ്പറമ്പിൽ, വാഴപ്പള്ളി



St.Joseph Province Kottayam

OFM Cap



St. Joseph Capuchin Provincialate
Post Bag No. 5, S. H. Mount P.O.,
Kottayam - 686 006, Kerala, India
E-mail: capkottayam@gmail.com
Web-site: www.capkottayam.com

Golden Jubilee Wishes from

Fr.Joseph Puthenpurackal (Provencial)

&

Members of St.Joseph Province





സമാധാന പ്രാർത്ഥന

കർത്താവേ,
എന്നെ അങ്ങയുടെ സമാധാനത്തിന്റെ
ഒരു ഉപകരണമാക്കണമേ.
വിദ്വേഷമുള്ളിടത്ത് സ്നേഹവും
ദ്രോഹമുള്ളിടത്ത് ക്ഷമയും
സന്ദേഹമുള്ളിടത്ത് വിശ്വാസവും
നിരാശയുള്ളിടത്ത് പ്രത്യാശയും
അന്ധകാരമുള്ളിടത്ത് പ്രകാശവും
സന്താപമുള്ളിടത്ത് സന്തോഷവും
ഞാൻ വിതയ്ക്കട്ടെ.

ഓ, ദിവ്യനാഥാ!
ആശ്വസിപ്പിക്കപ്പെടുന്നതിനേക്കാൾ
ആശ്വസിപ്പിക്കുന്നതിനും
മനസ്സിലാക്കപ്പെടുന്നതിനേക്കാൾ
മനസ്സിലാക്കുന്നതിനും
സ്നേഹിക്കപ്പെടുന്നതിനേക്കാൾ
സ്നേഹിക്കുന്നതിനും
എനിക്കിടയാക്കണമേ.
എന്തെന്നാൽ കൊടുക്കുമ്പോഴാണ്
ഞങ്ങൾക്കു ലഭിക്കുന്നത്.
ക്ഷമിക്കുമ്പോഴാണ് ഞങ്ങൾ
ക്ഷമിക്കപ്പെടുന്നത്.
മരിക്കുമ്പോഴാണ് ഞങ്ങൾ
നിത്യജീവിതത്തിലേക്ക് ജനിക്കുന്നത്.

വി. ഫ്രാൻസിസ് അസ്സീസി

Mattathil Printers Pvt. Ltd. @ 0481 - 2429294